ഹയർ സെക്കണ്ടറി

സാമൂഹ്യ പ്രവർത്തനം

ക്ലാസ് XII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കേരളം
2019

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695012, Kerala.
Website : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala

To be printed in quality paper - 80gsm map litho (snow-white)

ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികതനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

ഡോ.ജെ. പ്രസാദ്

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

TEXTBOOK DEVELOPMENT TEAM

Biju Joseph K.

HSST (Social Work),
St. Joseph HSS Vayattuparamba,
Kannur

Devasia Joseph

HSST (Social Work),
St. Antony's HSS Poonjar,
Kanjirappally, Kottayam.

Faisalurahman K.M.

HSST (Social Work),
GHSS Mankadapallippuram,
Malappuram

Jose Mathew

HSST (Social Work),
GHSS Mananthavady, Wayanad

Mini A.P.

HSST (Social Work),
GHSS Mavoor, Kozhikode.

Rajesh N.

HSST (Social Work), GHSS
Vadakkumpad, Thalassery, Kannur.

Salim Althaf Koodathil

HSST (Social Work), GHSS Puthuppady,
Kaithappoyil,Kozhikkode.

Sebastian Mathew

HSST (Social Work), St. Thomas H.S.S.
Thankamany, Idukki.

Shahid Puthanpurayil

HSST (Social Work), RACHSS Kadameri,
Kozhikkode.

Suresh Babu A.V.

HSST (Social Work), GHSS Hosdurg,
Kanhangad, Kasaragod.

Thadayoose P.

HSST (Social Work), St. Mary's HSS,
Vizhinjam, Trivandrum.

വിദഗ്ദ്ധർ

Dr. Anish K.R.

Asst.Professor in Social work,
Rajagiri College of Social Science,
Kalamassery, Ernankulam.

Dr. Ipe Varghese

Associate Professor, Dept of Social
Work, BCM College, Kottayam.

Fr. Joye James S.J.

Director, Loyoloa College of Social
Sciences, Sreekariyam, Trivandrum.

Dr. Sonny Jose

Associate Professor in Social work,
Loyola College of Social Sciences,
Sreekariyam, Trivandrum.

Smt.Leena T.L.

Asst. Professor of English, K.N.M.
Govt. College Kanjiramkulam,
Trivandrum.

ആർട്ടിസ്റ്റ്

Sudheer

Bimal kumar

Govt. Model H.S. Kollam

അക്കാദമിക് കോഓർഡിനേറ്റർ

ജാൻസി റാണി എ.കെ

റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

പരിഭാഷാശിൽപ്പശാലയിൽ പങ്കെടുത്തവർ

ഡോ. ഫ്രാൻസിന പി.എക്സ്
അസിസ്റ്റന്റ് പ്രൊഫസർ,
സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ്
ലയോള കോളേജ് ഓഫ്
സോഷ്യൽ സയൻസസ്,
ശ്രീകാര്യം, തിരുവനന്തപുരം

ഡോ. സാബു പി.തോമസ്
അസിസ്റ്റന്റ് പ്രൊഫസർ,
സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ്
ലയോള കോളേജ് ഓഫ്
സോഷ്യൽ സയൻസസ്,
ശ്രീകാര്യം, തിരുവനന്തപുരം

ജോസ് മാത്യു
പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്.
എടത്തണ, വയനാട്

സെബാസ്റ്റ്യൻ മാത്യു
എച്ച്.എസ്.എസ്.ടി സോഷ്യൽ വർക്ക്
സെന്റ് തോമസ് ഹയർ സെക്കന്ററി
സ്കൂൾ, തങ്കമണി, ഇടുക്കി

ജയറാം എ.ജെ.
എച്ച്.എസ്.എസ്.ടി സോഷ്യൽ വർക്ക്
ജി.എച്ച്.എസ്. എസ്. കട്ടിലപൂവം,
തൃശ്ശൂർ

ശിവദാസൻ. ടി.പി
എച്ച്.എസ്.എസ്.ടി സോഷ്യൽ വർക്ക്
ഗവ: ഹയർ സെക്കന്ററി സ്കൂൾ,
പുലാമന്തോൾ, മലപ്പുറം

ഷൈനി തോമസ്
എച്ച്.എസ്.എസ്.ടി സോഷ്യൽ വർക്ക്
ജി.എച്ച്.എസ്.എസ്. കുടയത്തൂർ,
ഇടുക്കി

ഓംകാരനാഥൻ പി.
എച്ച്.എസ്.എസ്.ടി മലയാളം
ജി.എച്ച്.എസ്.എസ്. ദേവധാർ,
താനൂർ, മലപ്പുറം

അക്കാദമിക് കോഓഡിനേറ്റർ

നിഷി കെ.എ.
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

ഉള്ളടക്കം

Z4Z3G9

1. സാമൂഹ്യ പ്രവർത്തനം-പ്രാഥമിക രീതികൾ 07
2. സാമൂഹ്യ പ്രവർത്തനം-ദ്വിതീയ രീതികൾ 45
3. നേതൃത്വവും ആശയവിനിമയവും 71
4. വികസനവും വിഭവസമാഹരണവും 98
5. ആരോഗ്യം 138
6. ശുചിത്വവും ആരോഗ്യ പരിരക്ഷ സേവനങ്ങളും 168
7. ഗൈഡൻസും കൗൺസലിങ്ങും 204
8. കുടുംബജീവിത വിദ്യാഭ്യാസം 233
9. അന്തർദേശീയ സാമൂഹ്യപ്രവർത്തനം 261

ഈ പുസ്തകത്തിൽ ചില പ്രതീകങ്ങൾ പ്രയോഗിച്ചിരിക്കുന്നു

അധിക വിവരങ്ങൾ

നമുക്ക് പ്രവർത്തിക്കാം

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

W7E6K6

1

സാമൂഹ്യപ്രവർത്തനം- പ്രാഥമിക രീതികൾ

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്:

- സാമൂഹ്യപ്രവർത്തനത്തിന്റെ പ്രാഥമിക രീതികളായ സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, കമ്യൂണിറ്റി ഓർഗനൈസേഷൻ എന്നിവയുടെ പ്രാധാന്യത്തെ പ്രശ്നപരിഹാര മാർഗങ്ങൾ എന്ന നിലയിൽ വിലയിരുത്തുന്നു.
- സോഷ്യൽ കേസ് വർക്കിന്റെ നിർവചനങ്ങൾ, സവിശേഷതകൾ, തത്വങ്ങൾ, പ്രക്രിയകൾ, കേസ് വർക്ക് പ്രക്രിയയിൽ ബന്ധത്തിന്റെ പ്രാധാന്യം എന്നിവ വിവരിക്കുന്നു.
- സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ പ്രയോഗവുമായി ബന്ധപ്പെട്ട നിർവചനങ്ങൾ, സവിശേഷതകൾ, തത്വങ്ങൾ, പ്രക്രിയകൾ, സംഘ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ, സംഘ ചലനാത്മകത എന്നിവ വിവരിക്കുന്നു.
- കമ്യൂണിറ്റി ഓർഗനൈസേഷൻ എന്ന ആശയം, സവിശേഷതകൾ, തത്വങ്ങൾ, ക്രമാനുഗതമായ പ്രക്രിയ എന്നിവ വിവരിക്കുന്നു.

ഉള്ളടക്കം

1.1 വ്യക്തികളോടൊപ്പമുള്ള പ്രവർത്തനം – സോഷ്യൽ കേസ് വർക്ക്

സോഷ്യൽ കേസ് വർക്കിന്റെ സവിശേഷതകൾ
സോഷ്യൽ കേസ് വർക്കിന്റെ ഉദ്ദേശ്യങ്ങൾ
സോഷ്യൽ കേസ് വർക്കിന്റെ തത്വങ്ങൾ
സോഷ്യൽ കേസ് വർക്കിലെ ബന്ധം
സോഷ്യൽ കേസ് വർക്കിന്റെ ഘടകങ്ങൾ

1.2 സംഘങ്ങളോടൊപ്പമുള്ള പ്രവർത്തനം – സോഷ്യൽ ഗ്രൂപ്പ് വർക്ക്

സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ സവിശേഷതകൾ
സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ ഉദ്ദേശ്യങ്ങൾ
സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ തത്വങ്ങൾ
സോഷ്യൽ ഗ്രൂപ്പ് വർക്ക് പ്രക്രിയ
സംഘ സ്വഭാവവും സംഘ ചലനാത്മകതയും
ആധുനിക കാലഘട്ടത്തിൽ സോഷ്യൽ ഗ്രൂപ്പ് വർക്ക്

1.3 സമൂഹത്തോടൊപ്പമുള്ള പ്രവർത്തനം – കമ്യൂണിറ്റി ഓർഗനൈസേഷൻ

കമ്യൂണിറ്റി ഓർഗനൈസേഷന്റെ സവിശേഷതകൾ
കമ്യൂണിറ്റി ഓർഗനൈസേഷന്റെ ഉദ്ദേശ്യങ്ങൾ
കമ്യൂണിറ്റി ഓർഗനൈസേഷന്റെ തത്വങ്ങൾ
കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയ



ശാസ്ത്രീയ സാമൂഹ്യപ്രവർത്തനം ഇന്നൊരു പ്രശ്നപരിഹാര ഉദ്യോഗമായി ഉയർന്നു വന്നിരിക്കുന്നു. മറ്റു വിഷയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഔദ്യോഗിക സാമൂഹ്യപ്രവർത്തനം താരതമ്യേന പുതിയ വിഷയമാണ്. വ്യക്തികളെയും സംഘങ്ങളെയും സമുദായങ്ങളെയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സഹായിക്കുന്ന ഉദ്യോഗപരമായ സേവനമാണിത്. പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നത് ജീവിതനിലവാരം ഉയർത്തുകയും വികസനം പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

ഏതു തരത്തിലുള്ള പ്രശ്നങ്ങളും (വ്യക്തിപരമോ അല്ലെങ്കിൽ സാമൂഹികമോ) വ്യക്തികളുടെ ഇടപെടലുകളെയും ബന്ധങ്ങളെയും ബാധിക്കാം. തന്മൂലം സാമൂഹിക പൊരുത്തപ്പെടലും സാമൂഹ്യ നിർവ്വഹണങ്ങളും ബാധിക്കപ്പെടും. അതിനാൽ പ്രശ്നപരിഹാരത്തിനുള്ള സാമൂഹികപ്രവർത്തന ഇടപെടലുകൾ വ്യക്തികളുടെ സാമൂഹിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

സാമൂഹ്യപ്രവർത്തന ഉദ്യോഗമേഖലയ്ക്ക് വർഷങ്ങൾ കൊണ്ടു ഉരുത്തിരിഞ്ഞു വന്ന തനതായ ശാസ്ത്രീയ അറിവുകളുടെ അടിസ്ഥാനം, വ്യക്തമായ നൈപുണികൾ, സുശക്തമായ മൂല്യവ്യവസ്ഥിതി എന്നിവയുണ്ട്. പ്രവർത്തന മേഖലയിലെ അനുഭവജ്ഞാനം, വിവിധ സേവനസ്വീകർത്താക്കളുടെ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവ വിവിധ തന്ത്രങ്ങളും പ്രവർത്തനരീതികളും വികസിപ്പിക്കുന്നതിന് കാരണമായി. ഈ പ്രവർത്തനരീതികൾ അവയുടെ അറിവിന്റെ പ്രയോഗം, നൈപുണികൾ, തന്ത്രങ്ങൾ എന്നിവയിൽ വ്യത്യസ്തത പുലർത്തുന്നു.

സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ, സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ അഡ്മിനിസ്ട്രേഷൻ, സോഷ്യൽ വർക്ക് റിസർച്ച് എന്നിവയാണ് സാമൂഹ്യപ്രവർത്തനത്തിന്റെ പ്രവർത്തന രീതികൾ. ഇവയെ പ്രാഥമിക രീതികളെന്നും ദ്വിതീയ രീതികളെന്നും സാമാന്യമായി തരംതിരിച്ചിരിക്കുന്നു. സേവനസ്വീകർത്താവുമായി നേരിട്ടുള്ള ഇടപെടൽ ആവശ്യമായ സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നിവയെ പ്രാഥ

മിക രീതികൾ അല്ലെങ്കിൽ പ്രത്യക്ഷ രീതികൾ എന്നു വിളിക്കുന്നു. സേവന സ്വീകർത്താവുമായി മുഖാമുഖ ബന്ധം ആവശ്യമില്ലാത്ത മറ്റ് മൂന്നു രീതികളെയും ദ്വിതീയ രീതികൾ അല്ലെങ്കിൽ പരോക്ഷ രീതികൾ എന്നു വിശേഷിപ്പിക്കുന്നു. പ്രാഥമിക രീതികളെക്കുറിച്ച് ഈ അധ്യായത്തിൽ വിശദമായി ചർച്ച ചെയ്യാം.

1.1 വ്യക്തികളോടൊപ്പമുള്ള പ്രവർത്തനം-സോഷ്യൽ കേസ് വർക്ക് (Working with Individuals - Social Case Work)



നമുക്ക് ഗീതുവിന്റെ കഥ വായിക്കാം

ഗീതു ഒരു പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്. അവൾ നന്നായി പഠിക്കുന്നവളും സുഹൃത്തുക്കളുമായി വളരെ ഉല്ലാസത്തോടെ ഇടപെടുന്നവളുമായിരുന്നു. കളികളിലും കലാസാഹിത്യ പ്രവർത്തനങ്ങളിലും അവൾ തത്പരയായിരുന്നു. അടുത്തകാലത്തായി അവൾക്ക് പഠനത്തിലുള്ള താത്പര്യം നഷ്ടപ്പെടുകയും പാഠ്യേതര വിഷയങ്ങളിൽ നിന്നു അകലുകയും ചെയ്തു. ഗീതുവിന്റെ പരീക്ഷയിലെ മാർക്കുകളിൽ കാര്യമായ കുറവ് വരികയും അവൾ പെട്ടന്ന് ദേഷ്യപ്പെടാനും തോന്നിയവിധത്തിൽ പ്രവർത്തിക്കാനും തുടങ്ങി.

ഗീതുവിനെ അവളുടെ പ്രശ്നം തരണം ചെയ്യുവാനായി നമുക്ക് എങ്ങനെ സഹായിക്കാൻ സാധിക്കും?

- ....

ഗീതുവിനെ ഉപദേശിക്കുക, അവളുടെ മോശം പെരുമാറ്റത്തിനെതിരെ താക്കീതു നല്കുക, അവളെ സംഘത്തിൽ നിന്നും ഒറ്റപ്പെടുത്തുക, ക്ലാസ് ടീച്ചറിനോട് പരാതിപ്പെടുക, മുതലായവ.

ഇവയൊക്കെ ഗീതുവിനെ സഹായിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അവളെ സഹായിക്കാനായി കുറച്ചുകൂടി യുക്തിപരവും ക്രമീകൃതവുമായ ഒരു സമീപനം നമുക്ക് ആവശ്യമല്ലേ?

ഗീതുവിനെപ്പോലെയുള്ള വ്യക്തികൾക്ക് അവരുടെ മാനസിക-സാമൂഹിക പ്രതിബന്ധങ്ങൾ തരണം ചെയ്യുവാനുള്ള സഹായം നൽകുന്ന സാമുഹ്യപ്രവർത്തനത്തിന്റെ ഒരു രീതിയാണ് സോഷ്യൽ കേസ് വർക്ക്. ഇവിടെ കേസ് വർക്കർ ഗീതുവുമായി നല്ല ഒരു ബന്ധം സ്ഥാപിക്കുകയും അവളുടെ പ്രശ്നങ്ങൾ തുറന്നു പറയുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ കേസ് വർക്കർ അവളുടെ പ്രശ്നങ്ങളും അവയുടെ കാരണങ്ങളും പഠിക്കുന്നു. കേസ് വർക്കർ ഗീതുവിനെ അവൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവ തരണം ചെയ്യുവാൻ ആവശ്യമായ മാർഗ്ഗങ്ങൾ തിരിച്ചറിയുവാനും സഹായിക്കുന്നു. അതുകൂടാതെ അവളുടെ പ്രശ്നങ്ങൾ മറികടക്കുവാൻ ഉചിതമായ ഒരു മാർഗ്ഗം തിരഞ്ഞെടുക്കുവാൻ ഗീതുവിനെ പ്രാപ്തയാക്കുകയും ചെയ്യുന്നു.

അങ്ങനെ, വ്യക്തികളെ അവരുടെ ജീവിത സാഹചര്യവുമായി കൂടുതൽ തൃപ്തികരമായ രീതിയിൽ പൊരുത്തപ്പെടാൻ സഹായിക്കുന്ന ഒരു പ്രാഥമിക രീതിയാണ് സോഷ്യൽ കേസ് വർക്ക്. എല്ലാ മനുഷ്യരും സമൂഹത്തിന്റെ ഭാഗമാണ്. മാത്രമല്ല ഓരോരുത്തർക്കും അവരുടേതായ സാമൂഹിക ധർമങ്ങളും കർത്തവ്യങ്ങളും ഉണ്ട്. ഓരോ വ്യക്തിയും അവന്റെ/അവളുടെ കർത്തവ്യങ്ങളും ധർമങ്ങളും നിറവേറ്റുമ്പോൾ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഓരോ വ്യക്തിയും അവന്റെ/അവളുടെ സാമൂഹിക, ഭൗതിക, സാമ്പത്തിക സാഹചര്യങ്ങളോട് പ്രതികരിക്കുന്നത് വ്യത്യസ്തമായ രീതിയിലാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരേ സ്വഭാവമുള്ള പ്രശ്നങ്ങൾപോലും വിവിധ വ്യക്തികളെ ബാധിക്കുന്നത് വ്യത്യസ്തമായിട്ടായിരിക്കും. ചില ആളുകൾക്ക് അവരുടേതായ പരിശ്രമം കൊണ്ട് ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ സാധിക്കും. എന്നാൽ മറ്റു ചിലർക്ക് ബാഹ്യ ഇടപെടലുകൾ ആവശ്യമായി വരും. മാനസിക സാമൂഹ്യ പ്രശ്നങ്ങളുള്ള വ്യക്തികളെ സഹായിക്കുന്നതിനുള്ള ഒരു മാർഗം സാമൂഹ്യപ്രവർത്തനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുവഴി സാഹചര്യവുമായി മെച്ചപ്പെട്ട സാമൂഹിക പൊരുത്തപ്പെടൽ നേടുവാനും പ്രശ്നങ്ങളെ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുവാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.



കേസ് വർക്ക് ഉപയോഗിച്ച് പരിഹരിക്കാൻ കഴിയുന്ന വ്യക്തികൾ നേരിടുന്ന മൂന്ന് പ്രശ്നങ്ങൾ എഴുതുക.

വ്യക്തികൾ അവരുടെ ദൈനംദിന ജീവിതത്തിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നുള്ളത് വ്യക്തമാണ്. ശാസ്ത്രീയമായ സഹായപ്രക്രിയ ഉപയോഗിച്ചാൽ ഇത്തരം പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയും. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന വ്യക്തികളെ സഹായിക്കുവാനായി സാമൂഹ്യപ്രവർത്തകർ ഉപയോഗിക്കുന്ന പ്രവർത്തന രീതിയാണ് സോഷ്യൽ കേസ് വർക്ക്. നമുക്ക് സോഷ്യൽ കേസ് വർക്കിനെ നിർവചിക്കാം.

മാനസിക – സാമൂഹിക പ്രശ്നങ്ങൾ നേരിടുന്ന വ്യക്തികളെ, അത് തിരിച്ചറിയുവാനും പരിഹരിക്കുവാനും സഹായിക്കുന്ന സാമൂഹ്യപ്രവർത്തനത്തിന്റെ ഒരു പ്രവർത്തന രീതിയാണ് സോഷ്യൽ കേസ് വർക്ക് എന്നു നിർവചിക്കാം. പ്രശ്നങ്ങളുടെ കാരണ

ങ്ങൾ കണ്ടെത്തുവാനും പരിഹാരങ്ങൾ വികസിപ്പിക്കാനുമായി ഔദ്യോഗിക ബന്ധങ്ങൾ ആവശ്യമുള്ള ഒരു ശാസ്ത്രീയ പ്രക്രിയയാണിത്.

"ഒരു വ്യക്തി അവന്റെ സാമൂഹിക സാഹചര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ തക്കവണ്ണം അവന്റെ വ്യക്തിപരമായ കഴിവുകളെ വികസിപ്പിക്കുവാനും അവ ഉപയോഗിക്കുവാനും അയാളെ സഹായിക്കുന്ന ഒരു കലയാണ് സോഷ്യൽ കേസ് വർക്ക്" എന്ന് ലിന്റൺ ബി. സ്വിഫ്റ്റ് നിർവചിച്ചിരിക്കുന്നു. "സാമൂഹിക നിർവഹണത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളുമായി മെച്ചപ്പെട്ട രീതിയിൽ പൊരുത്തപ്പെടാൻ വ്യക്തികളെ സഹായിക്കുന്നതിനായി ചില മാനുഷിക ക്ഷേമ സംഘടനകൾ ഉപയോഗിക്കുന്ന ഒരു പ്രക്രിയയാണ് സോഷ്യൽ കേസ് വർക്ക്" എന്ന് പേൾമാൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

സോഷ്യൽ കേസ് വർക്കിന്റെ സവിശേഷതകൾ (Characterstics of Social Case Work)

വ്യക്തിതലത്തിലുള്ള ഒരു പ്രശ്നപരിഹരണ മാർഗം എന്ന നിലയിൽ സോഷ്യൽ കേസ് വർക്കിന് തനതായ ചില സവിശേഷതകൾ ഉണ്ട്.

i) ഇത് വ്യക്തികളെ മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായിക്കുന്നു.

ii) വ്യക്തികളെ സാഹചര്യവുമായി മെച്ചപ്പെട്ട രീതിയിൽ പൊരുത്തപ്പെടാൻ സഹായിക്കുന്നു.

iii) പഠനം, രോഗനിർണയം, ചികിത്സ, വിലയിരുത്തൽ തുടങ്ങിയ ഘട്ടങ്ങൾ ഉൾക്കൊള്ളുന്ന ഒരു തുടർപ്രക്രിയയാണിത്.

iv) ഔദ്യോഗിക ബന്ധങ്ങൾ സ്ഥാപിക്കാനുള്ള അറിവും നൈപുണ്യവും ഇതിനാവശ്യമാണ്.

v) ഇത് ചുറ്റുപാടുമുള്ള വിഭവങ്ങളും വ്യക്തികളുടെ കഴിവുകളും സമാഹരിക്കുന്നു.

vi) ഇത് വ്യക്തിത്വ വികസനം ഉറപ്പു വരുത്തുന്നു.

സോഷ്യൽ കേസ് വർക്കിന്റെ ഉദ്ദേശ്യങ്ങൾ (Objectives of Social Case Work)

കൂടുതൽ തൃപ്തികരമായി ജീവിക്കുന്നതിനും സാമൂഹിക പരിസ്ഥിതിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് സോഷ്യൽ കേസ് വർക്കിന്റെ അടിസ്ഥാന ഉദ്ദേശ്യം. അതിനാൽ, കേസ് വർക്ക് സേവനസ്വീകർത്താവിന്റെ മാനസിക സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായിക്കുന്നു. സോഷ്യൽ കേസ് വർക്കിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

i) വ്യക്തിയുടെ മാനസിക സാമൂഹ്യ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവ പരിഹരിക്കുകയും ചെയ്യുക.

ii) വ്യക്തികളുടെ പ്രശ്നസാഹചര്യങ്ങളെ കൈകാര്യം ചെയ്യുവാനുള്ള വ്യക്തിഗത കാര്യക്ഷമതയെ ശക്തിപ്പെടുത്തുക.

iii) സാമൂഹിക നിർവഹണത്തിലെ പ്രശ്നങ്ങൾ തടയുകയും പരിഹരിക്കുകയും ചെയ്യുക.

iv) സാമൂഹിക നിർവഹണം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കഴിവുകളും നൈപുണികളും വികസിപ്പിക്കുക.

സോഷ്യൽ കേസ് വർക്കിന്റെ തത്വങ്ങൾ (Principles of Social Case Work)

ഹിമാലയൻ മലനിരകൾ ലോകമെമ്പാടുമുള്ള ലക്ഷോപലക്ഷം യാത്രക്കാരെ ആകർഷിക്കുന്നു. കൈലാസം, മാനസ സരോവർ, പാൻഗോങ് തടാകം, കേദാർ, ഗംഗോത്രി, സിംല, കുളു, മണാലി തുടങ്ങിയ, മലനിരകളിലെ സുഖവാസ കേന്ദ്രങ്ങൾ നിരവധി ആളുകൾ സന്ദർശിക്കുന്നുണ്ട്. ഇത്തരം ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള യാത്രക്കാർക്ക് ചില നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഉദാഹരണമായി, ശ്വാസകോശ രോഗങ്ങളോ ഹൃദയസംബന്ധമായ അസുഖങ്ങളോ ഉള്ളവർ യാത്രാസംഘത്തിൽ ചേരരുത്, മഴക്കാലത്ത് യാത്ര ഒഴിവാക്കുക, കട്ടിയുള്ള ചെരുപ്പുകളും കൈയ്യുറകളും ഉൾപ്പടെ ചൂടു നിൽക്കുന്ന വസ്ത്രങ്ങൾ കരുതുക, ലഘുഭക്ഷണ സാധനങ്ങളും അത്യാവശ്യ മരുന്നുകളും എടുക്കുക, അപരിചിതരുമായി ഗാഢബന്ധങ്ങളും സംഘർഷങ്ങളും ഒഴിവാക്കുക മുതലായവ. ഇത്തരം മാർഗനിർദേശങ്ങൾ യാത്രക്കാർ പാലിക്കേണ്ടതാണെന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ട്?

- ....

യാത്രക്കാർക്ക് ഇത്തരം മാർഗനിർദേശങ്ങൾ പാലിക്കുന്നതുവഴി അപകടങ്ങളോ പരാജയങ്ങളോ ഇല്ലാതെ വിജയകരമായി യാത്ര പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാണ്. ഇതുപോലെ, ഏതൊരു പ്രവർത്തനവും വിജയകരമായി പൂർത്തീകരിക്കുന്നതിന് നമ്മൾ പ്രത്യേക നിയമങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇത്തരം നിയമങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവേ തത്വങ്ങൾ എന്നറിയപ്പെടുന്നു.

രണ്ടുപേർ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിരിക്കുന്ന സോഷ്യൽ കേസ് വർക്കിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ചില പ്രത്യേക തത്വങ്ങൾ ഉണ്ട്. ഇത്തരം തത്വങ്ങൾ ഉരുത്തിരിഞ്ഞു വന്നത് മുഖ്യമായും ഔദ്യോഗിക സാമൂഹ്യപ്രവർത്തനത്തിന്റെ തത്വശാസ്ത്രമൂല്യത്തിൽ നിന്നും, പ്രവർത്തന മണ്ഡല അനുഭവങ്ങളിൽ നിന്നുമാണ്. ഇത്തരം തത്ത്വങ്ങൾ രൂപീകരിക്കുന്നതിൽ ഗവേഷണ പഠനങ്ങളും സംഭാവന നൽകിയിട്ടുണ്ട്. ഇടപെടലുകളുടെ വിജയം ഉറപ്പുവരുത്തുന്നതിന് ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ സോഷ്യൽ കേസ് വർക്കർമാർ പാലിക്കണമെന്നു പ്രതീക്ഷിക്കുന്നു. കേസ് വർക്കിന്റെ പ്രധാനപ്പെട്ട തത്വങ്ങളെ നമുക്ക് ഒന്നു പരിശോധിക്കാം.

a) വ്യക്തിവത്കരണ തത്വം (Principle of Individualization)

രണ്ടു വ്യക്തികൾ ഗുണങ്ങളിലും സ്വഭാവങ്ങളിലും സമാനരല്ല. വ്യക്തികളുടെ പ്രശ്നങ്ങൾ തമ്മിൽ സാമ്യമുണ്ടാകാമെങ്കിലും പ്രശ്നത്തിന്റെ കാരണവും അത് കൈകാര്യം ചെയ്യുവാനുള്ള കഴിവും അവരിൽ വ്യത്യസ്തമാണ്. അതിനാൽ ഓരോ സേവന സ്വീകർത്താവിനെയും വ്യക്തി വ്യത്യാസങ്ങളുള്ള മനുഷ്യരായി കൈകാര്യം ചെയ്യണം. അതുകൊണ്ട് അവന്റെ/അവളുടെ തനിമയെ പരിഗണിച്ച് വ്യക്തിയിൽ അന്തർലീനമായ മൂല്യത്തെയും അന്തസ്സിനെയും ബഹുമാനിക്കണം.

b) സ്വീകാര്യതാതത്വം (Principle of Acceptance)

സ്വീകാര്യതാതത്വം അനുസരിച്ച്, പ്രവർത്തകൻ സേവനസ്വീകർത്താവിനെ അവന്റെ/അവളുടെ രീതിയിൽ, അവന്റെ/അവളുടെ കഴിവുകളോടും കുറവുകളോടും കൂടി സ്വീകരിക്കണം. സേവനസ്വീകർത്താവിന്റെ സാമൂഹിക പ്രതിരോധങ്ങളായ കീഴടങ്ങൽ, ആക്രമണം, പിൻവലിയൽ എന്നിവ കുറയ്ക്കുവാൻ സ്വീകാര്യത സഹായിക്കുന്നു. കേസ് വർക്കറുടെ സ്വീകാര്യതാ സമീപനത്തിന്റെ ആത്യന്തിക ഫലം സേവനസ്വീകർത്താവ് സ്ഥാപിക്കുന്ന തിരിച്ചുള്ള സ്വീകാര്യതയാണ്.

c) ഉദ്ദേശ്യാധിഷ്ഠിത വികാര പ്രകടന തത്വം (Principle of Purposeful Expression of Feelings)

സേവനസ്വീകർത്താവിന് തന്റെ വികാരങ്ങളെ, പ്രത്യേകിച്ച് നിഷേധാത്മകമായവയെ, സ്വതന്ത്രമായി പ്രകടിപ്പിക്കുവാനുള്ള ആവശ്യകതയെ മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഉദ്ദേശ്യാധിഷ്ഠിത വികാരപ്രകടനം. നിരുത്സാഹപ്പെടുത്തുകയോ നിന്ദിക്കുകയോ ചെയ്യാതെ അത്തരം പ്രകടനങ്ങളെ കേസ് വർക്കർ ശ്രദ്ധാപൂർവം ശ്രവിക്കണം. ചികിത്സാപരമായ മൂല്യമുള്ളതിനാൽ ചിലപ്പോൾ കേസ് വർക്കർ തന്നെ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ സേവനസ്വീകർത്താവിനെ പ്രോത്സാഹിപ്പിക്കണം.

d) നിയന്ത്രിത വൈകാരിക പങ്കാളിത്ത തത്വം (Principle of Controlled Emotional Involvement)

സേവനസ്വീകർത്താവിന്റെ വികാരങ്ങളോട് കേസ് വർക്കർക്കുള്ള സംവേദനക്ഷമതയാണിത്. വസ്തുനിഷ്ഠത കൈവിടാതെ, സേവനസ്വീകർത്താവിന്റെ വികാരങ്ങളെ മനസ്സിലാക്കുവാനും അതിനനുസരിച്ച് പ്രതികരിക്കുവാനുമുള്ള കേസ് വർക്കറുടെ കഴിവാണ് ഇതിനാൽ അർത്ഥമാക്കുന്നത്. ഒരു സന്തുലിത സഹായബന്ധം ഉറപ്പുവരുത്തുന്നതിന് വസ്തുനിഷ്ഠത അത്യാവശ്യമാണ്. ഇവിടെ സഹാനുഭൂതിക്കു പകരം തന്മയീഭാവമാണ് കേസ് വർക്കറെ നയിക്കേണ്ടത്.

e) മുൻവിധിരഹിത മനോഭാവ തത്വം (Principle of Non-judgemental Attitude)

കേസ് വർക്ക് ബന്ധത്തിന്റെ ഒരു സവിശേഷ ഗുണമാണിത്. കേസ് വർക്കർ, സേവനസ്വീകർത്താവ് നേരിടുന്ന പ്രശ്നങ്ങളുടെയോ പെരുമാറ്റത്തിന്റെയോ പേരിൽ അയാളെ കുറ്റപ്പെടുത്താൻ പാടില്ല. സേവനസ്വീകർത്താവിനോടുള്ള മുൻവിധിയൊന്നുമില്ലാത്ത നിഷ്പക്ഷ മനോഭാവമാണിത്. സേവനസ്വീകർത്താവിന്റെ അപരാധത്തിന്റെയോ നിഷ്കളങ്കതയുടെയോ അടിസ്ഥാനത്തിൽ കേസ് വർക്കർ ആത്മനിഷ്ഠമായ വിധിനിർണയം നടത്താൻ പാടില്ല. കേസ് വർക്കർ സേവനസ്വീകർത്താവിനെ മുൻവിധിയുടേയോ മുൻധാരണയുടേയോ അടിസ്ഥാനത്തിൽ കാണുവാൻ പാടില്ല.

f) സേവനസ്വീകർത്താവിന്റെ സ്വയംനിർണയ അവകാശ തത്വം (Principle of Client Self-determination)

കേസ് വർക്ക് പ്രക്രിയയിൽ സ്വന്തമായ തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും എടുക്കുവാനുള്ള സേവനസ്വീകർത്താവിന്റെ സ്വാതന്ത്ര്യത്തിനുള്ള പ്രായോഗിക അംഗീകാരമാണിത്. തീരുമാനമെടുക്കാനുള്ള ഉത്തരവാദിത്വം എപ്പോഴും സേവനസ്വീകർത്താവിൽ നിക്ഷിപ്തമായിരിക്കും. മറ്റുമാർഗ്ഗങ്ങളെക്കുറിച്ച് അന്വേഷിക്കുവാനും അവയുടെ

അനന്തരഫലങ്ങളെക്കുറിച്ച് വ്യക്തത ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനങ്ങളെ ടുക്കുവാൻ പര്യാപ്തമാക്കുവാനും കേസ് വർക്കർ സേവനസ്വീകർത്താവിനെ സഹായിക്കണം.

g) രഹസ്യാത്മകത തത്വം (Principle of Confidentiality)

കേസ് വർക്ക് പ്രക്രിയയുടെ ഭാഗമായി സേവനസ്വീകർത്താവ് തുറന്നുപറയുന്ന വിവരങ്ങളുടെ രഹസ്യസ്വഭാവം നിലനിർത്തുന്നതാണിത്. സേവനസ്വീകർത്താവ് കേസ് വർക്കറോട് വെളിപ്പെടുത്തുന്ന കാര്യങ്ങൾ പുറത്ത് ചർച്ച ചെയ്യുവാൻ പാടില്ല. പങ്കുവെക്കുന്ന വിവരങ്ങളുടെയും അഭിമുഖത്തിന്റെയും രഹസ്യസ്വഭാവത്തെക്കുറിച്ച് സേവനസ്വീകർത്താവിന് എപ്പോഴും ഉറപ്പുലഭിക്കണം. വിശ്വാസം പടുത്തുയർത്തുന്നതിൽ ഈ ധാർമിക ഉത്തരവാദിത്വം പ്രധാന ഘടകമാണ്.

ഗീതുവിന്റെ പ്രശ്നത്തിൽ കേസ് വർക്ക് തത്വങ്ങൾ എങ്ങനെ മികച്ച രീതിയിൽ ഉപയോഗിക്കാമെന്ന് സംഘങ്ങളായി ചർച്ച ചെയ്യുക.

സോഷ്യൽ കേസ് വർക്കിലെ ബന്ധം (Relationship in Social Case Work)

കേസ് വർക്കറും സേവനസ്വീകർത്താവും തമ്മിൽ നല്ല ബന്ധം വികസിപ്പിക്കേണ്ടത് സഹായപ്രക്രിയയിൽ ഒരു അത്യാവശ്യ ഘടകമാണ്. കേസ് വർക്കിന്റെ ഏറ്റവും പ്രധാനപ്പെട്ട മാർഗങ്ങളിലൊന്നാണിത്. സോഷ്യൽ കേസ് വർക്ക് ബന്ധം എന്നത് ഒരേ സമയം തൊഴിൽപരവും സഹായാത്മകവും ആണ്. തൊഴിൽപര കാഴ്ചപ്പാടിൽ പരസ്പരം അംഗീകരിച്ച ആവശ്യം, നിശ്ചിത സമയപരിധി, ഉത്തരവാദിത്വം, അധികാരം എന്നിവ ആവശ്യമുണ്ട്. സഹായ തലത്തിന്റെ സ്വഭാവത്തിൽ തൻമയീഭാവ പരിഗണന, ആത്മാർത്ഥത, കടപ്പാട്, സത്യസന്ധത, ഊഷ്മളത, സ്വീകാര്യത എന്നിവ ഉൾക്കൊള്ളുന്നു.

1939-ൽ പ്രസിദ്ധീകരിച്ച 'എ ചേഞ്ചിങ് സൈക്കോളജി ഇൻ സോഷ്യൽ കേസ് വർക്ക്' എന്ന പുസ്തകത്തിൽ വിർജീനിയ റോബിൻസൺ ആണ് 'ബന്ധം' എന്ന പദം സോഷ്യൽ കേസ് വർക്കിൽ ആദ്യമായി ഉപയോഗിച്ചത്. സേവനസ്വീകർത്താവിനെ സഹായിക്കണം എന്ന ഉദ്ദേശ്യത്തോടുകൂടി സോഷ്യൽ കേസ് വർക്കറും സേവനസ്വീകർത്താവും തമ്മിലുള്ള മനോഭാവങ്ങളുടെയും വികാരങ്ങളുടെയും പരിവർത്തനാത്മകമായ ഇടപെടലാണ് സോഷ്യൽ കേസ് വർക്ക് ബന്ധം.

സോഷ്യൽ കേസ് വർക്കർ - സേവനസ്വീകർത്താവ് ബന്ധം, പരസ്പര സ്വീകാര്യത എന്ന സവിശേഷതയാർജ്ജിക്കുമ്പോൾ അതിനെ 'റാപ്പോ' (Rapport) എന്നുവിളിക്കുന്നു. ശരിയായ തന്മയീഭാവം, സ്വാർത്ഥതയില്ലാത്ത ഊഷ്മളത, സത്യസന്ധത, ചികിത്സാമൂല്യം എന്നീ സവിശേഷതകളുള്ള ഒരു ഗുണാത്മക ബന്ധമാണിത്. പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയ നിശ്ചിത തത്വങ്ങളാൽ നയിക്കപ്പെടുന്നതാണിത്. സേവന സ്വീകർത്താവിനെ അവന്റെ/അവളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക എന്നതാണ് ഈ ബന്ധത്തിന്റെ ഉദ്ദേശ്യം.

വൈകാരിക അധീനത്വവും പ്രത്യധീനത്വവും
(Transference and Counter - transference)

കേസ് വർക്ക് ബന്ധത്തിലെ ആത്മനിഷ്ഠാപരമായ രണ്ട് സാധ്യതകളെയാണ് ഈ രണ്ടു പദങ്ങളും സൂചിപ്പിക്കുന്നത്. നമ്മൾ എപ്പോഴും പഴയകാല അനുഭവങ്ങളുമായി ബന്ധപ്പെട്ട വികാരങ്ങളും മനോഭാവങ്ങളും പുതിയ ബന്ധങ്ങളിൽ കൊണ്ടുവരാറുണ്ട്. നമ്മളെ സ്വാധീനിച്ചിട്ടുള്ള വ്യക്തികളെക്കുറിച്ച് സ്മരണകൾ ഉളവാക്കുന്നവരുമായി നമ്മൾ ആകർഷിക്കപ്പെടുകയോ വികർഷിക്കപ്പെടുകയോ ചെയ്യാറുണ്ട്. ഇത്തരം സ്വാധീന ഘടകങ്ങളായ ആകർഷണം അല്ലെങ്കിൽ വികർഷണം, ഇഷ്ടം അല്ലെങ്കിൽ അനിഷ്ടം ഇത്യാദികാര്യങ്ങൾ ഒരു ബന്ധത്തിൽ ഏതു സമയത്തും ഉണ്ടാകാം. സേവനസ്വീകർത്താവ് കേസ് വർക്കറിനോട് അനുചിതവും യുക്തിരഹിതവുമായ വികാരങ്ങളോടെ ബന്ധം സ്ഥാപിക്കുമ്പോൾ അതിനെ വൈകാരിക അധീനത്വം (Transference) എന്നു വിളിക്കുന്നു.

സോഷ്യൽ കേസ് വർക്കറും വികാരങ്ങളും അനുഭവങ്ങളുമുള്ള ഒരു മനുഷ്യജീവിയാണ്. കേസ് വർക്കർ, സേവനസ്വീകർത്താവിനെപോലെ തന്നെ, ബോധപൂർവ്വം ഗുണാത്മകമോ ഋണാത്മകമോ ആയ വസ്തുനിഷ്ഠമല്ലാത്ത പ്രതികരണങ്ങൾ, സേവന സ്വീകർത്താവിലേക്കു കൈമാറിയെന്നു വരാം. തൊഴിൽപരമായ തലത്തിൽ നിന്നുള്ള ഈ വ്യതിയാനത്തെ പ്രത്യധീനത്വം (Counter transference) എന്നുവിളിക്കുന്നു. ഒരു കേസ് വർക്കർ സേവനസ്വീകർത്താവിനെ യാഥാർത്ഥ്യങ്ങളിലേക്കു നയിക്കുകയും തൊഴിൽപരമായ കടമകളിൽ നിന്നു വ്യതിചലിക്കാതെ അവനെ/അവളെ സ്വയംനിയന്ത്രിക്കുകയും വേണം.

സോഷ്യൽ കേസ് വർക്കിന്റെ ഘടകങ്ങൾ (Components of Social Case Work)

പ്രശ്നമുള്ള ഒരു വ്യക്തിയെ സോഷ്യൽ കേസ് വർക്കർ സഹായിക്കുന്നു. പ്രത്യേകമായ കേസ് വർക്ക് സേവനങ്ങൾ നൽകുന്ന ഔദ്യോഗിക സംഘങ്ങൾ നിലവിലുണ്ട്. പ്രശ്നത്തിന്റെ പ്രകൃതമനുസരിച്ച്, പരിഹാരം കണ്ടെത്തുന്നതിനായി സേവനസ്വീകർത്താവ് ചില പ്രത്യേക പ്രക്രിയകളിലൂടെ കടന്നുപോകേണ്ടതുണ്ട്. അതുകൊണ്ട്, പൊതുവേ പറഞ്ഞാൽ, പ്രശ്നമുള്ള വ്യക്തി സഹായം നൽകുന്ന ഒരു സ്ഥലത്ത് ഒരു നിശ്ചിത പ്രക്രിയയിലൂടെ കടന്നുപോകുമ്പോഴാണ് കേസ് വർക്ക് സേവനം ലഭ്യമാകുന്നത്. തന്മൂലം വ്യക്തി, പ്രശ്നം, സ്ഥലം, പ്രക്രിയ എന്നിവയെ സോഷ്യൽ കേസ് വർക്കിന്റെ ഘടകങ്ങളായി പരിഗണിക്കുന്നു.

A. വ്യക്തി (The person)

ഒരു കേസ് വർക്കറുടെ അടുത്ത് പ്രശ്നബാധിതനായി സഹായം തേടിയെത്തുന്ന, ഏതൊരാളെയും 'വ്യക്തി' എന്നു പറയാം. സാമൂഹ്യപ്രവർത്തന പദശാസ്ത്രപ്രകാരം ആ വ്യക്തി 'സേവനസ്വീകർത്താവ്' (client) എന്നു വിളിക്കപ്പെടുന്നു. പ്രശ്നങ്ങൾ തരണം ചെയ്യുവാനായി സഹായം ആവശ്യമായി വരുന്ന ഒരു പുരുഷനോ, സ്ത്രീയോ, കുട്ടിയോ ഒക്കെയാവാം ഇത്. ഒരു സേവനസ്വീകർത്താവ് എപ്പോഴും സമ്മർദ്ദത്തിനടിപ്പെട്ടിരിക്കുകയും കർത്തവ്യനിർവ്വഹണ സംഘർഷങ്ങൾ, പൊരുത്തക്കേടിന്റെ പ്രശ്നങ്ങൾ എന്നിവ അനുഭവിക്കുന്നുമുണ്ടായിരിക്കാം. കേസ് വർക്കർ സേവനസ്വീകർത്താവിനെ സ്വീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യണം.

B. പ്രശ്നം (The Problem)

പ്രശ്നങ്ങൾ ഉയരുന്നത് ചില ആവശ്യങ്ങൾ, തടസ്സങ്ങൾ, സമ്മർദ്ദങ്ങൾ, പൊരുത്തക്കേടുകൾ എന്നിവയിൽ നിന്നോ അല്ലെങ്കിൽ ചിലപ്പോൾ ഇവയിൽ എല്ലാത്തിൽനിന്നുമോ ആകാം. പ്രശ്നം, വ്യക്തിയുടെ സാമുഹിക വ്യവഹാരങ്ങളെ ബാധിക്കുകയും സാമുഹിക പരിസ്ഥിതിയുമായുള്ള പൊരുത്തപ്പെടൽ അപര്യാപ്തമാക്കുകയും ചെയ്യുന്നു. ഒരു പ്രശ്നം എന്നത് സമകാലിക ആവശ്യങ്ങളായ സാമ്പത്തികം, വൈദ്യസഹായം, വിദ്യാഭ്യാസം, വിനോദം, സാമൂഹികം എന്നിവയോ അല്ലെങ്കിൽ ശാരീരിക, മാനസിക സമ്മർദ്ദങ്ങൾ എന്നിവയോ ആകാം. ഉദാഹരണത്തിന് മദ്യപാന ആസക്തി മാനസിക-സാമൂഹികമോ, കുടുംബപരമോ, സാമ്പത്തികപരമോ ആയ കാരണങ്ങളുമായി ബന്ധപ്പെട്ടാകാം.

C. സ്ഥലം (The Place)

സ്ഥലം എന്നത് ഒരു സാമുഹ്യപ്രവർത്തകന്റെ സഹായത്തോടുകൂടി സേവനസ്വീകർത്താവിന് മാനസിക-സാമുഹിക സേവനങ്ങളോ മറ്റേതെങ്കിലും സഹായമോ നൽകുന്ന സാമുഹിക സേവന ഏജൻസിയോ, വകുപ്പോ, മാനുഷിക ക്ഷേമ ഏജൻസിയോ ആകാം. പ്രാഥമിക സംഘടനകളായ കൗൺസിലിംഗ് കേന്ദ്രങ്ങളും സാമുഹിക ക്ഷേമ ഏജൻസികളും ദ്വിതീയ സംഘടനകളായ ആശുപത്രികൾ, സ്കൂളുകൾ, വ്യവസായ കേന്ദ്രങ്ങൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

D. പ്രക്രിയ (The Process)

കേസ് വർക്കറും സേവനസ്വീകർത്താവും തമ്മിലുള്ള തുടർപ്രക്രിയാപരമായ വ്യവഹാരമാണ് കേസ് വർക്ക് പ്രക്രിയ എന്നു പറയുന്നത്. ഒരുകൂട്ടം പ്രശ്നപരിഹാര പ്രക്രിയകളാണ് ഇതിൽ ഉൾപ്പെടുന്നത്. പഠനം, രോഗനിർണയം, ചികിത്സ, വിലയിരുത്തൽ, വിച്ഛേദനം, പിന്തുടരൽ എന്നിവയാണ് സോഷ്യൽ കേസ് വർക്ക് പ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ. ഓരോ ഘട്ടവും ഈവിധത്തിൽ യുക്തിപരമായി ക്രമീകരിച്ചിട്ടുണ്ടെങ്കിലും ഈ ഘട്ടങ്ങൾ ഇതേ ക്രമത്തിൽ തന്നെ നടപ്പാക്കണമെന്നില്ല. കേസ് വർക്ക് പ്രക്രിയയിൽ ഘട്ടങ്ങൾ ഇടകലരുകയും ഒന്നിലധികം ഘട്ടങ്ങൾ ഒരേസമയം നടക്കുകയും ചെയ്യാം. ഈ ഘട്ടങ്ങളെ ഒന്ന് പരിശോധിക്കാം:

a. പഠനം (മാനസിക – സാമൂഹിക അന്വേഷണം)

ഈ ഘട്ടത്തിൽ വിവിധ ഉപകരണങ്ങളുടെ സഹായത്തോടെ പ്രശ്നത്തെ സംബന്ധിക്കുന്ന വിവരങ്ങൾ കേസ് വർക്കർ ശേഖരിക്കുന്നു. കേസ് വർക്കിന്റെ മറ്റ് സഹായ ഘട്ടങ്ങൾ 'പഠനം' എന്നതിന്റെ അടിത്തറയിലാണ് പടുത്തുയർത്തുന്നത്. സേവനസ്വീകർത്താവിന്റെ സാമൂഹിക യാഥാർത്ഥ്യങ്ങളും ജീവിത പരിസ്ഥിതിയും കണ്ടെത്തുന്നതിലൂടെ പ്രശ്ന മേഖല തിരിച്ചറിയുവാനും ചികിത്സ, പുനരധിവാസം, പരിചരണാനന്തര തന്ത്രങ്ങൾ എന്നിവ രൂപീകരിക്കുന്നതിനും ഇത് സഹായിക്കുന്നു. പഠനം വിവിധ മാർഗ്ഗങ്ങളിലൂടെ നടത്താം. അവ:

i. സേവനസ്വീകർത്താവുമായും ബന്ധപ്പെട്ട മറ്റു വ്യക്തികളുമായുള്ള അഭിമുഖം.

ii. സേവനസ്വീകർത്താവ് ജീവിക്കുന്ന പരിസ്ഥിതിയും അയൽപക്കവും സന്ദർശിക്കുക.

സോഷ്യൽ കേസ് വർക്കർ താഴെ പറയുന്ന വസ്തുതകളെക്കുറിച്ച് പഠിക്കുന്നു:

i. പ്രശ്നത്തിന്റെ സ്വഭാവം.

ii. സേവനസ്വീകർത്താവിന്റെ വികാരങ്ങളും പ്രതികരണങ്ങളും.

iii. പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള സേവനസ്വീകർത്താവിന്റെ പരിശ്രമങ്ങൾ.

iv. സാമൂഹിക സാഹചര്യങ്ങൾ.

v. സേവനസ്വീകർത്താവിന്റെ വ്യക്തിത്വം.

ഗീതുവിന്റെ പ്രശ്നത്തെക്കുറിച്ചുള്ള മാനസിക – സാമൂഹിക അന്വേഷണം

(Psycho-social Investigation of Geethu's Case)

ഗീതുവിനെ ക്ലാസ്സ് ടീച്ചർ സ്കൂൾ സാമൂഹിക പ്രവർത്തകന്റെ അടുത്തേക്ക് ശുപാർശ ചെയ്തു. സാമൂഹിക പ്രവർത്തകൻ ഗീതുവുമായി പ്രാരംഭ കൂടിക്കാഴ്ച നടത്തുകയും നല്ല ഒരു ബന്ധം വികസിപ്പിക്കുകയും ചെയ്തു. വെറുതെ ഉപദേശങ്ങളും മുന്നറിയിപ്പുകളും നൽകുന്നതിനുപകരം ഗീതുവിനെ എല്ലാ പരിമിതികളോടുംകൂടി സാമൂഹിക പ്രവർത്തകൻ അംഗീകരിച്ചു. ക്രമേണ ഗീതുവിൽ പ്രത്യാശയും വിശ്വാസവും ആത്മവിശ്വാസവും വർദ്ധിക്കുകയും, തന്റെ പ്രശ്നങ്ങൾ കേസ് വർക്കറോട് പങ്കുവയ്ക്കുവാൻ തുടങ്ങുകയും ചെയ്തു. ഗീതുവിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനോടൊപ്പം തന്നെ സാമൂഹിക പ്രവർത്തകൻ അടുത്ത കൂട്ടുകാരിൽ നിന്നും ക്ലാസ്സ് ടീച്ചറിൽ നിന്നും അമ്മയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. മാതാപിതാക്കളും രണ്ട് ഇളയ സഹോദരന്മാരും അടങ്ങുന്ന താഴ്ന്ന മദ്ധ്യവർഗ്ഗ കുടുംബത്തിലെ അംഗമാണ് ഗീതുവെന്ന് പഠനത്തിൽ നിന്നും വ്യക്തമായി. മദ്യത്തിനു അടിമയായതിനാൽ ജോലി നഷ്ടപ്പെട്ട ഒരു ട്രക്ക് ഡ്രൈവറായിരുന്നു അവളുടെ അച്ഛൻ. വിധേയത്വ സ്വഭാവമുള്ള ഒരു വീട്ടമ്മയാണ് ഗീതുവിന്റെ അമ്മ. ഇളയ രണ്ട് സഹോദരന്മാരും വിദ്യാർത്ഥികളാണ്. ഇപ്പോൾ ആ കുടുംബം വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ജീവിതത്തിന്റെ രണ്ടറ്റവും തമ്മിൽ യോജിപ്പിക്കാൻ വളരെ കഷ്ടപ്പെടുകയാണ്. 10-ാം ക്ലാസ്സു

വരെ സാമാന്യം നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു ഗീതു. 10-ാം ക്ലാസ്സിലെ പ്രകടനത്തെക്കുറിച്ചും മത്സരത്തെക്കുറിച്ചും തെറ്റായ ധാരണ വച്ചു പുലർത്തിയിരുന്ന ഗീതുവിന്റെ അച്ഛൻ അവളെ നിരന്തരമായി കുറ്റപ്പെടുത്തുകയും സമ്മർദ്ദത്തിലാഴ്ത്തുകയും ചെയ്തു. ഈ സമയത്തുതന്നെ ക്ലാസ്സിലുള്ള ഒരു ആൺകുട്ടി ഗീതുവിനെ ശല്യം ചെയ്യാൻ തുടങ്ങുകയും അവനോട് മാത്രമായി ഒരു ബന്ധം സ്ഥാപിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. അവളുടെ അടുത്ത ചില സുഹൃത്തുക്കൾ അവളെ കളിയാക്കുകയും കൂടുതൽ ഉത്തരവാദിത്തം കാണിക്കാൻ ക്ലാസ്സ് ടീച്ചർ അവൾക്ക് താക്കീത് നൽകുകയും ചെയ്തു.

b. രോഗനിർണയം (Diagnosis/Assessment)

സേവനസ്വീകർത്താവിന്റെ സാമൂഹിക സാഹചര്യം, സ്വഭാവ പ്രകൃതം എന്നിവ കൃത്യമായി നിർവ്വചിക്കാനുള്ള ഒരു ശ്രമമാണ് സാമൂഹിക രോഗനിർണയം. സേവനസ്വീകർത്താവിന്റെ പ്രശ്നങ്ങളുടെ കാരണം കണ്ടെത്താനുള്ള ഒരന്വേഷണമാണിത്. അറിയാവുന്ന വസ്തുതകളുടെ വെളിച്ചത്തിൽ പ്രശ്നത്തെക്കുറിച്ച് ഒരു വിശദീകരണം രൂപീകരിക്കുന്നതാണ് രോഗനിർണയം. സേവന സ്വീകർത്താവിന്റെ സാമൂഹിക വ്യവഹാരങ്ങളെ ബാധിക്കുന്ന മാനസിക ഘടകങ്ങൾ അല്ലെങ്കിൽ വ്യക്തിത്വഘടകങ്ങൾ മനസ്സിലാക്കുന്നതിനാണ് ഇതിൽ താത്പര്യമെടുക്കുന്നത്.

വിവിധ തരത്തിലുള്ള രോഗനിർണയ രീതികളുണ്ട് - ചലനാത്മക രോഗനിർണയം, ക്ലിനിക്കൽ രോഗനിർണയം, പ്രശ്നോത്ഭവ രോഗനിർണയം

ചലനാത്മക രോഗനിർണയം (Dynamic Diagnosis)

സേവനസ്വീകർത്താവിന്റെ വർത്തമാനകാല പ്രശ്നത്തെക്കുറിച്ചും സേവനസ്വീകർത്താവിന്റെ ഉള്ളിൽ നിലവിൽ പ്രവർത്തിക്കുന്ന ശക്തികളെക്കുറിച്ചും ഇത് ധാരണ നൽകുന്നു. എന്താണ് പ്രശ്നം? അതിലേക്ക് നയിച്ച വ്യത്യസ്ത ഘടകങ്ങളേതെല്ലാം? മുതലായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചലനാത്മക രോഗനിർണയം നൽകുന്നു.

ക്ലിനിക്കൽ രോഗനിർണ്ണയം (Clinical Diagnosis)

സേവനസ്വീകർത്താവ് അനുഭവിക്കുന്ന പ്രശ്നത്തെ തരംതിരിക്കാനാണ് ക്ലിനിക്കൽ രോഗനിർണയത്തിൽ കേസ് വർക്കർ ശ്രമിക്കുന്നത്.

പ്രശ്നോത്ഭവ രോഗനിർണയം (Etiological Diagnosis)

സേവനസ്വീകർത്താവിന്റെ പ്രശ്നങ്ങളുടെ ആരംഭവും വികാസവും സംബന്ധിച്ച വിശദീകരണമാണ് പ്രശ്നോത്ഭവ രോഗനിർണയം.

ഗീതുവിന്റെ പ്രശ്നം നിർണയിക്കൽ (Diagnosis of Geethu's case)

പഠനത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗീതുവിന്റെ പ്രശ്നസാഹചര്യങ്ങൾ കേസ് വർക്കർ താഴെ പറയുന്ന പ്രകാരം നിർവ്വചിക്കുന്നു: ജീവിത സാഹചര്യത്തിൽ സമീപകാലത്തുണ്ടായ മാറ്റങ്ങൾമൂലം ഗീതുവിന് മാതാപിതാക്കളോടും

കൂട്ടുകാരോടും അധ്യാപകരോടുമുണ്ടായിരുന്ന സ്വരചേർച്ചയുള്ള ബന്ധം കുറഞ്ഞു. പഠനത്തിനായുള്ള പിതാവിന്റെ അനാവശ്യ സമ്മർദ്ദവും ക്ലാസ്സിലെ ആൺകുട്ടിയുടെ ശല്യവുംമൂലം ഗീതു വളരെയധികം മാനസിക സംഘർഷവും ആകുലതയും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ക്രമേണ ആകുലതയും സംഘർഷവും ഗീതുവിന്റെ എല്ലാ പ്രവർത്തനങ്ങളേയും ബാധിക്കാൻ തുടങ്ങി. ക്ലാസ്സ് ടീച്ചറിന്റെ താക്കീത്, നിരസം വളർത്തുകയും പഠനത്തിൽ താത്പര്യം നഷ്ടപ്പെടുത്തുകയും ചെയ്തു. പിതാവിന്റെ മദ്യപാനവും അതിനോടനുബന്ധിച്ചു കുടുംബത്തിലുണ്ടായ സ്വരചേർച്ച ഇല്ലായ്മയും ഗീതുവിനെ കൂടുതൽ വിഷാദവതിയാക്കി. കുടുംബത്തിലെ സാമ്പത്തിക ദുരവസ്ഥ ഗീതുവിന്റെ പഠിക്കുവാനുള്ള പ്രേരണയെ സാരമായി ബാധിച്ചു.

c. ചികിത്സ/ഇടപെടൽ (Treatment/Intervention)

പ്രശ്നമുള്ള വ്യക്തിയെ അത് പരിഹരിക്കാൻ സഹായിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും ആകെ തുകയാണ് ചികിത്സ. പൊതുവേ ചികിത്സ മൂന്ന് രീതിയിലുണ്ട് – പ്രത്യക്ഷ ഇടപെടൽ, പരിസര പരിഷ്ക്കരണം, ലഭ്യമായ വിഭവങ്ങളുടെയും സേവനങ്ങളുടെയും ഉപയോഗം എന്നിവ.

പ്രത്യക്ഷ ഇടപെടൽ (Direct Intervention)

സേവനസ്വീകർത്താവുമായുള്ള ചികിത്സാപരമായ ഇടപെടലാണ് പ്രത്യക്ഷ ഇടപെടൽ. വളർച്ചക്കും മാറ്റത്തിനും ഉതകുന്ന രീതിയിൽ ക്രിയാത്മക തീരുമാനങ്ങളെടുക്കുവാനും വൈകാരിക സന്തുലിതാവസ്ഥ നിലനിർത്തുവാനും മനോഭാവങ്ങളെ ദൃഢീകരിക്കുവാനും സേവനസ്വീകർത്താവിനെ സഹായിക്കണമെന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന ഇടപെടലുകളുടെ ഒരു നിരയാണിത്. സേവനസ്വീകർത്താവിനെ തന്മയീഭാവത്തോടും ഊഷ്മളതയോടുംകൂടി കേട്ടിരിക്കുന്നതുതന്നെ മിക്കവാറും പ്രശ്നങ്ങളിൽ ചികിത്സാപരമായ കാര്യമാണ്. സേവനസ്വീകർത്താവിനെ പ്രശ്നത്തിന്റെ സ്വഭാവമനുസരിച്ച് കൗൺസിലിംഗ്, സ്വീകാര്യത, ഉറപ്പുനൽകൽ, അഹംബോധം ശക്തിപ്പെടുത്തൽ, പ്രേരണ, വികാര ബഹിർഗമനം (Ventilation), സാർവ്വത്രീകരണം എന്നിവ പ്രത്യക്ഷ ഇടപെടലിൽ ഉപയോഗിക്കുന്നു.

ഗീതുവിനെ സഹായിക്കുന്നതിനുള്ള പ്രത്യക്ഷ ഇടപെടൽ (Direct Intervention to help Geethu)

ഭയം, വെറുപ്പ്, മറ്റ് വികാരങ്ങൾ തുടങ്ങിയവ പ്രകടിപ്പിക്കുവാൻ സോഷ്യൽ കേസ് വർക്കർ ഗീതുവിനെ സഹായിച്ചു. ക്ലാസിലെ ആൺകുട്ടിയുമായുള്ള പ്രശ്നങ്ങൾ ധൈര്യത്തോടെ നേരിടുവാൻ ഗീതുവിനെ പ്രോത്സാഹിപ്പിച്ചു. ഗീതുവിലുള്ള അമിതപ്രതീക്ഷമൂലമാണ് പിതാവ് അവളിൽ സമ്മർദ്ദം ചെലുത്തുന്നതെന്നും ഇതേ പ്രശ്നം വിദ്യാലയത്തിലെ നിരവധി കുട്ടികൾ അനുഭവിക്കുന്നുണ്ട് എന്നും അധ്യാപകൻ വ്യക്തമാക്കികൊടുത്തു (സാർവ്വത്രീകരണം). കേസ് വർക്കർ ഗീതുവിന് കൗൺസിലിംഗ് നൽകി ഭയം മാറ്റുകയും ആത്മവിശ്വാസം വളർത്തുകയും (അഹംബോധം ശക്തിപ്പെടുത്തൽ) ചെയ്യുക വഴി അവളുടെ പഠനത്തിൽ ക്രമവും മികവും ഉണ്ടാക്കുവാൻ സഹായിച്ചു. നന്നായി പഠിക്കേണ്ടതിന്റെയും നല്ല ഒരു തൊഴിൽ കരസ്ഥമാക്കി കുടുംബത്തിന്റെ ഭാവി ഭദ്രമാക്കേണ്ടതിന്റെയും ആവശ്യകത അംഗീകരിക്കുവാൻ ഗീതുവിനെ പ്രോത്സാഹിപ്പിച്ചു.

പരിസര പരിഷ്കരണം (Environment Modification)

സേവനസ്വീകർത്താവിന്റെ സമ്മർദ്ദവും ആകുലതയും കുറയ്ക്കുവാനായി സാഹചര്യങ്ങളെ ശരിയാക്കാനോ മെച്ചപ്പെടുത്താനോ ചെയ്യുന്ന എല്ലാ ശ്രമങ്ങളെയും പരിസര പരിഷ്ക്കരണം എന്നു സൂചിപ്പിക്കുന്നു. സാഹചര്യങ്ങളെ പരിഷ്ക്കരിക്കുന്നതിനാണ് ഇവിടെ ഊന്നൽ നൽകുന്നത്. ഈ പ്രവർത്തന രീതി എപ്പോഴും പരോക്ഷ ഇടപെടൽ എന്നു സൂചിപ്പിക്കപ്പെടുന്നു. കാരണം, സേവനസ്വീകർത്താവിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനാവശ്യമായ ഏതെങ്കിലും സാമൂഹിക വ്യവസ്ഥിതിയിലുണ്ടാകേണ്ട മാറ്റം, ഭൗതിക പരിസ്ഥിതിയിലുണ്ടാകേണ്ട മാറ്റം എന്നിവയിലാണ് ഇത് കേന്ദ്രീകരിച്ചിരിക്കുന്നത്. സേവനസ്വീകർത്താവിന്റെ കുടുംബബന്ധങ്ങൾ, ജോലി സാഹചര്യങ്ങൾ, സമ്പ്രദായക്കാരുമായുള്ള ഇടപെടലുകൾ എന്നിവയിൽ നമ്മൾ വരുത്തുന്ന ഏതു മാറ്റവും പരിസര പരിഷ്ക്കരണത്തിൽ വരുന്നു.

ഗീതുവിനെ സഹായിക്കാനായി പരിസര പരിഷ്ക്കരണം ഉപയോഗിക്കുന്നു

(Environment Modification to help Geethu)

കുടുംബാംഗങ്ങളുമായുള്ള സമാന്തര ബന്ധത്തിലൂടെ പിതാവിന്റെ മദ്യപാനവും, അനാവശ്യ സമ്മർദ്ദവും ഗീതുവിന്റെ പഠനത്തെ ഏത് വിധത്തിൽ ബാധിച്ചു എന്ന് അവരെ ബോധ്യപ്പെടുത്തുവാൻ കേസ് വർക്കർക്കു കഴിഞ്ഞു. തന്റെ സ്വഭാവത്തിൽ മാറ്റം വരുത്തുവാനും മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കുവാനും ഈ അവബോധം പിതാവിനെ സഹായിച്ചു. പിതാവ്, തന്റെ മദ്യപാനം നിർത്താമെന്നു കേസ് വർക്കറിനു ഉറപ്പു നൽകുകയും, ലഹരി വിമുക്ത ചികിത്സക്കായി കേസ് വർക്കറുടെ സഹായമാരായുകയും ചെയ്തു. കേസ് വർക്കർ ഗീതുവിന്റെ ക്ലാസ് ടീച്ചറോടും സുഹൃത്തുക്കളോടും ബന്ധപ്പെടുകയും അവളെ ശരിയായ രീതിയിൽ മനസിലാക്കി ഇടപെടുവാൻ ആവശ്യപ്പെടുകയും ചെയ്തു. അവർ അവരുടെ മനോഭാവങ്ങൾ മാറ്റുകയും അവൾക്കാവശ്യമായ സഹായവാഗ്ദാനം നൽകുകയും ചെയ്തു.

c) സേവനങ്ങളുടെയും വിഭവങ്ങളുടെയും ഉപയോഗം (Use of Services and Resources)

കേസ് വർക്ക് ഇടപെടലുകളിൽ പഴക്കമേറിയ മാർഗ്ഗങ്ങളിലൊന്നാണിത്. ഈ മാർഗ്ഗത്തിൽ ഏതെങ്കിലും സംഘടനകൾ നൽകുന്ന വിഭവങ്ങളോ സേവനങ്ങളോ ഉപയോഗിക്കുവാൻ പ്രവർത്തകൻ സേവനസ്വീകർത്താവിനെ സഹായിക്കുന്നു. പലപ്പോഴും സേവനസ്വീകർത്താവിന് തനിക്ക് എന്താണ് വേണ്ടത് എന്ന് അറിയാമെങ്കിലും, അത് എവിടെ അല്ലെങ്കിൽ എങ്ങനെ ലഭിക്കും എന്നറിയില്ല.

സാധന സാമഗ്രികൾ, നിയമ സേവനം, വൈദ്യ പരിരക്ഷ എന്നിവ ലഭിക്കുവാനുള്ള സഹായങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. ലഭ്യമായ സാമൂഹിക വിഭവങ്ങളെയും സേവനങ്ങളെയുംക്കുറിച്ച് പ്രവർത്തകന് നല്ല അറിവുണ്ടായിരിക്കണം.

ഗീതുവിനെ സഹായിക്കാനായി സേവനങ്ങളും വിഭവങ്ങളും ഉപയോഗിക്കുന്നു

(Use of Services and Resources to help Geethu)

കേസ് വർക്കർ വിദ്യാലയ അധികാരികളുമായി ബന്ധപ്പെട്ട് ഗീതുവിന്റെ പഠനത്തെ പിന്തുണക്കുവാനായി മാസംതോറും ലഭിക്കുന്ന ഒരു സ്കോളർഷിപ്പ് ഏർപ്പാടാക്കി. അവളുടെ പിതാവിനെ ഒരു ലഹരിവിമുക്തി ചികിത്സാ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്തയക്കുകയും ചെയ്തു.

വിലയിരുത്തൽ (Evaluation)

ഇടപെടലുകളുടെ ഫലങ്ങൾ വിലയിരുത്തുക എന്നത് സോഷ്യൽ കേസ് വർക്ക് പ്രക്രിയയുടെ ഭാഗമാണ്. ഇടപെടലുകൾ എത്രമാത്രം ഫലവത്തായി എന്ന് തീരുമാനിക്കുന്നതിനാണ് ഫലങ്ങൾ അളക്കുന്നത്. ചികിത്സാരീതികൾ പരിഷ്കരിക്കുന്നതിനും പിന്തുടരൽ നടപടികൾ ആസൂത്രണം ചെയ്യുന്നതിനും ഇത് കേസ് വർക്കറെ സഹായിക്കുന്നു.

ഗീതുവിന്റെ കേസ് വിലയിരുത്തൽ (Evaluation of Geethu's case)

ആവശ്യമായ കേസ് വർക്ക് നടപടികൾക്കും പരിസര പരിഷ്ക്കരണത്തിനും ശേഷം കേസ് വർക്കർ ഗീതുവിന്റെ പെരുമാറ്റത്തിലുണ്ടായ മെച്ചപ്പെടൽ വിലയിരുത്തി. അവൾ പഠനത്തിൽ കാര്യമായ പുരോഗതി കാണിക്കുകയും അവളുടെ സുഹൃത്തുക്കളുമായും എതിർലിംഗത്തിലുള്ളവരുമായും നല്ല സൗഹാർദ്ദം പുലർത്തുന്നതിൽ പുരോഗതി നേടുകയും ചെയ്തു. അവളുടെ കുടുംബബന്ധങ്ങളും ഗണ്യമായി മെച്ചപ്പെട്ടു.

വിച്ഛേദനം (Termination)

സോഷ്യൽ കേസ് വർക്ക് പ്രക്രിയയിൽ വിച്ഛേദനം ഉപയോഗിക്കുന്നത് പ്രക്രിയ നിർത്തുക അല്ലെങ്കിൽ പരിധി നിർണ്ണയിക്കുക എന്ന അർത്ഥത്തിലാണ്. ഒരു പ്രക്രിയ എന്ന നിലയിൽ കേസ് വർക്ക് അനുസ്യൂതമായി തുടരാനാവില്ല. തന്മൂലം ഇത് അവസാനിക്കണം. പ്രവർത്തകനും സേവനസ്വീകർത്താവും ചേർന്ന് വിച്ഛേദന പദ്ധതി തയ്യാറാക്കുകയും കൃത്യസമയത്ത് നടപ്പിലാക്കുകയും ചെയ്യണം.

ഗീതുവിന്റെ കേസ് വിച്ഛേദിക്കുന്നു (Termination of Geethu's Case)

ഗീതു അവളുടെ പെരുമാറ്റത്തിലും പ്രകടനത്തിലും സ്ഥിരത പുലർത്തുകയും ദൈനംദിന പ്രവർത്തനങ്ങളിൽ സുഗമമാവുകയും ചെയ്തപ്പോൾ കേസ് വർക്കർ വിച്ഛേദന ഘട്ടം ആസൂത്രണം ചെയ്യേണ്ട സമയമായി. അതിനാൽ കേസ് വർക്കർ ഗീതുവുമായി ഇക്കാര്യം ചർച്ച ചെയ്യുകയും, പിന്തുടരൽ നടപടിക്ക് അവസരമൊരുക്കിക്കൊണ്ട് സഹായ പ്രക്രിയ അവസാനിപ്പിക്കാനായി പദ്ധതി തയ്യാറാക്കുകയും ചെയ്തു.

തുടർനടപടി (Follow up)

കേസ് വർക്ക് പ്രക്രിയ വിഛേദനം കൊണ്ട് അവസാനിക്കുന്നില്ല. കേസ് വർക്കർ സേവനസ്വീകർത്താവുമായുള്ള ബന്ധം ഭാവിയിലും നിലനിർത്തേണ്ടതും അവന്റെ/അവളുടെ പുരോഗതി വിലയിരുത്തേണ്ടതും വളരെ പ്രാധാന്യമർഹിക്കുന്നു. ഫോൺവിളികൾ, കത്തുകൾ, ഭവന സന്ദർശനം, വ്യക്തിയുമായി നേരിട്ടുള്ള സമ്പർക്കം എന്നിവയിലൂടെ തുടർനടപടി നിലനിർത്താവുന്നതാണ്.

ഗീതുവിന്റെ കേസിലെ തുടർനടപടികൾ (Follow up of Geethu's case)

വിച്ഛേദന ഘട്ടത്തിനുശേഷം സോഷ്യൽ കേസ് വർക്കർ ഗീതുവുമായി ബന്ധം പുലർത്തുകയും പഠനത്തെക്കുറിച്ചും കുടുംബാന്തരീക്ഷത്തെക്കുറിച്ചും വിശദമായി അന്വേഷിക്കുകയും ചെയ്തു. ഗീതു തന്റെ സാഹചര്യങ്ങൾ മെച്ചപ്പെട്ടു എന്നും സാമൂഹികബന്ധങ്ങളിലും തന്റെ നേട്ടങ്ങളിലും സംതൃപ്തയാണെന്നും സോഷ്യൽ കേസ് വർക്കറെ അറിയിച്ചു. ഗീതുവിന്റെ പിതാവിനെ ഫോണിൽ വിളിക്കുകയും അയാളുടെ അവസ്ഥയെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തു. മദ്യപാനത്തിൽ നിന്നുള്ള വിമുക്തി തുടരുവാൻ കേസ് വർക്കർ ഗീതുവിന്റെ പിതാവിനെ പ്രേരിപ്പിച്ചു. മൂന്നു മാസത്തിൽ ഒരിക്കൽ ഗീതാ തുടർനടപടി പ്രക്രിയ ഒരു വർഷത്തേക്ക് ആവർത്തിച്ചുകൊണ്ടിരുന്നു.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സോഷ്യൽ കേസ് വർക്ക് പ്രയോഗിക്കുവാൻ എന്തുകൊണ്ടാണ് തത്ത്വങ്ങൾ പ്രധാനമായിരിക്കുന്നത്?
2. കേസ് വർക്കിന്റെ ഘടകങ്ങളെ പട്ടികപ്പെടുത്തുക.

ഒരു കുടുംബ കൗൺസിലറുമായി ഇടപെട്ട് കുടുംബ സാഹചര്യങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സോഷ്യൽ കേസ് വർക്കിന്റെ സാധ്യത ചർച്ച ചെയ്യുക.

1.2 സംഘങ്ങളോടൊപ്പമുള്ള പ്രവർത്തനം: സോഷ്യൽ ഗ്രൂപ്പ് വർക്ക് (Working with groups: Social Group Work)

അടിസ്ഥാന സാമൂഹിക സംഘമായ കുടുംബത്തിലാണ് ഒരു കുട്ടി ജനിക്കുന്നത്. ജന്മസിദ്ധമായ കഴിവുകളുള്ള കുട്ടി ഒരിക്കലും ഒറ്റയ്ക്ക് അല്ല വളരുന്നത്. മറിച്ച് കുടുംബാംഗങ്ങളുടെ തീവ്രമായ സ്വാധീനത്തിൽ വളരുകയും വികസിക്കുകയുമാണ് ചെയ്യുന്നത്. മറ്റുള്ളവരോട് ഇടപെടാനും ബന്ധം സ്ഥാപിക്കുവാനുമുള്ള കഴിവ് വികസിക്കുമ്പോൾ, കുട്ടി സമപ്രായക്കാരുമായും അയൽപക്കത്തുള്ളവരുമായി സഹവർത്തിക്കുന്നു. അവന്റെ കഴിവുകളെ രൂപപ്പെടുത്തുന്നതിലും വികസിപ്പിക്കുന്നതിലും സമപ്രായക്കാർ ഒരു പരിധിവരെ സ്വാധീനിക്കുന്നുണ്ട്. അതുകൂടാതെ കുട്ടിയെ വിദ്യാലയത്തിലേക്ക് അയയ്ക്കുമ്പോൾ സഹപാഠികൾ പെരുമാറ്റത്തെ സ്വാധീനിക്കുകയും കഴിവുകളെ ഉറപ്പിക്കുകയും ചെയ്യുന്നു. ഒരു ഉദ്യോഗത്തിലെത്തിച്ചേരുമ്പോൾ, അയാൾ ഉൾപ്പെടുന്ന ഉദ്യോഗ സംഘത്തിലെ അംഗ



ങ്ങൾ ആ വ്യക്തിയുടെ പെരുമാറ്റ രീതികളെ സ്വാധീനിക്കും. വിരമിക്കലിനുശേഷവും ഒരാൾ സഹവർത്തിക്കുന്ന സമപ്രായ സംഘങ്ങൾ ജീവിതത്തെ വൻതോതിൽ സ്വാധീനിക്കുന്നു. അതിനാൽ സമയാസമയങ്ങളിൽ മനുഷ്യർ അവർ അംഗങ്ങൾ ആയിരിക്കുന്ന വിവിധ സംഘങ്ങളാൽ സ്വാധീനിക്കപ്പെടുന്നു എന്നത് സത്യമാണ്.

ഒരാളുടെ ജീവിതത്തിൽ സംഘങ്ങൾക്കുള്ള പങ്ക് ഒഴിച്ചു കൂടാനാവാത്തതാണെന്നു തിരിച്ചറിഞ്ഞ സാമൂഹിക പ്രവർത്തനം, ഗ്രൂപ്പ് വർക്കിനെ ഒരു പ്രവർത്തന മാർഗ്ഗമായി അംഗീകരിച്ചിരിക്കുന്നു. ഇവിടെ വ്യക്തികളെ അവർ നേരിടുന്ന ചില പ്രശ്നങ്ങൾ തരണം ചെയ്യാനോ അവർ ആഗ്രഹിക്കുന്ന ചില ലക്ഷ്യങ്ങൾ നേടിയെടുക്കാനോ സഹായിക്കുന്ന അത്യാവശ്യ മാധ്യമമായി സംഘത്തിനെ ഉപയോഗിക്കുന്നു.

നമുക്ക് ബിയാസിന്റെയും കൂട്ടുകാരുടെയും കഥ വായിക്കാം.

പ്ലസ് വൺ ക്ലാസിൽ പഠിക്കുന്നവരാണ് ബിയാസും അവന്റെ കൂട്ടുകാരായ ശരത്തും സോനുവും. നിരവധി അവസരങ്ങൾ നൽകിയിട്ടും അവർ ക്ലാസ്സിൽ സെമിനാർ അവതരിപ്പിച്ചില്ല. ക്ലാസ് ടീച്ചർ ഈ കാര്യം അവരുമായി ചർച്ച ചെയ്യുകയും സഭാകമ്പമുള്ളതിനാൽ ഭയമുണ്ടെന്നു അവർ സമ്മതിക്കുകയും ചെയ്തു. ക്ലാസ് ടീച്ചർ അവരെ സഹായിക്കുന്നതിനായി സ്കൂൾ സാമൂഹിക പ്രവർത്തകന്റെ അടുത്തേക്ക് അയച്ചു. അദ്ദേഹം അവരെ സ്വീകരിക്കുകയും സമാന പ്രശ്നങ്ങൾ ഉള്ള മറ്റു വിദ്യാർത്ഥികൾ ഉണ്ടോ എന്നു പരിശോധിക്കാൻ പ്രധാന അദ്ധ്യാപകനോട് സംസാരിക്കുകയും ചെയ്തു. മറ്റു ക്ലാസുകളിൽ നിന്നായി 13 വിദ്യാർത്ഥികളെക്കൂടി പ്രധാന അദ്ധ്യാപകൻ കണ്ടെത്തി. സാമൂഹിക പ്രവർത്തകൻ അവരെ ഉൾപ്പെടുത്തി ഒരു സംഘം രൂപീകരിക്കുകയും സഭാകമ്പം പരിഹരിക്കുന്നതും അവതരണ നൈപുണ്യം മെച്ചപ്പെടുത്തുന്നതും ഉദ്ദേശ്യങ്ങളായി നിശ്ചയിച്ച് അവരെ സഹായിക്കുകയും ചെയ്തു. സംഘാംഗങ്ങളുമായി കൂടിയാലോചിച്ച് ഉദ്ദേശ്യങ്ങൾ നേടിയെടുക്കുവാൻ സഹായിക്കുന്ന പരിപാടികൾ തിരിച്ചറിയുവാൻ സംഘത്തെ അദ്ദേഹം സഹായിച്ചു. ഈ പരിപാടികളിൽ പങ്കെടുക്കുവാൻ അദ്ദേഹം അംഗങ്ങളെ പ്രേരിപ്പിച്ചു. സംഘത്തിനകത്തെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക വഴിയും ഓരോ അംഗത്തിനും അവരുടെ കഴിവിനും ആവശ്യങ്ങൾക്കും അനുസരിച്ചുള്ള അനുഭവങ്ങൾ ഒരുക്കുകവഴിയും നിശ്ചിതമായ ലക്ഷ്യങ്ങൾ നേടാൻ സാമൂഹിക പ്രവർത്തകൻ അവരെ സഹായിച്ചു. സാമൂഹിക പ്രവർത്തകൻ നിശ്ചിത ഇടവേളകളിൽ അംഗങ്ങളുമൊത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. അവസാനമായപ്പോൾ എല്ലാ അംഗങ്ങളും പ്രക്രിയയിലൂടെ മെച്ചപ്പെടുകയും ഭൂരിപക്ഷം അംഗങ്ങളും പ്രശ്നം തരണം ചെയ്യുകയും ചെയ്തു.

ബിയാസിന്റെയും കൂട്ടുകാരുടെയും കഥയിൽ നിന്ന് നിങ്ങൾ എന്താണ് മനസിലാക്കിയത്?

- ....

മുകളിൽ പറഞ്ഞ കഥയിൽ നിന്നും വ്യക്തമാകുന്നത് നിശ്ചിത പ്രശ്നങ്ങളോ പ്രത്യേക ആവശ്യങ്ങളോ ഉള്ള വ്യക്തികൾക്ക് സംഘത്തെ ലഭ്യമാക്കി, പരിശീലനം ലഭിച്ച ഒരു സാമൂഹിക പ്രവർത്തകന്റെ സഹായത്താൽ അവരുടെ ഇടപെടലുകൾ സുഗമമാക്കു

കയും, നിയന്ത്രിക്കുകയും, മേൽനോട്ടം നടത്തുകയും ചെയ്യുമ്പോൾ അവരുടെ ലക്ഷ്യങ്ങൾ നേടുന്നതിന് സംഘം ഒരു മാധ്യമം ആയി വർത്തിക്കുന്നു എന്നതാണ്. അതിനാൽ സംഘപ്രവർത്തനങ്ങളിലൂടെ വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുന്ന സാമൂഹിക പ്രവർത്തനത്തിന്റെ ഒരു രീതിയാണ് സോഷ്യൽ ഗ്രൂപ്പ് വർക്ക്. പദ്ധതി പ്രവർത്തനങ്ങളിലൂടെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട സംഘ ലക്ഷ്യങ്ങൾ നേടുവാനും വ്യക്തികളുടെ വികസനത്തിനു സംഭാവന നൽകുന്നതിനുമായി സംഘ ഇടപെടലുകളെ ക്രമീകരിക്കുവാൻ ഗ്രൂപ്പ് വർക്കർ സംഘത്തെ പര്യാപ്തമാക്കുന്നു.

എച്ച്.ബി. ട്രക്കറുടെ അഭിപ്രായത്തിൽ, "ഒരു സംഘത്തിലെ വ്യക്തികളെ ഒരു സോഷ്യൽ ഏജൻസിയുടെ ചുറ്റുപാടിൽ അവരെ മറ്റുള്ളവരുമായി ബന്ധപ്പെടുത്താനും അവരുടെ ആവശ്യങ്ങൾക്കും കഴിവുകൾക്കുമനുസരിച്ച് വളരാനുള്ള അവസരങ്ങൾ അനുഭവിക്കാനും ഉതകുന്ന കാര്യപരിപാടികളിലൂടെ ഒരു പ്രവർത്തകൻ നയിക്കുകയും സഹായിക്കുകയും ചെയ്യുന്ന സാമൂഹ്യ പ്രവർത്തന രീതിയാണ് സോഷ്യൽ ഗ്രൂപ്പ് വർക്ക്."

പ്രൊഫ. ഹാമിൽട്ടണിന്റെ അഭിപ്രായത്തിൽ "ഒരു സാമൂഹിക ആവശ്യത്തിനു വേണ്ടി സംഘത്തിൽ താത്പര്യം വളർത്തിയെടുക്കുന്നതിലുപരിയായി നേതൃത്വ കഴിവുകളും പരസ്പര സഹകരണവും വികസിപ്പിക്കുന്ന ഒരു മാനസിക – സാമൂഹിക പ്രക്രിയയാണ് സോഷ്യൽ ഗ്രൂപ്പ് വർക്ക്".

സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ സവിശേഷതകൾ
(Characteristics of Social Group Work)

i. സാമൂഹ്യപ്രവർത്തനത്തിലെ ഒരു ജനാധിപത്യരീതിയാണ് സോഷ്യൽ ഗ്രൂപ്പ് വർക്ക്.

ii. ഗ്രൂപ്പ് അംഗങ്ങളിൽ നേതൃത്വ ഗുണവും ജനാധിപത്യ മൂല്യങ്ങളും വികസിപ്പിക്കുവാൻ ഗ്രൂപ്പ് വർക്ക് സഹായിക്കുന്നു.

iii. ക്രിയാത്മക ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ലക്ഷ്യങ്ങൾ നേടിയെടുക്കുന്നത്.

iv. സംഘപ്രവർത്തനങ്ങളിലൂടെ വളർച്ചയിലേക്കെത്തുന്നതിന് സംഘാംഗങ്ങളെ സഹായിക്കുന്നു.

v. സംഘത്തിനുള്ളിലെ പരസ്പര പ്രവർത്തന പ്രക്രിയയെ സഹായിക്കുക എന്നതാണ് ഗ്രൂപ്പ് വർക്കറുടെ പ്രധാനപ്പെട്ട ചുമതല.

vi. സ്വയം മാർഗ്ഗനിർദ്ദേശത്തിനുള്ള കഴിവും ശേഷിയും ഗ്രൂപ്പ് വർക്കർ വികസിപ്പിക്കുന്നു.

vii. ചില തത്വങ്ങളുടെയും നൈപുണ്യങ്ങളുടയും തന്ത്രങ്ങളുടെയും അടിസ്ഥാനത്തിലാണ് സംഘപ്രവർത്തനങ്ങൾ നയിക്കപ്പെടുന്നത്.

viii. സാമൂഹിക ഏജൻസിയിൽ വച്ചാണ് ഗ്രൂപ്പ് വർക്ക് നടത്തുന്നത്.

ix. പ്രശ്ന പരിഹരണ പ്രവർത്തനങ്ങൾക്കും വ്യക്തിത്വ വികസനത്തിനുമായി ഗ്രൂപ്പ് വർക്ക് ഉപയോഗിക്കുന്നു.

സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ ഉദ്ദേശ്യങ്ങൾ (Objectives of Social Group Work)

സോഷ്യൽ ഗ്രൂപ്പ് വർക്കിലൂടെ നമ്മൾ എന്താണ് ചെയ്യാൻ ശ്രമിക്കുന്നതെന്ന പ്രസ്താവനകളാണ് ഇതിന്റെ ഉദ്ദേശ്യങ്ങൾ.

എച്ച്.ബി. ട്രക്കറുടെ അഭിപ്രായത്തിൽ വ്യക്തിത്വത്തിന്റെ പരമാവധി വികസനമാണ് ഗ്രൂപ്പ് വർക്കിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം. വ്യക്തികളുടെ സാമൂഹിക ജീവിതത്തെ മെച്ചപ്പെടുത്തുകയും അവരിൽ നേതൃത്വനൈപുണ്യങ്ങൾ വളർത്തുകയും ചെയ്യാൻ ഗ്രൂപ്പ് വർക്ക് സഹായിക്കുന്നു. ഗ്രൂപ്പ് വർക്കിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങൾ താഴെപ്പറയുന്നു.

i. വ്യക്തികളെ ഒരുമിച്ച് ജീവിക്കാനും ജോലി ചെയ്യാനും പഠിപ്പിക്കുകയും, ശാരീരിക, വൈകാരിക, ബൗദ്ധിക വളർച്ചയ്ക്കുതകുന്ന സംഘങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുക.

ii. സംഘപ്രക്രിയയിലൂടെ വ്യക്തികളുടെ വ്യക്തിത്വം വികസിപ്പിക്കുക വഴി പൊരുത്തപ്പെടൽ പ്രശ്നങ്ങൾ പരിഹരിക്കുക.

iii. ജനാധിപത്യമൂല്യങ്ങൾ പഠിക്കുവാനും പങ്കുവയ്ക്കുവാനും വ്യക്തികളെ തയ്യാറാക്കുക.

iv. നേതൃത്വഗുണമുള്ളവർക്ക് അത് വികസിപ്പിക്കാനാവശ്യമായ അവസരം ഒരുക്കുക.

v. വ്യക്തികളുടെ ഒഴിവുസമയം ഗുണപ്രദമായി വിനിയോഗിക്കുക.

vi. തൊഴിൽ വിഭജനവും ഉത്തരവാദിത്തങ്ങളിൽ സവിശേഷ ജ്ഞാനവും ആർജ്ജിക്കുക.

vii. വൈകാരിക സുരക്ഷിതത്വവും ദ്വിതീയ സംഘങ്ങളുമായി പൊരുത്തപ്പെടാനുള്ള അവസരങ്ങളും നൽകുന്ന രീതിയിൽ സ്ഥാപനങ്ങളിലും വ്യവസായ നഗരങ്ങളിലും കുടുംബത്തിനു തുല്യമായ ഒരു സംവിധാനമായിത്തീരുക.

viii. വ്യക്തികളുടെ സാമൂഹിക അവബോധ ചക്രവാളം വിപുലീകരിക്കുക, സുഹൃദ്ബന്ധങ്ങളും വിനോദങ്ങളും രൂപീകരിക്കുക, നൈപുണ്യങ്ങൾ ആർജ്ജിക്കുക.

ix. വ്യക്തികളുടെ സാമൂഹിക പൊരുത്തപ്പെടലിനു സഹായിക്കുന്ന ഒരു പ്രശ്നപരിഹരണ ഉപകരണമായി പ്രവർത്തിക്കുക.

സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ തത്വങ്ങൾ (Principles of Social Group Work)

ഉദ്യോഗമേഖലയിലെ വിവിധ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്ത മേഖലകളിൽ നിന്നുമുള്ള പ്രായോഗിക അനുഭവങ്ങളിൽ നിന്നാണ് ഗ്രൂപ്പ് വർക്കിന്റെ തത്വങ്ങൾ ഉരുത്തിരിഞ്ഞത്. സംഘത്തിൽ വിജയകരമായി ഇടപെടുവാൻ തത്വങ്ങൾ പ്രവർത്തകന് മാർഗ്ഗനിർദ്ദേശം നൽകുന്നു. ഗ്രൂപ്പ് വർക്കിന്റെ പ്രധാനപ്പെട്ട തത്വങ്ങൾ:

a) ആസൂത്രിത സംഘരൂപീകരണ തത്വം (Principle of planned group formation)

ഗ്രൂപ്പ് വർക്കിൽ വ്യക്തികൾക്കുള്ള എല്ലാ സേവനങ്ങളും നൽകുന്നതിനുള്ള അടിസ്ഥാന ഘടകം സംഘമാണ്. സംഘ രൂപീകരണത്തിനു മുൻപുതന്നെ സംഘത്തിന്റെ ആവശ്യകത, പ്രകൃതം, സംഘത്തിലുണ്ടാകേണ്ട അവസരങ്ങൾ എന്നിവ സംഘാടനയും പ്രവർത്തകനും പരിഗണിക്കുകയും ആസൂത്രണം ചെയ്യുകയും വേണം.

b) സവിശേഷ ഉദ്ദേശ്യ തത്വം (Principle of specific objectives)

ഗ്രൂപ്പ് വർക്കിൽ സംഘടനയുടെ ധർമങ്ങൾക്കനുസരിച്ച്, സംഘത്തിന്റെ ആഗ്രഹങ്ങളോടും കഴിവുകളോടും യോജിച്ചുകൊണ്ട്, വ്യക്തിയുടെയും സംഘത്തിന്റെയും വികസനത്തിനാവശ്യമായ സവിശേഷ ഉദ്ദേശ്യങ്ങൾ പ്രവർത്തകൻ ബോധപൂർവ്വം രൂപീകരിക്കേണ്ടതാണ്.

c) ഉദ്ദേശ്യപൂർണ്ണ പ്രവർത്തക - സംഘ ബന്ധ തത്വം

(Principle of purposeful worker group relationship)

ഗ്രൂപ്പ് വർക്കിന്റെ പ്രായോഗിക നടത്തിപ്പിന് പ്രവർത്തകനും സംഘാംഗങ്ങളും തമ്മിൽ ബോധപൂർവ്വം സ്ഥാപിക്കപ്പെട്ട ഒരു ബന്ധം ഉണ്ടായിരിക്കണം.

d) തുടർച്ചയായ വ്യക്തിവല്ക്കരണ തത്വം (Principle of continuous individualization)

സോഷ്യൽ ഗ്രൂപ്പ് വർക്കിൽ സംഘങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. വ്യക്തികൾ തങ്ങളുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ നിറവേറ്റുവാൻ സംഘാനുഭവങ്ങൾ വിവിധ രീതികളിൽ ഉപയോഗിക്കുന്നു എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. അനന്തരഫലമായി തുടർച്ചയായ ഒരു വ്യക്തിവല്ക്കരണം പ്രവർത്തകൻ പ്രായോഗികമാക്കണം. സംഘത്തിനകത്തുള്ള വ്യക്തികളും സംഘം തന്നെയും വികസിക്കുകയും മാറിക്കൊണ്ടിരിക്കുന്നതുമാണ് എന്ന് മനസ്സിലാക്കണം.

e) നിർദ്ദേശാനുസൃത സംഘ ഇടപെടൽ തത്വം (Principle of guided group interaction)

സംഘാംഗങ്ങൾ തമ്മിലുള്ള പരസ്പര ഇടപെടലുകളോ അംഗങ്ങളുടെ പരസ്പരപൂരകങ്ങളായ പ്രതികരണങ്ങളോ ആണ് വ്യക്തികളെ മാറ്റങ്ങൾക്കായി സ്വാധീനിക്കുന്ന സംഘപ്രേരക ശക്തിയുടെ അടിസ്ഥാന ഊർജ്ജ സ്രോതസ്സ്. പ്രവർത്തകൻ പ്രവർത്തനത്തിന്റെ രീതിയാലും ഗുണമേന്മയാലും ഇടപെടലുകളെ സ്വാധീനിക്കണം.

f) ജനാധിപത്യ സംഘ സ്വയം നിർണ്ണയ തത്വം

(Principle of democratic group self-determination)

ഒരു സംഘത്തിനെ അതിന്റെ കഴിവിനും പ്രാപ്തിക്കുമൊത്തവണ്ണം പരമാവധി ഉത്തരവാദിത്വമേറ്റെടുത്ത്, അതിന്റേതായ പ്രവർത്തനങ്ങൾ നിശ്ചയിക്കുവാനും തീരുമാനങ്ങളെടുക്കുവാനുമായി സഹായിക്കണം.

g) അയവുള്ള സംഘാടന തത്വം (Principle of flexible organisation)

സംഘത്തിന്റെ ഔദ്യോഗിക ഘടന അയവുള്ളതായിരിക്കണം. സംഘാന്തരീക്ഷം ലളിതവും നേതാക്കന്മാർ സമീപിക്കാവുന്നവരുമാണെന്ന് അംഗങ്ങൾക്കു അനുഭവപ്പെടണം.

h) തുടർപ്രവർത്തനാനുഭവ തത്വം (Principle of progressive programme experiences)

സംഘങ്ങൾ ഏർപ്പെടുന്ന പ്രവർത്തനാനുഭവങ്ങൾ അംഗങ്ങളുടെ താത്പര്യങ്ങൾ, ആവശ്യങ്ങൾ, ശേഷി എന്നിവക്കനുസൃതമായി ആരംഭിച്ച് സംഘത്തിന്റെ പ്രാപ്തി വികസിക്കുന്നതിനനുസരിച്ച് തുടരുന്ന വിധത്തിലായിരിക്കണം.

i) മാനുഷിക ആവശ്യ തത്വം (Principle of human needs)

ഗ്രൂപ്പ് വർക്കിൽ അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് സഹായിക്കാൻ ശ്രദ്ധ ചെലുത്തണം. അവരുടെ മാനസിക - സാമൂഹിക വികസനം ഉറപ്പുവരുത്താൻ ഇത് അവരെ സഹായിക്കും.

j) സാംസ്കാരിക സാഹചര്യ തത്വം (Principle of cultural setting)

സംഘം പ്രതിനിധീകരിക്കുന്ന സമൂഹത്തിന്റെ സംസ്ക്കാരമെന്തെന്ന് ഗ്രൂപ്പ് വർക്കർ മനസ്സിലാക്കിയിരിക്കണം. അംഗങ്ങൾക്കിടയിൽ ആദരവും ബഹുമാനവും വികസിപ്പിക്കുവാൻ സാംസ്കാരിക സംവേദനക്ഷമത അത്യാവശ്യമാണ്. സമൂഹത്തിന്റെ സാംസ്കാരിക സാഹചര്യത്തിനനുസരിച്ചായിരിക്കണം പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതും സംഘടിപ്പിക്കേണ്ടതും.

സോഷ്യൽ ഗ്രൂപ്പ് വർക്ക് പ്രക്രിയ (Social Group Work Process)

സോഷ്യൽ കേസ് വർക്ക് പോലെ തന്നെ സോഷ്യൽ ഗ്രൂപ്പ് വർക്കും യുക്തിപരമായ വിവിധ ഘട്ടങ്ങളിലൂടെ പടിപടിയായാണ് നടത്തപ്പെടുന്നത്. ഗ്രൂപ്പ് വർക്കിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി ഓരോ ഘട്ടവും അതിന്റേതായ സവിശേഷതകളോടെ നിർവ്വഹിച്ചിരിക്കണം. പൊതുവേ, ബി.ഡബ്ല്യു.ടക്ക്മാൻ നിർദ്ദേശിച്ച സംഘ വികസനത്തിന്റെ ഘട്ടങ്ങളായ രൂപീകരണം, മാനദണ്ഡരൂപീകരണം, അവതരണം, പുനർരൂപീകരണം അല്ലെങ്കിൽ പിരിച്ചുവിടൽ എന്നിവ ഏറ്റവും ഉചിതമായി ഗ്രൂപ്പ് വർക്ക് പ്രക്രിയയെ വിശദീകരിക്കുന്നു.

A. രൂപീകരണ ഘട്ടം (Forming Phase)

സംഘ രൂപീകരണവുമായി ബന്ധപ്പെട്ട ഘട്ടമാണിത്. സംഘത്തിന്റെ ഉദ്ദേശ്യം തീരുമാനിക്കുക, സാധ്യതയുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുക, അവരെ സംഘത്തിലേക്കു പരിചയപ്പെടുത്തുക, പരസ്പര ധാരണയുണ്ടാക്കുക, ഗ്രൂപ്പ് വർക്കിനുള്ള അന്തരീക്ഷം ഒരുക്കുക എന്നിവയാണ് സംഘരൂപീകരണ ഘട്ടമായി പരിഗണിക്കുന്നത്. നമ്മൾ ലക്ഷ്യങ്ങൾ തീരുമാനിക്കുകയും അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നതിനാൽ, ഈ ഘട്ടം മുന്നോട്ടുള്ള ഗ്രൂപ്പ് വർക്ക് പ്രക്രിയയിൽ നിർണ്ണായകമാണ്.

നിയാസിന്റെയും കൂട്ടുകാരുടെയും കാര്യത്തിൽ, സംഘം രൂപീകരിച്ചതിന്റെ ലക്ഷ്യം, അവരുടെ സഭാകമ്പം എന്ന ഒരു മാനസിക-സാമൂഹിക പ്രശ്നത്തിന്മേൽ പ്രവർത്തിക്കുവാനാണ്. അതിനായി ആശയവിനിമയവും അവതരണ നൈപുണ്യങ്ങളും വികസിപ്പിക്കേണ്ടതുണ്ട്. നിയാസ്, ശരത്ത്, സോനു എന്നിവരോടൊപ്പം സ്കൂളിലെ ഇതേ ആവശ്യമുള്ള മറ്റു 13 കൂട്ടുകാരെയും പ്രവർത്തകൻ തിരിച്ചറിഞ്ഞു. അവർക്ക് സംഘത്തിനെക്കുറിച്ച് അറിവ് കൊടുക്കുകയും അതിലേക്ക് ക്ഷണിക്കുകയും ചെയ്തു. അംഗങ്ങളെ തമ്മിൽ പരിചയപ്പെടുത്തുന്നതിനും അവരെ സംഘത്തിലേക്ക് യോജിപ്പിക്കുന്നതിനുമായി ആദ്യ യോഗം കൂടി. സംഘത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും ഉദ്ദേശ്യത്തെക്കുറിച്ചും അംഗങ്ങൾക്കിടയിലും അംഗങ്ങളും പ്രവർത്തകനും തമ്മിലും ഒരു പരസ്പര ധാരണ രൂപീകരിച്ചു. സംഘ സമ്മേളനങ്ങൾക്കുള്ള അന്തരീക്ഷം ഒരുക്കുന്നതിനായി സ്ഥലം, സമയം, ആവൃത്തി എന്നിവ തീരുമാനിച്ചു.

B. മാനദണ്ഡരൂപീകരണ ഘട്ടം (Norming Phase)

ഒരിക്കൽ സംഘം രൂപീകരിച്ച്, അംഗങ്ങളെ അതിൽ ഉൾപ്പെടുത്തി കഴിഞ്ഞാൽ മാനദണ്ഡ രൂപീകരണ ഘട്ടം ആരംഭിക്കുന്നു. ഈ ഘട്ടത്തിൽ ഉദ്ദേശ്യത്തിൽ നിന്നും ഉരുത്തിരിഞ്ഞ പ്രത്യേക ലക്ഷ്യങ്ങൾ സ്ഥാപിക്കുന്നു. പരസ്പര ഇടപെടലുകൾ സുഗമമാക്കുവാൻ കടമകളും ഉത്തരവാദിത്വങ്ങളും അംഗങ്ങൾക്കിടയിൽ പങ്കുവയ്ക്കുന്നു. സംഘത്തിന്റെ അയവുള്ള പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ഒരു സംഘ ഘടന വികസിപ്പിക്കുന്നു. സംഘ പെരുമാറ്റത്തെക്കുറിച്ച് പ്രത്യേക നിയമങ്ങൾ രൂപീകരിക്കുകയും അവ സ്വീകരിക്കുകയും ചെയ്യുന്നു. ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള വിവിധ പദ്ധതികളെക്കുറിച്ചുള്ള നിശ്ചിത രൂപരേഖകൾ തയ്യാറാക്കുന്നു.

സംഘത്തിന്റെ പ്രാരംഭ യോഗങ്ങളിൽ സവിശേഷ ഉദ്ദേശ്യങ്ങളായ പൊതുപ്രസംഗത്തിനുള്ള കഴിവ് വികസിപ്പിക്കുക, അവതരണ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തുക, ക്രിയാത്മക എഴുത്തിനുള്ള പാടവം അഭിവൃദ്ധിപ്പെടുത്തുക, സദസ്യരെ അഭിമുഖീകരിക്കാനുള്ള ധൈര്യം സമ്പാദിക്കുക മുതലായവ നിശ്ചയിച്ചു. സംഘഗാനം, റോൾ പ്ലേ, മൂകാഭിനയം, തെരുവുനാടകം, ലഘുനാടകം, സംവാദം, പ്രഭാഷണം, തൽസമയ പ്രസംഗം എന്നിങ്ങനെ പുരോഗമിക്കുന്ന പരിപാടികളുടെ രൂപരേഖ തയ്യാറാക്കി. സവിശേഷ ഉത്തരവാദിത്വങ്ങളായ ഹാജർ സൂക്ഷിക്കൽ, സ്ഥലസൗകര്യങ്ങൾ ക്രമീകരിക്കൽ, ആവശ്യവസ്തുക്കൾ ലഭ്യമാക്കൽ തുടങ്ങിയവ സംഘത്തിലെ വിവിധ അംഗങ്ങൾക്ക് നൽകി. ബിയാസിന്റെ സുഹൃത്തായ ശരത് സംഘത്തിന്റെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു. സമയനിഷ്ഠ, ഹാജർ, പരിപാടികളിലെ പങ്കാളിത്തം, വ്യക്തിപരമായ പെരുമാറ്റം മുതലായവ ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്തു.

C. അവതരണ ഘട്ടം (Performing Phase)

മുൻകൂട്ടി ആസൂത്രണം ചെയ്ത പദ്ധതികളും പ്രവർത്തനങ്ങളും ഈ ഘട്ടത്തിൽ നടപ്പിലാക്കുന്നു. അംഗങ്ങളുടെ കഴിവുകൾ തുടർച്ചയായി വികസിക്കുവാൻ കഴിയുന്ന വിധത്തിൽ, പുരോഗമന രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കണം. ഗ്രൂപ്പ് വർക്കർ എല്ലാ അംഗങ്ങളുടെയും പങ്കാളിത്തം വിവിധ പരിപാടികളിൽ ഉറപ്പുവരുത്തുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള അനുഭവങ്ങൾ ലഭിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഓരോ പരിപാടിക്കുശേഷവും പങ്കാളിത്ത വിലയിരുത്തൽ നടത്തുകയും ആവശ്യമായ ഭേദഗതികൾ തുടർ പരിപാടികളിൽ നടപ്പിലാക്കുകയും വേണം.

ഒരു ബോധവത്കരണ യോഗത്തിലൂടെ ബിയാസിനെയും കൂട്ടുകാരെയും അവരുടെ പ്രശ്നങ്ങളും അതിന്റെ കാരണങ്ങളും തിരിച്ചറിയുവാൻ ഗ്രൂപ്പ് വർക്കർ സഹായിച്ചു. അവരുടെ പ്രശ്നങ്ങൾ തരണം ചെയ്യുവാനും ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനുമായി മുൻകൂട്ടി തയ്യാറാക്കിയ വിവിധ പരിപാടികൾ അവർ അവതരിപ്പിക്കാൻ തുടങ്ങി. ഓരോ പദ്ധതി അവതരണത്തിനുശേഷവും അവരിലുണ്ടായ മാറ്റവും മെച്ചപ്പെടലും അവർ വ്യക്തിപരമായി തിരിച്ചറിഞ്ഞു. വിലയിരുത്തൽ നടപടികൾ അവരുടെ കുറവുകളെ പരിഹരിക്കുവാൻ സഹായിക്കുകയും തുടർപരിപാടികളിൽ കൂടുതൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കുവാൻ സാധിക്കുകയും ചെയ്തു.

D. പുനർരൂപീകരണ ഘട്ടം അല്ലെങ്കിൽ പിരിച്ചുവിടൽ ഘട്ടം (Reforming or Dissolving Phase)

അവതരണ ഘട്ടം വിജയകരമായി പൂർത്തീകരിച്ചതിനുശേഷം പുനർരൂപീകരണ ഘട്ടത്തിലേക്ക് അല്ലെങ്കിൽ പിരിച്ചുവിടൽ ഘട്ടത്തിലേക്കു നമ്മൾ നീങ്ങുന്നു. വിലയിരുത്തലിനു വേണ്ടി നിശ്ചയിച്ച ഒരു വിഷേദന ഘട്ടമാണിത്. ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിച്ച് പ്രവർത്തകൻ ഒരു പങ്കാളിത്ത പൊതുവിലയിരുത്തൽ നടത്തുന്നു. നിശ്ചയിക്കപ്പെട്ട ലക്ഷ്യങ്ങൾ നേടിയെടുത്തോ എന്ന് പരിശോധിക്കുന്നതിനാണ് ഈ വിലയിരുത്തൽ നടത്തുന്നത്. ലക്ഷ്യങ്ങൾ പൂർണ്ണമായി നേടിയെടുത്തില്ല എന്ന് കണ്ടെത്തിയാൽ പുതിയ പരിപാടികളുമായി ഗ്രൂപ്പ് വർക്ക് തുടരാവുന്നതാണ്. ലക്ഷ്യങ്ങൾ നേടിയിട്ടുണ്ടെങ്കിൽ സംഘം പിരിച്ചുവിടുകയോ പുതിയ ലക്ഷ്യങ്ങൾ തീരുമാനിച്ച് അതിനായി പുനർരൂപീകരിക്കുകയോ ചെയ്യാം.

മിയാസിനെയും സംഘാംഗങ്ങളെയും അവരുടെ പരിപാടികളെക്കുറിച്ചുള്ള വിശദമായ ഒരു വിലയിരുത്തൽ നടത്താൻ ഗ്രൂപ്പ് വർക്കർ സഹായിച്ചു. സഭാകമ്പം ഒഴിവായതിനാലും അവതരണ നൈപുണ്യങ്ങൾ മെച്ചപ്പെട്ടതിനാലും എല്ലാവരും സന്തുഷ്ടരായി കാണപ്പെട്ടു. തനിക്കും മറ്റു പലർക്കും ഇതേപോലെ പരീക്ഷയെ നേരിടാൻ ഭയമുണ്ടെന്ന് സോനു നിരീക്ഷിച്ചു. ഈ ആവശ്യത്തിലേക്കായി സംഘം പുനർരൂപീകരിക്കുവാനുള്ള സാധ്യത ആരായുകയും ചെയ്തു. ഈ സംഘത്തിൽ നിന്ന് 6 പേർ പുതിയ സംഘത്തിലേക്കു ചേരുവാൻ താത്പര്യപ്പെടുകയും സ്കൂളിൽനിന്ന് മറ്റു എട്ടു പേരെകൂടി സംഘത്തിൽ ചേർക്കുവാനായി ഗ്രൂപ്പ് വർക്കർ കണ്ടെത്തുകയും ചെയ്തു. പുനഃരൂപീകരിക്കപ്പെട്ട സംഘം പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു.



നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സോഷ്യൽ ഗ്രൂപ്പ് വർക്ക് പ്രക്രിയയുടെ വ്യത്യസ്ത ഘട്ടങ്ങളേതെല്ലാം?

ഗ്രൂപ്പ് വർക്ക് പ്രക്രിയയുടെ ഘട്ടങ്ങൾ പാലിച്ചുകൊണ്ട്, ഒരു സാമൂഹിക പ്രവർത്തന ക്ലബ്ബ് സംഘടിപ്പിച്ച് അതിലെ അംഗങ്ങളുടെ ക്രിയാത്മകത അഭിവൃദ്ധിപ്പെടുത്താനായി ഒരു സ്കൂൾ മാസിക പ്രസിദ്ധീകരിക്കുക.

സംഘ സ്വഭാവവും സംഘ ചലനാത്മകതയും (Group Dynamics and Group Behaviour)

കുടുംബം, സമപ്രായ സംഘങ്ങൾ, ക്ലാസ്, ക്ലബ്ബ് മുതലായ വ്യത്യസ്തങ്ങളായ സാമൂഹിക സംഘങ്ങളിലെ അംഗങ്ങളാണ് നാം. ഇത്തരത്തിലുള്ള ചില സംഘങ്ങൾ നമുക്ക് വളരെ സുഖപ്രദവും പങ്കെടുക്കുവാൻ കൂടുതൽ ഇഷ്ടമുള്ളതുമായിരിക്കും. എന്നാൽ മറ്റു ചിലതിൽ സംഘാനുഭവങ്ങൾ അയവുള്ളതോ പ്രോത്സാഹജനകമോ, ഗുണപ്രദമോ ആയിരിക്കില്ല. നിങ്ങൾ എപ്പോഴെങ്കിലും ഇതിനെക്കുറിച്ച് ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടോ?

- ....

പെരുമാറ്റ ഘടനയും ചലനാത്മകതയുമാണ് സംഘാംഗങ്ങൾക്ക് സംഘ അനുഭവങ്ങൾ ഗുണപ്രദവും താത്പര്യജനകവുമാക്കുന്നത്.



സംഘാംഗങ്ങൾ തമ്മിലുള്ള ഇടപെടലിന്റെ ഫലമായുണ്ടാകുന്ന ശക്തികളെയാണ് എപ്പോഴും സംഘചലനാത്മകത എന്നു സൂചിപ്പിക്കുന്നത്.

സംഘത്തിന്റെ മുഴുവൻ സ്വഭാവത്തെയും ഓരോ വ്യക്തികളുടെ സ്വഭാവത്തെയും സംഘചലനാത്മകത സ്വാധീനിക്കുന്നു. ഇത് ഗ്രൂപ്പ് വർക്കർമാരിൽ എപ്പോഴും പരിഗണനീയമായ താല്പര്യമുളവാക്കുന്ന സംഗതിയാണ്.

സംഘത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനോടൊപ്പം തന്നെ സംഘാംഗങ്ങളുടെ സാമൂഹിക-വൈകാരിക ആവശ്യങ്ങളെ നിറവേറ്റത്തക്ക രീതിയിൽ സംഘത്തിന്റെ ചലനാത്മകത വികസിപ്പിക്കുവാൻ സഹായിക്കുക എന്നത് ഗ്രൂപ്പ് വർക്കറിന്റെ പ്രധാനപ്പെട്ട ധർമങ്ങളിലൊന്നാണ്.

എല്ലാത്തരം സംഘങ്ങളെയും മനസ്സിലാക്കുന്നതിനും അവരുമൊത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും സംഘ ചലനാത്മകതയുടെ മാനങ്ങൾ ഗ്രൂപ്പ് വർക്കറെ സംബന്ധിച്ചിടത്തോളം പ്രത്യേക പ്രാധാന്യമുള്ളതാണ്. ഒരു സംഘത്തിന്റെ ചലനാത്മകതയെയും പെരുമാറ്റത്തെയും സ്വാധീനിക്കുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

A. ആശയവിനിമയത്തിന്റെയും ഇടപെടലിന്റെയും ക്രമം
(Communication and Interaction patterns)

എല്ലാ സംഘങ്ങളുടെയും രൂപീകരണത്തിന്റെ അടിസ്ഥാനമെന്നത് ആശയവിനിമയത്തിന്റെയും പരസ്പര ഇടപെടലിന്റെയും രീതിയാണ്. ആശയവിനിമയത്തിലൂടെയും പരസ്പര ഇടപെടലുകളിലൂടെയും സംഘത്തിന്റെ പെരുമാറ്റത്തിൽ വികസനം ഉണ്ടാവുകയും സംഘത്തിന്റെ പ്രവർത്തനം സാധ്യമാക്കുകയും ചെയ്യുന്നു. ഒരു സംഘത്തിന്റെ നിശ്ചിത ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി അനുയോജ്യമായ ആശയവിനിമയവും ഇടപെടലുകളും ക്രമീകരിക്കാൻ ഗ്രൂപ്പ് വർക്കർ സഹായിക്കണം. മിക്ക സാഹചര്യങ്ങളിലും ഗ്രൂപ്പ് വർക്കർ നേതാവിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇടപെടലുകളേക്കാൾ സംഘങ്ങളെ കേന്ദ്രീകരിച്ച് കൊണ്ടുള്ള ഇടപെടലുകൾ സുഗമമാക്കണം. ഉപസംഘ ബന്ധങ്ങളായ ദ്വന്ദ്വങ്ങൾ (Diads), ത്രയങ്ങൾ (Triads), ഏകാകി (Isolates) മുതലായ ബന്ധങ്ങൾ നവീകരിക്കുക വഴി പരസ്പര ഇടപെടലുകളുടെ ക്രമവും ഗ്രൂപ്പ് വർക്കർക്ക് പരിഷ്ക്കരിക്കുവാൻ കഴിയും.

B. സംഘ ചേർച്ച (Group Cohesion)

ഒരു സംഘത്തിൽതന്നെ നിലനിൽക്കുവാൻ സംഘാംഗങ്ങളിൽ ഉണ്ടാകുന്ന ശക്തമായ താൽപ്പര്യഫലമായി ഉണ്ടാകുന്നതാണ് സംഘചേർച്ച. വ്യക്തികൾ സംഘങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നതിന് നിരവധി കാരണങ്ങളുണ്ട്. കാർട്ട് റൈറ്റിന്റെ അഭിപ്രായത്തിൽ പരസ്പരം ഇടപെടുന്ന പല ഘടകങ്ങൾ ഒരു അംഗത്തെ സംഘത്തിലേക്ക് ആകർഷിക്കുന്നതിനെ സ്വാധീനിക്കുന്നു. അവ:

i. അംഗീകാരത്തിനും സുരക്ഷിതത്വത്തിനും കൂട്ടായ്മക്കുമുള്ള ആവശ്യം

ii. സംഘപ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന വിഭവങ്ങളും അന്തസ്സും

iii. ഒരു സംഘത്തിൽ നിന്നും ലഭിക്കാവുന്ന ഗുണങ്ങളെക്കുറിച്ചും പരിമിതികളെക്കുറിച്ചുമുള്ള പ്രതീക്ഷകൾ

iv. സംഘത്തെ മറ്റ് സംഘാനുഭവങ്ങളുമായി താരതമ്യപ്പെടുത്തൽ

C. നിയന്ത്രണ സംവിധാനങ്ങൾ- മാനദണ്ഡങ്ങൾ, കടമകൾ, പദവി

(Control Mechanisms - norms, roles and status)

സംഘത്തിന്റെ വികസനത്തിനിടയിൽ ഉണ്ടാകുന്ന ആന്തരികവും ബാഹ്യവുമായ സമ്മർദ്ദങ്ങളെ അഭിമുഖീകരിച്ച്, മാറ്റങ്ങൾ വരുത്തി സംഘത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ സാമൂഹിക നിയന്ത്രണങ്ങൾ സഹായിക്കുന്നു. എന്നിരുന്നാലും സാമൂഹിക നിയന്ത്രണങ്ങൾ വളരെ കാർക്കശ്യമുള്ളതോ സാമൂഹിക പ്രവർത്തനത്തിന്റെ അടിസ്ഥാനമൂല്യങ്ങൾക്കെതിരായ പെരുമാറ്റം വളർത്തുന്നതോ ആയാൽ അവ ഹാനികരമായി പരിണമിക്കാം.

D. സംഘ സംസ്കാരം (Group culture)

ഒരു സംഘത്തിലെ അംഗങ്ങളുടെയിടയിൽ പൊതുവായി കാണപ്പെടുന്ന മൂല്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ചേരുന്നതാണ് സംഘ സംസ്കാരം. ഒരു സംഘത്തിലെ അംഗങ്ങൾ വ്യത്യസ്തമാകുമ്പോൾ സംഘ സംസ്കാരം വളരെ സാവധാനത്തിൽ മാത്രമേ രൂപപ്പെടുകയുള്ളൂ. ഓരോ അംഗങ്ങളും അവരുടെ ഗോത്ര, വംശീയ, സാംസ്കാരിക പാരമ്പര്യങ്ങളിൽ നിന്നും ഭൂതകാല അനുഭവങ്ങളിൽ നിന്നും രൂപപ്പെട്ട തനതുമൂല്യങ്ങളുടെ ഗണത്തെ സംഘത്തിലേക്ക് സംഭാവന ചെയ്യുന്നു. ഇത്തരം മൂല്യങ്ങൾ സംഘത്തിന്റെ ആശയവിനിമയത്തിലൂടെയും ഇടപെടലിലൂടെയും വികസിക്കുന്നു. ആദ്യഘട്ട യോഗങ്ങളിൽ അംഗങ്ങൾ ഓരോരുത്തരുടെയും തനതുമൂല്യ വ്യവസ്ഥിതികളെ കണ്ടെത്തുകയും അവർക്ക് പരസ്പരം അംഗീകരിക്കാവുന്ന തരത്തിലുള്ള ഒരു പൊതുതലം കണ്ടുപിടിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. പിന്നീടുള്ള സമ്മേളനങ്ങളിൽ, അംഗങ്ങൾക്ക് ഓരോരുത്തരുടെയും മൂല്യവ്യവസ്ഥിതികൾ പങ്കുവയ്ക്കുവാനും മനസ്സിലാക്കുവാനുമുള്ള അവസരങ്ങൾ ലഭിക്കുന്നു. ഇതിന്റെ ഫലമായി മൂല്യങ്ങളുടെ ഒരു പൊതുഗണം വികസിച്ചുവരികയും, അത് സംഘത്തിന്റെ സംസ്കാരമായി തീരുകയും ചെയ്യും. സംഘം നിലനിൽക്കുന്നിടത്തോളം കാലം സംഘസംസ്ക്കാരം തുടർച്ചയായി ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്നു.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സംഘ ചലനാത്മകതയുടെ ഘടകങ്ങൾ ഏതെല്ലാം?

ആധുനിക കാലഘട്ടത്തിൽ സോഷ്യൽ ഗ്രൂപ്പ് വർക്ക്

(Social Group Work in Modern times)

ഇന്ന്, ഭൗതിക കാഴ്ചപ്പാടും സാങ്കേതികവിദ്യയിലുണ്ടായ വികസനവും കാരണം സംഘ ജീവിതം നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു. ആയിരങ്ങളുടെ ഇടയിൽ ജീവിക്കുമ്പോഴും നിരവധിപേർ ഒറ്റപ്പെടൽ അനുഭവിക്കുന്നു. സന്തോഷജീവിതത്തിന്റെ മൂല്യങ്ങളായ സ്നേഹം, വാത്സല്യം, തന്മയീഭാവം, സൗഹാർദ്ദം തുടങ്ങിയവ ഇന്ന് അപൂർവ്വ വസ്തുക്കളായികൊണ്ടിരിക്കുന്നു. ഇത്തരം മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സോഷ്യൽ ഗ്രൂപ്പ് വർക്ക് ആധുനിക മനുഷ്യന് ഒരു വലിയ സഹായമാകും.

ഒറ്റപ്പെടലിന്റെയും വേർപിരിയലിന്റെയും പ്രശ്നങ്ങൾ നഗരവത്ക്കരണംമൂലം വർദ്ധിക്കുന്നു. വേർപിരിയലിനോട് അനുബന്ധിച്ചുള്ള വൈകാരിക വിഷമങ്ങൾ ക്രമേണ വർദ്ധിക്കുന്നു. നിരവധിപേർ സ്വയം നിസ്സഹായരായി പരിഗണിക്കുകയും അടുത്ത വൃത്തങ്ങൾക്കുള്ളിൽ പരിമിതപ്പെടുകയും ചെയ്യുന്നു. അതിനാൽ ഇതിന്റെ ഫലം വർദ്ധിച്ച മാനസിക സമ്മർദ്ദത്തിന്റെ രൂപത്തിൽ കാണാൻ സാധിക്കും. സോഷ്യൽ ഗ്രൂപ്പ് വർക്ക് ഒറ്റപ്പെടൽ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാൻ ശ്രമിക്കുന്നു.

എല്ലാ മനുഷ്യരിലും സമൂഹത്തിൽ പ്രാധാന്യം, മൂല്യം, ബഹുമാനം, പദവി എന്നിവ നേടാനുള്ള അടിസ്ഥാന ആഗ്രഹമുണ്ട്. അംഗങ്ങൾക്ക് മൂല്യം, അന്തസ്സ്, പദവി, കടമ, ക്രിയാത്മക പങ്കാളിത്തം എന്നിവ നൽകുക വഴി സോഷ്യൽ ഗ്രൂപ്പ് വർക്ക് അവരെ സജീവരായി നിലനിർത്തുന്നു. ആധുനിക കാലഘട്ടം പൊരുത്തപ്പെടുവാനുള്ള നമ്മുടെ കഴിവുകളെ ബാധിക്കുന്നു. ഭൂതകാലങ്ങളിലെ പഴയ തന്ത്രങ്ങൾ അന്നത്തേതുപോലെ അനുയോജ്യമല്ല. ജീവിതത്തിന്റെ വിവിധ മേഖലകളിൽ നിലനിൽക്കുന്നതിനും ഉചിതമായി പൊരുത്തപ്പെടുന്നതിനും മനുഷ്യൻ പുതിയ തന്ത്രങ്ങളും സ്വഭാവങ്ങളും പഠിക്കേണ്ടതായുണ്ട്. സോഷ്യൽ ഗ്രൂപ്പ് വർക്ക് ഈ അറിവുകൾ നൽകുന്നു.

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, വൈകല്യമുള്ളവർ, വൃദ്ധർ, മദ്യപാനികൾ, മാരകരോഗം ബാധിച്ചവർ എന്നിവർക്ക് സോഷ്യൽ ഗ്രൂപ്പ് വർക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നു.

ജനാധിപത്യ ലക്ഷ്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, സാമൂഹികനീതി എന്നിവ നേടാൻ സോഷ്യൽ ഗ്രൂപ്പ് വർക്ക് സഹായിക്കുന്നു.

ഒരു വ്യക്തിയുടെ മാനസികാരോഗ്യം നിലനിർത്തുന്നതിന് ഏറ്റവും മൂല്യമേറിയ ഔഷധമായ വിനോദം ഇത് നൽകുന്നു.

ഗ്രൂപ്പ് വർക്കിലൂടെ മനുഷ്യരുടെ കഴിവുകളും പ്രാപ്തികളും ശക്തിപ്പെടുത്തുന്നു.

മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സോഷ്യൽ ഗ്രൂപ്പ് വർക്ക് സഹായിക്കുന്നു.

ഒരു വ്യക്തിക്കും സംഘജീവിതത്തിന് അവരിലുള്ള സ്വാധീനത്തെ എതിർക്കുവാൻ സാധിക്കുകയില്ല എന്ന് ഇത് തെളിയിക്കുന്നു. വ്യക്തിത്വ വികസനത്തിൽ സംഘ അനുഭവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ആധുനികകാല പഠനങ്ങൾ തെളിയിച്ചിരിക്കുന്നു. അതിനാൽ സോഷ്യൽ ഗ്രൂപ്പ് വർക്കിൽ, സംഘത്തെ ഒരു സേവനസ്വീകർത്താവായി പരിഗണിച്ചുകൊണ്ട് സംഘ അനുഭവത്തെ സാമൂഹികപ്രവർത്തന ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള മാർഗ്ഗമാക്കുന്നു. അഭിവൃദ്ധി, പ്രതിരോധം, ചികിത്സ, പുനരധിവാസം തുടങ്ങിയ ആവശ്യങ്ങൾക്കായി ഇത് കാര്യക്ഷമമായി ഉപയോഗിക്കാം. ഇക്കാരണത്താൽ സേവനസ്വീകർത്താക്കളെ സഹായിക്കുവാനായി ഗ്രൂപ്പ് വർക്കർ വളർച്ചാസംഘങ്ങൾ, ജോലിസംഘങ്ങൾ, ചികിത്സാസംഘങ്ങൾ എന്നിവ രൂപീകരിക്കുന്നു.



ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ സാമൂഹിക സംഘങ്ങൾ അയാളിൽ എങ്ങിനെ സ്വാധീനം ചെലുത്തുന്നു എന്ന് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

1.3 സമൂഹത്തോടൊപ്പമുള്ള പ്രവർത്തനം - കമ്യൂണിറ്റി ഓർഗനൈസേഷൻ
(Working with community - Community Organisation)



നാമെന്ന ബോധത്തോടും സാമൂഹിക ഐക്യത്തോടുംകൂടി ഒരു പ്രത്യേക ഭൂപ്രദേശത്ത് ഒന്നിച്ചുജീവിക്കുന്ന ജനങ്ങളുടെ കൂട്ടത്തെയാണ് സമൂഹം (കമ്യൂണിറ്റി/സമുദായം) എന്നു പറയുന്നത്. ഭൂമിശാസ്ത്രപരവും സാമൂഹിക-സാംസ്കാരിക ഘടകങ്ങളും മൂലം ഓരോ സമൂഹവും ഗ്രാമീണം, നാഗരികം, ഗോത്രവർഗ്ഗങ്ങൾ, തീരദേശ

നിവാസികൾ എന്നിങ്ങനെ വ്യത്യസ്തരാണ്. സാമൂഹിക ഘടകം എന്ന നിലയിൽ സമൂഹം അതിന്റെ അംഗങ്ങളുടെ ജീവിതനിലവാരത്തെ വൻതോതിൽ സ്വാധീനിക്കുന്നു.

വികസനകാര്യത്തിൽ സമൂഹങ്ങൾ തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ ഉണ്ട്. ഇത് വിഭവങ്ങളുടെ ലഭ്യത, ശാരീരിക സവിശേഷതകൾ, കാലാവസ്ഥ, ജനസംഖ്യാവർദ്ധനവ്, സാങ്കേതികവിദ്യ, നേതൃത്വശൈലി തുടങ്ങി നിരവധി കാരണങ്ങളാലാണ്.

ഒരു സമൂഹത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതും അംഗങ്ങളുടെ ജീവിതനിലവാരം ഉറപ്പുവരുത്തുന്നതും സാമൂഹ്യപ്രവർത്തനത്തിന്റെ ഒരു മുഖ്യമായ പരിഗണനയാണ്. എന്നാൽ വികസനത്തിന്റെ ഗതിവേഗം എല്ലാ സമൂഹങ്ങളിലും ഒരുപോലെ അല്ലെന്നു മാത്രമല്ല നിരവധിപേർ വിവിധ പ്രശ്നങ്ങൾ നേരിടുകയും അവ അതിലെ അംഗങ്ങളുടെ ജീവിതനിലവാരത്തെ പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

നമുക്ക് കിളിമല ഗ്രാമത്തിന്റെ പ്രശ്നം ഒന്നു വായിച്ചു നോക്കാം.

ഒരു വിദൂരഗ്രാമമാണ് കിളിമല. 1000 കുടുംബങ്ങളിലായി 5000 ത്തോളം ജനങ്ങൾ ഇവിടെയുണ്ട്. ഭൂമിശാസ്ത്രപരമായി സമതലങ്ങളും താഴ്‌വരകളുമുള്ള ഇടനാടാണ് ഇത്. കൃഷിയാണ് ജനങ്ങളുടെ പ്രധാനപ്പെട്ട തൊഴിൽ. കാപ്പി, കുരുമുളക്, കരിമ്പ്, നെല്ല്, പഴങ്ങൾ, പച്ചക്കറികൾ മുതലായവ ഇവിടെ കൃഷി ചെയ്തുവരുന്നു. കർഷകജനതയുടെ ഭൂരിഭാഗവും ചെറുകിടകർഷകരും പാർശ്വവത്കരിക്കപ്പെട്ടവരുമാണ്. ഗ്രാമത്തിനകത്തും പുറത്തുമുള്ള കൃഷിയിടങ്ങളിലായി നിരവധി കർഷക തൊഴിലാളികൾ പണിയെടുക്കുന്നു. ഗ്രാമത്തിലൂടെ ഒഴുകുന്ന നദി, ഭൂമിയുടെ ഫലഭൂയിഷ്ഠതക്കും സ്ഥലത്തെ ജലലഭ്യതക്കും നിദാനമാണ്. എന്നിട്ടും 20% വരുന്ന കുന്നിൻപ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പുൽമേടുകൾ താഴ്‌വരയിൽ ധാരാളമായി ഉണ്ടെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ആരും കന്നുകാലി വളർത്തൽ ഒരു പ്രധാന ജോലിയായി എടുക്കുന്നില്ല. ഗ്രാമത്തിലെ സ്ത്രീകളിൽ ഭൂരിഭാഗം പേരും വീട്ടുവേലകളിൽ ഒതുങ്ങിക്കഴിയുന്നു. ഒരു പ്രാഥമിക വിദ്യാലയവും, പ്രാഥമികാരോഗ്യ ഉപകേന്ദ്രവും സഹകരണ ബാങ്കും ഗ്രാമത്തിലുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ഒരു പൊതു ഗ്രന്ഥശാലയും യുവജനകേന്ദ്രവും ഇവിടെയുണ്ട്. മദ്യവില്പനാകേന്ദ്രങ്ങൾ ഇല്ലെങ്കിലും യുവജനങ്ങളിൽ ചിലർ വ്യാജചാരായ നിർമാണത്തിലേർപ്പെട്ടിരിക്കുന്നു. അതിനാൽ ഗ്രാമീണരിൽ മിക്കവാറും പേർ മദ്യപാനികളും ചിലർ മദ്യത്തിനടിമകളുമാണ്. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഗ്രാമത്തിൽ ലഭ്യമല്ലാത്തതിനാൽ സാമ്പത്തികശേഷി കുറഞ്ഞ മാതാപിതാക്കൾ കുട്ടികളുടെ ഹൈസ്കൂൾ, കോളേജ് വിദ്യാഭ്യാസങ്ങൾക്ക് ബുദ്ധിമുട്ടുന്നു. കുറഞ്ഞവില, താഴ്ന്ന ഉത്പാദനക്ഷമത, ഇടനിലക്കാരുടെ ചൂഷണം എന്നിവ കൃഷിയെ അനാകർഷകമാക്കി. വിവിധ മതങ്ങളിൽപെട്ട ജനങ്ങൾ യോജിപ്പോടെ ജീവിക്കുന്നുണ്ടെങ്കിലും രാഷ്ട്രീയ പ്രശ്നങ്ങൾ ഇടയ്ക്ക് ഉണ്ടാകാറുണ്ട്.

കിളിമല ഗ്രാമത്തിലെ ജനങ്ങളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്താൻ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും?

- ....

സമൂഹങ്ങളുമൊത്ത് ശാസ്ത്രീയമായി പ്രവർത്തിക്കുവാനും വികസന പ്രക്രിയയിൽ

അവരെ സഹായിക്കുന്നതിനുമായി സാമൂഹിക പ്രവർത്തനത്തിന് ഒരു പ്രവർത്തനരീതിയുണ്ട്. ഈ രീതി കമ്യൂണിറ്റി ഓർഗനൈസേഷൻ എന്നറിയപ്പെടുന്നു. ഇവിടെ, ഒരു സമൂഹത്തെ, സേവനസ്വീകർത്താവായി പരിഗണിക്കുകയും അവരുടെ വികസന ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് മുൻഗണനാക്രമത്തിൽ നിറവേറ്റുകയും ചെയ്യുന്നു.

മുറേ. ജി. റോസിന്റെ അഭിപ്രായത്തിൽ, "ഒരു സമൂഹത്തിന്റെ ആവശ്യങ്ങളെ അല്ലെങ്കിൽ ലക്ഷ്യങ്ങളെ തിരിച്ചറിയുകയും അവയെ മുൻഗണനയനുസരിച്ചു ആ സമൂഹം ക്രമീകരിക്കുകയും ആ ആവശ്യങ്ങളും ലക്ഷ്യങ്ങളും നേടിയെടുക്കുന്നതിനായുള്ള പ്രവർത്തന സന്നദ്ധതയും ഇച്ഛാശക്തിയും ജനങ്ങളിൽ വികസിപ്പിച്ചെടുക്കുകയും അതിനാവശ്യമായ വിഭവങ്ങൾ കണ്ടെത്തുകയും ഉചിതമായ നടപടികളിലൂടെ അവ നേടിയെടുക്കുന്നതുവഴി പരസ്പര സഹകരണത്തിനും ബാഹ്യസഹകരണത്തിനുമുള്ള മനോഭാവങ്ങളും ശീലങ്ങളും സമൂഹത്തിൽ വികസിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് കമ്യൂണിറ്റി ഓർഗനൈസേഷൻ."

ഡൺഹാമിന്റെ വാക്കുകളിൽ, "ഒരു പ്രത്യേക ഭൂപ്രദേശത്തുള്ള സാമൂഹിക ക്ഷേമ ആവശ്യങ്ങളും വിഭവങ്ങളും തമ്മിൽ പൊരുത്തപ്പെടൽ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന പ്രക്രിയയാണ് കമ്യൂണിറ്റി ഓർഗനൈസേഷൻ."

കമ്യൂണിറ്റി ഓർഗനൈസേഷന്റെ സവിശേഷതകൾ (Characteristics of Community Organisation)

താഴെ പറയുന്നവയാണ് കമ്മ്യൂണിറ്റി ഓർഗനൈസേഷന്റെ സവിശേഷതകൾ

a. കമ്യൂണിറ്റി ഓർഗനൈസേഷൻ ഒരു പ്രക്രിയയാണ്.

സമൂഹത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി സമൂഹത്തിന്റെ കഴിവുകൾ ഉപയോഗിക്കുന്ന പ്രക്രിയയാണ് കമ്യൂണിറ്റി ഓർഗനൈസേഷൻ. കമ്യൂണിറ്റി ഓർഗനൈസർ ഈ പ്രക്രിയ ബോധപൂർവ്വവും ആവശ്യാനുസരണവും നിർവ്വഹിക്കുന്നു.

b. ആവശ്യങ്ങളും വിഭവങ്ങളും തിരിച്ചറിയുന്നു.

സമൂഹത്തിന്റെ ആവശ്യങ്ങളെയും വിഭവങ്ങളെയും തിരിച്ചറിയുവാൻ കമ്യൂണിറ്റി ഓർഗനൈസർ സഹായിക്കുന്നു. സമൂഹത്തിന്റെ ആവശ്യങ്ങളും വിഭവങ്ങളും തമ്മിൽ അനുയോജ്യമായ പൊരുത്തം കൊണ്ടുവരുവാനാണ് ഇത് ശ്രമിക്കുന്നത്.

c. കമ്യൂണിറ്റി ഒരു സേവനസ്വീകർത്താവ് എന്ന നിലയിൽ

കമ്യൂണിറ്റി ഓർഗനൈസേഷൻ എന്ന നിലയിൽ പ്രക്രിയയിൽ മുഴുവൻ സമൂഹത്തെയും സേവനസ്വീകർത്താവായി പരിഗണിക്കുന്നു. ഇവിടെ വ്യക്തികളേക്കാളുപരി സമൂഹത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു.

d. കമ്യൂണിറ്റി ഓർഗനൈസറുടെ പങ്കാളിത്തം

ഒരു കമ്യൂണിറ്റി ഓർഗനൈസർ തന്റെ സഹായക ഉത്തരവാദിത്ത നിർവഹണത്തിലൂടെ സമൂഹത്തെ അതിന്റെ ആവശ്യങ്ങൾ തിരിച്ചറിയുവാനും പദ്ധതികൾ ആസൂത്രണം ചെയ്യുവാനും പുരോഗതി വിലയിരുത്തുവാനും സഹായിക്കുന്നു.

c. കമ്യൂണിറ്റി ഓർഗനൈസേഷൻ ഒരു മാർഗ്ഗമാണ്, ലക്ഷ്യമല്ല.

കമ്യൂണിറ്റി ഓർഗനൈസേഷന്റെ ലക്ഷ്യം എന്നത് സമൂഹത്തിന്റെ മൊത്തത്തിലുള്ള ക്ഷേമമാണ്. എല്ലാ പദ്ധതികളും സമൂഹത്തിന്റെ ക്ഷേമം നേടിയെടുക്കുന്ന രീതിയിലാണ് സംഘടിപ്പിക്കേണ്ടത്. അതിനാൽ ജനങ്ങളുടെ മൊത്തം ക്ഷേമം നേടിയെടുക്കുന്നതിനുള്ള മാർഗ്ഗമാണ് കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയ.

കമ്യൂണിറ്റി ഓർഗനൈസേഷന്റെ ഉദ്ദേശ്യങ്ങൾ (Objectives of Community Organisation)

കമ്യൂണിറ്റി ഓർഗനൈസേഷന്റെ ഉദ്ദേശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

i. സമൂഹത്തെ ശാസ്ത്രീയമായി സംഘടിപ്പിക്കുക.

ii. സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയുവാനും അതിനുവേണ്ടി പ്രവർത്തിക്കുവാനും സഹായിക്കുക.

iii. സമൂഹത്തിന്റെ വികസനത്തിനായി ആന്തരികവും ബാഹ്യവുമായ വിഭവങ്ങൾ കണ്ടെത്തുവാൻ സമൂഹത്തെ ശാക്തീകരിക്കുക.

iv. സമൂഹത്തിന്റെ നേതൃത്വവികസനം സുഗമമാക്കുക.

v. സമൂഹത്തിന്റെ സാമൂഹിക മൂലധന രൂപീകരണം ഊർജ്ജിതപ്പെടുത്തുക.

vi. വികസന പദ്ധതികൾ ആസൂത്രണം ചെയ്യുവാനും നടപ്പിൽ വരുത്തുവാനും മേൽനോട്ടം നടത്തുവാനും വിലയിരുത്തുവാനും സമൂഹത്തെ തയ്യാറാക്കുക.

vii. സുസ്ഥിര വികസനത്തിനായി സമൂഹത്തിന്റെ സ്വയം പര്യാപ്തത ഉയർത്തുക.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. കമ്യൂണിറ്റി ഓർഗനൈസേഷനുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രധാന പ്രവർത്തനങ്ങളാണ് മുറേ. ജി. റോസിന്റെ നിർവ്വചനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്?

ശാസ്ത്രീയമായ കമ്യൂണിറ്റി ഓർഗനൈസേഷനിലൂടെ പരിഹരിക്കാവുന്ന ഏതെങ്കിലും 5 സാമൂഹിക പ്രശ്നങ്ങളെ പട്ടികപ്പെടുത്തുക.

കമ്യൂണിറ്റി ഓർഗനൈസേഷന്റെ തത്വങ്ങൾ (Pinciples of Community Organisation)

സമൂഹത്തെ ഒരു സേവനസ്വീകർത്താവായി പരിഗണിക്കുന്നതിനാൽ കമ്യൂണിറ്റി ഓർഗനൈസർ നിശ്ചിത തത്വങ്ങൾ കർശനമായി പാലിക്കുന്നതിൽ ശ്രദ്ധപുലർത്തണം. കമ്യൂണിറ്റി ഓർഗനൈസേഷന്റെ ഉദ്ദേശ്യങ്ങൾ നേടുവാൻ തത്വങ്ങൾ സഹായിക്കുന്നു.

അവ താഴെ ചർച്ച ചെയ്യുന്നു:

a) അനുഭവൈക ആവശ്യ തത്വം (Principle of Felt Needs)

അടിയന്തര ഇടപെടലുകൾ അർഹിക്കുന്ന ആവശ്യങ്ങളിൽ കമ്യൂണിറ്റി ഓർഗനൈസർ ശ്രദ്ധ കേന്ദ്രീകരിക്കണം. ഇടപെടലിന്റെ ഗുണവും അടിയന്തരസ്വഭാവവും അടിസ്ഥാനമാക്കി സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടെത്താനും മുൻഗണനാക്രമം നിശ്ചയിക്കാനും സമൂഹത്തെ സഹായിക്കണം.

b) വിഭവ സമാഹരണ തത്വം (Principle of Resource Mobilization)

സമൂഹം തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിഭവങ്ങൾ അത്യാവശ്യമാണ്. വിഭവങ്ങൾ സമൂഹത്തിന്റെ അകത്തും പുറത്തും ലഭ്യമാണ്. പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ സമൂഹം തന്നെ സമാഹരിക്കണം. മനുഷ്യൻ, ഭൗതിക വസ്തുക്കൾ, പണം എന്നിങ്ങനെ ഏതുരൂപത്തിലുമാകാം വിഭവങ്ങൾ.

c) പ്രാദേശിക നേതൃത്വ തത്വം (Principle of Local Leadership)

ഏതൊരു വികസന സംരംഭത്തിനും നേതൃത്വം അത്യാവശ്യമാണ്. കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയയിലൂടെ വികസന മാറ്റങ്ങൾ നിലനിൽക്കുവാൻ സഹായിക്കുന്ന രീതിയിൽ ഉള്ള പ്രാദേശിക നേതൃത്വം ഉരുത്തിരിയുവാൻ സാമൂഹിക പ്രവർത്തകൻ സമൂഹത്തെ സഹായിക്കണം.

d) പങ്കാളിത്ത തത്വം (Principle of Participation)

കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ പങ്കാളിത്തം ആവശ്യമാണ്. ഇത് കമ്യൂണിറ്റി ഓർഗനൈസേഷന്റെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള അടിസ്ഥാന ആവശ്യമാണ്. അതിനാൽ മുഴുവൻ സമൂഹവും വികസന പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ കമ്യൂണിറ്റി ഓർഗനൈസർ പ്രേരിപ്പിക്കേണ്ടതാണ്.

e) സ്വയം സഹായ തത്വം (Principle of Self Help)

സമൂഹത്തിൽ പരമാവധി സ്വയം സംരംഭങ്ങൾ വികസിപ്പിക്കേണ്ടതിനായി സമൂഹത്തെ സംഘടിപ്പിക്കേണ്ടതാണ്. ജനങ്ങളുടെ വികസന ആവശ്യങ്ങളിൽ ശ്രദ്ധചെലുത്തുവാൻ അവരെ ശാക്തീകരിക്കേണ്ടതാണ്.

f) ജനാധിപത്യ തത്വം (Principle of Democracy)

കമ്യൂണിറ്റി ഓർഗനൈസേഷന്റെ എല്ലാ പ്രവർത്തനങ്ങളും ജനാധിപത്യ അടിസ്ഥാനത്തിൽ നടപ്പിലാക്കണം. ഭൂരിപക്ഷ സമവായമനുസരിച്ചായിരിക്കണം തീരുമാനങ്ങൾ എടുക്കേണ്ടത്. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ആയിരിക്കണം എല്ലാ പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും നിർവ്വഹിക്കേണ്ടത്.

g) സഹകരണ തത്വം (Principle of Co-operation)

കാര്യക്ഷമമായ കമ്യൂണിറ്റി ഓർഗനൈസേഷന്റെ അടിസ്ഥാനം സ്വയം സഹകരണമാണ്. കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയയിൽ ഉടനീളം സഹകരണത്തിനുള്ള മനോഭാവം വികസിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യണം. കമ്യൂണിറ്റി ഓർഗനൈ

സേഷൻ പ്രക്രിയയിൽ സമൂഹത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ തക്കവണ്ണം വിവിധ സംഘങ്ങളിൽപ്പെട്ട ജനങ്ങളെ പരസ്പരം സഹകരിക്കുവാൻ കമ്യൂണിറ്റി ഓർഗനൈസർ സഹായിക്കണം.

h) ആസൂത്രണ പദ്ധതി തത്വം (Principle of Programme Planning)

ഭാവി പദ്ധതികൾ തയ്യാറാക്കുന്ന പ്രക്രിയയാണ് ആസൂത്രണം എന്നു പറയുന്നത്. ആസൂത്രണത്തിൽ ഭാവിയെക്കുറിച്ചുള്ള ദർശനം ആവശ്യമാണ്. സമൂഹം പദ്ധതികൾ ശരിയായ രീതിയിൽ ആസൂത്രണം ചെയ്യണം. സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ അളവിലും ഗുണത്തിലും പര്യാപ്തമായ രീതിയിലായിരിക്കണം മുഴുവൻ ക്ഷേമ പരിപാടികളും. സമൂഹത്തിന്റെ ക്ഷേമപദ്ധതികൾ സമൂഹത്തിലുള്ള മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കണം.

i) പ്രതിരോധ തത്വം (Principle of Prevention)

പ്രതിരോധമാണ് ചികിത്സയേക്കാൾ ഉത്തമം. കമ്യൂണിറ്റി ക്ഷേമപദ്ധതികൾ പ്രശ്നങ്ങൾ പരിഹരിക്കുവാൻ മാത്രമല്ല അവ പ്രതിരോധിക്കുവാൻ കൂടിയാണ് ശ്രമിക്കുന്നത്.

കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയ (Process of Community Organisation)

ഘട്ടങ്ങൾ കൃത്യമായി പാലിക്കേണ്ട ഒരു സംഘടിത പ്രക്രിയയിലൂടെയാണ് കമ്യൂണിറ്റി ഓർഗനൈസേഷൻ നടക്കുന്നത്. കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

A. പഠനം (Study)

ആദ്യത്തെ ഘട്ടമെന്ന നിലയിൽ കമ്യൂണിറ്റി ഓർഗനൈസർ ജനങ്ങളുമായി ഒത്തുചേർന്ന് സമൂഹത്തെക്കുറിച്ച് പഠിക്കണം. ഇതിൽ ജനങ്ങളുടെ നിലവിലുള്ള പ്രശ്നങ്ങൾ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക അവസ്ഥ എന്നിവ ഉൾപ്പെടുന്നു. ഇതിനായി അഭിമുഖങ്ങൾ, നിരീക്ഷണം, സർവ്വേ, വിവരശേഖരണം, സംഘനേതാക്കളുമായുള്ള യോഗങ്ങൾ, അനൗപചാരിക അഭിപ്രായങ്ങൾ എന്നിവ ഉപയോഗിക്കാം. സമ്മേളനങ്ങൾ, സംഘയോഗങ്ങൾ എന്നിവയിലൂടെ സംഘ അഭിപ്രായങ്ങൾ ശേഖരിക്കുന്നു. കമ്യൂണിറ്റിയെക്കുറിച്ചും അതിന്റെ ഇടപെടൽ ക്രമങ്ങളെക്കുറിച്ചും അതിന്റെ അടിയന്തര ആവശ്യങ്ങളെക്കുറിച്ചും ലഭ്യമായ വിഭവങ്ങളെക്കുറിച്ചും വ്യക്തമായ ചിത്രം ലഭിക്കുക എന്നതാണ് പഠനത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. ഈ പഠനം അവനെ/അവളെ പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്നതിന് സഹായിക്കുന്നു.

കിളിമലയിലെ ജനങ്ങളുമൊത്ത് പ്രവർത്തിക്കുന്നതിന് ഗ്രാമീണ ശാക്തീകരണ വികസനം (READ - Rural Empowerment and Development) എന്ന പേരിലുള്ള ഏജൻസി കിഷോർ എന്ന സാമൂഹ്യ പ്രവർത്തകനെ ഗ്രാമത്തിലേക്ക് അയച്ചു. അദ്ദേഹം പ്രാദേശിക നേതാക്കളെയും ഗ്രാമത്തിന്റെ വികസനത്തിൽ താത്പര്യമുള്ള മറ്റു ജനങ്ങളെയും നേരിട്ടു കണ്ട് സംസാരിച്ചു. കമ്യൂണിറ്റിയിൽ നിലനിൽക്കുന്ന സാമൂഹിക ഘടനാത്മകതയെക്കുറിച്ചും അവിടുത്തെ പ്രശ്നങ്ങളെക്കുറിച്ചും വിഭവങ്ങളെക്കുറിച്ചും പഠിക്കുന്ന

തിന് ഒരു സാമൂഹിക സാമ്പത്തിക സർവ്വേ നടത്തി. കൂടാതെ ഗ്രാമവുമായി ബന്ധമുള്ള സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ, റിപ്പോർട്ടുകൾ തുടങ്ങിയ ദ്വിതീയ സ്രോതസ്സുകളിൽ നിന്നും അദ്ദേഹം വിവരങ്ങൾ ശേഖരിച്ചു. പ്രാദേശിക നേതാക്കളെയും വിദഗ്ധരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു വികസന സെമിനാർ നടത്തി. കൃഷിക്കാർ, യുവജനങ്ങൾ, സ്ത്രീകൾ എന്നിവരുടെ യോഗങ്ങൾ നടത്തിയും വിവരശേഖരണം നടത്തി. യോഗത്തിൽ പങ്കെടുത്തവരിൽ നിന്നും ജനാധിപത്യരീതിയിൽ ഒരു ഗ്രാമീണ വികസന കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. എല്ലാ പ്രസക്ത വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.



B. പ്രശ്നങ്ങൾ തിരിച്ചറിയലും മുൻഗണനാ ക്രമീകരണവും

(Problem Identification and Prioritizing)

ഈ ഘട്ടത്തിൽ, വിവിധ പഠനമാർഗങ്ങൾ ഉപയോഗിച്ച് ശേഖരിച്ച വിവരങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തോടെ കമ്യൂണിറ്റി ഓർഗനൈസർ വിശകലനം ചെയ്യുന്നു. സമൂഹത്തിന്റെ ഉള്ളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ തിരിച്ചറിയുന്നു. കമ്യൂണിറ്റി ഓർഗനൈസർ പ്രശ്നത്തിന്റെ സ്വഭാവം, വ്യാപ്തി, അടിയന്തര സ്വഭാവം എന്നിവ വിശകലനം ചെയ്ത് യഥാർത്ഥ ആവശ്യങ്ങളെ മുൻഗണനയനുസരിച്ച് ക്രമീകരിക്കാൻ സമൂഹത്തെ സഹായിക്കുന്നു.

കിളിമലയിലെ വികസന സമിതിയും കമ്മ്യൂണിറ്റി ഓർഗനൈസറും ഒത്തൊരുമിച്ച് അവരുടെ നിലവിലുള്ള പ്രശ്നങ്ങളെ തിരിച്ചറിഞ്ഞു. താഴ്ന്ന വരുമാനം, മദ്യപാന ആസക്തി, തൊഴിലില്ലായ്മ, ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവം, പ്രവർത്തന രഹിതമായ ഗ്രന്ഥശാലയും യുവജനകേന്ദ്രവും, ഇടനിലക്കാരുടെ ചൂഷണം, ശുദ്ധജലക്ഷാമം, കാർഷിക ഉൽപ്പന്നങ്ങളുടെ കുറഞ്ഞ വില മുതലായവ അവരുടെ പ്രശ്നങ്ങളായി തിരിച്ചറിഞ്ഞു. മുൻഗണനയനുസരിച്ചു ക്രമീകരിക്കാനായി ഓരോ പ്രശ്നത്തെയും വിശകലനം ചെയ്യാൻ കിഷോർ സമൂഹത്തെ സഹായിച്ചു. അടിയന്തര ഇടപെടൽ ആവശ്യമുള്ള പ്രശ്നങ്ങളായി ശുദ്ധജലക്ഷാമം, താഴ്ന്ന വരുമാനനില, തൊഴിലില്ലായ്മ എന്നിവയെ മുൻഗണനയനുസരിച്ച് ക്രമീകരിച്ചു.

C. വിലയിരുത്തൽ (Assessment)

ഈ ഘട്ടത്തിൽ സമൂഹം, കമ്യൂണിറ്റി ഓർഗനൈസറുടെ സഹായത്തോടെ ഇടപെടൽ ആവശ്യമായ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ വിശകലനം ചെയ്യുന്നു. പ്രശ്നത്തിന്റെ പ്രകൃതം, കാരണങ്ങൾ, തീവ്രത, പ്രത്യാഘാതങ്ങൾ, വ്യാപ്തി, എത്ര ജനങ്ങളെ ബാധിച്ചിരിക്കുന്നു എന്നീ കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നു.

ഏതു പ്രശ്നമാണ് ആദ്യം കൈകാര്യം ചെയ്യേണ്ടതെന്ന് പരിഗണിക്കുവാൻ കിഷോറും വികസനസമിതിയും പ്രശ്നങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. ശുദ്ധജലക്ഷാമമാണോ താഴ്ന്ന വരുമാനനിലയാണോ ആദ്യം പരിഗണിക്കേണ്ടതെന്നൊരു അഭിപ്രായവ്യത്യാസം അവർക്കിടയിൽ ഉണ്ടായി. ശുദ്ധജലക്ഷാമമുണ്ടെങ്കിലും താഴ്വരപ്രദേശങ്ങളിൽ വെള്ളം ലഭ്യമാണ്. പ്രശ്നത്തിന്റെ വ്യാപ്തിമൂലം താഴ്ന്ന വരുമാനനിലയെ അടിയന്തര ഇടപെടൽ ആവശ്യമായ പ്രശ്നമായി തിരഞ്ഞെടുത്തു. താഴ്ന്ന വരുമാനനിലയുടെ മൂലകാരണങ്ങൾ, ഈ പ്രശ്നം അനുഭവിക്കുന്ന ജനങ്ങൾ, അതിന്റെ തീവ്രത മുതലായവ അവർ വിശകലനം ചെയ്തു. കർഷകർക്ക് വേണ്ടത്ര തൊഴിൽ ലഭ്യമല്ലാത്ത അവസ്ഥ, സ്ത്രീകൾക്ക് തൊഴിലവസരങ്ങളില്ലായ്മ, അധിക വരുമാന സ്രോതസ്സുകളുടെ അഭാവം തുടങ്ങിയവ താഴ്ന്ന വരുമാനനിലയുടെ പ്രധാനപ്പെട്ട കാരണങ്ങളായി അവർ തിരിച്ചറിഞ്ഞു. താഴ്ന്ന വരുമാനനില കുട്ടികളുടെ വിദ്യാഭ്യാസം, പോഷകാഹാരം, ആരോഗ്യ പരിരക്ഷ എന്നിവയെ ബാധിച്ചിട്ടുണ്ട്.

D. തന്ത്രരൂപീകരണം (Strategy Formulation)

തിരിച്ചറിഞ്ഞ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കമ്യൂണിറ്റി ഓർഗനൈസറും കമ്യൂണിറ്റിയും ഒരുമിച്ച് പ്രശ്നം പരിഹരിക്കുവാനായി വിവിധ തന്ത്രങ്ങൾ രൂപീകരിക്കുന്നു. ചിട്ടയായ ആസൂത്രണത്തിൽ നിർദ്ദേശിക്കപ്പെട്ട ഓരോ തന്ത്രവും അതിന്റെ ചെലവാനുപാതിക മെച്ചം *(Cost-effectiveness)*, പ്രായോഗികത, സുസ്ഥിരത തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. ഏറ്റവും അനുയോജ്യമായ തന്ത്രമാണ് നടപ്പിലാക്കാനായി തിരഞ്ഞെടുക്കുന്നത്. തന്ത്രം തിരഞ്ഞെടുത്തു കഴിഞ്ഞാൽ, ആസൂത്രണത്തിന്റെ ഭാഗമായി ആവശ്യമായ പ്രവർത്തനങ്ങൾ, വിഭവങ്ങൾ, സമയപരിധി എന്നിവ രൂപപ്പെടുത്തുന്നു.

കിളിമല ഗ്രാമത്തിലെ കുടുംബങ്ങളുടെ താഴ്ന്ന വരുമാനനില പരിഹരിക്കുന്നതിനായി നിരവധി തന്ത്രങ്ങൾ വികസന സമിതി ചർച്ച ചെയ്തു. യുവജനങ്ങളുടെ തൊഴിൽക്ഷമത ഉയർത്തുന്നതിനാവശ്യമായ പരിശീലനം, കർഷകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനാവശ്യമായ പിന്തുണ, ക്ഷീരോത്പാദക യൂണിറ്റുകൾ തുടങ്ങി സ്ത്രീകളെ സംഘടിപ്പിക്കുക തുടങ്ങിയവ അവയിൽ ചിലതാണ്. കുടുംബ തൊഴിൽ സ്വാശീകരണം, ജലത്തിന്റെയും പുൽമേടിന്റെയും ലഭ്യത, സ്ത്രീശാക്തീകരണം, ആരോഗ്യ-പോഷക നിലവാരം തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കുമ്പോൾ താഴ്ന്ന വരുമാനനില പരിഹരിക്കാനായി സ്ത്രീകൾക്കുള്ള ക്ഷീരോത്പാദക പദ്ധതി ഏറ്റവും അനുയോജ്യമായ തന്ത്രമായി തീരുമാനിക്കപ്പെട്ടു. ചെറുസംഘങ്ങളായി സ്ത്രീകളെ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഓരോ സംഘത്തിനും 40:60 എന്ന കുറഞ്ഞ ധനസഹായ-വായ്പാ അനുപാത നിരക്കിൽ കറവപ്പശുക്കളെ നൽകും. ഇത്തരത്തിലുള്ള ഇരുപത് സംഘ

ങ്ങൾ രൂപീകരിക്കാൻ ആസൂത്രണം ചെയ്യുകയും അവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഗ്രാമീണതലത്തിൽ ഒരു ക്ഷീരോത്പാദക ഭരണനിർവ്വഹണ കൗൺസിൽ (Diary Management Council) രൂപീകരിക്കുകയും ചെയ്യും. ഭരണനിർവ്വഹണത്തിലും വിപണന തന്ത്രങ്ങളിലും അവർക്ക് പരിശീലനം നൽകുകയും ചെയ്യും.

E. സംഘാടനം (Organisation)

ചിട്ടയായും കാര്യക്ഷമമായും വ്യക്തികളേയും സൗകര്യങ്ങളേയും തമ്മിലിണക്കുന്ന പ്രക്രിയയാണ് സംഘാടനം. സംഘാടന വ്യവസ്ഥിതിയിൽ അംഗങ്ങളുടെ കടമകളും ഉത്തരവാദിത്വങ്ങളും കൃത്യമായി നിർവ്വചിച്ചിരിക്കണം. തിരഞ്ഞെടുത്ത തന്ത്രങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഇത് അത്യാവശ്യമാണ്. ജനാധിപത്യ രീതികളിലൂടെ കണ്ടെത്തിയ ഉചിതരായ വ്യക്തികളെ കമ്മ്യൂണിറ്റി ഓർഗനൈസർ ഇതിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

വികസന സമിതിയിൽ നിന്നും അഞ്ച് അംഗങ്ങൾ, സ്ത്രീകളുടെ സംഘങ്ങളെ പ്രതിനിധീകരിച്ച് മൂന്ന് പേർ, കമ്മ്യൂണിറ്റി ഓർഗനൈസർ എന്നിവർ ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, വിഭവ വിനിയോഗം, മേൽനോട്ടം, വിലയിരുത്തൽ, നയതീരുമാനങ്ങൾ എന്നിവക്കായി ഒരു ഉന്നത അധികാര സമിതി (Apex forum) രൂപീകരിച്ചു.

F. പ്രവർത്തനം (Action)

ചർച്ചയിലൂടെയും ആസൂത്രണത്തിലൂടെയും വികസിപ്പിച്ച തന്ത്രങ്ങളും പരിപാടികളും നടപ്പിലാക്കുന്നതാണിത്. തിരഞ്ഞെടുക്കപ്പെട്ട തന്ത്രങ്ങളുടെ മേൽ ഉരുത്തിരിഞ്ഞുവന്ന പ്രവർത്തന പരിപാടികൾ വിവിധ പ്രവർത്തന സംഘങ്ങളിലൂടെ നടപ്പിലാക്കുന്നു.

ഓരോന്നിലും 7 മുതൽ 15 വരെ വീതം അംഗങ്ങളടങ്ങിയ ഇരുപത് വനിതാ സംഘങ്ങൾ കിളിമല ഗ്രാമത്തിൽ സംഘടിപ്പിച്ചു. സമയാസമയങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ചംഗ (എക്സിക്യൂട്ടീവ്) കാര്യനിർവ്വഹണ സമിതി, വനിതാസംഘങ്ങളുടെ ഏറ്റവും താഴെ തട്ടിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നു. ഓരോ സംഘത്തിൽ നിന്നും ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തി ഉന്നത ക്ഷീര ഭരണനിർവ്വഹണ കൗൺസിലിൽ അവരെ പ്രതിനിധാനം ചെയ്യുന്നു. ഈ ഉന്നത സമിതി സംഘാംഗങ്ങൾക്കുള്ള പശുക്കളെ വിതരണം ചെയ്തു. സംഘടനയുടെ പിന്തുണയോടെ തൊഴുത്തുകൾ നിർമ്മിച്ചു. ശേഖരിക്കപ്പെടുന്ന പാൽ പ്രാദേശികമായി വിപണനം നടത്തുകയും അധികമായി വരുന്നത് സംസ്കരണ കേന്ദ്രത്തിലെത്തിക്കുകയും ചെയ്തു.

G. വിലയിരുത്തൽ (Evaluation)

പരിപാടിയുടെ കാര്യക്ഷമത അളക്കുവാനും നിശ്ചയിക്കപ്പെട്ട ലക്ഷ്യം നേടിയെടുത്തോ എന്നറിയുവാനുമാണ് വിലയിരുത്തൽ നടത്തുന്നത്. പരിപാടിയുടെ കുറവുകളും പരാജയങ്ങളും കണ്ടെത്താൻ വിലയിരുത്തൽ സഹായിക്കുന്നു. വിലയിരുത്തൽ ആന്തരികമോ ബാഹ്യമോ ആകാം. കമ്മ്യൂണിറ്റി ഓർഗനൈസറും സംഘാടകരും ചേർന്നാണ് ആന്തരിക വിലയിരുത്തൽ നടത്തുന്നത്. ബാഹ്യവിലയിരുത്തലിന് പുറത്തുനിന്നുള്ള സംഘടനയിലെയോ മറ്റ് വിദഗ്ധരുടെയോ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

കിളിമലയിൽ, മൂന്നു മാസത്തിലൊരിക്കൽ ഉന്നതസമിതിയുടെ നേതൃത്വത്തിൽ ആന്തരിക വിലയിരുത്തൽ നടത്തിവരുന്നു. പുറമെ നിന്നുള്ള വിദഗ്ധരെ ഉപയോഗിച്ച് വർഷത്തിൽ ഒരിക്കൽ ബാഹ്യവിലയിരുത്തലും നടത്തുന്നു. തിരിച്ചടവ്, വിപണനം, പദ്ധതിയുടെ പൊതുഭരണം മുതലായവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിശ്ചിത ഇടവേളകളിൽ നടത്തുന്ന വിലയിരുത്തൽ അവരെ സഹായിക്കുന്നു.

H. നവീകരണവും തുടർച്ചയും (Modification and Continuation)

വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നമുക്ക് ചില പരിപാടികളിൽ മാറ്റം വരുത്തുകയോ നവീകരിക്കുകയോ ചെയ്യാവുന്നതാണ്. പുതിയ വെല്ലുവിളികളെ നേരിടുന്നതിനായി, കൂടുതൽ വിഭവങ്ങൾ സമാഹരിക്കുകയോ നിലവിലുള്ള പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ട് പരിപാടികൾ നമുക്ക് നവീകരിക്കാവുന്നതാണ്.

വിലയിരുത്തലിനു ശേഷം, തിരിച്ചടവ്, വിപണനം, വരുമാന ഉത്പാദനം എന്നിവയിലെ വിജയം തിരിച്ചറിഞ്ഞപ്പോൾ, പദ്ധതി കൂടുതൽ ഗുണഭോക്താക്കളിലേക്ക് വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. ഇതുകൂടാതെ ഗ്രാമത്തിൽ ഒരു ശീതീകരണ ശാല സ്ഥാപിക്കുവാനും തീരുമാനിച്ചു.

അതിനാൽ കമ്യൂണിറ്റി ഓർഗനൈസേഷൻ എന്നത് സമൂഹത്തിലെ സാഹചര്യങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും പഠിക്കുകയും ഒരു സാമൂഹിക പ്രവർത്തകന്റെ ഔദ്യോഗിക ഇടപെടലുകളിലൂടെ പരിഹാരങ്ങൾ കൊണ്ടുവരികയും ചെയ്യുന്ന ഒരു നിരന്തര പ്രക്രിയയാണ്. പ്രശ്നങ്ങളെ മുൻഗണനയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിനാൽ സമൂഹം ശാക്തീകരിക്കപ്പെടുന്നു. ഓരോ പദ്ധതിനിർവഹണവും, പഠനം, നേതൃത്വവികസനം, സാമൂഹിക മൂലധനരൂപീകരണം എന്നിവ ഉറപ്പുവരുത്തുന്നു. ഒരു പദ്ധതിയിലൂടെ പ്രത്യേക ലക്ഷ്യം നേടിയെടുക്കുന്നതു കൂടാതെ സാമൂഹിക നന്മകളായ സഹകരണത്തിനും സഹവർത്തിത്വത്തിനുമുള്ള സന്നദ്ധത, വിശ്വാസം, പരസ്പരപൂരകത്വം, ഇടപെടലുകൾ എന്നിവ സമൂഹത്തിലെ ഉപലക്ഷ്യങ്ങളായി ഉയർന്നുവരുന്നു. ഇങ്ങനെ ഉണ്ടായ സാമൂഹിക മൂലധനം സമൂഹത്തെ ശാക്തീകരിക്കുകയും മറ്റു പ്രശ്നങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ആത്മവിശ്വാസം അവരിൽ വളർത്തുകയും ചെയ്തു. അതുകൊണ്ട് കമ്യൂണിറ്റി ഓർഗനൈസേഷനെ ഒരു ലക്ഷ്യമായല്ല, മാർഗ്ഗമായി കണക്കാക്കുന്നു.



നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. കമ്യൂണിറ്റി ഓർഗനൈസേഷനിൽ മൂല്യനിർണ്ണയം പ്രാധാന്യമായിരിക്കുന്നത് എന്തുകൊണ്ടാണ്?



a) നിങ്ങളുടെ അയൽപക്കത്തുള്ള ഒരു പ്രദേശത്തിന്റെ വികസന ആവശ്യങ്ങളും ലഭ്യമായിരിക്കുന്ന വിഭവങ്ങളും മനസ്സിലാക്കാൻ ഒരു സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തുക.

b) ഏതെങ്കിലും ഒരു ഗോത്രസമൂഹമോ ഗ്രാമീണ സമൂഹമോ സന്ദർശിച്ച് വികസന സെമിനാർ നടത്തിയോ നേരിട്ടുള്ള നിരീക്ഷണത്തിലൂടെയോ അവരുടെ വികസന ആവശ്യങ്ങളെ മനസ്സിലാക്കുക.

സംക്ഷിപ്തം

ഈ അധ്യായത്തിൽ സോഷ്യൽ വർക്കിന്റെ പ്രാഥമിക രീതികളായ സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, കമ്യൂണിറ്റി ഓർഗനൈസേഷൻ എന്നിവയെക്കുറിച്ച് നമ്മൾ പഠിച്ചു.

സാമൂഹ്യ പ്രവർത്തകനും സേവനസ്വീകർത്താവും തമ്മിൽ മുഖാമുഖ ഇടപെടൽ ഉള്ളതിനാൽ ഈ മൂന്ന് രീതികളെ പ്രത്യക്ഷരീതികൾ എന്നും പറയുന്നു. വ്യക്തികളുടെ മാനസിക-സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായിക്കുന്ന, തനതു സവിശേഷതകളുള്ള ഒരു പ്രവർത്തനരീതിയാണ് സോഷ്യൽ കേസ് വർക്ക്. സോഷ്യൽ കേസ് വർക്കിന്റെ പ്രവർത്തനത്തെ സഹായിക്കുന്ന ചില തത്വങ്ങൾ ഉണ്ട്. കേസ് വർക്ക് പ്രക്രിയയുടെ കാര്യക്ഷമത, കേസ് വർക്കറും സേവനസ്വീകർത്താവും തമ്മിൽ സ്ഥാപിക്കുന്ന ഔദ്യോഗിക ബന്ധത്തിന്റെ ഗുണമേന്മയെ ആശ്രയിച്ചിരിക്കുന്നു. ഈ ബന്ധം റാപ്പോ (Rapport) എന്നറിയപ്പെടുന്നു. വ്യക്തി, പ്രശ്നം, സ്ഥലം, പ്രക്രിയ എന്നിവയെ കേസ് വർക്കിന്റെ ഘടകങ്ങളായി പരിഗണിക്കുന്നു. കേസ് വർക്ക് പ്രക്രിയയിൽ വ്യത്യസ്ത ഘട്ടങ്ങളായ പഠനം, രോഗനിർണ്ണയം, ചികിത്സ, വിലയിരുത്തൽ, വിച്ഛേദനം, പിന്തുടരൽ എന്നിവ ഉൾപ്പെടുന്നു.

സോഷ്യൽ ഗ്രൂപ്പ് വർക്കിൽ, വ്യക്തികളെ അവരുടെ പ്രശ്നങ്ങൾ തരണം ചെയ്യുവാൻ സഹായിക്കുന്ന ഒരു അവശ്യ മാധ്യമമായി സംഘത്തിനെ ഉപയോഗിക്കുന്നു. സംഘത്തിന്റെ പരിപാടികളും പ്രവർത്തനങ്ങളും സംഘാംഗങ്ങൾ തമ്മിലുള്ള ഇടപെടലുകളും ബന്ധങ്ങളും സുഗമമാക്കുന്നതിന് ഉപയോഗിക്കുന്നു. ഇത് ക്രമേണ അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്നു. ഒരു പ്രശ്നപരിഹാരമാർഗ്ഗം എന്ന നിലയിൽ ഗ്രൂപ്പ് വർക്കിന് പ്രത്യേക സവിശേഷതകളും ലക്ഷ്യങ്ങളും ഉണ്ട്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സംഘവുമൊത്ത് എങ്ങനെ പ്രവർത്തിക്കണമെന്നു വിശദീകരിക്കുന്ന തത്വങ്ങൾ ഇതിലുണ്ട്. രൂപീകരണം, മാനദണ്ഡരൂപീകരണം, അവതരണം, പുനഃരൂപീകരണം അല്ലെങ്കിൽ പിരിച്ചുവിടൽ എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നതാണ് ഗ്രൂപ്പ് വർക്ക് പ്രക്രിയ. സംഘത്തിന്റെ ചലനാത്മകതയും സ്വഭാവവും മനസ്സിലാക്കുന്നതും സ്വാധീനിക്കുന്നതും ഗ്രൂപ്പ് വർക്കിന്റെ പ്രവർത്തനത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ഒരു പ്രശ്നപരിഹരണ മാർഗ്ഗം എന്ന രീതിയിൽ ഗ്രൂപ്പ് വർക്കിന്റെ പ്രാധാന്യം ഇന്നത്തെ ലോകത്തിൽ വളരെ പ്രസക്തമാണ്.

ജനങ്ങളുടെ ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിനും സമൂഹത്തിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുമായി കമ്യൂണിറ്റി ഓർഗനൈസേഷനെ സാമൂഹികപ്രവർത്തനത്തിന്റെ ഒരു പ്രവർത്തന രീതിയായി വികസിപ്പിച്ചിരിക്കുന്നു. കമ്യൂണിറ്റി ഓർഗനൈസർ ജനങ്ങളോടൊത്തുചേർന്ന് സമൂഹത്തിന്റെ ആവശ്യങ്ങളും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ വിഭവങ്ങളും തിരിച്ചറിയുന്നു. ഈ പ്രാഥമിക രീതിക്ക് അതിന്റേതായ ഉദ്ദേശ്യങ്ങളും സവിശേഷതകളും ഉണ്ട്. സാമൂഹ്യ സംഘാടനം നടത്തുന്നതിനായി കമ്മ്യൂണിറ്റി ഓർഗനൈസറെ നയിക്കുന്ന പ്രത്യേക തത്വങ്ങളുമുണ്ട്. പഠനം, പ്രശ്നങ്ങൾ തിരിച്ചറിയലും മുൻഗണനാ ക്രമീകരണവും, വിലയിരുത്തൽ, തന്ത്രരൂപീകരണം, സംഘാടനം, പ്രവർത്തനം, മൂല്യനിർണ്ണയം, നവീകരണവും തുടർച്ചയും എന്നിവ കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയയിൽ ഉൾപ്പെടുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. തിരഞ്ഞെടുക്കലുകൾ നടത്തുവാനും സ്വയം തീരുമാനമെടുക്കുവാനുമുള്ള സേവനസ്വീകർത്താവിന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്ന തത്വമാണ്.........................

   a) സ്വീകാര്യത	b) വ്യക്തിവത്ക്കരണം

   c) മുൻവിധിയില്ലാത്ത മനോഭാവം	d) സ്വയം നിർണ്ണയിക്കൽ

2. 'കേസ് വർക്കിന്റെ കാര്യക്ഷമതയെ തീരുമാനിക്കുന്നത് കേസ് വർക്ക് ബന്ധത്തിന്റെ ഗുണമേന്മയാണ്'. അഭിപ്രായം രേഖപ്പെടുത്തുക.

3. സോഷ്യൽ കേസ് വർക്കിലെ പ്രശ്നപരിഹാര പ്രക്രിയയെക്കുറിച്ച് വിശദീകരിക്കുക.

4. ഗ്രൂപ്പ് വർക്കിന്റെ പ്രയോഗത്തിൽ തത്വങ്ങൾക്കുള്ള പ്രസക്തിയെക്കുറിച്ച് വിശദീകരിക്കുക.

5. 'സംഘ ചലനാത്മകതയെക്കുറിച്ചുള്ള അറിവും അതിനെ സ്വാധീനിക്കുവാനുള്ള കഴിവും ഗ്രൂപ്പ് വർക്കിന്റെ നടത്തിപ്പിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നു.' ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

6. സമകാലീന സമൂഹത്തിൽ ഗ്രൂപ്പ് വർക്കിന്റെ പ്രസക്തിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

7. ഉചിതമായ ഉദാഹരണങ്ങളുടെ സഹായത്തോടെ കമ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയയെ വിശദീകരിക്കുക.

8. ആധുനിക ലോകത്ത് സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ പ്രാധാന്യമെന്തെന്നു ചർച്ച ചെയ്യുക.

9. കമ്യൂണിറ്റി ഓർഗനൈസേഷന്റെ തത്വങ്ങൾ വിശദീകരിക്കുക.

10. സംഘ ചലനാത്മകതയുടെ വിവിധ ഘടകങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

L9E9Y1

2

സാമൂഹ്യ പ്രവർത്തനം - ദ്വിതീയ രീതികൾ

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്:

- സോഷ്യൽ ആക്ഷൻ എന്ന ആശയം, തത്വങ്ങൾ, ഘടകങ്ങൾ മുതലായവ വിവരിക്കുന്നു.
- ബഹുജന സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സോഷ്യൽ ആക്ഷൻ മുന്നേറ്റങ്ങളുടെ പ്രാധാന്യം വിലയിരുത്തുന്നു.
- സാമൂഹ്യ ക്ഷേമ നിർവഹണം- ആശയവും പ്രക്രിയയും വിശദീകരിക്കുന്നു.
- ഒരു സംഘടനയുടെ ഘടനാവിന്യാസം (Organogram) വിശകലനം ചെയ്യുന്നു.
- സാമൂഹ്യ പ്രവർത്തന ഗവേഷണം- സ്വഭാവവും തരങ്ങളും വിവരിക്കുന്നു.
- ഗവേഷണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ തിരിച്ചറിയുന്നു.
- സോഷ്യൽ ആക്ഷന്റെ തന്ത്രങ്ങൾ തരം തിരിക്കുന്നു.
- കേരളത്തിലെ സോഷ്യൽ ആക്ഷൻ സംഘടനകളുടെ പട്ടിക തയാറാക്കുന്നു.

ഉള്ളടക്കം

2.1 സോഷ്യൽ ആക്ഷൻ

സോഷ്യൽ ആക്ഷന്റെ സവിശേഷതകൾ

ഉദ്ദേശ്യങ്ങൾ

സോഷ്യൽ ആക്ഷന്റെ തന്ത്രങ്ങൾ

സോഷ്യൽ ആക്ഷന്റെ പ്രക്രിയ

സാമൂഹിക നയരൂപീകരണം

സോഷ്യൽ ആക്ഷൻ സംഘടനകൾ

2.2 സാമൂഹ്യ ക്ഷേമ ഭരണനിർവഹണം

സാമൂഹ്യ ക്ഷേമ ഭരണനിർവഹണ പ്രക്രിയയും ദൗത്യങ്ങളും

സംഘടന ഘടനാവിന്യാസം (ഓർഗാനോഗ്രാം)

കാര്യാലയ നിർവഹണം

2.3 സാമൂഹ്യ പ്രവർത്തന ഗവേഷണം

സാമൂഹ്യ പ്രവർത്തന ഗവേഷണത്തിന്റെ സ്വഭാവം

വിവിധതരം ഗവേഷണങ്ങൾ

ഗവേഷണ പ്രക്രിയ

മുൻ അധ്യായത്തിൽ നമ്മൾ സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രാഥമിക രീതികളെക്കുറിച്ച് (Primary methods) പഠിച്ചുവല്ലോ. അവ വ്യക്തികളെയും സംഘങ്ങളെയും സമൂഹത്തെയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നേരിട്ട് സഹായിക്കുന്നു. സാമൂഹ്യ പ്രവർത്തനത്തിന്റെ മറ്റു രീതികൾ ഏതൊക്കെയാണെന്ന് പറയാമോ?

- ....

സോഷ്യൽ ആക്ഷൻ, സാമൂഹ്യ ക്ഷേമ ഭരണനിർവഹണം, സാമൂഹ്യ പ്രവർത്തന ഗവേഷണം എന്നിവയാണ് സാമൂഹ്യ പ്രവർത്തനത്തിന്റെ ദ്വിതീയ രീതികൾ (Secondary Methods). ഈ ദ്വിതീയ രീതികളിൽ പ്രയോജനപ്പെടുത്തുന്ന വിജ്ഞാന മണ്ഡലം, ശേഷികൾ, സങ്കേതങ്ങൾ എന്നിവ പ്രാഥമിക രീതികളിൽ നിന്നും വ്യത്യസ്തമാണ്.

ദ്വിതീയ രീതികൾ പ്രാഥമിക രീതികളിൽ നിന്നും എങ്ങനെയൊക്കെ വ്യത്യസ്തമായിരിക്കുന്നു?

- ....

പ്രാഥമിക രീതിയിൽ സേവനസ്വീകർത്താവും സാമൂഹിക പ്രവർത്തകനും തമ്മിൽ നേരിട്ടുള്ള ബന്ധമാണുള്ളത്. എന്നാൽ ദ്വിതീയ രീതികളിൽ ഇങ്ങനെയുള്ള നേരിട്ടുള്ള ബന്ധം അത്യന്താപേക്ഷിതമല്ല.

ആനുകാലിക സാമൂഹിക പ്രവർത്തനത്തെക്കുറിച്ചുള്ള രചനകളിൽ ഡി.എച്ച്. ഹെപ്‌വർത്തിനെപ്പോലുള്ള എഴുത്തുകാർ ദ്വിതീയ രീതികളെ പ്രാഥമിക രീതികളിൽ നിന്നും വ്യത്യസ്ഥമായല്ല പരിഗണിച്ചിരിക്കുന്നത്, മറിച്ച് പ്രാഥമിക രീതികളെ സഹായിക്കുന്നവയായിട്ടാണ്. അതുകൊണ്ടുതന്നെ പ്രാഥമിക രീതികൾ നേരിട്ടുള്ള പ്രയോഗരീതികൾ എന്നും വിവക്ഷിക്കപ്പെടുന്നു.

2.1. സോഷ്യൽ ആക്ഷൻ (Social Action)

നിങ്ങൾക്ക് പ്ലാച്ചിമട സംഭവത്തെക്കുറിച്ച് ധാരണയുണ്ടാകുമല്ലോ? ആ ഗ്രാമത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൊക്കകോള കമ്പനി അവിടുത്തെ ഭൂഗർഭജലം വ്യാപകമായി ചൂഷണം ചെയ്തുവന്നിരുന്നു. ജനങ്ങൾ കുടിവെള്ളത്തിനായി വളരെയധികം കഷ്ടപ്പെട്ടു. കമ്പനിയുടെ ഉപോൽപ്പന്നമായ ഖര-ദ്രാവക മാലിന്യങ്ങൾ (Sludge), വ്യവസായ മാലിന്യങ്ങൾ എന്നിവ അവിടുത്തെ വെള്ളവും മണ്ണും മലിനമാക്കി. ഗ്രാമീണർ ഈ പ്രശ്നത്തിനെതിരെ പ്രക്ഷോഭം നടത്തുകയുണ്ടായി.

ഈ പ്രശ്നം പരിഹരിക്കുന്നതിന് അവർ എന്തെല്ലാം മാർഗങ്ങളാണ് ഉപയോഗിച്ചത്?

....

- ബോധവൽക്കരണം
- പ്രചരണം
- ബഹുജന പ്രതിഷേധം (Mass Protest)
- നിവേദനം നൽകൽ
- സത്യാഗ്രഹം
- സമരം മുതലായവ.

ബഹുജന സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമൂഹ്യ പ്രവർത്തകർ ഇത്തരം പ്രക്ഷോഭ രീതികൾ വളരെ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തുന്നു. ഈ രീതിയാണ് സോഷ്യൽ ആക്ഷൻ എന്നറിയപ്പെടുന്നത്. സമൂഹത്തിന്റെ ഘടനയിൽ ഗുണാത്മകമായ മാറ്റങ്ങൾ വരുത്തേണ്ടിവരുമ്പോഴോ, തെറ്റായ മാറ്റങ്ങളെ തടയേണ്ടി വരുമ്പോഴോ സാമൂഹ്യ പ്രവർത്തകർ ഈ രീതി അവലംബിക്കുന്നു. അങ്ങനെ എങ്കിൽ നിങ്ങൾക്ക് സോഷ്യൽ ആക്ഷൻ എന്താണെന്ന് നിർവചിക്കാമോ?

തൊഴിൽപരമായ സാമൂഹ്യ പ്രവർത്തനത്തിന്റെ ഒരു ദ്വിതീയ രീതിയാണ് സോഷ്യൽ ആക്ഷൻ. സാമൂഹിക സാമ്പത്തിക സ്ഥാപനങ്ങളിൽ മാറ്റമോ മെച്ചപ്പെടുത്തലോ വരുത്തുന്നതിനുള്ള സംഘടിത ശ്രമമാണിത്. ചില സാമൂഹിക പ്രശ്നങ്ങളായ സ്ത്രീധനം, പ്രകൃതി വിഭവങ്ങളുടെ നശീകരണം, മദ്യപാനം, തൊഴിലാളി ചൂഷണം, മനുഷ്യാവകാശ ധ്വംസനങ്ങൾ എന്നിവ സോഷ്യൽ ആക്ഷനിലൂടെ ഫലപ്രദമായി പരിഹരിക്കുവാൻ സാധിക്കും.

"പ്രചരണത്തിലൂടെയും നിയമനിർമാണത്തിലൂടെയുമുള്ള ബഹുജന അഭിവൃദ്ധിയാണ് (Mass betterment)" സോഷ്യൽ ആക്ഷൻ എന്ന് മേരി റിച്ച്മണ്ട് നിർവചിച്ചിരിക്കുന്നു. എച്ച്.എൽ. വിറ്റ്മറുടെ അഭിപ്രായത്തിൽ "സാമൂഹികമായി ആശാസ്യമായി കരുതപ്പെടുന്ന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടി സംഘടിതവും നിയമാനുസൃതവുമായ പ്രവർത്തനങ്ങളിലൂടെ പൊതുജനാഭിപ്രായം സ്വരൂപിച്ചും നിയമനിർമാണം നടത്തിയും പൊതുഭരണത്തെ മാറ്റുന്നതുമായ പ്രവർത്തനങ്ങളാണ്" സോഷ്യൽ ആക്ഷൻ എന്നു പറയുന്നത്. ചുരുക്കത്തിൽ സോഷ്യൽ ആക്ഷൻ ബഹുജനപ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന രീതിയാണ്.

സോഷ്യൽ ആക്ഷന്റെ സവിശേഷതകൾ (Characteristics of Social Action)

സോഷ്യൽ ആക്ഷന്റെ നിർവചനത്തിൽ നിന്നും ഇതിന്റെ സവിശേഷതകൾ നിങ്ങൾക്ക് കണ്ടെത്താനാകുമോ?

....

- സോഷ്യൽ ആക്ഷൻ സാമൂഹ്യ പ്രവർത്തനത്തിന്റെ ഒരു ദ്വിതീയ രീതിയാണ്.
- ഇത് സാമൂഹിക പരിസ്ഥിതിയെ മാറ്റിയെടുക്കാൻ പരിശ്രമിക്കുന്നു.
- ഇത് വ്യക്തികളുടെയും സമൂഹത്തിന്റെയും രീതികളിലും മനോഭാവത്തിലും മാറ്റം കൊണ്ടുവരുന്നു.

- ഇത് നിയമാനുസൃതവും ജനാധിപത്യപരവുമാണ്.
- ഇത് സാമൂഹിക നയങ്ങളും സാമൂഹിക നിയമനിർമാണവും മെച്ചപ്പെടുത്തുവാൻ പരിശ്രമിക്കുന്നു.
- ഇത് സാമൂഹിക സ്ഥാപനങ്ങളെ പുനർസംഘടിപ്പിക്കുന്നതിൽ ലക്ഷ്യമിടുന്നു.
- സോഷ്യൽ ആക്ഷൻ സംഘർഷാത്മകമാണെങ്കിലും അക്രമരഹിതമാണ്.

ഉദ്ദേശ്യങ്ങൾ (Objectives)

എല്ലാ പൗരന്മാരുടേയും സമ്പുഷ്ടവും സമ്പൂർണ്ണവുമായ ജീവിതം സാധ്യമാക്കുന്ന തരത്തിൽ സാമൂഹിക സാംസ്കാരിക പരിസ്ഥിതിയെ രൂപപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുകയാണ് സോഷ്യൽ ആക്ഷന്റെ പൊതുവായ ഉദ്ദേശ്യം. സോഷ്യൽ ആക്ഷന്റെ സവിശേഷമായ ഉദ്ദേശ്യങ്ങൾ താഴെ പറയുന്നവയാണ്.

- ബഹുജന സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുക.
- ജനങ്ങളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുക.
- സാമൂഹിക സ്ഥാപനങ്ങൾ, നയങ്ങൾ, നിയമനിർമാണം, ഭരണനിർവഹണ രീതികൾ എന്നിവയെ സ്വാധീനിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.
- അധികാരവും വിഭവങ്ങളും നീതിപൂർവ്വമായ രീതിയിൽ പുനർവിന്യസിക്കുക.
- തീരുമാനമെടുക്കൽ പ്രക്രിയയെ സ്വാധീനിക്കുക.
- ജനങ്ങളുടെ മനോഭാവം, മൂല്യബോധം, പെരുമാറ്റം എന്നിവയെ സ്വാധീനിക്കുക.

സോഷ്യൽ ആക്ഷന്റെ തത്വങ്ങൾ (Principles of Social Action)

ഏതൊരു സംരംഭത്തിന്റെയും വിജയം ഉറപ്പുവരുത്തുന്നതിന് ശീലിക്കേണ്ട പൊതു മാർഗനിർദ്ദേശങ്ങളോ സുവ്യക്തമായ ഉത്തരവുകളോ ആണ് തത്വങ്ങൾ എന്നു പറയുന്നത്. താഴെ പറയുന്ന തത്വങ്ങൾ സോഷ്യൽ ആക്ഷൻ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നമ്മെ സഹായിക്കുന്നു:

a. വിശ്വാസ്യത രൂപീകരണ തത്വം (Principle of credibility building)

പൊതുജനങ്ങളുടെ സ്വീകാര്യതയ്ക്കും വിശ്വാസ്യതയ്ക്കുമാണ് ക്രെഡിബിലിറ്റി എന്നു പറയുന്നത്. സോഷ്യൽ ആക്ഷന്റെ മുന്നേറ്റത്തിൽ നേതാവും പ്രസ്ഥാനവും അണികളും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്നു എന്ന വിശ്വാസ്യത ആർജിക്കേണ്ടത് അത്യാവശ്യമാണ്. എതിരാളികളോടുള്ള സൗമനസ്യവും ബഹുമാനവും പ്രകടിപ്പിക്കൽ, മാതൃകാപരമായ പെരുമാറ്റം, ധാർമികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കൽ, ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ പരിശ്രമിക്കൽ എന്നിവയിലൂടെ നമുക്ക് വിശ്വാസ്യത വളർത്താം. സോഷ്യൽ ആക്ഷൻ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലെ വിജയവും വിശ്വാസ്യത ആർജിക്കുന്നതിന് സഹായിക്കുന്നു.

b. നിയമാധിഷ്ഠിത തത്വം (Principle of legitimisation)

പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യങ്ങൾ ധാർമികമായി ശരിയാണെന്ന് ബഹുജനങ്ങളെയും ലക്ഷ്യംവയ്ക്കുന്ന ജനവിഭാഗത്തെയും (Target group) ബോധ്യപ്പെടുത്തുന്ന പ്രക്രിയക്കാണ് നിയമാധിഷ്ഠിത തത്വം അഥവാ ലെജിറ്റിമൈസേഷൻ എന്നു പറയുന്നത്. പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളുടെ പ്രസക്തി സ്ഥാപിച്ചെടുക്കുന്നതിന് ധാർമിക, തത്വശാസ്ത്രാധിഷ്ഠിത, നിയമാധിഷ്ഠിത, സാങ്കേതിക, പൊതുജനാഭിപ്രായ മാർഗങ്ങൾ നേതാക്കൾ സ്വീകരിക്കുന്നു.

c. നാടകീയപ്രകടന തത്വം (Principle of dramatisation)

പ്രശ്നപരിഹാരത്തിനു ബഹുജനമുന്നേറ്റം ഉണ്ടാക്കുവാൻ വേണ്ടി വൈകാരിക ഉണർവ് സൃഷ്ടിക്കത്തക്കവിധത്തിൽ നാടകീയ പ്രകടനങ്ങൾ ഉണ്ടാക്കണമെന്ന് പറയുന്ന തത്വമാണിത്. നാടകീയത ഉണ്ടാക്കുന്നതിന് ഗാനങ്ങൾ, തെരുവ് നാടകങ്ങൾ, ശക്തമായ പ്രഭാഷണങ്ങൾ, ബഹിഷ്കരണം, മുദ്രാവാക്യങ്ങൾ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

d. ദ്വന്ദ്വ സമീപന തത്വം (Principles of dual approach)

നിലനിൽക്കുന്ന സാമൂഹിക സംവിധാനങ്ങളെ വെല്ലുവിളിക്കുന്നതോടൊപ്പം, സോഷ്യൽ ആക്ഷൻ പുതിയ സംവിധാനവും രീതികളും മുന്നോട്ട് വയ്ക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, കേരളത്തിലെ സോഷ്യൽ ആക്ഷൻ സംഘടനയായ ഇൻഫാം (INFARM) മദ്ധ്യവർത്തികളുടെ കർഷക ചൂഷണത്തിന് എതിരെ സമരം ചെയ്യുമ്പോൾ തന്നെ കാർഷിക ഉൽപ്പന്ന വിപണനത്തിന് ആഴ്ച ചന്തകളും കർഷക സഹകരണ സംഘങ്ങളുടെ രൂപീകരണവും നടത്തുന്നു.

e. ബഹുതല തന്ത്രങ്ങളും പരിപാടികളും എന്ന തത്വം (Principle of multiple strategies and programmes)

സോഷ്യൽ ആക്ഷന് വിവിധങ്ങളായ സമീപന രീതികളും തന്ത്രങ്ങളും ഉണ്ട്. സോഷ്യൽ ആക്ഷൻ പ്രസ്ഥാനം ലക്ഷ്യപ്രാപ്തിക്കുവേണ്ടി വൈവിധ്യമാർന്ന തന്ത്രങ്ങളും പരിപാടികളും പ്രയോജനപ്പെടുത്തണമെന്ന് ഈ തത്വം പ്രസ്താവിക്കുന്നു.

സോഷ്യൽ ആക്ഷന്റെ തന്ത്രങ്ങൾ (Strategies of Social Action)

നിങ്ങൾക്ക് പരിചയമുള്ള ഏതെങ്കിലും സോഷ്യൽ ആക്ഷൻ സംഘടനകളുടെ പ്രവർത്തന പരിപാടികൾ എഴുതാമോ?

- ....

പ്രചരണം, സമരം, ബഹിഷ്കരണം, കോലം കത്തിക്കൽ മുതലായവ സോഷ്യൽ ആക്ഷൻ ഗ്രൂപ്പുകൾ അവരുടെ ലക്ഷ്യം നേടിയെടുക്കുന്നതിന് ഉപയോഗിക്കുന്ന ചില തന്ത്രങ്ങൾ ആണ്.

സോഷ്യൽ ആക്ഷന്റെ മൂന്ന് തരത്തിലുള്ള തന്ത്രങ്ങളെ കുറിച്ച് പ്രൊഫസർ ലീ നിർദ്ദേശിക്കുന്നു - ഒത്തുചേർന്ന് പ്രവർത്തിക്കൽ (Collaboration), മത്സരം (Competition),

ഏറ്റുമുട്ടൽ (Confrontation). സാമൂഹിക നയങ്ങളിൽ മാറ്റം വരുത്തുന്നതിനുവേണ്ടി അധികാരികളും സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതാണ് ഒത്തു ചേർന്ന് പ്രവൃത്തിക്കൽ. മദ്ധ്യസ്ഥശ്രമം, വിലപേശൽ, അനുനയനം തുടങ്ങിയ തന്ത്രങ്ങൾ ഉപയോഗിച്ച് പൊതുവേ അംഗീകരിക്കുന്ന പ്രവർത്തന കരാറിൽ എതിർ ചേരികൾ എത്തിച്ചേരുന്നതാണ് മത്സരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുടുതൽ സംഘർഷാത്മക തന്ത്രങ്ങളായ സമരങ്ങൾ, ബഹിഷ്കരണങ്ങൾ, ഉപവാസം, കുത്തിയിരിപ്പ് സമരം മുതലായവ ഉപയോഗപ്പെടുത്തുന്നതാണ് ഏറ്റുമുട്ടൽ. റിച്ചാർഡ് ബ്രയന്റ് എന്ന സാമൂഹിക പ്രവർത്തകൻ രണ്ടുതരം തന്ത്രങ്ങളാണ് സോഷ്യൽ ആക്ഷനായി മുന്നോട്ട് വയ്ക്കുന്നത് - വിലപേശലും ഏറ്റുമുട്ടലും. വിലപേശൽ (Bargaining) തന്ത്രങ്ങളിൽ, കൂട്ടമായി സമ്മർദ്ദം ചെലുത്തൽ (Lobbying), പരാതി നൽകൽ, വിവരങ്ങൾ കൈമാറൽ, പ്രചരണ പരിപാടികൾ മുതലായവ ഉൾപ്പെടുന്നു. സമരം, സത്യാഗ്രഹം മുതലായവ ഏറ്റുമുട്ടൽ തന്ത്രങ്ങളിൽ ഉൾപ്പെടുന്നു.

സോഷ്യൽ ആക്ഷന്റെ പ്രക്രിയ (Process of Social Action)

സോഷ്യൽ ആക്ഷൻ അതിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നിയതമായ പല ഘട്ടങ്ങളിലൂടെ കടന്ന് പോകുന്നു. എല്ലാ സോഷ്യൽ ആക്ഷൻ മുന്നേറ്റങ്ങളിലും കാണപ്പെടുന്ന ഈ പൊതുവായ ഘട്ടങ്ങളെയാണ് സോഷ്യൽ ആക്ഷന്റെ പ്രക്രിയ എന്നറിയപ്പെടുന്നത്. മത്സ്യതൊഴിലാളി മുന്നേറ്റത്തെക്കുറിച്ചോ ഇൻഫാം നടത്തിയ സോഷ്യൽ ആക്ഷൻ പരിപാടിയെക്കുറിച്ചോ നിങ്ങൾക്ക് പരിചയമുണ്ടോ? അവ എങ്ങനെയാണ് ആരംഭിച്ച് വിവിധ ഘട്ടങ്ങളിലൂടെ മുന്നേറിയത്?

- ....

താഴെ കൊടുത്തിരിക്കുന്ന ചിത്രം സോഷ്യൽ ആക്ഷൻ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെ ചിത്രീകരിക്കുന്നു.



സോഷ്യൽ ആക്ഷൻ പ്രക്രിയ

പ്രൊഫസർ ലീ യുടെ അഭിപ്രായത്തിൽ സോഷ്യൽ ആക്ഷൻ പ്രക്രിയക്ക് അഞ്ച് ഘട്ട ങ്ങൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു.

a. അവബോധം സൃഷ്ടിക്കൽ (Developing awareness)

പ്രശ്നമുണ്ടെന്ന് മനസ്സിലാക്കൽ, എന്താണ് പ്രശ്നം എന്ന് കണ്ടെത്തൽ, വിവരശേഖ രണം, പ്രശ്നത്തിന്റെ കാര്യകാരണങ്ങളും ഫലവും മനസ്സിലാക്കൽ, സാമൂഹിക വിദ്യാ ഭ്യാസം, ബോധവൽക്കരണ പരിപാടികൾ എന്നിവ അവബോധം സൃഷ്ടിക്കൽ എന്ന ഘട്ടത്തിൽപ്പെടുന്നു.

b. സംഘാടനം (Organisation)

ജനകീയ പിന്തുണ നേടൽ, സോഷ്യൽ ആക്ഷന്റെ ലക്ഷ്യങ്ങൾ രൂപപ്പെടുത്തൽ, മുന്നേ റ്റത്തെ നയിക്കാൻ പറ്റിയ നേതാക്കളെ കണ്ടെത്തി ചുമതല ഏൽപ്പിക്കൽ മുതലായവ യെല്ലാം സംഘാടനത്തിന്റെ ദൗത്യങ്ങളിൽപ്പെടുന്നു.

c. തന്ത്രങ്ങൾ ആവിഷ്കരിക്കൽ (Planning Strategies)

സോഷ്യൽ ആക്ഷന്റെ മൂന്നാമത്തെ ഘട്ടമാണ് തന്ത്രങ്ങൾ ആവിഷ്കരിക്കൽ. പ്രശ്ന ത്തിന്റെ സ്വഭാവം, തീവ്രത, പ്രതിരോധത്തിന്റെ ശക്തിയും തലവും, ജനകീയ പങ്കാ ളിത്തം എന്നിവയെ ആശ്രയിച്ചാണ് എതുതരം തന്ത്രങ്ങൾ ഉപയോഗിക്കണം എന്ന് തീരുമാനിക്കുന്നത്. ഈ തന്ത്രങ്ങൾ, ഒത്തു ചേർന്ന് പ്രവൃത്തിക്കൽ (Collaboration) മത്സരിച്ച് പ്രവർത്തിക്കൽ (Competition) സംഘർഷാത്മക പ്രവർത്തനങ്ങൾ (Conflict) എന്നിവയാകാം.

d. സോഷ്യൽ ആക്ഷൻ തന്ത്രങ്ങൾ നടപ്പിലാക്കൽ (Implementation of Social Action Strategies)

ആസൂത്രണം ചെയ്ത സോഷ്യൽ ആക്ഷൻ തന്ത്രങ്ങൾ ചിട്ടയായി നടപ്പിലാക്കുന്ന ഘട്ടമാണിത്. ഇങ്ങനെ സോഷ്യൽ ആക്ഷൻ തന്ത്രങ്ങൾ നടപ്പിലാക്കുമ്പോൾ അവ ജനാധിപത്യപരവും നിയമാനുസൃതവുമാണെന്ന് ഉറപ്പ് വരുത്തുവാൻ ശ്രദ്ധിക്കണം. ഇത്തരം പ്രവർത്തനങ്ങളിലേക്ക് സാമൂഹികവിരുദ്ധ ശക്തികളും ആക്രമോൽസുകരും കടന്ന് കൂടുന്നത് തടയണം.

e. വിലയിരുത്തൽ (Evaluation)

ഈ ഘട്ടത്തിൽ സോഷ്യൽ ആക്ഷൻ ഗ്രൂപ്പ് അതിന്റെ പ്രവർത്തനവും ഫലപ്രാപ്തിയും വിലയിരുത്തുന്നു. ഈ വിലയിരുത്തലിന്റെ പശ്ചാത്തലത്തിൽ തന്ത്രങ്ങളിൽ മാറ്റം വരു ത്തുകയോ സോഷ്യൽ ആക്ഷന്റെ ലക്ഷ്യം തന്നെ മാറ്റുകയോ ചെയ്യാവുന്നതാണ്.

സാമൂഹിക നയരൂപീകരണം (Social Policy Formulation)

സാമൂഹിക നയരൂപീകരണത്തെ സ്വാധീനിക്കുവാൻ സഹായിക്കുന്ന ഒരു പ്രധാന ഉപകരണമാണ് സോഷ്യൽ ആക്ഷൻ. സർക്കാരിന്റെ തീരുമാനവും പദ്ധതികളും നട പ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പൊതുവായ മാർഗനിർദ്ദേശങ്ങളും സമീപനങ്ങളു മാണ് സാമൂഹികനയം. ഇത് ആവശ്യങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതും വിഭവ

ങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു ജനാധിപത്യ സമൂഹത്തിൽ, ദുർബലവിഭാഗത്തിന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ആവശ്യങ്ങളും പ്രശ്ന ങ്ങളും, സാമൂഹികനയം പ്രതിഫലിപ്പിക്കുന്നു. ആരോഗ്യം, ഭവനനിർമാണം, വരുമാനമാർഗം കണ്ടെത്തൽ, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമാർജ്ജനം, വയോജനങ്ങളുടെ പരിപാലനം, തുടങ്ങിയവയെ കുറിച്ചുള്ള നയങ്ങളെല്ലാം സാമൂഹിക നയത്തിൽ ഉൾപ്പെടുന്നു. അവശവിഭാഗങ്ങൾക്ക് അനുകൂലമായി സാമൂഹിക നയത്തെ രൂപപ്പെടുത്തുന്നതിനും അവ നടപ്പിലാക്കുന്നതിനുമുള്ള നിയമനിർമാണത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്നതിനും സോഷ്യൽ ആക്ഷൻരീതി ഫലപ്രദമായി ഉപയോഗിക്കുന്നു. ഇങ്ങനെ സാമൂഹിക നയത്തെ മാറ്റിമറിക്കുന്നതിൽ സോഷ്യൽ ആക്ഷൻ ഉപയോഗപ്പെടുത്തിയതിന്റെ ധാരാളം ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടികാണിക്കാവുന്നതാണ്. നർമ്മദാ നദിക്ക് കുറുകെ വലിയ അണക്കെട്ടുകൾ പണിയുക എന്ന നയത്തിൽ നിന്നും സർക്കാരിനെ പിൻതിരിപ്പിക്കാൻ നിർബന്ധിച്ചത് സുപ്രസിദ്ധ സാമൂഹ്യ പ്രവർത്തകയായ മേധാപട്കറുടെ പരിശ്രമഫലമായാണ്. മദ്യത്തിനെതിരെയുള്ള സോഷ്യൽ ആക്ഷൻ സംഘടനകളുടെ പ്രവർത്തന ഫലമായാണ് പല സംസ്ഥാനങ്ങളിലും മദ്യനിരോധന നയം പല സർക്കാരുകളും സ്വീകരിച്ചത്.

ഇന്ത്യയിൽ സോഷ്യൽ ആക്ഷന്റെ സാധ്യത

സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുക, സാമൂഹികക്ഷേമപരിപാടികളും വികസന പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക, അവ ഉദ്ദേശിച്ചിട്ടുള്ള ജനവിഭാഗത്തിനുതന്നെ ലഭ്യമാക്കുക തുടങ്ങിയവ സോഷ്യൽ ആക്ഷൻ രീതി ലക്ഷ്യമാക്കുന്നു.

നാനാവിധങ്ങളായ സാമൂഹിക പ്രശ്നങ്ങളും അവ മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളും പരിഹരിക്കുന്നതിന് സോഷ്യൽ ആക്ഷൻ രീതി സഹായിക്കുന്നു. സ്ത്രീധനപ്രശ്നം, ബാലവിവാഹം, ഭൂമിയില്ലായ്മ, നിരക്ഷരത, മനുഷ്യാവകാശ ധ്വംസനങ്ങൾ, ബാലവേല, അന്ധവിശ്വാസങ്ങൾ, ഗോത്രവർഗക്കാർ, സ്ത്രീകൾ, കർഷകർ, ദളിതർ എന്നിവരുടെ പ്രശ്നങ്ങൾ തുടങ്ങിയവ സോഷ്യൽ ആക്ഷൻ രീതിയിലൂടെ പരിഹരിക്കാവുന്ന ചില പ്രശ്നങ്ങളാണ്. പരിസ്ഥിതി പ്രശ്നങ്ങളായ അമിതമായ മണൽവാരൽ, ചെങ്കല്ല് ഖനനം, പാറപൊട്ടിക്കൽ, മലിനീകരണം, വനനശീകരണം മുതലായവയും സോഷ്യൽ ആക്ഷന്റെ ഇടപെടൽ ആവശ്യമായ മേഖലകളാണ്.

സോഷ്യൽ ആക്ഷൻ സംഘടനകൾ (Social Action Groups)

നിങ്ങൾക്ക് വിവിധ സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സോഷ്യൽ ആക്ഷൻ സംഘടനകളുടെ പേരെഴുതാമോ?

- ....

ഇന്ത്യയിൽ 1960 ന് ശേഷം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയും മർദിതവിഭാഗങ്ങളെയും വിദ്യഅഭ്യസിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും സംഘടിപ്പിക്കുന്നതിനുമായി ധാരാളം സോഷ്യൽ ആക്ഷൻ സംഘടനകൾ ഉടലെടുത്തു. ഈ സോഷ്യൽ ആക്ഷൻ സംഘടനകൾ ഏറ്റവും താഴെതട്ടിലുള്ള ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുകയും അവരുടെ പ്രശ്നങ്ങളുമായി താദാത്മ്യം പ്രാപിക്കുകയും അങ്ങനെ

അവരുടെ സാമൂഹിക പരിവർത്തനത്തിന് തങ്ങളുടേതായ സംഭാവനകൾ നൽകുകയും ചെയ്യുന്നു. ഇവർ ഗോത്രവർഗക്കാർ, ഗ്രാമത്തിലെയും നഗരത്തിലെയും ദരിദ്രർ, മർദ്ദിതർ, സ്ത്രീകൾ തുടങ്ങിയ സമൂഹത്തിന്റെ ഇടയിൽ താഴെ തട്ടിലുള്ളവർക്കായാണ് പ്രധാനമായും പ്രവർത്തിക്കുന്നത്.

A. പരിസ്ഥിതി സംരക്ഷണ സംഘടനകൾ (Environment Action Groups)

മനുഷ്യർക്കും ഇതരജീവജാലങ്ങൾക്കും ഗുണകരമാകത്തക്കവിധത്തിൽ പ്രകൃതിയെ നൈസർഗികമായി സംരക്ഷിക്കുന്നതാണ് പരിസ്ഥിതി സംരക്ഷണം. ജനസംഖ്യയുടെയും സാങ്കേതികവിദ്യയുടെയും സമ്മർദ്ദത്താൽ നമ്മുടെ ജൈവികവും ഭൗതികവുമായ പരിസ്ഥിതി നശിച്ചുകൊണ്ടിരിക്കുന്നു. ഈ അവസ്ഥ മനസ്സിലാക്കി പരിസ്ഥിതി സംരക്ഷണത്തിനായി ധാരാളം സംഘടനകൾ ഉടലെടുക്കുകയും പരിസ്ഥിതിയുടെ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. നർമ്മദാ ബച്ചാവോ ആന്ദോളൻ (NBA-Narmada Bachao Andolan), ചിപ്കോ പ്രസ്ഥാനം, സൈലന്റ് വാലി സംരക്ഷണ പ്രസ്ഥാനം, എൻഡോസൾഫാൻ വിരുദ്ധ പ്രസ്ഥാനം, മുല്ലപ്പെരിയാർ സംരക്ഷണ സമിതി, പ്ലാച്ചിമടയിലെ കൊക്കക്കോള വിരുദ്ധ പ്രസ്ഥാനം, വയനാട് പ്രകൃതി സംരക്ഷണ സമിതി, കരിമണൽ ഖനനവിരുദ്ധ പ്രസ്ഥാനം, സൊസൈറ്റി ഫോർ എൻവയൺമെന്റ് എഡ്യൂക്കേഷൻ ഇൻ കേരള (SEEK-Society for Environment Education in Kerala) തുടങ്ങിയവ പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഏതാനും സോഷ്യൽ ആക്ഷൻ സംഘടനകളാണ്.

b. ആദിവാസി ദളിത് ആക്ഷൻ ഗ്രൂപ്പുകൾ (Adivasi Dalit Action Groups)

ജാതിയുടെയും വർഗ്ഗത്തിന്റെയും തൊട്ടുകൂടായ്മയുടെയും പേരിൽ പരമ്പരാഗതമായി അവഗണന അനുഭവിക്കുന്ന മർദ്ദിതവിഭാഗമാണ് ദളിതർ. ഇവർ മർദ്ദിതരായും പാർശ്വവൽക്കരിക്കപ്പെട്ടവരായും തരംതാഴ്ത്തപ്പെട്ടവരായും പരിഗണിക്കപ്പെടുന്നു. ഇങ്ങനെ തരംതാഴ്ത്ത പ്പെട്ടവരുടെ ഉന്നമനത്തിനും വിമോചനത്തിനുമായി

ദളിത് നേതാക്കൻമാരുടെ നേതൃത്വത്തിലുള്ള മുന്നേറ്റം ദളിത് മുന്നേറ്റം എന്ന് അറിയപ്പെടുന്നത്. ഇന്ത്യയിലെ തദ്ദേശിയ ജനവിഭാഗമാണ് ആദിവാസികൾ. ഉദ്യോഗസ്ഥവൃന്ദത്താലും, കുടിയേറ്റക്കാരാലും ഏറ്റവും അധികം ചൂഷണത്തിന് വിധേയമായവരാണ് ആദിവാസികൾ. ആദിവാസി ദളിത് ആക്ഷൻ ഗ്രൂപ്പുകൾ ആദിവാസികൾക്കും ദളിതർക്കുമെതിരെയുള്ള അതിക്രമങ്ങൾ, സാമൂഹിക ഭ്രഷ്ട് (ബഹിഷ്കരണം), ഭൂമിയില്ലായ്മ, സംവരണം മുതലായ പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ആദിവാസി ദളിത് സമരസമിതി, ആദിവാസി ഗോത്രമഹാസഭ മുതലായവ ആദിവാസികളുടെയും ദളിതരുടെയും ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സോഷ്യൽ ആക്ഷൻ സംഘടനകളാണ്.

c. വനിത ആക്ഷൻ ഗ്രൂപ്പുകൾ (Women Action Groups)

അക്രമരാഹിത്യത്തിനും സാമൂഹിക നീതിക്കുമായുള്ള സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനും, സ്ത്രീശാക്തീകരണത്തിനും വേണ്ടി സ്ത്രീകളുടെ ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളെയാണ് വനിത ആക്ഷൻ സംഘടനകൾ എന്ന് പറയുന്നത്. സ്ത്രീവിവേചനവും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക അവകാശങ്ങൾക്കുള്ള വിലങ്ങുതടികളാണെന്ന് ഇത്തരം സംഘടനകൾ വിശ്വസിക്കുന്നു. അതുകൊണ്ട് തന്നെ, വനിത ആക്ഷൻ സംഘടനകൾ പ്രധാനമായും സ്ത്രീകളോടുള്ള വിവേചനത്തിന് എതിരെയും അക്രമത്തിനെതിരെയും അവരെ ശാക്തീകരിക്കുന്നതിൽ ശ്രദ്ധചെലുത്തുന്നു. സഖി, സഹജ, അന്വേഷി, സ്ത്രീവേദി മുതലായവ കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന വനിത സോഷ്യൽ ആക്ഷൻ സംഘടനകളാണ്.

d. കർഷക ആക്ഷൻ സംഘടനകൾ (Farmer Action Groups)

കൃഷിയിൽ ഏർപ്പെട്ട്, ജീവജാലങ്ങളെ ഭക്ഷണത്തിനോ അസംസ്കൃത പദാർത്ഥങ്ങൾക്കോ വേണ്ടി വളർത്തുന്നവരാണ് കർഷകർ. അവർ സ്വന്തമായി ഭൂമി ഉള്ളവരോ മറ്റുള്ളവരുടെ ഭൂമിയിൽ തൊഴിലാളിയായി പ്രവർത്തിക്കുകയോ ചെയ്യുന്നവരാകാം. കർഷകർ ഇന്ന് ധാരാളം പ്രശ്നങ്ങൾ അഭി

മുഖീകരിക്കുന്നു. മാത്രമല്ല കർഷകർ അവരുടെ നിലനിൽപിനായി പാടുപെടുന്നു. ഉൽപ്പാദനക്കുറവ്, വിലക്കുറവ്, വരുമാനക്കുറവ് എന്നിവ അവർ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികളാണ്. പ്രവചനാതീതമായ കാലാവസ്ഥാവ്യതിയാനം, ഉൽപ്പാദന ചെലവ് വർദ്ധിക്കുന്നത്, മദ്ധ്യവർത്തികളുടെ ചൂഷണം എന്നിവ അവരുടെ കഷ്ടപ്പാടിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. ഫാർമേഴ്സ് റിലീഫ് ഫോറം, ഇൻഫാം, കർഷക രക്ഷാ സമിതി, കുട്ടനാട് കർഷക സമിതി, മലയോരകർഷക സമിതി തുടങ്ങിയവ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രയത്നിക്കുന്ന പ്രസ്ഥാനങ്ങളാണ്.

e. മത്സ്യത്തൊഴിലാളി ആക്ഷൻ സംഘടനകൾ (Fishermen Action Groups)



മത്സ്യബന്ധനം നടത്തുകയോ മത്സ്യ ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുകയോ, സംസ്കരിക്കുകയോ, കച്ചവടം നടത്തുകയോ ചെയ്ത് ജീവസന്ധാരണം നടത്തുന്ന സ്ത്രീപുരുഷന്മാരെയും കുട്ടികളെയും ആണ് മുക്കുവ സമൂഹം എന്ന് വിളിക്കുന്നത്. മത്സ്യങ്ങളുടെ ലഭ്യതക്കുറവ്, അമിതമായ യന്ത്രവൽകൃത മത്സ്യബന്ധനം, കാലാവസ്ഥാ മാറ്റമനുസരിച്ച് കടലിന്റെ പ്രക്ഷുബ്ധാവസ്ഥ, മദ്ധ്യവർത്തികളുടെ ചൂഷണം മുതലായവയാണ് മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ, നാഷണൽ ഫിഷർമെൻ ആക്ഷൻ കൗൺസിൽ, നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം മുതലായവയാണ് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന പ്രധാന സോഷ്യൽ ആക്ഷൻ സംഘടനകൾ.

f. മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ആക്ഷൻ ഗ്രൂപ്പുകൾ (Action Group against Alcohol and Drugs)

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പ്രത്യാഘാതങ്ങൾ ഇന്ത്യൻ സമൂഹത്തിന് വലിയൊരു ഭാരമായിതീരുന്നു. ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രശ്നമെന്ന നിലയിൽ ആസക്തി സമ്പദ്‌വ്യവസ്ഥയെയും ആരോഗ്യരക്ഷാസംവിധാനത്തെയും നീതിന്യായവ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു. ഇത് തൊഴിൽ ഭദ്രതയ്ക്കും പൊതുസുരക്ഷിതത്വത്തിനും വൈവാഹിക – കുടുംബ ജീവിതത്തിനും ഭീഷണിയാകുന്നു. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വർജ്ജനത്തിനും നിരോ



ധനത്തിനും വേണ്ടി പ്രവർത്തിക്കുന്ന സോഷ്യൽ ആക്ഷൻ സംഘടനകൾ ഉണ്ട്. മദ്യ-വിരുദ്ധ സമിതി, മദ്യവർജന സമിതി എന്നിവ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ രണ്ട് സോഷ്യൽ ആക്ഷൻ പ്രസ്ഥാനങ്ങൾ ആണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സഹകരിച്ച് പ്രവർത്തിക്കലും മത്സരവും .... ന്റെ തന്ത്രങ്ങളാണ്.
2. നിങ്ങളുടെ പ്രദേശത്തുള്ള പരിസ്ഥിതി രംഗത്ത് പ്രവർത്തിക്കുന്ന ആക്ഷൻ സംഘടനകൾ കണ്ടെത്തി അവയുടെ ലക്ഷ്യങ്ങൾ എഴുതുക.
3. നിങ്ങളുടെ ഗ്രാമത്തിലെ വ്യാജമദ്യ വ്യാപാരം നിങ്ങളുടെ നിരീക്ഷണത്തിൽപ്പെട്ടു എന്ന് കരുതുക. സോഷ്യൽ വർക്കിന്റെ ഏത് രീതിയാണ് ഈ പ്രശ്നത്തിൽ ഇടപെടാൻ ഏറ്റവും യോജിച്ചത്? ഈ പ്രശ്നം ഫലപ്രദമായി പരിഹരിക്കുന്നതിന് നിങ്ങൾ ഏത് തന്ത്രങ്ങളാണ് പ്രയോജനപ്പെടുത്തുക എന്ന് വിവരിക്കുക.
4. ലോകാരോഗ്യദിനത്തിൽ മദ്യത്തിനെതിരെ അസംബ്ലിയിൽ എടുക്കുവാൻ ഒരു പ്രതിജ്ഞ തയാറാക്കുക.



1. ഏതെങ്കിലുമൊരു പ്രത്യേക പ്രശ്നം കൈകാര്യം ചെയ്യുന്ന ഒരു സാമൂഹിക പ്രക്ഷോഭകനുമായി സംസാരിച്ച് അവർ പ്രയോഗിക്കുന്ന തന്ത്രങ്ങൾ പഠിക്കുക.
2. നിങ്ങളുടെ പ്രദേശത്തെ ഒരു പ്രശ്നം പരിഹരിക്കുന്നതിന് ഒരു സോഷ്യൽ ആക്ഷൻ പ്രവർത്തനം സംഘടിപ്പിക്കുക.

2.2. സാമൂഹ്യ ക്ഷേമ ഭരണനിർവഹണം (Social Welfare Administration)

സാമൂഹ്യ ക്ഷേമ ഭരണനിർവഹണത്തിന്റെ അർത്ഥം ചർച്ച ചെയ്യുന്നതിനുമുമ്പ് ഭരണനിർവഹണത്തിന്റെ (Administration) അർത്ഥം എന്താണെന്ന് നോക്കാം. ഒരു പൊതുവായ ലക്ഷ്യം നേടുന്നതിനുവേണ്ടി മനുഷ്യർ സഹകരിച്ച് പ്രവർത്തിക്കുന്നതാണ് ഭരണനിർവഹണം. അങ്ങനെ നോക്കുമ്പോൾ എല്ലാ സംഘപ്രവർത്തനത്തിലും, അത് കുടുംബമാകട്ടെ, വ്യവസായശാലയാകട്ടെ, ആശുപത്രിയാകട്ടെ, സർവകലാശാലയാകട്ടെ, സർക്കാരിന്റെ വകുപ്പുകളാകട്ടെ അവിടെ ഭരണനിർവഹണം ഉണ്ട്. ലളിതമായ ഭാഷയിൽ പറഞ്ഞാൽ ഭരണനിർവഹണം എന്നാൽ 'കാര്യങ്ങൾ കൈകാര്യം ചെയ്യുക', 'ജനങ്ങളെ സംരക്ഷിക്കുക' എന്നൊക്കെയാണ് അർത്ഥം. ഭരണനിർവഹണം എന്നാൽ നിയന്ത്രിക്കുകയും നിർദേശിക്കുകയും

സേവിക്കുകയും ചെയ്യുക എന്നാണ്. എൽ.ഡി. വൈറ്റിന്റെ വീക്ഷണത്തിൽ ചില ഉദ്ദേശ്യങ്ങളോ ലക്ഷ്യങ്ങളോ നേടുന്നതിനു വേണ്ടി വ്യക്തികൾക്ക് നിർദേശം നൽകുകയും ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന കലയാണ് ഭരണനിർവഹണം. ഇതിൽ നിന്നും ആശാസ്യമായ ചില ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടി വ്യക്തികളെയും വസ്തുക്കളെയും സംഘടിപ്പിക്കുന്നതാണ് ഭരണനിർവഹണം എന്ന് മനസ്സിലാക്കാം.

നമ്മുടെ സമൂഹത്തിൽ അവശരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ഏതൊക്കെയാണ്?

- ....
- പാർപ്പിട പ്രശ്നങ്ങൾ
- സുരക്ഷിതമായ കുടിവെള്ളമില്ലായ്മ
- വരുമാന കുറവ് മുതലായവ

ജനങ്ങളുടെ ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെല്ലാം പരിപാടികളാണ് ആവശ്യമായിട്ടുള്ളത്?

- ....
- ഭവനനിർമാണ പരിപാടികൾ
- വരുമാനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ
- തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന പരിപാടികൾ മുതലായവ

അവശതയനുഭവിക്കുന്ന (Disadvantaged) വ്യക്തികളുടെയും സംഘങ്ങളുടെയും സവിശേഷമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയുള്ള സേവനപ്രവർത്തനങ്ങളെയാണ് സാമൂഹിക-ക്ഷേമ പരിപാടികൾ എന്ന് പറയുന്നത്. ഗോത്രവർഗ വികസനം, സ്ത്രീകൾ, വികലാംഗർ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതിയിൽപ്പെട്ടവർ തുടങ്ങിയവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികളും പരിപാടികളും ഈ ഗണത്തിൽപ്പെടുന്നു.

ഇത്തരം പരിപാടികൾ എങ്ങനെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാം?

- ....

ഉപഭോക്താക്കളുടെ യഥാർത്ഥ ആവശ്യങ്ങൾ (Felt needs) കണ്ടെത്തിയും അർഹരായ ആവശ്യക്കാർക്ക് സേവനങ്ങൾ പ്രദാനംചെയ്തും ആസൂത്രണവ്യവസ്ഥ പ്രകാരമുള്ള നിശ്ചിതസമയത്ത് അവ കാര്യക്ഷമമായി നടപ്പിലാക്കിയും സാമൂഹിക ക്ഷേമപരിപാടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഔദ്യോഗിക സാമൂഹ്യ പ്രവർത്തനം പ്രാധാന്യം നൽകുന്നു. ഇങ്ങനെ "സാമൂഹികനയങ്ങളെ സാമൂഹിക സേവനങ്ങളാക്കി പരിവർത്തനം ചെയ്യുന്ന പ്രക്രിയയാണ്" സാമൂഹ്യ ക്ഷേമ ഭരണനിർവഹണം എന്ന് ജോൺ സി. കിഡ്നൈ (John C.Kidneigh) നിർവചിച്ചിരിക്കുന്നു. നയങ്ങളെ പ്രവർത്തന പരിപാടികളാക്കി പരിവർത്തനം ചെയ്യുന്ന പ്രക്രിയ ആയാണ് ഈ നിർവചനം ഭരണ

നിർവഹണത്തെ വിവക്ഷിച്ചിരിക്കുന്നത്. സാമൂഹ്യ ക്ഷേമം ഭരണനിർവഹണം, സാമൂഹ്യ പ്രവർത്തനത്തിന്റെ ഒരു രീതി എന്ന നിലയിൽ സവിശേഷമായ ക്ഷേമപരിപാടികൾ നടപ്പിലാക്കുന്നതിന് സാമൂഹ്യ പ്രവർത്തകർക്കിടയിൽ ഭരണനിർവഹണപരവും ചുമതലാപരവുമായ ശേഷികൾക്കായി തിരയുന്നു. ആസൂത്രണം, അനുയോജ്യമായ ഉദ്യോഗസ്ഥരെ കണ്ടെത്തി വിന്യസിക്കൽ, ശരിയായ മാർഗനിർദേശങ്ങൾ നൽകൽ, അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിഭജിച്ചു നൽകൽ, പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പുരോഗതി നിരീക്ഷിക്കൽ, കൃത്യമായ ധനകാര്യ ആസൂത്രണം തയാറാക്കി നടപ്പിലാക്കൽ, കാര്യങ്ങൾ അന്വേഷിച്ചറിയലും അറിയിക്കലും, വിലയിരുത്തൽ എന്നിവ സാമൂഹിക ക്ഷേമത്തിനായുള്ള ഭരണനിർവഹണത്തിന് സാമൂഹിക പ്രവർത്തകൻ ആർജിക്കേണ്ട ശേഷികളാണ്.

സാമൂഹ്യ ക്ഷേമ ഭരണനിർവഹണ പ്രക്രിയയും ദൗത്യങ്ങളും
(Process and Functions of Social Welfare Administration)

ശാസ്ത്രീയമായ വിഭവശേഷി കൈകാര്യം ചെയ്യലും ഭരണനിർവഹണ ആസൂത്രണത്തിന്റെ ആവശ്യകതയും 1900 ങ്ങളിൽ ഫ്രെഡറിക് ടൈലറുടെ ഗ്രന്ഥങ്ങൾ മുതൽ നമുക്ക് കാണാൻ കഴിയും. ലൂഥർ ഗുള്ളിക് ഭരണനിർവഹണ ദൗത്യത്തെ പ്രതിനിധീകരിക്കുന്ന 'POSDCoRB' എന്ന ചുരുക്കെഴുത്ത് രൂപപ്പെടുത്തിയിട്ടുണ്ട്. ഇതിലെ P ആസൂത്രണത്തിനെയും (P - Planning) O - സംഘാടനത്തിനെയും (O - Organising) S ഉദ്യോഗസ്ഥ നിയമനത്തിനെയും (S - Staffing) Dനേതൃത്വം നൽകലിനെയും (D - Directing) Co ഏകോപനത്തെയും (Co - Coordinating) R റിപ്പോർട്ട് തയാറാക്കലിനെയും (R - Reporting) B ധനകാര്യ ആസൂത്രണത്തിനെയും (Budgeting) സൂചിപ്പിക്കുന്നു. ഓരോ ദൗത്യവും നമുക്ക് ചുരുക്കി ചർച്ച ചെയ്യാം.

ആസൂത്രണം (P - Planning): ഒരു ലക്ഷ്യം നേടുന്നതിന് സ്വീകരിക്കേണ്ട രീതിശാസ്ത്രം, അവ നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളുടെ രൂപരേഖ എന്നിവയാണ് ആസൂത്രണം എന്നതു കൊണ്ട് അർഥമാക്കുന്നത്.

സംഘാടനം (O - Organisation): നമ്മൾ ഏറ്റെടുത്തിരിക്കുന്ന ദൗത്യം നിറവേറ്റുന്നതിനുവേണ്ടി ഔദ്യോഗിക സ്ഥാനങ്ങളും അധികാരങ്ങളും വിഭജിച്ചു നൽകുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതാണ് സംഘാടനം.

ഉദ്യോഗസ്ഥനിയമനം (S - Staffing) : ദൗത്യനിർവഹണത്തിന് സംഘടനയിലെ എല്ലാ സ്ഥാനങ്ങളിലും ആവശ്യത്തിന് യോഗ്യതയുള്ളവരെ നിയമിക്കുന്നതിനെയാണ് ഉദ്യോഗസ്ഥ നിയമനം എന്ന് പറയുന്നത്. ഇതിൽ ആവശ്യമായ ജോലിക്കാരെ കണ്ടെത്തി, നിയമിച്ച്, പരിശീലനം നൽകി നിയോഗിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

നേതൃത്വം നൽകൽ (D - Directing): ദൗത്യത്തിന്റെ പുരോഗതിക്ക് ആവശ്യമായ നിരന്തരതീരുമാനങ്ങൾ എടുക്കുകയും പ്രവർത്തകർക്ക് പ്രത്യേകമായോ പൊതുവായോ കൽപ്പനകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്ന പ്രക്രിയയാണ് നേതൃത്വം നൽകൽ.

ഏകോപനം (Co - Coordinating): ഒരു ഏജൻസിയുടെ വിവിധ ഘടകങ്ങളെ അതിന്റെ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി ക്രമമായി ഏകോപിപ്പിക്കേണ്ടത് ആവശ്യമാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു ഏജൻസിയിലെ വിവിധ വകുപ്പുകളിലും വിഭാഗ

ങ്ങളിലും നടക്കുന്ന വിവിധ പ്രവർത്തനങ്ങളെ പരസ്പരപൂരകമായി ബന്ധിപ്പിക്കുന്നതാണ് ഏകോപനം.

റിപ്പോർട്ട് തയാറാക്കൽ (R - Reporting): സ്ഥാപനത്തിൽ എന്തൊക്കെ നടക്കുന്നുവെന്ന് ഉത്തരവാദിത്തപ്പെട്ടവരെ അറിയിക്കുന്ന പ്രക്രിയയാണ് റിപ്പോർട്ടിംങ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, പരിശോധന, ഗവേഷണം, റിക്കോർഡുകൾ എന്നിവ മുഖാന്തിരം വിവരങ്ങൾ ശേഖരിച്ച് കീഴ് ഉദ്യോഗസ്ഥരെയും മേൽനോട്ടക്കാരെയും എന്തൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് അറിയിക്കുന്ന പ്രക്രിയയാണിത്.

ധനകാര്യ ആസൂത്രണം (B - Budgeting): ധനപരമായ ആസൂത്രണം, നിയന്ത്രണം, രേഖപ്പെടുത്തൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതാണ് ധനകാര്യ ആസൂത്രണം.

POSDCoRB എന്ന് ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ എല്ലാ വലിയ സ്ഥാപനങ്ങളിലും പൊതുവായുള്ളതാണ്. വിവിധ സ്ഥാപനങ്ങളിൽ കാണപ്പെടുന്ന ഭരണനിർവഹണ ദൗത്യങ്ങളാണവ.



സംഘാടന ഘടനാവിന്യാസം (Organogram)

എല്ലാ സാമൂഹ്യ പ്രവർത്തന ഏജൻസികൾക്കും ഭരണപരമായ ഒരു ഘടനയുണ്ടാകും. അധികാരികളെയും ഉത്തരവാദിത്തപ്പെട്ടവരെയും ഒരു ശ്രേണിയിൽ ക്രമീകരിച്ചിരിക്കുന്നു. ഇങ്ങനെയുള്ള അധികാര ശ്രേണിയുടെ ചിത്രീകരണമാണ് ഓർഗാനോഗ്രാം, അഥവാ സംഘടന ഘടനാവിന്യാസം.

നമുക്ക് അവ ഒന്ന്പരിശോധിക്കാം.

എല്ലാ സംഘടനകളും, അവ വലുതോ ചെറുതോ ആകട്ടെ, പ്രവർത്തിക്കുന്നത് സ്വതന്ത്രവും എന്നാൽ പരസ്പരം ഇടപഴകുകയും ആശ്രയിക്കുകയും ചെയ്യുന്ന ഘടകങ്ങളുടെ സജീവവും ചലനാത്മകവുമായ സാമൂഹിക സംവിധാനമായാണ്. സാമൂഹ്യ

പ്രവർത്തന ഏജൻസികളിൽ ഈ പരസ്പരാശ്രയഘടകങ്ങൾ എന്ന് പറയുന്നത് ധനാഗമ സ്രോതസ്സുകൾ, ബോർഡ് ഓഫ് ഡയറക്റ്റേഴ്സ്, ഭരണാധികാരികൾ, ഉദ്യോഗസ്ഥർ, പ്രയോക്താക്കൾ എന്നിവരാണ്. നിരവധി കർത്തവ്യങ്ങൾ ഉൾക്കൊള്ളുന്ന ഉദ്യോഗസ്ഥ സ്ഥാനങ്ങളെ അധികാര ശ്രേണിഘടനയിൽ ക്രമീകരിച്ചിരിക്കുന്നു. സംഘടനയുടെ ലക്ഷ്യങ്ങൾ വിജയകരമായി പൂർത്തീകരിക്കുകയാണ് ഈ ഘടനയുടെ ലക്ഷ്യങ്ങൾ.

ഒരു സംഘടനയ്ക്ക് ഉള്ളിൽ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിഭജിച്ചിരിക്കുന്നതിനെ ചിത്രീകരിച്ചിരിക്കുന്നതാണ് സംഘാടന ഘടനാവിന്യാസം (Organogram). ഓരോരുത്തരും നിർവഹിക്കേണ്ട ജോലിയുടെ സ്വഭാവവും ഒരു സ്ഥാനത്തുള്ളവർ മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കേണ്ട ആശയവിനിമയം എന്നിവയാണ് ഓർഗാനോഗ്രാം പ്രതിഫലിപ്പിക്കുന്നത്. ഇത് ഒരു സംഘടനയിൽ നിലനിൽക്കുന്ന തൊഴിൽ വിഭജനത്തെ സൂചിപ്പിക്കുന്നു. ഇതിൽ ഓരോരുത്തരുടെയും ഉത്തരവാദിത്വങ്ങൾ എന്തെന്നും ആര് ആരോട് കാര്യങ്ങൾ റിപ്പോർട്ട് ചെയ്യണമെന്നും വ്യക്തമാക്കുന്നു. ഉദാഹരണത്തിനു ഒരു സാമൂഹികക്ഷേമ ഏജൻസിയുടെ ഓർഗാനോഗ്രാം താഴെ കൊടുത്തിരിക്കുന്നു.



കാര്യാലയ നിർവഹണം (Office Management)

ഭരണനിർവഹണത്തിൽ കാര്യാലയ നിർവഹണത്തിന് ഒരു സുപ്രധാന പങ്കാണുള്ളത്. ഇത് ഭരണനിർവഹണത്തിന് അവശ്യമായ നടപടിക്രമങ്ങളുടെ പിൻതുണയും വിവരങ്ങളും പ്രദാനം ചെയ്യുന്നു. ശരിയായ തീരുമാനമെടുക്കൽ, ആസൂത്രണം, വിഭവവിനിയോഗം മുതലായവയെല്ലാം ശരിയായ കാര്യാലയ നിർവഹണത്തെ ആശ്രയിച്ച് നിൽക്കുന്നു. വിവരങ്ങൾ രേഖപ്പെടുത്തൽ, യോഗ നടപടി രേഖ (Minutes) തയാറാക്കൽ, ധനകാര്യ ആസൂത്രണം തയാറാക്കൽ, രേഖ സമാഹാരിക്കൽ (Filing) മുതലായവയാണ് കാര്യനിർവഹണത്തിന്റെ പ്രധാന ഘടകങ്ങൾ. കാര്യനിർവഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

രേഖപ്പെടുത്തൽ (Recording)

സാമൂഹ്യ പ്രവർത്തന ഏജൻസിയുടെ ഒരു പ്രധാനപ്പെട്ട ദൗത്യമാണ് അവരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിവയ്ക്കുക എന്നത്. സാമൂഹ്യ ക്ഷേമ ഭരണനിർവഹണത്തിന്റെ വീക്ഷണത്തിൽ, ഫലപ്രദമായ കാര്യനിർവഹണപരമായ സേവനങ്ങൾ വളരെ സുപ്രധാനവുമാണ്. ചെയ്യുന്ന പ്രവർത്തനങ്ങളുടെ തെളിവുകൾ ശേഖരിക്കുകയും സൂക്ഷിച്ചുവക്കുകയും ചെയ്യുക ഇതിൽപ്പെടുന്നു. ആസൂത്രണ യോഗ നടപടികൾ രേഖകൾ, സംഘടനാ പ്രക്രിയ, നടപ്പിലാക്കൽ, വിലയിരുത്തൽ മുതലായവ റിപ്പോർട്ടുകളായും ഛായാചിത്രങ്ങളായും മൾട്ടിമീഡിയ രൂപത്തിലും രേഖപ്പെടുത്തിവയ്ക്കുന്നു.

യോഗ നടപടി രേഖകൾ (Minutes)

യോഗങ്ങളിൽ നടന്ന നടപടിക്രമങ്ങളുടെയും സംഭവങ്ങളുടെയും സ്പഷ്ടമായ രേഖപ്പെടുത്തലാണ്. യോഗ നടപടി രേഖകൾ യോഗത്തിൽ പങ്കെടുക്കാത്തവർക്ക് വിവരസ്രോതസ്സായും പങ്കെടുത്തവർക്ക് പരിശോധിക്കാനുള്ള സ്രോതസ്സായും ഇത് വർത്തിക്കുന്നു. അതുകൊണ്ടുതന്നെ യോഗത്തിന്റെ രേഖകൾ വളരെ പ്രധാനപ്പെട്ടതാണ്. യോഗത്തിലെ സുപ്രധാന തീരുമാനങ്ങളും ഉത്തരവാദിത്വ വിഭജനവുമടക്കം പ്രധാന വിവരങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കുന്നു. യോഗത്തിൽ പങ്കെടുക്കുന്നവരെ, പദ്ധതിയിൽ അവരുടെ ദൗത്യം ഓർമ്മപ്പെടുത്തുകയും സംഘത്തിൽ എന്ത് നടക്കുന്നു എന്ന് നിർവചിക്കുകയും ചെയ്യുന്നു. എന്നാൽ യോഗത്തിൽ നടക്കുന്ന എല്ലാം രേഖപ്പെടുത്തണമെന്നില്ല. ഏൽപിച്ച പ്രവർത്തനങ്ങളെക്കുറിച്ചും തീരുമാനങ്ങളെക്കുറിച്ചുമുള്ള അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്തിയാൽ മതിയാവും. അപ്പോൾ ഇവയെ സൂചകങ്ങളായി ഉപയോഗിക്കുകയോ വരുന്ന യോഗങ്ങൾക്ക് അടിസ്ഥാനരേഖയായി സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.

രേഖ സമാഹരിക്കൽ (Filing)

ഒരു സ്ഥാപനത്തിലെ കത്തിടപാടുകളുടെയും റിപ്പോർട്ടുകളുടെയും ഇതര രേഖകളുടെയും ശാസ്ത്രീയമായ ക്രമീകരണവും സൂക്ഷിപ്പുമാണ് രേഖ സമാഹരിക്കൽ എന്ന് പറയുന്നത്. ഒരു ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുസരിച്ച് ഫയലുകൾ തരംതിരിക്കുന്നരീതിയും ക്രമീകരിക്കുന്നരീതിയും വ്യത്യാസപ്പെട്ടിരിക്കുന്നു. ഏത് രീതി സ്വീകരിച്ചാലും, പുറത്തുനിന്നുള്ള ഒരാൾക്കുപോലും ഒരു ആശയക്കുഴപ്പത്തിനും ഇടനൽകാതെ, എളുപ്പത്തിൽ കണ്ടുപിടിക്കത്തക്ക വിധത്തിലായിരിക്കണം രേഖകൾ സൂക്ഷിക്കേണ്ടത്. എല്ലാ കാര്യാലയങ്ങളിലും രേഖകളുടെ നമ്പറും വിഷയപേരും സൂചിപ്പിച്ച വിശാലവും സൂക്ഷ്മവുമായ തരംതിരിവുകളോടുകൂടിയ സൂചിക രേഖ (Index Register) ഉണ്ടാകണം.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. POSDCoRB വിപുലീകരിക്കുക.
2. കാര്യാലയ നിർവഹണം എന്തെന്ന് വിവരിക്കുക.

1. നിങ്ങളുടെ പഞ്ചായത്ത് കാര്യാലയം സന്ദർശിച്ച് അവിടുത്തെ ഉദ്യോഗസ്ഥരുമായി സംസാരിച്ച് അതിന്റെ സംഘടന ഘടനാവിന്യാസം തയാറാക്കുക.
2. നിങ്ങളുടെ പ്രദേശത്തെ സാമൂഹിക ക്ഷേമ ഏജൻസിയോ, സന്നദ്ധ സംഘടനയെയോ സന്ദർശിച്ച് അവരുടെ പ്രവർത്തനങ്ങൾ ലക്ഷ്യവുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.

സാമൂഹ്യ പ്രവർത്തന ഗവേഷണം (Social Work Research)

പുകവലിയെക്കുറിച്ച് ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ മനോഭാവം അറിയാൻ നിങ്ങൾക്ക് ഒരു പഠനം നടത്താമോ? നിങ്ങൾ അതെങ്ങനെയാണ് ചെയ്യുക? താഴെ പറയുന്ന ഘട്ടങ്ങൾ നിങ്ങളെ സഹായിക്കും.

a. **പ്രശ്നം തിരഞ്ഞെടുക്കുക:** നിങ്ങൾ പഠിക്കുവാൻ ആഗ്രഹിക്കുന്ന മേഖല തിരഞ്ഞെടുക്കുന്നതാണിത്. ഉദാഹരണം പുകവലി.

b. **പ്രശ്നം നിർവചിക്കുക:** നിങ്ങൾ ആ പ്രശ്നത്തെക്കുറിച്ച് എന്താണ് പഠിക്കേണ്ടതെന്നും എന്ത് അല്ല പഠിക്കേണ്ടതെന്നും നിർവചിക്കുന്നതാണിത്. ഉദാഹരണത്തിന് നിങ്ങൾ പുകവലിയാണ് പ്രശ്നമായി തിരഞ്ഞെടുത്തത് എങ്കിൽ "ഹയർസെക്കന്ററി കുട്ടികളുടെ പുകവലിയെക്കുറിച്ചുള്ള മനോഭാവം" എന്ന് കൃത്യതയോടെ നിർവചിക്കുന്നതാണിത്.

c. **പഠനഉദ്ദേശ്യങ്ങൾ:** തിരഞ്ഞെടുത്ത പ്രശ്നത്തിന്റെ ഏതെല്ലാം തലങ്ങളാണ് പഠിക്കേണ്ടത് എന്ന് തീരുമാനിക്കുന്നതാണിത്.

d. **പഠന രൂപരേഖ തയാറാക്കൽ:** ഇതർത്ഥമാക്കുന്നത് എങ്ങനെ വിവരങ്ങൾ (Data) ശേഖരിക്കണം, എവിടുന്ന് ശേഖരിക്കണം, വിവരം നൽകാൻ കഴിയുന്ന എല്ലാവരിൽ നിന്നും ശേഖരിക്കണോ അതോ കുറച്ചു സാമ്പിളുകളിൽ നിന്നും മതിയാകുമോ, അങ്ങനെയാണെങ്കിൽ സാമ്പിളിന്റെ വലുപ്പം, തരം, വിവരശേഖരണത്തിനുള്ള ഉപകരണങ്ങൾ, ചോദ്യാവലി, അഭിമുഖ മാർഗ്ഗരേഖ (Interview schedule) മുതലായവയുടെ തയാറാക്കൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് തീരുമാനിച്ച് രേഖപ്പെടുത്തലാണ്. ഉദാഹരണത്തിന് ഇവിടെ എടുത്തിരിക്കുന്ന പഠനത്തിൽ, പോപ്പുലേഷൻ എന്ന് പറയുന്നത് ഹയർസെക്കണ്ടറി വിദ്യാർത്ഥികളാണ്. ഹയർസെക്കണ്ടറിയിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും കണ്ട് വിവരശേഖരണം സാധ്യമല്ലാത്തതുകൊണ്ട് പഠിക്കാനുദ്ദേശിക്കുന്ന ജില്ലയിലെ/സ്കൂളിലെ/ഹയർസെക്കണ്ടറി കുട്ടികളെ സാമ്പിൾ ആയി എടുക്കുന്നു. ഇവിടെ സൂചിപ്പിച്ച പഠനം, മനോഭാവം മനസ്സിലാക്കുന്നതിന് ഉദ്ദേശിച്ചതായതിനാൽ ഒരു മനോഭാവ പരിശോധനതോത് (Attitude scale) പഠന ഉപകരണമായി ഉപയോഗിക്കാവുന്നതാണ്.

e. **വിവരശേഖരണം:** വിവരശേഖരണത്തിനായി തയാറാക്കിയ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടാണിത് ചെയ്യുന്നത്.

f. **വിവരവിശകലനവും വ്യാഖ്യാനവും:** പഠനഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ, ശേഖരിച്ച വിവരങ്ങൾ കഴിയുന്നത്ര അർത്ഥവത്തായും പല വിധത്തിലും പരിശോധിക്കുന്നതാണിത്. ഉദാഹരണത്തിന് നമ്മൾ പ്രതിപാദിക്കുന്ന ഈ പഠനത്തിൽ എത്ര ശതമാനം കുട്ടികൾ പുകവലിക്ക് അനുകൂലമായ മനോഭാവം പുലർത്തുന്നുവെന്നും എത്രശതമാനം ഈ ദുശ്ശീലത്തിന് എതിരായ മനോഭാവം

പുലർത്തുന്നുവെന്നും കണ്ടെത്തുന്നു.

7. **രേഖപ്പെടുത്തലും റിപ്പോർട്ട് തയാറാക്കലും:** ചിട്ടയായ രീതിയിൽ റിപ്പോർട്ട് തയാറാക്കുന്ന ഘട്ടമാണിത്.

ഇവിടെ നമ്മൾ പുകവലിയെക്കുറിച്ച് വിദ്യാർത്ഥികളുടെ മനോഭാവം മനസ്സിലാക്കുന്നതിന് പഠനം നടത്തുമ്പോൾ വേണ്ട വിവിധ ഘട്ടങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ഇത് താരതമ്യേന ചെറിയ ഒരു പഠനമാണ്. വിവിധ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചും പ്രതിഭാസങ്ങളെക്കുറിച്ചും പഠിക്കുന്നതിന് ഇത്തരം പഠനഘട്ടങ്ങളാണ് പിൻതുടരുന്നത്. ഇങ്ങനെ ശാസ്ത്രീയമായ നടപടിക്രമം ഉപയോഗിച്ച് പഠനം നടത്തുന്നതിനെയാണ് ഗവേഷണം എന്ന് പറയുന്നത്. സാമൂഹ്യ പ്രവർത്തനം കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകിക്കൊണ്ട് സാമൂഹ്യ പ്രവർത്തന ഗവേഷണം നമ്മെ സഹായിക്കുന്നു. ഇത് സാമൂഹത്തിലെ വിവിധ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവയുടെ വ്യാപ്തി മനസ്സിലാക്കുന്നതിനും അവയുടെ പിന്നിലുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും നമ്മെ സഹായിക്കുന്നു. ഇത് ആസൂത്രണത്തിനും പ്രശ്ന പരിഹാരത്തിനും ആവശ്യമായ വിവരങ്ങൾ നൽകുകയും ചെയ്യുന്നു.

ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി നടത്തുന്ന ശാസ്ത്രീയവും ക്രമാനുഗതവുമായ അന്വേഷണത്തിനാണ് റിസർച്ച് അഥവാ ഗവേഷണം എന്ന് പറയുന്നത്. ശാസ്ത്രീയമായ അന്വേഷണത്തിന്റെ കലയാണിത്. അറിയാവുന്നതിൽ നിന്ന് അറിയാത്തതിലേക്കുള്ള യാത്രയാണ്. അറിയപ്പെടാത്തവ നമ്മിൽ അസ്വസ്ഥത സൃഷ്ടിക്കുമ്പോൾ, നമ്മുടെ ജിജ്ഞാസ അവ ഗ്രഹിക്കുന്നതിന് നടത്തുന്ന അന്വേഷണമാണിത്. ഈ ജിജ്ഞാസയാണ് എല്ലാ അറിവിന്റെയും മാതാവ്.

ജി.ഡബ്ല്യു. കാർട്ടറുടെ വാക്കുകളിൽ "സാമൂഹ്യക്ഷേമ മേഖലയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് ഉത്തരം കാണുക എന്ന ലക്ഷ്യത്തോടെ, സാമൂഹ്യ പ്രവർത്തനത്തിന്റെ അറിവും ആശയങ്ങളും വിസ്തൃതമാക്കുകയും സാമാന്യവൽക്കരിക്കുകയും ചെയ്യുന്നതിനുവേണ്ടി ചിട്ടയോടും വിമർശനാത്മകവുമായി നടത്തുന്ന അന്വേഷണമാണ് സാമൂഹ്യ പ്രവർത്തന ഗവേഷണം.

സാമൂഹ്യ പ്രവർത്തന ഗവേഷണത്തിന്റെ സ്വഭാവം (Nature of Social Work Research)

തോമസ് ആൽവ എഡിസൺ ഭൗതിക ശാസ്ത്രത്തിൽ ഗവേഷണം നടത്തുകയും വൈദ്യുത ബൾബ് കണ്ടുപിടിക്കുകയും ചെയ്തു. സർ ഐസക് ന്യൂട്ടൻ ഗുരുത്വാകർഷണബലം കണ്ടെത്തുകയും ഗുരുത്വാകർഷണ സിദ്ധാന്തം വികസിപ്പിക്കുകയും ചെയ്തു. തോമസ് ആൽവാ എഡിസന്റെ കാര്യത്തിൽ ഗവേഷണം എന്ന് പറയുന്നത് പുതിയ ഒന്ന് കണ്ടെത്തുന്നതായിരുന്നു. എന്നാൽ സർ ഐസക് ന്യൂട്ടൻ ഗവേഷണം നടത്തി കണ്ടെത്തിയത് പ്രപഞ്ചത്തിൽ അനാദികാലം മുതൽ നിലനിന്നിരുന്ന ഗുരുത്വാകർഷണ ബലമാണ്. ഭൗതികശാസ്ത്രത്തിലും ജീവശാസ്ത്രത്തിലും ഗവേഷണം നടത്തുന്നത് പ്രകൃതി പ്രതിഭാസങ്ങൾക്ക് ശാസ്ത്രീയമായ വ്യാഖ്യാനം നൽകുന്നതിനോ പുതിയത് എന്തെങ്കിലും കണ്ടെത്തുന്നതിനോ ആണ്.

എന്നാൽ സാമൂഹിക ശാസ്ത്രങ്ങളിൽ പ്രത്യേകിച്ച് സാമൂഹ്യ പ്രവർത്തനത്തിൽ, ഗവേഷണത്തിന്റെ ഉദ്ദേശ്യം പുതിയത് എന്തെങ്കിലും കണ്ടെത്തുക, എന്നതിലുപരി, നിലനിൽക്കുന്ന സാമൂഹിക പ്രതിഭാസങ്ങളെ ചിട്ടയായും പരിശോധിക്കുവാൻ കഴിയുന്ന രീതിയിലും വിവരിക്കുക എന്നതാണ്.

വിവിധതരം ഗവേഷണങ്ങൾ (Types of Research)

ഗവേഷണങ്ങളെ പല വിധത്തിൽ നമുക്ക് തരംതിരിക്കാം. പഠന ഉദ്ദേശ്യത്തിന്റെ അല്ലെങ്കിൽ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ, ഗവേഷണത്തെ അടിസ്ഥാന (Basic) ഗവേഷണം എന്നും പ്രായോഗിക (Applied) ഗവേഷണമെന്നും രണ്ടായി തരംതിരിക്കാം. സാമൂഹ്യ സേവനത്തിന്റെ വിജ്ഞാനമണ്ഡലം വർദ്ധിപ്പിക്കുന്നതിന് അനുസൃതമായി രൂപകൽപ്പന ചെയ്തിട്ടുള്ളതും സാമൂഹികമോ മാനസികമോ ആയ പ്രശ്നങ്ങൾക്ക് കൃത്യമായ പ്രായോഗിക പരിഹാരം കാണാൻ ലക്ഷ്യം വയ്ക്കാത്തതുമായ ഗവേഷണമാണ് അടിസ്ഥാന ഗവേഷണം അഥവാ മൗലിക ഗവേഷണം (Fundamental Research). ഇത് ശുദ്ധ ഗവേഷണമെന്നും (Pure Research) അറിയപ്പെടുന്നു. 'വിദ്യാർത്ഥികളുടെ അസ്വസ്ഥതയുടെ (Student's unrest) കാരണങ്ങളെക്കുറിച്ചുള്ള പഠനം' അടിസ്ഥാന ഗവേഷണത്തിന് ഉദാഹരണമാണ്. എന്നാൽ പ്രായോഗിക ഗവേഷണം നടത്തുന്നത് ഒന്നോ അതിലധികമോ സാമൂഹികമോ മാനസികമോ ആയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ്. പ്രായോഗിക ഗവേഷണത്തെ പ്രവർത്തന ഗവേഷണം (Action Research) എന്നും അറിയപ്പെടുന്നു. 'പഠന പ്രചോദന ഘടകം എന്ന നിലയിൽ ശിക്ഷയുടെയും പ്രതിഫലത്തിന്റെയും പങ്കിനെ കുറിച്ചുള്ള പരീക്ഷണം' അപ്ലയ്ഡ് റിസർച്ചിന് ഉദാഹരണമാണ്. ഇത് അറിവ് സൃഷ്ടിക്കുക മാത്രമല്ല, പ്രശ്നപരിഹാരത്തിനുള്ള മാതൃക ഉണ്ടാക്കുകയും ചെയ്യുന്നു.

ഗവേഷണപഠനത്തിന്റെ സ്വഭാവമനുസരിച്ച്, ഗവേഷണത്തെ വിവരണാത്മകമെന്നും വിശകലനാത്മകമെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. ഒരു സാമൂഹിക പ്രതിഭാസത്തെ, അതായിരിക്കുന്ന വിധത്തിൽ ശാസ്ത്രീയമായി വിവരിക്കുന്ന ഗവേഷണമാണ് വിവരണാത്മക ഗവേഷണം. സർവ്വേകളും വസ്തുതാ പഠനത്തിനായുള്ള അന്വേഷണങ്ങളും വിവരണാത്മക ഗവേഷണത്തിൽ ഉൾപ്പെടുന്നു. കുടിയേറ്റതൊഴിലാളികളുടെ സാംസ്കാരിക സ്വാംശീകരണത്തെക്കുറിച്ചുള്ള പഠനം വിവരണാത്മക ഗവേഷണത്തിന് ഉദാഹരണമാണ്. നിലവിലുള്ള വസ്തുതകളെയും വിവരങ്ങളെയും വിലയിരുത്തുന്നതിനും തിട്ടപ്പെടുത്തുന്നതിനും ഉപയോഗിക്കുന്ന ഗവേഷണങ്ങളാണ് വിശകലനാത്മക ഗവേഷണം. സാമൂഹ്യ പ്രവർത്തനത്തിൽ നിലനിൽക്കുന്ന സിദ്ധാന്തങ്ങളെ പുനഃപരിശോധിക്കുന്നതിന് ഇത് ഉപയോഗിക്കുന്നു. ജീവിത നൈപുണ്യ പരിശീലനം, കൗമാരപ്രായക്കാരുടെ പെരുമാറ്റത്തിലുണ്ടാക്കുന്ന മാറ്റം വിശകലനാത്മക ഗവേഷണത്തിന് ഉദാഹരണമാണ്.

ഏത് തരം വിവരങ്ങളാണ് (Data) ഉപയോഗിച്ചിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ഗവേഷണത്തെ പരിമാണാത്മക ഗവേഷണമെന്നും (Quantitative) ഗുണാത്മക ഗവേഷണമെന്നും (Qualitative) രണ്ടായി തരം തിരിച്ചിരിക്കുന്നു. ഒരു സാമൂഹിക പ്രതിഭാസത്തെ അളന്ന് തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഗവേ

ഷണത്തെ പരിണാത്മക ഗവേഷണം എന്ന് വിളിക്കുന്നു. ഉദാഹരണമായി, ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ ബോഡി മാസ് ഇൻഡക്സിനെക്കുറിച്ചുള്ള പഠനം പരിമാണ ഗവേഷണത്തിന് ഉദാഹരണമാണ്. എന്നാൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ പഠനപ്രചോദനങ്ങളെക്കുറിച്ചുള്ള ഗവേഷണം ഗുണാത്മഗവേഷണത്തിന് ഉദാഹരണമാണ്.

ഗവേഷണ രൂപരേഖയുടെ (Design) അടിസ്ഥാനത്തിൽ ഗവേഷണത്തെ, പര്യവേഷണാത്മകം (Explorative), വിവരണാത്മകം (Descriptive), ഡയഗ്നോസ്റ്റിക് (Diagnostic), പരീക്ഷണാത്മകം (Experimental) എന്നിങ്ങനെ നാലായി തരംതിരിച്ചിരിക്കുന്നു. ഒരു സാമൂഹിക പ്രതിഭാസത്തെ പരിചയപ്പെടുക എന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന ഗവേഷണ പഠനമാണ് പര്യവേഷണാത്മക ഗവേഷണം. ഒരു സാമൂഹിക പ്രതിഭാസത്തെക്കുറിച്ച് വിശദമായി വിവരിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഗവേഷണമാണ് വിവരണാത്മക ഗവേഷണം. ഒരു സാമൂഹിക പ്രതിഭാസത്തിന്റെ കാര്യകാരണങ്ങളെ കണ്ടെത്തുന്നതിനുള്ള പഠനമാണ് ഡയഗ്നോസ്റ്റിക് ഗവേഷണം. ഊഹങ്ങൾപരിശോധിക്കുന്നതിനും സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഗവേഷണമാണ് പരീക്ഷണാത്മക ഗവേഷണം.

ഗവേഷണ പ്രക്രിയയിൽ ആളുകളുടെ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ ഗവേഷണത്തെ പങ്കാളിത്ത ഗവേഷണമെന്നും പങ്കാളിത്തരഹിത ഗവേഷണമെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. പഠനപ്രക്രിയയിൽ ജനങ്ങളെ പങ്കാളികളാക്കി കൊണ്ടുള്ള പഠനമാണ് പങ്കാളിത്ത ഗവേഷണം. പങ്കാളിത്ത ഗവേഷണത്തിൽ ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളാണ് പി.ആർ.എ. (Participatory Rural Appraisal). പങ്കാളിത്തരഹിത ഗവേഷണ പ്രക്രിയയിൽ, ഗവേഷണം നടത്തുന്ന വ്യക്തി മാത്രം പങ്കാളിയാകുന്നു.



ഗവേഷണ പ്രക്രിയ (Research Process)

ഗവേഷണ പഠനം നടക്കുന്ന വിവിധ ഘട്ടങ്ങളെയാണ് ഗവേഷണ പ്രക്രിയ എന്ന് പറയുന്നത്. ഈ പ്രക്രിയയിൽ ഗവേഷണ പ്രശ്നം തിരിച്ചറിയുക, കണ്ടെത്തുക, വിശകലനം ചെയ്യുക, വിലയിരുത്തുക എന്നിവയും തുടർന്ന് ബന്ധപ്പെട്ട വിവരങ്ങൾ കണ്ടെത്തുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. ഗവേഷണ പ്രക്രിയക്ക് താഴെ പറയുന്ന ഘട്ടങ്ങൾ ഉണ്ട്.

ഗവേഷണ പ്രശ്നങ്ങൾ തിരഞ്ഞെടുക്കുക, രൂപീകരിക്കുക, പ്രസ്താവിക്കുക

(Selection, Formulation, Statement of Research problem)

ഒരു ഗവേഷകനെ ഗവേഷണാത്മക പരിശോധനയ്ക്ക് പ്രേരിപ്പിക്കുന്ന ബൗദ്ധിക അസ്വസ്ഥതയാണ് ഗവേഷണ പ്രശ്നം. ഒരു നല്ല ഗവേഷകൻ ആകുന്നതിന് നല്ല പ്രശ്നം തിരഞ്ഞെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഗവേഷണ പഠനത്തിൽ, ഗവേഷകൻ എന്താണ് അന്വേഷിച്ച് അറിയേണ്ടത് എന്ന് സുവ്യക്തമായി പ്രസ്താവിക്കുന്നതിനെയാണ് ഗവേഷണ പ്രശ്ന പ്രസ്താവന (Problem statement) എന്ന് പറയുന്നത്. എന്നാൽ പ്രശ്ന രൂപീകരണത്തിൽ, ഗവേഷണ പ്രശ്നത്തെ ഗവേഷണചോദ്യമായി രൂപപ്പെടുത്തുകയും അവയുടെ യുക്തിയും ആവശ്യകതയും എടുത്തു പറയുകയും, ഗവേഷണ പ്രശ്നത്തിന് കൃത്യത വരുത്തുകയും ചെയ്യുന്നു. അങ്ങനെ പ്രശ്നരൂപീകരണവും, ഗവേഷണ പ്രശ്ന പ്രസ്താവനയും പഠനത്തിന്റെ അകക്കാമ്പ് ആയി പ്രവർത്തിക്കുകയും ഗവേഷണ പ്രക്രിയക്ക് മാർഗനിർദേശം നൽകുകയും ചെയ്യുന്നു.

പ്രാരംഭ പഠനം നടത്തുക (Conducting Pilot Study)

ഒരു ഗവേഷണ പഠനത്തിന്റെ പ്രായോഗികത, ആവശ്യമായ സമയം, ചെലവ്, ഭവിഷത്തുകൾ ഉണ്ടെങ്കിൽ അവ, എന്നിവ വിലയിരുത്തുന്നതിനുവേണ്ടി നടത്തുന്ന ചെറിയ അളവിലുള്ള പഠനമാണ് പ്രാരംഭ പഠനം. യഥാർത്ഥ ഗവേഷണ പദ്ധതിക്കു മുമ്പ് ഗവേഷണത്തിന്റെ രൂപരേഖ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ അംശമാതൃകയുടെ (Sample) അളവ് പ്രവചിക്കുന്നതിനുമുള്ള ശ്രമമാണിത്. വേണ്ട വിധത്തിൽ രൂപരേഖ തയാറാക്കാത്ത പദ്ധതി മൂലമുള്ള സമയനഷ്ടം, സാമ്പത്തിക നഷ്ടം എന്നിവ ഒഴിവാക്കുവാനും ഇത് സഹായിക്കുന്നു.

ഉദ്ദേശ്യങ്ങൾ നിശ്ചയിക്കുക (Setting Objectives)

ഒരു ഗവേഷണത്തിൽ എന്താണ് പഠിക്കുവാൻ പോകുന്നത് എന്നതിനെക്കുറിച്ച് സ്പഷ്ടമായ പ്രസ്താവനയിലൂടെ കൃത്യമായ വിവരണം നൽകുകയാണ് പഠന ഉദ്ദേശ്യം ചെയ്യുന്നത്. ഗവേഷണ ഉദ്ദേശ്യം, ഗവേഷണത്തിൽ നമുക്ക് മാർഗനിർദ്ദേശം നൽകുകയും, സാംഗത്യമുള്ള നിഗമനത്തിൽ എത്തിച്ചേരുന്നതിനും സഹായിക്കുന്നു.

അനുമാനം നിർദേശിക്കുക (Proposing Hypothesis)

ഹൈപ്പോത്തസിസ് എന്ന പദം വന്നത് 'അനുമാനിക്കുക' എന്ന് അർത്ഥം വരുന്ന *"ഹൃപ്പോത്തസിസ്"* എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്. അങ്ങനെ ഹൈപ്പോത്തസിസ് എന്നാൽ വിലയിരുത്തപ്പെടേണ്ട താൽക്കാലിക ആശയം എന്നാണ് ഉദ്ദേശിക്കുന്നത്. രണ്ടോ അതിലധികമോ ചരങ്ങൾ (Variables) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഗവേഷണപഠനത്തിലൂടെ തെളിയിക്കപ്പെടേണ്ട താൽക്കാലിക അനുമാനത്തെയാണ് ഹൈപ്പോത്തസിസ് അഥവാ അനുമാനം എന്ന് പറയുന്നത്. അങ്ങനെ തെളിയിക്കപ്പെടുന്ന അനുമാനം സിദ്ധാന്തങ്ങളുടെ ഭാഗമായിമാറാം.

യൂണിവേഴ്സും അംശമാതൃകയും (Universe and Sample)

ഗവേഷണത്തിൽ യൂണിവേഴ്സ് പ്രതിനിധീകരിക്കുന്നത്, പഠനത്തിന് വിധേയമാക്കാവുന്ന എല്ലാ വ്യക്തികളെയും സംഭവങ്ങളെയും നിരീക്ഷണങ്ങളെയുമാണ്. ഇത് പോപ്പുലേഷൻ എന്നും അറിയപ്പെടുന്നു. എന്നാൽ മിക്ക പഠനസന്ദർഭങ്ങളിലും, പോപ്പുലേഷൻ അഥവാ യൂണിവേഴ്സിനെ മുഴുവൻ പഠനവിധേയമാക്കുക സാധ്യമല്ല. ഇത്തരം സാഹചര്യങ്ങളിൽ നമ്മൾ യൂണിവേഴ്സിൽ നിന്നും ചില പ്രതിനിധികളെ എടുത്ത് വിശദമായ അന്വേഷണാത്മക പഠനം നടത്തുന്നു. ഇങ്ങനെ യൂണിവേഴ്സിൽ നിന്നും നിരീക്ഷണത്തിനായി തിരഞ്ഞെടുക്കപ്പെടുന്നവയെ അംശമാതൃക (Sample) എന്ന് വിളിക്കുന്നു. യൂണിവേഴ്സിൽ നിന്നും സാമ്പിൾ തിരഞ്ഞെടുക്കുന്ന രീതിയെയാണ് സാമ്പ്ളിംങ്ങ് (Sampling) എന്നറിയപ്പെടുന്നത്.

പ്രാരംഭ പരിശോധന (Pretest)

വിവരശേഖരണ ഉപകരണ ഉപാധി (Tool) ഉപയോഗിച്ച് വിവരം നൽകാൻ പറ്റുന്ന വ്യക്തിയിൽ നിന്ന് യഥാർത്ഥത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിനു മുമ്പ്, ഏതാനും പേരിൽ നിന്ന് വിവരശേഖരണം നടത്തിനോക്കുന്നതിനെയാണ് പ്രാരംഭ പരിശോധന എന്ന് പറയുന്നത്. ഇത് വിവരശേഖരണ ഉപകരണത്തിന്റെ ന്യൂനതകൾ കണ്ടെത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും ഗവേഷകനെ സഹായിക്കുന്നു.

വിവരശേഖരണ ഉപകരണങ്ങൾ (Tools of Data Collection)

ഗവേഷണത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനും അനുമാന പരിശോധനയ്ക്കും ഗവേഷണഫലം വിലയിരുത്തുന്നതിനും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ശേഖരിച്ച വിവരങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുമുള്ള പ്രക്രിയയാണ് വിവരശേഖരണം. തെറ്റായ വിവരശേഖരണം പഠനഫലത്തെ ബാധിക്കുകയോ തെറ്റായ ഫലം നൽകുകയോ ചെയ്തേക്കാം.

വിവിധതരം വിവശേഖരണത്തിന് അനുയോജ്യമായ വിവരശേഖരണ ഫോമുകൾ ആവശ്യമുണ്ട്. ഇവയെ വിവരശേഖരണ ഉപാധികൾ അഥവ ഉപകരണങ്ങൾ എന്നറിയപ്പെടുന്നു. അവ പ്രധാനമായും

- നിരീക്ഷണ പട്ടിക (Observation Schedule)
- അഭിമുഖ മാർഗരേഖ (Interview guide)
- അഭിമുഖ ചോദ്യപ്പട്ടിക (Interview Schedule)
- ചോദ്യാവലി (Questionnaire)
- റേറ്റിങ്ങ് സ്കെയിൽ (Rating Scale)
- പരിശോധന പട്ടിക (Checklist) മുതലായവയാണ്

പഠനത്തിന് ആവശ്യമായ വിവരങ്ങളുടെ (Data) സ്വഭാവവും രീതിയും അനുസരിച്ച് മുകളിൽ കൊടുത്തിരിക്കുന്നവയിൽ അനുയോജ്യമായ വിവരശേഖരണ ഉപാധി സ്വീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിലെ ചോദ്യങ്ങളോടുള്ള പ്രതികരണങ്ങൾ ഗവേഷണ ഉദ്ദേശ്യങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുന്നു.

വിശകലനവും വ്യാഖ്യാനവും (Analysis and Interpretation)

പഠനത്തിലെ ആദ്യ അനുമാനത്തെ പരിശോധിക്കുന്നതിന് ശേഖരിച്ച വിവരങ്ങളെ പരിശോധിക്കുകയും തരംതിരിക്കുകയും പട്ടികപ്പെടുത്തുകയും പുനഃസംയോജിപ്പിക്കുകയും ചെയ്യുന്നതാണ് വിവരവിശകലനം (Data analysis). വിവരങ്ങളെ വിശ്വസനീയമായ തെളിവുകളാക്കി പരിവർത്തനം ചെയ്യുകയാണ് വിവരവിശകലനത്തിന്റെയും വ്യാഖ്യാനത്തിന്റെയും ഉദ്ദേശ്യം. ഇതിന്, വിവിധ ചരങ്ങൾ (Variables) തമ്മിലുള്ള ബന്ധം വിവരങ്ങളുടെ പിൻബലത്തോടെ വ്യാഖ്യാനിച്ച് സ്ഥാപിച്ചെടുക്കേണ്ടതുണ്ട്.

ഒരു ഗവേഷണ പ്രബന്ധത്തിലെ അധ്യായങ്ങൾ

തലക്കെട്ട് (Title)
സമർപ്പണം (Dedication)
സാക്ഷ്യപത്രം (Certificate)
അവതാരിക (Preface)
കൃതജ്ഞതാ പ്രകാശനം (Acknowledgement)
ഉള്ളടക്കം (Table of Contents)
പട്ടികകൾ (List of Tables)
രൂപങ്ങൾ (List of Figures)

1. അധ്യായം 1 ആമുഖം (Introduction)
2. അധ്യായം 2 വായിച്ച പുസ്തകങ്ങളുടെ സംഗ്രഹം (Review of Literature)
3. അധ്യായം 3 പഠനഉദ്ദേശ്യങ്ങൾ (Objectives of the Study)
4. അധ്യായം 4 രീതിശാസ്ത്രം (Methodology)
5. അധ്യായം 5 വിശകലനവും വ്യാഖ്യാനവും (Analysis and Interpretation)
6. അധ്യായം 6 പ്രധാനകണ്ടെത്തലുകളും നിർദ്ദേശങ്ങളും (Major Findings and Suggestions)
7. അധ്യായം 7 സംക്ഷിപ്തവും ഉപസംഹാരവും (Summary and Conclusion)

ഗ്രന്ഥസൂചിക (Bibliography)
അനുബന്ധം (Appendices)

കണ്ടെത്തലുകളും നിർദ്ദേശങ്ങളും (Findings and Suggestions)

വിശകലനത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷകൻ (Investigator) ചില നിഗമനങ്ങളിൽ എത്തിച്ചേരുന്നതാണ് കണ്ടെത്തലുകൾ (Findings). കണ്ടെത്തലുകൾ പ്രസക്തമാകുന്നത്, ഇവ പഠന ഉദ്ദേശ്യത്തോടും അനുമാനത്തോടും ബന്ധപ്പെട്ടതാകുമ്പോഴാണ്. ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അന്വേഷകൻ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

പ്രബന്ധം തയാറാക്കൽ (Reporting)

ഗവേഷണത്തെ മറ്റുള്ളവരെ അറിയിക്കത്തക്കവിധത്തിൽ രേഖപ്പെടുത്തുന്ന പ്രക്രിയയാണ് പ്രബന്ധം തയാറാക്കൽ. ഈ വിവരങ്ങൾ മുഴുവൻ വിവിധ അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഗവേഷണ പ്രക്രിയയും കണ്ടെത്തലുകളും മറ്റുള്ളവർക്ക് എളുപ്പത്തിൽ ഗ്രഹിക്കത്തക്കവിധത്തിൽ ലളിതമായ ഭാഷയിൽ അവതരിപ്പിക്കണം.

പ്രബന്ധത്തിൽ സാധാരണ ഉൾക്കൊള്ളുന്നത് പ്രശ്ന പ്രസ്താവന, പഠനത്തിന്റെ രീതിശാസ്ത്രം, വിവരങ്ങളുടെ വിശകലനവും വ്യാഖ്യാനവും കണ്ടെത്തലുകളും നിർദ്ദേശങ്ങളുമാണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. വിവിധതരം സാമൂഹ്യ പ്രവർത്തന ഗവേഷണങ്ങൾ ഏവ?
2. സാമൂഹ്യ പ്രവർത്തന ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങൾ ഏവ?

1. പ്ലസ് ടു വിദ്യാർത്ഥികളുടെ ഇടയിൽ കാണുന്ന പുകവലി, മയക്കുമരുന്നിന്റെ ദുരുപയോഗം, അലസത, മൊബൈൽ ഫോൺ ദുരുപയോഗം മുതലായവയെക്കുറിച്ച് പഠിക്കുന്നതിന് ഒരു ചെറിയ ഗവേഷണ പരിപാടിയുടെ രൂപരേഖ തയാറാക്കുക.
2. നിങ്ങളുടെ അധ്യാപകന്റെ മാർഗ്ഗനിർദ്ദേശത്തോടെ ഒരു ഗവേഷണം നടത്തി, ഗവേഷണ പ്രബന്ധം തയാറാക്കി പ്രധാന കണ്ടെത്തലുകൾ നിങ്ങളുടെ സ്കൂൾ നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുക.

സംക്ഷിപ്തം

ഈ അധ്യായം, സാമൂഹ്യ പ്രവർത്തനത്തിന്റെ ദ്വിതീയരീതികൾ (Secondary Methods) പഠിക്കുന്നതിന് നമ്മെ സഹായിച്ചു. ദ്വിതീയ രീതി പ്രഥമ രീതികളെ സഹായിക്കുകയും, സേവന സ്വീകർത്താക്കളുമായി (Client) നേരിട്ടല്ലാത്ത ഇടപെടൽ നടത്തുകയും ചെയ്യുന്നു. സാമൂഹ്യ പ്രവർത്തനത്തിലെ ദ്വിതീയരീതികൾ സോഷ്യൽ ആക്ഷൻ, സാമൂഹ്യ ക്ഷേമ ഭരണനിർവഹണം, സാമൂഹ്യ പ്രവർത്തന ഗവേഷണം എന്നിവയാണ്. സാമ്പത്തിക സാമൂഹിക സ്ഥാപനങ്ങളിൽ മാറ്റം വരുത്തുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ വേണ്ടിയുള്ള സംഘടിത ശ്രമമാണ് സോഷ്യൽ ആക്ഷൻ. സ്ത്രീധന സമ്പ്രദായം, പ്രകൃതിവിഭവങ്ങളുടെ നശീകരണം, മദ്യപാനം, തൊഴിലാളി ചൂഷണം, മനുഷ്യാവകാശ ധ്വംസനങ്ങൾ മുതലായ പല പ്രശ്നങ്ങളും നമുക്ക് സോഷ്യൽ ആക്ഷനിലൂടെ കൈകാര്യം ചെയ്യാം. സോഷ്യൽ ആക്ഷന്റെ തനതായ സവിശേഷതകളും തത്വങ്ങളും സോഷ്യൽ ആക്ഷൻ ഉപയോഗിക്കുന്നവർക്ക് കൃത്യമായി പ്രയോഗിക്കുവാൻ സഹായിക്കുന്നു. പ്രത്യേക സാമൂഹിക സേവനങ്ങൾ നടപ്പിലാക്കുന്നതിനും ഭരണപരവും കാര്യനിർവഹണപരവുമായ ശേഷികൾ പ്രയോഗിക്കുന്നതിനും സാമൂഹ്യ ക്ഷേമ ഭരണനിർവഹണ രീതി സഹായിക്കുന്നു. സാമൂഹ്യക്ഷേമ പരിപാടികൾ നടത്തുന്നതിന് ആസൂത്രണം, ഉദ്യോഗസ്ഥ നിയമനം, നേതൃത്വം നൽകൽ, ഉത്തരവാദിത്വങ്ങൾ വീതിച്ച് നൽകൽ, മേൽനോട്ടം വഹിക്കൽ, ധനകാര്യ ആസൂത്രണം തയാറാക്കൽ, റിപ്പോർട്ട് തയാറാക്കൽ, വിലയിരുത്തൽ എന്നിവക്കുള്ള ശേഷി സാമൂഹ്യ പ്രവർത്തകന് അത്യന്താപേക്ഷിതമാണ്. സാമൂഹ്യക്ഷേമ മേഖലയിലെ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ വിമർശനാത്മകമായും ചിട്ടയായും നടത്തുന്ന അന്വേഷണമാണ് സാമൂഹ്യ പ്രവർത്തന ഗവേഷണം. ഇതിലെ കണ്ടെത്തലിന്റെ സാമാന്യവൽക്കരണം സാമൂഹ്യ പ്രവർത്തനത്തിന്റെ ശാസ്ത്രീയമായ വൈജ്ഞാനിക മേഖലയ്ക്ക് അടിത്തറയാകുന്നു. ഇത് സമൂഹത്തിലെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അതിന്റെ വ്യാപ്തിയും കാരണങ്ങളും കണ്ടെത്തുന്നതിനും സഹായിക്കുന്നു. ഇത് ആസൂത്രണത്തിനും പ്രശ്ന പരിഹരണത്തിനുമുള്ള വിവരങ്ങൾ പ്രദാനം ചെയ്യുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ബഹുജന സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സോഷ്യൽ ആക്ഷന്റെ പ്രാധാന്യം വിശകലനം ചെയ്യുക.
2. സോഷ്യൽ ആക്ഷന്റെ പ്രക്രിയ വിവരിക്കുക.
3. സ്ത്രീധനത്തിനെതിരെ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിന് ആവശ്യമായ സോഷ്യൽ ആക്ഷൻ തന്ത്രം (Strategy) തയാറാക്കുക.
4. "സാമൂഹിക ക്ഷേമപരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാമൂഹ്യ ക്ഷേമ ഭരണനിർവഹണം അത്യന്താപേക്ഷിതമാണ്". നിങ്ങളുടെ അഭിപ്രായമെന്ത്?
5. സാമൂഹ്യ ക്ഷേമ ഭരണനിർവഹണത്തിന്റെ പ്രധാന ദൗത്യങ്ങൾ വിവരിക്കുക.
6. സാമൂഹ്യ പ്രവർത്തനം ചെയ്യുന്നതിൽ, സാമൂഹ്യ പ്രവർത്തന ഗവേഷണത്തിന്റെ പ്രസക്തിയെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
7. കൗമാരക്കാരുടെ ഇടയിലെ മൊബൈൽ ഫോൺ ഉപയോഗത്തെക്കുറിച്ച് പഠിക്കുന്നതിന് ഒരു ചോദ്യാവലി തയാറാക്കുക.
8. "ഏതൊരു ഉദ്യമത്തിന്റെയും വിജയം ഉറപ്പുവരുത്തുന്നതിന് തത്വങ്ങൾ സഹായിക്കുന്നു." സോഷ്യൽ ആക്ഷന്റെ തത്വങ്ങൾ എഴുതുക.
9. ഒരു സംഘടനയിലെ അധികാരവും ഉത്തരവാദിത്വങ്ങളും വിതരണം ചെയ്തിരിക്കുന്നത് ചിത്രീകരിച്ചിരിക്കുന്നതിനെ ----------- എന്ന് അറിയപ്പെടുന്നു.
10. സാമൂഹ്യ പ്രവർത്തന ഗവേഷണത്തിൽ പ്രാരംഭ പരിശോധനയുടെ ആവശ്യമെന്ത്?

M6A6D7

3

നേതൃത്വവും ആശയവിനിമയവും

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്

- ഫലപ്രദമായ നേതൃത്വത്തിന് ആവശ്യമായ ശേഷികളും ഗുണങ്ങളും വിലയിരുത്തുന്നു.
- വിവിധതരം നേതൃത്വങ്ങൾ തിരിച്ചറിയുന്നു.
- സാഹചര്യത്തിന് അനുയോജ്യമായ ആശയവിനിമയ ശേഷികൾ തിരഞ്ഞെടുക്കുന്നു.
- ആശയവിനിമയ പ്രക്രിയ വിവരിക്കുകയും ആശയവിനിമയത്തെ വിവിധ രീതിയിൽ തരംതിരിക്കുകയും ചെയ്യുന്നു.
- ഒരു സംഘടനയിൽ പൊതുജന സമ്പർക്കത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- പൊതുജന സമ്പർക്കത്തിൽ ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങൾ അംഗീകരിക്കുന്നു.

ഉള്ളടക്കം

3.1 നേതൃത്വം
നേതൃത്വത്തിന്റെ സവിശേഷതകൾ
നേതാവിന്റെ കർത്തവ്യങ്ങൾ
നേതാവിന്റെ ഗുണങ്ങൾ
വിവിധതരം നേതൃത്വങ്ങൾ
സാമൂഹ്യ പ്രവർത്തനത്തിൽ നേതൃത്വത്തിന്റെ പ്രാധാന്യം

3.2 ആശയവിനിമയം
ആശയവിനിമയ പ്രക്രിയ
വിവിധതരം ആശയവിനിമയങ്ങൾ
ആശയവിനിമയ തടസങ്ങൾ
ഫലപ്രദമായ ആശയവിനിമയം
ആശയവിനിമയവും സാമൂഹ്യ പ്രവർത്തനവും

3.3 പൊതുജനസമ്പർക്കം
പൊതുജനസമ്പർക്കത്തിന്റെ സവിശേഷതകൾ
പൊതുജനസമ്പർക്കത്തിന്റെ ധർമങ്ങൾ
പൊതുജനസമ്പർക്കത്തിന്റെ ഉപകരണങ്ങളും തന്ത്രങ്ങളും

3.1 നേതൃത്വം (Leadership)

'ഞാൻ ജീവിതത്തിൽ വിജയിക്കാൻ കാരണം എനിക്ക് എന്നെ വിശ്വസിച്ച ഒരു സുഹൃത്ത് ഉണ്ടായിരിന്നു എന്നതും അവനെ നിരാശപ്പെടുത്താനുള്ള മനോധൈര്യം എനിക്ക് ഉണ്ടായിരുന്നില്ല എന്നതുമാണ്'' **എബ്രഹാം ലിങ്കൻ**

1979 ൽ ഇന്ത്യ SLV-3 രോഹിണി എന്ന കൃത്രിമ ഉപഗ്രഹം വിക്ഷേപിച്ചു. വിക്ഷേപണത്തിന് മുൻപ് എല്ലാ കാര്യങ്ങളും പരിശോധിച്ചിരുന്നെങ്കിലും പറന്നുയർന്ന് അൽപ്പസമയത്തിനുള്ളിൽ റോക്കറ്റ് തകർന്ന് താഴേക്ക് പതിച്ചു. ഈ സംഭവം നടന്നതിന് ശേഷം ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ.സതീഷ് ധവാൻ പത്രപ്രതിനിധികളെ കാണുകയും വിക്ഷേപണ ദൗത്യം പരാജയപ്പെട്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതോടൊപ്പം തന്റെ സഹപ്രവർത്തകരുടെ കഠിനാധ്വാനത്തെ അഭിനന്ദിക്കുകയും ചെയ്തു.

അടുത്ത വർഷം ഐ.എസ്.ആർ.ഒ. വിജയകരമായി SLV-3 രോഹിണി ഉപഗ്രഹം വിക്ഷേപിച്ചു. വിക്ഷേപണ വിജയത്തിന്റെ മുഴുവൻ അംഗീകാരവും ഡോ.സതീഷ് ധവാൻ തന്റെ സഹപ്രവർത്തകർക്ക് നൽകുകയും ഐ.എസ്.ആർ.ഒയ്ക്ക് വേണ്ടി പത്രപ്രവർത്തകരോട് സംസാരിക്കാൻ എ.പി.ജെ. അബ്ദുൽ കലാമിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഡോ.സതീഷ് ധവാന്റെ ഏത് ഗുണമാണ് നമുക്കിവിടെ ദർശിക്കാൻ സാധിക്കുന്നത്?

- ....

ഒരു നേതാവ് എന്ന നിലയിൽ ഡോ.ധവാൻ വലിയൊരു നേട്ടത്തിന്റെ അംഗീകാരം മുഴുവൻ തന്റെ സംഘാംഗങ്ങൾക്ക് നൽകുന്നു. വിജയത്തിന്റെ അംഗീകാരം തന്റെ അനുയായികളുമായി പങ്കുവയ്ക്കുന്നത് ഒരു നല്ല നേതാവിൽ കാണുന്ന ഗുണമാണ്.

മഹാത്മാ ഗാന്ധി, ജവഹർലാൽ നെഹ്റു, ഡോ. ബി.ആർ. അംബേദ്കർ, മൗലാന അബ്ദുൽകലാം ആസാദ് തുടങ്ങിയ സമുന്നത നേതാക്കളാൽ അനുഗ്രഹീതമായ രാജ്യമാണ് ഇന്ത്യ. എന്തുകൊണ്ടാണ് ഈ വ്യക്തികളെ നാം മഹാന്മാരായ നേതാക്കളായി പരിഗണിക്കുന്നത്?

- ....

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ. നാം പോളിംഗ് ബൂത്തിൽ പോയി നമ്മുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. അവരെ തിരഞ്ഞെടുക്കുമ്പോൾ നാം അവരിൽ പ്രതീക്ഷിക്കുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

- ....

നാം അവരിൽ നേതൃത്വഗുണങ്ങളാണ് പ്രതീക്ഷിക്കുന്നത്. പുതിയ ഉയരങ്ങളിലേക്കും ചക്രവാളങ്ങളിലേക്കും പൗരന്മാരെ നയിക്കുന്ന തരം ഫലപ്രദമായ നേതൃത്വമാണ് ഒരു ജനാധിപത്യ രാജ്യത്തിന് ആവശ്യം. പ്രയാസമേറിയ കാലങ്ങളിൽ ഫലപ്രദമായ നേതൃത്വം രാജ്യത്തിന് ഗുണകരമാണ്. ഒരു വാണിജ്യസ്ഥാപനം വിജയകരമായി നടത്തികൊണ്ടുപോകാൻ നേതൃത്വം സഹായിക്കുന്നു. സന്നദ്ധ സംഘടനകൾക്ക് ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ പ്രാപ്തിനൽകുന്നത് നേതൃത്വമാണ്. സാമൂഹ്യ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുവാനും നേതൃത്വം സഹായിക്കുന്നു. മാതാപിതാക്കളുടെ ഫലപ്രദമായ നേതൃത്വവും മാർഗ്ഗനിർദ്ദേശവുമാണ് കുട്ടികളെ അവരുടെ വ്യക്തിത്വം വികസിപ്പിക്കാൻ സഹായിക്കുന്നത്. നേതൃത്വം ഇല്ലാത്ത ഒരു രാജ്യത്തിന്റെ/ സംഘടനയുടെ/ കുടുംബത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ?

ഏത് സംഘടനയുടെയും പ്രവർത്തനത്തെ നേതൃത്വ രാഹിത്യം ബാധിക്കും. യോജിച്ച നേതൃത്വം ഇല്ലെങ്കിൽ സംഘടനകൾ സാവധാനത്തിലാവുകയും നിഷ്ക്രിയമാകുകയും അവരുടെ മാർഗ്ഗം പിഴച്ചുപോകുകയും ചെയ്യുന്നു. നേതൃത്വമില്ലായ്മ മൂലമോ നേതൃത്വത്തിന്റെ പരാജയം മൂലമോ ഫലപ്രദമല്ലാത്ത തീരുമാനങ്ങൾ എടുക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാം. നേതൃത്വശേഷികൾ ഇല്ലാതെ സാമൂഹ്യ പ്രവർത്തകന് ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കുകയില്ല.

നിങ്ങൾക്ക് ഒരു നേതാവ് ആകണോ? നിങ്ങൾ ഇപ്പോൾ തന്നെ ഒരു നേതാവ് ആണെങ്കിൽ, നിങ്ങളുടെ നേതൃത്വശേഷികൾ മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ? ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി മറ്റുള്ളവരെ സ്വാധീനിക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? നിങ്ങളുടെ സംഘടനക്കുള്ളിൽ ഒരു മാർഗദർശക ശക്തി ആകാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഉന്നത അധികാര സ്ഥാനങ്ങളിൽ എത്തിച്ചേരാൻ നിങ്ങൾക്ക് താല്പര്യം ഉണ്ടോ? ഇവയെല്ലാം സാധിച്ചെടുക്കാൻ നേതൃത്വം നിങ്ങളെ സഹായിക്കും. ഇതിൽ നിന്ന് നേതൃത്വം എന്നാൽ നിങ്ങൾ മനസിലാക്കുന്നത് എന്താണ്?

- ....

"ഒരു പൊതുലക്ഷ്യം നേടിയെടുക്കുന്നതിനായി ഒരു വ്യക്തി ഒരുകൂട്ടം വ്യക്തികളെ സ്വാധീനിക്കുന്ന പ്രക്രിയയാണ് നേതൃത്വം" (പീറ്റർ ജി.നോർത്തൗസ്, 2013). ഈയൊരു പ്രക്രിയ വഴിയാണ് ഒരു വ്യക്തി മറ്റുള്ളവരുടെ ചിന്തകൾ, മനോഭാവങ്ങൾ, പെരുമാറ്റം എന്നിവയെ സ്വാധീനിക്കുന്നത്. ജോൺ ന്യൂസ്ട്രോമിന്റെയും കീത്ത് ഡേവിസിന്റെയും അഭിപ്രായത്തിൽ നേതൃത്വം എന്നാൽ "ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ ആവേശത്തോടെ പ്രവർത്തിക്കുന്നതിനു വേണ്ടി മറ്റുള്ളവരെ സ്വാധീനിക്കുകയും പിന്തുണക്കുകയും ചെയ്യുന്ന പ്രക്രിയയാണ്". മുൻ നിശ്ചയിക്കപ്പെട്ട സംഘ

ലക്ഷ്യങ്ങളോ സംഘടനാലക്ഷ്യങ്ങളോ നേടിയെടുക്കുന്നതിന് ഒരു വ്യക്തി മറ്റ് സംഘാംഗങ്ങളെ സ്വാധീനിക്കുന്ന പ്രക്രിയയാണ് നേതൃത്വം.

നേതാക്കൾ മറ്റുള്ളവർക്കായി മാർഗങ്ങൾ നിർദേശിക്കുന്നു; ദീർഘ വീക്ഷണത്തോടെ കാര്യങ്ങൾ കാണാൻ മറ്റുള്ളവരെ സഹായിക്കുന്നു; എന്താണ് നേടിയെടുക്കേണ്ടത് എന്ന് ഭാവനയിൽ കാണുന്നു; മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. മറ്റുള്ള വ്യക്തികളെ കൊണ്ട് പ്രാധാന്യമുള്ള എന്തെങ്കിലും ചെയ്യിക്കാനും വ്യക്തികളെ ഒരു ലക്ഷ്യം നേടിയെടുക്കുന്നതിന് വേണ്ടി ഊർജ്ജസ്വലരാക്കുകയും ചെയ്യാനുള്ള കഴിവാണ് നേതൃത്വം. നമുക്ക് നേതൃത്വം എന്നതിന്റെ സ്വഭാവസവിശേഷതകൾ നോക്കാം.

നേതൃത്വത്തിന്റെ സവിശേഷതകൾ (Characteristics of Leadership)

- ഒരു പൊതുലക്ഷ്യം നേടിയെടുക്കുന്നതിന് വേണ്ടി ഒരു കൂട്ടം വ്യക്തികളെ സ്വാധീനിക്കുന്നു.
- വ്യക്തി, സംഘം, സംഘടന എന്നിവയുടെ വിജയത്തിൽ പങ്ക് വഹിക്കുന്നു.
- നയങ്ങളെ പ്രവർത്തനങ്ങളാക്കി മാറ്റുന്നു.
- ഒരു സംഘടനയിലെയും അതിനകത്തുള്ള വ്യക്തികളുടെയും കഴിവുകളെ ഉപയോഗപ്പെടുത്തുന്നു.

അതുകൊണ്ട് മറ്റ് വ്യക്തികളിൽ മാനസിക പരിവർത്തനം ഉണ്ടാക്കാനും സംഘടനകളെ മുന്നോട്ട് നയിച്ച് തിരഞ്ഞെടുക്കപ്പെട്ട ലക്ഷ്യങ്ങൾ നേടിയെടുക്കാനുമുള്ള പ്രധാന മാർഗ്ഗമാണ് നേതൃത്വം എന്ന് നമുക്ക് കാണാൻ സാധിക്കും. നേതൃത്വം എന്ന ആശയം നാം ചർച്ച ചെയ്തു കഴിഞ്ഞു. ഇനി നിങ്ങൾക്ക് ആരാണ് നേതാവ് എന്ന ചോദ്യത്തിന് ഉത്തരം നൽകാമോ?

മറ്റു വ്യക്തികളെ, സ്വമനസാലെ തന്നെ പിന്തുടരുന്നവരാക്കാൻ കഴിവുള്ള വ്യക്തിയെ നേതാവ് എന്ന് വിളിക്കാം. സംഘടനയോടും സംഘടനയിൽ അതിന്റെ ദർശനവും ദൗത്യങ്ങളും നേടിയെടുക്കാൻ ഒരുമിച്ച് പ്രവർത്തിക്കുന്ന വ്യക്തികളോടും പ്രതിജ്ഞാബദ്ധനായ വ്യക്തിയാണ് നേതാവ്.

നേതാവിന്റെ കർത്തവ്യങ്ങൾ (Functions of a Leader):

ഒരു നേതാവിന് ധാരാളം കർത്തവ്യങ്ങൾ നിർവഹിക്കാനുണ്ട്. നേതാവ് നിർവഹിക്കുന്ന വ്യത്യസ്തമായ ചുമതലകൾ അല്ലെങ്കിൽ കടമകൾ സംഘത്തിന്റെ തരം, ഘടന, ലക്ഷ്യം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഒരു പട്ടാള മേധാവിയുടെ ചുമതലകൾ ഒരു രാഷ്ട്രീയ, സാമൂഹിക, മത നേതാവിന്റെ ചുമതലകളിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും. ഒരു നേതാവിന്റെ ചില ചുമതലകൾ നമുക്ക് ചർച്ചചെയ്യാം.

1. **നയനിർമാതാവ് (Policy Maker):** ഏതൊരു സംഘത്തിലും നേതാവിന്റെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്തം ആ സംഘത്തിന്റെ ലക്ഷ്യങ്ങൾ, ഉദ്ദേശ്യങ്ങൾ, നയങ്ങൾ എന്നിവ തീരുമാനിക്കുക എന്നതാണ്. നേതാവ് വ്യക്തമായ നയങ്ങളും ഉദ്ദേശ്യങ്ങളും നിശ്ചയിക്കുകയും ആ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി പ്രവർത്തിക്കാൻ അനുയായികളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

2. **ആസൂത്രകൻ (Planner):** സംഘത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളും ഉപാധികളും ആസൂത്രണം ചെയ്യുന്നു. നേതാവ് ദീർഘകാലത്തേക്കും ഹ്രസ്വകാലത്തേക്കുമുള്ള ലക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നു.

3. **ഭരണനിർവാഹകൻ (Executive):** പദ്ധതികളും നയങ്ങളും നടപ്പിലാക്കപ്പെടുന്നു എന്നുറപ്പാക്കുന്നതാണ് ഒരു നേതാവിന്റെ ഭരണനിർവാഹകൻ എന്ന നിലയിയിലുള്ള ഉത്തരവാദിത്തം. സംഘത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കലും നേതാവ് നിർവഹിക്കേണ്ട ചുമതലയാണ്.

4. **സംഘ പ്രതിനിധി (Group Representative):** ബാഹ്യബന്ധങ്ങളിൽ നേതാവ് സംഘത്തെ പ്രതിനിധീകരിക്കുന്നു. നേതാവാണ് സംഘത്തിന്റെ ഔദ്യോഗിക വക്താവ്.

5. **ആഭ്യന്തര സംഘ ബന്ധങ്ങളുടെ നിയന്ത്രകൻ (Controller of Internal Group Relationship):** സംഘാംഗങ്ങൾക്കിടയിലെ ആന്തരിക ബന്ധങ്ങൾ നിയന്ത്രിക്കുന്നത് നേതാവാണ്. നേതാവ് സംഘാംഗങ്ങൾക്കിടയിൽ നല്ല ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുന്നു. നേതാവ് സംഘാംഗങ്ങൾക്കിടയിൽ സംഘചേതന പ്രോത്സാഹിപ്പിക്കുകയും സംഘത്തെ ഗാഢബന്ധമുള്ളവരുടെ കൂട്ടമാക്കി വികസിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

6. **ശിക്ഷയുടെയും പാരിതോഷികങ്ങളുടെയും നിയന്ത്രകൻ (Controller of Reward and Punishment):** സംഘാംഗങ്ങളെ പ്രചോദിപ്പിക്കുവാനും നിയന്ത്രിക്കുവാനും അനുസരിപ്പിക്കുവാനും വേണ്ടി നേതാവ് ശിക്ഷയും പാരിതോഷികവും നൽകുന്നു. സംഘലക്ഷ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുകയും അതിനായി സംഭാവനകൾ അർപ്പിക്കുകയും ചെയ്യുന്നവർക്ക് പാരിതോഷികങ്ങൾ നൽകുകയും അതേസമയം സംഘപുരോഗതിയെ തടയുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നു.

7. **മദ്ധ്യസ്ഥനും ഇടനിലക്കാരനും (Arbitrator and Mediator):** സംഘാംഗങ്ങൾക്കിടയിൽ സംഘർഷങ്ങളും ഭിന്നതകളും രൂപപ്പെടുമ്പോൾ നേതാവ് മദ്ധ്യസ്ഥനായും ഇടനിലക്കാരനായും പ്രവർത്തിക്കുന്നു. തൃപ്തികരവും ന്യായവുമായ രീതിയിൽ നേതാവ് തർക്കങ്ങൾ പരിഹരിക്കണം. മികച്ച സംഘബന്ധങ്ങൾ സ്ഥാപിക്കാനും സംഘത്തിനകത്ത് പിരിമുറുക്കങ്ങൾ കുറയ്ക്കുവാനും സ്വരച്ചേർച്ച ഉറപ്പാക്കാനും നേതാവ് പരിശ്രമിക്കണം.

8. **ശ്രേഷ്ഠമാതൃക (Exemplar):** സംഘാംഗങ്ങൾക്ക് മാതൃകയായി നേതാവ് പ്രവർത്തിക്കുന്നു. മറ്റുള്ളവർക്ക് പിന്തുടരാൻ പറ്റിയതും ഉന്നതവുമായ ഒരു മാതൃക നേതാവ് നിശ്ചയമായും സൃഷ്ടിക്കണം.

9. **പിതൃരൂപം (Father Figure):** പിതൃസമാനമായ ഒരു വൈകാരിക വേഷം സംഘത്തിനകത്ത് നേതാവ് അണിയുന്നുണ്ട്. ഒരു വിഷമഘട്ടത്തിൽ അനുയായികൾക്ക് മനഃശാസ്ത്രപരവും ധാർമികവുമായ പിന്തുണയുടെ ഉറവിടമാകാൻ നേതാവിന് കഴിയണം. തൊഴിൽ സംബന്ധമായ വിഷയങ്ങളിൽ മാത്രമല്ല വ്യക്തിപരമായ വിഷയങ്ങളിലും തന്റെ അനുയായികൾക്ക് നേതാവ് മാർഗ്ഗനിർദേശം നൽകുന്നു.

10. ബലിയാട് (Scapegoat): സംഘത്തിന്റെ പ്രകടനത്തിൽ നേതാവിന് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ടുതന്നെ സംഘം മികച്ച പ്രകടനം കാഴ്ചവയ്ക്കുമ്പോൾ നേതാവിന് അതിന്റെ പേരിൽ ഒരുപാട് പ്രശംസ ലഭിക്കുന്നുണ്ട്. എന്നാലും സംഘത്തിന്റെ പ്രകടനം മോശമാവുകയോ സംഘം പരാജയപ്പെടുകയോ ചെയ്താൽ, സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തെങ്കിൽപ്പോലും, അതിന്റെ ഉത്തരവാദിത്തം നേതാവിനായിരിക്കും. ആ വിധത്തിൽ നേതാവ് ബാലിയാടിന്റെ വേഷം കൂടി അണിയേണ്ടിവരും.

നേതാവിന്റെ ഗുണങ്ങൾ (Qualities of a Leader)

'അവൻ അഥവാ അവൾ ജന്മനാ ഒരു നേതാവാണ്' എന്ന പ്രസ്താവന എത്ര പ്രാവശ്യം നിങ്ങൾ കേട്ടിട്ടുണ്ട്? ചില വ്യക്തികൾക്ക് നേതാക്കാന്മാരായി മാറാൻ സഹായിക്കുന്ന ചില സ്വഭാവ സവിശേഷതകൾ ഉണ്ട്.

ഒരാൾ ജന്മനാ തന്നെ നേതാവ് ആകുന്നതാണോ അതോ അയാൾ അല്ലെങ്കിൽ അവൾ നേതാവ് ആകാനുള്ള ശേഷികളും കഴിവുകളും വികസിപ്പിച്ചെടുക്കുകയാണോ ചെയ്യുന്നത് എന്നത് ഒരു തുറന്ന ചർച്ചക്കുള്ള വിഷയമാണ്. നല്ല നേതാക്കളിൽ കണ്ടുവരുന്ന ചില വ്യക്തമായ ഗുണങ്ങളുണ്ട്. ഈ ഗുണങ്ങൾ അവരുടെ വ്യക്തിത്വത്തിൽ സ്വാഭാവികമായി ഉണ്ടായിരിക്കുന്നതോ അല്ലങ്കിൽ കാലക്രമേണ രുപപ്പെട്ടുവരുന്നതോ ആകാം. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ ഒരു നേതാവിന്റെ പ്രധാന ഗുണങ്ങൾ കാണിച്ചിരിക്കുന്നു.



വിവിധതരം നേതൃത്വങ്ങൾ (Types of leadership)









നിങ്ങൾക്ക് ഈ നേതാക്കളെ അറിയാം! മഹാത്മാ ഗാന്ധി, നെൽസൻ മണ്ടേല, അബ്രഹാം ലിങ്കൺ, എ.പി.ജെ. അബ്ദുൽ കലാം, ശ്രീ നാരായണ ഗുരു, ലാൽ ബഹദൂർ ശാസ്ത്രി, ഹെൻറി ഫോർഡ്, നെപ്പോളിയൻ ബോണോപ്പാർട്ട് ഇവർ ഓരോരുത്തർക്കും അവരുടെതായ നേതൃത്വശൈലി ഉണ്ടായിരുന്നു. ഇവരുടെ നേതൃത്വ സവിശേഷതകൾ വ്യക്തമാക്കുകയും നേതൃത്വശൈലി തിരിച്ചറിയുകയും ചെയ്യുക.

- ....

വ്യക്തിയുടെ നേതൃത്വശേഷിയുമായി അടുത്ത ബന്ധമുള്ളതാണ് നേതൃത്വശൈലി. നേതൃത്വശൈലി എന്നത് നേതാവിന്റെ മൂല്യങ്ങൾ, വിശ്വാസങ്ങൾ, ഗുണങ്ങൾ എന്നിവയുടെ സാക്ഷാൽക്കാരമാണ്. വ്യത്യസ്തമായ സാഹചര്യങ്ങൾ കൈകാര്യം ചെയ്യാൻ വ്യത്യസ്തമായ ശൈലികൾ വേണ്ടിവരും. പ്രസ്തുത സാഹചര്യങ്ങളിൽ ഏതു ശൈലിയാണ് ഉപയോഗിക്കേണ്ടത് എന്ന് നേതാവ് അറിഞ്ഞിരിക്കണം. നേതൃത്വതന്ത്രങ്ങളാണ് നേതൃത്വശൈലി തീരുമാനിക്കുന്നത്.

അതുകൊണ്ട്, നമുക്ക് പ്രചാരത്തിലുള്ള ചില നേതൃത്വ ശൈലികൾ പൊതുവായി അവലോകനം ചെയ്യാം.

a. സ്വേച്ഛാധിപത്യ നേതൃത്വശൈലി (Autocratic Leadership Style):

സ്വേച്ഛാധിപത്യ നേതൃത്വശൈലിയിൽ നേതാവ് സാധ്യമായത്ര അധികാരം സ്വന്തമാക്കിയിരിക്കുന്നു. തീരുമാന ങ്ങൾ എടുക്കലും അവ താഴെത്തട്ടിലുള്ള വർക്ക് കൈമാറലുമാണ് ഇതിൽ

ഉൾപ്പെടുന്നത്. ഒരു വിശദീകരണവും കൂടാതെ ജോലിക്കാർ ഉത്തരവുകൾ അനുസരിക്കണമെന്ന് ഇവിടെ പ്രതീക്ഷിക്കപ്പെടുന്നു. നിർദേശങ്ങൾ നൽകാൻ അനുയായികൾക്ക് പരിമിതമായ അവസരങ്ങൾ മാത്രമേ ലഭിക്കുകയുള്ളൂ.

b. ഉദ്യോഗസ്ഥ മേധാവിത്വ നേതൃത്വശൈലി (Bureaucratic Leadership Style)

നേതാക്കൾ "നിയമപുസ്തകം അടിസ്ഥാനമാക്കി" ഭരിക്കുന്നതാണ് ഉദ്യോഗസ്ഥ മേധാവിത്വ നേതൃത്വശൈലി. അത്തരം നേതാക്കൾ പ്രമാണങ്ങൾ, നയങ്ങൾ, നടപടിക്രമങ്ങൾ എന്നിവ കർശനമായി പാലിക്കുന്നവരാണ്. അവരുടെ അനുയായികളും അപ്രകാരം പ്രവർത്തിക്കണമെന്ന് ഇത്തരം നേതാക്കൾ പ്രതീക്ഷിക്കുന്നു. ഈ നേതൃത്വശൈലി അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളും അച്ചടക്കവും കാരണം അനുയായികളുടെ സ്വാതന്ത്ര്യവും സർഗ്ഗാത്മകതയും നിയന്ത്രിക്കപ്പെടുന്നു. എന്നിരുന്നാലും ദൈനംദിന ജോലികളിൽ ഏർപ്പെടുന്ന ആളുകൾ, അതീവ സങ്കീർണ്ണമായ ഇനങ്ങൾ കൈകാര്യം ചെയ്യുന്ന ജോലിക്കാർ എന്നിവർക്കൊക്കെ വളരെ ഫലപ്രദമാണ് എന്ന് തെളിഞ്ഞിട്ടുള്ള നേതൃത്വ ശൈലിയാണിത്.

c. ജനാധിപത്യ നേതൃത്വശൈലി (Democratic Leadership Style)

ഒരു സംഘാംഗത്തിന്റെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ ഏറ്റവും ജനകീയമായ നേതൃത്വ ശൈലിയാണ് ജനാധിപത്യ നേതൃത്വ ശൈലി അഥവാ പങ്കാളിത്ത നേതൃത്വശൈലി. പങ്കാളികളെ നേതാക്കൾ വിശ്വസിക്കുകയും അവരെ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. അത് അവരിൽ സംതൃപ്തി വളർത്തുകയും അവർക്ക് വ്യക്തിപരമായ വളർച്ചക്കും വികാസത്തിനും അവസരം ഉണ്ടാക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി ജോലിയിൽ ഉയർന്ന നിലവാരം പ്രകടിപ്പിക്കുകയും ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കുന്നത് വഴി മനോവീര്യം വർദ്ധിക്കുകയും ചെയ്യുന്നു. ജനാധിപത്യ നേതൃത്വശൈലിയുടെ ഒരേയൊരു പോരായ്മ അത് ധാരാളം സമയമെടുക്കുന്ന പ്രക്രിയ ആണെന്നതാണ്.

d. ലീസ്സെസ് ഫെയർ നേതൃത്വശൈലി (Laissez - Faire Leadership Style)

ലീസ്സെസ് ഫെയർ എന്നതിന്റെ വാച്യാർത്ഥം തടസ്സങ്ങൾ ഉണ്ടാക്കാതെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുക എന്നാണ്. ഈ നേതൃത്വ ശൈലിയിൽ നേതാവ് അംഗങ്ങൾക്ക് വളരെ പരിമിതമായ നിർദേശങ്ങൾ മാത്രം നൽകുകയോ അല്ലെങ്കിൽ ഒരു നിർദേശവും നൽകാതിരിക്കുകയുമാണ് ചെയ്യുക. യഥാർത്ഥത്തിൽ, ലക്ഷ്യങ്ങൾ നിശ്ചയിക്കാനും തീരുമാനങ്ങൾ എടുക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള അധികാരം മുഴുവൻ സംഘാംഗങ്ങളിൽ നിക്ഷിപ്തമായിരിക്കുകയും അവർ പരമാവധി സ്വാതന്ത്ര്യം അനുഭവിക്കുകയും ചെയ്യുന്നു. സർഗ്ഗാത്മക സ്വഭാവമുള്ള ഒരു സംഘടനയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഉയർന്ന പരിചയസമ്പത്തുള്ള അംഗങ്ങളുമായി ഇടപെടുമ്പോൾ പ്രയോഗിക്കുന്ന നേതൃത്വശൈലിയാണിത്.

e. വ്യക്തിപ്രഭാവ നേതൃത്വശൈലി (Charismatic Leadership Style)

സ്വന്തം വ്യക്തിപ്രഭാവവും ആകർഷണശക്തിയും ഉപയോഗപ്പെടുത്തിക്കൊണ്ട് അനുയായികളെ സൃഷ്ടിക്കുന്നവരാണ് വ്യക്തിപ്രഭാവനേതാക്കൾ. ഉത്തരവുകൾ അനുസരിപ്പിക്കാൻ അവർ അനുയായികളുടെ മുകളിൽ അധികാരം പ്രയോഗിക്കുന്നില്ല. അവർ തങ്ങളുടെ ശരീരഭാഷയും പ്രേരണാശേഷികളും മികച്ചരീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് അനുയായികളുടെ മനസ്സിൽ ആവേശം ഉണർത്തുന്നു. അനുയായികളുടെ കാഴ്ചപ്പാടിൽ വിജയം എന്നത് നേതാവിന്റെ സാന്നിധ്യവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെ വ്യക്തിപ്രഭാവശാലിയായ ഒരു നേതാവിന് തന്റെ അനുയായികളുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുക എന്ന വലിയ ഉത്തരവാദിത്തമുണ്ട്.

ഇതിനുപുറമെ മറ്റുചില നേതൃത്വ ശൈലികളും ഉണ്ട്. അവയിൽ ചിലത് നമുക്ക് പരിശോധിച്ച് നോക്കാം.

f. സന്ദർഭാധിഷ്ഠിത നേതൃത്വശൈലി (Situational Leadership Style)

പേര് സൂചിപ്പിക്കുന്നത് പോലെ, സവിശേഷ സഹചര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതാണ് സന്ദർഭാധിഷ്ഠിത നേതൃത്വശൈലി. ഈ സിദ്ധാന്തപ്രകാരം വിവിധ സാഹചര്യങ്ങളിൽ വിവിധ തരം നേതൃത്വങ്ങൾ ആവശ്യമാണ്. ഈ കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ, മികച്ച നേതാവാകാൻ ഒരു വ്യക്തിക്ക് വിവിധ സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ സാധിക്കണം. നേതൃത്വം എന്നതിന് നിർദ്ദേശാത്മകവും പിന്തുണാപരവുമായ മാനങ്ങൾ ഉണ്ടെന്നും അത് അനുയോജ്യമായ രീതിയിൽ ഓരോ സാഹചര്യത്തിലും പ്രയോഗിക്കണമെന്നുമാണ് സന്ദർഭാധിഷ്ഠിത നേതൃത്വശൈലി ഊന്നിപ്പറയുന്ന കാര്യം. നയിക്കപ്പെടുന്ന വ്യക്തികൾക്കും സാഹചര്യത്തിന്റെ സ്വഭാവത്തിനും അനുസരിച്ച് വിവിധ നേതൃത്വശൈലികൾ ഉപയോഗിക്കാനുള്ള കഴിവാണ് ഈ നേതൃത്വത്തിന്റെ ശക്തി. ദീർഘകാല അടിസ്ഥാനത്തിൽ നേതാക്കൾ തിരിച്ചറിയപ്പെടുകയും ഓർമ്മിക്കപ്പെടുകയും ചെയ്യുന്നത് അനുയായികളെ സംരക്ഷിക്കാനുള്ള അവരുടെ കഴിവ്, അവരുടെ ആശയവിനിമയ പാടവം, വിഷയത്തോടുള്ള പ്രതിബദ്ധത എന്നിവയുടെ അടിസ്ഥാനത്തിലാണ്.

കൂടുതൽ നേതൃത്വശൈലികൾ

a) **പരിവർത്തനാത്മക നേതൃത്വശൈലി (Transformational Leadership Style):** ഈ നേതൃത്വശൈലിയിൽ, നേതാക്കൾ അവരുടെ ഗുണപരമായ സംഭാവന വഴി മൂല്യവർധനവ് സൃഷ്ടിക്കുകയും അതുവഴി സംഘടനക്കുള്ളിൽ ഉയർന്ന തോതിലുള്ള ആവേശം ഊട്ടിയുറപ്പിക്കുകയും അങ്ങനെ സംഘടനയെ മാറ്റിമറിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്യുന്നു.

b) **വ്യവഹാരാത്മക നേതൃത്വശൈലി (Transactional Leadership Style):** സംഘാംഗങ്ങൾ നേതാവ് പറയുന്നതിനൊപ്പം നിൽക്കും എന്ന ആശയത്തിൽ നിന്നാരംഭിക്കുന്നതിനാൽ കാര്യനിർവഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന നേതൃത്വശൈലിയാണിത്. ഈ ശൈലിയിൽ നേതാവ് "മെച്ചപ്പെട്ട ജോലിക്ക് പ്രതിഫലം" എന്ന നയമാണ് സ്വീകരിക്കുന്നത്.

c) സേവനാത്മകനേതൃത്വശൈലി (Servant Leadership Style): ഈ നേതൃത്വശൈലിയിൽ നേതാക്കൾ നേട്ടങ്ങൾ കൈവരിക്കുന്നത് തന്റെ സമശീർഷരുടെയോ ഉന്നത അധികാരികളുടെയോ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടാണ്.

d) പിതൃനിർവിശേഷ നേതൃത്വശൈലി (Paternalistic Leadership Style): സംഘാംഗങ്ങളെ സംരക്ഷിച്ചു കൊണ്ട് പിതൃസമാനരൂപമായി പ്രവർത്തിക്കുക വഴിയാണ്, പിതൃനിർവിശേഷ നേതൃത്വശൈലി മുന്നോട്ട് പോകുന്നത്. ഈ നേതൃത്വശൈലിയിൽ നേതാവ് അനുയായികളോടും ജോലിക്കാരോടും പരിപൂർണ്ണമായ പരിഗണന കാണിക്കുന്നു.

സാമൂഹ്യ പ്രവർത്തനത്തിൽ നേതൃത്വത്തിന്റെ പ്രാധാന്യം (Leadership in Social Work)

നിസ്വരെ സഹായിക്കുന്നതിൽ അഭിമാനം കൊള്ളുന്നവരാണ് സാമൂഹ്യ പ്രവർത്തകർ. ധാർമികസംഹിത, സാമൂഹ്യനീതി, ശ്രേഷ്ഠത, അന്തസ്സ് തുടങ്ങിയ സാമൂഹ്യ പ്രവർത്തനത്തിന്റെ കാതലായ മൂല്യങ്ങൾ തന്റെ തൊഴിൽ പൂർണ്ണപ്രാപ്തിയോടെ നിർവഹിക്കാൻ സാമൂഹ്യ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ട്, തന്റെ തൊഴിൽമേഖലയിൽ പ്രശോഭിക്കാൻ സാമൂഹ്യ പ്രവർത്തകന് നേതൃത്വഗുണങ്ങൾ അത്യാവശ്യമാണ്.

സാമൂഹ്യ പ്രവർത്തകർ അനീതികളെ തിരുത്തുകയും ദരിദ്രരെയും ദുർബലരെയും സഹായിക്കാൻ മാർഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. ഈ മാർഗദർശി ധർമത്തിൽ സാമൂഹ്യ പ്രവർത്തകർക്ക് മനുഷ്യവംശത്തെ സേവിക്കാൻ വിപുലമായ അവസരങ്ങൾ ലഭിക്കുന്നു.

സാമൂഹ്യ പ്രവർത്തകരും നേതാക്കളും പ്രതിസന്ധികളിൽ ഇടപെടുകയും സംഘർഷങ്ങൾ പരിഹരിക്കാൻ ഇടനിലക്കാരാവുകയും സേവന സ്വീകർത്താക്കൾക്ക് വേണ്ടി സംസാരിക്കുകയും വിഭവങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. സാമൂഹ്യ പ്രവർത്തന രീതികളിൽ, പ്രത്യേകിച്ചും സോഷ്യൽ ഗ്രൂപ്പ് വർക്ക്, കമ്യൂണിറ്റി ഓർഗനൈസേഷൻ, സോഷ്യൽ ആക്ഷൻ, സാമൂഹ്യ ക്ഷേമ ഭരണനിർവഹണം എന്നിവയിൽ നേതൃത്വശേഷി നാം പ്രയോഗിക്കുന്നുണ്ട്.

സോഷ്യൽ ഗ്രൂപ്പ് വർക്കിൽ സംഘരൂപീകരണത്തിന്റെ ഓരോ ഘട്ടത്തിലും സാമൂഹ്യ പ്രവർത്തകൻ ഇടപെടുകയും മാർഗനിർദേശം നൽകുകയും അതോടപ്പം സംഘാംഗങ്ങൾക്കിടയിൽ നേതൃത്വം വളർത്തികൊണ്ടു വരികയും ചെയ്യുന്നു. കമ്യൂണിറ്റി ഓർഗനൈസേഷനിൽ സാമൂഹ്യ പ്രവർത്തകൻ സമുദായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് അവരെക്കൊണ്ട് തുടക്കം കുറിപ്പിക്കുന്നു. കമ്യൂണിറ്റി ഓർഗനൈസേഷനിൽ ഒരു സഹകാരി എന്ന നിലയിൽ സാമൂഹ്യ പ്രവർത്തകൻ അവരെക്കൊണ്ട് സമുദായത്തിന്റെ തിരിച്ചറിയപ്പെട്ട ആവശ്യങ്ങൾക്ക്, പ്രാദേശിക നേതൃത്വത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് മുൻഗണനാക്രമം നിശ്ചയിക്കുവാൻ പ്രാപ്തമാക്കുന്നു. കമ്യൂണിറ്റി ഓർഗനൈസേഷന്റെ ഓരോ ഘട്ടത്തിലും പ്രാദേശിക

നേതൃത്വം പ്രോത്സാഹിക്കപ്പെടുന്നുണ്ട്.

സോഷ്യൽ ആക്ഷനിൽ സാമൂഹ്യ പ്രവർത്തകൻ അനീതികൾക്കും അക്രമത്തിനും സാമൂഹ്യതിന്മകൾക്കും എതിരെ പ്രവർത്തിക്കാൻ പൊതുജനങ്ങളെ ഉത്തേജിപ്പിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ വിജയം പൂർണ്ണമായും ഫലപ്രദമായ നേതൃത്വത്തെ ആശ്രയിച്ചിരിക്കുന്നു. സാമൂഹ്യ ക്ഷേമ ഭരണനിർവഹണത്തിൽ കാര്യകർത്താവ്, ഏകോപകൻ, ഭരണനിർവാഹകൻ, സമുദായ സംഘാടകൻ, പദ്ധതി നിർവാഹകൻ എന്നീ നിലകളിൽ സാമൂഹ്യ പ്രവർത്തകൻ പ്രവർത്തിക്കുന്നു. വിജയകരമായ നേതൃത്വത്തിലൂടെ മാത്രമേ ഈ ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവഹിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സാമൂഹ്യ പ്രവർത്തനത്തിൽ ഏർപ്പെടാൻ നേതൃത്വഗുണങ്ങൾ അത്യാവശ്യമാണ്.



നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. നേതൃത്വം നിർവചിക്കുക.
2. ഒരു നല്ല നേതാവാകാൻ അത്യന്താപേക്ഷിതമായ ശേഷികൾ പട്ടികപ്പെടുത്തുക?
3. പര്യാപ്തനായ ഒരു നേതാവിന്റെ ഗുണങ്ങൾ തിരിച്ചറിയുക.



1. വിവിധ നേതാക്കളുടെ ചിത്രങ്ങൾ ശേഖരിച്ച് അവരുടെ ഗുണങ്ങൾ സൂചിപ്പിക്കുന്ന ഒരു ആൽബം തയ്യാറാക്കുക.
2. നിങ്ങൾ ഇഷ്ടപ്പെടുന്ന ഒരു നേതാവിനെക്കുറിച്ചു പവർപോയൻറ് അവതരണം തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക.

3.2 ആശയവിനിമയം (Communication)

'മനുഷ്യ നയനങ്ങൾ വാമൊഴിക്ക് തുല്യമായി ആശയവിനിമയം നടത്തുമ്പോൾ തന്നെ, നയന ഭാഷ നിഘണ്ടുവില്ലാതെ ലോകമെമ്പാടും മനസിലാക്കപ്പെടും എന്നൊരു മേന്മയുമുണ്ട്''.

റാൽഫ് വാൽഡോ എമേഴ്സൻ

റഹീം അവന്റെ സഹപാഠികളുടെ ഇടയിൽ വിഖ്യാതനാണ്. എവിടെയൊക്കെ പോയാലും അവനവിടെ സുഹൃത്തുക്കളെ ലഭിക്കും. റഹീമുമായി ഇടപഴകാൻ എല്ലാവരും ഇഷ്ടപ്പെടുന്നു. ക്ലാസ്സിലോ വിദ്യാലയത്തിലോ എപ്പോഴെങ്കിലും പരിപാടി നടക്കുകയാണെങ്കിൽ റഹീമിന്റെ പ്രസംഗം അതിന്റെ മുഖ്യ ആകർഷണം ആണ്.

റഹീമിനെ വ്യത്യസ്തനാക്കുന്ന ഗുണം നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുമോ?

- ....

തീർച്ചയായും അവന് ആശയവിനിമയം എന്ന സവിശേഷ സിദ്ധിയുണ്ട്. എല്ലാവരുടെയും ജീവിതത്തിലെ ഒരു പ്രധാനഭാഗമാണ് ആശയവിനിമയ ശേഷി. ഒരു പരിശ്രമത്തിന്റെ വിജയം, ഫലപ്രദമായി സംസാരിക്കാനുള്ള കഴിവിനെ ആശ്രയിച്ചു നിൽക്കുന്നു. ഫലപ്രദമായ ആശയവിനിമയത്തിൽ വാക്കുകളുടെ ഉപയോഗം,

ഭാഷയുടെ അനിർഗളമായ ഉപയോഗം, ശബ്ദക്രമീകരണം, ശരീരഭാഷ എന്നിവ ഉൾപ്പെടുന്നു.

ശരിയായ സമയത്ത് ശരിയായ സന്ദേശം അനുയോജ്യമായ ഉപകരണം ഉപയോഗിച്ച് കൈമാറുക വഴി പ്രതിസന്ധി ഘട്ടങ്ങൾ മറികടക്കാനും വിജയത്തിനായി പ്രവർത്തിക്കുവാനും വേണ്ടി ജനങ്ങളെ പ്രചോദിപ്പിക്കാൻ സാധിക്കും. സാമുഹ്യപ്രവർത്തകർക്ക് മികച്ച ആശയവിനിമയ ശേഷിയുണ്ടായിരിക്കണം. ജീവിതത്തിന്റെ എല്ലാമേഖലയിലും, പ്രത്യേകിച്ചും സാമൂഹ്യപ്രവർത്തന സാഹചര്യങ്ങളിൽ ആശയവിനിമയശേഷി വളരെ പ്രാധാന്യമുള്ളതാണ്.

ഒരാളുടെ സംസ്കാരത്തിനും സാഹചര്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ വാചികമായും അവാചികമായും മനസിലുള്ളത് പ്രകടിപ്പിക്കാനും സ്വീകരിക്കാനുമുള്ള കഴിവുകളാണ് ആശയവിനിമയശേഷി. യഥാർത്ഥത്തിൽ ആശയവിനിമയ പ്രക്രിയ വിജയകരമാകുന്നത്, പ്രേഷകനും ഗ്രാഹകനും ലഭിച്ച വിവരം സമാനമായി മനസിലാക്കുമ്പോൾ മാത്രമാണ്. ഇപ്പോൾ നിങ്ങൾക്ക് ആശയവിനിമയത്തെ നിർവചിക്കാൻ സാധിക്കുമോ?

- ....

ആശയവിനിമയം എന്നത് ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് വിവരങ്ങൾ സംപ്രേഷണം നടത്തുകയും അത് പൊതുവായ രീതിയിൽ മനസിലാക്കപ്പെടുകയും ചെയ്യുന്ന പ്രക്രിയയാണ് (കെയ്റ്റ്ൻ, 2011). 'പങ്കുവയ്ക്കുക' എന്നർത്ഥമുള്ള 'കമ്യൂണികേർ' (Communicare) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് കമ്യൂണിക്കേഷൻ (ആശയവിനിമയം) എന്ന പദം രൂപപ്പെട്ടത്. വിവരങ്ങൾ സംപ്രേഷണം ചെയ്യലും മനസിലാക്കലും ഉൾപ്പെടുന്ന പ്രക്രിയയാണിത്. ആശയവിനിമയം നടത്താനുള്ള ശേഷി, മറ്റൊരാളിൽ ആഗ്രഹിക്കുന്ന പ്രതികരണം ഉണർത്താൻ കഴിയുന്ന വിധത്തിൽ ആശയങ്ങളും വികാരങ്ങളും കൈമാറാനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു. നമുക്ക് ആശയവിനിമയ പ്രക്രിയ ചർച്ച ചെയ്യാം.

ആശയവിനിമയ പ്രക്രിയ (Process of Communication)

ആശയവിനിമയ പ്രക്രിയ ചില പ്രത്യേക പടവുകളിലൂടെയാണ് കടന്നു പോകുന്നത്. പ്രേഷകൻ അയക്കുന്ന സന്ദേശം ഗ്രാഹകൻ ശരിയായി മനസിലാക്കിയില്ലെങ്കിൽ ആശയവിനിമയപ്രക്രിയ പൂർത്തിയാവുകയില്ല. ഏത് ആശയവിനിമയ പ്രക്രിയയിലും അനിവാര്യമായി താഴെപ്പറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കണം.



ആശയവിനിമയ പ്രക്രിയ താഴെ വിശദീകരിച്ചിരിക്കുന്നു:

1. **പ്രേക്ഷകൻ (Sender/Encoder):** ഗ്രാഹകന് ഒരു സന്ദേശം അയയ്ക്കാൻ ആഗ്രഹിക്കുന്ന പ്രേക്ഷകനിൽ നിന്നാണ് ആശയവിനിമയ പ്രക്രിയ ആരംഭിക്കുന്നത്. പ്രേക്ഷകനെ എൻകോഡർ എന്നും വിളിക്കാറുണ്ട് കാരണം എൻകോഡ് (കോഡ് രൂപത്തിലാക്കൽ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സന്ദേശത്തെ ഒരു മാധ്യമത്തിൽ ആക്കുക എന്നതാണ്. പ്രേക്ഷകനെ സന്ദേശം ആരംഭിക്കുന്ന ഉറവിടം എന്നും വിളിക്കാറുണ്ട്.

2. **സന്ദേശം (Message):** പ്രേക്ഷകൻ ഗ്രാഹകന് അയയ്ക്കാൻ ആഗ്രഹിക്കുന്നതാണ് സന്ദേശം. അത് ഒരു ആശയമോ വികാരമോ എന്തെങ്കിലും വിവരമോ ആകാം. പൊതുവിൽ എല്ലാ സന്ദേശത്തിനും ഒരു ലക്ഷ്യമോ ഉദ്ദേശ്യമോ ഉണ്ടാകും.

3. **മാധ്യമം (Medium/Channel):** ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് സന്ദേശം കൈമാറുന്ന മാർഗ്ഗമാണിത്. ആശയവിനിമയം കാര്യക്ഷമവും ഫലപ്രദവുമാകാൻ സന്ദേശം അയയ്ക്കാൻ തിരഞ്ഞെടുക്കുന്ന മാധ്യമം (Medium) അനുയോജ്യമായിരിക്കണം.

4. **ഗ്രാഹകൻ (Receiver/Decoder):** സന്ദേശം ലഭിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിയോ ഒരു കൂട്ടം വ്യക്തികളോ ആണ് ഗ്രാഹകൻ അല്ലെങ്കിൽ സ്വീകർത്താവ് എന്നറിയപ്പെടുന്നത്. സന്ദേശം ഗ്രാഹകന് ലഭിച്ചില്ലെങ്കിൽ ആശയവിനിമയം സംഭവിച്ചിട്ടില്ല. ഗ്രഹകൻ തനിക്ക് ലഭിച്ച സന്ദേശം പരിഭാഷപ്പെടുത്തിയും വ്യാഖ്യാനിച്ചും അർത്ഥം മനസിലാക്കുന്നു. അതുകൊണ്ടാണ് ഗ്രാഹകൻ ഡികോഡർ (Decoder- ഗുപ്ത സന്ദേശങ്ങൾ വായിച്ചു മനസിലാക്കുന്നയാൾ) എന്നു കൂടി അറിയപ്പെടുന്നത്.

5. **പ്രതികരണം (Feedback):** സന്ദേശം ലഭിക്കുമ്പോഴുണ്ടാകുന്നതാണ് പ്രതികരണം. പ്രതികരണം ഇല്ലാതെ ഗ്രാഹകന് സന്ദേശം ലഭിച്ചോ എന്നും ആ സന്ദേശം മനസ്സിലായോ എന്നും പ്രേക്ഷകന് മനസ്സിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട്, ആശയവിനിമയ പ്രക്രിയയിൽ പ്രേക്ഷകൻ സന്ദേശത്തെ കോഡ് രൂപത്തിൽ ആക്കുകയും അതിനു ശേഷം ഉചിതമായ മാർഗ്ഗത്തിലൂടെ അതിനെ സ്വീകർത്താവിന്റെ അടുത്തേക്ക് സംപ്രേഷണം ചെയ്യുകയും, സ്വീകർത്താവ് ആ സന്ദേശം മനസ്സിലാക്കി ഉചിതമായ പ്രതികരണം നൽകുകയും ചെയ്യുന്നു. ആശയവിനിമയം നടത്താൻ ധാരാളം മാർഗ്ഗങ്ങളുണ്ട്. ഇനി നമുക്ക് വിവിധതരത്തിലുള്ള ആശയവിനിമയ രീതികൾ മനസ്സിലാക്കാം.

വിവിധതരം ആശയവിനിമയങ്ങൾ (Types of communication)

ഉപയോഗിക്കുന്ന ആശയവിനിമയ മാർഗത്തെയും മാധ്യമത്തെയും അടിസ്ഥാനമാക്കി ആശയവിനിമയത്തെ വിവിധ രീതിയിൽ തരംതിരിക്കാം.

A) വാചിക ആശയവിനിമയം (Verbal Communication)

B) അവാചിക ആശയവിനിമയം (Nonverbal Communication)

A. വാചിക ആശയവിനിമയം (Verbal Communication)

വാചികം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് വാക്കുകളുടെ ഉപയോഗമാണ്. സംസാര രൂപത്തിലോ എഴുത്ത് രൂപത്തിലോ വാക്കുകൾ ഉപയോഗിച്ചുകൊണ്ടുള്ള ആശയവിനിമയത്തെ വാചിക ആശയവിനിമയം എന്നു വിളിക്കുന്നു. വാചിക ആശയവിനിമയത്തെ വീണ്ടും രണ്ടായി തിരിക്കാം.

a. വാമൊഴി ആശയവിനിമയം (Oral Communication)

b. വരമൊഴി ആശയവിനിമയം (Written Communication)

a. വാമൊഴി ആശയവിനിമയം (Oral Communication)



വാമൊഴി ആശയവിനിമയത്തിൽ ഉച്ചരിക്കപ്പെടുന്ന വാക്കുകളാണ് ആശയവിനിമയത്തിനായി ഉപയോഗിക്കുന്നത്. ഇതിൽ മുഖാമുഖ സംഭാഷണം, സംസാരം, ടെലിഫോൺ സംഭാഷണം, ഓഡിയോ, വീഡിയോ, ഇന്റർനെറ്റ് ഉപയോഗിച്ചുള്ള ശബ്ദാധിഷ്ടിത സംഭാഷണങ്ങൾ എന്നിവയൊക്കെ ഉൾപ്പെടും. ശബ്ദത്തിന്റെ സ്ഥായി, ശബ്ദത്തിന്റെ അളവ്, സംസാരിക്കുന്നതിന്റെ വേഗതയും വ്യക്തതയും എന്നീ ഘടകങ്ങളാണ് വാമൊഴി ആശയവിനിമയത്തെ സ്വാധീനിക്കുന്നത്.

വാമൊഴി ആശയവിനിമയത്തിന്റെ മേന്മകൾ

- വളരെ വേഗത്തിൽ പൊടുന്നനെ നടത്താൻ കഴിയുന്ന ആശയവിനിമയ രീതിയാണിത്.
- സംസാരിക്കുന്ന വ്യക്തിക്ക് ശ്രോതാവിന്റെ വ്യക്തിപരമായ ശ്രദ്ധ ലഭിക്കാൻ സാധിക്കുന്നു.
- ഉടനടിയുള്ള പ്രതികരണം ലഭിക്കുന്നു.
- അവാചിക സൂചനകളാൽ ആശയവിനിമയം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നു.

വാമൊഴി ആശയവിനിമയത്തിന്റെ പോരായ്മകൾ.

- സങ്കീർണ്ണവും വിവാദപരവുമായ സന്ദേശങ്ങൾ കൈമാറാൻ ഈ രീതി അനുയോജ്യമല്ല.
- വിദൂര സ്ഥലങ്ങളിൽ നിന്ന് ആശയവിനിമയം നടത്തുന്ന സാഹചര്യത്തിൽ ചിലവേറിയതും സമയം നഷ്ടം ഉണ്ടാക്കുന്നതുമായ രീതിയാണിത്.
- ഈ രീതിയിൽ രേഖപ്പെടുത്തിയ തെളിവുകൾ ഉണ്ടാവുകയില്ല.
- ശബ്ദ കോലാഹലങ്ങൾ ബാധിക്കാൻ സാധ്യതയുണ്ട്.

b. വരമൊഴി ആശയവിനിമയം (Written Communication)



വരമൊഴി ആശയവിനിമയത്തിൽ, എഴുതപ്പെട്ട ചിഹ്നങ്ങളോ അടയാളങ്ങളോ ആണ് ആശയ വിനിമയത്തിനായി ഉപയോഗിക്കുന്നത്. എഴുതപ്പെട്ട സന്ദേശം അച്ചടിക്കപ്പെട്ടതോ കൈകൊണ്ട് എഴുതിയതോ ആവാം. സന്ദേശം, ഇമെയിൽ, കത്ത്, കുറിപ്പ്, പത്രിക എന്നിങ്ങനെയുള്ള വിവിധ രൂപങ്ങളിൽ വരമൊഴി ആശയങ്ങൾ വിനിമയം ചെയ്യാം. വരമൊഴി ആശയിനിമയത്തിൽ പദസമ്പത്ത്, വ്യാകരണം, രചനാശൈലി, കൃത്യത, ഭാഷയുടെ വ്യക്തത എന്നിവ സന്ദേശത്തെ സ്വാധീനിക്കുന്നുണ്ട്.

വരമൊഴി ആശയവിനിമയത്തിന്റെ മേന്മകൾ

- സ്ഥിരമായിരിക്കുന്നതും ഭാവിയിൽ പരാമർശങ്ങൾക്ക് വേണ്ടി ഉപയോഗിക്കാവുന്നതുമാണ്.
- മുൻകൂട്ടി തയ്യാറാക്കാൻ സാധിക്കുന്നതിനാൽ തെറ്റുകൾ സംഭവിക്കാനുള്ള സാധ്യത കുറവാണ്.
- ഒരേ സമയം വളരെയധികം ആളുകളെ അഭിസംബോധന ചെയ്യാൻ സാധിക്കും.
- സന്ദേശങ്ങൾ അയക്കുന്നതിന് മുൻപ് പലതവണ അവ പുതുക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സാധിക്കും.

വരമൊഴി ആശയവിനിമയത്തിന്റെ പോരായ്മകൾ

- അമിതമായി സമയം പാഴാകുന്നു.
- ഉടനടിയുള്ള പ്രതികരണം സാധ്യമല്ല.
- ചിലതരം സന്ദേശങ്ങൾ ലിഖിത രൂപത്തിലാക്കാൻ സാധിക്കുകയില്ല.
- സന്ദേശം വ്യത്യസ്തമായ രീതിയിൽ വ്യാഖ്യാനിക്കപ്പെടാം.
- അവാചിക സൂചനകൾ കാണാൻ സാധിക്കുകയില്ല.

B. അവാചിക ആശയവിനിമയം

വാക്കുകൾ ഇല്ലാത്ത സന്ദേശങ്ങൾ അയയ്ക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിനെയാണ് അവാചിക ആശയവിനിമയം എന്ന് വിളിക്കുന്നത്. വാമൊഴി, വരമൊഴി ആശയവിനിമയങ്ങൾക്ക് പുറമെയുള്ള ആംഗ്യങ്ങൾ, ശരീര ഭാഷ, ചിഹ്ന ഭാഷ, ശരീരനില, മുഖ ഭാവം എന്നിവയെ അവാചിക ആശയവിനിമയം എന്ന് വിളിക്കാം. സംസാരിക്കുന്ന വ്യക്തിയുടെ ശരീര ഭാഷയാണ് മൊത്തത്തിൽ നാം അവാചിക ആശയവിനിമയമായി പരിഗണിക്കുന്നത്.

ലഭിച്ച സന്ദേശം വ്യാഖ്യാനിക്കാൻ അവാചിക ആശയവിനിമയം ഗ്രാഹകനെ സഹായിക്കുന്നു. വാചിക സന്ദേശത്തെക്കാൾ നന്നായി ഒരു സാഹചര്യത്തെ മനസിലാക്കാൻ സഹായിക്കുന്നത് അവാചിക സൂചനകളാണ്. വരമൊഴി വാമൊഴി രൂപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ നമ്മുടെ ആശയവിനിമയങ്ങളിൽ വലിയൊരു പങ്ക് അവാചിക രൂപത്തിലാണ് നടക്കുന്നത് എന്നത് തിരിച്ചറിയാൻ നമ്മിൽ മിക്കവർക്കും സാധിക്കാറില്ല.

ലക്ഷ്യം, ശൈലി എന്നിവ അടിസ്ഥാനമാക്കിയുള്ള വിവിധതരം ആശയവിനിമയങ്ങൾ

ശൈലിയുടെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ വീക്ഷിക്കുമ്പോൾ ആശയവിനിമയത്തിൽ തനത് സവിശേഷതകൾ ഉള്ള രണ്ട് മുഖ്യ വിഭാഗങ്ങൾ ഉണ്ട്. ശൈലിയുടെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള ആശയവിനിമയ ശൈലികളാണ്:

a. ഔപചാരിക ആശയവിനിമയം (Formal Communication)

b. അനൗപചാരിക ആശയവിനിമയം (Informal Communication)

a. ഔപചാരിക ആശയവിനിമയം (Formal Communication)

ഔപചാരിക ആശയവിനിമയത്തിൽ ചില നിയമങ്ങൾ, സമ്പ്രദായങ്ങൾ, തത്വങ്ങൾ എന്നിവ പിന്തുടർന്നു വരുന്നു. ഔപചാരികവും ഔദ്യോഗികവുമായ ശൈലിയിലാണ് ഔപചാരിക ആശയവിനിമയം നടക്കുന്നത്. തൊഴിൽ മേഖലകൾ, കോർപ്പറേറ്റ് യോഗങ്ങൾ, സംഘടനകൾ, സമ്മേളനങ്ങൾ എന്നിവ പൊതുവേ ഔപചാരിക മാതൃക പിന്തുടർന്ന് വരുന്നു. ഇവിടെ അധികാരശ്രേണിക്ക് വലിയ പ്രാധാന്യമുണ്ട്. ഔപചാരിക ആശയവിനിമയം വിവിധ ദിശകളിൽ ആണ് നടക്കുന്നത്. ലംബമാനമായി മേൽദിശയിലേക്ക് (താഴെത്തട്ടിൽ നിന്ന് മുകളിലേക്ക്), താഴേക്ക് (മേൽത്തട്ടിൽ നിന്ന് താഴേക്ക്), സമാന്തരമായി (ഒരെത്തട്ടിൽ ഉള്ളവർ തമ്മിൽ) എന്നിവയാണ് ഔപചാരിക ആശയവിനിമയം നടക്കുന്ന ദിശകൾ. ഔപചാരിക ആശയവിനിമയത്തിൽ അധികാരത്തിന്റെ അതിരുകൾ പാലിക്കപ്പെടേണ്ടതുണ്ട്.

ഉദാഹരണമായി, സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ പ്രിൻസിപ്പാൾ സംസാരിക്കുന്നത് കീഴ്ദിശയിൽ ഉള്ള ലംബമാന ഔപചാരിക ആശയവിനിമയത്തിന് ഉദാഹരണമാണ്. എന്നാൽ വിദ്യാർത്ഥികൾ ഒരു അധ്യാപികയുമായി ആശയവിനിമയം നടത്തുന്നത് മേൽദിശയിലുള്ള ലംബമാന ആശയവിനിമയമാണ്. അധ്യാപകർ തമ്മിൽ യുവജനോത്സവത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത് സമാന്തര ആശയവിനിമയത്തിന് ഉദാഹരണമായി കണക്കാക്കാം.

b. അനൗപചാരിക ആശയവിനിമയം (Informal Communication)



അനൗപചാരിക ആശയവിനിമയം ഔപചാരിക ആശയവിനിമയത്തിൽ നിന്നും വ്യത്യസ്തമാണ്. തികച്ചും ആകസ്മികമായ സംഭാഷണമാണ് ഇത്. സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും ഇടയിൽ നടക്കുന്ന സംഭാഷണമാണിത്. അനൗപചാരിക ആശയവിനിമയത്തിൽ നാം നാടൻ സംസാരരീതിയും പ്രാദേശിക ഭാഷ വകഭേദങ്ങളും ഉപയോഗിക്കുന്നു. പൊതുവിൽ, അനൗപചാരിക ആശയവിനിമയം വാചിക രൂപത്തിൽ ആംഗ്യങ്ങളുടെ അകമ്പടിയോടെയാണ് നടക്കാറ്. ഔപചാരിക ആശയവിനിമയത്തിൽ നിന്ന് വ്യത്യസ്തമായി, അനൗപചാരിക ആശയവിനിമയത്തിൽ അധികാരത്തിന്റെ അതിർവരമ്പുകൾ പരിഗണിക്കപ്പെടാറില്ല. അനൗപചാരിക ആശയവിനിമയം ബന്ധങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നു.

ആശയവിനിമയ തടസങ്ങൾ (Barriers of Communication)

'സ്കൂളിൽ നിന്നുള്ള പഠനയാത്രക്കിടയിൽ കൊൽക്കത്തയിൽ വച്ച് ഒന്നാം വർഷ ഹയർസെക്കൻഡറി വിദ്യാർത്ഥിയായ ജിന്റോ കൂട്ടം തെറ്റിപ്പോയി. തന്റെ മാതൃഭാഷയിൽ ഒരു കച്ചവടക്കാരനോട് സഹായം ചോദിച്ചെങ്കിലും അയാൾക്ക് ഒന്നും മനസിലായില്ല. ആകെ പേടിച്ചുപോയതിനാൽ പോലീസുകാരുടെ സഹായം തേടാനും മനസുവന്നില്ല. പെട്ടന്ന്, കുറച്ചകലെ താൻ വന്ന ബസ്സ് പോകുന്നത് കണ്ടിട്ട് അവൻ ഉറക്കെ ശബ്ദം ഉണ്ടാക്കിയെങ്കിലും ബസ്സിനുള്ളിലുള്ള ആർക്കും അത് കേൾക്കാൻ സാധിച്ചില്ല'.

- ജിന്റോ നേരിട്ട പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?
    - ....

ആശയവിനിമയം നടത്തുന്നതിൽ ജിന്റോ നേരിട്ട വിവിധ തരത്തിലുള്ള തടസങ്ങൾ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുമോ?

- ....

ഭാഷ, പേടി, ദൂരം തുടങ്ങിയ വിവിധ ആശയവിനിമയ തടസങ്ങളാണ് ജിന്റോ നേരിട്ടത്. ഇതുപോലെയുള്ള ആശയവിനിമയ തടസങ്ങൾ ആശയവിനിമയ പ്രക്രിയയുടെ ഏത് ഘട്ടത്തിലും സംഭവിക്കാം. ഇത്തരം തടസങ്ങൾ ആശയവിനിമയ ഭംഗത്തിന് കാരണമാകുകയും അതുവഴി സമയവും ധനവും പാഴാവുന്നതിനിടയാവുകയും ചെയ്യുന്നു. തൽഫലമായി ആശയക്കുഴപ്പവും തെറ്റിധാരണയും ഉണ്ടാകുന്നു. താഴെ പറയുന്നവയാണ് പ്രധാനപ്പെട്ട ആശയവിനിമയ തടസങ്ങൾ.

a. ഭാഷാസംബന്ധിയായ തടസങ്ങൾ (Language Barriers)

ഭാഷയും ഭാഷാപരമായ ശേഷിയും പലപ്പോഴും ആശയവിനിമയത്തിന് തടസമായേക്കാം. ഒരേ ഭാഷയിൽ തന്നെ ആശയവിനിമയം നടത്തുന്ന സമയത്ത് പോലും സന്ദേശത്തിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക പദങ്ങൾ സ്വീകർത്താവിന് പൂർണ്ണമായും മനസ്സിലായില്ലായെങ്കിൽ അത് ആശയവിനിമയ തടസമായി മാറാൻ സാധ്യതയുണ്ട്.

ഉദാഹരണത്തിന്, ഒരുപാട് സവിശേഷ സാങ്കേതിക പദാവലികളും ചുരുക്കരൂപങ്ങളും ഉൾപെട്ട ഒരു സന്ദേശം, അത്തരം സാങ്കേതിക ഭാഷ പരിചയമില്ലാത്ത ഒരു സ്വീകർത്താവിന് മനസിലാക്കാൻ കഴിയുകയില്ല.

b. മാനസിക തടസങ്ങൾ (Psychological Barriers)

ആശയവിനിമയം നടത്തുന്നവരുടെ മാനസികനില, സന്ദേശം എങ്ങനെയാണ് അയയ്ക്കുന്നത്, സ്വീകരിക്കപ്പെടുന്നത്, മനസിലാക്കപ്പെടുന്നത് എന്നിവയെ സ്വാധീനിക്കും.

ഉദാഹരണമായി, ഒരു വ്യക്തി മാനസിക സമ്മർദം അനുഭവിക്കുന്ന സമയത്ത് അയാൾ/ അവൾ തന്റെ വ്യക്തിപരമായ കാര്യങ്ങളിൽ മുഴുകിയിരിക്കുകയായിരിക്കും. അത്തരം സന്ദർഭത്തിൽ സന്ദേശം ശരിയായ രീതിയിൽ സ്വീകരിക്കാൻ സാധിക്കുകയില്ല. ദേഷ്യം എന്നത് മാനസികമായ ആശയവിനിമയ തടസത്തിന് മറ്റൊരു ഉദാഹരണമാണ്. നാം ദേഷ്യപ്പെട്ടിരിക്കുന്ന അവസരങ്ങളിൽ നടത്തുന്ന ആശയവിനിമയങ്ങളിൽ കുഴപ്പങ്ങൾ സംഭവിക്കാം. ഇത്തരം സന്ദർഭങ്ങളിൽ, പിന്നീട് നാം ഖേദിക്കാൻ ഇടയാകുന്ന കാര്യങ്ങൾ പറയാനും മറ്റുള്ളവർ പറയുന്നത് തെറ്റായി വ്യാഖ്യാനിക്കാനും എളുപ്പമാണ്.

c. ശാരീരിക തടസങ്ങൾ (Physiological Barriers)

സ്വീകർത്താവിന്റെ ശാരീരികാവസ്ഥ ആശയവിനിമയ തടസത്തിന് കാരണമാകുന്നു.

ഉദാഹരണമായി, കേൾവിക്കുറവുള്ള പ്രേഷകന് ആളുകൾ സംസാരിക്കുന്നത്

മനസിലാക്കാൻ കഴിയണമെന്നില്ല, പ്രത്യേകിച്ച് പശ്ചാത്തലത്തിൽ സാരവത്തായ അളവിൽ ബഹളം ഉള്ളപ്പോൾ.

d. ഭൗതിക തടസങ്ങൾ (Physical Barriers)

പ്രേഷകനും ഗ്രാഹകനും തമ്മിലുള്ള ഭൂമിശാസ്ത്രപരമായ അകലം ആശയ വിനിമയത്തിന് തടസമാകുന്ന ഭൗതിക ഘടകത്തിന് ഉദാഹരണമാണ്.

ഉദാഹരണങ്ങൾ: ദൂരം, ഒച്ച, ഭിത്തികൾ.

ചെറിയ ദൂരങ്ങൾക്കുള്ളിലാണ് ആശയവിനിമയം പൊതുവിൽ അനായാസകരമായി നടക്കുന്നത്. ആധുനിക സാങ്കേതികവിദ്യകൾ മിക്കപ്പോഴും ഭൗതിക തടസങ്ങൾ മൂലമുള്ള ആഘാതം കുറക്കാൻ പര്യാപ്തമാണ്. എന്നിരുന്നാലും, ഓരോ ആശയവിനിമയ മാർഗ്ഗത്തിന്റെയും ഗുണ-ദോഷങ്ങൾ അറിഞ്ഞിരിക്കുന്നത് ഭൗതിക തടസങ്ങളെ മറികടന്ന് അനുയോജ്യമായ ആശയവിനിമയ മാർഗ്ഗം തിരഞ്ഞെടുക്കാൻ സഹായകരമാകും.

e. മനോഭാവാത്മക തടസങ്ങൾ (Attitudinal Barriers)

ഫലപ്രദമായി ആശയവിനിമയം നടത്തുന്നതിൽനിന്ന് ആളുകളെ തടയുന്ന പെരുമാറ്റങ്ങളോ ധാരണകളോ ആണ് മനോഭാവാത്മക തടസങ്ങൾ.

വ്യക്തിത്വ സംഘർഷങ്ങൾ, വ്യക്തിപരമായ പക്ഷഭേദം, തൃപ്തികരമല്ലാത്ത കാര്യനിർവഹണം, മാറ്റങ്ങളോടുള്ള എതിർപ്പ്, പ്രചോദനരാഹിത്യം എന്നിവയെല്ലാം ആശയവിനിമയത്തിന് വിഘാതം ഉണ്ടാക്കുന്ന മനോഭാവാത്മക തടസങ്ങൾ ഉണ്ടാക്കാം.

ആശയവിനിമയം എന്നത് ഒരു ഏകദിശ സഞ്ചാരം അല്ല. മറ്റുള്ളവർ നമ്മോട് തുറന്ന് ഇടപെടണമെങ്കിൽ നാം അവരോടും തുറന്ന സമീപനം സ്വീകരിക്കണം. ആശയവിനിമയ തടസങ്ങൾ മറികടക്കുക വഴി നാം നടത്തുന്ന പ്രസ്താവന, ഗ്രാഹകൻ കേട്ടു എന്ന് മാത്രമല്ല അവർ അത് മനസ്സിലാക്കി എന്നുകൂടി ഉറപ്പാക്കാൻ സാധിക്കും. ഈ വിധത്തിൽ, നാം നമ്മുടെ അഭിപ്രായം പറഞ്ഞു എന്നും അത് ഫലപ്രദമായി വിനിമയം ചെയ്യപ്പെട്ടു എന്നും ഉറപ്പാക്കാം. ഇനി നമുക്ക് ആശയവിനിമയം എങ്ങനെ ഫലപ്രദമായി നടത്താം എന്ന് നോക്കാം.

ഫലപ്രദമായ ആശയവിനിമയം (Effective Communication)

വിനോദ് വളരെ ബുദ്ധിമാനായ വ്യക്തിയാണ്. അവൻ എം.ബി.എ ഒന്നാം റാങ്കോടുകൂടി പാസായി. അവൻ പല മത്സര പരീക്ഷകളിലും പങ്കെടുക്കുകയും ഉയർന്ന മാർക്ക് സമ്പാദിക്കുകയും ചെയ്തു. എന്നിട്ടും അവൻ ഇപ്പോഴും തൊഴിൽ രഹിതനാണ്, കാരണം ഗ്രൂപ്പ് ചർച്ചയിലും അഭിമുഖ സംഭാഷണത്തിലും അവന് നല്ല

പ്രകടനം കാഴ്ച വയ്ക്കാൻ കഴിയുന്നില്ല.

എന്തുകൊണ്ടാണ് അവന് ഗ്രൂപ്പ് ചർച്ചയിലും അഭിമുഖസംഭാഷണത്തിലും മികച്ച പ്രകടനം നടത്താൻ കഴിയാത്തത്?

- ....

വിനോദിന് ഫലപ്രദമായ ആശയവിനിമയശേഷികളില്ല. നമുക്ക് വിനോദിനെ എങ്ങനെ സഹായിക്കാൻ കഴിയും?

- ....

തീർച്ചയായും ആശയവിനിമയ തടസങ്ങൾ മറികടക്കാൻ വിനോദിനെ സഹായിക്കാൻ കഴിയും.

- ....

ഫലപ്രദമായ ആശയവിനിമയം ഒരു വ്യക്തിയെയും സാഹചര്യത്തെയും മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കുവാനും അതുവഴി വിജയകരമായൊരു ജീവിതം നയിക്കാൻ നമ്മെ പര്യാപ്തമാക്കുകയും ചെയ്യുന്നു. ഫലപ്രദമായ ആശയവിനിമയം എന്നത് വെറും വിവരങ്ങൾ കൈമാറുന്നു എന്നതിലുപരിയായി ആ വിവരത്തിന് പിന്നിലുള്ള ലക്ഷ്യവും വികാരവും മനസ്സിലാക്കൽ കൂടിയാണ്.

ഫലപ്രദമായ ആശയവിനിമയം മൂലം:

- വീട്, ജോലിസ്ഥലം, സാമൂഹിക സാഹചര്യങ്ങൾ എന്നിവിടങ്ങളിൽ ബന്ധങ്ങൾ മെച്ചപ്പെടുന്നു.
- കൂട്ടായ പരിശ്രമം, തീരുമാനങ്ങൾ എടുക്കൽ, പ്രശ്നങ്ങൾ പരിഹരിക്കൽ എന്നിവ മെച്ചപ്പെടുന്നു.
- സംഘർഷങ്ങൾ സൃഷ്ടിക്കാതെ, ആത്മവിശ്വാസം നശിപ്പിക്കാതെ, പ്രയാസമേറിയതോ മോശമായതോ ആയ സന്ദേശങ്ങൾ വിനിമയം ചെയ്യാൻ നമ്മെ സഹായിക്കുന്നു.

അവാചിക സൂചനകൾക്ക് പുറമെ വാചികം, ശ്രദ്ധയോടുള്ള കേൾവി, വൈകാരിക സംവേദനക്ഷമത തുടങ്ങിയ ഒരു കൂട്ടം ശേഷികൾ സംയോജിപ്പിച്ചു കൊണ്ടാണ് ഫലപ്രദമായ ആശയവിനിമയം സാധ്യമാക്കുന്നത്.

ഫലപ്രദമായ ആശയവിനിമയം നടത്താൻ താഴെപ്പറയുന്ന കാര്യങ്ങൾ സഹായകരമാകും.

- സാധ്യമായ ഇടങ്ങളിൽ എല്ലാം മൂർത്തമായ പദങ്ങൾ ഉപയോഗിക്കുക
- സ്വീകർത്താവിന് എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിൽ ആയിരിക്കണം ഉള്ളടക്കം.
- സ്വീകർത്താവിന്റെ ശേഷി/കഴിവ് പരിഗണിക്കുക.
- വാചികവും അവാചികവുമായ ആശയവിനിമയത്തിന്റെ അനുയോജ്യമായ സമ്മേളനമായിരിക്കണം.
- കണ്ണിൽ നോക്കി സംസാരിക്കണം.

- മിതമായ വേഗതയിൽ സംസാരിക്കണം.
- സ്വീകർത്താവുമായി റാപ്പോ (Rapport) രൂപപ്പെടുത്തുക.
- അനുയോജ്യമായ മാധ്യമം തിരഞ്ഞെടുക്കുക.
- കേൾക്കുന്നതിനും പ്രതികരണം നൽകുന്നതിനും പ്രോത്സാഹിപ്പിക്കുക.
- വൈകാരികമായി ഉത്തേജിതമായിരിക്കുന്ന അവസ്ഥയിൽ ആശയവിനിമയം ഒഴിവാക്കുക.
- സന്ദേശം ആകർഷകവും ഹ്രസ്വവും വ്യക്തവും ആക്കുക.

ആശയവിനിമയത്തിൽ കുറേ നൈപുണികൾ ഉൾപ്പെടുന്നുണ്ട്. പഠനത്തിലൂടെയും പരിശീലനത്തിലൂടെയും എല്ലാവർക്കും ആശയവിനിമയശേഷി മെച്ചപ്പെടുത്തുവാൻ സാധിക്കും.

ആശയവിനിമയവും സാമൂഹ്യ പ്രവർത്തനവും

സാമൂഹ്യ പ്രവർത്തനം നടത്തുവാൻ ഫലപ്രദമായ ആശയവിനിമയശേഷികൾ ആവശ്യമാണ്. കേസ് വർക്ക് പ്രക്രിയയിൽ, കേസ് അനുഭവങ്ങളുടെ സ്വഭാവം വിനിമയംചെയ്യപ്പെടുന്ന വാചികവും അവാചികവുമായ സന്ദേശങ്ങളുടെ പ്രസരണവും സ്വീകരണവും വ്യാഖ്യാനവും ഉൾപ്പെടുന്നുണ്ട്. സാമൂഹ്യപ്രവർത്തകനും സേവന സ്വീകർത്തവും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിൽ വാചികവും അവാചികവുമായ ആശയവിനിമയങ്ങൾ സ്വീകരിക്കുകയും മനസ്സിലാക്കുകയും അയയ്ക്കുകയും ചെയ്യാനുള്ള ശേഷി വളരെ പ്രധാനപ്പെട്ട ഒന്നായി കണക്കാക്കപ്പെടുന്നു.

ഗ്രൂപ്പ് വർക്ക് പ്രക്രിയയിൽ ആശയ വിനിമയ രീതികളും പരസ്പര പ്രവർത്തനത്തിന്റെ മാതൃകകളും സങ്കീർണമാണ്. അതുകൊണ്ടുതന്നെ എളുപ്പത്തിൽ അവ മനസ്സിലാക്കാൻ കഴിയുകയില്ല. സംഘാംഗങ്ങൾക്കിടയിൽ പരസ്പരം ഇടപെടുന്നതിനുള്ള പ്രശ്നം നിലനിൽക്കുന്ന സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാണ് സാമൂഹ്യപ്രവർത്തകർ ഇടപെടുന്നത്. ആശയവിനിമയ മാതൃകകളിൽ മാറ്റം ഉണ്ടാക്കാൻ ആവശ്യമായ തീരുമാനങ്ങൾ അവർക്ക് എടുക്കേണ്ടിവരും.

ഒരു പൊതു ലക്ഷ്യം നിറവേറ്റുന്നതിന് വേണ്ടി ഒരു കൂട്ടം ആളുകൾ ചിട്ടയായ രീതിയിൽ തുടർച്ചയായി യോജിച്ച് പ്രവർത്തിക്കുകയും പരസ്പരം ആശയവിനിമയം നടത്തുകയും ചെയ്യുന്ന പ്രവർത്തനമാണ് കമ്മ്യൂണിറ്റി ഓർഗനൈസേഷനിൽ നടക്കുന്നത്.

സോഷ്യൽ ആക്ഷനിൽ പൊതുജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ബഹുജന പിന്തുണ നേടിയെടുക്കാനുള്ള ഉപകരണമാണ് ആശയവിനിമയം. നല്ല ആശയവിനിമയശേഷിയുള്ള സാമൂഹ്യ പ്രവർത്തകന് മാത്രമേ പുതിയ സാമൂഹിക നിയമ നിർമാണത്തിന്റെ പ്രാധാന്യം അധികാരികളെ ബോധ്യപ്പെടുത്താൻ കഴിയൂ.

ജനങ്ങളുടെ സാമൂഹ്യക്ഷേമ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള സാമൂഹ്യ ക്ഷേമ ഭരണനിർവഹണത്തിൽ ഫലപ്രദമായ ആശയവിനിമയം ഒഴിച്ചുകൂടാനാ കാത്തതാണ്. POSDCoRB എന്ന് ചുരുക്കരൂപത്തിൽ അറിയപ്പെടുന്ന സാമൂഹ്യ ക്ഷേമ

ഭരണനിർവഹണ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകാൻ ഫലപ്രദമായ ആശയവിനിമയം കൂടിയേതീരൂ.

സാമൂഹ്യ പ്രവർത്തന ഗവേഷണം നല്ലൊരളവിൽ, സർവ്വേ നടത്താനും വിവരങ്ങൾ ശേഖരിക്കാനും വിവരങ്ങൾ വ്യാഖ്യാനിക്കാനും അവ അപഗ്രഥിക്കാനും റിപ്പോർട്ട് തയ്യാറാക്കാനുമുള്ള ഗവേഷകന്റെ ആശയവിനിമയശേഷിയെ ആശ്രയിച്ചിരിക്കുന്നു.

ചുരുക്കത്തിൽ, സാമൂഹ്യ പ്രവർത്തനത്തിന് ആശയവിനിമയം ഇല്ലാതെ മുന്നോട്ടുപോകാൻ സാധിക്കുകയില്ല.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ആശയവിനിമയത്തെ നിർവചിക്കുക.
2. ആശയവിനിമയ പ്രക്രിയ സൂചിപ്പിക്കുന്ന ഡയഗ്രം വരയ്ക്കുക.
3. ആശയവിനിമയത്തിന്റെ ഘടകങ്ങൾ തിരിച്ചറിയുക.

1. വിവിധ രൂപത്തിലുള്ള ആശയവിനിമയം വ്യക്തമാക്കുന്ന ഒരു റോൾ പ്ലേ അവതരിപ്പിക്കുക.

3.3 പൊതുജനസമ്പർക്കം (Public Relations, PR)

നമ്മുടെ ഭരണകൂടം രാജ്യത്തെമ്പാടും ധാരാളം ക്ഷേമ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

അത്തരം പരിപാടികളെക്കുറിച്ച് നാം എങ്ങനെയാണ് അറിയാൻ ഇടയാകുന്നത്?

- ....

നിങ്ങൾക്ക് ചിലപ്പോൾ അറിയാവുന്നതുപോലെ അത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സർക്കാരിന് ഒരു പ്രത്യേക വകുപ്പ് തന്നെയുണ്ട്.

ഏതാണ് ആ വകുപ്പ്?

- ....

അതെ, പൊതുജനസമ്പർക്ക വകുപ്പ്. ഈ വകുപ്പ് പൊതുജനങ്ങളുമായി ബഹുജനമാധ്യമങ്ങളായ പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, ബ്രോഷറുകൾ, നോട്ടീസുകൾ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ആശയവിനിമയം നടത്തുന്നു.

സർക്കാരും സാമൂഹിക സംഘടനകളും പൊതുജനങ്ങളും തമ്മിലുള്ള പരസ്പര ആശ്രിതത്വം മൂലം പുതിയൊരു തത്വശാസ്ത്രം രൂപപ്പെടുത്തേണ്ടത് ആവശ്യമായി

വന്നു. അതിനെയാണ് നാം പൊതുജനസമ്പർക്കം എന്ന് വിളിക്കുന്നത്. പൊതുജനങ്ങളും മാധ്യമങ്ങളുമായി സർക്കാരുകൾ, സംഘടനകൾ, കമ്പനികൾ, വ്യക്തികൾ എന്നിവ ആശയവിനിമയം നടത്തുന്ന മാർഗമാണ് പൊതുജനസമ്പർക്കം (PR). ഗുണകരമായ പ്രതിച്ഛായ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഒരു പൊതുജനസമ്പർക്ക വിദഗ്ധൻ നേരിട്ടോ അല്ലാതെയോ മാധ്യമങ്ങളിലൂടെ അവർ ലക്ഷ്യംവയ്ക്കുന്ന പ്രേക്ഷകരോട് ആശയവിനിമയം നടത്തുന്നു. പത്രക്കുറിപ്പുകൾ, വാർത്താ കത്തുകൾ, പൊതുവേദികളിൽ പ്രത്യക്ഷപ്പെടൽ, വെബ്സൈറ്റുകൾ ഉപയോഗിക്കൽ എന്നിവയെല്ലാം പൊതുജനസമ്പർക്കത്തിന് ഉദാഹരണമാണ്.

അപ്പോൾ എന്താണ് നിങ്ങൾ പൊതുജനസമ്പർക്കം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?

- ....

"ഒരു സംഘടനയും അതിനോട് ബന്ധപ്പെട്ടുനിൽക്കുന്ന പൊതുജനങ്ങളും തമ്മിൽ പരസ്പരമുള്ള വിശ്വാസം സ്ഥാപിക്കാനും നിലനിർത്താനുമുള്ള ബോധപൂർവവും, ആസൂത്രിതവുമായ നിരന്തര പരിശ്രമമാണ് പൊതുജനസമ്പർക്ക നടപടികൾ" കൗൺസിൽ ഓഫ് ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് റിലേഷൻസ് (1948).

'നയങ്ങളിലും നടപടികളിലും പ്രകടമാകുന്ന ഭരണനിർവഹണത്തിന്റെ സാമൂഹിക തത്വശാസ്ത്രമാണ് പൊതുജനസമ്പർക്കം. ഇതിലൂടെ പൊതുജനങ്ങളുമായി നടക്കുന്ന, ഇരുദിശകളിലും ഉള്ള ആശയവിനിമയത്തിലൂടെ സംഭവങ്ങളെക്കുറിച്ച് സംവേദനക്ഷമതയുള്ള വ്യാഖ്യാനം സാധ്യമാവുകയും, അതുവഴി പരസ്പരം മനസ്സിലാക്കുവാനും ജനപ്രീതി നേടിയെടുക്കുവാനും പരിശ്രമിക്കുന്നു'.

പൊതുജനസമ്പർക്കം എന്നത് നല്ല ബന്ധങ്ങൾ സ്ഥാപിക്കാനും സർക്കാരിന്റെയോ സംഘടനയുടെയോ സ്ഥാപനത്തിന്റെയോ വിജയത്തേയും ക്ഷേമത്തേയും പ്രോത്സാഹിപ്പിക്കാനും ഉള്ള ഉദ്യോഗസ്ഥസംബന്ധമായ ശ്രമങ്ങളാണ്. ധാരാളം സാമൂഹ്യപ്രവർത്തകർ സർക്കാർ മേഖലയിലും സന്നദ്ധസംഘടന മേഖലയിലും സ്വകാര്യ സ്ഥാപനങ്ങളിലും പൊതുജനസമ്പർക്ക ഓഫീസർമാരായും മാനേജർമാരായും നിയമിക്കപ്പെടുന്നുണ്ട്.

പൊതുജനസമ്പർക്കത്തിന്റെ – സവിശേഷതകൾ

i. പൊതുജനസമ്പർക്കം ഇരുദിശകളിലും ഉള്ള ആശയവിനിമയമാണ്.

ii. പൊതുജനസമ്പർക്കം നയങ്ങളുടെ ഫലമായി ഉണ്ടാകുന്ന നടപടികളാണ്.

iii. ഇത് ബോധപൂർവമായ പരിശ്രമം അല്ലെങ്കിൽ കർത്തവ്യനിർവഹണ ഉത്തരവാദിത്വം ആണ്.

iv. ഇത് ഒരു സംഘടനയും അതുമായി ബന്ധപ്പെട്ടുനിൽക്കുന്ന പൊതുജനങ്ങളും തമ്മിലുള്ള ബന്ധമാണ്.

v. ഇത് പൊതുജനങ്ങളുടെ മനോഭാവത്തെക്കുറിച്ചും അഭിപ്രായങ്ങളെക്കുറിച്ചും ഉള്ള വിലയിരുത്തലാണ്.

vi. ഇത് പൊതുജനങ്ങളുടെ ഇടയിൽ ഒരു സംഘടനയുടെ പ്രവർത്തനങ്ങളും പരിപാടികളും പങ്കുവയ്ക്കുന്നു.

vii. പൊതുജനസമ്പർക്ക ഫലമായി പൊതുജനങ്ങളുടെ ഇടയിൽ ഔദ്യോഗികമായ ബന്ധം (റാപ്പോ) വികസിച്ചുവരികയും നല്ല അഭിപ്രായം ഉണ്ടാവുകയും അംഗീകാരവും സ്വീകാര്യതയും രൂപപ്പെടുകയും ചെയ്യുന്നു.

പൊതുജനസമ്പർക്കത്തിന്റെ ധർമങ്ങൾ

- സംഘടനയുടെ പ്രവർത്തനങ്ങളെയും പദ്ധതികളെയും ബാധിക്കാൻ സാധ്യതയുള്ള പൊതുജനാഭിപ്രായം, മനോഭാവങ്ങൾ, പ്രശ്നങ്ങൾ എന്നിവ മുൻകൂട്ടി കാണുകയും അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക.
- സംഘടനയുടെ സാമൂഹികമോ പൗരത്വപരമോ ആയ ഉത്തരവാദിത്തങ്ങൾ കണക്കിലെടുത്തുകൊണ്ട് നയപരമായ തീരുമാനങ്ങൾ, നടപടിക്രമങ്ങൾ, ആശയവിനിമയം എന്നിവയുമായി ബന്ധപ്പെട്ട് എല്ലാ തലങ്ങളിലും കാര്യനിർവഹണ വിഭാഗത്തിന് പിന്തുണനൽകുക.
- ഗവേഷണം, മൂല്യനിർണയം, പ്രായോഗിക പരിപാടികൾ, ആശയവിനിമയം എന്നിവ നടത്തുക.
- പൊതു നയങ്ങളെ സ്വാധീനിക്കാനോ മാറ്റാനോ ഉള്ള സംഘടനയുടെ പരിശ്രമങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

പൊതുജനസമ്പർക്കത്തിന്റെ ഉപകരണങ്ങളും തന്ത്രങ്ങളും



പൊതുജനസമ്പർക്ക വിദഗ്ധരും സ്ഥാപനങ്ങളും അവരുടെ സേവന ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പലതരത്തിലുള്ള ഉപകരണങ്ങളും തന്ത്രങ്ങളും ഉപയോഗിക്കുന്നുണ്ട്. ലക്ഷ്യം വയ്ക്കുന്ന പ്രേക്ഷകരുമായി അർഥപൂർണമായ ബന്ധം സ്ഥാപിക്കുന്നതിന് ബഹുജന പ്രതിച്ഛായ അവരെ സഹായിക്കുന്നു. ഇത് നേടിയെടുക്കുന്നതിനായി അവർ ഉപയോഗിക്കുന്ന ചില ഉപകരണങ്ങളാണ് പത്രക്കുറിപ്പുകൾ, പ്രസ്താവനകൾ, വാർത്താ കത്തുകൾ തുടങ്ങിയവ. കൂടാതെ, പൊതുപരിപാടികളും സമ്മേളനങ്ങളും സംഘടിപ്പിക്കൽ, അതിൽ പങ്കെടുക്കൽ, പൊതുയോഗങ്ങൾ, ബഹുമതികൾ, സാമൂഹ്യ മാധ്യമങ്ങൾ, ബ്ലോഗുകൾ തുടങ്ങിയ ഇൻറർനെറ്റ് ഉപകരണങ്ങളും പൊതുജനസമ്പർക്ക വിദഗ്ധർ ഉപയോഗിക്കുന്നുണ്ട്. ഈ ഉപകരണങ്ങൾ പൊതുവേ പരസ്യം ചെയ്യൽ, സ്വാധീനിക്കൽ, മാധ്യമ സംഘടനകൾ, പ്രചാരം എന്നിങ്ങനെയുള്ള വിഭാഗത്തിലാണ് പ്പെടുന്നത്. മേൽസൂചിപ്പിച്ച ഉപകരണങ്ങളുടെ സഹായത്തോടെ പൊതുജനസമ്പർക്ക വിദഗ്ധർ, അവർ ലക്ഷ്യംവയ്ക്കുന്ന പ്രേക്ഷകർക്ക് അവരുടെ പ്രവർത്തനങ്ങൾ, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുകയും അതുവഴി പ്രചാരം വർധിപ്പിക്കുകയും ചെയ്യുന്നു.

ആർക്കൊക്കെയാണ് ഒരു പൊതുജനസമ്പർക്ക വിദഗ്ധനായി പ്രവർത്തിക്കാൻ കഴിയുക?

ഒരു പൊതുജനസമ്പർക്ക വിദഗ്ധന് പ്രസക്തമായ തരത്തിലും നിലവാരത്തിലുമുള്ള ഉന്നത വിദ്യാഭ്യാസം ആവശ്യമാണ്. സാമൂഹ്യ പ്രവർത്തനം, ആശയവിനിമയം, മാധ്യമപ്രവർത്തനം പോലുള്ള വിഷയങ്ങളിൽ ബിരുദ തലത്തിലുള്ള വിദ്യാഭ്യാസം അത്തരത്തിലുള്ള യോഗ്യതയാണ്. പക്ഷേ, ഒരു പൊതുജനസമ്പർക്ക വിദഗ്ധൻ ആവാൻ വിദ്യാഭ്യാസ യോഗ്യത മാത്രം മതിയാവില്ല. ഒരു പൊതുജനസമ്പർക്ക വിദഗ്ധന് ചില പ്രത്യേക ശേഷികൾ ആവശ്യമാണ് (അവ പിന്നീടുള്ള പഠനത്തിലൂടെയും പരിശീലനത്തിലൂടെയും ആർജിക്കാൻ കഴിയുന്നതാണ്). ഏറ്റവും അത്യാവശ്യമുള്ള ശേഷി, മികച്ച രീതിയിൽ വാമൊഴി രൂപത്തിലും വരമൊഴി രൂപത്തിലും ആശയവിനിമയം നടത്താനുള്ള കഴിവാണ്. അതുപോലെതന്നെ ഒരു പൊതുജനസമ്പർക്ക വിദഗ്ധന് സമ്മർദ്ദം ഉള്ളപ്പോൾ ജോലി ചെയ്യാനും പല തരത്തിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുമുള്ള കഴിവുണ്ടായിരിക്കണം. ഉദാഹരണത്തിന്, ഒരു സംഘടന, പൊതുജനങ്ങളിൽ നിന്ന് ആക്രമണം നേരിടുന്ന സമയത്ത് ഒരു പൊതുജനസമ്പർക്ക വിദഗ്ധന് ആ സാഹചര്യത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാനും അതിന്റെ സൽപ്പേര് സംരക്ഷിക്കാനും സാധിക്കണം. ഒരു പരിശീലനം സിദ്ധിച്ച സാമൂഹ്യ പ്രവർത്തകന് പൊതുജനസമ്പർക്ക ഉത്തരവാദിത്വങ്ങൾ വിജയകരമായി നിറവേറ്റാൻ കഴിയും.



നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. പൊതുജനസമ്പർക്കം എന്നതുകൊണ്ട് നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്?
2. പൊതുജനസമ്പർക്ക ഉത്തരവാദിത്തങ്ങൾ തിരിച്ചറിയുക.

1. വിവിധ സംഘടനകളുടെ നോട്ടീസുകൾ, ബ്രോഷറുകൾ, വാർത്താ കത്തുകൾ മുതലായവ ശേഖരിച്ച് ഒരു കൊളാഷ് തയ്യാറാക്കുക.

സംക്ഷിപ്തം

ഈ പാഠത്തിൽ അവതരിപ്പിച്ച നേതൃത്വം എന്ന സങ്കല്പം ആന്തരികമായ കഴിവുകളും പഠന ഫലമായി നേടിയ നൈപുണ്യങ്ങളും ഉൾപ്പെടുന്നതാണ്. അതിൽ ശേഷികളും കഴിവുകളും ഉൾപ്പെടുന്നു. ലളിതമായി പറഞ്ഞാൽ, പൊതുവായ ലക്ഷ്യം നേടുന്നതിനുവേണ്ടി ഒരു വ്യക്തി ഒരു കൂട്ടം വ്യക്തികളെ സ്വാധീനിക്കുന്ന പ്രക്രിയയാണ് നേതൃത്വം. സമീപകാലത്ത്, സൈദ്ധാന്തികരും പ്രയോക്താക്കളും സാമൂഹ്യ പ്രവർത്തന സംഘടനകൾക്ക് ആവശ്യമുള്ള നേതൃത്വത്തിന്റെ സുപ്രധാന ഘടകങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് സാമൂഹ്യ പ്രവർത്തന പഠിതാക്കൾക്കും നേതാക്കൾക്കും സാമൂഹ്യ പ്രവർത്തന പരിപാടികളിൽ ഈ നേതൃത്വഗുണങ്ങൾ

ഉപയോഗപ്പെടുത്താൻ കഴിയും. ഈ പാഠത്തിന്റെ രണ്ടാം ഭാഗത്ത് ആശയവിനിമയം എന്നത് ചിന്ത, ഭാഷ, പ്രവർത്തനം എന്നിവയുടെ പരസ്പരപ്രവർത്തനം ഉൾപ്പെടുന്ന ഒരു സങ്കീർണ്ണ പ്രക്രിയയാണ് എന്ന് നാം പഠിച്ചു. ഒരു വ്യക്തി വേറൊരു വ്യക്തിയുമായി ആശയവിനിമയം നടത്തുന്ന സമയത്ത് അവൻ/ അവൾ ഒരു പ്രത്യേക മാധ്യമത്തിലൂടെ, പ്രത്യേക ലക്ഷ്യത്തോടെ ഏതെങ്കിലും ആശയം വിനിമയം നടത്തുകയാണ് ചെയ്യുന്നത്. ഒരു സന്ദേശം, അത് അയയ്ക്കുന്ന ആളും സ്വീകർത്താവും തമ്മിൽ ഒരു ബന്ധം സ്ഥാപിക്കുന്നു. ആശയവിനിമയം എന്നത് ഇരുദിശകളിൽ നടക്കുന്ന പ്രവർത്തനം ആണ്. അതുകൊണ്ട് തുടർന്നു വരുന്ന ആശയവിനിമയങ്ങളിൽ പ്രതികരണം ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. സാമൂഹ്യപ്രവർത്തനത്തിലെ വിവിധ രീതികൾ ഉപയോഗിക്കണമെങ്കിൽ സാമൂഹ്യ പ്രവർത്തകന് മെച്ചപ്പെട്ട ആശയവിനിമയശേഷി ഉണ്ടായിരിക്കണം. സാമൂഹ്യപ്രവർത്തനത്തിൽ രോഗനിർണയം നടത്തുന്നതിനും ചികിത്സിക്കുന്നതിനും ഉപയോഗിക്കുന്ന പ്രധാനപ്പെട്ട മാർഗമാണ് ആശയവിനിമയം. അവസാനഭാഗത്ത് നാം പഠിച്ച പൊതുജന സമ്പർക്കം എന്നത്, ഒരു സംഘടനയും അതിന്റെ വിജയവും പരാജയവും നിർണ്ണയിക്കുന്ന പൊതുജനങ്ങളും തമ്മിൽ പരസ്പരം ഗുണകരമായ ബന്ധം കണ്ടെത്തുകയും സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്ന കാര്യനിർവഹണ ഉത്തരവാദിത്വമാണ്. സാമൂഹ്യ പ്രവർത്തന തൊഴിൽ മേഖലയിൽ ഒഴിച്ചുകൂടാൻ കഴിയാത്തതാണ് പൊതുജനസമ്പർക്കം. സർക്കാരിലും വിവിധ സംഘടനകളിലും പൊതുജനസമ്പർക്കം പ്രോത്സാഹിപ്പിക്കുന്നതിൽ സാമൂഹ്യപ്രവർത്തകർക്ക് പ്രധാനപ്പെട്ട പങ്കുണ്ട്.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഒരു സംഘടനയുടെ വിജയത്തിൽ നേതൃത്വം സുപ്രധാനമാണ്. ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?
2. ഹിറ്റ്ലർ ഒരു .... നേതാവിന് ഉദാഹരണമാണ്.
   a. ജനാധിപത്യപരം b. ഏകാധിപതി
   c. ലീസസ് ഫെയർ d. ഉദ്യോഗസ്ഥപരം
3. നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിൽ നേതാവ് തീരുമാനങ്ങളെടുക്കുന്ന നേതൃത്വ ശൈലിയെ .... എന്ന് വിളിക്കുന്നു.
   a. ഉദ്യോഗസ്ഥപരം b. വ്യവഹാരാത്മകം
   c. പരിവർത്തനാത്മകം d. ലീസസ് ഫെയർ
4. 'ആരും നേതാക്കളായി ജനിക്കുകയല്ല, രൂപപ്പെടുകയാണ്'. അഭിപ്രായം എഴുതുക.
5. 'ഒരു വിഷമഘട്ടത്തിൽ നേതാവ് ബലിയാടായി മാറിയേക്കാം'. വിശദീകരിക്കുക.
6. ആശയവിനിമയ പ്രക്രിയ ആരംഭിക്കുന്നത് .... നിന്നാണ്.
   a. പ്രേക്ഷകൻ b. ഗ്രാഹകൻ
   c. സന്ദേശവാഹകൻ d. മധ്യവർത്തി

7. ചിഹ്ന ഭാഷാരൂപങ്ങൾ .... തരത്തിലുള്ള ആശയവിനിമയമാണ്.

   a. വാമൊഴി b. വരമൊഴി

   c. വാചികം d. ആവാചികം

8. ഒരു സംഘടനയും പൊതുജനങ്ങളുമായി ബന്ധം സ്ഥാപിക്കാനുള്ള ആസൂത്രിതവും ബോധപൂർവവുമായ പരിശ്രമമാണ്............................

9. എന്താണ് ആശയവിനിമയ തടസങ്ങൾ?

10. ആശയവിനിമയം എങ്ങനെ കൂടുതൽ ഫലപ്രദമാക്കാം?

11. വിവിധതരം ആശയവിനിമയങ്ങൾ സൂചിപ്പിക്കുന്ന ഫ്ളോചാർട്ട് തയ്യാറാക്കുക.

12. നിങ്ങൾ ഒരു പേപ്പർ അവതരിപ്പിക്കുന്ന സമയത്ത് ബഹളം മൂലം തടസം ഉണ്ടാവുകയാണെങ്കിൽ അത് എങ്ങനെ പരിഹരിക്കും?

13. 'പൊതുജനസമ്പർക്ക കുറവ് സംഘടനയെയും അതിന്റെ പ്രവർത്തനങ്ങളെയും നശിപ്പിക്കും'. ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

14. ഒരു ആശുപത്രിയിൽ പി.ആർ.ഒ. ആയി നിങ്ങൾ നിയമിക്കപ്പെടുകയാണെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടിവരും?

J8P9H4

4

വികസനവും വിഭവസമാഹരണവും

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്:

- വികസനം എന്ന ആശയം തിരിച്ചറിയുകയും വികസനത്തെക്കുറിച്ചുള്ള വിവിധ സമീപനങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു.
- കമ്മ്യൂണിറ്റി വികസനം എന്ന ആശയം തിരിച്ചറിയുകയും വിവിധ കമ്മ്യൂണിറ്റി വികസന പദ്ധതികളുടെ പേരുകൾ പട്ടികപ്പെടുത്തുകയും ചെയ്യുന്നു.
- ആവശ്യകത നിർണ്ണയം എന്ന ആശയത്തെ വിലയിരുത്തുന്നു. കമ്മ്യൂണിറ്റി ആവശ്യങ്ങൾ വിലയിരുത്താനുള്ള പി.ആർ.എ. അടക്കമുള്ള തന്ത്രങ്ങൾ വിശദീകരിക്കുന്നു.
- വ്യത്യസ്ത വിഭവങ്ങളും വിഭവ സമാഹരണ മാർഗങ്ങളും വിവരിക്കുകയും പട്ടികപ്പെടുത്തുകയും ചെയ്യുന്നു.
- പ്രോജക്ട് ആസൂത്രണം എന്ന ആശയം വിവരിക്കുകയും ഒരു പ്രോജക്റ്റ് നിർദ്ദേശം രൂപീകരിക്കുകയും ചെയ്യുന്നു.

ഉള്ളടക്കം

4.1 വികസനം
വികസനലക്ഷ്യങ്ങൾ
വികസനത്തിന്റെ മാനങ്ങൾ
വികസന സമീപനങ്ങൾ

4.2 കമ്മ്യൂണിറ്റി വികസനം
കമ്മ്യൂണിറ്റി വികസനം
കമ്മ്യൂണിറ്റി വികസനത്തിന്റെ ലക്ഷ്യങ്ങൾ
ഇന്ത്യയിലെ കമ്മ്യൂണിറ്റി വികസന പരിപാടികൾ

4.3 ആവശ്യകത നിർണയം

4.4 പങ്കാളിത്ത ഗ്രാമീണ മൂല്യനിർണയം (പി. ആർ. എ.)
പി.ആർ.എ. രീതികൾ
പി ആർ എയെ പിന്തുണക്കുന്ന രീതികൾ
നേരിട്ട് പങ്കാളിത്തമുള്ള രീതികൾ
വിഭവ ഭൂപടം

4.5 വിഭവസമാഹരണം
വിഭവസമാഹരണത്തിന്റെ ലക്ഷ്യങ്ങൾ
വിഭവസമാഹരണ രീതികൾ

4.6 പ്രോജക്ട് ആസൂത്രണം
ഒരു പ്രോജക്ടിന്റെ സവിശേഷതകൾ
പ്രോജക്ട് ആസൂത്രണ പ്രക്രിയ

4.1 വികസനം (Development)

ഈ സംഭാഷണം നോക്കൂ:

സോനു : രാജു, ഇത്ര അടുത്തു തന്നെ നല്ല സ്കൂളുകളും സൗകര്യങ്ങളുമുള്ള നമ്മൾ എത്ര ഭാഗ്യവാന്മാരാണ്?

രാജു : സോനു, നീയിപ്പോൾ ഇങ്ങനെ പറയാൻ എന്താണ് കാരണം?

സോനു : ഇന്നലെ ഞങ്ങളുടെ കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുകൂടിയപ്പോൾ മുത്തശ്ശൻ അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെക്കുറിച്ച് ഞങ്ങളോട് പറഞ്ഞു.

രാജു : എന്താണ് അതിനിത്ര പ്രത്യേകത? പറയൂ.

സോനു : അവരുടെ ചെറുപ്പകാലത്ത് എട്ട് കിലോമീറ്റർ ദൂരം, നഗ്നപാദനായി, മൂന്നു മണിക്കൂർ നടന്നാണ് മുത്തശ്ശൻ സ്കൂളിൽ പോയിരുന്നത്. വഴിയിൽ അവർ തോണിയിൽ കയറിയാണ് പുഴ കടന്നിരുന്നത്.നമ്മൾ ഇന്ന് കാണുന്ന പാലം അന്നുണ്ടായിരുന്നില്ല. രാവിലെ സ്കൂളിൽ പോകുന്നതിനു മുമ്പ് കഞ്ഞി മാത്രമാണ് കഴിക്കാൻ ഉണ്ടായിരുന്നത്, മിക്ക ദിവസങ്ങളിലും ഉച്ചഭക്ഷണം ഉണ്ടാകാറില്ല. എന്റെ മുത്തശ്ശന് ആറ് സഹോദരങ്ങൾ ഉണ്ടായിരുന്നു– അതിൽ രണ്ടുപേർ പ്രസവിച്ച ഉടനെയും മറ്റൊരാൾ കോളറ ബാധിച്ചും ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി. അക്കാലത്ത് ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ തീരെ പരിമിതമായിരുന്നു. ആ പ്രദേശത്തുണ്ടായിരുന്ന മിക്കവാറും കുട്ടികൾ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയിരുന്നു. മിക്ക ഗ്രാമവാസികൾക്കും യാതൊരു വിധത്തിലുള്ള വിദ്യാഭ്യാസവും ഉണ്ടായിരുന്നില്ല. അവർ യാത്ര ചെയ്യാനായി ആശ്രയിച്ചിരുന്ന വാഹനം നമ്മുടെ ഗ്രാമത്തിൽ നിന്ന് 12 കിലോമീറ്റർ അകലെവരെ മാത്രമേ വരുമായിരുന്നുള്ളൂ. അവരുടെ സാഹചര്യങ്ങൾ കഷ്ടപ്പാട് നിറഞ്ഞതായിരുന്നു. എന്നിരുന്നാലും, മുത്തശ്ശൻ പരിതപിച്ചത് പോലെ, അക്കാലത്ത് കളിക്കാൻ ധാരാളം സ്ഥലമുണ്ടായിരുന്നു, നീന്താൻ ശുദ്ധമായ നദിയുണ്ടായിരുന്നു, ശ്വസിക്കാൻ ശുദ്ധമായ വായു ഉണ്ടായിരുന്നു, അതുപോലെ കുടിക്കാൻ ശുദ്ധമായ ജലം ലഭിച്ചിരുന്നു.

നിങ്ങൾക്കാർക്കെങ്കിലും നിങ്ങളുടെ രക്ഷിതാക്കളുടെ കുട്ടിക്കാലത്തെ ജീവിത സാഹചര്യങ്ങളെ കുറിച്ച് എന്തെങ്കിലും അറിയാമോ?

- ....

നാം ചുറ്റും നോക്കുമ്പോൾ എല്ലായിടത്തും ഒരുപാട് മാറ്റങ്ങൾ സംഭവിക്കുന്നത് കാണാൻ കഴിയും. നിങ്ങളുടെ പ്രദേശത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എന്തൊക്കെ മാറ്റങ്ങളുണ്ടായി എന്ന് നിരീക്ഷിച്ചിട്ടുണ്ട്?

- ....

പാലങ്ങൾ, സ്കൂളുകൾ, ധാരാളം വാഹനങ്ങൾ, റോഡുകൾ, റെയിൽവേ പാളങ്ങൾ, വലിയ കെട്ടിടങ്ങൾ, ആശുപത്രികൾ, മൊബൈൽ ഫോണുകൾ, ഇൻറർനെറ്റ് എന്നിവയൊക്കെ ഇന്ന് വളരെ സാധാരണമായിരിക്കുന്നു.

ഈ മാറ്റങ്ങളെ നമുക്ക് എന്ത് പേരിൽ വിളിക്കാം?

- ....

ഈ വിധത്തിലുള്ള അഭിവൃദ്ധികളും ഗുണപരമായ മാറ്റങ്ങളും വികസനത്തിന്റെ ലക്ഷണങ്ങളായി കണക്കാക്കാം.

ഇന്ന് ഏറെ പ്രാധാന്യം നേടിയിട്ടുള്ള പദമാണ് വികസനം. എല്ലാ സമൂഹത്തിലും എല്ലായിപ്പോഴും നിലവിലുള്ളതാണ് വികസനം. വികസനത്തെ മെച്ചപ്പെടുത്തൽ, സാമ്പത്തിക വളർച്ച, ആധുനികവൽക്കരണം, വ്യവസായവൽക്കരണം, സാമൂഹിക മാറ്റം എന്നിങ്ങനെ വ്യത്യസ്തമായി വീക്ഷിക്കാറുണ്ട്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, വികസനമെന്നത് ജനങ്ങളുടെ ജീവിത ഗുണനിലവാരത്തിലുള്ള പുരോഗതിയാണ്.

സാമ്പത്തികവും സാമൂഹികവുമായ പരിവർത്തന പ്രക്രിയയാണ് വികസനം.

നിങ്ങൾക്ക് വികസനത്തെ നിർവചിക്കാമോ?

- ....

വികസനം എന്ന സങ്കൽപ്പത്തെപ്പറ്റി നിരവധി കാഴ്ചപ്പാടുകൾ നിലവിലുണ്ട്.

വെബ്സ്റ്റർ നിഘണ്ടു വികസനത്തെ നിർവചിക്കുന്നത് "എന്തിനെയെങ്കിലും ചുരുളഴിയാൻ കാരണമാവുക, വളരുക, നല്ല ദിശയിലേക്ക് മാറുക, സാക്ഷാത്കരിക്കുക" എന്നൊക്കെയാണ്. സമൂഹം കണ്ടെത്തുകയും സാധ്യമായത്ര വലുതാകുകയും ചെയ്യേണ്ട ചില ആന്തരിക ശേഷികൾ നിശ്ചിതമായ ഓരോ വസ്തുവിന് നൽകപ്പെട്ടിട്ടുണ്ട് എന്ന് കരുതുന്നു".

സമൂഹത്തിലെ അംഗങ്ങൾ അഭികാമ്യം എന്ന് കരുതുന്ന ദിശയിലേക്കുള്ള ആസൂത്രിതമായ മാറ്റമാണ് വികസനം. സമൂഹത്തിലെ അംഗങ്ങളുടെ ദൈനംദിന ജീവിതത്തെ ഗുണപരമായി ബാധിക്കുന്ന മാറ്റങ്ങളെ പൊതുവിൽ വികസനം എന്നു വിളിക്കുന്നു.

ജീവിതത്തിന് അനുകൂലമായ സാഹചര്യങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന, പരിണാമപരമായ പ്രക്രിയയാണ് വികസനം. വ്യക്തികൾ, കുടുംബങ്ങൾ, സമുദായങ്ങൾ, രാജ്യങ്ങൾ എന്നിങ്ങനെ ബഹുമുഖ തലങ്ങളിൽ വികസനം സംഭവിക്കുന്നുണ്ട്. അതുപോലെതന്നെ വികസനം എന്നത്

സ്വാതന്ത്ര്യം, സാമ്പത്തിക നീതി, സുതാര്യത, സുരക്ഷ, രാഷ്ട്രീയ ഇച്ഛാശക്തി എന്നിങ്ങനെയുള്ള മൂല്യങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം നൽകാനുള്ള ആവശ്യവും മാർഗവുമാണ് വികസനം. ഇതിൽ സാമ്പത്തിക വളർച്ച മാത്രമല്ല അതിനുപുറമേ സാമൂഹികവും സാംസ്കാരികവും പരിസ്ഥിതിപരവുമായ മെച്ചപ്പെടലും ഉൾപ്പെടുന്നു. മാതൃകാപരമായി നോക്കുമ്പോൾ വികസനം എല്ലാവർക്കും ലഭ്യമാകണം.

വികസന ലക്ഷ്യങ്ങൾ (Development Objectives)

എല്ലാ വികസന സംരംഭങ്ങളുടെയും അടിസ്ഥാന ലക്ഷ്യം മനുഷ്യ പുരോഗതിയാണ്. ഇതിനെ അടിസ്ഥാനമാക്കി, നമുക്ക് വികസനത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്ന രീതിയിൽ രേഖപ്പെടുത്താം:

- സാമ്പത്തിക ശേഷികളുടെ അഭിവൃദ്ധി: ഇതിൽ ഉൾപ്പെടുന്നത് കാർഷിക കാർഷികേതര വരുമാന വർദ്ധനവ്, വ്യാവസായിക പുരോഗതി, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടൽ, സേവനമേഖലയുടെ പുരോഗതി മുതലായവയാണ്.
- മനുഷ്യശേഷികളുടെ അഭിവൃദ്ധി: ഇതിൽ ഉൾപ്പെടുന്നത് പൊതുവേയുള്ള ആരോഗ്യ പുരോഗതി, വിദ്യാഭ്യാസ നിലവാരത്തിലുള്ള വികസനം, വ്യക്തിയുടെ കഴിവുകളിലുള്ള വികസനം എന്നിവയാണ്.
- സംരക്ഷണ പ്രാപ്തികളിലുള്ള അഭിവൃദ്ധി: ഇതിൽ പരിസ്ഥിതി സംരക്ഷണവും പ്രകൃതി ദുരന്തങ്ങൾ തടയാനുള്ള നടപടികളും ഉൾപ്പെടുന്നു.
- രാഷ്ട്രീയ പ്രാപ്തികളിലെ അഭിവൃദ്ധി: ശാക്തീകരണം, വികേന്ദ്രീകരണം, നയനിർമ്മാണ ശേഷികളിലുള്ള പുരോഗതി എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

വികസനത്തിന്റെ മാനങ്ങൾ (Dimensions of Development)

സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ഘടകങ്ങൾ എന്നിങ്ങനെ പല ഘടകങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ബഹുതല പ്രതിഭാസമാണ് വികസനം. ഉയർന്ന പ്രതിശീർഷ വരുമാനം, ഉയർന്ന മനുഷ്യ വികസനം, ഫലപ്രദമായ ഭരണനിർവഹണം, അസമത്വത്തിൽ ഉണ്ടാകുന്ന പ്രസക്തമായ കുറവ്, വലിയ തോതിലുള്ള സാമൂഹികമാറ്റങ്ങൾ, അഴിമതിരഹിതമായ രാഷ്ട്രീയസംവിധാനം എന്നിവയൊക്കെ വികസനത്തിന്റെ അംഗീകരിക്കപ്പെട്ടിട്ടുള്ള സൂചകങ്ങളാണ്.



വികസനത്തിന്റെ പ്രധാനപ്പെട്ട മാനങ്ങൾ താഴെ ചേർക്കുന്നു.

- **സാമ്പത്തികം:** ഉയർന്ന ജി.ഡി.പി, പ്രതിശീർഷ വരുമാനം, തൊഴിൽ നിരക്ക്, ജീവിതനിലവാരം.
- **സാമൂഹികം:** വരുമാനത്തിന്റെയും സമ്പത്തിന്റെയും വിതരണത്തിൽ തുല്യതയും സമത്വവും, ആരോഗ്യവും ആരോഗ്യസംരക്ഷണ സൗകര്യങ്ങളും, വിദ്യാഭ്യാസം, മനുഷ്യവികസനം മുതലായവ.
- **രാഷ്ട്രീയപരം:** തീരുമാനങ്ങളെടുക്കുന്നതിൽ പങ്കാളിത്തം, ഭരണനിർവഹണത്തിൽ സുതാര്യത, സർക്കാർ സംവിധാനത്തിന്റെ കാര്യക്ഷമത, രാഷ്ട്രീയസംവിധാനത്തിന്റെ ഗുണനിലവാരം മുതലായവ.
- **സാംസ്കാരികം:** സാംസ്കാരിക സ്വാതന്ത്ര്യം, സർഗ്ഗാത്മക ശാക്തീകരണം, വിശ്വാസസംവിധാനം, മൂല്യങ്ങൾ മുതലായവ.
- **പരിസ്ഥിതിപരം:** സംരക്ഷണം, സുസ്ഥിരത, മലിനീകരണ നിയന്ത്രണം, ഹരിത സംരംഭങ്ങൾ, പ്രകൃതിവിഭവങ്ങളുടെ നീതിപൂർവ്വവും ഉത്തമവുമായ വിനിയോഗം എന്നിവ.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. വികസനത്തെ നിങ്ങളുടെ സ്വന്തം വാക്കുകളിൽ നിർവചിക്കുക.
2. വികസനത്തിന്റെ മാനങ്ങൾ തിരിച്ചറിയുക.

വികസന സമീപനങ്ങൾ (Approaches to Development)

കാലാകാലങ്ങളായിവികസനംഎന്ന സങ്കൽപ്പം ചർച്ചചെയ്യാൻ വിവിധ സമീപനങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. എല്ലാ കാലത്തേക്കുമായി ഏറ്റവും ശരിയായ ഒരു വികസന സമീപനം മുന്നോട്ടു വയ്ക്കുവാൻ സാധ്യമല്ല, കാരണം ഓരോ സമീപനത്തിലും അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. ഒരു സമീപനത്തിന്റെ അനുയോജ്യത വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. നമുക്ക് ചില വികസന സമീപനങ്ങൾ ചർച്ച ചെയ്യാം.

A. ദാനധർമാധിഷ്ഠിത സമീപനം (Charity Based Approach)

ഒന്നാം വർഷത്തെ സാമൂഹ്യപ്രവർത്തന പാഠപുസ്തകത്തിൽ നാം ദാനധർമങ്ങളുടെ ഭാഗമായ പുണ്യം, ദാനം തുടങ്ങിയവയെക്കുറിച്ച് പഠിച്ചിട്ടുണ്ട്.

വികസനത്തെക്കുറിച്ച് ഏറ്റവും ആദ്യം രൂപപ്പെട്ട സമീപനങ്ങളിൽ ഒന്നാണ് ദാനധർമാധിഷ്ഠിത സമീപനം. മധ്യകാലഘട്ടത്തിൽ മതസംഘടനകൾ ആളുകളെ പല രീതിയിൽ സഹായിച്ചിരുന്നത് ഈ സമീപനത്തിന് ഉദാഹരണമാണ്. ദാനധർമം എന്ന വാക്കിന്റെ അർത്ഥം 'കാരുണ്യവാൻമാരായ സമ്പന്നർ പാവപ്പെട്ടവർക്ക് നൽകുന്നത് എന്നാണ്'.

ദാനധർമാധിഷ്ഠിത സമീപനത്തിന്റെ പരിമിതികൾ

- ഇത് സ്വീകർത്താവിനെ ആശ്രിതനും കീഴ്പ്പെട്ടവനും ആക്കുന്നു.
- തീരുമാനങ്ങളെടുക്കുന്നതിൽ സ്വീകർത്താവിന് യാതൊരു പങ്കുമില്ല.
- ഇത് സാഹചര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ അന്വേഷിക്കുന്നില്ല.

B. അടിസ്ഥാന ആവശ്യകത സമീപനം (Basic Needs Approach)

ഒന്നാംവർഷ സാമൂഹ്യ പ്രവർത്തന പാഠപുസ്തകത്തിൽ നിങ്ങൾ മനുഷ്യരുടെ ആവശ്യങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ട്. മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്താൻ നിങ്ങൾക്ക് സാധിക്കുമോ?

- ....

ഭക്ഷണം, പാർപ്പിടം, വസ്ത്രം, പ്രാഥമിക വിദ്യാഭ്യാസം മുതലായവ എല്ലാവരുടെയും അടിസ്ഥാന ആവശ്യങ്ങളാണ്. വികസന സംരംഭങ്ങളിലൂടെ പൗരന്മാരുടെ അടിസ്ഥാന ആവശ്യം ഉറപ്പു വരുത്തുകയും തൃപ്തിപ്പെടുത്തുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്.

എല്ലാവർക്കും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നുണ്ട് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

- ....

അടിസ്ഥാന ആവശ്യങ്ങൾ പോലും നിഷേധിക്കപ്പെട്ട നിരവധിയാളുകൾ നമ്മുടെ ചുറ്റുമുണ്ട്. ഇത്തരം വികസനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നമുക്ക് അടിസ്ഥാന ആവശ്യകത സമീപനം ഉപയോഗിക്കാം.

വികസ്വരരാജ്യങ്ങളിൽ ദാരിദ്ര്യനിർമാർജന പദ്ധതികൾ പ്രതീക്ഷിച്ച ഫലം സൃഷ്ടിക്കാത്ത സാഹചര്യത്തിൽ 1976-ൽ അന്തർദേശീയ തൊഴിൽ സംഘടനയാണ് അടിസ്ഥാന ആവശ്യകത സമീപനം മുന്നോട്ടുവെച്ചത്. ദീർഘകാല ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്താൻ ആവശ്യമായ വ്യക്തമായ, കുറഞ്ഞ അളവിലുള്ള വിഭവങ്ങൾ നിർണയിക്കാൻ സംഘടന ശ്രമിച്ചു. അടിസ്ഥാന ആവശ്യകത സമീപനം വാദിക്കുന്നത്, വികസനം മനുഷ്യത്വപരമായിരിക്കണമെന്നും സാമ്പത്തികശേഷിയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് പകരം അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ഭക്ഷണലഭ്യത എന്നിവയ്ക്ക് ഊന്നൽ നൽകണം എന്നുമാണ്.

സമൂഹത്തിന് അതിജീവിക്കാനും പാവപ്പെട്ട ജനങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്താനും എന്തൊക്കെയാണ് ആവശ്യമുള്ളത് എന്ന് നിശ്ചയിക്കാനാണ് ഈ സമീപനം ശ്രമിക്കുന്നത്. സാമ്പത്തികപരമായ ഉൽപ്പാദന പ്രവർത്തനങ്ങളിൽ മുതൽ മുടക്കുന്നതിൽ അടിസ്ഥാന ആവശ്യകത സമീപനം ഊന്നൽ കൊടുക്കുന്നില്ല.

പരിമിതികൾ

- ആവശ്യമായ സൈദ്ധാന്തിക പിന്തുണയില്ല.

- വളർച്ച പ്രോത്സാഹിപ്പിക്കുന്ന നയങ്ങളുമായി ഇത് സംഘർഷത്തിലാണ്.
- വികസ്വര രാജ്യങ്ങളെ ഈ സമീപനം ശാശ്വതമായ പിന്നോക്കാവസ്ഥയിൽ ആക്കുന്നു.

C. അവകാശ അധിഷ്ഠിത സമീപനം (Rights Based Approach)

എല്ലാ മനുഷ്യരും, അവർ മനുഷ്യരാണ് എന്ന കാരണത്താൽ പല അവകാശങ്ങളും ഉള്ളവരാണ് എന്ന വിശ്വാസത്തിൽ അടിസ്ഥാനമാക്കിയാണ് അവകാശ അധിഷ്ഠിത സമീപനം രൂപപ്പെടുത്തിയിരിക്കുന്നത്. സ്വന്തം അവകാശങ്ങൾ നേടിയെടുക്കാൻ ഉള്ള അവകാശം പ്രയോജനപ്പെടുത്താൻ കഴിയാത്തവരെ സഹായിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് വികസനത്തെക്കുറിച്ചുള്ള അവകാശ അധിഷ്ഠിത സമീപനത്തിൽ ഉൾപ്പെടുന്നത്. വ്യക്തികൾക്കോ ജനങ്ങൾക്കോ അവരുടെ അവകാശമാണ് എന്ന് മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന കാര്യങ്ങൾ ചെയ്യാൻ സാധിക്കാതെ വരുമ്പോൾ, സാമൂഹ്യ പ്രവർത്തകർക്ക് അവരെ ജനാധിപത്യപരം, നീതിനിർവഹണപരം, ഭരണ സംവിധാനം, നയരൂപീകരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ അവ നേടിയെടുക്കാൻ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും സാധിക്കും. ഒരാൾ തന്റെ അവകാശത്തെക്കുറിച്ചുള്ള വാദം ഉന്നയിക്കുമ്പോൾ അയാൾ/അവൾ തന്റെ അർഹതയുടെ ഉടമസ്ഥത ഉറപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. അതുവഴി ആ അവകാശം നിർവചിക്കപ്പെടാൻ സഹായിക്കുന്നു. അതിനുപുറമേ, അതൊരു വിശേഷാധികാരമല്ല മറിച്ചു ഒരു അവകാശമാണ് എന്ന ബോധം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

D. പങ്കാളിത്ത സമീപനം (Participatory Approach)

എപ്പോഴെങ്കിലും നിങ്ങൾ ഒരു ഗ്രാമസഭ നിരീക്ഷിച്ചിട്ടുണ്ടോ?

ആരാണ് അതിലെ അംഗങ്ങൾ?

- ....

ഗ്രാമസഭയിൽ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങൾ എന്തെല്ലാമാണ്?

- ....

ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏറ്റവും അടിത്തട്ടിൽ ഉള്ള വേദിയാണ് ഗ്രാമസഭ. ഇത് ഏറ്റവും താഴെത്തട്ടിലുള്ള ജനാധിപത്യപരവും നിയമപരവുമായ സംവിധാനമാണ്. ഗ്രാമസഭയിലെ പങ്കാളികൾക്ക് അവരെ ബാധിക്കുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിൽ പങ്കാളികൾ ആവാൻ അവസരം ലഭിക്കുന്നു.

വികസനത്തിന് ജനങ്ങളുടെ സജീവപങ്കാളിത്തം ആവശ്യമാണ്. തദ്ദേശ നിവാസികൾ വികസന പദ്ധതികളിൽ നിർജീവമായാണ് പങ്കെടുക്കുന്നതെങ്കിൽ അവയ്ക്ക്

ദീർഘകാല നിലനിൽപ്പ് ഉണ്ടാവുകയില്ല. തീരുമാനങ്ങളെടുക്കൽ, പദ്ധതി ആസൂത്രണം, നടപ്പിലാക്കൽ എന്നിവയിലെല്ലാം പ്രാദേശിക പങ്കാളിത്തം അനിവാര്യമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, പ്രാദേശിക നിവാസികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഒരു പദ്ധതി ആ നാട്ടിലെ ജനങ്ങളുടെ അടിയന്തര ആവശ്യങ്ങളെ പരിഗണിക്കുന്നതും പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതുമായിരിക്കും. കേന്ദ്രീകൃത സമീപനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, പങ്കാളിത്ത സമീപനങ്ങൾ താഴെതട്ടിൽ നിന്നുള്ള വികസനത്തിനായുള്ള പരിശ്രമങ്ങളാണ്.

ഗുണങ്ങൾ

- ജനാധിപത്യ മുല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.
- അടിയന്തരാവശ്യങ്ങൾ കണ്ടെത്തുകയും നേരിടുകയും ചെയ്യുന്നു.
- തീരുമാനങ്ങൾ എടുക്കുന്നതിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
- ഉടമസ്ഥതയും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നു.
- പ്രാദേശിക നേതൃത്വത്തെ വികസിപ്പിക്കുന്നു.
- ചെലവിന് ആനുപാതികമായ മൂല്യം ഉറപ്പാക്കുന്നു.
- സുസ്ഥിരതയെ പ്രോത്സാഹിപ്പിക്കുന്നു.
- സുതാര്യത ഉറപ്പാക്കുന്നു.
- അധികാരത്തിന്റെയും വിഭവങ്ങളുടെയും വികേന്ദ്രീകരണം ഉറപ്പുവരുത്തുന്നു.
- സാമൂഹികമൂലധനം ഉൽപ്പാദിപ്പിക്കുന്നു.

പരിമിതികൾ

- സമയം കുടുതൽ ചെലവാകുന്ന വികസന സമീപനമാണിത്.
- സമവായത്തിന്റെ അഭാവത്തിൽ സംഘർഷങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.
- ഇതിന്റെ വിജയം പങ്കെടുക്കുന്നവരുടെ കഴിവിനെ ആശ്രയിച്ചിരിക്കുന്നു.

E. സുസ്ഥിര സമീപനം (Sustainable Approach)

'ഇനി വരാൻ പോകുന്ന തലമുറകൾക്ക് അവരുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിൽ വിട്ടുവീഴ്ച ചെയ്യേണ്ടിവരാത്ത വിധം ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള വികസനമാണ്'' സുസ്ഥിര വികസനം (പരിസ്ഥിതിക്കും വികസനത്തി നും വേണ്ടിയുള്ള ലോക കമ്മീഷൻ 1987). മറ്റൊരു വിധത്തിൽ പറഞ്ഞാൽ,

പരിസറിതിക്ക് ദോഷം വരാത്ത രീതിയിൽ അല്ലെങ്കിൽ പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ച് തീർക്കാത്ത വിധത്തിൽ, വികസനം പ്രോത്സാഹിപ്പിക്കുക വഴി അവ ഭാവി തലമുറയ്ക്ക് കുടി ലഭ്യമാക്കുന്ന സമഗ്ര സമീപനം ആണ് സുസറിര വികസനം. ഇതുമൂലം പ്രകൃതിവിഭവങ്ങൾക്ക് ഉപഭോഗം വഴിയുണ്ടായ കുറവുനികത്താനും പുനരുൽപ്പാദിപ്പിക്കാനും സാധിക്കുന്നു. ചുരുക്കത്തിൽ, സുസറിര വികസനം പരിസ്ഥിതി സൗഹൃദപരവും ചെലവിന് ആനുപാതികമായ മൂല്യം നൽകുന്നതും തലമുറയാനന്തര നീതി ഉറപ്പാക്കുന്നതും ആണ്.

F. ഗാന്ധിയൻ സമീപനം (Gandhian Approach)

രാജ്യത്തെ വികസനത്തിൻറെ പാതയിലേക്ക് കൊണ്ടുവരുന്നതിൽ സ്വാശ്രയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ വ്യക്തിപ്രഭാവവും ദീർഘവീക്ഷണവുമുള്ള നേതാവായിരുന്നു മഹാത്മാ ഗാന്ധി. വികസനത്തിന്റെ കേന്ദ്രമായി അദ്ദേഹം സങ്കൽപ്പിച്ചത് ഗ്രാമങ്ങളാണ്.

സർവോദയ, സ്വദേശി തുടങ്ങിയ പരിപാടികൾ അദ്ദേഹം തുടങ്ങിവച്ചു-ചെറുകിട വ്യവസായങ്ങളുടെയും കുടിൽ വ്യവസായങ്ങളുടെയും പ്രോത്സാഹനം, അടിസ്ഥാനവിദ്യാഭ്യാസം, അന്ത്യോദയ മുതലായവ. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഗ്രാമങ്ങളെ സ്വാശ്രയം ആക്കുന്നതിലൂടെ മാത്രമേ ഇന്ത്യക്ക് വികസിക്കാൻ കഴിയു. അതിനെ അദ്ദേഹം 'ഗ്രാമസ്വരാജ്' എന്ന് വിളിച്ചു. ഗാന്ധിയൻ സമീപനത്തിന് പ്രസക്തി ഇപ്പോഴുമുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും അടിസ്ഥാനം ഗാന്ധിയൻ തത്വശാസ്ത്രമാണ് എന്ന് നമുക്ക് കാണാൻ കഴിയും.

G. നെഹ്റുവിന്റെ വികസന സമീപനം (Nehruvian Approach)

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ രൂപംകൊണ്ട തനതായ ഇന്ത്യൻ മാതൃകയാണ് നെഹ്റുവിന്റെ വികസന സമീപനം. ഇന്ത്യയെ കുറിച്ച് വലിയ ദീർഘവീക്ഷണമുള്ള വ്യക്തി എന്ന നിലയിൽ നെഹ്റു പടിഞ്ഞാറൻ മുതലാളിത്ത മാതൃകയുടെയും സോവിയറ്റ് റഷ്യയുടെ സോഷ്യലിസ്റ്റ് മാതൃകയുടെയും മികച്ച ഘടകങ്ങൾ കൂട്ടിച്ചേർത്തു. ഇതിനെയാണ് സാമ്പത്തിക ശാസ്ത്രജ്ഞർ 'മിശ്ര സമ്പദ് വ്യവസ്ഥ' എന്നു വിളിക്കുന്നത്. നെഹ്റുവിന്റെ അഭിപ്രായത്തിൽ വികസനം സംഭവിക്കണമെങ്കിൽ അതിന് ഒരു പ്രത്യേക മാതൃക പിന്തുടരേണ്ടി വരും. അതിനായി അദ്ദേഹം പഞ്ചവത്സര പദ്ധതികൾ നിർദേശിച്ചു. ഈ സമീപനത്തിൽ പൊതുമേഖല വൻകിട വ്യവസായങ്ങളിലൂടെ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും അതേസമയം ആവശ്യമായ കാർഷിക ഉൽപ്പാദനവും സാമൂഹ്യക്ഷേമവും ഉറപ്പുവരുത്തുകയും ചെയ്യും.

കേരള മാതൃക (Kerala Model)

കുറഞ്ഞ പ്രതിശീർഷ വരുമാനം ആയിരിക്കുമ്പോൾ തന്നെ കേരളം ഉയർന്ന ഭൗതിക ജീവിതഗുണനിലവാരം കാണിക്കുന്ന സൂചികകൾ ഉള്ള പ്രദേശമാണ്. കേരളം ജീവിതഗുണനിലവാരത്തിൽ പരിഗണനീയമായ അളവിൽ മുന്നേറിയിട്ടുണ്ട്. ആരോഗ്യം, സാക്ഷരത, പാർപ്പിടം, ജനകീയ പങ്കാളിത്തം മുതലായ സാമൂഹിക വികസന സൂചികകളിൽ കേരളം പല വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്ന വിധത്തിൽ പുരോഗമിച്ചിരിക്കുന്നു എന്ന് പരിശോധിച്ചാൽ കാണാവുന്നതാണ്. കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ ജനസംഖ്യ വർദ്ധനവ്, ഉയർന്ന സാക്ഷരതാ നിലവാരം, ഉയർന്ന പ്രതീക്ഷിത ആയുർദൈർഘ്യം തുടങ്ങിയ നേട്ടങ്ങളും അവയ്ക്ക് കാരണമായ ഘടകങ്ങളും കേരള മാതൃകയുടെ സുപ്രധാന ഭാഗങ്ങൾ ആണ്. വികസന മാതൃകകളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് കേരള വികസന മാതൃക.

സവിശേഷമായ സാക്ഷരതയും വിദ്യാഭ്യാസ നിലവാരവും ജീവിത നിലവാരവും സാമൂഹ്യ സാമ്പത്തിക നിലവാരങ്ങളും, ആരോഗ്യ സേവനങ്ങളും, സാമൂഹ്യ ക്ഷേമ നടപടികളും കേരളത്തിൽ ദൃശ്യമാണ്. സാമൂഹ്യ പരിഷ്കരണങ്ങളും വിദ്യാഭ്യാസ നിലവാരത്തിലെ അഭ്യുന്നതിയും കേരളത്തെ അതിന്റെ ഏറ്റവും വലിയ സമ്പത്തായ ഉന്നത വിദ്യാഭ്യാസമുള്ള മനുഷ്യവിഭവത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജീവിതഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചു.

അമിതമായ ഉപഭോഗസംസ്കാരം, മേഖലാപരമായ അസമത്വം, ജി.ഡി.പി.യെ പരിമിതപ്പെടുത്തുന്ന താഴ്ന്ന ഉൽപ്പാദനക്ഷമത എന്നിവ കേരള വികസന മാതൃകയുടെ ചില പരിമിതികൾ ആണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സുസ്ഥിര വികസനത്തെ നിർവചിക്കുക.
2. പങ്കാളിത്ത വികസനത്തിന്റെ ഗുണങ്ങൾ കണ്ടെത്തുക.
3. ദാനധർമ സമീപനത്തിന്റെ പരിമിതികൾ പട്ടികപ്പെടുത്തുക.

വിവിധ വികസന സമീപനങ്ങളെ പറ്റി ഒരു പവർപോയന്റ് അവതരണം തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക.

ജനകീയ ആസൂത്രണം (People's Planning)

ഗ്രാമ തലത്തിലുള്ള പഞ്ചായത്ത് പൊതുവിൽ അറിയപ്പെടുന്നത് ഗ്രാമ പഞ്ചായത്ത് എന്നാണ്. ഇന്ന്, തങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ അതിൽ സജീവമായി ഇടപെടാൻ പഞ്ചായത്തീരാജ് സംവിധാനം ജനങ്ങൾക്ക് അവസരമൊരുക്കുന്നു. ഈ വികേന്ദ്രീകൃത സംവിധാനം, ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന എല്ലാ വികസന പരിപാടികളും ആസൂത്രണം

ചെയ്യുന്നതിനും സംഘടിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും വിലയിരുത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തം എല്ലാ തലങ്ങളിലും ഉറപ്പുവരുത്തുന്നു. കേരള സർക്കാർ ഇതിനെ വലിയൊരു ജനകീയ പ്രസ്ഥാനമാക്കി മാറ്റിയിട്ടുണ്ട്. ഈ പരിപാടി ജനകീയാസൂത്രണം എന്ന പേരിലാണ് അറിയപ്പെടുന്നത്.

ഗ്രാമസഭ, അയൽക്കൂട്ടം, വികസന സമിതികൾ, വികസന സെമിനാറുകൾ, കുടുംബശ്രീ തുടങ്ങിയ സംരംഭങ്ങൾ പിന്നീടുള്ള വർഷങ്ങളിൽ വിവിധ സർക്കാരുകൾ ഏറ്റെടുത്തിട്ടുണ്ട്.

ത്രിതല പഞ്ചായത്തീരാജ് സംവിധാനം (Three-tier Panchayathiraj System)

1952 ൽ ആരംഭിച്ച കമ്മ്യൂണിറ്റി വികസന പരിപാടികളുടെ പ്രവർത്തനം പരിശോധിക്കാൻ 1957- ൽ ഇന്ത്യൻ സർക്കാർ ബൽവന്ത് റായ് മേത്ത കമ്മീഷനെ നിയമിച്ചു. ഈ കമ്മിറ്റി മൂന്നു തട്ടുകളുള്ള പഞ്ചായത്തീരാജ് സംവിധാനം സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്തു. പഞ്ചായത്തീരാജ് സംവിധാന പ്രകാരം രണ്ട് ദശലക്ഷത്തിലധികം ജനസംഖ്യയുള്ള എല്ലാ സംസ്ഥാനങ്ങളിലും അഞ്ച് വർഷത്തിലൊരിക്കൽ സ്ഥിരമായി തെരഞ്ഞെടുപ്പ് നടത്തുക, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ എന്നിവർക്ക് സീറ്റ് സംവരണം നൽകുക എന്നീ കാര്യങ്ങൾ നിർബന്ധമാക്കി. പഞ്ചായത്തീരാജിന്റെ മൂന്ന് തട്ടുകൾ താഴെപ്പറയുന്നവയാണ്:

1. ഗ്രാമതല പഞ്ചായത്തുകൾ
2. ബ്ലോക്ക്തല പഞ്ചായത്തുകൾ
3. ജില്ലാതല പഞ്ചായത്തുകൾ.

അനുയോജ്യമായ തലങ്ങളിൽ പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിട്ടുള്ള ചില അധികാരങ്ങളും ഉത്തരവാദിത്വങ്ങളും താഴെപ്പറയുന്നവയാണ്.

- സാമ്പത്തിക വികസന ആസൂത്രണവും സാമൂഹ്യനീതി ആസൂത്രണവും തയ്യാറാക്കുക.
- ഭരണഘടനയുടെ പതിനൊന്നാമത്തെ ഷെഡ്യൂളിൽ നൽകിയിരിക്കുന്ന 29 വിഷയങ്ങളുമായി ബന്ധപ്പെട്ട് സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പരിപാടികൾ നടപ്പിലാക്കൽ.
- അനുയോജ്യമായ നികുതികൾ, ഡ്യൂട്ടികൾ, ടോളുകൾ, ഫീസുകൾ, എന്നിവ ശേഖരിക്കുക.

4.2 കമ്മ്യൂണിറ്റി വികസനം (Community Development)

ഒരു ഗ്രാമസഭയിലെ നടപടിക്രമങ്ങളെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന റിപ്പോർട്ട് വായിക്കുക.

ഇന്ദിര ആവാസ് യോജന പദ്ധതിയുടെ ഗുണഭോക്താക്കളായി റാണിയെയും ശോഭനയെയും പരിഗണിക്കുന്നതായി ഗ്രാമസഭാ കൺവീനർ അറിയിച്ചു. 63 വയസ്സുള്ള

ലക്ഷ്മി അമ്മയെ വാർദ്ധക്യകാലപെൻഷൻ പദ്ധതിയുടെ ഗുണഭോക്താവായി നിർദേശിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആറ് കുടുംബങ്ങൾ അന്നപൂർണ പദ്ധതിക്ക് അർഹതയുള്ളവരാണ് എന്നു കണ്ടെത്തി. തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് അവാർഡ് നേടിയ ശാലിനിയെയും റാണിയെയും അനുമോദിച്ചു. ഗ്രാമസഭാ കൺവീനർ പിന്നീട് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) പ്രകാരം നിർമ്മിക്കുന്ന വഴിയുടെ ഉദ്ഘാടനം പ്രഖ്യാപിക്കുകയും അതിനോട് സഹകരിക്കാൻ എല്ലാവരോടും ആഹ്വാനം ചെയ്യുകയും ചെയ്തു.

ഇതുപോലെ രാജ്യമെമ്പാടും ആയിരക്കണക്കിന് കുടുംബങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വലിയ പുരോഗതിക്ക് വിധേയമായിട്ടുണ്ട്.

പഞ്ചായത്ത് അംഗങ്ങൾ പല പരിപാടികളും പദ്ധതികളും പ്രഖ്യാപിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? ഇതിനു സമാനമായ ഏതെങ്കിലും പദ്ധതികൾ നിങ്ങൾക്കറിയാമോ? ഈ പദ്ധതികളെ ഒന്നാകെ എന്താണ് വിളിക്കുന്നത്?

- ....

അവയെ കമ്മ്യൂണിറ്റി (സമുദായം) വികസന പദ്ധതികൾ എന്നു വിളിക്കുന്നു. അവ ജനങ്ങളുടെ ജീവിതത്തിലേക്ക് ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നു. ജനങ്ങളുടെ ക്ഷേമ ത്തിനായി അവരുടെ തന്നെ ശേഷികൾ കമ്മ്യൂണിറ്റി വികസനം പുറത്തു കൊണ്ടുവരുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ സാമ്പത്തിക സാമൂഹ്യ കൗൺസിൽ അഭിപ്രായപ്പെടുന്നത്, 'കമ്മ്യൂണിറ്റി വികസനം' എന്ന പദം അന്തർദേശീയമായി ഉപയോഗിക്കപ്പെടുന്നത്, സർക്കാർ അധികാരികളും ജനങ്ങൾ തന്നെയും യോജിച്ചു പ്രവർത്തിച്ചുകൊണ്ട് അവരുടെ ജീവിതത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഭാഗങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി നടത്തുന്ന ശ്രമങ്ങളെ സൂചിപ്പിക്കാനാണ്. രാജ്യത്തിന്റെ ജീവിതത്തിലേക്ക് ജനങ്ങളെ ഉദ്ഗ്രഥിക്കാനും രാജ്യ പുരോഗതിക്ക് വേണ്ടി പൂർണ്ണമായി സംഭാവനകളർപ്പിക്കാനും പൗരന്മാരെ സഹായി ക്കുവാനുള്ള സജീവമായ പരിശ്രമമാണ് കമ്മ്യൂണിറ്റി വികസനം. ഗ്രാമീണജനതയുടെ സമഗ്രവും സമ്പൂർണവുമായ വികസനമാണ് കമ്മ്യൂണിറ്റി വികസനം ലക്ഷ്യം വയ്ക്കുന്നത്.

ഫ്രാങ്കും സ്മിത്തും (1999) കമ്മ്യൂണിറ്റി വികസന പരിപാടികളെ നിർവചിച്ചിരിക്കുന്നത് "സമുദായ ക്ഷേമ പ്രക്രിയയുടെ എല്ലാ ഭാഗങ്ങളുടെയും (സാമ്പത്തികം, സാമൂഹികം, പരിസ്ഥിതിപരം, സാംസ്കാരികം) ആസൂത്രിതമായ പരിണാമത്തിലൂടെ സമുദായാംഗങ്ങൾ ഒരുമിച്ചു ചേർന്ന് യോജിച്ച് പ്രവർത്തിക്കുകയും പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യുക" എന്നാണ്.

സമുദായത്തിന്റെ ആവശ്യങ്ങളും താൽപര്യങ്ങളുമാണ് കമ്മ്യൂണിറ്റി വികസനം എന്ന ആശയത്തെ നിർണയിക്കുന്നത്. അതുവഴി സ്വാശ്രയത്വം ഉണ്ടാകുന്നു. ഈ ആവശ്യങ്ങളും താൽപര്യങ്ങളും ചലനാത്മകമാണ്, അവ കാലഘട്ടങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കും.

സ്വാതന്ത്ര്യം ലഭിച്ചതിന് തൊട്ടുപിന്നാലെയാണ് ഇന്ത്യയിൽ കമ്മ്യൂണിറ്റി വികസന പരിപാടികൾ ആരംഭിക്കുന്നത്(1952). ഗ്രാമീണജനതയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ ഉള്ള പരിപാടിയായിരുന്നു അത്. ഈ പരിപാടിയിൽ കൃഷി, കന്നുകാലി വളർത്തൽ, ജലസേചനം, സഹകരണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ വിദ്യാഭ്യാസം, വാർത്താവിനിമയം, ഗ്രാമീണ വ്യവസായങ്ങൾ എന്നിവ ഉൾപ്പെട്ടിരുന്നു.

കമ്മ്യൂണിറ്റി വികസന പദ്ധതി ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും സമൂഹത്തിൽ സ്വാശ്രയത്വം വികസിപ്പിക്കുകയും ചെയ്യുന്നു. ഇത് ജന കേന്ദ്രീകൃതമാണ്; ഇതിൽ സമുദായത്തിന് യോജിച്ച ചിന്തയും യോജിച്ചുള്ള പ്രവർത്തനവും പഞ്ചായത്തുകൾ, സഹകരണ സംഘങ്ങൾ തുടങ്ങിയ ജനകീയ സ്ഥാപനങ്ങളിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു.

കമ്മ്യൂണിറ്റി വികസനത്തിന്റെ ലക്ഷ്യങ്ങൾ (Objectives of Community Development)

കമ്മ്യൂണിറ്റി വികസനത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ നമുക്ക് ചർച്ച ചെയ്യാം.

- മെച്ചപ്പെട്ട ജീവിതനിലവാരം നേടിയെടുക്കാൻ ജനങ്ങളെ പ്രചോദിപ്പിക്കുക.
- ജനങ്ങളുടെ മുഖ്യആവശ്യങ്ങൾ നേടിയെടുക്കുക.
- ഉത്തരവാദിത്വവും പ്രതികരണക്ഷമതയും ഉള്ള പ്രാദേശിക നേതൃത്വം വികസിപ്പിക്കുക.
- ഭക്ഷണ ഉൽപ്പാദനവും കാർഷിക ഉൽപ്പാദനവും ഗുണപരമായും അളവുപരമായും വർദ്ധിപ്പിക്കുക.
- തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുക.
- പ്രാഥമിക വിദ്യാഭ്യാസവും പൊതുജനാരോഗ്യവും പ്രോത്സാഹിപ്പിക്കുക.
- കുടിൽ വ്യവസായങ്ങളും തദ്ദേശീയ കരകൗശല വസ്തുക്കളും സ്ഥാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക,
- മനോഭാവ മാറ്റം ഉണ്ടാക്കുകയും ജനകീയ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പരസ്പര സഹായവും സ്വയം സഹായവും പ്രോത്സാഹിപ്പിക്കുക.

സാമൂഹ്യ പ്രവർത്തകന്റെ ഉത്തരവാദിത്വം (Role of Social Worker)

കമ്മ്യൂണിറ്റി വികസന പ്രവർത്തകനായോ സമുദായ സംഘാടകനായോ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകനെ നയിക്കുന്നത് തൊഴിൽപരമായ ഉയർന്ന നിലവാരവും ധാർമികതയും സുസ്ഥിരത തത്വവും സഹകരണവുമാണ്. ഒരു പ്രദേശത്തെയോ സമുദായത്തിന്റെയോ വികസന പരിശ്രമങ്ങളിൽ സാമൂഹ്യ പ്രവർത്തകന് സുപ്രധാന പങ്കുവഹിക്കാനുണ്ട്. ഫലപ്രദമായ വിവര കൈമാറ്റത്തിലൂടെയും ശേഷി വർധനവിലൂടെയും ശരിയായ മേൽനോട്ടവും വിലയിരുത്തലും നടത്തുക വഴിയും സാമൂഹ്യ പ്രവർത്തകൻ വികസനത്തെ ഏറ്റവും അടിത്തട്ടിൽ എത്തിക്കുന്നു. നയങ്ങൾ, താഴെതട്ടിലുള്ള ജനങ്ങളുടെ ക്ഷേമത്തിന്

അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ, സാമൂഹ്യ പ്രവർത്തകന് ഫലപ്രദമായി അതിൽ ഇടപെടുവാൻ കഴിയും. ചുരുക്കിപ്പറഞ്ഞാൽ, ഏറ്റവും അർഹതപ്പെട്ടവർക്ക് വികസനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കി കൊടുക്കുന്നതിൽ സാമൂഹ്യ പ്രവർത്തകർക്ക് വലിയ പങ്കുണ്ട്.

ഇന്ത്യയിലെ കമ്മ്യൂണിറ്റി വികസന പരിപാടികൾ

(The Community Development Programmes in India)

സ്വാതന്ത്ര്യാനന്തരം സർക്കാർ ഏറ്റെടുത്തു നടപ്പിലാക്കിയ ഏറ്റവും ബൃഹത്തായ പുനർനിർമ്മാണ പരിപാടിയാണ് കമ്മ്യൂണിറ്റി വികസന പരിപാടികൾ. ഇത് ഇന്ത്യൻ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗത്തിന്റെ പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും മാഗ്നാകാർട്ട എന്നും ലക്ഷക്കണക്കിന് ആളുകളെ അടിമകളാക്കി വച്ചിരിക്കുന്ന ദാരിദ്ര്യം, അറിവില്ലായ്മ എന്നിവക്കെതിരെയുള്ള യുദ്ധപ്രഖ്യാപനം എന്നിങ്ങനെ വ്യത്യസ്ത രീതിയിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിലെ ആസൂത്രണ കമ്മീഷൻ കമ്മ്യൂണിറ്റി വികസനപരിപാടികളെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു, "ജനങ്ങളുടെ സ്വന്തം പരിശ്രമത്താൽ ഗ്രാമീണ ജീവിതത്തിൽ സാമൂഹികവും സാമ്പത്തികവുമായ പരിവർത്തനം കൊണ്ടുവരാനുള്ള ശ്രമമാണ് കമ്മ്യൂണിറ്റി വികസനം".

ഇന്ത്യയിലെ കമ്മ്യൂണിറ്റി വികസന പരിപാടികൾ മൊത്തത്തിൽ താഴെ കാണുന്ന വിധം തരംതിരിക്കാം:

i. തൊഴിലും വരുമാനവും ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ/ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ.

ii. പാർപ്പിട പദ്ധതികൾ.

iii. കുടിവെള്ള പദ്ധതികൾ.

iv. അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ.

v. സാമൂഹ്യ സഹായക പരിപാടികൾ.

പ്രധാനപ്പെട്ട പരിപാടികളെക്കുറിച്ച് നമുക്ക് വിശദമായി ചർച്ച ചെയ്യാം.

i. തൊഴിലും വരുമാനവും ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ

(Employment and Income Generation Programmes)

a). സ്വർണ്ണ ജയന്തി ഗ്രാമ സ്വരസ്ഗാർ യോജന (SGSY)

1999 ഏപ്രിൽ മാസത്തിലാണ് ഈ പരിപാടി ആരംഭിച്ചത്. സ്വയംതൊഴിലുമായി ബന്ധപ്പെട്ട്, പാവപ്പെട്ടവരെ സ്വയംസഹായ സംഘങ്ങളായി സംഘടിപ്പിക്കൽ, പരിശീലനം, വായ്പ ലഭ്യമാക്കൽ, സാങ്കേതികവിദ്യ കൈമാറ്റം, അടിസ്ഥാന സൗകര്യ വികസനം, വിൽപ്പന എന്നിങ്ങനെയുള്ള എല്ലാ മേഖലകളും സമഗ്രമായി ഏറ്റെടുത്ത് നടപ്പിലാക്കുന്ന പരിപാടിയാണിത്.

ലക്ഷ്യങ്ങൾ

- ദരിദ്രരായ ഗ്രാമീണർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കൽ.

- ഗുണഭോക്താക്കളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ഉയർത്തൽ.
- ദരിദ്രരായ ഗ്രാമീണരുടെ ശേഷികളെ അടിസ്ഥാനമാക്കി ഗ്രാമീണ മേഖലകളിൽ ധാരാളം സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കൽ.

എസ്.ജി.എസ്.വൈ. എന്നത് വായ്പ്പയും സബ്സിഡിയും അടിസ്ഥാനമാക്കിയുള്ള പരിപാടിയാണ്. ഇതിൽ അംഗങ്ങളാകുന്ന സ്ത്രീകളെ ഉപയോഗിച്ചുകൊണ്ട് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നു. എസ്.ജി.എസ്.വൈ. കർമ്മസമിതികൾക്ക് ഊന്നൽ കൊടുക്കുന്നു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് *ഗ്രാമസഭയാണ്.* പങ്കാളിത്ത പ്രക്രിയയിലൂടെയാണ് ഓരോ കുടുംബത്തിനും അനുയോജ്യമായ മുഖ്യ പ്രവർത്തനങ്ങൾ കണ്ടെത്തുന്നത്. *'സ്വരോസ്ഗാറികൾ'* എന്നറിയപ്പെടുന്ന ഗുണഭോക്താക്കൾക്ക് ശേഷികൾ വികസിപ്പിക്കുന്നതിലാണ് ഈ പരിപാടി ശ്രദ്ധ കൊടുക്കുന്നത്.

ലക്ഷ്യ സംഘം (Target group)

- 50% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക്, 40% സ്ത്രീകൾക്ക്, 3% ഭിന്നശേഷിക്കാർക്ക്.

എസ്.ജി.എസ്.വൈ. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇതിന്റെ സാമ്പത്തിക ബാധ്യത 75:25 അനുപാതത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പങ്കുവെക്കുന്നു.

b) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (Mahatma Gandhi National Rural Employment Gurantee Programme - MGNREGP)



എം.ജി.എൻ.ആർ.ഇ.ജി.പി എന്നത് 2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവതരിപ്പിക്കപ്പെട്ടതാണ്. ഗ്രാമീണ പ്രദേശങ്ങളിൽ ജനങ്ങളുടെ തൊഴിൽ സുരക്ഷ മെച്ചപ്പെടുത്താനാണ് ഇതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഒരു സാമ്പത്തിക വർഷം, ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽനിന്ന് പ്രത്യേക ശേഷികൾ ആവശ്യമില്ലാത്ത, കായികാധ്വാനമുള്ള തൊഴിലുകൾ ചെയ്യാൻ താല്പര്യമുള്ള ആളുകൾക്ക് ജോലിക്ക് കൂലി എന്ന രീതിയിൽ നൂറു ദിവസം വരെ തൊഴിൽ നൽകുന്ന പരിപാടിയാണിത്. ഗ്രാമപഞ്ചായത്തുകൾ വഴിയാണ് ഇത് നടപ്പിലാക്കുന്നത്.

എം.ജി.എൻ.ആർ.ഇ.ജി.പി. യുടെ തനതു സവിശേഷതകൾ

- അഞ്ചു കിലോമീറ്റർ ചുറ്റളവിൽ ജോലി നൽകുന്നു.
- പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യവേതനം.
- സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും മുൻഗണന.

എം.ജി.എൻ.ആർ.ഇ.ജി.പി. ദാരിദ്ര്യത്തെയും തൊഴിലില്ലായ്മയെയും തടയുന്നു. ഇത് പരിസറിതിയെ സംരക്ഷിക്കുകയും ഗ്രാമപ്രദേശത്ത് നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റം കുറയ്ക്കുകയും സ്ത്രീകളുടെ ശാക്തീകരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ii. പാർപ്പിട പദ്ധതികൾ (Housing Programmes)

a) ഇന്ദിരാ ആവാസ് യോജന (IAY)

ദാരിദ്ര്യരേഖയ്ക്ക് (ബി.പി.എൽ.) താഴെയുള്ള എല്ലാ ജനങ്ങൾക്കും പാർപ്പിടം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യൻ സർക്കാർ നടപ്പിലാക്കുന്ന പ്രധാന പരിപാടിയാണ് ഇന്ദിരാ ആവാസ് യോജന. ഇന്ദിരാ ആവാസ് യോജനക്കുവേണ്ടി പണം അനുവദിക്കുന്നത് ദാരിദ്ര്യ അനുപാതത്തിന്റെയും ഭവനങ്ങളുടെ ദൗർബല്യത്തെയും അടിസ്ഥാനമാക്കിയാണ്.

ലക്ഷ്യം

- പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിൽ സഹായിക്കലും നന്നാക്കാൻ കഴിയാത്ത പുല്ലുമേഞ്ഞ വീടുകളെ പക്കാ ഭവനങ്ങൾ അല്ലെങ്കിൽ ഭാഗികമായി പക്കാ ഭവനങ്ങൾ ആക്കി മാറ്റലും.

ലക്ഷ്യ സംഘം

- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ, സ്വതന്ത്രരാക്കപ്പെട്ട അടിമ വേലക്കാർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദരിദ്ര ഗ്രാമീണർ, ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മറ്റ് വിഭാഗക്കാർ.

മുഖ്യ സവിശേഷതകൾ

- വീടുകൾ നിർമ്മിക്കാനോ നിലവിലുള്ളത് മെച്ചപ്പെടുത്താനോ ഉള്ള സാമ്പത്തിക സഹായം നൽകുന്നു.
- ശുചിത്വമുള്ള കക്കൂസുകൾ, പുകയില്ലാത്ത അടുപ്പ് എന്നിവ നിർബന്ധമാക്കിയിരിക്കുന്നു.
- ചെലവിന് ആനുപാതിക മൂല്യം ഉള്ളതും പരിസറിതി സൗഹൃദപരവുമായ സാങ്കേതികവിദ്യകൾ.

- കുടുംബത്തിലെ ഒരു സ്ത്രീയുടെ പേരിലാണ് വീട് അനുവദിക്കപ്പെടുന്നത്.

ധനലഭ്യത

75:25 അനുപാതത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ധനവിനിയോഗം നടത്തുന്നു.

iii. കുടിവെള്ള പദ്ധതികൾ (Drinking Water Programmes)

a) രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷൻ (Rajiv Gandhi National Drinking Water Mission - RGNDWM)

1986 ൽ ഇന്ത്യൻ സർക്കാർ ദേശീയ കുടിവെള്ള ദൗത്യം ആരംഭിച്ചു. പിന്നീടത് രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിങ് വാട്ടർ മിഷൻ ആയി പുനർനാമകരണം (ആർ.ജി.എൻ.ഡി. ഡബ്ല്യു.എം.) ചെയ്തു. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിക്കുള്ളത്.

പ്രോജക്ട് പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് സ്ഥിരമായ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ശുചീകരണ പ്രക്രിയയും ജല ശുചീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളും ഒരുമിച്ച് നേരിട്ടില്ലെങ്കിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം നേടിയെടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇതിനോടൊപ്പം ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോഗ്രാം, കേന്ദ്രസർക്കാർ പിന്തുണ നൽകുന്ന റൂറൽ സാനിറ്റേഷൻ പ്രോഗ്രാം എന്നിവകൂടി നടപ്പിലാക്കുന്നുണ്ട്.

2005- ൽ എല്ലാ കുടിവെള്ള പദ്ധതികളും ഈ പദ്ധതിയുടെ കീഴിലാക്കി.

b) ജലനിധി പദ്ധതി (Jalanidhi Project)

ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന കുടിവെള്ള പദ്ധതിയാണിത്. ജലസ്രോതസ്സ് കണ്ടെത്തുന്നതിലും പദ്ധതി നടപ്പിലാക്കുന്നതിലും നടത്തിപ്പിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഗുണഭോക്താക്കളുടെ പങ്കാളിത്തം അനിവാര്യഘടകമായ പദ്ധതിയാണിത്. മൊത്തം ചെലവിന് 75 ശതമാനത്തോളം കേന്ദ്രസർക്കാർ അനുവദിക്കുന്നു. ബാക്കി വരുന്നതിൽ 15% സംസ്ഥാന സർക്കാരും പിന്നീടുള്ള 10% ഗുണഭോക്തൃ വിഹിതമായും സമാഹരിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ ഏകോപനത്തിനായി ഒരു സർക്കാർ അംഗീകൃത സന്നദ്ധ സംഘടന പഞ്ചായത്തുതലത്തിൽ സഹായ സംഘടനയായി (എസ്.ഒ. - Support Organisation) പ്രവർത്തിക്കുന്നു.

iv. അടിസ്ഥാനസൗകര്യ വികസന പരിപാടികൾ (Infrastructure Development Programmes)

a) ജവഹർ ഗ്രാമ സമൃദ്ധി യോജന (ജെ. ജി. എസ്. വൈ.)

ജവഹർ റോസ്ഗാർ യോജനയുടെ പുനഃസംഘടിപ്പിച്ച, സുസംഘടിതമായ, സമഗ്രമായ രൂപമാണ് ജവഹർ ഗ്രാമ സമൃദ്ധി യോജന. പാവപ്പെട്ടവരുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 1999, ഏപ്രിൽ മാസം ഒന്നാം തീയതിയാണ് ജവഹർ ഗ്രാമ സമൃദ്ധി യോജന പദ്ധതിക്ക് തുടക്കമായത്. ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും ആരംഭിച്ച പരിപാടിയാണിത്. ഗ്രാമസഭയുടെ അനുവാദത്തോടെ ഗ്രാമപഞ്ചായത്തുകളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ലക്ഷ്യങ്ങൾ

- ഗ്രാമങ്ങളിൽ ആവശ്യമായ അടിസ്ഥാനസൗകര്യം സൃഷ്ടിക്കുക.
- ഗ്രാമീണ മേഖലകളിലെ പാവപ്പെട്ടവർക്ക് സ്ഥിരമായ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും തൊഴിൽരഹിതരായ ദരിദ്രർക്ക് അനുബന്ധ തൊഴിലുകൾ സൃഷ്ടിക്കുകയും ചെയ്യുക.

ലക്ഷ്യ സംഘം

- ദാരിദ്ര്യരേഖയ്ക്ക് (ബി.പി.എൽ.) കീഴിലുള്ള കുടുംബങ്ങൾ.

ധനലഭ്യത

75:25 അനുപാതത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ധനവിനിയോഗം നടത്തുന്നു. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് പണം നൽകുന്നു.

b) പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന (പി.എം.ജി.എസ്.വൈ.)

പ്രധാനമന്ത്രി ഗ്രാം സഡക് യോജന രാജ്യത്തെ ഗ്രാമങ്ങളിലും വിദൂര പ്രദേശങ്ങളിലും എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന പരസ്പരം ബന്ധിച്ചുള്ള പാതകൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 2005 ഡിസംബർ മാസം 25 -ന് ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതി വിഭാവനം ചെയ്യുന്നത് 500-ൽ കൂടുതൽ ആളുകൾ താമസിക്കുന്ന സമതല പ്രദേശങ്ങൾ, 250-തിൽ കൂടുതൽ ആളുകൾ അധിവസിക്കുന്ന മലമ്പ്രദേശങ്ങൾ, ഗോത്രവർഗ്ഗ പ്രദേശങ്ങൾ, മരുപ്രദേശങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുക എന്നതാണ്. ദരിദ്രരായ ഗ്രാമീണർക്ക് ശരിയായ ഗതാഗത സൗകര്യം, നഗരങ്ങളിലേക്കും മറ്റു സൗകര്യങ്ങളിലേക്കും അനായാസം എത്തിച്ചേരൽ എന്നീ കാര്യങ്ങളിൽ ഈ പദ്ധതി സഹായകരമാകുന്നു.

c) ഭാരത് നിർമ്മാൺ

ഗ്രാമീണ ഇന്ത്യയെ പുനർനിർമ്മിക്കാൻ വേണ്ടി 2005 -ൽ ആരംഭിച്ച അടിസ്ഥാനസൗകര്യ വികസന പരിപാടിയാണ് ഭാരത് നിർമ്മാൺ. ഭാരത് നിർമ്മാൺ പദ്ധതിയുടെ ആറു ഘടകങ്ങളിൽ ഒന്നായി തിരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമീണ റോഡുകളുടെ

വികസനമാണ്. ഈ പദ്ധതി പ്രകാരം ആയിരവും അതിൽ കൂടുതലും ആളുകൾ താമസിക്കുന്നടത്ത് (മലമ്പ്രദേശങ്ങളുടെ കാര്യത്തിൽ 500-റോ അതിലധികമോ ആളുകൾ അധിവസിക്കുന്നടത്ത്) എല്ലാ പ്രദേശങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന, ഏതു കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന റോഡ് സൗകര്യങ്ങൾ നിർമ്മിക്കലാണ് ഉദ്ദേശിക്കുന്നത്. പുതിയ റോഡുകളുടെ നിർമാണവും നിലവിലുള്ള റോഡുകളുടെ മെച്ചപ്പെടുത്തലും ഈ വിഭാഗത്തിൽ വരുന്നുണ്ട്. ഇതുപ്രകാരം 60% കേന്ദ്രസർക്കാരും 40% സംസ്ഥാനസർക്കാരും ആണ് മെച്ചപ്പെടുത്തേണ്ടത്.

v. ദേശീയ സാമൂഹ്യ സഹായ പരിപാടി (National Social Assistance Programme)

1995 ഓഗസ്റ്റ് മാസം 15 ന് നിലവിൽ വന്ന ദേശീയ സാമൂഹിക പിന്തുണ പദ്ധതി, നമ്മുടെ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിലെ ആർട്ടിക്കിൾ 45 നിറവേറ്റുന്നതിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ്. ഈ പരിപാടി പാവപ്പെട്ടവർക്ക് സാമൂഹിക സഹായത്തിനായുള്ള ഒരു ദേശീയ നയം മുന്നോട്ട് വെച്ചു. ഇതുവഴി സംസ്ഥാനങ്ങൾ നിലവിൽ നൽകിക്കൊണ്ടിരി ക്കുന്നതോ, ഭാവിയിൽ നൽകാൻ സാധ്യതയുള്ള തോ ആയ ആനുകൂല്യങ്ങൾക്ക് പുറമെ, പാവങ്ങൾ ക്കായുള്ള സാമൂഹിക സഹായത്തിന് ഏറ്റവും കുറഞ്ഞ ദേശീയ നിലവാരം നിശ്ചയിക്കാനും സാധിച്ചു.

നിലവിൽ എൻ.എസ്.എ.പി.യിൽ ദേശീയ വയോജന പെൻഷൻ പദ്ധതി, വിധവാ പെൻഷൻ പദ്ധതി, ഭിന്നശേഷി പെൻഷൻ പദ്ധതി, കുടുംബ സഹായ പദ്ധതി, പ്രസവാനുകൂല്യ പദ്ധതി, ബി.പി.എൽ. കുടുംബങ്ങൾക്കുള്ള ഭക്ഷണ സഹായം എന്നിവയാണ് ഉൾപ്പെടുന്നത്.

വികസന മേഖലയിൽ നമ്മുടെ രാജ്യത്ത് വലിയ മാറ്റങ്ങൾ സംഭവിക്കുന്നത് നമുക്ക് കാണാൻ കഴിയും. കമ്മ്യൂണിറ്റി വികസന പദ്ധതികൾ ഇക്കാര്യത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ആവശ്യമായ വിവരങ്ങൾ നൽകുക വഴിയും സ്വന്തം അവകാശം നേടിയെടുക്കാൻ ശാക്തീകരിക്കുക വഴിയും സാമൂഹ്യപ്രവർത്തക ഉദ്യോഗസ്ഥർക്ക് കമ്മ്യൂണിറ്റി വികസനപദ്ധതികൾ ശരിയായ ഗുണഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിക്കും.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. കമ്മ്യൂണിറ്റി വികസനം നിർവചിക്കുക
2. ഭാരത സർക്കാരിന്റെ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ എഴുതുക.
3. എം.ജി.എൻ.ആർ.ഇ.ജി.പി. യുടെ തനതു സവിശേഷതകൾ കണ്ടെത്തുക.

- നിങ്ങളുടെ പ്രദേശത്തെ പഞ്ചായത്ത്/ ബ്ലോക്ക് ഓഫീസ് സന്ദർശിച്ച് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി വികസന പദ്ധതികളെ പ്പറ്റി ഒരു റിപ്പോർട്ട് തയ്യാറാക്കുക.
- വിവിധ കമ്മ്യൂണിറ്റി വികസന പദ്ധതികളെ പറ്റി ഒരു ഗ്രൂപ്പ് പ്രശ്നോത്തരി സംഘടിപ്പിക്കുക.

4.3 ആവശ്യകത നിർണയം (Need Assessment)

ഒരു വിദൂര ഗ്രാമമായ തേൻപുഴ ഫലഭൂയിഷ്ഠമായ ഭൂമി, നദി, അനുയോജ്യമായ കാലാവസ്ഥ, പച്ചപ്പ്, ശുദ്ധവായു തുടങ്ങി വിഭവങ്ങളാൽ സമൃദ്ധമാണ്. അവിടെ ഇല്ലാത്തതായി ഒന്നും ഇല്ല എന്ന് തന്നെ പറയാം. എങ്കിലും അവിടെ ഗ്രാമവാസികളുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റപ്പെടുന്നില്ല. അവിടെ ഒരു സ്കൂളോ ആരോഗ്യ കേന്ദ്രമോ, വ്യവസായങ്ങളോ ഇല്ല. കൃഷിയോഗ്യമായ ഭൂമിയുടെ നല്ലൊരു ഭാഗം തരിശായി കിടക്കുകയാണ്. പക്ഷേ മിക്കവാറും ആളുകൾ തൊഴിൽരഹിതരും ആണ്. ഗ്രാമവാസികൾക്ക് എന്താണ് ചെയ്യേണ്ടതെന്ന് അറിഞ്ഞുകുടാ. ഒരു സാമൂഹ്യ പ്രവർത്തകനായ ഷാജി, ഗ്രാമീണ ജീവിതത്തെ കുറിച്ചുള്ള ഗവേഷണത്തിനായി തേൻപുഴ സന്ദർശിച്ചപ്പോൾ ഉള്ള അവസരയാണിത്. ഷാജി ഗ്രാമീണരോട് അവരുടെ ആവശ്യങ്ങളെപ്പറ്റി അന്വേഷിച്ചു. നിഷ്കളങ്കരായ ആ ഗ്രാമവാസികൾ മറുപടി പറഞ്ഞത് അവർക്ക് വേണ്ടത് ടെലിവിഷൻ, സ്റ്റേഡിയം, സിനിമാ തിയേറ്റർ മുതലായവയാണ് എന്നാണ്.

തേൻപുഴയിലെ ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളാണോ ഇവ?

എന്തുകൊണ്ടാണ് അടിസ്ഥാന ആവശ്യങ്ങൾ തിരിച്ചറിയുന്നതിനു പകരം അവർ മേൽ സൂചിപ്പിച്ചത് പോലുള്ള ആവശ്യങ്ങൾ ഉന്നയിക്കുന്നത്?.

- ....

മുകളിൽ നൽകിയിരിക്കുന്ന വിവരണത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് തേൻപുഴ ഗ്രാമത്തിലെ ആളുകൾക്ക് അവരുടെ യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല എന്നാണ്. യഥാർത്ഥത്തിൽ ഇത് സമൂഹത്തിലെ പല വിഭാഗങ്ങളിലും കണ്ടുവരുന്ന പ്രശ്നമാണ്.

എന്താണ് ഒരു ആവശ്യം എന്നതുകൊണ്ട് അർഥമാക്കുന്നത്?

- ....

അത്യാവശ്യമായ ഒന്നിന്റെ അഭാവമാണ് ആവശ്യം. നമ്മുടെ ജീവിതത്തിൽ എണ്ണിത്തീർക്കാൻ ആവാത്തത്ര ആവശ്യങ്ങളുണ്ട്. ഇവിടെ തേൻപുഴ ഗ്രാമവാസികൾക്ക് അവരുടെ ആവശ്യങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നില്ല. വികസന കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ വ്യത്യസ്ത തരത്തിലുള്ള ആവശ്യങ്ങളുണ്ട്- സുവ്യക്ത ആവശ്യങ്ങൾ (Apparent Need), പ്രക്ഷേപിത ആവശ്യം (Projected Need), അനുഭൈവിക ആവശ്യം (Felt Need) അല്ലെങ്കിൽ യഥാർത്ഥ ആവശ്യം (Real Need) എന്നിങ്ങനെ.

മറ്റുള്ളവർക്ക് വളരെ വ്യക്തമായ, സ്പഷ്ടമായ ആവശ്യമാണ് സുവ്യക്ത ആവശ്യം (Apparent Need). സ്വന്തം ആവശ്യമായി ആളുകൾ മറ്റുള്ളവരോട് സ്വയം വിശദീകരിക്കാൻ ശ്രമിക്കുന്ന ആവശ്യമാണ് പ്രക്ഷേപിത ആവശ്യം (Projected Need). സമൂഹത്തിലെ അംഗങ്ങൾ നേരിടുന്ന യഥാർത്ഥ ആവശ്യങ്ങളാണ് അനുഭൈവിക ആവശ്യങ്ങൾ (Felt Need).

എന്തായാലും തേൻപുഴ ഗ്രാമവാസികൾക്ക്, യഥാർത്ഥത്തിൽ അവർക്ക് വേണ്ടത് എന്താണെന്നതിനെക്കുറിച്ച് യാതൊരു ആശയവും ഇല്ല. ഇവിടെയാണ് ആവശ്യകത നിർണയത്തിന്റെ പ്രസക്തി. ആവശ്യകത നിർണയം, ജനങ്ങളെ അവരുടെ ആവശ്യങ്ങൾ കണ്ടെത്താനും അതിന് മുൻഗണനാക്രമം നിശ്ചയിക്കാനും സഹായിക്കുന്നു. അനുയോജ്യമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ആവശ്യകത നിർണയം നമ്മെ സഹായിക്കുന്നു. ആവശ്യകത നിർണയം നമുക്ക് നിരീക്ഷണം, സർവ്വേ, അഭിമുഖ സംഭാഷണം, ചോദ്യാവലി, സംഭവ പഠനം എന്നിവയിലൂടെ നിർവഹിക്കാവുന്നതാണ്. ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന ആവശ്യകത നിർണയത്തിൻറെ ഒരു പ്രധാന ഉപകരണമാണ് പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസൽ (പി.ആർ.എ.). നമുക്ക് പി.ആർ.എ. യെ കുറിച്ച് വിശദമായി പഠിക്കാം.

4.4 പങ്കാളിത്ത ഗ്രാമീണ മൂല്യനിർണയം (Participatory Rural Appraisal - PRA)

പരമ്പരാഗത ഗ്രാമീണ സമൂഹങ്ങളിലെ ജനങ്ങൾ സാമുദായിക പ്രശ്നങ്ങൾ കണ്ടെത്തൽ, ഈ പ്രശ്നങ്ങൾ നേരിടുന്നതിന് അവരുടെ തന്നെ തന്ത്രങ്ങൾ രൂപീകരിക്കൽ,സമുദായത്തിൽ നിന്നുള്ള സംഭാവനകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആവശ്യമായ വിഭവങ്ങൾ സ്വരൂപിക്കൽ, അവരുടെ തന്നെ ഇടപെടൽ കൊണ്ട് ഒരു നല്ല പരിധിവരെ അത്തരം പരിപാടികൾ നടപ്പിലാക്കൽ എന്നീ പ്രക്രിയകളിൽ സുപ്രധാനമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. പുറമേ നിന്നുള്ളവർക്ക് ഈ വസ്തുതകൾ അറിയില്ല. പ്രാദേശിക സാഹചര്യങ്ങളെക്കുറിച്ച് ഉൾക്കാഴ്ച നേടാൻ ഗ്രാമവാസികൾക്ക് പുറമേ നിന്നു വരുന്നവരെ സഹായിക്കാൻ പറ്റും.

തേൻപുഴ ഗ്രാമത്തിൽ, ഗ്രാമവാസികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ വിഭവങ്ങൾ ധാരാളമായി ഉണ്ടെങ്കിലും അവർക്ക് അവരുടെ ആവശ്യങ്ങൾ കണ്ടെത്താനും അതിനുവേണ്ടി പ്രവർത്തിക്കാനും സാധിക്കുന്നില്ല. സമുദായനേതാക്കളുടെ സഹായത്തോടെ ഷാജി ഗ്രാമവാസികളുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും തുറന്നുപറയാനും സമൂഹത്തിലുള്ള വിഭവശേഷി തിരിച്ചറിയാനും സഹായിച്ചു. തുടർന്ന് വികസന സാധ്യതകളെപ്പറ്റി വിശദമായ ചർച്ചയും പദ്ധതി ആസൂത്രണവും നടന്നു. ഇതിന്റെ തുടർച്ചയായി പദ്ധതി നടപ്പിലാക്കൽ, മേൽനോട്ടം, വിലയിരുത്തൽ മുതലായവ നടന്നു. വർഷങ്ങൾക്കുള്ളിൽ, തേൻപുഴ ഗ്രാമം ഒരുപാട് മാറി.

തേൻപുഴ ഗ്രാമത്തിൽ കണ്ടതുപോലെ, പങ്കാളിത്ത ഗ്രാമീണ വിശകലനം എന്നത് ഗ്രാമ സമൂഹങ്ങളുമായി ഇടപെടാനും അവരെ മനസ്സിലാക്കാനും അവരിൽ നിന്ന് പഠിക്കാനും സഹായിക്കുന്ന ഒരു രീതിശാസ്ത്രമാണ്. പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ നടക്കുന്ന പ്രക്രിയയാണ് ഇത്. ഇത് ഗ്രാമ സമൂഹത്തോടൊപ്പം, അവരിൽ നിന്നും തടസ്സങ്ങളും അവസരങ്ങളും അന്വേഷിക്കാനും അപഗ്രഥിക്കാനും വിലയിരുത്താനും പഠിക്കുവാനു മുള്ള മാർഗമാണ്, അതുവഴി അവരുടെ ആവശ്യങ്ങളെ സംബന്ധിച്ച് സമയോചിതമായി, വിവരാധിഷ്ഠിതമായി തീരുമാനങ്ങളെടുക്കാനുള്ള അറിവ് നേടുകയും ചെയ്യുന്നു.

പി.ആർ.എ.- യിൽ പ്രശ്നങ്ങളെ സംബന്ധിച്ച് ഗ്രാമവാസികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ സഹായകരമായ ഒരു കൂട്ടം തത്വങ്ങളും ആശയവിനിമയ പ്രക്രിയയും ഉൾപ്പെടുന്നു. "ഗ്രാമീണ ജനങ്ങളോടൊപ്പം നിന്ന് ഗ്രാമീണ ജീവിതത്തെ കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും പഠിക്കാൻ ഉപയോഗിക്കുന്ന ഒരു സമീപനവും രീതിയുമാണ്" പി.ആർ.എ. "ഇത് അപഗ്രഥനത്തിലേക്കും ആസൂത്രണത്തിലേക്കും നടപടികളിലേക്കും വ്യാപിക്കുന്നു". ഗ്രാമീണ ജനതയ്ക്ക് അവരുടെ ജീവിതത്തെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും ഉള്ള അറിവുകൾ പങ്കുവെക്കാനും മെച്ചപ്പെടുത്താനും അപഗ്രഥിക്കാനും അതുവഴി ആസൂത്രണം നടത്താനും പ്രവർത്തിക്കാനും സഹായിക്കുന്ന ഒരു കൂട്ടം സമീപനങ്ങളും രീതികളുമാണ് പി.ആർ.എ.

പി.ആർ.എ. എന്നത് റാപ്പിഡ് റൂറൽ അപ്രൈസൽ (ആർ.ആർ.എ.) എന്നതിന്റെ പരിഷ്കരിച്ച രൂപമാണ്. 1970-കളിൽ ഫാമിംഗ് സിസ്റ്റം റിസർച്ചിന്റെ (എഫ്.എസ്.ആർ.) സ്വാധീനത്താൽ രൂപപ്പെട്ടുവന്ന രീതിശാസ്ത്രം ആണിത്. ചിയാങ്ങ് മൈ യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്തിരുന്ന റോബർട്ട് ചേംബേഴ്സ്, റോബർട്ട് റോഡ്സ്, മൈക്കൽ കോളിൻസൺ, പീറ്റർ ഹിൽഡ്ബ്രാൻഡ് എന്നിവരാണ് ഈ രീതിയുടെ മുൻഗാമികൾ. കുറഞ്ഞ സമയപരിധിക്കുള്ളിൽ വിവരങ്ങൾ ശേഖരിക്കുന്നതിനും അപഗ്രഥിക്കുന്നതിനും വേണ്ടി ആളുകളെ സംഘടിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഒരു രീതിയാണ് റാപ്പിഡ് റൂറൽ അപ്രൈസൽ.

സമുദായത്തിന്റെ ആവശ്യങ്ങൾ കണ്ടെത്താൻ പി.ആർ.എ. ചില മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. നമുക്ക് അവ ചർച്ച ചെയ്യാം.

പങ്കാളിത്ത ഗ്രാമീണ മൂല്യനിർണയ രീതികൾ (Methods of PRA)

പി.ആർ.എ. രീതികളെ പൊതുവെ താഴെ സൂചിപ്പിച്ച വിധം ഉപവിഭാഗങ്ങൾ ആക്കിയിട്ടുണ്ട്.

A) ഗ്രാമീണരുടെ പങ്കാളിത്തമില്ലാത്ത പിന്തുണ രീതികൾ.

B) ഗ്രാമീണരുടെ നേരിട്ടുള്ള പങ്കാളിത്തമുള്ള രീതികൾ.

ഗ്രാമവാസികൾ സ്വീകരിക്കാൻ ഇഷ്ടപ്പെടുന്ന ആശയപ്രകടന രീതിയെ അടിസ്ഥാനമാക്കിയാണ് വിവിധ പി.ആർ.എ. രീതികൾ ഉപയോഗിക്കുന്നത്. അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും പങ്കെടുക്കാനും പി.ആർ.എ. രീതികൾ സഹായിക്കുന്നു.

A) പി.ആർ.എ. യെ പിന്തുണയ്ക്കുന്ന രീതികൾ (Methods Supportive of PRA)

നേരിട്ടുള്ള പങ്കാളിത്തപഠനത്തിന് പുറമേ, പി.ആർ.എ. വ്യത്യസ്തതരം രീതികളിൽനിന്ന് പിന്തുണ നേടുകയും ഗ്രാമീണ സാഹചര്യങ്ങളെക്കുറിച്ച് അറിവ് നേടാൻ പ്രാഥമിക-ദ്വിതീയ വിവരങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു. പി.ആർ.എ. ചെയ്യുമ്പോൾ നേരിട്ടുള്ള നിരീക്ഷണ രീതി ഉപയോഗിക്കാവുന്നതാണ്.

a) പ്രാഥമിക – ദ്വിതീയ രേഖകളുടെ അവലോകനം (Primary and Secondary Data Review)

പി.ആർ.എ. ആരംഭിക്കുന്നതിനു മുൻപ് അതിൽ ഉൾപ്പെടുന്ന പ്രദേശത്തെക്കുറിച്ച് പശ്ചാത്തല വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. അത്തരം വിവരങ്ങൾ ശേഖരിക്കുന്നത് ആ പ്രദേശത്തിന്റെ പൊതുവായ സവിശേഷതകളും രീതികളും വിവരിക്കാൻ സഹായകരമാകും. അത്തരം വിവരങ്ങളുടെ സ്രോതസ്സ് പ്രാഥമികമോ ദ്വിതീയമോ ആകാം. നേരിട്ട് ശേഖരിച്ചതും വ്യക്തികളോടും സാഹചര്യങ്ങളോടും സംഭവങ്ങളോടും നേരിട്ട് ബന്ധമുള്ളതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളാണ് പ്രാഥമിക സ്രോതസ്സുകൾ.

പ്രാഥമിക സ്രോതസ്സിൽ പെടുന്ന രേഖകളുടെ പകർത്തെഴുത്തും ചുരുക്കെഴുത്തും, സർവ്വേ വിവരങ്ങൾ, പുസ്തകങ്ങൾ, റിപ്പോർട്ടുകൾ, പ്ലാനുകൾ, ഔദ്യോഗിക രേഖകൾ, സെൻസസ് രേഖകൾ, പദ്ധതി രേഖകൾ, ഉയരത്തിൽ നിന്ന് എടുത്ത ചിത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ലേഖനങ്ങൾ എന്നിങ്ങനെ പ്രസിദ്ധീകരിച്ചിട്ടുള്ള വസ്തുക്കളിൽ നിന്നാണ് ദ്വിതീയ സ്രോതസ്സുകൾ കണ്ടെടുക്കാൻ കഴിയുന്നത്.

b) നേരിട്ടുള്ള നിരീക്ഷണം (Direct Observation)

സഹായകൻ എന്ന രീതിയിൽ പുറമേ നിന്ന് വരുന്ന ഒരു വ്യക്തിക്ക് ഗ്രാമത്തെ നേരിട്ട് നിരീക്ഷിക്കാനും അതോടൊപ്പം അവിടെ നടക്കുന്ന പ്രവർത്തനങ്ങളുടെ പിറകിലുള്ള പരിശ്രമം, ശേഷി, അറിവ് എന്നിവ കണ്ടു മനസ്സിലാക്കി വിലമതിക്കാനും സാധിക്കുന്നു.

B) നേരിട്ട് പങ്കാളിത്തമുള്ള രീതികൾ (Methods with direct participation)

ഗ്രാമവാസികൾ നേരിട്ട് പങ്കെടുക്കുന്ന വ്യത്യസ്തമായ പി.ആർ.എ. രീതികളുണ്ട്. പി.ആർ.എ. യുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ് ചിത്രീകരണങ്ങൾ.

a. ഭാഗികമായി ചിട്ടപ്പെടുത്തിയ അഭിമുഖ സംഭാഷണങ്ങൾ (Semi Structured Interviews)

വ്യക്തിയുടെ പ്രതികരണങ്ങളെ അടിസ്ഥാനമാക്കി ഭാഗികമായോ ഏതാണ്ട് പൂർണ്ണമായോ ചിട്ടപ്പെടുത്താത്തവയാണ് ഭാഗികമായി ചിട്ടപ്പെടുത്തിയ അഭിമുഖ സംഭാഷണങ്ങൾ. വളരെ അനൗപചാരികമായ രീതിയിൽ, സ്വസ്ഥമായ ചുറ്റുപാടിൽ, ലഭിക്കുന്ന പ്രതികരണങ്ങൾക്ക് അനുസൃതമായ രീതിയിലാണ് ഇത് നടത്തുന്നത്.

പരിഗണിക്കുന്ന വിഷയത്തിൽ പുറമേ നിന്നുള്ളവർ അഭിമുഖ സംഭാഷണങ്ങൾ തുടങ്ങി വയ്ക്കുകയും അതിനെത്തുടർന്ന് ഗ്രാമവാസികൾ ചർച്ച നടത്തുന്നതുമായ രീതിയുടെ സംയോജനം ആണിത്. തുറന്ന സ്വഭാവമുള്ള, അതിരുകളില്ലാത്ത ചോദ്യങ്ങൾ ആയിരിക്കണം ഉപയോഗിക്കേണ്ടത്. മുൻകൂട്ടി തയ്യാറാക്കിയ ചില ചോദ്യങ്ങളോടെ അഭിമുഖം ആരംഭിക്കുകയും പിന്നീട് ഉത്തരങ്ങൾക്ക് അനുസരിച്ച് മുന്നോട്ടുപോവുകയും ചെയ്യുന്നു.

ഒരു ഗ്രാമത്തിലെയോ സമുദായത്തിലെയോ വിവിധ സംഘങ്ങളുമായി ഭാഗികമായി ചിട്ടപ്പെടുത്തിയ അഭിമുഖ സംഭാഷണങ്ങൾ നടത്താം.

b. ഭൂപടങ്ങളും മാതൃകകളും (Maps and Models)

പങ്കാളിത്തത്തോടുകൂടിയുള്ള ഭൂപടനിർമ്മാണം പി.ആർ.എ യിൽ സുപ്രധാനമാണ്. ഗ്രാമീണ ജീവിതത്തിന്റെ വിവിധ ഭാഗങ്ങളായ സാമൂഹ്യ പ്രശ്നങ്ങൾ, വിഭവങ്ങൾ എന്നിവയെക്കുറിച്ചൊക്കെ ഭൂപടങ്ങൾ നിർമ്മിക്കാവുന്നതാണ്. അത്തരം ഭൂപടങ്ങളിൽ ഗ്രാമത്തിലെ വീടുകൾ, കൃഷിയിടങ്ങൾ, വയലുകൾ, ജലശേഖരങ്ങൾ എന്നിവ ചിത്രീകരിക്കാൻ സാധിക്കും. പങ്കാളിത്ത ഭൂപട നിർമ്മാണത്തിലും മാതൃകകൾ രൂപപ്പെടുത്തുന്നതിനും ഗ്രാമവാസികൾ അവരുടെ പ്രദേശത്ത് ലഭ്യമായ ചോക്കുകൾ, നിറങ്ങൾ എന്നിവ ഉപയോഗിച്ച് കടലാസിലോ നിലത്തോ ഭൂപടമോ മാതൃകയോ സൃഷ്ടിക്കുന്നു.

അത്തരത്തിലൊരു ഭൂപടത്തെ പറ്റി നമുക്ക് ചർച്ച ചെയ്യാം.

വിഭവ ഭൂപടം (Resource Map)

ഒരു വിഭവ ഭൂപടത്തിൽ ഒരു ഗ്രാമത്തിന്റെ വിവിധതരത്തിലുള്ള പ്രകൃതി വിഭവങ്ങളും സൂക്ഷ്മ പരിസരങ്ങളും ചിത്രീകരിക്കാൻ സാധിക്കും. വിഭവ ഭൂപടത്തിൽ ഗ്രാമവാസികൾ അവരുടെ പ്രദേശത്തെ വിവിധതരം മണ്ണുകൾ, പുഴകൾ, കുളങ്ങൾ, വൃക്ഷങ്ങൾ, കൃഷികൾ, സൂക്ഷ്മ പരിസരങ്ങൾ, അതിനുപുറമേ അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു വിഭവ രൂപരേഖ വരയ്ക്കുന്നു. വിഭവ ഭൂപടം അടിസ്ഥാനമാക്കിക്കൊണ്ട് ഗ്രാമവാസികൾ നേരിടുന്ന പ്രശ്നങ്ങളും അതോടൊപ്പം അവസരങ്ങളും തടസ്സങ്ങളും ചർച്ച ചെയ്യാവുന്നതാണ്. നാം അടുത്തതായി ചർച്ചചെയ്യുന്ന ട്രാൻസെക്റ്റ് വാക്ക് (Transect Walk) അടിസ്ഥാനമാക്കിക്കൊണ്ട് ഇത് ചെയ്യാവുന്നതാണ്.

നിങ്ങൾക്കെങ്ങനെ ഒരു വിഭവ ഭൂപടം തയ്യാറാക്കാം?

- വിവിധ ദിക്കുകൾ അടയാളപ്പെടുത്തുക (വടക്ക്,തെക്ക്,കിഴക്ക്, പടിഞ്ഞാറ്)
- അറിയാവുന്ന വസ്തുതകളുടെ പരിശോധനരേഖ തയ്യാറാക്കുക.
- ഗ്രാമവാസികളുടെ സഹായത്തോടെ പാതകൾ, വീടുകൾ, സ്ഥാപനങ്ങൾ, ജല സ്രോതസ്സുകൾ, കൃഷി എന്നിവ അടയാളപ്പെടുത്തുക.
- സൂചകങ്ങൾ തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക.
- പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കളുപയോഗിച്ച് ചാർട്ട് പേപ്പറിലോ വെറും നിലത്തോ ഭൂപടം വരയ്ക്കുക.

C. നെടുകെ–കുറുകെ നടത്തം (Transect walk)

നെടുകെ–കുറുകെ നടത്തം എന്ന പി.ആർ.എ. രീതിയിൽ ഗ്രാമവാസികളുടെ (വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തുകയാണെങ്കിൽ നല്ലത്) കൂടെ ചിട്ടയായി ഒരു പ്രദേശത്തിലൂടെ നടക്കുകയും, ആ സമയത്ത് ശ്രദ്ധയിൽപ്പെടുന്ന ഭൂവിനിയോഗത്തിന്റെ വിവിധ ഘടകങ്ങളെപ്പറ്റിയും കാർഷിക – പരിസ്ഥിതി മേഖലകളെപ്പറ്റിയും ചർച്ച ചെയ്യുന്നു. ഗ്രാമീണ പാരിസ്ഥിതിക സാഹചര്യങ്ങൾ മനസ്സിലാക്കാൻ അനുയോജ്യമായ ഒരു രീതിയാണ് നെടുകെ-കുറുകെ നടത്തം. ഗ്രാമത്തിന്റെ ഒരു പ്രത്യേക

ഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്ക് നടന്നു പോകുക വഴി, പുറമേ നിന്നുള്ള ഒരാൾക്ക് ഗ്രാമീണ പരിസ്ഥിതിയുടെ വിവിധ ഭാഗങ്ങൾ വീക്ഷിക്കാനും ഗ്രാമവാസികളോട് മണ്ണിന്റെ അവസ്ഥകൾ, ഭൂവിനിയോഗ രീതികൾ, കൃഷികൾ, കന്നുകാലികൾ, കാർഷിക-പരിസ്ഥിതി മേഖലകൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുവാനും സാധിക്കുന്നു.

ഗ്രാമീണ മേഖലയിലെ കാർഷിക- പരിസ്ഥിതി മേഖലകളെക്കുറിച്ച് അറിവ് ലഭിക്കുക മാത്രമല്ല, അതോടൊപ്പം അവരുടെ പ്രശ്നങ്ങളെക്കുറിച്ചും അവസരങ്ങളെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കുവാനും സാധിക്കുന്നു എന്നതിലാണ് ഈ നടത്തത്തിന്റെ പ്രാധാന്യമിരിക്കുന്നത്. നിലവിൽ ലഭ്യമായ വിഭവ ഭൂപടം വിശദമായി പരിശോധിക്കുന്നതിനും ഈ രീതി ഉപയോഗിക്കാം.

d. സീസണൽ കലണ്ടർ (സീസണൽ ഡയഗ്രാമിംഗ്) (Seasonal Calendar/ Seasonal Diagramming)

ഗ്രാമീണ ജീവനോപാധികൾ പ്രാദേശിക ഋതുഭേദങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ട് നിൽക്കുന്നു. ഓരോരോ കാലത്തിനും അതിന്റേതായ പ്രശ്നങ്ങളുണ്ട്, അതുകൊണ്ട് ഉപജീവനത്തിനായി ഗ്രാമീണർക്ക് വ്യത്യസ്തമായ തന്ത്രങ്ങളും ഉണ്ട്. ഓരോ കാലത്തെയും കാലാവസ്ഥ, ഭൗതിക സാഹചര്യങ്ങളെ കാര്യമായി സ്വാധീനിക്കുകയും അത് ഗ്രാമീണ ജീവിതത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്യും. സീസണൽ കലണ്ടർ ഉപയോഗിച്ച് ഗ്രാമീണ ഉപജീവന ഉപാധികളുമായി ബന്ധപ്പെട്ട കാലാവസ്ഥ വ്യതിയാനങ്ങളും അവയ്ക്ക് ഭക്ഷണം, തൊഴിൽ, ജോലിഭാരം, രോഗങ്ങൾ എന്നിവയുമായുള്ള ബന്ധവും താരതമ്യം ചെയ്യാൻ കഴിയും.

ഇവിടെ ഗ്രാമീണർ ചോക്കുകളോ മറ്റു വസ്തുക്കളോ ഉപയോഗിച്ചു കൊണ്ട് വെറും നിലത്തോ കടലാസിലോ ഓരോ കാലത്തും ലഭിച്ച വേതനം, ഭക്ഷണ രീതി, വിലനിലവാരം, മഴ പെയ്യുന്നതിന്റെ ക്രമം, രോഗവിവരങ്ങൾ തുടങ്ങിയ വിവിധ സാമൂഹിക-സാമ്പത്തിക, ഭൗതിക പ്രതിഭാസങ്ങളുടെ ചിത്രീകരണങ്ങളും ചാർട്ടുകളും തയ്യാറാക്കുന്നു.

e. ചപ്പാത്തി അഥവാ വെൻ ചിത്രീകരണങ്ങൾ (Chappathi or Venn Diagrams)

ഗ്രാമീണ ജനങ്ങളും വ്യക്തികളും സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം പഠിക്കുവാൻ വെൻ ചിത്രീകരണങ്ങൾ സഹായകരമാണ്. ഗ്രാമീണ സമൂഹത്തിലെ ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം വെൻ ചിത്രീകരണങ്ങൾ, അവരും മറ്റ് സർക്കാർ സ്ഥാപനങ്ങളും, സന്നദ്ധ സംഘടനകളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നത് ആയിരിക്കണം.



അത്തരം ചിത്രീകരണങ്ങളിൽ വ്യത്യസ്ത വലുപ്പത്തിലുള്ള വൃത്തങ്ങൾ വ്യക്തികളെയോ സ്ഥാപനങ്ങളെയോ സൂചിപ്പിക്കുന്നു. അവയുടെ വലുപ്പം ഒരു ഗ്രാമത്തിൽ തീരുമാനങ്ങളെടുക്കുന്നതിൽ അതിനുള്ള പ്രാധാന്യത്തിന്റെ അളവാണ് കാണിക്കുന്നത്. അവ തമ്മിലുള്ള അകലവും പരസ്പര സംയോജനവും, ഗ്രാമീണരുമായുള്ള ബന്ധത്തിന്റെ ഗുണനിലവാരമാണ് സൂചിപ്പിക്കുന്നത്.

f. ചരിത്ര സമയരേഖ (Historical Timeline)

ചരിത്ര സമയ രേഖയിൽ വയോജനങ്ങൾ അവരുടെ ജീവിത ചരിത്രം വിവരിക്കുകയാണ് ചെയ്യുന്നത്. വളരെ പ്രാധാന്യമുള്ള മാറ്റങ്ങൾസംഭവിച്ച കൃത്യമായ ദിനം ഓർക്കാൻ പലപ്പോഴും പ്രയാസമായിരിക്കും. അത്തരം കാര്യങ്ങളെ ഏതെങ്കിലും പ്രധാന സംഭവങ്ങളോടോ അക്കാലത്തെ ഭരണകൂടത്തോടോ ബന്ധപ്പെടുത്തി ഓർക്കാൻ സഹായിക്കുക വഴി ആ വ്യക്തിയുടെ ജീവിതകാലത്ത് നടന്ന പ്രധാന സംഭവങ്ങളും മാറ്റങ്ങളും സംഗ്രഹിച്ചെടുക്കാൻ കഴിയും.

ചരിത്ര സമയ രേഖയുടെ സഹായത്തോടെ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

g. ദൈനംദിന ജീവിതരീതി അപഗ്രഥനം (Daily Routine Analysis)

ദൈനംദിന ജീവിതരീതി ചിത്രീകരണങ്ങളിൽ ഒരു വ്യക്തി എല്ലാ ദിവസവും ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ് കാണാൻ കഴിയുക. ഇതിൽ വിവിധ പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുന്ന സമയം മാത്രമല്ല അതിൽ ഉൾപ്പെട്ടിരിക്കുന്ന ജോലിയുടെ അളവുകൂടി വ്യക്തമാക്കി തരാൻ കഴിയും. ഉദാഹരണമായി, സ്ത്രീകൾ ഒരു ദിവസത്തിലെ വ്യത്യസ്ത സമയങ്ങൾ കുട്ടികൾക്ക് ഭക്ഷണം നൽകൽ, ആഹാരം പാചകം ചെയ്യൽ, വീട്ടുജോലികൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങളുടെ മാതൃകയിൽനിന്ന് ഒരു പൊതു മാതൃക കണ്ടെടുക്കാൻ സാധിക്കും. ഇത്തരത്തിൽ വിവിധ സംഘങ്ങളുടെ പൊതു മാതൃകകൾ താരതമ്യം ചെയ്യാൻ കഴിയും. ഇത് കുടുംബത്തിനകത്ത് വ്യക്തികളുടെ ജോലിഭാരം ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കൽ എന്നിവ മനസ്സിലാക്കാൻ സഹായിക്കും.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. പി.ആർ.എ. യുടെ മൂന്ന് ഉപാധികൾ എഴുതുക.
2. വിഭവ ഭൂപടം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?
3. സമുദായത്തെ മനസ്സിലാക്കുന്നതിൽ നെടുകെ-കുറുകെ നടത്തം എന്ന പി.ആർ.എ രീതിയുടെ പ്രാധാന്യം വ്യക്തമാക്കുക?

നിങ്ങളുടെ അയൽപക്ക ഗ്രാമത്തിൽ നെടുകെ-കുറുകെ നടത്തം എന്ന പി.ആർ.എ രീതി നടത്തി വിഭവ ഭൂപടം തയ്യാറാക്കുക.

പി. ആർ. എ.യുടെ ഉപകരണങ്ങളും തന്ത്രങ്ങളും സൂചിപ്പിക്കുന്ന ഒരു പവർ പോയിൻറ് അവതരണം തയ്യാറാക്കുക.

4.5 വിഭവ സമാഹരണം (Resource Mobilization)

ആവശ്യകത നിർണയത്തെക്കുറിച്ചും വിവിധ ഉപകരണങ്ങളും തന്ത്രങ്ങളും ഉപയോഗിച്ച് നടത്തുന്ന പങ്കാളിത്ത ഗ്രാമീണ വിശകലനങ്ങളെക്കുറിച്ചും നാം പഠിച്ചുകഴിഞ്ഞു. യഥാർത്ഥ ആവശ്യങ്ങൾ അഥവാ അനുഭൈവിക ആവശ്യങ്ങൾ വളരെയധികം കാലമായിട്ടും പരിഹരിക്കപ്പെടാതെ പോകുന്ന അവസ്ഥയുണ്ടാകരുത്. വ്യക്തിയുടെയോ സമുദായത്തിന്റെയോ ആവശ്യങ്ങൾ പരിഹരിക്കാനുള്ള ഏതു ശ്രമത്തിനും വിഭവങ്ങൾ അത്യാവശ്യമാണ്. വിഭവങ്ങൾ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

- ....



പ്രയോജനം നൽകാൻ കഴിയുന്ന ഒരു സ്രോതസ്സിനെയോ സാമഗ്രിയെയോ വിഭവം എന്നു വിളിക്കാം. അല്ലെങ്കിൽ സമൂഹത്തിൽ വ്യക്തികളുടെ ജീവിത ഗുണനിലവാരം ഉയർത്താൻ സഹായകരമായ എന്തിനെയും വിഭവം എന്നുവിളിക്കാം.

നമ്മുടെ രാജ്യത്തിന്റെ ചില വിഭവങ്ങൾ തിരിച്ചറിയാമോ?

- ....

നദികൾ, കരഭൂമി, ധാതുലവണങ്ങൾ, വനം ഇങ്ങനെ വിഭവസമൃദ്ധിയിൽ അനുഗ്രഹീതമായ രാജ്യമാണ് ഇന്ത്യ. മുകളിൽ സൂചിപ്പിച്ചവയ്ക്ക് പുറമേ ഇന്ത്യ മനുഷ്യവിഭവത്താലും സമ്പന്നമാണ്. വസ്തുക്കൾ, ഊർജ്ജം, സേവനങ്ങൾ, ജീവനക്കാർ, അറിവ്, മറ്റു വസ്തുവകകൾ എന്നിവയെല്ലാം വിഭവങ്ങളാണ്. പൊതുവിൽ, വിഭവങ്ങൾ മനുഷ്യാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നു. ചുരുക്കത്തിൽ ഈ റിസോഴ്സുകളെ മനുഷ്യൻ, വസ്തുക്കൾ, പണം, അതോടൊപ്പം സമയം എന്നിങ്ങനെ തരംതിരിക്കാം.

വിഭവങ്ങൾക്ക് മൂന്ന് മുഖ്യ സവിശേഷതകൾ ഉണ്ട്: ഉപയുക്തത, പരിമിത ലഭ്യത, ഉപയോഗിക്കാനും തീർന്നു പോകാനുമുള്ള സാധ്യത.

വിഭവങ്ങൾ പല രീതിയിൽ തരംതിരിക്കപ്പെട്ടിരിക്കുന്നു.

- ജൈവിക വിഭവങ്ങൾ/അജൈവിക വിഭവങ്ങൾ (Biotic/Abiotic)
- പുതുക്കാവുന്ന വിഭവങ്ങൾ/പുതുക്കാൻ സാധിക്കാത്ത വിഭവങ്ങൾ (Renewable/Non-renewable)

വിഭവങ്ങളെ അവയുടെ ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രീതിയിൽ തരംതിരിച്ചിരിക്കുന്നു:

- അജൈവിക വിഭവങ്ങളിൽ (Abiotic resources) ഉൾപ്പെടുന്നത് ജീവനില്ലാത്ത വസ്തുക്കളാണ്. ഉദാഹരണമായി കരഭൂമി, ജലം, വായു, ധാതുക്കൾ.
- ജൈവിക വിഭവങ്ങൾ (Biotic resources) നമ്മുടെ ജൈവ മണ്ഡലത്തിൽ നിന്ന്

ലഭിക്കുന്നവയാണ്. ഉദാഹരണമായി വനവും വനവിഭവങ്ങളും, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ മുതലായവ.

പുതുക്കൽ ശേഷിയുടെ അടിസ്ഥാനത്തിൽ വിഭവങ്ങളെ തരംതിരിച്ചിട്ടുണ്ട്.

- പുതുക്കാവുന്ന വിഭവങ്ങൾ (Renewable resources), ഉദാഹരണമായി വനങ്ങൾക്കും മത്സ്യസമ്പത്തിനും താരതമ്യേന വേഗത്തിൽ പുനരുത്പാദിപ്പിക്കാനും വീണ്ടും രൂപപ്പെട്ടുവരാനും സാധിക്കും. സൂര്യപ്രകാശം, വായു, കാറ്റ് മുതലായവ പരിമിതമായ അളവിൽ ആണെങ്കിൽ പോലും നിരന്തരമായി ലഭിക്കുന്നതിനാൽ അവയെ ശാശ്വത വിഭവങ്ങൾ (Perpetual resources) എന്നു വിളിക്കാറുണ്ട്. മനുഷ്യ ഉപഭോഗത്താൽ അവയുടെ അളവിൽ മാറ്റം വരുന്നില്ല. പല വിഭവങ്ങളും മനുഷ്യരുടെ ഉപയോഗത്തെ തുടർന്ന് തീർന്നു പോകാറുണ്ടെങ്കിലും അവ വീണ്ടും രൂപപ്പെട്ടുവരികയും അതുവഴി നിരന്തരമായി ലഭിക്കാൻ ഇടയാവുകയും ചെയ്യുന്നു.

- പുതുക്കാൻ കഴിയാത്ത വിഭവങ്ങൾ (Non-renewable resources) വലിയ ഭൂമിശാസ്ത്രപരമായ ഇടവേളകൾ കൊണ്ട് രൂപപ്പെടുന്നതാണ്. ധാതുക്കളും ജീവാശ്മകങ്ങളും (Fossils) ഈ വിഭാഗത്തിൽപ്പെടുന്നു. ഇവ ഉപയോഗിച്ച് തീർന്നു കഴിഞ്ഞാൽ അവയെ വീണ്ടും പഴയ അളവിലേക്ക് തിരിച്ചുകൊണ്ടുവരാൻ എളുപ്പമല്ല.

വിഭവങ്ങളെ കുറിച്ചും അവയുടെ വിവിധ തരങ്ങളെ പറ്റിയും നാം പഠിച്ചു കഴിഞ്ഞു. ഇനി നമുക്ക് ഈ വിഭവങ്ങൾ എങ്ങനെ സമാഹരിക്കാം എന്ന് വിശദമായി ചർച്ച ചെയ്യാം.

ഈ വാർത്ത വായിക്കൂ:

ആ വീട്ടിൽ ജോലിക്കു പോയ്ക്കൊണ്ടിരുന്ന ഒരേയൊരു വ്യക്തിയായ രവിക്ക് കഠിനമായ ഹൃദ്രോഗം ബാധിച്ചിരിക്കുന്നു. ഏകദേശം പത്തുലക്ഷം രൂപ ചിലവ് വരുന്ന അടിയന്തര ശസ്ത്രക്രിയയാണ് ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുന്നത്. ആ കുടുംബത്തിന് ഇത്രയും വലിയ തുക സ്വരൂപിക്കാൻ സാധിക്കുകയില്ല.

ഈ തുക സമാഹരിക്കുന്നതിന് വേണ്ടി രവിയുടെ കുടുംബത്തെ സഹായിക്കാൻ ചില മാർഗങ്ങൾ നിങ്ങൾക്ക് നിർദ്ദേശിക്കാമോ?

- ....

ഇത്തരം സാഹചര്യങ്ങളിൽ നാം സാധാരണയായി പണം സ്വരൂപിക്കാൻ സംഭാവനകൾ സ്വീകരിക്കുകയോ ധനസമാഹരണ പരിപാടികൾ നടത്തുകയോ ആണ് ചെയ്യാറ്. വിഭവസമാഹരണത്തിന് ഇതിനു പുറമേ വേറെ ധാരാളം മാർഗങ്ങളുണ്ട്.

വിഭവസമാഹരണം എന്നത് നിങ്ങളുടെ സ്വന്തം വാക്കുകളിൽ നിർവചിക്കാമോ?

- . . . .

ഒരു പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വിഭവങ്ങൾ കണ്ടെത്തുകയും സമാഹരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് വിഭവസമാഹരണം. കണ്ടെത്തിയ പ്രശ്നങ്ങളെ നേരിടാൻ വൈവിധ്യമാർന്ന തരത്തിലുള്ള, ലഭ്യമായ വിഭവങ്ങൾ നിരന്തരമായി കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് വിഭവസമാഹരണം.

വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ആന്തരികമോ ബാഹ്യമോ ആയ സ്രോതസ്സുകളിൽനിന്ന് സാമ്പത്തികപരമോ അല്ലാത്തതോ ആയ വിഭവങ്ങൾ സമാഹരിക്കുന്ന പ്രവർത്തനമാണ് വിഭവസമാഹരണം.

വിഭവസമാഹരണത്തിന്റെ ലക്ഷ്യങ്ങൾ (Objectives of resource mobilization)

- വികസന സംരംഭങ്ങൾ നടപ്പിലാക്കുക.
- വിഭവങ്ങളുടെ ന്യായമായ വിനിയോഗം ഉറപ്പുവരുത്തുക.
- വിഭവ വിനിയോഗത്തിൽ കാര്യക്ഷമതയും ചെലവിന് ആനുപാതികമായ മൂല്യവും ഉറപ്പുവരുത്തുക.
- വിഭവങ്ങളുടെ ഏറ്റവും മെച്ചപ്പെട്ട വിനിയോഗം ഉറപ്പുവരുത്തുക.
- വിഭവങ്ങൾ പാഴായിപ്പോകുന്നത് ഒഴിവാക്കൽ.
- സമുദായം, സംഘം, വ്യക്തി എന്നിവരുടെ ആവശ്യങ്ങൾ നടപ്പിലാക്കൽ.
- ജനകീയ പങ്കാളിത്തം പ്രോത്സാഹിപ്പിക്കൽ.
- സുതാര്യതയും ഉത്തരവാദിത്വബോധവും നിലനിർത്തൽ.

വിഭവ സമാഹരണ രീതികൾ (Methods of resource mobilization)

- **സംഭാവനകൾ:** ഉദാരമതികളിൽ നിന്ന് പണമായോ വസ്തുക്കളുടെ രൂപത്തിലോ ലഭിക്കുന്ന സംഭാവനകൾ വിഭവ സമാഹരണത്തിലെ പ്രധാന മാർഗമാണ്.
- **സ്പോൺസർഷിപ്പ്:** വ്യക്തികൾ, സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, സംഘടനകൾ മുതലായവർ ഗുണഭോക്താക്കളെ ഉദ്ദേശിച്ച് നടത്തുന്ന പരിപാടികൾക്ക് പിന്തുണ (സ്പോൺസർഷിപ്പ്) നൽകാറുണ്ട്.
- **വരിസംഖ്യ (Subscription):** സംഘടനകൾക്ക് വരിസംഖ്യയിലൂടെയും അംഗത്വ ഫീസ് ഈടാക്കിയും ധനസമാഹരണം നടത്താൻ സാധിക്കും.
- **ധനസമാഹരണം:** വായ്പ, സബ്സിഡി, ഗ്രാൻഡ് തുടങ്ങിയ രീതികളിൽ സർക്കാരുകളും സന്നദ്ധ സംഘടനകളും വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകാറുണ്ട്.

- **ധനസമാഹരണ പരിപാടികൾ:** പല സംഘടനകളും ധനസമാഹരണത്തിനായി ബെനിഫിറ്റ് പ്രദർശനങ്ങൾ, മാജിക് പ്രദർശനങ്ങൾ, ബെനഫിറ്റ് മത്സരങ്ങൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.
- **സി.എസ്.ആർ.:** വ്യവസായ സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്വ (Corporate Social Responsibility) നിബന്ധനയുടെ ഭാഗമായി വൻകിട വ്യവസായ സംരംഭങ്ങൾ സർക്കാരേതര സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ഫണ്ട് നൽകാറുണ്ട്.
- **സോഷ്യൽ മാർക്കറ്റിംഗ്:** സംഘടിത പ്രചാരണത്തിലൂടെയും, പ്രചാരവേലയിലൂടെയും താഴെത്തട്ടിൽ നിന്ന് ജനപിന്തുണയും വിഭവങ്ങളും സമാഹരിക്കാനുള്ള തന്ത്രമാണിത്. പൾസ് പോളിയോ പ്രതിരോധ പരിപാടി, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണം എന്നിവയ്ക്ക് ആളുകളെ സംഘടിപ്പിക്കുന്നത് സോഷ്യൽ മാർക്കറ്റിംഗ് വഴിയാണ്.

വിഭവസമാഹരണം എന്നത് സാമൂഹ്യ പ്രവർത്തകന് ഒഴിച്ചുകൂടാൻ കഴിയാത്ത ശേഷിയാണ്. വിഭവ സമാഹരണ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ശരിയായ ആസൂത്രണവും നടപ്പിലാക്കൽ തന്ത്രവും അനിവാര്യമാണ്.

4.6 പ്രോജക്ട് ആസൂത്രണം (Project Planning)



വിദ്യാലയത്തിലെ വാർഷിക ആഘോഷങ്ങൾക്കിടയിൽ പഞ്ചായത്ത് പ്രസിഡന്റ് വിദ്യാലയത്തിന് സമീപത്തുള്ള വെള്ളിമല ആദിവാസി കോളനിയിൽ നിന്നുള്ള വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നതിനെ കുറിച്ച് സൂചിപ്പിച്ചു. പരിസരത്തുള്ള മറ്റു വിദ്യാലയങ്ങളിൽ നിന്നും ഈ കോളനിയിൽ നിന്നുള്ള വിദ്യാർത്ഥികൾ പതിവായി ക്ലാസ്സിൽ ഹാജരാകാത്തതിനെക്കുറിച്ചും സ്കൂളിൽ പോകാൻ മടിക്കുന്നതിനെക്കുറിച്ചും പരാതികൾ ലഭിക്കുന്നുണ്ട്. അവിടുത്തെ കുട്ടികൾ ലഹരിമരുന്നിന് അടിമകളാകുന്നതിനെക്കുറിച്ചും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഘങ്ങളിൽ അംഗങ്ങൾ ആകുന്നതിനെ പറ്റിയും നിരവധി പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ട്. ഈ വിഷയം സൂക്ഷ്മമായി പരിശോധിച്ചപ്പോൾ അവിടുത്തെ മിക്ക കുടുംബങ്ങളിലെയും രക്ഷിതാക്കൾ രാവിലെ 7 മണി മുതൽ വൈകുന്നേരം 8 മണിവരെ ജോലിചെയ്യുന്നവരാണ് എന്ന് മനസ്സിലാക്കാൻ സാധിച്ചു. അതിനും പുറമേ ഏഴാം ക്ലാസ് കഴിയുമ്പോഴാണ് കുട്ടികൾ പഠനം ഉപേക്ഷിക്കുന്നത് എന്നും മനസ്സിലാക്കാൻ സാധിച്ചു. അവിടെ പഠിക്കാൻ താല്പര്യം ഉള്ള കുട്ടികളുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽതന്നെയും, അവർക്ക് സാമ്പത്തികമായും കുടുംബപരമായും പിന്തുണ ഇല്ലാത്തത് കാരണം തുടർന്ന് പഠിക്കാൻ സാധിക്കുന്നില്ല.

ഈ പ്രശ്നം നിങ്ങളുടെ ക്ലാസിന്റെ ശ്രദ്ധയിൽ വരികയാണെങ്കിൽ അതിനോട് എങ്ങനെ പ്രതികരിക്കും? വിദ്യാലയങ്ങളിൽ നിന്ന് കുട്ടികൾ കൊഴിഞ്ഞു പോകുന്നത് തടയാൻ സഹായിക്കുന്ന ഒരു പദ്ധതി തയ്യാറാക്കുന്നതിനെ പറ്റി ആലോചിക്കാമോ?

എന്താണ് പ്രോജക്ട് (Project)?

- ....

ആർ.എൻ. ശർമയുടെയും ആർ.കെ. വർമ്മയുടെയും അഭിപ്രായത്തിൽ, "ഏതൊരു വികസന പ്രവർത്തനവും നടത്താൻ ആവശ്യമായ ഏറ്റവും ചെറിയ സാമ്പത്തിക പ്രവർത്തനമാണ് പ്രോജക്ട്".

സോളമൻ മോറിസ് പ്രോജക്റ്റിനെ നിർവചിക്കുന്നത് "പ്രത്യേകമായി ആസൂത്രണം ചെയ്യുകയും അപഗ്രഥിക്കുകയും ഭരണപരമായി നടപ്പിലാക്കാൻ കഴിയുകയും ചെയ്യുന്ന ഏറ്റവും ചെറിയ പ്രവർത്തനം" എന്നാണ്.

ചുരുക്കത്തിൽ, എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ചുള്ള നിർദ്ദേശമാണ് പ്രോജക്ട്. ഒരു പ്രോജക്ടിന് പരസ്പരബന്ധിതമായ പ്രവർത്തനങ്ങൾ അഥവാ ഘടകങ്ങൾ ഉണ്ട്. പൂർത്തിയാക്കേണ്ടതായ പ്രവർത്തനമോ തിരിച്ചറിയപ്പെട്ട ഉത്തരവാദിത്വമോ ആണ് ഒരു പ്രോജക്ട് പ്രവർത്തനം. കൃത്യമായ സമയപരിധിക്കുള്ളിൽ, നൽകപ്പെട്ട ബജറ്റിന് ഉള്ളിൽ നിന്നുകൊണ്ട് പ്രത്യേകമായ ഒരു ലക്ഷ്യമോ ഒരു കൂട്ടം ലക്ഷ്യങ്ങളോ നേടിയെടുക്കാൻ സാധിക്കുന്ന വിധത്തിലാണ് ഒരു പ്രോജക്ടിലെ ഓരോ പ്രവർത്തനവും രൂപപ്പെടുത്തിയിരിക്കുന്നത്. എല്ലാ പ്രോജക്ടിനു വിശദമായ ആസൂത്രണം ഉണ്ടായിരിക്കണം.

ഒരു പ്രോജക്ട് ആസൂത്രണം ചെയ്യുമ്പോൾ വിവിധ കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്. പ്രോജക്ട് സ്വഭാവം, നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ, പ്രോജക്ട് പ്രായോഗികത, വിഭവ ലഭ്യത, സമയപരിധി എന്നിവ അതിലുൾപ്പെടുന്നു. പ്രോജക്ട് ആസൂത്രണത്തിലെ ഒരു പ്രധാന ഘടകവും വെല്ലുവിളിയുമാണ് ആവശ്യമായ വിഭവങ്ങൾ സംഘടിപ്പിക്കുക എന്നത്. വികസന പ്രവർത്തനങ്ങൾക്കായി വിഭവങ്ങൾ സമാഹരിക്കുകയും അവ ഫലപ്രദമായി ഉപയോഗിക്കുകയും വേണം.

ഒരു പ്രോജക്ടിന്റെ – സവിശേഷതകൾ

നടപ്പിലാക്കപ്പെടുന്ന ഏതൊരു പ്രോജക്ടിനും താഴെപ്പറയുന്ന സവിശേഷതകൾ ഉണ്ടായിരിക്കും:

- നിശ്ചയിക്കപ്പെട്ട ഒരു കൂട്ടം ലക്ഷ്യങ്ങൾ-എന്താണ് ചെയ്യേണ്ടത്, എങ്ങനെയാണ് അത് ചെയ്യേണ്ടത്, എന്തുകൊണ്ട് അത് ചെയ്യണം.
- കണ്ടെത്താനും, രൂപകൽപ്പന ചെയ്യാനും, നടപ്പിലാക്കാനും മേൽനോട്ടം വഹിക്കാനും മൂല്യനിർണയം നടത്താനും പ്രത്യേകമായ ഒരു രീതിശാസ്ത്രം.
- പരസ്പരബന്ധിതമായ പ്രോജക്ട് പ്രവർത്തനങ്ങൾ അഥവാ നടപടികൾ.
- സമയപരിധി
- പ്രത്യേക ഉത്തരവാദിത്വങ്ങളും മനുഷ്യ ശേഷിയും ഉള്ള ഒരു സംഘടന.
- പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് പരമാവധി നേട്ടങ്ങൾ.
- ഒരു പ്രത്യേക പ്രദേശത്ത് മാത്രം പ്രവർത്തനം.

ഇനി നമുക്ക് എങ്ങനെയാണ് ലളിതമായ ഒരു പ്രോജക്ട് തയ്യാറാക്കുക എന്ന് നോക്കാം. ഇതിനായി നമുക്ക് പ്രോജക്ട് ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങൾ പഠിക്കേണ്ടതുണ്ട്.

നേടാൻ ഒരുപാട് ലക്ഷ്യങ്ങൾ ഉണ്ടായിരിക്കുകയും അതിനായി വിനിയോഗിക്കാൻ പണം, വസ്തുവകകൾ, സമയം എന്നിങ്ങനെയുള്ള വിഭവങ്ങൾ പരിമിതം ആയിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആസൂത്രണം ചെയ്യൽ അനിവാര്യമാകുന്നു. ആസൂത്രണത്തിൽ നാം ഭാവിയിലേക്ക് നോക്കുകയും ഇന്നത്തെ സംഭവങ്ങളെയും നാളത്തെ സാധ്യതകളെയും ബന്ധപ്പെടുത്തുകയും ആണ് ചെയ്യുന്നത്. ആസൂത്രണത്തിൽ, ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് പദ്ധതി ആശയങ്ങൾ, പ്രശ്നങ്ങൾ എന്നിവ തീരുമാനിക്കൽ, സാധ്യമായ പരിഹാരങ്ങൾ അന്വേഷിക്കൽ, വിജയസാധ്യതയുള്ള പരിഹാരമാർഗ്ഗം തിരഞ്ഞെടുക്കൽ, അതിനെത്തുടർന്ന് ഏറ്റെടുത്ത പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കൽ, മൂല്യനിർണയം നടത്തൽ എന്നിവ നടക്കുന്നു.

പ്രോജക്ട് ആസൂത്രണ പ്രക്രിയ



വ്യത്യസ്തമായ നടപടികൾ ഒരു പ്രത്യേക ശ്രേണിയിൽ ക്രമീകരിച്ചിരിക്കുന്ന പ്രോജക്ട് ആസൂത്രണത്തെ ചാക്രിക രൂപത്തിൽ സങ്കൽപിക്കാൻ കഴിയും.

a. പ്രോജക്ട് രൂപകൽപന (Project Design)

ഒരു ഭൂപ്രദേശത്ത് ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ, കഴിവുകൾ, ആവശ്യങ്ങൾ എന്നിവയിൽ നിന്നാണ് പ്രോജക്ടിനായുള്ള ആശയങ്ങൾ രൂപപ്പെടുന്നത്. വികസനവുമായി യോജിച്ചു നിൽക്കുന്ന, ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു പ്രോജക്ട് ആണ്, പ്രോജക്ട് രൂപകൽപ്പനയ്ക്കായി പരിഗണിക്കേണ്ടത്.

b. പ്രോജക്ട് തയ്യാറാക്കൽ (Project Preparation)

ഒരു പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ പ്രദേശത്ത് വിഭവങ്ങളുടെ ലഭ്യതയും സേവനങ്ങളും ലഭ്യമാണോ എന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. കൂടാതെ, പ്രോജക്ടിലെ വിവിധ പ്രവർത്തനങ്ങൾ തമ്മിൽ ബന്ധം സ്ഥാപിക്കേണ്ടതുണ്ട്.

c. പ്രോജക്ട് വിലയിരുത്തൽ (Project Appraisal)

ഒരു പ്രോജക്ടിന് സാമൂഹികമായ പ്രായോഗികതയും സാമ്പത്തികമായ വിജയസാധ്യതയും ഉണ്ടോയെന്ന് പഠിക്കേണ്ടത് അത്യാവശ്യമാണ്. ചെലവിന് ആനുപാതികമായ മൂല്യം ഉള്ളതാണ് പ്രോജക്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആ വിധത്തിൽ മാത്രമേ സമൂഹത്തിൽ അതിന്റെ മൂല്യം ന്യായീകരിക്കാൻ സാധിക്കൂ.

d. പ്രോജക്ട് നടപ്പിലാക്കൽ (Project Implementation)

ഒരു പ്രോജക്ട് ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ അതിന് വിശദമായ നടപ്പിലാക്കൽ പദ്ധതി ആവശ്യമുണ്ട്. ഓരോ പ്രവർത്തനത്തിനും, ആവശ്യമായത്ര വിഭവങ്ങളും സമയവും നീക്കിവെക്കണം. ശരിയായ, ഫലപ്രദമായ നിയന്ത്രണവും മേൽനോട്ടവും പ്രോജക്ടിന് ഉണ്ട് എന്ന് നടപ്പിലാക്കൽ ആസൂത്രണം ഉറപ്പുവരുത്തുന്നു.

e. പ്രോജക്ട് നിയന്ത്രണവും മേൽനോട്ടവും (Project Control and Monitoring)

ആസൂത്രണ പ്രക്രിയയെ പുഷ്ടിപ്പെടുത്തുന്നതാണ് നിയന്ത്രണവും മേൽനോട്ടവും. തുടക്കത്തിലുണ്ടായിരുന്ന പദ്ധതിയിൽ, പ്രതീക്ഷിച്ച നേട്ടങ്ങളും യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും കൃത്യമായ ഇടവേളകളിൽ താരതമ്യം ചെയ്യുന്നതാണ് നിയന്ത്രണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പ്രോജക്ടിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുന്ന നിരീക്ഷണ-നിയന്ത്രണ സംവിധാനങ്ങളെ മേൽനോട്ടം ശക്തിപ്പെടുത്തും. പ്രോജക്ടിലെ ഓരോ പ്രവർത്തനത്തിനും പുരോഗതി ഉണ്ടാകുന്നുണ്ടോ എന്ന് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും, മുൻനിശ്ചയിച്ച പുരോഗതിയിൽ നിന്ന് ഏതെങ്കിലും സമയത്ത് വ്യതിയാനം സംഭവിച്ചാൽ അത് ശ്രദ്ധിക്കുകയും തിരുത്തുകയും വേണം.

f. പ്രോജക്ട് മൂല്യനിർണയം (Project Evaluation)

പൊതു ജനങ്ങളോടുള്ള ഉത്തരവാദിത്വം, ഭാവി ആസൂത്രണം, തീരുമാനങ്ങൾ എടുക്കൽ എന്നീ ലക്ഷ്യങ്ങൾക്കായി മൂല്യനിർണയം അത്യാവശ്യമാണ്. ഒരു പ്രോജക്ടിന്റെ കാലചക്രവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ആസൂത്രണം , നടപ്പിലാക്കൽ, മേൽനോട്ടം, പുനരവലോകനം, എന്നീ പ്രക്രിയകളിൽ നിന്ന് വേർതിരിക്കാൻ കഴിയാത്ത ഉപകരണമാണ് മൂല്യനിർണയം.

g. പ്രോജക്ട് നിർദ്ദേശം (Project Proposal)

പ്രോജക്ട് നിർദേശം തയ്യാറാക്കുന്നത് ഒരു കലയും ശാസ്ത്രവുമാണ്. സവിശേഷ വസ്തുതകളെക്കുറിച്ചുള്ള–ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, വിഭവങ്ങൾ, സമയക്രമം

മുതലായവയെക്കുറിച്ചുള്ള വിശദീകരണം ആവശ്യമുള്ള പ്രവർത്തനമാണിത്. ഒരു പ്രോജക്ട് നിർദ്ദേശത്തിന്റെ വിവിധ തലങ്ങൾ താഴെ നൽകിയിരിക്കുന്നു:

a. **മുഖവുര:** ഒരു പ്രോജക്ടിന് സംബന്ധിച്ച അത്യാവശ്യ വിവരങ്ങൾ- ഈ പ്രോജക്ട് എന്തിനെക്കുറിച്ചാണ്, അതായത് പ്രശ്നങ്ങൾ അല്ലെങ്കിൽ കുഴപ്പങ്ങൾ, സ്ഥലം, നിലവിലുള്ള സാഹചര്യം- മുതലായവ.

b. **സാഹചര്യ അപഗ്രഥനം:** ഇവിടെ നാം നിലവിലുള്ള സാഹചര്യത്തെ അപഗ്രഥിക്കുകയാണ്. ഇതിനായി നമുക്ക് പി.ഇ.എസ്.ടി.എൽ.ഇ.(PESTLE) അപഗ്രഥനം ചട്ടക്കൂട് ഉപയോഗിക്കാവുന്നതാണ്.

പി.ഇ.എസ്.ടി.എൽ.ഇ (PESTLE) ചട്ടക്കൂട്

P - പൊളിറ്റിക്കൽ (രാഷ്ട്രീയ സന്ദർഭം)

E - ഇക്കണോമിക് (പ്രദേശത്തിന്റെ സാമ്പത്തിക സാഹചര്യം)

S - സോഷ്യൽ (പ്രദേശത്തിന്റെ സാമൂഹിക സാഹചര്യം ചർച്ച ചെയ്യുക)

T - പ്രശ്നവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യാപരമായ ഘടകങ്ങൾ

L - നിയമപരമായ സാഹചര്യം

E - വിദ്യാഭ്യാസപരവും പരിസ്ഥിതിപരവുമായ കാര്യങ്ങൾ

c. **പ്രോജക്ട് ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും (Project Goals and Objectives):** ഒരു പ്രത്യേക പ്രോജക്ട് നേടിയെടുക്കേണ്ടതായ ഫലത്തെ കുറിച്ചുള്ള പ്രസ്താവന യാണ് പ്രോജക്ട് ലക്ഷ്യം. ഒരു പ്രത്യേക സമയപരിധിക്കുള്ളിൽ നേടിയെടുക്കേണ്ട പ്രത്യേക ലക്ഷ്യങ്ങളാണ് പ്രോജക്ട് ഉദ്ദേശ്യങ്ങൾ.

പ്രോജക്ട് ലക്ഷ്യങ്ങൾ SMART (സ്മാർട്ട്) ആയിരിക്കണം

S - വ്യക്തമായത് (Specific)

M- അളക്കാവുന്നത് (Measurable)

A - നേടിയെടുക്കാവുന്നത്/പരസ്പര സമ്മതമുള്ളത് (Achievable/Agreed upon)

R - യാഥാർത്ഥ്യബോധമുള്ളത് (Realistic)

T - സമയബന്ധിതമായത് (Time bound)

d. **പ്രവർത്തന പദ്ധതി (Activity Plan):** ലക്ഷ്യങ്ങൾ രൂപീകരിച്ചു കഴിഞ്ഞാൽ പ്രോജക്ട് തയ്യാറാക്കുന്നതിന്റെ അടുത്ത ഘട്ടം പ്രവർത്തന പദ്ധതി തയ്യാറാക്കലാണ്.

i) പ്രവർത്തനങ്ങൾ പുനർനിർവ്വചിക്കൽ

ii) പ്രവർത്തനങ്ങളെ അനുക്രമമായി ക്രമീകരിക്കൽ

iii) ഓരോ പ്രവർത്തനത്തിനും വേണ്ട സമയം കണക്കാക്കൽ

iv) ഓരോ പ്രവർത്തനത്തിനും വേണ്ട ചെലവ് കണക്കാക്കൽ

e. **വരവ് ചെലവ് കണക്കുകൾ (Budgeting):** പ്രോജക്ടിന്റെ ഓരോ ഘട്ടത്തിലും വരാവുന്ന ചെലവുകൾ മുൻകൂട്ടി കാണുന്നതാണ് ബജറ്റിംഗ് എന്നതുകൊണ്ട്

ഉദ്ദേശിക്കുന്നത്. ഇതിൽ ഉൾപ്പെടുന്നത്:

i) ചെലവ് ആസൂത്രണം: പ്രവർത്തന ചെലവ്, ഭരണനിർവഹണ ചെലവുകൾ, വ്യക്തിപരമായ ചെലവുകൾ തുടങ്ങി ആവർത്തിക്കുന്നതും ആവർത്തിക്കാത്തതുമായ ചെലവുകൾ.

ii) സാമ്പത്തിക ആസൂത്രണം: പ്രോജക്ട് വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ.

സാമൂഹ്യ വരവ്-ചെലവ് വിശകലനം
(Social Cost Benefit Analysis, SCBA)

വികസനത്തിനായി പ്രവർത്തിക്കുന്ന ഒരു സംഘടന പാവപ്പെട്ടവരുടെയും അധഃകൃതരുടെയും താൽപ്പര്യങ്ങളിൽ പ്രത്യേക പരിഗണന നൽകും.എസ് സി ബി എ വിവിധ ലക്ഷ്യ സംഘങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിക്ക് പ്രോജക്ട് എന്ത് സംഭാവനയാണ് നൽകുക എന്നത് വിലയിരുത്തുന്നു. എസ്.സി.ബി.എ. ചെലവിന്റെയും പ്രയോജനങ്ങളുടെയും മൂല്യം കണക്കാക്കുന്നു.

f. മേൽനോട്ടം (Monitoring):

മേൽനോട്ടം എന്നത് വിവരങ്ങൾ ശേഖരിക്കൽ, പുരോഗതി വിലയിരുത്തൽ, പ്രശ്നങ്ങൾ തിരിച്ചറിയലും അപഗ്രഥിക്കലും, യോജിച്ച പ്രവർത്തനങ്ങൾക്കായുള്ള തീരുമാനങ്ങൾ എടുക്കൽ, തെറ്റുതിരുത്തൽ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, പിന്തുടരൽ എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന ഒരു ശാസ്ത്രീയ പ്രക്രിയയാണ്. താഴെ കൊടുത്തിരിക്കുന്ന മേൽനോട്ട ചക്രം നിരീക്ഷിക്കുക.



g. മൂല്യനിർണയം (Evaluation):

ഒരു പ്രോജക്ട് അത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന സമയത്തും അതിനുശേഷവും പല സമയങ്ങളിലായി മൂല്യനിർണയത്തിന് വിധേയമാകുന്നു. മൂല്യനിർണയം, പ്രോജക്ട് നടന്നു കൊണ്ടിരിക്കുന്നതിന് സമാന്തരമായോ (Concurrent Evaluation), പ്രോജക്റ്റ് അവസാനത്തിലോ (Terminal Evaluation) ആന്തരികമായോ (Internal Evaluation) ബാഹ്യമായോ (External Evaluation) ചെയ്യാവുന്നതാണ്.

വെള്ളിമല ആദിവാസി ഗ്രാമത്തിൽ ഒരു മൾട്ടി ഗ്രേഡ് ഏക അധ്യാപക വിദ്യാലയം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നിർദേശം

മുഖവുര

ഏതൊരു സമുദായത്തിന്റെയും വികാസവും വളർച്ചയും തീരുമാനിക്കുന്നതിൽ വിദ്യാഭ്യാസം പരമപ്രധാനമാണ്. അത് സാമൂഹ്യ മാറ്റമുണ്ടാക്കുകയും വ്യക്തിപരമായ വളർച്ച ശക്തിപ്പെടുത്തുകയും ചെയ്യുന്നു. മിക്കവാറും ഗോത്ര വിഭാഗക്കാർ താമസിക്കുന്ന വെള്ളിമലയിൽ നിന്ന് കുട്ടികൾക്ക് ഒരുപാട് ദൂരം സഞ്ചരിച്ചാൽ മാത്രമേ നഗരത്തിലുള്ള വിദ്യാലയത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഗോത്ര സമുദായത്തിൽ നിന്നുള്ള ഈ കുട്ടികൾ വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിൽ ആവുകയും പതിവായി സ്കൂളിൽ വരാതിരിക്കുകയും സമൂഹ്യവിരുദ്ധരായ സംഘങ്ങളുടെ സ്വാധീനത്തിൽ ആവുകയും ചെയ്യുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ അവരുടെ ഗ്രാമത്തിൽ തന്നെ പഠനസൗകര്യങ്ങൾ ഒരുക്കുന്നത് നന്നായിരിക്കും.

ഉദ്ദേശ്യങ്ങൾ

- വെള്ളിമല ആദിവാസി ഗ്രാമത്തിൽ ഒരു മൾട്ടി ഗ്രേഡ് ഏകാധ്യാപക വിദ്യാലയം നിർമ്മിക്കുകയും നടത്തിക്കൊണ്ടു പോവുകയും ചെയ്യുക.
- പരമാവധി ആറു മുതൽ 14 വയസ്സു വരെ പ്രായമുള്ള 40 കുട്ടികളെ വിദ്യാലയത്തിൽ ചേർക്കുക.
- ഒരു മുഴുവൻ സമയ അധ്യാപികയുടെയും ഒരു സഹായിയുടെയും സേവനം ഉറപ്പാക്കുക.
- വിദ്യാർത്ഥികൾക്ക് പോഷകസമൃദ്ധമായ ആഹാരം നൽകുക.

പ്രവർത്തന ആസൂത്രണം

A. രണ്ടുമാസത്തിനുള്ളിൽ ഏറ്റവും കുറഞ്ഞത് 30 സെൻറ് ഭൂമി വിദ്യാലയം നിർമ്മിക്കുന്നതിനായി കണ്ടെത്തുക.

B. ഒരു ക്ലാസ്സ് മുറി, അടുക്കള, കക്കൂസ് എന്നിവ ഉൾപ്പെടുന്ന 900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടം എട്ട് മാസത്തിനുള്ളിൽ നിർമ്മിക്കുക.

C. ഒമ്പത് മാസത്തിനുള്ളിൽ മേശകളും ബെഞ്ചുകളും ഉള്ള ക്ലാസ് റൂം സജ്ജമാക്കുക.

D. പത്ത് മാസത്തിനുള്ളിൽ പലചരക്കുകൾ, പഠനവസ്തുക്കൾ, മറ്റുപകരണങ്ങൾ എന്നിവ വാങ്ങുക.

E. ഒരു അധ്യാപികയെയും സഹായിയെയും പത്തു മാസത്തിനുള്ളിൽ നിയമിക്കുക.

ബജറ്റ്

നമ്പർ	വിശദാംശങ്ങൾ	വരവ്	ചെലവ്	
			ആവർത്തിക്കാത്ത ചെലവ്	ആവർത്തന ചെലവ്
1	10,000 രൂപ നിരക്കിൽ 30 സെന്റ് ഭൂമിയുടെ വില.		300000	
2	നിർമാണ ചെലവ് (900 x 1400)		1260000	
3	ഫർണിച്ചർ (ബെഞ്ച്, മേശ, ഡെസ്ക്)		100000	
4	അടുക്കള ഉപകരണങ്ങൾ		20000	
5	ശമ്പളം a) അധ്യാപിക @ 10,000 x 12 b) സഹായി @ 6,000 x 12			 120000 72000
6	പഠനോപകരണങ്ങൾ വാങ്ങൽ			15000
7	പലവക			13000
8	സന്നദ്ധ സംഘടനകളുടെ സംഭാവന	600000		
9	ഗ്രാമപഞ്ചായത്തിന്റെ സംഭാവന	600000		
10	സർക്കാർ ഇതര സംഘടനകളുടെ സംഭാവനകൾ	300000		
11	സ്പോൺസർഷിപ്പിലൂടെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുക	400000		
	ആകെ	**1900000**	**1680000**	**220000**

പ്രോജക്ട് പൂർത്തിയാവാൻ 19,00,000 രൂപ ആവശ്യമുണ്ട്. ഈ തുക വിവിധ സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കാം എന്ന് പ്രതീക്ഷിക്കുന്നു.

പ്രോജക്ട് നടപ്പിലാക്കൽ

ഈ പ്രോജക്ട് നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വാർഡ്അംഗം, സമുദായത്തിൽ നിന്നുള്ള മൂന്ന് പ്രതിനിധികൾ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ചെയർമാൻ, സർക്കാർ ഇതര സംഘടനയുടെ പ്രതിനിധിയായ സാമൂഹ്യപ്രവർത്തകൻ എന്നിവരടങ്ങിയ ഏഴംഗ ഭരണസമിതി ആയിരിക്കും. അവർ മൂന്നു മാസത്തിലൊരിക്കലെങ്കിലും കൃത്യമായി യോഗം ചേർന്ന് ജീവനക്കാരെ നിയമിക്കൽ, വിദ്യാലയ നടത്തിപ്പ്, മറ്റു പരിപാടികൾ എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കും.

വിലയിരുത്തലുകൾ

പ്രോജക്ട് ഉദ്ദേശ്യങ്ങൾ ഫലപ്രദമായി നേടിയെടുക്കാൻ ഭരണസമിതി കൃത്യമായ ഇടവേളകളിലും വർഷാവസാനത്തിലും മൂല്യനിർണയങ്ങൾ നടത്തും. ആവശ്യമായ തെറ്റുതിരുത്തലുകൾ നടത്തും.

സംക്ഷിപ്തം

ഈ പാഠഭാഗത്തിൽ നാം വികസനം, അതിന്റെ മാനങ്ങൾ, സമീപനങ്ങൾ എന്നിവയെ കുറിച്ച് ചർച്ച ചെയ്തു. സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രതിഫലിക്കുന്ന ജനങ്ങളുടെ ജീവിത ഗുണനിലവാരത്തെ ആണ് പൊതുവിൽ വികസനം എന്ന് വിളിക്കുന്നത്.

വികസനത്തെപ്പറ്റി ചർച്ചചെയ്യാൻ ധാരാളം സമീപനങ്ങളും മാതൃകകളും ഉപയോഗിച്ചു വരുന്നുണ്ട് എന്ന് നമുക്ക് കാണാൻ കഴിയും. അവയിൽ ചിലത് ഇപ്പോൾ വലിയ പ്രാധാന്യമില്ലാത്തവ ആണെങ്കിൽ പോലും പങ്കാളിത്ത വികസനം, അവകാശ അധിഷ്ഠിത സമീപനം, സുസ്ഥിരവികസനം മുതലായവ എല്ലാ കാലത്തേക്കും അനുയോജ്യമാണ്.

ഏത് വികസന പ്രവർത്തനത്തിനും നാം പി.ആർ.എ. പോലുള്ള മാർഗങ്ങളിലൂടെ ആവശ്യങ്ങൾ വിലയിരുത്തുകയും, വിവിധ വിഭവസമാഹരണ തന്ത്രങ്ങളിലൂടെ ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുകയും വേണം. പ്രോജക്ടുകൾ തയ്യാറാക്കുകയും ഫലപ്രദമായി അവയ്ക്ക് മേൽനോട്ടം വഹിക്കുകയും വേണം.

സമൂഹത്തിന് അവയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സഹായിക്കാൻ സാമൂഹ്യ പ്രവർത്തകർക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും. സാമൂഹ്യ പ്രവർത്തകർക്ക് ജനങ്ങളിൽ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധം ഉണ്ടാക്കാനും, തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ പങ്കാളിയാവാൻ വേണ്ടി പ്രോത്സാഹിപ്പിക്കാനും, വികസന പദ്ധതികൾ തുടങ്ങാൻ മുൻകൈ എടുക്കാനും സാധിക്കും.

വിഭവസമാഹരണം, ആവശ്യകത അവലോകനം, പ്രോജക്ട് തയ്യാറാക്കൽ, പ്രോജക്ട് നടപ്പിലാക്കൽ എന്നീ കാര്യങ്ങളിൽ സാമൂഹ്യ പ്രവർത്തകന് ഉള്ള നൈപുണി ഉപയോഗപ്പെടുത്തിക്കൊണ്ട് മുകളിൽ നിന്ന് താഴേക്ക് എന്നതിനുപകരം താഴെ നിന്ന് മുകളിലേക്ക് എന്ന് വികസന സമീപനം നടപ്പിലാക്കുവാൻ സാധിക്കും.

വിലയിരുത്തൽ ചോദ്യങ്ങൾ

1. വികസനത്തെ നിർവചിക്കുക.
2. "സുസ്ഥിര വികസനമാണ് കാലഘട്ടത്തിന്റെ ആവശ്യം", ചർച്ച ചെയ്യുക.
3. ഏതെങ്കിലും നാല് വികസന സമീപനങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.
4. നമ്മുടെ രാജ്യത്തെ ഏതെങ്കിലും രണ്ട് കമ്മ്യൂണിറ്റി വികസന പദ്ധതികളെ കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.
5. വിളകളുടെ വളർച്ച, ജലത്തിന്റെ അഭാവം, തുടങ്ങിയവയിലൂടെ കാലാവസ്ഥാപരമായ വ്യത്യാസങ്ങൾ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്ന പി.ആർ.എ. രീതിയാണ് .... (1. ട്രാൻസെക്റ്റ് വാക്ക്) 2. സീസണൽ കലണ്ടർ 3. വിഭവ ഭൂപടം 4. ചരിത്ര സമയരേഖ).

6. പി.ആർ.എ.യെ നിർവചിക്കുക. പി.ആർ.എ.യുടെ വിവിധ ഉപകരണങ്ങൾ തിരിച്ചറിയുകയും വിവരിക്കുകയും ചെയ്യുക.
7. നിങ്ങളുടെ ഗ്രാമത്തിന്റെ ഒരു സാമുഹിക ഭൂപടം തയ്യാറാക്കുകയും അവിടെ വികസനത്തിനായുള്ള അവസരങ്ങൾ കണ്ടെത്തുകയും ചെയ്യുക.
8. നിങ്ങളുടെ സ്കുളും അതുമായി ബന്ധമുള്ള സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ഒരു വെൻ ചിത്രത്തിന്റെ സഹായത്തോടെ വിലയിരുത്തുക.
9. ദൈനംദിന ജീവിതരീതി അപഗ്രഥനത്തിന്റെ (ഡെയിലി റുട്ടീൻ അനാലിസിസ്) സഹായത്തോടെ നിങ്ങളുടെ സമയ വിനിയോഗത്തെ അപഗ്രഥിക്കുക.
10. പി.ആർ.എ. യുടെ 5 ഉപകരണങ്ങൾ എഴുതുകയും അവ വിശദീകരിക്കുകയും ചെയ്യുക.
11. പ്രോജക്ട് ആസുത്രണം നിർവചിക്കുകയും ഒരു പ്രോജക്ട് രൂപീകരിക്കുന്നതിന്റെ പടവുകൾ വ്യക്തമാക്കുകയും ചെയ്യുക.
12. നിങ്ങൾ അംഗമായിരിക്കുന്ന സർക്കാരേതര സംഘടന ഭിന്നശേഷിക്കാർക്കായി ഒരു വിദ്യാലയം നിർമ്മിക്കാൻ ആലോചിക്കുകയാണെങ്കിൽ അതിനുവേണ്ടിയുള്ള വിഭവങ്ങൾ നിങ്ങൾ എങ്ങനെ കണ്ടെത്തും?
13. പ്രോജക്ട് ചക്രത്തിലെ ഘടകങ്ങൾ കണ്ടെത്തുക.

5

ആരോഗ്യം

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്

- ആരോഗ്യത്തിനെ നിർണയിക്കുന്ന ഘടകങ്ങളും മാനങ്ങളും സൂചകങ്ങളും തിരിച്ചറിഞ്ഞ് ആരോഗ്യമെന്ന ആശയത്തെ വിശകലനം ചെയ്യുന്നു.
- രോഗം എന്ന ആശയത്തെ വിവരിക്കുകയും വർഗീകരിക്കുകയും ചെയ്യുന്നു.
- സുസ്ഥിതി (Wellness) എന്ന ആശയത്തെ വിവേചിച്ചറിയുന്നു.
- മാനസികാരോഗ്യം എന്തെന്ന് വിശദീകരിക്കുകയും പൊതുവായ മാനസിക തകരാറുകളെക്കുറിച്ച് മനസിലാക്കുകയും ചെയ്യുന്നു.

ഉള്ളടക്കം

5.1 ആരോഗ്യം
ആരോഗ്യം എന്ന ആശയം
ആരോഗ്യത്തിന്റെ മാനങ്ങൾ
ആരോഗ്യത്തെ നിർണയിക്കുന്ന ഘടകങ്ങൾ
ആരോഗ്യ സൂചകങ്ങൾ

5.2 രോഗം
രോഗനിദാനത്രയം (Epidemiological Triad)
വിവിധതരം രോഗങ്ങൾ

5.3 സുസ്ഥിതി (Wellness)

5.4 മാനസിക ആരോഗ്യം
മാനസിക ആരോഗ്യത്തിന്റെ സവിശേഷതകൾ
മാനസിക ആരോഗ്യത്തിന് സംഭാവന ചെയ്യുന്ന ഘടകങ്ങൾ
മാനസിക നിലവാര പരിശോധന (MSE)

5.5 പൊതുവായ മാനസിക തകരാറുകൾ
വിഷാദം
ബൈപോളാർ തകരാർ
(Manic Depressive Psychosis)
സംശയരോഗം (Paranoia)
സ്കിസോഫ്രീനിയ
ബഹുമുഖ വ്യക്തിത്വ തകരാറുകൾ
(Multiple Personality Disorders)

5.1. ആരോഗ്യം

സാമൂഹ്യപ്രവർത്തനത്തിൽ ഏറ്റവും പ്രധാനപ്പെട്ട മേഖലകളിൽ ഒന്നാണ് ആരോഗ്യം എന്നതിനെക്കുറിച്ച് നിങ്ങൾക്ക് നല്ല ബോധ്യമുണ്ടല്ലോ. ആയതുകൊണ്ട് സാമൂഹ്യപ്രവർത്തകർക്ക് ജനങ്ങളുടെ ആരോഗ്യപരിചരണ സേവനങ്ങൾ മെച്ചപ്പെടുത്തുന്ന മേഖലകളിൽ ഇടപെടുന്നതിന് ആരോഗ്യത്തെക്കുറിച്ചും രോഗങ്ങളെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ അറിവ് ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

ഒരു കർഷകന്റെ മകനായ രോഹിത് തന്റെ ബാല്യകാലസ്മരണകൾ അയവിറക്കുന്നത് നമുക്ക് ശ്രവിക്കാം.

ഞങ്ങളുടെ കൃഷിയിടത്തിൽ, രവി എന്ന പേരുള്ള തെങ്ങ് കയറ്റക്കാരനായ ഒരു കർഷക തൊഴിലാളിയുണ്ടായിരുന്നു. ബലിഷ്ഠമായ പേശികളോടുകൂടിയ ശരീരവും നല്ല പൊക്കവുമുള്ള ഊർജ്ജസ്വലനായ ഒരു ചെറുപ്പക്കാരനായിരുന്നു രവി. അദ്ദേഹം വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ നിരവധി തെങ്ങുകൾ കയറി അനേകം തേങ്ങകൾ ഒന്നിച്ചെടുത്ത് ചുമന്ന് മൈലുകളിലുള്ള എന്റെ വീട്ടിൽ തന്നിരുന്നു.

അദ്ദേഹത്തിന്റെ ബലിഷ്ഠമായ പേശികൾ എന്നിൽ അസൂയ ജനിപ്പിച്ചിരുന്നു. ഭാവിയിൽ അദ്ദേഹത്തിനെ പോലെ ആകണമെന്ന് ഞാൻ ഇടയ്ക്കിടെ സ്വപ്നം കണ്ടിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം മാതൃകാപരമായി തികച്ചും ആരോഗ്യമുള്ള ഒരു വ്യക്തിയായിരുന്നു രവി.

പിന്നീട് ഞാൻ അറിയാനിടയായി, രവി പലപ്പോഴും മദ്യലഹരിയിൽ തന്റെ ഭാര്യയെയും കുഞ്ഞുങ്ങളെയും മർദ്ദിക്കുകയും അവരോട് വഴക്കുണ്ടാക്കുകയും അധിക്ഷേപിക്കുകയും ചെയ്തിരുന്നുവെന്ന്. കൂടാതെ അദ്ദേഹം തന്റെ അയൽക്കാരോട് നിസ്സാര കാര്യങ്ങൾക്ക് പോലും കലഹിച്ചിരുന്നു. അതുകൊണ്ട് പലർക്കും രവിയെ ഇഷ്ടമല്ലായിരുന്നു.

രവി യഥാർത്ഥത്തിൽ ആരോഗ്യവാൻ ആയിരുന്നോ എന്ന കാര്യത്തിൽ ഞാനിപ്പോൾ ആശയക്കുഴപ്പത്തിലാണ്.

നിങ്ങളെ സംബന്ധിച്ചിടത്തോളം ആരാണ് ആരോഗ്യമുള്ള വ്യക്തി? ആരോഗ്യമുള്ള ഒരു വ്യക്തിയുടെ സവിശേഷതകൾ എന്തൊക്കെയാണ്?

- ....

ആരോഗ്യം എന്ന ആശയം

ആരോഗ്യത്തെക്കുറിച്ചുള്ള ധാരണ ഓരോ വ്യക്തികളിലും, കാലഘട്ടങ്ങളിലും, സംസ്കാരങ്ങളിലും, സമുദായങ്ങളിലും മാറിമാറി വരുന്നു. പരമ്പരാഗതമായി ആരോഗ്യമെന്നുള്ളത് രോഗങ്ങളുടെ അഭാവമായി പരക്കെ വിശ്വസിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ജൈവ, സാമൂഹിക, പരിസ്ഥിതി ശാസ്ത്രങ്ങളുടെ പുരോഗതിയുടെ ഫലമായി ആരോഗ്യത്തെക്കുറിച്ചുള്ള ധാരണ കൂടുതൽ സമഗ്രമായി തീർന്നു. അതിൽ ശാരീരികവും, മാനസികവും, പാരിസ്ഥിതികവും, സാംസ്കാരികവുമായ ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ മനുഷ്യന്റെ അടിസ്ഥാനാവശ്യമായി ഇത് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യം മനുഷ്യവിഭവത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ്, അതുകൂടാതെ ഒരു രാജ്യത്തിന് വികസനം അസാധ്യമാണ്. ആരോഗ്യത്തിന്റെ വിവിധ കാഴ്ച്ചപ്പാടുകളെക്കുറിച്ച് നമ്മുക്ക് പരിശോധിക്കാം.

a) ജൈവ–വൈദ്യശാസ്ത്ര ധാരണ (Bio-Medical concept)

പരമ്പരാഗതമായി ആരോഗ്യത്തെ രോഗങ്ങളുടെ അഭാവമായിട്ടാണ് വീക്ഷിച്ചിരുന്നത്. ഇതിനെ ജൈവ-വൈദ്യശാസ്ത്ര ധാരണയെന്ന് വിളിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലെ ജൈവ-വൈദ്യശാസ്ത്ര വ്യവഹാരത്തിൽ ഈ ധാരണക്കായിരുന്നു മേൽക്കോയ്മ. ഈ സമീപനത്തിൽ പാരിസ്ഥിതിക, സാമൂഹിക, മനശാസ്ത്ര, സാംസ്കാരിക വശങ്ങൾ സംബോധന ചെയ്യപ്പെടുന്നില്ല.

b) പരിസ്ഥിതി വിജ്ഞാന ധാരണ (Ecological concept)

പരിസ്ഥിതി വാദികൾ ആരോഗ്യത്തെ ഒരു വ്യക്തിയും അവന്റെ പരിസ്ഥിതിയും തമ്മിലുള്ള ചലനാത്മകമായ സന്തുലനാവസ്ഥയായും രോഗത്തെ മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള പൊരുത്തക്കേടായും വീക്ഷിച്ചു.

c) മനോ–സാമൂഹിക ധാരണ (Psycho- Social concept)

സാമൂഹിക, മാനസിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ ഘടകങ്ങളാൽ ആരോഗ്യം സ്വാധീനിക്കപ്പെടുന്നുവെന്ന് സാമൂഹ്യശാസ്ത്രത്തിലെ സമകാലിക പുരോഗതി വെളിപ്പെടുത്തുന്നു. ആയതിനാൽ ആരോഗ്യത്തെ നിർവചിക്കുമ്പോഴും അളക്കുമ്പോഴും ഈ ഘടകങ്ങളെല്ലാം പരിഗണിക്കപ്പെടേണ്ടതുണ്ട്.

d) സമഗ്ര ധാരണ (Holistic concept)

മേൽപറഞ്ഞ ധാരണകളുടെ ഒരു സംയോഗമാണ് സമഗ്രമാതൃക. ഇത് ആരോഗ്യത്തിന് മേലുള്ള സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, പാരിസ്ഥിതിക സ്വാധീനങ്ങളെ തിരിച്ചറിയുന്നു. ഈ സങ്കൽപ്പത്തിൽ ആരോഗ്യമെന്നത് സുസ്ഥിരമായ പരിസ്ഥിതിയിൽ സന്തുഷ്ടമായ കുടുംബത്തിൽ ആരോഗ്യമുള്ള ശരീരത്തിൽ പക്വതയാർന്ന മന

സ്സാണ് എന്ന കാഴ്ചപ്പാടുമായി ചേർന്നു പോകുന്നു. കൃഷി, കന്നുകാലി വളർത്തൽ, ആഹാരം, വ്യവസായം, വിദ്യാഭ്യാസം, പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങൾ, വാർത്താ വിനിമയം തുടങ്ങിയവക്ക് ആരോഗ്യത്തിന്റെ മേൽ വലിയ സ്വാധീനം ഉണ്ടെന്ന കാര്യം ഇത് തിരിച്ചറിയുന്നു.

ഇപ്പോൾ നിങ്ങൾക്ക് ആരോഗ്യത്തെ നിർവചിക്കാമോ?

- ....

ശാരീരികമായി, മാനസികമായി അല്ലെങ്കിൽ ആത്മീയമായി സുസ്ഥിതിയിലായിരിക്കുന്ന പ്രത്യേകിച്ച് ശാരീരിക രോഗങ്ങളിൽ നിന്നും വേദനയിൽ നിന്നും വിമുക്തമായിരിക്കുന്ന അവസ്ഥയായി വെബ്സ്റ്റേഴ്സ് നിഘണ്ടു ആരോഗ്യത്തെ നിർവചിച്ചിരിക്കുന്നു.

ഓക്സ്ഫോർഡ് നിഘണ്ടു ആരോഗ്യത്തിനെ ഇങ്ങനെ പ്രസ്താവിക്കുന്നു.

രോഗങ്ങളിൽ നിന്നോ മുറിവിൽ നിന്നോ വിമുക്തമായിരിക്കുന്ന അവസ്ഥയും ഒരു വ്യക്തിയുടെ മാനസികമോ ശാരീരികമോ ആയ സാഹചര്യവുമാണ് ആരോഗ്യം.

ലോക ആരോഗ്യ സംഘടന നൽകിയിരിക്കുന്ന വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു നിർവചനമാണ് താഴെ കൊടുത്തിരിക്കുന്നത്.

ആരോഗ്യമെന്നത് കേവലം രോഗങ്ങളുടെയോ, കഴിവില്ലായ്മയുടെയോ അഭാവം മാത്രമല്ല മറിച്ച് ശാരീരികമായും മാനസികമായും സാമൂഹ്യമായും സമ്പൂർണമായി സുസ്ഥിതിയിലായിരിക്കുന്ന ഒരു അവസ്ഥയാണ്.

ആരോഗ്യത്തിന്റെ മാനങ്ങൾ

ആരോഗ്യത്തിന് പലമാനങ്ങളുണ്ട്. ലോകാരോഗ്യസംഘടനയുടെ നിർവചനപ്രകാരം ആരോഗ്യത്തിന് മൂന്ന് പ്രത്യേക മാനങ്ങളുണ്ട് – ശാരീരികം, മാനസികം, സാമൂഹികം. ഇവ കൂടാതെ ആത്മീയ, വൈകാരിക, തൊഴിൽപര, രാഷ്ട്രീയ മാനങ്ങൾ തമ്മിലും അന്യോന്യം വർത്തിക്കുന്നു. ഇവ നമുക്ക് വിശദമായി ചർച്ച ചെയ്യാം.

a) ശാരീരിക മാനം (Phsysical dimension)

നിങ്ങൾക്ക് നല്ല ശാരീരിക ആരോഗ്യമുള്ള ഒരു വ്യക്തിയുടെ കുറെ ലക്ഷണങ്ങളുടെ പട്ടിക തയ്യാറാക്കാമോ?

- ....

ശാരീരിക പ്രവർത്തനങ്ങൾ പരിപൂർണമായി നിർവഹിക്കപ്പെടുന്നു എന്നാണ് ശാരീരിക ആരോഗ്യതലം കൊണ്ട് അർത്ഥമാക്കുന്നത്. ജീവശാസ്ത്രപരമായി ഓരോ കോശവും ഓരോ അവയവും ശരീരത്തിന്റെ മറ്റ് ഭാഗങ്ങളുമായി ഏറ്റവും ഉത്തമമായ രീതിയിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതാണ് നല്ല ആരോഗ്യം എന്ന ആശയമാണിവിടെ ഉളവാകുന്നത്. നല്ല ദേഹപ്രകൃതി, വൃത്തിയുള്ള ചർമ്മം, തിളക്കമുള്ള നയനങ്ങൾ, ഇടതൂർന്ന മുടി, ഉറച്ച ശരീരം, നല്ല ശ്വാസോച്ഛ്വാസം, നല്ല വിശപ്പ്, നല്ല ഉറക്കം, വിസർജ്യാവയവങ്ങളുടെ ക്രമാനുഗതമായ പ്രവർത്തനം, സാധാരണ നിലയിലുള്ള നാഡീസ്പന്ദനവും രക്തസമ്മർദ്ദവും തുടങ്ങിയവയാണ് ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തിന്റെ ലക്ഷണങ്ങൾ.

b) മാനസിക മാനം (Mental Dimension)

നല്ല മാനസിക ആരോഗ്യമുള്ള ഒരു വ്യക്തിയുടെ ലക്ഷണങ്ങൾ എന്തൊക്കയാണ് ?

- ....



നല്ല ആരോഗ്യത്തിന്റെ ഘടകങ്ങളിൽ ഒന്നാണ് ഗുണാത്മകമായ മാനസികാരോഗ്യം. മാനസികാരോഗ്യമെന്നത് കേവലം മാനസിക അസുഖങ്ങളുടെ അഭാവമല്ല.

ജീവിത അനുഭവങ്ങളോട് ലക്ഷ്യബോധത്തോടും വിട്ടുവീഴ്ചയോടും കൂടി പ്രതികരിക്കാനുള്ള കഴിവാണ് മാനസികാരോഗ്യം. താഴെപ്പറയുന്ന സവിശേഷതകളാണ് മാനസികാരോഗ്യമുള്ള ഒരു വ്യക്തിയുടെ ലക്ഷണങ്ങളായി മാനസിക വിദഗ്ധർ പ്രതിപാദിക്കുന്നത്.

- ആന്തരിക സംഘർഷങ്ങളിൽ നിന്നും വിമുക്തനായിരിക്കുക.
- ഇണങ്ങിച്ചേരാനും മറ്റുള്ളവരുമായി പൊരുത്തപ്പെട്ട് പോകാനുള്ള കഴിവ്.
- ശക്തമായ ആത്മാഭിമാന ബോധമുണ്ടായിരിക്കുക
- ഒരുവന്റെ ആവശ്യങ്ങളെക്കുറിച്ചും, പ്രശ്നങ്ങളെക്കുറിച്ചും, ലക്ഷ്യങ്ങളെക്കുറിച്ചും അവബോധമുണ്ടായിരിക്കുക.
- നല്ല ആത്മനിയന്ത്രണം - യുക്തിപരമായും വൈകാരികമായും സന്തുലനാവസ്ഥ നിലനിർത്തുക.
- പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാനും ബുദ്ധിപൂർവം പരിഹരിക്കുവാനുമുള്ള കഴിവ്.

c) സാമൂഹ്യമാനം (Social Dimension)

ഒരു പക്ഷേ നിങ്ങൾ നമ്മുടെ രാജ്യത്ത് ഉടലെടുക്കുന്ന വർഗീയ സംഘർഷങ്ങളെ കുറിച്ച് ബോധമുള്ളവരായിരിക്കാം. സാമൂഹ്യ ആരോഗ്യത്തിന്റെ അഭാവമാണ് ഈ പ്രശ്നത്തിന്റെ പിന്നിലുള്ള പ്രധാന കാരണങ്ങളിലൊന്നായി ആരോപിക്കപ്പെടുന്നത്.

വ്യക്തിക്കുള്ളിലും വ്യക്തികൾ പരസ്പരവും സമൂഹത്തിലെ അംഗങ്ങൾക്കിടയിലുമുള്ള ഐക്യവും ഉദ്ഗ്രഥനവുമാണ് സാമൂഹ്യസുസ്ഥിതിയെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സാമൂഹ്യ ആരോഗ്യമുള്ള ഒരു വ്യക്തിക്ക് മറ്റ് സംസ്കാരത്തിൽപ്പെട്ട ആൾക്കാരുമായി ഇണങ്ങി ചേരുവാനും പൊരുത്തപ്പെട്ട് പോകുവാനുമുള്ള കഴിവുണ്ട്. അവൻ/അവൾക്ക് എല്ലാതരത്തിലുമുള്ള ജനങ്ങളുമായി ഇടപെടുവാനും നല്ല സാമൂഹ്യബന്ധങ്ങൾ സൃഷ്ടിക്കുവാനും നിലനിർത്തുവാനും വേണ്ട ഗുണാത്മകമായ മനോഭാവവും സമൂഹ്യ നൈപുണികളും ഉള്ളവരായിരിക്കും.

d) ആത്മീയമാനം (Spiritual Dimension)

ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശവും തിരിച്ചറിഞ്ഞ് അതിലെത്തിച്ചേരാൻ ശ്രമിക്കുന്ന വ്യക്തിത്വ തലത്തെയാണ് ആരോഗ്യത്തിന്റെ ആത്മീയമാനം സൂചിപ്പിക്കുന്നത്. ഇത് സ്വഭാവദാർഢ്യം, തത്വങ്ങൾ, ധാർമികത, ജീവിതോദ്ദേശ്യം, ആത്യന്തികമായ സമർപ്പണബോധം എന്നിവ ഉൾക്കൊള്ളുന്നു.

e) തൊഴിൽപരമായ മാനം (Vocational Dimension)

എന്തുകൊണ്ടാണ് ഒരു വ്യക്തി സ്വന്തം താല്പര്യത്തിന്റെയും അഭിരുചിയുടെയും കഴിവിന്റെയും അടിസ്ഥാനത്തിലായിരിക്കണം ഒരുവന്റെ തൊഴിൽ തിരഞ്ഞെടുക്കേണ്ടത് എന്ന് പറയുന്നത്?

- ....

തൊഴിൽ ശരീരത്തിന്റെയും മനസിന്റെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിൽ പലപ്പോഴും പ്രധാന പങ്ക് നിർവഹിക്കുന്നു.

ശാരീരിക അധ്വാനം സാധാരണയായി ശാരീരിക ശേഷി മെച്ചപ്പെടുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ലക്ഷ്യപ്രാപ്തിയും ജോലിയിലെ സ്വയം സാക്ഷാത്കാരവുമാണ് സംതൃപ്തിയുടെയും ഉയർന്ന സ്വാഭിമാനത്തിന്റെയും സ്രോതസ്സുകൾ. ഉദാഹരണത്തിന് ഒരു ഡോക്ടർക്ക് അദ്ദേഹത്തിന്റെ ചികിത്സയിലൂടെ രോഗികൾക്ക് സൗഖ്യം കിട്ടുമ്പോൾ സംതൃപ്തി ലഭിക്കുന്നു.

f) മറ്റ് മാനങ്ങൾ (Other Dimensions)

സാംസ്കാരികം, സാമ്പത്തികം, പാരിസ്ഥിതികം, വിദ്യാഭ്യാസപരം, പോഷകാത്മകം എന്നിങ്ങനെ മറ്റ് പല ആരോഗ്യമാനങ്ങളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യത്തെ നിർണയിക്കുന്ന ഘടകങ്ങൾ (Determinants of Health)

ആരോഗ്യം ബഹുഘടകോന്മുഖമാണ്. ആരോഗ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആന്തരികമാകാം (വ്യക്തിക്കുള്ളിൽ അധിഷ്ഠിതമായവ) അല്ലെങ്കിൽ ബാഹ്യമാകാം (അവൻ/അവൾ വസിക്കുന്ന സമൂഹത്തിൽ നിന്ന്). ജനിതകപരവും പാരിസ്ഥിതികപരവുമായ ഘടകങ്ങളൾ ആരോഗ്യത്തെയും, രോഗത്തെയും സ്വാധീനിക്കുന്നു എന്നത് ശരിയായ ഒരു കാര്യമാണ്. ആയതിനാൽ ഒരു വ്യക്തിയുടെയും മുഴുവൻ സമൂഹത്തിന്റെയും ആരോഗ്യം നിരവധി പരസ്പരബന്ധിത ഘടകങ്ങളുടെ ഫലമായി പരിഗണിക്കപ്പെട്ടിരിയ്ക്കുന്നു. അവയാണ്:

a) പാരമ്പര്യം (Heredity)

എല്ലാ മനുഷ്യരുടെയും ശാരീരികവും മാനസികവുമായ സവിശേഷതകളിൽ ഏറിയ പങ്കും നിർണയിക്കപ്പെട്ടിരിക്കുന്നത് അവന്റെ/ അവളുടെ പൂർവികരിൽ നിന്ന് ആർജിച്ചെടുത്ത ജീനുകളുടെ പ്രകൃതത്താലാണ്. ഗർഭധാരണ സമയത്ത് തീരുമാനിക്കപ്പെടുന്ന ജനിതക ഘടന തികച്ചും അതുല്യവും മാറ്റത്തിന് വിധേയമല്ലാത്തതുമാണ്. അറിയപ്പെടുന്ന പല രോഗങ്ങളും ജനിതകമായി ഉടലെടുക്കുന്നതാണ്. ഉദാഹരണത്തിന്

ക്രോമസോമുകളിലെ ക്രമക്കേട്, മാനസിക വളർച്ച മുരടിക്കൽ, ചില തരത്തിലുള്ള പ്രമേഹരോഗങ്ങൾ, ആസ്ത്മ, ചില മാനസിക രോഗങ്ങൾ തുടങ്ങിയവ. ആയതിനാൽ, ആരോഗ്യത്തിന്റെ അവസര കൂടുതലായും മനുഷ്യന്റെ ജനിതക സറിതിയെ ആശ്രയിച്ചിരിക്കുന്നു.

b) പരിസ്ഥിതി (Environment)

മനുഷ്യനും അവന്റെ പരിസ്ഥിതിയും തമ്മിൽ പൊരുത്തപ്പെട്ട് പോകുന്നതിനെ ആരോഗ്യമെന്നും പൊരുത്തക്കേടിനെ രോഗമെന്നും വീക്ഷിക്കാം. ഭൗതിക പരിസ്ഥിതിയിൽ വരുന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാലവസ്ഥ, വായു, ജലം, മണ്ണ്, ജീവജാലങ്ങളായ മൃഗങ്ങൾ, പക്ഷികൾ, സൂക്ഷ്മജീവികൾ തുടങ്ങിയവ എല്ലാം തന്നെ മനുഷ്യന്റെ ആരോഗ്യത്തെ സ്വാധീനിക്കുന്നു.

ഗാർഹിക പരിസ്ഥിതിയുടെ വശങ്ങളായ കുടുംബ പശ്ചാത്തലം, രക്ഷകർതൃത്വരീതികൾ, സമപ്രായക്കാരുമായുള്ള ബന്ധം, സാമൂഹ്യവൽക്കരണ രീതികൾ, സംസ്ക്കാരം തുടങ്ങിയവ ഒരു വ്യക്തിയുടെ മാനസിക, സാമൂഹ്യ ആരോഗ്യത്തിനെ സ്വാധീനിക്കുന്നു.

c) ജീവിതശൈലി (Life Style)

തന്നിരിക്കുന്ന ചിത്രത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെഴുതുക.

- ....

വ്യായാമത്തിന്റെ അഭാവം, ഫാസ്റ്റ് ഫുഡിന്റെ അമിതമായ ഉപയോഗം തുടങ്ങിയവ മൂലം കുട്ടി ആരോഗ്യവാനായി കാണപ്പെടുന്നില്ലെന്ന് സ്പഷ്ടമാണ്.

സാമൂഹ്യമൂല്യങ്ങൾ, മനോഭാവങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ മുഴുവൻ പ്രതിഫലിക്കുന്ന വിധത്തിൽ ജനങ്ങൾ ജീവിക്കുന്ന രീതിയാണ് ജീവിതശൈലി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഇക്കാലത്ത്, ഭൂരിപക്ഷം ആൾക്കാരും അവരുടെ കൂടുതൽ സമയം ഓഫിസിലോ ടെലിവിഷൻ കാണുന്നതിനോ മറ്റ് ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനോ ചിലവഴിക്കുന്നതിലൂടെ ശാരീരിക വ്യായാമങ്ങൾ ചെയ്യുന്നതിൽ നിന്ന് ഒഴിവായി പോകുന്നു. മദ്യപാനം, പുകവലി, മരുന്നുകളുടെ ദുരുപയോഗം, കൃത്രിമ വസ്തുക്കൾ ചേർന്ന പോഷകം തീരെ കുറഞ്ഞ ഭക്ഷണങ്ങൾ തുടങ്ങിയവയുടെ ഉപഭോഗം ലോകമെമ്പാടും ജീവിതശൈലി രോഗങ്ങളുടെ ഭയാനകമായ വളർച്ചയിലേക്ക് നയിക്കുന്നു. മിക്ക ആധുനിക ആരോഗ്യ പ്രശ്നങ്ങളായ ഹൃദയധമനി രോഗങ്ങൾ, പൊണ്ണത്തടി, അർബുദം, പ്രമേഹം, പക്ഷാഘാതം തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നത് ജീവിതശൈലിയിലുണ്ടാകുന്ന മാറ്റങ്ങളിലൂടെയാണ്.

d) സാമൂഹ്യ - സാമ്പത്തിക അവസ്ഥ (Socio-Economic Conditions)

സാമൂഹ്യ സാമ്പത്തിക അവസ്ഥകളും ആരോഗ്യത്തെ സ്വാധീനിക്കുന്നു. ഒരു രാജ്യത്തിന്റെ ആരോഗ്യനിലവാരത്തെ കൂടുതലായും നിർണയിക്കുന്നത് സാമൂഹ്യ സാമ്പത്തിക വികസന നിലയാണ്. ഉദാഹരണത്തിന് ദേശീയ മൊത്ത ഉൽപ്പാദനത്തിന്റെ ആളോഹരി വിഹിതം, വിദ്യാഭ്യാസം, പോഷകം, തൊഴിൽ, പാർപ്പിടം മുതലായവ.

e) ആരോഗ്യ പരിചരണ സേവനങ്ങൾ (Health Care Services)

നിങ്ങളുടെ പ്രദേശത്ത് ലഭ്യമായിട്ടുള്ള പ്രധാനപ്പെട്ട ആരോഗ്യ പരിചരണ സേവനങ്ങളുടെ പട്ടിക നിരത്താമോ?

- ....

അവ പ്രാഥമിക ആരോഗ്യകേന്ദ്രം, അങ്കൻവാടികൾ, ഡിസ്പെൻസറികൾ, ക്ലിനിക്കുകൾ, ആശുപത്രികൾ, തുടങ്ങിയവയാകാം. ഈ സേവനങ്ങൾ എങ്ങനെയാണ് ഒരു സമൂഹത്തിന്റെ ആരോഗ്യ നിലവാരം മെച്ചപ്പെടാൻ സഹായിക്കുന്നത്?

- ....

രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കുക, അസുഖങ്ങളെ തടയുക, ആരോഗ്യത്തെ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങി വ്യക്തിതലത്തിലും സമൂഹതലത്തിലുമുള്ള സേവനങ്ങളുടെ ബൃഹത് സഞ്ചയമാണ് ആരോഗ്യ പരിചരണ സേവനങ്ങൾ. ഉദാഹരണത്തിന് കുട്ടികൾക്ക് പ്രതിരോധമരുന്ന് കൊടുക്കുന്നത് ചില പ്രത്യേക രോഗങ്ങൾ ഉണ്ടാകുന്നത് കുറയ്ക്കാനിടയാക്കുന്നു. സുരക്ഷിതമായ കുടിവെള്ളം പ്രദാനം ചെയ്യുന്നത് ജലജന്യരോഗങ്ങളിൽ നിന്നുണ്ടാകുന്ന മരണനിരക്കും രോഗാതുരതയും തടയാനിടയാക്കുന്നു. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പരിചരണം മാതൃ ശിശു രോഗാതുരതയും മരണനിരക്കും കുറയ്ക്കുന്നതിന് സഹായകരമാവുന്നു. അതുകൊണ്ട് ആരോഗ്യ പരിചരണ സേവനം ആരോഗ്യത്തിന്റെ മറ്റൊരു പ്രധാന നിർണായക ഘടകമാണ്.

f) മറ്റ് ഘടകങ്ങൾ (Other Factors)

ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്ന ഘടകങ്ങളായ ആഹാരം, കൃഷി, വിദ്യാഭ്യാസം, വ്യവസായം, സാമൂഹ്യക്ഷേമം, ഗ്രാമവികസനം അതുപോലെ ജീവിതനിലവാരം ഉയർത്താനായി അനുവർത്തിക്കുന്ന സാമൂഹ്യ സാമ്പത്തിക നയങ്ങൾ തുടങ്ങിയവ, ഒരു ജനതയുടെ ആരോഗ്യത്തിന്റെ മറ്റ് ദാതാക്കളാണ്.

ആരോഗ്യ സൂചകങ്ങൾ (Indicators of Health)

ആരോഗ്യത്തിന്റെ സൂചകങ്ങൾ നമുക്ക് ആരോഗ്യനിലവാരം അളക്കാൻ മാത്രമല്ല ഒരു രാജ്യത്തിന്റെ ആരോഗ്യനിലവാരം മറ്റൊന്നുമായി താരതമ്യം ചെയ്യുവാനും കൂടി ആവശ്യമാണ്. ആരോഗ്യനിലവാരം അളന്ന് തിട്ടപ്പെടുത്തുന്നതും താരതമ്യം ചെയ്യുന്നതും ആവശ്യമായി വരുന്നത് ആരോഗ്യപരിചരണാവശ്യങ്ങൾ വിലയിരുത്തുന്നതിനും വിഭവങ്ങൾ നീക്കിവയ്ക്കുന്നതിനും ആരോഗ്യപരിപാടികളുടെ മൂല്യനിർണയം നടത്തുന്നതിനുമാണ്. പൊതുവായി ഉപയോഗിക്കുന്ന സൂചകങ്ങൾ ഇവയാണ്:

A. മരണനിരക്ക് സൂചകം (Mortality indicator)

ഈ സൂചകം ഒരു സമൂഹത്തിൽ സംഭവിക്കുന്ന മരണസംഖ്യ കണക്കിലെടുക്കുന്നു. താഴെപ്പറയുന്നവയാണ് പ്രമുഖമായ മരണനിരക്ക് സൂചകങ്ങൾ.

a. പൊതു മരണനിരക്ക് (Crude Death Rate)

ഇതിനെ നിർവചിച്ചിരിക്കുന്നത് പരിഗണിക്കുന്ന സമൂഹത്തിൽ ഒരു വർഷം ആയിരം ജനങ്ങളിൽ എത്രപേർ മരിക്കുന്നു എന്നാണ്. ജനങ്ങൾ മരിക്കുന്ന നിരക്കിനെയാണ് ഇത് സൂചിപ്പിക്കുന്നത്. പ്രായഭേദം നോക്കാതെ, അപകടങ്ങൾ, വാർധക്യം, രോഗങ്ങൾ തുടങ്ങിയവ മൂലമുണ്ടാകുന്ന എല്ലാതരത്തിലുമുള്ള മരണങ്ങളും ഇതിന്റെ പരിധിയിൽപ്പെടും.

b. ശിശുമരണ നിരക്ക് (Infant Mortality Rate)

പരിഗണിക്കുന്ന ഒരു സമൂഹത്തിൽ ഒരു വർഷം ജീവനോടെ ജനിക്കുന്ന ആയിരം കുട്ടികളിൽ ഒരു വയസ്സിന് താഴെ എത്ര കുട്ടികൾ മരിക്കുന്നു എന്ന കണക്കാണിത്. ഇത് സാർവത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ആരോഗ്യ സൂചകങ്ങളിലൊന്നാണ്.

c. ബാലമരണ നിരക്ക് (Child Mortality Rate)

പരിഗണിക്കുന്ന വർഷത്തിൽ, ഒരു വയസ്സിനും 4 വയസ്സിനുമിടയിലുള്ള ആയിരം കുട്ടികളിൽ എത്ര പേർ മരിക്കുന്നു എന്ന് വർഷത്തിന്റെ മധ്യത്തിൽ എടുക്കുന്ന കണക്കാണിത്. ഇതിൽ ശിശുമരണ നിരക്ക് ഉൾപ്പെടുന്നില്ല.

d. മാതൃമരണ നിരക്ക് (Maternal Mortality Rate)

ഇത് അളക്കുന്നത് പ്രസവാനുബന്ധ കാരണങ്ങളാൽ മരണമടയുന്ന സ്ത്രീകളുടെ നിരക്കാണ്. ഒരു പ്രദേശത്ത്, തന്നിരിക്കുന്ന വർഷത്തിൽ ഗർഭധാരണവുമായി ബന്ധപ്പെട്ട സങ്കീർണതകൾ, ശിശുജനനം, അല്ലെങ്കിൽ പ്രസവശേഷം 42 ദിവസങ്ങൾക്കുള്ളിൽ പ്രസവാനുബന്ധ കാരണങ്ങളാൽ മരണമടയുന്ന സ്ത്രീകളുടെ സംഖ്യയുടെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കപ്പെടുന്നത്.

e. ആയുർ ദൈർഘ്യ സൂചകം (Life Expectancy Indicator)

തന്നിരിക്കുന്ന ഭൂപ്രദേശത്ത് ഒരു വ്യക്തി, ശരാശരി എത്ര വർഷങ്ങൾ ജീവിച്ചിരിക്കുമെന്ന് പ്രതീക്ഷിക്കുന്ന സംഖ്യയാണിത്. 1951 വർഷകാലഘട്ടത്തിൽ ഒരു ഇന്ത്യക്കാരന്റെ ആയുർദൈർഘ്യം 32.25 മാത്രമായിരുന്നു. എന്നാൽ 2011 കാലഘട്ടത്തിൽ അത് 72 ആയി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത് ഒരു രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിന്റെ ഒരു നല്ല സൂചകമാണ്.

B. രോഗാതുര സൂചകങ്ങൾ (Morbidity Indicators)

മരണ നിരക്ക് സൂചകങ്ങൾ ഒരു സമൂഹത്തിലെ അനാരോഗ്യത്തിന്റെ ആധിക്യത്തെ വെളിപ്പെടുത്തുന്നില്ല. രോഗാതുര സൂചകങ്ങൾ ഒരു സമൂഹത്തിലെ അനാരോഗ്യത്തിന്റെ കാഠിന്യം വെളിപ്പെടുത്തുന്നു. ഒരു സമൂഹത്തിന്റെ അനാരോഗ്യത്തെ വിലയിരുത്താൻ

താഴെ പറയുന്ന രോഗാതുര നിരക്കുകൾ ഉപയോഗപ്പെടുത്തുന്നു.

- പ്രത്യേകമായ രോഗങ്ങൾ ഉടലെടുക്കുന്നതും അത് നിലനിൽക്കുന്നതും
- വന്നുപോകുന്ന രോഗികളെ ചികിത്സിക്കുന്ന വിഭാഗത്തിലെ (Out patient Department) ഹാജർ നിരക്കുകൾ
- ആശുപത്രികളിലെ പ്രവേശനങ്ങൾ, പുനർപ്രവേശനങ്ങൾ, ചികിത്സ കഴിഞ്ഞ് പുറത്ത് പോകുന്നവരുടെ നിരക്കുകൾ.
- ആശുപത്രിയിൽ തങ്ങുന്ന കാലാവധി.
- രോഗത്തിന്റെ കാലയളവ് അഥവാ ജോലിയിലോ സ്കൂളിലോ ഉള്ള അസാന്നിധ്യം.

C. പോഷകനിലവാര സൂചകം (Nutritional Status Indicators)

പോഷകനിലവാര സൂചകം പ്രത്യക്ഷമാക്കുന്നത് പോഷക ഉപഭോഗവും വളർച്ചാ നിരക്കുമാണ്. അവ ഗുണാത്മക ആരോഗ്യ സൂചകങ്ങളാണ്. മൂന്ന് പോഷക നിലവാര സൂചികകൾ പ്രധാനപ്പെട്ടതായി പരിഗണിക്കപ്പെടുന്നു. അവയാണ്,

- മനുഷ്യശരീര അളവുകളായ തൂക്കവും ഉയരവും
- സ്കൂൾ പ്രവേശന ഘട്ടത്തിൽ കുട്ടികളുടെ ഉയരം
- ജനനസമയത്തെ കുറഞ്ഞ ശാരീരിക ഭാരം (2.5 കിലോയിൽ താഴെ).

D. സാമൂഹിക- സാമ്പത്തിക സൂചകങ്ങൾ (Socio- economic Indicators)

താഴെപറയുന്നവയാണ് പ്രധാനപ്പെട്ട സാമൂഹിക-സാമ്പത്തിക സൂചകങ്ങൾ

- ജനസംഖ്യ വർദ്ധന നിരക്ക്
- ആളോഹരി ദേശീയ മൊത്ത ഉൽപ്പാദനം.
- തൊഴിൽ നില
- സാക്ഷരതാനിരക്ക്, പ്രത്യേകിച്ച് സ്ത്രീ സാക്ഷരതാനിരക്ക്.
- കുടുംബ വലുപ്പം
- 'കലോറിയുടെ' ആളോഹരി ലഭ്യത.

E. ജീവിത ഗുണനിലവാര സൂചകം (Quality of Life Indicator)

ജീവിത ഗുണനിലവാരം നിർവചിക്കാൻ ബുദ്ധിമുട്ടാണ്; അതിലുപരി അത് അളന്ന് തിട്ടപ്പെടുത്താൻ കൂടുതൽ ബുദ്ധിമുട്ടാണ്. വിവിധ ജീവിത പ്രശ്നങ്ങളെക്കുറിച്ച് ഒരു വ്യക്തിയുടെ സന്തുഷ്ടിയോ അസന്തുഷ്ടിയോ വ്യക്തിയാധിഷ്ഠിത വികാരങ്ങളെ വിലയിരുത്തി, ജീവിത ഗുണനിലവാരത്തിന്റെ മൂല്യനിർണയം നടത്താം. നിരവധി ആരോഗ്യ സൂചകങ്ങളിൽ നിന്ന് ഒരു സമ്മിശ്രമായ സൂചകത്തിൽ എത്തിച്ചേരാൻ പല തരത്തിലുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്.

ഭൗതിക ജീവിത ഗുണനിലവാര സൂചകം (Physical Quality Life Index, PQLI) ഇതുപോലുള്ള ഒരു സൂചകമാണ്. ഇവ മൂന്ന് സൂചകങ്ങളുടെ ഏകീകരണമാണ്. അവ മരണനിരക്ക്, ഒരു വയസ്സാകുമ്പോൾ പ്രതീക്ഷിക്കുന്ന ജീവിത ദൈർഘ്യം, സാക്ഷരതാനിരക്ക് എന്നിവയാണ്.

മറ്റ് പ്രധാനപ്പെട്ട ആരോഗ്യ സൂചകങ്ങൾ

1. **വൈകല്യനിരക്ക് (Disabilty Rate)**

ദൈനംദിന ജീവിതത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങളായ ചലനാത്മകത, കായികാഭ്യാസ നൈപുണ്യം, ജോലിചെയ്യുവാനുള്ള കഴിവ് മുതലായവ ബാധിക്കപ്പെടുകയാണെങ്കിൽ അവയെ വൈകല്യ നിരക്കായി തിട്ടപ്പെടുത്താം.

2. **ആരോഗ്യ പരിചരണ പ്രദാന സൂചകങ്ങൾ**

ആവർത്തിച്ച് ഉപയോഗിക്കുന്ന ആരോഗ്യ പരിചരണ സേവന സൂചകങ്ങളാണ്

a) ഡോക്ടർ - ജനസംഖ്യ നിരക്ക്

b) ഡോക്ടർ - നേഴ്സ് നിരക്ക്

c) ജനസംഖ്യ - കിടക്ക നിരക്ക്

3. **ഉപയുക്തതാ നിരക്ക് (Utilization rate)**

തന്നിരിക്കുന്ന ഒരു കാലാവധിയിൽ ഒരു സേവനം ആവശ്യമായ ജനങ്ങളും അത് യഥാർത്ഥത്തിൽ ലഭ്യമായവരും തമ്മിലുള്ള അനുപാതത്തെയാണ് ഉപയുക്തതാ നിരക്കിലൂടെ പ്രകടമാകുന്നത്. ഉപയുക്തതാ നിരക്കുകളുടെ കുറെ ഉദാഹരണങ്ങളാണ്.

a) പ്രതിരോധമെടുത്ത കുഞ്ഞുങ്ങളുടെ അനുപാതം

b) പ്രസവത്തിന് മുമ്പ് പരിചരണം ലഭിക്കുന്ന ഗർഭിണികളുടെ അനുപാതം.

c) വിവിധ തരത്തിലുള്ള കുടുംബാസൂത്രണ രീതികൾ ഉപയോഗിക്കുന്ന ജനതയുടെ ശതമാനം.

4. **സാമൂഹ്യ- മാനസിക ആരോഗ്യ സൂചകങ്ങൾ**

ഇതിൽ ആത്മഹത്യ നിരക്ക്, കൊലപാതകം, കുറ്റകൃത്യങ്ങൾ, അക്രമങ്ങൾ, വാഹനാപകടങ്ങൾ, ബാല അപചരണങ്ങൾ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദുരുപയോഗം, പുകവലി തുടങ്ങിയവ ഉൾപെടുന്നു.

5. **പരിസ്ഥിതി സൂചകങ്ങൾ**

വായു, ജലമലിനീകരണം, വികിരണം, ഖരാവശിഷ്ടങ്ങൾ, ശബ്ദ മലിനീകരണം, ഭക്ഷണ പാനീയങ്ങളിലൂടെയുള്ള വിഷാംശങ്ങളുടെ ഉപയോഗസാധ്യത എന്നീ സൂചകങ്ങളെല്ലാം ഇതിൽപെടുന്നു. സുരക്ഷിതമായ കുടിവെള്ളവും, പൊതുശുചിത്വ സൗകര്യങ്ങളും ലഭ്യമായ ജനസംഖ്യയുടെ അനുപാതം ഒരു പ്രധാനപ്പെട്ട പരിസ്ഥിതി സൂചകമാണ്.

6. **ആരോഗ്യനയ സൂചകങ്ങൾ**

ആവശ്യമായ വിഭവങ്ങൾ വകയിരുത്തുക എന്നത്, രാഷ്ട്രീയ പ്രതിബദ്ധതയുടെ ഏറ്റവും പ്രധാനപ്പെട്ട സൂചകമാണ്. പ്രസക്തമായ സൂചകങ്ങൾ താഴെപറയുന്നവയാണ്.

a) ആരോഗ്യ സേവനങ്ങൾക്കായി ചിലവഴിക്കുന്ന ദേശീയ മൊത്ത ഉൽപ്പാദനത്തിന്റെ അനുപാതം

b) ആരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ ജലവിതരണം, ശുചിത്വം, പോഷകം, പാർപ്പിടം തുടങ്ങിയവയിൽ ചിലവഴിക്കപ്പെടുന്ന ദേശിയ മൊത്ത ഉൽപ്പാദനത്തിന്റെ അനുപാതം.

c) പ്രാഥമിക ആരോഗ്യ പരിചരണത്തിനായി മാറ്റി വയ്ക്കുന്ന പണത്തിന്റെ അനുപാതം.

7. **മറ്റ് സൂചകങ്ങൾ**

സാമൂഹ്യ സൂചകങ്ങൾ (വിദ്യാഭ്യാസ സേവനം, വരുമാന വിതരണം, സാമൂഹ്യ സുരക്ഷ, ക്ഷേമ സേവനങ്ങൾ, പാർപ്പിടം തുടങ്ങിയവ), അടിസ്ഥാന ആവശ്യസൂചകങ്ങൾ, എല്ലാവർക്കും ആരോഗ്യം എന്ന സൂചകം തുടങ്ങിയവ ഇതിൽ പെടുന്നു.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ലോക ആരോഗ്യസംഘടനയുടെ ആരോഗ്യത്തിന്റെ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യത്തിന്റെ വ്യത്യസ്ത മാനങ്ങളെക്കുറിച്ച് വിശദീകരിക്കുക?
2. വ്യക്തിയുടെ അല്ലെങ്കിൽ സമൂഹത്തിന്റെ ആരോഗ്യം നിരവധി ഘടകങ്ങളുടെ ഫലമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ആ ഘടകങ്ങൾ ഏതൊക്കെയാണ്? ഈ ഘടകങ്ങൾ എങ്ങനെയാണ് ആരോഗ്യത്തെ സ്വാധീനിക്കുന്നത്?
3. നാം ആരോഗ്യത്തിന്റെ സുചകങ്ങൾ ഉപയോഗിക്കുന്നത് എന്തിനാണ്?

1. നിങ്ങളുടെ പഞ്ചായത്തിന്റെയോ/മുൻസിപാലിറ്റിയുടെയോ കോർപ്പറേഷന്റെയോ ആരോഗ്യനിലവാരം അയൽപക്കത്തേതുമായി, ചുരുങ്ങിയത് ആറ് ആരോഗ്യസൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുക. (2011 ലെ സെൻസസിൽ നിന്നോ അഥവാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ നിങ്ങൾക്ക് വിവരങ്ങൾ ക്രോഡീകരിക്കാവുന്നതാണ്).
2. ഒരു വ്യക്തിയുടെ ആരോഗ്യത്തെ നിർണയിക്കുന്ന പ്രധാനപ്പെട്ട ഘടകം പാരമ്പര്യമോ അതോ പരിസ്ഥിതിയോ എന്ന വിഷയത്തിൽ ഒരു സംവാദം നടത്തുക.

5.2 രോഗം (Disease)

നിങ്ങളുടെ ശരീരത്തിന്റെ പ്രവർത്തങ്ങളെ തകരാറിലാക്കുന്നതോ അസ്വസ്ഥത സൃഷ്ടിക്കുന്നതോ ആയ ഒരു രോഗം നിങ്ങളെ ബാധിച്ചിട്ടുണ്ടാകാം. രോഗമെന്ന പദം കൊണ്ട് എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത് ?

- ....

രോഗങ്ങളെ നിർവചിക്കാനുള്ള പല ശ്രമങ്ങളും നടന്നിട്ടുണ്ട്. ഓക്സ്ഫോർഡ് നിഘണ്ടു രോഗത്തിനെ നിർവചിച്ചിരിക്കുന്നത് 'ശരീരത്തിന്റെയോ അതിന്റെ ചിലഭാഗങ്ങളുടെയോ അല്ലെങ്കിൽ അവയവത്തിന്റെയോ പ്രവർത്തനങ്ങൾ തടസ്സപ്പെടുകയോ താറുമാറാകുകയോ ചെയ്യുന്ന ഒരു അവസ്ഥയാണ് രോഗം'.

പാരിസ്ഥിതികമായ കാഴ്ച്ചപ്പാടിൽ രോഗത്തെ നിർവചിച്ചിരിക്കുന്നത്, മനുഷ്യ ജീവിക്ക് അതിന്റെ പരിസ്ഥിതിയുമായി പൊരുത്തപ്പെടാനാകാത്തത് എന്നതാണ്. എല്ലാ സമൂഹത്തിലും ഉടലെടുക്കുന്ന ഒരു സമൂഹ്യ പ്രതിഭാസമായിട്ടാണ് രോഗത്തിനെ സാമൂഹ്യശാസ്ത്ര കാഴ്ച്ചപ്പാടിൽ പരിഗണിക്കുന്നത്. ശരീരത്തിന്റെയോ മനസിന്റെയോ സുസ്ഥിതി അല്ലെങ്കിൽ സാധാരണ നിലയിലുള്ള പ്രവർത്തനത്തിൽ നിന്നുള്ള വ്യതിചലനത്തെ രോഗമെന്ന് പൊതുവേ നിർവചിക്കാം.

ഒരു സമൂഹത്തിലെ നിരവധി ആൾക്കാരെ ബാധിക്കുന്ന രോഗത്തെയാണ് പകർച്ച വ്യാധി എന്നു വിളിക്കുന്നത്. ഉദാഹരണം – ചിക്കൻ പോക്സ്.

ഒരു ഭൂപ്രദേശത്തോ ഒരു ജനതയിലോ പുറത്ത് നിന്നും ഇറക്കുമതി ചെയ്യപ്പെടാത്തതും സാധാരണ പ്രതീക്ഷിക്കുന്ന ആവൃത്തിയിൽ സംഭവിക്കുന്നതും സ്ഥിരമായി കാണപ്പെടുന്നതുമായ രോഗത്തെയാണ് **പ്രാദേശിക സ്ഥിരവ്യാധി** (Endemic) എന്ന് പ്രതിപാദിക്കുന്നത്.

ഒരു രാജ്യമോ ലോകത്തിലെ ഒരു ഭൂഖണ്ഡമോ പോലുള്ള ഒരു വിശാലമായ ഭൂപ്രദേശത്തുള്ള ജനതയുടെ വലിയ അനുപാതത്തെ ബാധിക്കുന്ന രോഗമാണ് മഹാമാരി (**Pandemic disease**)

ഉദാഹരണം : 1962 ലെ കോളറ (ഇപ്പോഴും തുടരുന്നു), ഇബോള തുടങ്ങിയവ.

രോഗനിദാനത്രയം (Epidemiological Triad)



ഒരു രോഗത്തിന് പല കാരണങ്ങൾ ഉണ്ടാകാം. പൊതുവെ രോഗത്തിന് കാരണമാകുന്ന ഘടകങ്ങളെ രോഗഹേതു (ഏജന്റ്), ആതിഥേയൻ, പരിസ്ഥിതി എന്നിങ്ങനെ തരംതിരിക്കാം. ഈ മൂന്നു ഘടകങ്ങളെ രോഗനിദാനത്രയം എന്ന് വിശേഷിപ്പിക്കുന്നു. രോഗഹേതു, ആതിഥേയൻ, അനുകൂലമായ പരിസ്ഥിതി എന്നിവയുടെ കേവല സാന്നിദ്ധ്യം മനുഷ്യനിൽ രോഗം ആരംഭിക്കുന്നതിന് പര്യാപ്തമല്ല. ഒരു രോഗം ആരംഭിക്കുന്നതിന് ഈ മൂന്ന് ഘടകങ്ങൾ തമ്മിലുള്ള ഒരു ഇടപെടൽ ആവശ്യമായി വരുന്നു. ഈ മൂന്ന് ഘടകങ്ങളുടെ സവിശേഷതകൾ താഴെ കൊടുത്തിരിക്കുന്നു.

A. രോഗഹേതു ഘടകങ്ങൾ

രോഗപ്രസരണ ശൃംഖലയിലെ ആദ്യത്തെ കണ്ണിയാണ് രോഗത്തിന്റെ ഹേതു. ഒരു പദാർഥം അല്ലെങ്കിൽ മറ്റെന്തിന്റെയെങ്കിലും താരതമ്യേനയുള്ള അഭാവം രോഗം ആരംഭിക്കുന്നതിന് കാരണമായേക്കാവുന്നതിനെയാണ് രോഗഹേതുവെന്ന് നിർവചിച്ചിരിക്കുന്നത്. രോഗകാരണങ്ങളാകുന്ന പരിസ്ഥിതിയിലെ രോഗഹേതുക്കളെ താഴെപ്പറയുന്ന വിഭാഗങ്ങളായി വർഗീകരിക്കാം.

a. അജൈവ വിഭാഗം (Inanimate group) : പ്രധാനമായും സാംക്രമികേതര രോഗങ്ങൾക്ക് കാരണഭൂതരാകുന്നവ

i) ഭൗതിക ഹേതുക്കൾ - ഉദാ : താപം, പ്രകാശം, വികിരണം തുടങ്ങിയവ

ii) രാസ ഹേതുക്കൾ - ഉദാ : സൾഫർ, കാർബൺ മോണോക്സൈഡ് തുടങ്ങിയവ

iii) പോഷക ഏജന്റുകൾ - ഉദാ: വിറ്റാമിനുകൾ, മാംസ്യം, നാരുകൾ തുടങ്ങിയവ

b. ജീവനുള്ളവ (Animate group) : ബാക്ടീരിയ, വൈറസ്, ഫംഗസ്സ്, പ്രോട്ടോസോവകൾ, വിരകൾ തുടങ്ങിയവ.

B. ആതിഥേയ ഘടകം (Host Factor)

അനുയോജ്യമായ പരിസ്ഥിതിയിൽ ഏജന്റും, ആതിഥേയനും തമ്മിലുള്ള സമ്പർക്കത്തിന്റെ അനന്തരഫലം നിർണയിക്കുന്ന ചില പ്രധാനപ്പെട്ട ഘടകങ്ങളാണ് ആതിഥേയന്റെ പ്രായം, ലിംഗം, ശീലങ്ങൾ, ആചാരങ്ങൾ, ജനിതക ഘടന, മാനസിക, ജൈവിക സവിശേഷതകളായ ധൈര്യം, ആതിഥേയന്റെ പ്രതിരോധശക്തി തുടങ്ങിയവ.

C. പരിസ്ഥിതി ഘടകങ്ങൾ (Environmental Factors)

ഒരു ജീവിയുടെ ജീവൻ, വികാസം എന്നിവയെ ബാധിക്കുന്ന എല്ലാ ബാഹ്യമായ അവസ്ഥകളുടെയും ആകെ തുകയാണ് പരിസ്ഥിതി. ഇതിനെ താഴെ കൊടുത്തിരിക്കുന്ന വിധം വർഗീകരിച്ചിരിക്കുന്നു.

a) ഭൗതിക പരിസ്ഥിതി - വായു, ജലം, ഭക്ഷണം തുടങ്ങിയ ജീവനില്ലാത്ത എല്ലാ വസ്തുക്കളും.

b) ജൈവ പരിസ്ഥിതി - മൃഗങ്ങൾ, ഷഡ്പദങ്ങൾ, മറ്റ് മനുഷ്യർ എന്നിവ ഉൾപ്പെടുന്ന എല്ലാ ജീവനുള്ളവയും.

c) സാമൂഹ്യ-സാമ്പത്തിക പരിസ്ഥിതി - സാമൂഹ്യ-സാമ്പത്തികഘടകങ്ങളായ പാർപ്പിടം, സാമൂഹ്യസംഘങ്ങൾ, വിദ്യഭ്യാസം തുടങ്ങിയവ.



ചിത്രം 5.1. രോഗനിദാനത്രയം

വിവിധതരം രോഗങ്ങൾ (Types of Diseases)

രോഗങ്ങളെ പൊതുവായി രണ്ട് വിഭാഗങ്ങളായി തിരിക്കാം. സാംക്രമിക രോഗങ്ങളും സാംക്രമികേതര രോഗങ്ങളും.

A. സാംക്രമിക രോഗങ്ങൾ (Communicable Disease)

രോഗകാരികൾ വഴി (ബാക്ടീരിയ, വൈറസ്, ഫംഗസ് തുടങ്ങിയവ) ഒരു വ്യക്തിയിൽ നിന്ന് മറ്റ് വ്യക്തിയിലേക്ക് ഇത് കൈമാറ്റം ചെയ്യപ്പെടുന്നു. പകരുന്ന രീതിയുടെ (Mode) അടിസ്ഥാനത്തിൽ സാംക്രമിക രോഗങ്ങളെ വായുജന്യം (Air borne) (ഉദ : ക്ഷയരോഗം, ജലദോഷപ്പനി, ചിക്കൻ പോക്സ് തുടങ്ങിയവ), ജലജന്യം (Water borne) (ഉദാ : വയറിളക്കം, ചിരങ്ങ്, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവ), സ്പർശനം മൂലം (Contact basis) (ഉദാ: വട്ടച്ചൊറി, പകർച്ചപ്പനി തുടങ്ങിയവ), ജന്തു/പ്രാണിജന്യം (ഉദാ: പ്ലേഗ്, ഡെങ്കിപ്പനി, പേവിഷബാധ, H1 N1 തുടങ്ങിയവ), സൂചിയിലൂടെയും രക്തനിവേശനത്തിലൂടെയും (Blood transfusion) പകരുന്ന രോഗങ്ങൾ (ഉദാ: മഞ്ഞപ്പിത്തം, HIV/AIDS), ലൈംഗിക ബന്ധത്തിലൂടെ പകരുന്നവ (ഉദാ: എയ്ഡ്സ്, ഗോണോറിയ, സിഫിലിസ് തുടങ്ങിയവ) എന്നിങ്ങനെ വീണ്ടും തരംതിരിക്കാം.

രോഗങ്ങൾക്ക് കാരണമാകുന്ന ഏജന്റിന്റെ അടിസ്ഥാനത്തിൽ സാംക്രമിക രോഗങ്ങളെ വീണ്ടും തരംതിരിക്കാം.

a. ബാക്ടീരിയമൂലമുണ്ടാകുന്ന രോഗങ്ങൾ (ഉദാ: കോളറ, ക്ഷയരോഗം, കുഷ്ഠം)

b. വൈറസ് രോഗങ്ങൾ (ഉദാ: ചിക്കൻ പോക്സ്, അഞ്ചാംപനി, പേവിഷബാധ, മുണ്ടിനീര് തുടങ്ങിയവ)

c. ഫംഗസ്സ് രോഗങ്ങൾ (ഉദാ: വട്ടച്ചൊറി, അത്‌ലറ്റ്സ് ഫൂട്ട്, തുടകൾക്കിടയിൽ ഫംഗസ്സ് മൂലമുണ്ടാകുന്ന ഒരു തരം ചൊറി തുടങ്ങിയവ).

d. പ്രോട്ടോസോവ രോഗങ്ങൾ (ഉദാ: മലമ്പനി, വയറിളക്കം, നിദ്രാരോഗം തുടങ്ങിയവ)

e. വിരരോഗങ്ങൾ (ഉദാ: മന്ത് രോഗം, നാടവിരയും, കൊക്കോപ്പുഴുവും പകരുന്ന രോഗങ്ങൾ).

B. സാംക്രമികേതര രോഗങ്ങൾ (Non-Communicable Diseases)

സാംക്രമികേതര രോഗങ്ങൾ ഒരു വ്യക്തിയിൽ നിന്ന് മറ്റ് വ്യക്തിയിലേക്ക് പകരുന്നവയല്ല. അവ ശരീരം ശരിയായ രീതിയിൽ പ്രവർത്തിക്കാതിരിക്കുന്നത് മൂലം ഉണ്ടാകുന്നു. അവയവങ്ങളുടെയോ കലകളുടെയോ (Tissue) അപചയം, ക്രമരഹിതമായ കോശവളർച്ച, പിഴവുള്ള രക്ത രൂപീകരണവും പ്രവാഹവും തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഉദരം, കുടൽ, അന്തഃസ്രാവി വ്യവസ്ഥ തുടങ്ങിയവയുടെ അസ്വാസ്ഥ്യവും

ഇതിൽ ഉൾപ്പെടുന്നു. അപര്യാപ്തത, ശരീരത്തിന്റെ പ്രതിരോധ സമ്പ്രദായത്തിന്റെ വീഴ്ച്ചകൾ, അല്ലെങ്കിൽ മോശമായി പ്രവർത്തിക്കുന്ന നാഡീവ്യവസ്ഥ എന്നിവ മൂലവും ചിലരോഗങ്ങൾ ഉണ്ടാകുന്നു.

ഹൃദയധമനികൾ, വൃക്ക, നാഡി, മാനസിക രോഗങ്ങൾ, ദീർഘകാലമായിട്ടുള്ള ശ്വാസകോശ രോഗങ്ങളായ ശ്വാസനാള രോഗങ്ങൾ, ആസ്ത്മ തുടങ്ങിയവ സാംക്രമികേതരരോഗങ്ങളിൽ ഉൾപ്പെടും. കൂടാതെ അപകടങ്ങളുടെ സ്ഥായിയായ തിക്തഫലങ്ങൾ, പ്രായാധിക്യത്താലുണ്ടാകുന്ന മനഃശൈഥില്യം, അന്ധത, അർബുധം, പ്രമേഹം, പൊണ്ണത്തടി, അപചയരോഗങ്ങൾ എന്നിവയും സാംക്രമികേതര രോഗങ്ങളിൽപ്പെടുന്നു.

a) അപര്യാപ്തതാ രോഗങ്ങൾ (Deficiency Disease)

ഇത് സാംക്രമികേതര രോഗങ്ങളുടെ ഭാഗമായിട്ടുള്ളതും, ഭക്ഷണക്രമത്തിൽ പോഷകങ്ങളുടെ അഭാവംമൂലം ഉണ്ടാകുന്നതുമാണ്. നഷ്ടപ്പെട്ട് പോയ പോഷകങ്ങൾ പ്രദാനം ചെയ്ത് ഇവയെ പൊതുവെ തടയാവുന്നതാണ്. ഉദാഹരണത്തിന് വിറ്റാമിൻ എ യുടെ ലഭ്യതക്കുറവ് നിശാന്ധത രോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു.

b) അപചയരോഗങ്ങൾ (Degenerative Diseases)

ശരീരത്തിലുള്ള ചില അവയവങ്ങളുടെ അഥവാ ഒരു അവയവ വ്യവസ്ഥയുടെ തെറ്റായ പ്രവർത്തനത്തിലൂടെയാണ് ഇത് ഉടലെടുക്കുന്നത്. അപചയ രോഗങ്ങളുടെ ഉൽഭവവും നിലനിൽക്കലും ഭയാനകമായി വർദ്ധിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിമാറ്റം പ്രധാനമായും ഉണ്ടാകുന്നത് സാമൂഹ്യ-സാമ്പത്തിക വികസനത്തിന്റെ ഫലമായിട്ടുണ്ടാകുന്ന ജനസംഖ്യാപരവും ജീവിതശൈലീ വ്യതിയാനങ്ങളുടെയും കൂട്ടായിട്ടുള്ള മാറ്റങ്ങളിലൂടെയാണ്. ഉദാഹരണത്തിന് മറവിരോഗവും (Alzheimer's disease) വിറവാദവും (Parkinson's disease).

c) ജീവിതശൈലി രോഗങ്ങൾ (Life Style Diseases)

സാംസ്കാരികപരവും പെരുമാറ്റപരവുമായ രീതികൾ, ജീവിതകാലം മുഴുവനുള്ള വ്യക്തിപരമായ ശീലങ്ങൾ എന്നിവ ചേർന്ന ജീവിതരീതി മൂലമുണ്ടാകുന്ന രോഗങ്ങളെയാണ് ജീവിതശൈലി രോഗങ്ങൾ എന്ന് വിളിക്കുന്നത്. (ഉദാ: പുകവലി, മദ്യപാനം, ഫാസ്റ്റ് ഫുഡുകളുടെ അമിത ഉപയോഗം, അമിതാഹാരം, ശാരീരിക വ്യായാമത്തിന്റെ അഭാവം തുടങ്ങിയവ). ഇന്ന് ആധുനിക ചികിത്സാരീതികൾ സാംക്രമിക രോഗങ്ങളെ നിയന്ത്രിക്കുന്നതിലും ചികിത്സിക്കുന്നതിലും വിജയിച്ചിട്ടുണ്ട്; എന്നാൽ ആശുപത്രികൾ, ഡോക്ടർമാർ, ചികിത്സ കാര്യങ്ങളിൽ സഹായിക്കുന്നതിന് പരിശീലനം സിദ്ധിച്ച ആളുകൾ, മരുന്ന് നിർമാണ കമ്പനികൾ തുടങ്ങിയവയുടെ സംഖ്യ ഉയർന്നിട്ടുണ്ടെങ്കിലും ജീവിതശൈലി രോഗങ്ങൾ ഭയാനകമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഹൃദയധമനി രോഗങ്ങൾ, പൊണ്ണത്തടി, അർബുദം, പ്രമേഹം, ഉയർന്ന രക്തസമ്മർദം, പക്ഷാഘാതം, സന്ധിവാതം, തുടങ്ങിയവ എല്ലായിടത്തും വ്യാപിച്ചുകൊണ്ടിരിക്കുന്നു.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. നിങ്ങളുടെ പ്രദേശത്ത്, ഒരു ആദിവാസി ഗ്രാമത്തിൽ ധാരാളം വയറിളക്ക രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് സങ്കൽപ്പിക്കുക. ഈ രോഗത്തിന് കാരണമാകുന്ന സാധ്യമായ ഘടകങ്ങളെ രോഗനിദാന ത്രയത്തിന്റെ സഹായത്താൽ വിശകലനം ചെയ്യുക.
2. വിവിധ തരത്തിലുള്ള രോഗങ്ങളെ കാണിക്കുന്ന ഒരു ഫ്ളോചാർട്ട് തയ്യാറാക്കുക.

1. ഈ കാലഘട്ടത്തിൽ സാംക്രമികേതര രോഗങ്ങളുടെ ഭയാനകമായ വളർച്ചയിലേക്ക് നയിക്കുന്ന വിവിധ രോഗകാരണ ഘടകങ്ങളെ കാണിക്കുന്ന ചിത്രങ്ങളുടെ ഒരു ആൽബം തയ്യാറാക്കുക. (ഉദാ: മലിനീകരണം, ഫാസ്റ്റ് ഫുഡ് സംസ്ക്കാരം, രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം തുടങ്ങിയവ)

5.3 സുസ്ഥിതി (Wellness)



അടുത്തകാലത്ത് പൊതുവായി ചർച്ച ചെയ്യപ്പെടുന്ന ഒരു പദമാണ് സുസ്ഥിതി. ഇക്കാലത്ത് രോഗങ്ങളെ ചെറുക്കുവാനും നല്ല ആരോഗ്യം പരിപോഷിപ്പിക്കുവാനും നിലനിർത്താനുമുള്ള നടപടികൾ എടുക്കുന്നതിനെ കുറിച്ച് ജനങ്ങൾ കൂടുതൽ ബോധവാന്മാരായിരിക്കുന്നു. സുസ്ഥിതിയുടെ ഉദ്ദേശങ്ങൾ ഇവയാണ്.

i) അപചയ, ജീവിതശൈലി രോഗങ്ങളിൽ നിന്ന് ഒരു വ്യക്തിയെ സംരക്ഷിക്കുക.

ii) മരുന്നിന്റെ പാർശ്വഫലങ്ങൾ കുറയ്ക്കുക.

iii) ചികിൽസ ചെലവുകൾ ചുരുക്കുക.

iv) നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുക.

v) ഊർജസ്വലത തിരിച്ചുപിടിച്ചും പുനരുജ്ജീവിപ്പിച്ചും പ്രായാധിക്യ ഫലങ്ങൾ വന്നുഭവിക്കുന്നത് വൈകിപ്പിക്കുക.

നല്ല ആരോഗ്യം ഉറപ്പ് വരുത്തുന്നതിനുള്ള സുസ്ഥിതയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

a) ഗുണാത്മക അഥവാ ശുഭാത്മക മാനസിക മനോഭാവം (Positive Mental Attitude)

ഒരു വ്യക്തിക്ക് അവന്റെ/അവളുടെ ചുറ്റുപാടുകളോടും സഹജീവികളോടുമുള്ള ശുഭാത്മക മനോഭാവമാണിത്. ഇത് ഒരുവന് ശുഭാത്മകമായ ഊർജം നൽകുന്നു.

b) ആവശ്യത്തിനുള്ള ഉറക്കവും ഉല്ലാസവും

നമ്മുടെ ശരീരത്തിനും മനസ്സിനും ഉല്ലാസവും വിശ്രമവും ആവശ്യമാണ്. ഉറക്കം നമ്മുടെ ശരീരത്തിന് വിശ്രമം നൽകുന്നു. ഉല്ലാസവും ധ്യാനവും ആത്മീയവും മാനസികവുമായ ആരോഗ്യം പ്രദാനം ചെയ്യും. ഉദാ : യോഗ.

c) പതിവായ വ്യായാമം

നമ്മുടെ ശരീരത്തിന് എറോബിക്സ് (രക്തത്തിലെ പ്രാണവായുവിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള ഒരു തരം വ്യായാമം) ഉൾപ്പടെയുള്ള ശാസ്ത്രീയമായ വ്യായാമം ആവശ്യമാണ്. ഇത് ശാരീരിക പ്രവർത്തനങ്ങളെ ശരിയായി നിലനിർത്തി, ശരീരത്തെ പാകമായി സൂക്ഷിക്കും. ശാരീരിക അധ്വാനം, നടപ്പ്, നീന്തൽ, സൈക്കിൾ സവാരി തുടങ്ങിയവ നല്ല വ്യായാമങ്ങളാണ്.

d) ശരിയായ പോഷകം

നമ്മുടെ ആരോഗ്യത്തിൽ പോഷകത്തിന്റെ പങ്ക് ഉത്തമാരോഗ്യത്തിന് വളരെ പ്രധാനപ്പെട്ടതും മിക്കപ്പോഴും അവഗണിക്കപ്പെടുന്നതുമായ ഒരു ഘടകമാണ്. നിർഭാഗ്യവശാൽ ഇന്ന് നമ്മുടെ ഭക്ഷണക്രമത്തിൽ ശരിയായ പോഷകത്തിന്റെ അഭാവമാണ് ജീവന് ഭീഷണിയാകുന്ന നിരവധി രോഗങ്ങളുടെ പ്രധാന കാരണം.

നമ്മൾ പലപ്പോഴും ആഹാരത്തെ പോഷകമായി തെറ്റിദ്ധരിക്കും. നാം ദിവസവും ഭക്ഷിക്കുന്നതാണ് ആഹാരം. അത് ആവശ്യം, രുചിഭേദം, ലഭ്യത, പ്രാപ്തി തുടങ്ങിയവയെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ശരീരത്തിന് ലഭിക്കുന്നതാണ് ആഹാരം.

എന്നാൽ പോഷകമെന്നത് നമ്മുടെ സംസ്കാരം, രുചിഭേദങ്ങൾ എന്നിവ പരിഗണിക്കാതെ നമ്മുടെ ശരീരത്തിന് ആവശ്യമായിട്ടുള്ളതാണ്. അതിന്റെ ആവശ്യം നമുക്കെല്ലാവർക്കും ഏറെക്കുറേ ഒരുപോലെയാണ്.

ഇപ്പോഴുള്ള ചോദ്യമിതാണ്; 'നമുക്ക് ആവശ്യമായ പോഷകങ്ങൾ നമുക്ക് ലഭിക്കുന്നുണ്ടോ?' ഇതിനായി നാം ആവശ്യമായ പ്രധാനപ്പെട്ട പോഷകങ്ങളെകുറിച്ച് അറിയണം.

നമ്മുടെ ശരീരത്തിന് ദിനംപ്രതി ആവശ്യമായ വ്യത്യസ്തങ്ങളായ പദാർത്ഥങ്ങളെയാണ് പോഷകമെന്നതു കൊണ്ട് സൂചിപ്പിക്കപ്പെടുന്നത്. അവയെ സാമാന്യമായി രണ്ടായി തരംതിരിച്ചിരിക്കുന്നു. സ്ഥൂലപോഷകങ്ങൾ (Macro Nutrients), സൂക്ഷ്മപോഷകങ്ങൾ (Micro Nutrients).

I. സ്ഥൂല പോഷകങ്ങൾ (Macro Nutrients)

- **ജലം (Water)**–നമുക്ക് ദിവസവും 2 തൊട്ട് 2.5 ലിറ്റർ കുടിവെള്ളം ആവശ്യമാണ്. ഇത് വൻകുടലിൽ ക്യാൻസർ ഉണ്ടാകാനുള്ള സാധ്യത 40 ശതമാനത്തോളം കുറയ്ക്കുന്നു.
- **അന്നജം (Carbohydrates)**– ദിവസവും നമുക്ക് 250 തൊട്ട് 750 ഗ്രാം അന്നജം ആവശ്യമാണ്. ധാരാളം നാരുകൾ ചേർന്ന സങ്കീർണമായ അന്നജമാണ് നമ്മുടെ

ഭക്ഷണക്രമത്തിൽ ഉൾക്കൊള്ളിക്കേണ്ടത്. ഉദാ - മരച്ചീനി, ചോറ് തുടങ്ങിയവ.

- **കൊഴുപ്പ് (Fat)**- നമുക്ക് 20 തൊട്ട് 60 ഗ്രാം അപൂരിത കൊഴുപ്പ് ദിവസവും ആവശ്യമാണ്. അവ ഒമേഗ-3 എന്ന് അറിയപ്പെടുന്നു. ഇത് ചെറിയ മീനുകളിൽ കാണപ്പെടുന്നു.
- **മാംസ്യം (Protein)**- ഇതിൽ കോശങ്ങളുടെ പുനർജീവനത്തിന് സഹായിക്കുന്ന അവശ്യ അമിനോ അമ്ലങ്ങൾ (Essential amino acids) ഉൾപ്പെടുന്നു. ഒരു കിലോഗ്രാം ശരീരഭാരത്തിന് ഒരു ഗ്രാം എന്ന അനുപാതത്തിൽ ശരീരത്തിന് മാംസ്യം ആവശ്യമാണ്.

2. സൂക്ഷ്മപോഷകങ്ങൾ (Micro nutrients)

നമുക്ക് ദിനംതോറും 13 അവശ്യ ജീവകങ്ങളും (Essential vitamins) 11 അവശ്യ ധാതുക്കളും (Essential minerals) ആവശ്യമാണ്. നാം 400 ഗ്രാം തൊട്ട് 600 ഗ്രാം വരെ ബയോഫ്ളേവനോയിഡ് (bioflavonoids) അടങ്ങിയ, അതായത് നിറം നഷ്ടപ്പെടാത്തതരത്തിൽ വിവിധ തരത്തിലുള്ള ശുദ്ധമായ പഴങ്ങളും, പച്ചക്കറികളും ഭക്ഷിക്കേണ്ടതുണ്ട്.

സുസ്ഥിതിയും ജീവിതശൈലി രോഗങ്ങളും

ചാർജ്ജ് ചെയ്യപ്പെട്ട ഓക്സിജന്റെ ആറ്റങ്ങളായ ഫ്രീ റാഡിക്കലുകളാണ് (Free radicals) ജീവിതശൈലി രോഗത്തിന്റെ മുഖ്യമായ കാരണമെന്ന് സമീപകാല പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഒക്സിജന് രണ്ട് രീതിയുള്ള പ്രവർത്തനങ്ങളുണ്ട്. ഒരു ഭാഗത്ത് അത് ജീവന്റെ അടിസ്ഥാനമാണെങ്കിൽ മറു ഭാഗത്ത് അതുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നതെന്തിനേയും അത് ഓക്സീകരിക്കുന്നു. ഇരുമ്പ് തുരുമ്പു പിടിക്കുന്നത്, ആപ്പിൾ തവിട്ടു നിറമാകുന്നത്, വെങ്കലം ക്ലാവ് പിടിക്കുന്നത് തുടങ്ങിയവ ഓക്സീകരണത്തിന്റെ (Oxidation) ഉദാഹരണങ്ങളാണ്. നാം വലിയ അളവിൽ ഓക്സിജനെ നമ്മുടെ ശരീരത്തിലേക്ക് ശ്വസനത്തിലൂടെ സ്വീകരിക്കുന്നു. ഉപാപചയ പ്രക്രിയയിൽ (Metabolic process) നാലു മുതൽ പത്ത് ശതമാനം ഓക്സിജൻ ആറ്റങ്ങളും ഇലക്ട്രോണുകളുടെ കുറവ് മൂലം ഫ്രീ റാഡിക്കലുകളായി തീരുന്നു.

ഈ ഫ്രീ റാഡിക്കലുകൾ ആന്തരിക അവയവങ്ങളെയോ, ഗ്രന്ഥികളെയോ ആക്രമിക്കുകയും, അത് മനുഷ്യശരീരത്തിന്റെ ഏതു ഭാഗവുമായാണോ ബന്ധപ്പെട്ടിരിക്കുന്നത് അതിന്റെ രോഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഫ്രീ റാഡിക്കലുകൾ പാൻക്രിയാസിനെ ആക്രമിക്കുകയാണെങ്കിൽ അത് പ്രമേഹരോഗത്തിലേക്ക് നയിക്കാം. സന്ധികളെ ആക്രമിക്കുകയാണെങ്കിൽ സന്ധിവാതമായും ഹൃദയത്തെ ആക്രമിക്കുകയാണെങ്കിൽ ഹൃദയസ്തംഭനമായും മാറാം. അത് ഡി.എൻ.എ. (DNA) യെ ആക്രമിക്കുകയാണെങ്കിൽ കാൻസറിലേക്ക് നയിക്കാം. ചുരുക്കത്തിൽ ഫ്രീ റാഡിക്കലുകൾ മൂലമുണ്ടാകുന്ന ആന്തരിക ഓക്സീകരണം അഥവാ ഓക്സീകരണ സമ്മർദം (Oxidative stress) ആണ് ജീവിതശൈലി രോഗങ്ങളുടെ പ്രധാനപ്പെട്ട കാരണമായി ആധുനിക പഠനങ്ങൾ വെളിപ്പെടുത്തുന്നത്.

നിരോക്സീകാരികളുടെ (Antioxidants) സാന്നിധ്യത്തിൽ ഫ്രീ റാഡിക്കലുകൾ നിഷ്ക്രിയമാവുന്നു. ജീവകം എ, ജീവകം സി, ജീവകം ഇ, സെലിനിയം എന്ന ധാതു,

ബയോഫ്ളേവനോയിഡ് എന്നിവയാണ് പ്രധാനപ്പെട്ട നിരോക്സീകാരികൾ (Antioxidants). ഇവ പുതിയ പച്ചക്കറികളിൽ ധാരാളം കാണപ്പെടുന്നു. ഇവ വലിയ അളവിലും ഗുണത്തിലും നമ്മുടെ പൂർവികർ ഭക്ഷിച്ചിരുന്നു. എന്നാൽ ജീവിതശൈലിയിലുള്ള മാറ്റങ്ങളായ ഫാഷൻ, ഫാസ്റ്റ് ഫുഡ് സംസ്കാരം തുടങ്ങിയവ നമ്മുടെ ഭക്ഷണക്രമത്തിൽ നിന്ന് അത്യാവശ്യ ജീവകങ്ങളെ മാറ്റി നിർത്തുന്നു. ഈ പ്രശ്നത്തിനുള്ള പോംവഴി നമ്മുടെ ഭക്ഷണ ക്രമത്തിൽ നിരോക്സീകാരികൾ ഉൾപ്പെടുത്തി അതിന്റെ അളവ് വർദ്ധിപ്പിക്കുകയാണ്. അതിനായി ബയോഫ്ളേവനോയിഡുകൾ ഉൾക്കൊള്ളുന്ന പുതിയതും സുരക്ഷിതവുമായ ധാരാളം പഴങ്ങളും പച്ചക്കറികളും ഭക്ഷിക്കുക.

രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുന്നതാണ് എന്ന് പറയാറുണ്ട്. ഉത്തമ ആരോഗ്യം നിലനിർത്താനായി ധാരാളം അളവിൽ പച്ചക്കറികൾ ഭക്ഷിക്കുക. അങ്ങനെയാണെങ്കിൽ നമുക്ക് അസുഖത്തിൽ നിന്ന് സുസ്ഥിതിയിലേക്ക് (Wellness) കടക്കാനാകും. അതുകൊണ്ട്, ഈ കാലഘട്ടത്തിന്റെ ശരിയായ നീക്കമെന്നത് രോഗ ചികിത്സയേക്കാൾ സുസ്ഥിതി പരിപോഷിപ്പിക്കലാണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സുസ്ഥിതി എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ? സുസ്ഥിതിയുടെ ഏതെങ്കിലും നാലു ഘടകങ്ങൾ പ്രതിപാദിക്കുക.
2. സൂക്ഷ്മ അളവിൽ ആവശ്യമുള്ള ഏതെങ്കിലും മൂന്ന് പോഷകങ്ങൾ തിരിച്ചറിയുക.

രോഗങ്ങളെ തടയുന്നതിലും ആരോഗ്യം മെച്ചപ്പെടുത്തുന്നതിലും ശരിയായ പോഷകത്തിന്റെ പ്രാധാന്യത്തെ കുറിച്ച് LP സ്കൂളിലെ കുട്ടികൾക്കും മാതാപിതാക്കൾക്കും ഒരു സെമിനാർ നടത്തുക. നിങ്ങൾക്ക് ഒരു ഡയറ്റീഷ്യന്റെ സഹായം തേടാം.

5.4 മാനസിക ആരോഗ്യം (Mental Health)

മാനസിക ആരോഗ്യത്തിൽ നമ്മുടെ വൈകാരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി ഉൾക്കൊള്ളുന്നു. അത് നമ്മുടെ ചിന്ത, തോന്നൽ, പെരുമാറ്റം എന്നിവയെ ബാധിക്കുന്നു. അത് നാം പിരിമുറുക്കം കൈകാര്യം ചെയ്യുന്ന രീതി, മറ്റുള്ളവരോടെ ഇടപഴകുന്നത്, തീരുമാനങ്ങൾ എടുക്കുന്നത് എന്നിവയെ സ്വാധീനിക്കുന്നു. മാനസിക ആരോഗ്യം ബാല്യകാലം, കൗമാരം, യൗവനം തുടങ്ങി എല്ലാ ജീവിത ദശകങ്ങളിലും പ്രധാനപ്പെട്ടതാണ്.

നല്ല മാനസിക ആരോഗ്യം എന്നത് മാനസിക രോഗങ്ങളുടെ അഭാവം എന്നതിലും ഉപരിയാണ്. അത് ഒരുവനെ തന്റെ ജീവിതം പുഷ്ടിപ്പെടുത്താനും അത് നിറയെ ആസ്വദിക്കാനും അനുവദിക്കുന്ന ഒരു മാനസിക അവസ്ഥയായി കാണാവുന്നതാണ്. അത് ജീവിതത്തിലെ ശുഭാത്മകവും നിഷേധാത്മകവുമായിട്ടുള്ള അനുഭവങ്ങളെ അഭിമുഖീകരിക്കാനുള്ള കഴിവാണ്.

"ലോകത്തോടും പരസ്പരവും പരമാവധി ഫലപ്രദമായും സന്തോഷത്തോടുകൂടിയും പൊരുത്തപ്പെട്ട് പോകാനുള്ള കഴിവാണ് മാനസിക ആരോഗ്യം" - കാൾ മെനിഞ്ചർ. ഡബ്ല്യു.ഡബ്ല്യു.ബൊഹം മാനസിക ആരോഗ്യത്തിനെ ഇങ്ങനെ നിർവചിക്കുന്നു. "സമൂഹ്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നതും വ്യക്തിപരമായി തൃപ്തിയേകുന്നതുമായ സാമൂഹ്യ നിർവഹണത്തിന്റെ ഒരു അവസ്ഥയും നിലയുമാണ് മാനസിക ആരോഗ്യം."

പൊതുവേ മാനസിക ആരോഗ്യത്തെ ഇങ്ങനെ നിർവചിക്കാം. ഒരുവൻ ഭാഗമായിരിക്കുന്ന സംഘത്തിന്റെ ദീർഘകാലമായ പുരോഗതിക്കും സുസ്ഥിതിക്കും അനുസൃതമായി വ്യക്തിയുടെ ഉത്തമവികസനവും പ്രവർത്തനങ്ങളുമാണ് മാനസിക ആരോഗ്യം.

മാനസിക ആരോഗ്യത്തിന്റെ സവിശേഷതകൾ

ദേശിയ മാനസിക ആരോഗ്യ അസോസിയേഷൻ മാനസികാരോഗ്യമുള്ള ജനങ്ങളുടെ സവിശേഷതകളായി പറയുന്നവ താഴെകൊടുത്തിരിക്കുന്നു.

i. അവർക്ക് അവരെക്കുറിച്ച് നല്ല മതിപ്പുണ്ടായിരിക്കും.

ii. അവർ ഭയം, കോപം, അസൂയ, കുറ്റബോധം, ഉത്കണ്ഠ മുതലായ വികാരങ്ങളാൽ അത്യധികമായി പരവശരായി തീരുന്നില്ല.

iii. അവർക്ക് നീണ്ടുനിൽക്കുന്നതും തൃപ്തികരവുമായ വ്യക്തിബന്ധങ്ങളുണ്ട്.

iv. അവർക്ക് മറ്റുള്ളവരുടെ സാന്നിധ്യം സുഖകരമായി അനുഭവപ്പെടുന്നു.

v. അവർക്ക് തങ്ങളെ സ്വയം പരിഹസിച്ചും മറ്റുള്ളവരോടൊപ്പം ചേർന്നും ചിരിക്കുവാൻ സാധിക്കുന്നു.

vi. അവർക്ക് തങ്ങളോടും മറ്റുള്ളവരോടും ബഹുമാനമുണ്ടാകും.

vii. അവർക്ക് ജീവിതത്തിലുണ്ടാകുന്ന നിരാശകൾ സ്വീകരിക്കുവാനുള്ള കഴിവുണ്ടായിരിക്കും.

viii. അവർക്ക് ജീവിതാവശ്യങ്ങൾ നിറവേറ്റാനും പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ അവയെ കൈകാര്യം ചെയ്യുവാനും കഴിയും.

ix. അവർ സ്വയം തീരുമാനങ്ങൾ എടുക്കുന്നു.

x. അവർ സാധ്യമാകുമ്പോഴെല്ലാം അവരുടെ പരിതസ്ഥിതിയെ രൂപപ്പെടുത്തുകയും ആവശ്യമാകുമ്പോൾ അതിനോട് പൊരുത്തപ്പെടുകയും ചെയ്യുന്നു.

മാനസിക ആരോഗ്യത്തിന് സംഭാവനചെയ്യുന്ന ഘടകങ്ങൾ

ഒരു വ്യക്തിയുടെ മാനസിക ആരോഗ്യത്തിലേക്ക് പാരമ്പര്യം, ജൈവാവസ്ഥ, മാനസിക സാമൂഹിക ഘടകങ്ങൾ തുടങ്ങിയവ പോലുള്ള നിരവധി ഘടകങ്ങൾ സംഭാവന ചെയ്യുന്നു.

a. **പാരമ്പര്യം (Heredity):** അവ മാതാപിതാക്കളിൽ നിന്ന് സന്തതികളിലേക്ക് കൈമാറ്റം ചെയ്യുന്ന ചില വിശേഷഗുണങ്ങളാണ്. വിഷാദം, ബൈപോളാർ വൈകല്യങ്ങൾ (Bipolar disorders), സ്കിസോഫ്രീനിയ തുടങ്ങിയവ പോലുള്ള മാനസിക തകരാറുകൾ ജനിതക കാരണങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു.

b. **ജൈവാവസ്ഥ (Organic Condition)** : മാനസിക അസുഖങ്ങളുടെ ഉത്ഭവം ജൈവാവസ്ഥകളായ തലച്ചോറിലെ രക്തകുഴലുകളുടെ വിങ്ങൽ, നാഡീരോഗങ്ങൾ, അന്തസ്രാവീഗ്രന്ഥികളുമായി ബന്ധപ്പെട്ട തകരാറുകൾ മറ്റ് സന്ധായിയായ രോഗങ്ങൾ എന്നിവയാവാം.

c. **മാനസിക സാമൂഹിക ഘടകങ്ങൾ (Psycho-social factors):** മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്ന സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങളിൽ ഉൾപ്പെടുന്നത്, ദുഃഖങ്ങൾ, ഉത്കണ്ഠകൾ, വൈകാരിക സമ്മർദ്ദങ്ങൾ, മോഹഭംഗങ്ങൾ, ഇഷ്ടമല്ലാത്ത വിവാഹം, കുടുംബത്തകർച്ച, ദാരിദ്ര്യം, വ്യവസായവൽക്കരണം, നഗരവൽക്കരണം, കുടുംബത്തിന്റെ ഘടനാപരമായ മാറ്റങ്ങൾ, സാമ്പത്തിക അരക്ഷിതാവസ്ഥ തുടങ്ങിയവയാണ്.

d. **ആത്മാഭിമാനം (Self esteem):** ഇത് നാം നമുക്കും നമ്മുടെ ഗുണാത്മകമായ സ്വന്തം പ്രതിച്ഛായയ്ക്കും, സ്വന്തം ശ്രേഷ്ഠതയെക്കുറിച്ചുള്ള അവബോധത്തിനും കൊടുക്കുന്ന മൂല്യമാണ്. ഉയർന്ന ആത്മാഭിമാനമുള്ളവർ പൊതുവേ ശുഭാത്മകമായ കാഴ്ചപ്പാടുകളും നല്ല മാനസികാരോഗ്യമുള്ളവരും ആയിരിക്കും. എന്നാൽ നിഷേധാത്മക ആത്മാഭിമാനം സാമൂഹ്യ ഉൾവലിയൽ, വിഷാദം, ഉത്കണ്ഠ തുടങ്ങിയവയിലേക്ക് നയിക്കുന്നു.

e. **ശാരീരിക അനാരോഗ്യം** : രോഗങ്ങൾ, മുറിവുകൾ, കൂടാതെ മറ്റ് ശാരീരിക പ്രശ്നങ്ങൾ എന്നിവ പലപ്പോഴും മോശമായ മാനസികാരോഗ്യത്തിന് കാരണമാകുന്നു. ശാരീരിക കാരണങ്ങളായ ജനന ആഘാതം, മസ്തിഷ്ക ക്ഷതം, അല്ലെങ്കിൽ ലഹരി മരുന്നുകളുടെ ദുരുപയോഗം മുതലായവ നേരിട്ട് മസ്തിഷ്ക രാസഘടനയെ ബാധിക്കുകയും മാനസിക അസുഖത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

മാനസിക നിലവാര പരിശോധന (Mental Status Examination)

അഭിമുഖ സമയത്ത് മാനസിക അസുഖമുള്ള ഒരു വ്യക്തിയുടെ മാനസിക അടയാളങ്ങളും ലക്ഷണങ്ങളും പരിശോധകൻ രേഖപ്പെടുത്തുന്ന ചിട്ടയായ ഒരു നടപടിക്രമമാണ് മാനസിക നിലവാര പരിശോധന. അത് മാനസിക പ്രവർത്തനങ്ങളുടെ എല്ലാ മേഖലകളും വിശദീകരിക്കുന്നു.

ചിട്ടപ്പെടുത്തിയ മാനസിക പരിശോധന ഉപാധികളുടെ സഹായത്തോടെ ഒരു മനോരോഗ വിദഗ്ധൻ അല്ലെങ്കിൽ ഒരു ക്ലിനിക്കൽ പ്രാക്ടീഷണർക്ക് ഒരു സേവന സ്വീകർത്താവിന്റെ (Client) മാനസിക അവസ്ഥകൾ വസ്തുനിഷ്ഠമായി അവലോകനം ചെയ്യാൻ സാധിക്കുകയും അതിലൂടെ രോഗനിർണയം നടത്തുവാനും ചികിൽസാ പദ്ധതികൾ രൂപീകരിക്കാനും സാധിക്കുന്നു.

മാനസിക നിലവാര പരിശോധനയുടെ ഒരു മാതൃകാ രൂപഘടന താഴെ ബോക്സിൽ കൊടുത്തിരിക്കുന്നു.

മാനസിക നിലവാര പരിശോധന (MSE)

1. പൊതുവായ ബാഹ്യരൂപവും പെരുമാറ്റവും

i) പൊതുവായ ബാഹ്യരൂപം, ഉദാ : ശാരീരിക രൂപഭാവങ്ങൾ, ശുചിത്വം, ഒരുക്കം, വസ്ത്രധാരണം തുടങ്ങിയവ.

ii) പരിശോധകനോടുള്ള മനോഭാവം, ഉദാ : സഹകരണം, ശ്രദ്ധ തുടങ്ങിയവ

iii) മനസ്സിലാക്കൽ ; സമഗ്രം/ബലഹീനം (ഭാഗികമായോ മുഴുവനായോ)

iv) ചലനരീതിയും അംഗവിന്യാസവും (സാധാരണമായത് അല്ലെങ്കിൽ അസാധാരണ രീതിയിലുള്ള ഇരിപ്പ്, നിൽപ്പ്, നടപ്പ്)

v). ചലനാത്മക പ്രവർത്തനം - വികാരവിക്ഷോഭം, അസ്വസ്ഥത, ചേഷ്ടകൾ, സാമൂഹ്യ ഉൾവലിവ്, ഓട്ടിസം (പഠനം, സംസാരം, ആശയവിനിമയം തുടങ്ങിയവയെ ബാധിക്കുന്ന ഒരു മാനസികരോഗം)

vi) സാമൂഹ്യചേഷ്ടകൾ : അവാചികമായ പെരുമാറ്റം, കണ്ണിൽ നോക്കിയുള്ള സംസാരം

vii) പ്രൊഫഷണൽ ബന്ധത്തിനുള്ള സാധ്യത (rapport); രോഗിയോട് പ്രവർത്തനോന്മുഖമായ അല്ലെങ്കിൽ സഹാനുഭവമായ ബന്ധം സൃഷ്ടിക്കൽ.

2. സംസാരം (Speech)

i) നിരക്കും അളവും : സേവന സ്വീകർത്താവ് സംസാരിക്കുന്നുണ്ടോ ഇല്ലയോ? സ്വാഭാവികത; വേഗത്തിലുള്ള സംസാരം അല്ലെങ്കിൽ സാവധാനത്തിലുള്ള സംസാരം.

ii) സംസാരത്തിന്റെ ശബ്ദവും ധ്വനിയും - താഴ്ന്നത്, ഉയർന്നത്, സാധാരണം, സ്ഥായി (pitch), വിക്ക്, ഉച്ചാരണം തുടങ്ങിയവ.

3. ഭാവനിലയും വികാരങ്ങളും (Mood and Affect)

ഭാവനിലയുടെ വിലയിരുത്തലിൽ ഭാവത്തിന്റെ ഗുണനിലവാരം, വ്യത്യാസങ്ങൾ, ഭാവം നിലനിൽക്കുന്ന സമയ ദൈർഘ്യം തുടങ്ങിയവ ഉൾപ്പെടുന്നു.

4. ചിന്ത (Thought)

ചിന്താ പ്രക്രിയ ലക്ഷ്യോന്മുഖമാണോ, യുക്തിപരമാണോ, യാഥാർത്ഥ്യ ബോധത്തോട് കൂടിയുള്ളതാണോ, എങ്ങനെയാണ് ചിന്തയുടെ ഒഴുക്കും രൂപവും, ചിന്തയുടെ ഉള്ളടക്കം തുടങ്ങിയവ. ഉദാ: യുക്തിരഹിതമായ ഭയം, തെറ്റായ വിശ്വാസങ്ങൾ, അമിതമായി വിലകൊടുക്കുന്ന ആശയങ്ങൾ, സ്നേഹം, അസൂയ തുടങ്ങിയവ.

5. **ഗ്രഹിക്കൽ (Perception)**

സേവന സ്വീകർത്താവ് ഇന്ദ്രിയ അനുഭവങ്ങളെക്കുറിച്ച് അവബോധമുള്ള യാളാണോ? മുൻകാല അനുഭവങ്ങളുമായി താരതമ്യം ചെയ്ത് അത് തിരിച്ചറിയാൻ സാധിക്കുന്നുണ്ടോ?.

6. **സംജ്ഞാനം (Cognition) (ഉയർന്ന മാനസിക വ്യാപാരം)**

i. ബോധം
ii. ദിശാബോധം
iii. ശ്രദ്ധ
iv. എകാഗ്രത
v. ഓർമ്മ
vi. ബുദ്ധിശക്തി
vii. അമൂർത്ത ചിന്ത

7. **ഉൾക്കാഴ്ച്ച (Insight)**

ഇത് രോഗി അവന്റെ/അവളുടെ അസുഖത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന്റെയും രോഗത്തെക്കുറിച്ചുള്ള അവബോധത്തിന്റെയും തോതാണ്. ഇത് രോഗിയുടെ പ്രതികരണത്തെ ആസ്പദമാക്കി തരംതിരിച്ചിരിക്കുന്നു.

8. **നിർണയം (Judgement)**

ഒരു സാഹചര്യത്തെ പരിപൂർണമായും അനുയോജ്യമായും വിലയിരുത്താനുള്ള കഴിവാണിത്.

5.5 പൊതുവായ മാനസിക തകരാറുകൾ (Common Mental Disorders)

മാനസിക തകരാറുകളും മാനസിക പ്രക്ഷോഭങ്ങളും സാധാരണ സ്ഥിതിയിൽ നിന്നുള്ള വ്യതിയാനത്തിന്റെ അടിസ്ഥാനത്തിലാണ് നിരീക്ഷിക്കപ്പെടുന്നത്. മാനസിക തകരാറുകൾ സാധാരണയായി ഒരു വ്യക്തിയുടെ സാമൂഹ്യ ഇടപെടലുകളിലോ, തൊഴിൽ മേഖലയിലോ അല്ലെങ്കിൽ ഒരുവന്റെ മറ്റ് പ്രധാനപ്പെട്ട പ്രവർത്തന മേഖലകളിലോ പ്രകടമാകുന്ന അസ്വസ്ഥതകളാണ്.

മാനസിക തകരാർ എന്നത് സംജ്ഞാനം (Cognition) അല്ലെങ്കിൽ കാര്യകർത്തൃത്വം (Conation, പ്രവർത്തനം) അല്ലെങ്കിൽ വികാരം (Affection, വൈകാരികാനുഭവം) അല്ലെങ്കിൽ ഇവ് മൂന്നിലും ഉണ്ടായേക്കാവുന്ന അസ്വാസ്ഥ്യങ്ങളാണ്.

മാനസിക തകരാറുകളെ പോതുവേ ഗൗരവമായതും (Major), ലഘുവായതും (Minor) എന്ന് തരംതിരിക്കാം. ഗൗരവമായ അസുഖങ്ങളെ ബുദ്ധിഭ്രമം (Psychoses) എന്ന് വിളിക്കുന്നു. സ്കിസോഫ്രീനിയ, മാനിക് ഡിപ്രസീവ് സൈക്കോസിസ്, സംശയരോഗം (Paranoia) തുടങ്ങിയവ ഗൗരവമായ ചില മാനസിക അസുഖങ്ങളാണ്. ലഘുവായ മാനസിക അസുഖങ്ങളെ നാഡീരോഗമെന്നും (Neurosis) വ്യക്തിത്വ തകരാർ (Personality Disorder) എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ഉത്കണ്ഠ, അസാധാരണ ഭീതി (Phobia), ഉന്മാദം (Hysteria), ഒബ്സസീവ് കമ്പൽസീവ് ന്യൂറോസിസ് (Obsessive Compulsive Neurosis) തുടങ്ങിയവയാണ് ചില ലഘുമാനസിക അസുഖങ്ങൾ. അതിൽ ചിലതിനെക്കുറിച്ച് നമുക്ക് വിശദമായി ചർച്ച ചെയ്യാം.

വിഷാദം (Depression)

എല്ലാവർക്കും ഇടയ്ക്കിടെ മ്ലാനതയോ സങ്കടമോ തോന്നാറുണ്ട്. എന്നാൽ ഈ തോന്നലുകൾ സാധാരണയായി കുറച്ച് സമയം മാത്രമേ നീണ്ടുനിൽക്കൂ. അത് ഏതാനും മണിക്കൂറുകൾ അഥവാ ദിവസങ്ങൾക്കുള്ളിൽ കടന്നുപോകുന്നു. ഈ അവസ്ഥ ഒരുവന്റെ ദൈനംദിന ജീവിതത്തേയും പെരുമാറ്റത്തേയും ബാധിച്ച് അകാരണമായി തുടരുകയാണെങ്കിൽ അത് വിഷാദത്തിന്റെ സൂചനയാകാം.

വിഷാദത്തിന്റെ സൂചനകളും ലക്ഷണങ്ങളും

- നിരന്തരമായ സങ്കടം, ഉത്കണ്ഠ അല്ലെങ്കിൽ നിരർത്ഥതാബോധം
- കുറ്റബോധം, വിലകൽപ്പിക്കാത്ത അവസ്ഥ അല്ലെങ്കിൽ നിസഹായവസ്ഥ
- കോപശീലം
- പ്രവർത്തനങ്ങളിലോ, വിനോദ വൃത്തിയിലോ താൽപര്യം ഇല്ലാതാകുക.
- തളർച്ചയും ഊർജ്ജരാഹിത്യവും
- ശ്രദ്ധിക്കാനും വിശദാംശങ്ങൾ ഓർത്തുവയ്ക്കാനും തീരുമാനങ്ങൾ എടുക്കാനും ബുദ്ധിമുട്ട്
- ഉറക്കമില്ലായ്മ, അതിരാവിലെ ഉണർന്നിരിക്കുക, അല്ലെങ്കിൽ അമിത ഉറക്കം
- അമിത ഭക്ഷണം അല്ലെങ്കിൽ വിശപ്പില്ലായ്മ
- ആത്മഹത്യാ ചിന്തകൾ അല്ലെങ്കിൽ ആത്മഹത്യാശ്രമങ്ങൾ
- തലവേദന, വയറുവേദന തുടങ്ങിയ ചികിത്സയിലൂടെ തീരാത്ത മാനസിക കാരണങ്ങളാൽ ഉണ്ടാകുന്ന ശാരീരിക രോഗങ്ങൾ (Psychosomatic symptoms)

വിഷാദരോഗത്തിന്റെ കാരണങ്ങൾ

വിഷാദം മിക്കവാറും ജനിതകം, ജൈവികം, പാരിസ്ഥിതികം, മാനസികം എന്നീ ഘടകങ്ങളുടെ സംയുക്തമായ കാരണങ്ങളാൽ ഉണ്ടാകുന്നു. മസ്തിഷ്കത്തിന്റെ തകരാറുകളാണ് വിഷാദ രോഗമെന്ന് ഗവേഷണം സൂചിപ്പിക്കുന്നു.

വിഷാദമുള്ള ഒരു വ്യക്തിയെ എങ്ങനെ സഹായിക്കാം

- വൈകാരിക പിന്തുണ നൽകുക
- ക്ഷമ കാണിക്കുകയും മനസിലാക്കുകയും ചെയ്യുക.
- അവനോട്/അവളോട് സംസാരിക്കുകയും ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും ചെയ്യുക
- അവരുടെ തോന്നലുകൾ ഒരിക്കലും പുറന്തള്ളരുത്, മറിച്ച് യാഥാർത്ഥ്യങ്ങളെ ചൂണ്ടിക്കാണിക്കുക, പ്രതീക്ഷ നിൽകുക.
- ആത്മഹത്യയെ കുറിച്ചുള്ള അവരുടെ അഭിപ്രായ പ്രകടനം ഒരിക്കലും അവഗണിക്കരുത്.
- വൈദ്യസഹായം സ്വീകരിക്കാൻ അവനെ/അവളെ സഹായിക്കുക

ബൈപോളാർ തകരാർ (Bipolar Disorder/Manic Depressive Psychoses)

ഭാവനിലയിൽ അമിതശ്രമത്തിൽ നിന്ന് വിഷാദം വരെ അത്യന്തമായ മാറ്റങ്ങൾ ഉണ്ടാവുന്ന സവിശേഷതകളോടു കൂടിയ ഗൗരവമായ ഒരു മാനസിക രോഗമാണ് ബൈപോളർ തകരാറുകൾ. ചികിൽസിച്ചില്ലെങ്കിൽ ഇത് ബന്ധങ്ങൾ, തൊഴിൽ എന്നിവ ഇല്ലാതാക്കുകയും ആത്മഹത്യാപ്രവണത ഉൾപ്പടെയുള്ള ആപൽക്കരമായ പെരുമാറ്റത്തിലേക്ക് നയിക്കാവുന്നതുമാണ്.

ലക്ഷണങ്ങൾ

ഈ തകരാറിന്റെ പ്രാഥമിക ലക്ഷണങ്ങളാണ്:

- നാടകീയവും പ്രവചനാതീതവുമായ ഭാവ ചാഞ്ചാട്ടം
- അമിതമായ സന്തോഷവും അത്യന്തമായ വിഷാദവും.
- പ്രകോപനവും അസ്വസ്ഥതയും
- ഉയർന്ന ഊർജ്ജം, ഉറക്ക കുറവ്
- മുഴുവേഗ ചിന്തകളും (Racing thoughts) ഉയർന്ന ലൈംഗിക ത്വരയും
- ഒറ്റപ്പെടലും പിൻവാങ്ങലും
- ദുഃഖവും ഉത്കണ്ഠയും
- ഊർജ്ജനഷ്ടം
- അനിയന്ത്രിതമായ കരച്ചിൽ
- തീരുമാനമെടുക്കാൻ ബുദ്ധിമുട്ട്
- മരണത്തെക്കുറിച്ചോ ആത്മഹത്യയെക്കുറിച്ചോ ഉള്ള ചിന്ത

മാനിക് ഡിപ്രസ്സീവ് സൈക്കോസസ് ബാധിച്ച വ്യക്തിയെ എങ്ങനെ സഹായിക്കാം

മാനിക് ഡിപ്രസ്സീവ് സൈക്കോസസിന് ശരിയായ വൈദ്യശാസ്ത്ര ഇടപെടൽ ആവശ്യമാണ്. തെറാപ്പിയും, ഭാവ സ്ഥിരതാ മരുന്നുകളുടെ ശരിയായ അളവിലുള്ള ഉപയോഗവും നടത്തേണ്ടതാണ്. ബൈപോളാർ രോഗികൾക്ക് സാധാരണമായതും ഉൽപ്പാദനക്ഷമതയുള്ളതുമായ ജീവിതം നയിക്കാമെങ്കിലും ഈ രോഗം വീണ്ടും ഉണ്ടാകുന്നതും ചാക്രിക സ്വഭാവമുള്ളതുമാണ്.

സംശയരോഗം (Paranoia)

സംശയരോഗം ഉള്ളവർ മറ്റുള്ളവരെ യുക്തിരഹിതമായി സംശയിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നു. ഈ തകരാറുള്ള വ്യക്തികൾ പ്രത്യേകിച്ച് ഒരു തെളിവ് പോലും നിലനിൽക്കുന്നില്ലെങ്കിലും മറ്റുള്ളവർ തങ്ങളെ ചൂഷണം ചെയ്യുന്നു, ഉപദ്രവിക്കുന്നു അല്ലെങ്കിൽ ചതിക്കുന്നു എന്ന് ഊഹിക്കുന്നു. സംശയരോഗികൾ പൊതുവേ മറ്റുള്ളവരുമായി ഒത്തിണങ്ങി പോകാൻ ബുദ്ധിമുട്ടുകയും അടിക്കടി അടുത്ത ബന്ധമുള്ളവരുമായി രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

രോഗ ലക്ഷണങ്ങൾ

- മറ്റുള്ളവരെ അകാരണമായി സംശയിക്കുകയും അവിശ്വസിക്കുകയും ചെയ്യുക.
- അന്യായമായ സംശയങ്ങളാൽ വ്യാപൃതനായിരിക്കുക.
- മറ്റുള്ളവരെ വിശ്വസിക്കാൻ വൈമനസ്യം കാണിക്കുക.
- സ്ഥിരമായി വിദ്വേഷം പുലർത്തുക.
- കോപവും പെട്ടന്നുള്ള പ്രതികരണവും പ്രത്യാക്രമണങ്ങളും.

സംശയരോഗമുള്ള ഒരു വ്യക്തിയെ എങ്ങനെ സഹായിക്കാം

ശരിയായ വൈദ്യ ചികിൽസ ആവശ്യമായ ഒരു മാനസിക തകരാറാണ് പാരനോയിയ. പ്രാരംഭഘട്ടത്തിൽ അല്ലെങ്കിൽ ലഘു അവസ്ഥയിൽ ക്രമമായ കൗൺസലിങ്ങിലൂടെയും യുക്ത്യാവലംബന തെറാപ്പിയിലൂടെയും ഇത് കൈകാര്യം ചെയ്യാനാകുന്നതാണ്. രോഗിക്ക് ശരിയായ വിശ്രമവും ഭക്ഷണക്രമവും വ്യായാമവും ആവശ്യമാണ്.

സ്കിസോഫ്രീനിയ (Schizophrenia)

ഒരു വ്യക്തിയുടെ ചിന്തകളെയും തോന്നലുകളെയും പ്രവൃത്തികളെയും ബാധിക്കുന്ന ഗൗരവമായ ഒരു മാനസിക തകരാറാണ് സ്കിസോഫ്രീനിയ. സ്കിസോഫ്രീനിയ ഉള്ള വ്യക്തികൾക്ക് യാഥാർത്ഥ്യത്തേയും അയാഥാർത്ഥ്യത്തേയും തമ്മിൽ തിരിച്ചറിയാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടേക്കാം. മിക്കപ്പോഴും അവർ പ്രതികരണമില്ലാത്തവരും അല്ലെങ്കിൽ ഉൾവലിയുന്നവരും സാമൂഹ്യ സാഹചര്യങ്ങളിൽ സാധാരണ വികാരങ്ങൾ പ്രകടിപ്പിക്കാൻ ബുദ്ധിമുട്ടുള്ളവരുമായിരിക്കും. വിഭജിക്കപ്പെട്ടതും അല്ലെങ്കിൽ ശിഥിലീകരിക്കപ്പെട്ടതുമായ വ്യക്തിത്വം ഇതിന്റെ പ്രത്യേകതയാണ്. അവർ പൊതുവേ മനഃശാസ്ത്രപരമായ അസ്വസ്ഥകൾ, വൈകാരിക തകരാറുകൾ, ചിന്താ പ്രക്രിയയിലുള്ള അസ്വസ്ഥകൾ, ആയാസപ്പെട്ട സാമൂഹ്യബന്ധങ്ങൾ, മിഥ്യാബോധം, ഉന്മത്താവസ്ഥ (Hallucination) തുടങ്ങിയവയാൽ ബുദ്ധിമുട്ടുന്നവരായിരിക്കും.

സ്കിസോഫ്രീനിയയുടെ സൂചനകളും ലക്ഷണങ്ങളും

- ഇല്ലാത്തത് കാണുകയോ കേൾക്കുകയോ ചെയ്യുന്നു (ഉന്മത്താവസ്ഥ)
- യാഥാർത്ഥ്യത്തിന് നിരക്കാത്ത തെറ്റായ വിശ്വാസം (മിഥ്യാബോധം)
- താൻ നിരീക്ഷിക്കപ്പെടുന്നു എന്ന സ്ഥിരമായ തോന്നൽ
- വിചിത്രമായ അഥവാ അർത്ഥശൂന്യമായ എഴുത്ത് അഥവാ സംസാരരീതി.
- വിചിത്രമായ ശരീരഭാഷ്യം
- ഉദാസീനമായ തോന്നലുകൾ
- പഠനത്തിൽ അല്ലെങ്കിൽ കർത്തവ്യനിർവ്വഹണത്തിൽ അധഃപതനം
- വ്യക്തിശുചിത്വം പുലർത്തുന്നതിലും നല്ല ബാഹ്യരൂപം നിലനിർത്തുന്നതിലും പരാജയപ്പെടൽ
- സാമൂഹ്യ സാഹചര്യങ്ങളിൽ നിന്നുള്ള ഉൾവലിവ്
- സ്നേഹിക്കുന്നവരോട് യുക്തിരാഹിത്യത്തോടെയോ, കോപത്തോടെയോ

ഭയത്തോടെയോ ഉള്ള പ്രതികരണം

- ഉറങ്ങാനോ അല്ലെങ്കിൽ ശ്രദ്ധിക്കാനോ ഉള്ള കഴിവില്ലായ്മ
- പ്രകൃത്യാധീത ശക്തിയെക്കുറിച്ചുള്ള തീവ്രമായ ചിന്തകളിൽ വ്യാപൃതനായിരിക്കുക.

സ്കിസോഫ്രീനിയയുള്ള വ്യക്തിയെ എങ്ങനെ സഹായിക്കാം

ഇത് ശരിയായ ചികിൽസ ആവശ്യവുമായ ഗൗരവമായ ഒരു മാനസിക രോഗമാണ്. സ്കിസോഫ്രീനിയാ രോഗികൾക്ക് അവരുടെ സാമൂഹികവും വൈകാരികവുമായ നൈപുണ്യങ്ങൾ ക്രമേണ നഷ്ടപ്പെടാവുന്നതാണ്. അതുകൊണ്ട് അവർക്ക് പുനരധിവാസത്തിന് പുനർസാമൂഹികവൽക്കരണം ആവശ്യമാണ്. ഈ രോഗികൾക്ക് നിരന്തരമായ ബാഹ്യപിന്തുണയും പരിചരണവും അവരുടെ ജീവിതം മുമ്പോട്ട് കൊണ്ടുപോകാൻ ആവശ്യമാണ്.

ബഹുമുഖ വ്യക്തിത്വ തകരാറുകൾ (Multiple Personality Disorder)

ബഹുമുഖ വ്യക്തിത്വ തകരാർ അഥവാ വിഘടിത അസ്തിത്വ ക്രമഭംഗം എന്നത് ഒരു വ്യക്തിയുടെ വ്യക്തിത്വം രണ്ടോ അതിൽ കൂടുതലോ അന്യമായ വ്യക്തിത്വങ്ങളായി വിഭജിപ്പിക്കപ്പെടുന്നതാണ്. ഈ വൈകല്യമുള്ള വ്യക്തികൾ, ഒരു ഏക ബഹുമുഖ വ്യക്തിത്വത്തിൽ നിന്നുകൊണ്ട് തങ്ങളുടെ അസ്തിത്വം, ഓർമ്മ, ബോധം എന്നിവയുടെ വിവിധതലങ്ങളെ സമന്വയിപ്പിക്കുന്നതിൽ പരാജയപ്പെടുന്നു. വിഘടിത അസ്തിത്വ ക്രമഭംഗം (Dissociative Identity Disorder) രണ്ടോ അതിലധികമോ അന്യ അല്ലെങ്കിൽ വിഭജിക്കപ്പെട്ടതോ ആയ അസ്തിത്വങ്ങളുടെ സാന്നിധ്യമുള്ളതാണ്. അന്തരംഗ വ്യക്തിത്വത്തിന് (Alters) അഥവാ വ്യത്യസ്ഥ അസ്തിത്വങ്ങൾക്ക് അവരുടേതായ വയസ്സ്, ലിംഗഭേദങ്ങൾ, വർഗം, പ്രത്യേക ശരീരഭാവങ്ങൾ, ചേഷ്ടകൾ, സംസാര രീതികൾ എന്നിവ ഉണ്ടാകാം.

ലക്ഷണങ്ങൾ

- രോഗി മറ്റ് ആരെയോ പോലെ പെരുമാറാം.
- യഥാർത്ഥ വ്യക്തിത്വത്തിൽ നിന്ന് വ്യത്യസ്തമായ ശരീര ഭാവങ്ങൾ, ചേഷ്ടകൾ, സംസാരം ഉണ്ടാകാം.
- അസ്തിത്വം, ബോധം, ഓർമ്മ എന്നിവ ബാധിക്കപ്പെട്ടേക്കാം.
- അവർ ചിലപ്പോൾ സാങ്കൽപ്പിക വ്യക്തികളെ പോലെയോ അല്ലെങ്കിൽ മൃഗങ്ങളെ പോലെയോ പെരുമാറാം.

ബഹുമുഖ വ്യക്തിത്വ തകരാറുള്ള വ്യക്തികളെ എങ്ങനെ സഹായിക്കാം

രോഗിക്ക് ശരിയായ വൈദ്യപരിചരണം ആവശ്യമാണ്. അവർക്ക് ശരിയായ വിശ്രമം, ഉറക്കം, ഭക്ഷണക്രമം എന്നിവ ആവശ്യമാണ്. അസ്തിത്വവ്യതിചലനം സംഭവിക്കുന്ന ഘട്ടത്തിൽ രോഗികൾ ഓടിപോകാമെന്നതുകൊണ്ട് അടുത്ത നിരീക്ഷണവും പരിചരണവും ആവശ്യമാണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. മാനസിക ആരോഗ്യമെന്ന പദം കൊണ്ട് എന്താണ് നിങ്ങൾ മനസിലാക്കുന്നത് ? അതിന്റെ സവിശേഷതകൾ എടുത്തെഴുതുക.
2. സംശയരോഗത്തിന്റെ (Paranoia) പൊതുവായ ലക്ഷണങ്ങൾ വിശദമാക്കുക.

സംക്ഷിപ്തം

അധ്യായത്തിന്റെ പ്രാരംഭത്തിൽ നമ്മൾ ആരോഗ്യത്തിന്റെ അർത്ഥവും ആശയവും ചർച്ച ചെയ്തു. നാം ആരോഗ്യവുമായി ബന്ധപ്പെട്ട് ജൈവ-വൈദ്യം, പാരിസ്ഥിതികം, മാനസിക-സമൂഹികം, സമഗ്രം എന്നിങ്ങനെയുള്ള വ്യത്യസ്ത ആശയങ്ങൾ പരിശോധിച്ചു. ആരോഗ്യത്തിന്റെ വിവിധ മാനങ്ങളായ ശാരീരികം, മാനസികം, സാമൂഹികം തുടങ്ങിയവയെ കുറിച്ച് വിശദമായി ചർച്ച ചെയ്തു. ഒരു വ്യക്തിയുടെ ആരോഗ്യം നിർണയിക്കപ്പെടുന്നത് പാരമ്പര്യം, പരിസ്ഥിതി, ജീവിതശൈലി, സാമൂഹിക-സാമ്പത്തിക അവസ്ഥകൾ, ആരോഗ്യ സേവനങ്ങൾ തുടങ്ങിയവയാലാണ്.

ഏതൊരു സമൂഹത്തിന്റെയും പ്രദേശത്തിന്റെയും ആരോഗ്യ നിലവാരം അളന്ന് തിട്ടപ്പെടുത്താനും, താരതമ്യം ചെയ്യാനും, വിലയിരുത്താനും മൂല്യനിർണയം നടത്താനും ആരോഗ്യസൂചികകൾ അത്യാവശ്യമാണെന്ന് നാം മനസിലാക്കി. ഈ കാര്യത്തിനായി ആരോഗ്യ നിലവാരം വസ്തു നിഷ്ഠമായി വിലയിരുത്താൻ നമുക്ക് നിരവധി ആരോഗ്യ സൂചകങ്ങളെ ആശ്രയിക്കേണ്ടതായിട്ടുണ്ട്. മരണനിരക്ക് പ്രധാനപ്പെട്ട ആരോഗ്യ സൂചകങ്ങളിൽ ഒന്നാണ്. അതിൽ പൊതു മരണനിരക്ക്, ശിശുമരണ നിരക്ക്, കുട്ടികളുടെ മരണനിരക്ക്, മാതൃമരണനിരക്ക്, ആയുർദൈർഘ്യം എന്നിവ ഉൾപ്പെടുന്നു.

രോഗമെന്ന ആശയത്തെക്കുറിച്ചും അതിന്റെ വകഭേദങ്ങളെക്കുറിച്ചും നമ്മൾ ചർച്ചചെയ്തു. സാംക്രമിക രോഗങ്ങൾക്ക് കാരണമാകുന്ന ഏജന്റുകളാണ് ബാക്ടീരിയ, വൈറസ്, ഫംഗസ്, വിരകൾ, പ്രോട്ടോസോവകൾ തുടങ്ങിയവ. വൈദ്യശാസ്ത്രത്തിന്റെ മുന്നേറ്റത്താൽ മിക്ക സാംക്രമിക രോഗങ്ങളെയും, പ്രധാനമായും പ്രതിരോധത്തിന്റെയും കുത്തിവയ്പ്പിന്റെയും സഹായത്താൽ നിർമ്മാർജ്ജനം ചെയ്യാനോ നിയന്ത്രിയ്ക്കാനോ സാധിച്ചിട്ടുണ്ട്.

ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നതിനും ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനും സുസറിതി എന്ന ആശയത്തെക്കുറിച്ചും അതിന്റെ പങ്കിനെക്കുറിച്ചും നാം മനസ്സിലാക്കി. മാനസിക രോഗമെന്ന ആശയത്തെക്കുറിച്ചും പൊതുവായ മാനസിക തകരാറുകളെക്കുറിച്ചും ചർച്ച ചെയ്തു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. മാനസിക ആരോഗ്യമുള്ള ഒരു വ്യക്തിയുടെ ചില പ്രധാനപ്പെട്ട ലക്ഷണങ്ങൾ എടുത്തുപറയുക.
2. നമ്മുടെ രാജ്യത്ത് ഉടലെടുക്കുന്ന സാമുദായിക സംഘർഷങ്ങൾ ആരോഗ്യത്തിന്റെ .... എന്ന തലത്തിന്റെ അസാന്നിദ്ധ്യവുമായി വളരെയടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.

   a) ശാരീരികം b) ആത്മീയം c) സാമൂഹികം d) തൊഴിൽപരം
3. ആരോഗ്യത്തിന്റെ വിവിധ തലങ്ങൾ എടുത്തെഴുതി വിശദീകരിക്കുക.
4. കൂട്ടത്തിൽപെടാത്തത് ഏത് ?

   a) പൊതു മരണനിരക്ക് b) ശിശുമരണ നിരക്ക്

   c) ഉപയുക്തതാ നിരക്ക് d) ആയുർദൈർഘ്യം
5. സുസ്ഥിതിയുടെ (Wellness) നാല് ഘടകങ്ങൾ എടുത്തെഴുതുക.
6. വിഷാദം എന്നുള്ളത് ഏത് ജനതയിലും കാണുന്ന മാനസിക വൈകല്യങ്ങളിൽ ഒന്നാണ്. വിഷാദരോഗത്തിന്റെ പ്രധാനപ്പെട്ട ലക്ഷണങ്ങൾ എടുത്തെഴുതുക.
7. മാനസിക ആരോഗ്യമുള്ള ഒരു വ്യക്തിയുടെ സവിശേഷതകളെ കുറിച്ച് ഒരു ലഘു കുറിപ്പ് എഴുതുക.
8. ഒരു രൂപരേഖയുടെ സഹായത്താൽ രോഗനിദാനത്രയത്തെ ചിത്രീകരിക്കുക.
9. ഒരു സമൂഹത്തിന്റെ ആരോഗ്യ നിലവാരം അളന്ന് തിട്ടപ്പെടുത്താൻ ഉപയോഗിക്കുന്ന പോഷക നിലവാര സൂചകങ്ങൾ എടുത്തെഴുതുക.

K3H3I4

6

ശുചിത്വവും ആരോഗ്യ പരിരക്ഷ സേവനങ്ങളും

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്:

- ശുചിത്വം എന്ന ആശയം, സ്വഭാവം, തരങ്ങൾ എന്നിവ വിവരിക്കുന്നു.
- ദൈനംദിന ജീവിതത്തിൽ ശുചിത്വമാർഗങ്ങൾ പാലിക്കുന്നു.
- പാഴ്‌വസ്തുപ്രശ്നവും മലിനീകരണവും വിശകലനം ചെയ്യുന്നു.
- പാഴ്‌വസ്തു ഉൽപാദനം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉചിതമായ മാർഗങ്ങൾ നടപ്പിലാക്കുന്നു.
- ആരോഗ്യ പരിചരണമെന്ന ആശയവും അതിന്റെ മാനങ്ങളും തിരിച്ചറിയുന്നു.
- രാജ്യത്തിന്റെ ആരോഗ്യപരിചരണ സംവിധാനത്തെ അവലോകനം ചെയ്യുന്നു.
- സാമൂഹിക ആരോഗ്യ പദ്ധതി, സ്കൂൾ ആരോഗ്യ പദ്ധതി, മറ്റ് ദേശീയ ആരോഗ്യപദ്ധതികൾ എന്നിവയുടെ പ്രാധാന്യം അവലോകനം ചെയ്യുന്നു.

ഉള്ളടക്കം

6.1 ശുചിത്വം
വിവിധ തരം ശുചിത്വം

6.2 മലിനീകരണം
വിവിധ തരം മലിനീകരണം
മലിനീകരണ നിയന്ത്രണവും പ്രതിരോധവും

6.3 മാലിന്യം കൈകാര്യം ചെയ്യലും പൊതുശുചിത്വവും

6.4 ആരോഗ്യ പരിരക്ഷ
ആരോഗ്യപരിരക്ഷയുടെ മാനങ്ങൾ
ആരോഗ്യപരിരക്ഷയുടെ തലങ്ങൾ
ആരോഗ്യപരിരക്ഷ സംവിധാനം

6.5 പ്രാഥമിക ആരോഗ്യപരിരക്ഷയും സാമൂഹിക ആരോഗ്യവും
പ്രാഥമിക ആരോഗ്യപരിരക്ഷയുടെ സവിശേഷതകൾ
പ്രാഥമിക ആരോഗ്യപരിരക്ഷയുടെ ഘടകങ്ങൾ
സാമൂഹിക ആരോഗ്യം

6.6 സ്കൂൾ ആരോഗ്യപരിപാടി
സ്കൂൾ ആരോഗ്യപരിപാടിയുടെ ലക്ഷ്യങ്ങൾ
സ്കൂൾ ആരോഗ്യപരിപാടിയുടെ ഘടകങ്ങൾ
സംയോജിത ശിശു വികസന പദ്ധതി (ICDS)

6.7 ദേശീയ ആരോഗ്യ പദ്ധതികൾ
ദേശീയ കാൻസർ നിയന്ത്രണ പരിപാടി
ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി
ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി
ദേശീയ ജീവിതശൈലി രോഗനിയന്ത്രണ പരിപാടി
ദേശീയ മാനസിക ആരോഗ്യപരിപാടി

6.8 ദേശീയ ആരോഗ്യ ദൗത്യം
ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (NRHM)
ദേശീയ നഗര ആരോഗ്യ ദൗത്യം (NUHM)

6.1 ശുചിത്വം (Hygiene)

കഴിഞ്ഞ അധ്യായത്തിൽ നമ്മൾ പഠിച്ചതുപോലെ 'ആരോഗ്യം' എന്ന ആശയത്തിൽ വ്യക്തികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി തീരുമാനിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നു. മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. അവൻ പരിസ്ഥിതിയുമായുള്ള നിരന്തരസമ്പർക്കത്തിലാണ് ജീവിക്കുന്നത്. പരിസ്ഥിതിപരമായും വ്യക്തിപരമായും നാം പാലിച്ചുവരുന്ന ശീലങ്ങൾ പൊതുവേ നമ്മുടെ ആരോഗ്യത്തെ വലിയ തോതിൽ ബാധിക്കാറുണ്ട്. മെച്ചപ്പെട്ട ആരോഗ്യമുണ്ടാകാൻ സഹായിക്കുന്ന അഭികാമ്യമായ ശീലങ്ങളാണ് ശുചിത്വം (ഹൈജീൻ) എന്നറിയപ്പെടുന്നത്. ഗ്രീക്ക് പുരാണത്തിലെ ആരോഗ്യത്തിന്റെ ദേവതയായ 'ഹൈജിയ' (Hygeia) യുടെ പേരിൽ നിന്നാണ് ഹൈജീൻ എന്ന പദം ഉത്ഭവിച്ചത്.

'ആരോഗ്യപൂർണമായ ഒരു ജീവിതത്തിനാവശ്യമായ എല്ലാ ഘടകങ്ങളെയും ആശ്ലേഷിക്കുന്ന ആരോഗ്യ സംബന്ധമായ ശാസ്ത്രമാണ് ശുചിത്വം (Hygiene)'

ഗ്രീക്ക് പുരാണത്തിൽ 'ഹൈജിയ' എന്നത് ജനങ്ങളുടെ ആരോഗ്യത്തെ പരിരക്ഷിക്കുന്ന ദേവതയാണ്. സർപ്പം കുടിക്കുന്ന പാത്രമേന്തി നിൽക്കുന്ന സുന്ദരിയായ ഒരു സ്ത്രീയായാണ് ഹൈജിയയെ ഈ പുരാണത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. ഗ്രീക്ക് പുരാണത്തിൽ, 'സർപ്പം' രോഗശമനത്തിന്റെ കലയെ പ്രതീകവത്ക്കരിക്കുന്നു.

ആരോഗ്യം മെച്ചപ്പെടുത്തുവാനും സംരക്ഷിക്കുവാനുമുള്ള കലയും ശാസ്ത്രവുമാണ് ശുചിത്വം. ശാസ്ത്രീയ അറിവുകൾ ഉപയോഗിക്കുന്നതിനാൽ ഇത് ഒരു ശാസ്ത്രം ആണ്. അറിവിന്റെ പ്രായോഗികത ഉപയോഗിക്കുന്നതിനാൽ ഇത് ഒരു കലയും കൂടിയാണ്. വൃത്തി എന്ന വാക്കിനു തുല്യമായി ചിലപ്പോഴൊക്കെ ശുചിത്വം എന്ന പദം ഉപയോഗിക്കാറുണ്ട്. പക്ഷേ ശുചിത്വം എന്നത് വൃത്തിയേക്കാൾ ഉപരിയായി ആരോഗ്യപൂർണമായ ജീവിതത്തെ ബാധിക്കുന്ന ശീലങ്ങൾ, പരിസരം, ജീവിതശൈലി എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വിപുലമായ മേഖലയാണ്.

വിവിധ തരം ശുചിത്വം (Types of Hygiene)

ശുചിത്വത്തിന് രണ്ട് വശങ്ങളുണ്ട് (A) വ്യക്തിശുചിത്വം (Personal hygiene), (B) പരിസര ശുചിത്വം (Environmental hygiene)

A) വ്യക്തിശുചിത്വം (Personal hygiene)

കേരളത്തിലെ ജനങ്ങൾക്ക് വ്യക്തി ശുചിത്വത്തെക്കുറിച്ച് നല്ല ധാരണയുള്ളതായി നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ നല്ലൊരു സമയം വ്യക്തിശുചിത്വ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. വ്യക്തിശുചിത്വം എന്ന പദംകൊണ്ട് എന്താണർത്ഥമാക്കുന്നത്?

- ....

നമ്മുടെ മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തെ മെച്ചപ്പെടുത്തുകയും പരിരക്ഷിക്കുകയും ചെയ്യുന്ന ശീലങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന ശുചിത്വത്തിന്റെ ശാഖയാണ് വ്യക്തിശുചിത്വം. ശാരീരിക, മാനസിക, ആത്മീയ, സാമൂഹിക ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുക എന്നതാണ് ശുചിത്വത്തിന്റെ ലക്ഷ്യം.

ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ കുളിക്കൽ, പല്ലുതേക്കൽ, വസ്ത്രധാരണം, കൈകൾ വൃത്തിയാക്കൽ, ശുചിമുറികളുടെ ഉപയോഗം, നഖങ്ങളുടെ പരിചരണം, തുപ്പുമ്പോഴും, തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും തുവാലകൾ ഉപയോഗിക്കുക തുടങ്ങിയ ശീലങ്ങൾ പരിശീലിക്കുന്നത് വ്യക്തിശുചിത്വത്തിന്റെ ഭാഗമാണ്. വ്യക്തിശുചിത്വത്തിനുള്ള പരിശീലനം ശൈശവദശയിൽ തന്നെ ആരംഭിക്കുകയും വിദ്യാലയജീവിത കാലഘട്ടത്തിൽ തുടരുകയും ചെയ്യണം.

B) പരിസര ശുചിത്വം (Environmental hygiene)

മലയാളികൾ വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ വളരെ മുൻപിലാണെങ്കിലും പരിസര ശുചിത്വത്തെക്കുറിച്ച് വേണ്ടത്ര അവബോധമില്ല എന്നു പറയാറുണ്ട്. എന്താണ് നിങ്ങളുടെ അഭിപ്രായം.?

- ....

പരിസര ശുചിത്വത്തിന്റെ ഒരു പ്രധാന ഘടകമാണ് ചുറ്റുപാടുകളുടെ വൃത്തി. നമ്മൾ ജീവിക്കുന്ന പരിസരിതിയുടെ ഗുണമേന്മ സംരക്ഷിക്കുവാനും മെച്ചപ്പെടുത്തുവാനുമാവശ്യമായ എല്ലാ ശീലങ്ങളും ഉൾക്കൊള്ളുന്ന ശുചിത്വത്തിന്റെ ഒരു ശാഖയാണ് പരിസര ശുചിത്വം. പരിസരശുചിത്വത്തിന് ഗാർഹികശുചിത്വമെന്നും സാമൂഹിക ശുചിത്വമെന്നും രണ്ടു ഘടകങ്ങളുണ്ട്.



a) ഗാർഹിക ശുചിത്വം (Domestic hygiene)

ഭവനങ്ങളിലെ ആരോഗ്യകരമായ ശീലങ്ങൾ ഗാർഹിക ശുചിത്വത്തിൽ ഉൾപ്പെടുന്നു. ശുദ്ധവായു, വെളിച്ചം, വായുസഞ്ചാര മാർഗം, ഭക്ഷണം, ഭക്ഷ്യവസ്തുക്കളുടെ സംഭരണ ശുചിത്വം, മാലിന്യങ്ങളുടെ ആരോ

ഗ്യകരമായ നിർമ്മാർജ്ജനം, കീടങ്ങൾ, എലികൾ, ചുണ്ടെലി, മറ്റു ക്ഷുദ്രജീവികളുടെ ഒഴിവാക്കൽ തുടങ്ങിയവയെല്ലാം ഭവനങ്ങളിലെ ആരോഗ്യകരമായ ശീലങ്ങളിൽ ഉൾക്കൊള്ളുന്നു.

b) സാമൂഹിക ശുചിത്വം (Community hygiene)

ഭവനത്തിനു പുറത്ത് ശുചിത്വം സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നമ്മൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ശീലങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. ഇതിൽ ശുദ്ധജലത്തിന്റെ വിതരണം, മനുഷ്യ വിസർജ്ജ്യത്തിന്റെ സുരക്ഷിതമായ നിർമ്മാർജ്ജനം, മറ്റ് ഖരദ്രവമാലിന്യങ്ങളുടെ നിർമ്മാർജ്ജനം, മലിനീകരണ നിയന്ത്രണം, രോഗാണുവാഹക ജീവികളുടെ നിയന്ത്രണം, ഭക്ഷ്യശുചിത്വം, താമസയോഗ്യമായ ഭവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു.

പരിസരിതി ശുചിത്വത്തെ ബാധിക്കുന്ന ചില കാര്യങ്ങൾ നിങ്ങൾക്കു പട്ടികപ്പെടുത്താമോ?

- ....

പരിസരിതിശുചിത്വത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു വെല്ലുവിളി മലിനീകരണമാണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ശുചിത്വം എന്ന ആശയം വിവരിക്കുക
2. വ്യക്തി ശുചിത്വത്തെ പ്രോത്സാഹിപ്പിക്കുന്ന അഞ്ച് ശീലങ്ങൾ എഴുതുക.

6.2 മലിനീകരണം (Pollution)

മാനുഷിക ഇടപെടൽമൂലം പരിസ്ഥിതിക്കുണ്ടാകുന്ന അനഭിലഷണീയമായ ഏതു മാറ്റത്തെയും മലിനീകരണം എന്നു വിളിക്കുന്നു. ഈ മാറ്റം ഭൗതികമോ, രാസീയമോ, ജൈവികമോ ആകാം.

പരിസ്ഥിതിയുടെ സ്വാഭാവികഗുണമേന്മയെ ബാധിക്കത്തക്കരീതിയിൽ ചുറ്റുപാടുകളിലേക്ക് അനാവശ്യവും ദോഷകരവുമായ പദാർത്ഥങ്ങൾ നിക്ഷേപിക്കുന്നതിനെ മലിനീകരണം എന്നു നിർവചിക്കാം.

പ്രധാനമായി മനുഷ്യരുടെ പ്രവൃത്തികളുടെ ഫലമായി ചുറ്റുപാടുകളിൽ ഉണ്ടാവുന്ന അനഭിലഷണീയമായ വ്യതിയാനങ്ങളാണിവ. ആരോഗ്യം, ജീവിതനിലവാരം, ആവാസവ്യവസ്ഥയുടെ സ്വാഭാവിക പ്രവർത്തനം എന്നിവയെ മലിനീകരണം ദോഷകരമായി ബാധിക്കുന്നു. മനുഷ്യരുടെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ജീവിതത്തെ മലിനീകരണം ബാധിക്കാം. ഇത് സസ്യങ്ങളുടെ വളർച്ച മുരടിപ്പിക്കുകയും മനുഷ്യർക്കും

മൃഗങ്ങൾക്കും മരണത്തിനുതന്നെയോ കാരണമാകുന്ന മാരക രോഗങ്ങളും ഉണ്ടാക്കാം. മനുഷ്യരിൽ കാണപ്പെടുന്ന കാൻസർ രോഗങ്ങളിൽ 80-90 ശതമാനംവരെ പരിസ്ഥിതിയുമായി ബന്ധപ്പെട്ടതാണെന്ന് ലോകാരോഗ്യസംഘടന വിലയിരുത്തുന്നു.

അമിതമായ ജനസംഖ്യാവർധനവ് ആണ് മലിനീകരണത്തിന്റെ ഒരു പ്രധാന കാരണം. ജനസംഖ്യയിലുണ്ടായ അമിത വർധനവ് വിഭവങ്ങൾ ഉപയോഗിക്കുന്നതിലും മാലിന്യങ്ങൾ സൃഷ്ടിക്കുന്നതിലും വളരെ വലിയ പങ്കുവഹിക്കുന്നു. ത്വരിതഗതിയിൽ നടന്ന വ്യവസായവത്ക്കരണവും ദ്രുതഗതിയിലുള്ള നഗരവത്ക്കരണവും മലിനീകരണത്തിന്റെ മറ്റു പ്രധാനപ്പെട്ട കാരണങ്ങളാണ്. രാസവളങ്ങളും കീടനാശിനികളും അനിയന്ത്രിതമായി ഉപയോഗിച്ചുകൊണ്ടുള്ള അനഭിലഷണീയമായ കൃഷിരീതികളും മലിനീകരണത്തിന്റെ ആപത്കരമായ അവസ്ഥയിലേക്ക് നയിച്ചു.

വിവിധതരം മലിനീകരണം (Types of Pollution)

വിവിധതരം മലിനീകരണങ്ങളുടെ ഭീഷണിയിലാണ് നാം. പരിസ്ഥിതിയുടെ ഏതുഭാഗത്തെ ബാധിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മലിനീകരണത്തെ, വായു മലിനീകരണം, ജലമലിനീകരണം, ശബ്ദമലിനീകരണം, മണ്ണ് മലിനീകരണം, പ്രകാശ മലിനീകരണം മുതലായ രീതിയിൽ തരംതിരിച്ചിരിക്കുന്നു. അവയിൽ ചിലതിനെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

A. വായുമലിനീകരണം (Air Pollution)



തിരക്കേറിയ നഗരങ്ങൾ സന്ദർശിക്കുമ്പോൾ ഏതെങ്കിലും രീതിയിലുള്ള അസ്വസ്ഥത നിങ്ങൾക്ക് അനുഭവപ്പെടാറുണ്ടോ?

- ....

വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന മലിനപദാർത്ഥങ്ങളാൽ നഗരങ്ങളിലെ അന്തരീക്ഷവായു മലിനീകരിക്കപ്പെട്ടിരിക്കുന്നു. തിരക്കേറിയ നഗരങ്ങളിലെ ഗുണനിലവാരം കുറഞ്ഞ വായു നിരവധി പ്രശ്നങ്ങളും ദോഷകരമായ പ്രത്യാഘാതങ്ങളും ഉളവാക്കും.

ദോഷകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന രീതിയിൽ വായുവിന്റെ ഗുണനിലവാരത്തിലുണ്ടാകുന്ന അസന്തുലിതാവസ്ഥയാണ് വായുമലിനീകരണം. വായു എന്നത് നിരവധി വാതകങ്ങളുടെ ഒരു മിശ്രിതമാണ്. ഇതിൽ നൈട്രജൻ (78%), ഓക്സിജൻ (21%), കാർബൺ ഡൈഓക്സൈഡ് (0.03%), മറ്റു വാതകങ്ങളായ ആർഗൺ, നിയോൺ, ക്രിപ്റ്റോൺ, സെനോൺ, ഹീലിയം മുതലായവ അടങ്ങിയിരിക്കുന്നു.

വായു മലിനീകരണകാരികൾ പ്രകൃത്യാ ഉള്ളതോ മനുഷ്യനിർമ്മിതമോ ആകാം. അഗ്നി പർവ്വതങ്ങളിൽ നിന്നും കാട്ടുതീയിൽ നിന്നും മറ്റുമുണ്ടാകുന്ന പുകയാണ് പ്രകൃത്യാ യുള്ള വായുമലിനീകാരികൾ. മനുഷ്യനിർമ്മിത വായുമലിനീകാരികൾ വാതകരൂപ ത്തിലും കണികാരൂപത്തിലും എന്നിങ്ങനെ രണ്ടു തരത്തിലുണ്ട്. വായുമലിനീകരണ ത്തിന് കാരണമാകുന്ന വാതകങ്ങൾ കാർബൺ ഡൈഓക്സൈഡ്, കാർബൺ മോണോ ക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ്, നൈട്രജൻ ഓക്സൈഡ് തുടങ്ങിയവയാണ്. കണികാ മലിനീകാരികളിൽ 0.1 മുതൽ 20 മൈക്രോൺ വരെയുള്ള ഖരദ്രവകണിക കൾ ഉൾക്കൊള്ളുന്നു. ഇവ പൊടി, പുക, മഞ്ഞ്, ദ്രാവകത്തുള്ളികൾ എന്നിവയെല്ലാ മാണ്.

വായുമലിനീകരണ സ്രോതസ്സുകൾ (Sources of air pollution)

i. വ്യവസായശാലകളും തൊഴിൽശാലകളും
ii. വാഹനങ്ങൾ
iii. തടിയും വിറകും കത്തുന്നത്
iv. കൽക്കരി, പെട്രോളിയം വസ്തുക്കൾ തുടങ്ങിയ ജൈവ ഇന്ധനങ്ങളുടെ ജ്വലനം
v. കീടനാശിനികളുടെയും കളനാശിനികളുടെയും ഉപയോഗം
vi. പ്ലാസ്റ്റിക്കും മറ്റു ഖരമാലിന്യങ്ങളും കത്തിക്കുന്നത്
vii. അണുവിസ്ഫോടനങ്ങൾ മുതലായവ

വായുമലിനീകരണം മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. ഉയർന്ന തോതിലുള്ള പൊടിയും മറ്റുകണികകളും ശ്വാസകോശ കാൻസർ ഉൾപ്പെടെയുള്ള ശ്വാസകോശ രോഗങ്ങൾക്ക് കാരണമാകുന്നു. ശ്വാസനാള വീക്കം (Bronchitis), ആസ്ത്മ, എംഫസീമ മുതലായ വിട്ടുമാറാത്ത രോഗങ്ങൾ വായു മലിനീകരണം മൂലമാണുണ്ടാകുന്നത് എന്നതിന് ധാരാളം തെളിവുകളുണ്ട്. കാർബൺ മോണോക്സൈഡ് വിഷമയവും മരണഹേതുവുമാണ്. ആഗോളതാപനവും ഹരിത ഗൃഹപ്രഭാവവും വായുമലിനീകരണം മൂലമുള്ള മറ്റ് വൻവിപത്തുകളാണ്.

ഹരിതഗൃഹപ്രഭാവവും ആഗോളതാപനവും (Greenhouse effect and global warming)

പുറത്തുള്ളതിനേക്കാൾ ചൂടുകൂടിയ അവസ്ഥയിൽ ചെടികൾ വളർത്താൻ ഉപയോഗിക്കുന്ന സ്ഥലമാണ് ഹരിതഗൃഹം എന്ന് അറിയപ്പെടുന്നത്. ശൈത്യരാ ജ്യങ്ങളിലാണ് ഇത് വ്യാപകമായി ഉപയോഗിക്കുന്നത്. ഹരിതഗൃഹം സൂര്യവികി രണത്തിലെ താപത്തെ അതിനുള്ളിൽ തടഞ്ഞുനിർത്തുന്നു. ഭൂമിയുടെ അന്തരീ ക്ഷത്തിനും സമാനരീതിയിൽ പ്രവർത്തിക്കാൻ കഴിയും. വ്യവസായവത്ക്കരണവും നഗരവത്ക്കരണവുംമൂലം ഹരിതഗൃഹവാതകങ്ങളായ കാർബൺഡൈ ഓക്സൈഡ്, മീഥേൻ, നൈട്രജൻ ഓക്സൈഡുകൾ എന്നിവയുടെ അളവ് വായു വിൽ വർദ്ധിച്ചു. ഈ വാതകങ്ങൾ അന്തരീക്ഷത്തെ ഒരു ഹരിതഗൃഹമാക്കി മാറ്റിയിരിക്കുന്നു. ഇത് സൗര വികിരണത്തിലെ താപത്തെ അകത്തേക്ക് കടത്തിവി ടുന്നു; എന്നാൽ ഹരിതഗൃഹവാതകങ്ങളുടെ വർധിച്ച അളവ് മൂലം സൂര്യതാപം അന്തരീക്ഷത്തിന് വെളിയിലേക്ക് മടങ്ങിപോകുന്നില്ല. ഇതിന്റെ ഫലമായി ഭൂമിയുടെ ശരാശരി താപനില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഹരിതഗൃഹപ്രഭാവംമൂലം അന്ത രീക്ഷ താപനില വർദ്ധിക്കുന്ന പ്രക്രിയയാണ് ആഗോളതാപനം എന്നറിയപ്പെടു ന്നത്.

B. ജലമലിനീകരണം (Water pollution)

എപ്പോഴും തിളപ്പിച്ചാറിയ വെള്ളം കുടിക്കണം എന്ന് നിർദ്ദേശം ലഭിക്കാറുണ്ട്. എന്തുകൊണ്ട്?

- ....

മിക്കപ്പോഴും വെള്ളം ഏതെങ്കിലും ജൈവ മാലിന്യങ്ങൾകൊണ്ടോ മറ്റേതെങ്കിലും ഘടകങ്ങൾകൊണ്ടോ മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്നതിനാലാണ് ഈ നിർദ്ദേശം ലഭിക്കുന്നത്.

ജലം, ജീവിതത്തിന് അത്യന്താപേക്ഷിതമാണെന്ന് നമുക്കറിയാം. വീട്ടാവശ്യങ്ങൾക്കും കൃഷിക്കും വ്യവസായങ്ങൾക്കുമെല്ലാം ജലം ആവശ്യമാണ്. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ആരോഗ്യത്തെ സംരക്ഷിക്കുന്നതിൽ വളരെ പ്രധാനപ്പെട്ടതാണ്.

പ്രകൃത്യാലുള്ളതോ മനുഷ്യനിർമ്മിതമോ ആയ കാരണങ്ങളാൽ ജലത്തിന്റെ സാധാരണ ഗുണനിലവാരത്തെ ബാധിക്കത്തക്കരീതിയിൽ ഹാനികരമായ പദാർത്ഥങ്ങൾ അമിതമായ തോതിൽ ജലത്തിൽ കാണപ്പെടുന്നതിനെയാണ് ജലമലിനീകരണം എന്നു പറയുന്നത്. ആധുനികസമൂഹം നേരിടുന്ന ഗുരുതരമായ ഒരു പരിസ്ഥിതി പ്രശ്നമാണ് ജലമലിനീകരണം. ആഗോളരോഗങ്ങളുടെ 80% വും ജലജന്യമാണെന്നും ലോകത്തിലെ ആശുപത്രികിടക്കകളിൽ നാലിലൊന്ന് ജലമലിനീകരണംമൂലമുള്ള രോഗബാധിതരെ കൊണ്ട് നിറഞ്ഞിരിക്കുന്നുവെന്നും ലോകാരോഗ്യസംഘടന നിരീക്ഷിക്കുന്നു.

ജലമലിനീകരണത്തിന്റെ സ്രോതസുകൾ (Sources of water pollution)

ജലമലിനീകരണത്തിന്റെ പ്രധാന സ്രോതസ്സുകൾ താഴെ ചേർക്കുന്നു:

i. വ്യവസായശാലകളിൽ നിന്നും തൊഴിൽശാലകളിൽ നിന്നും പുറന്തള്ളപ്പെടുന്ന വിഷപദാർത്ഥങ്ങളും അവശിഷ്ട മാലിന്യങ്ങളും

ii. നഗരപ്രദേശങ്ങളിലെ അഴുക്കുചാലുകളിൽ നിന്നുള്ള മാലിന്യം

iii. രാസവളങ്ങളും കീടനാശിനികളും

iv. പ്ലാസ്റ്റിക്കും മറ്റു ഖരമാലിന്യങ്ങളും

v. അഴുകിയ ജൈവമാലിന്യങ്ങൾ

ജലമലിനീകരണത്തിന്റെ പ്രത്യാഘാതങ്ങളുടെ ഒരു പട്ടിക തയാറാക്കാമോ?

- ....

കുടിക്കുന്നതിനും കുളിക്കുന്നതിനും ഗാർഹികാവശ്യങ്ങൾക്കുമുള്ള ജലത്തെ മലിനീകരണം ദുഷിപ്പിക്കുന്നു. കോളറ, ടൈഫോയ്ഡ്, മന്ത് തുടങ്ങിയ രോഗങ്ങൾ മലിനജലത്തിലൂടെ പകരുന്നു. മാരകമായ നാഡീരോഗങ്ങൾ, കാൻസർ, തളർവാതം, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ തുടങ്ങിയ രോഗങ്ങൾക്കും മലിനജലം കാരണമാകുന്നു. ജലജീവികളുടെ നാശത്തിന് ഇത് കാരണമാകുന്നു. ക്രമേണ മൃഗങ്ങളെയും ഇത് സാരമായി ബാധിക്കുന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം ജലത്തിന്റെ അമിതപോഷണത്തിലേക്കും (Eutrophication) ജൈവവിപുലീകരണത്തിലേക്കും (Biomagnification) നയിക്കുന്നു.

അമിതപോഷണവും ജൈവവിപുലീകരണവും (Eutrophication & Biomagnification)

രാസവളങ്ങളിൽ നിന്നും സോപ്പുകളിൽ നിന്നും പുറത്തുവരുന്ന നൈട്രേറ്റുകളും ഫോസ്ഫേറ്റുകളും വെള്ളത്തിലെ പോഷണം വർദ്ധിപ്പിക്കുകയും അതുവഴി ഹരിത ആൽഗകളുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നതിനെയാണ് അമിതപോഷണം എന്നുപറയുന്നത്. ആൽഗകളുടെ ദ്രുതവളർച്ചയും നശിച്ചുപോകലും ജലാശയങ്ങളെ വിഘടീകരിച്ച് നിർജീവമാക്കി അവയിലെ ഓക്സിജന്റെ ലഭ്യതയെ കുറയ്ക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ഓക്സിജൻ ലഭിക്കാതെ ജലജീവികൾ നശിച്ചുപോകുന്നു.

മാരകമായതും വിഘടിച്ചു പോകാത്തതുമായ രാസവസ്തുക്കൾ ചെറിയ അളവിൽ ഭക്ഷ്യശൃംഖലയുടെ വിവിധ മേഖലകളിൽ പ്രവേശിക്കുന്നതും അടിഞ്ഞുകൂടുന്നതുമായ പ്രക്രിയയാണ് ജൈവവിപുലീകരണം. ഡിഡിറ്റി (DDT) പോലെയുള്ള കീടനാശിനികൾ ഒരിക്കൽ ഭക്ഷ്യശൃംഖലയിൽ എത്തിയാൽ പിന്നീട് അതിന്റെ അളവ് വർദ്ധിച്ചു കൊണ്ടിരിക്കും. ഇതിന്റെ ഫലമായി മനുഷ്യരുടെയും മൃഗങ്ങളുടെയും ശരീരത്തിൽ വിഷവസ്തുക്കൾ അടിഞ്ഞുകൂടുന്നു.

C. ശബ്ദമലിനീകരണം (Noise Pollution)



നമ്മുടെ പഠനയാത്രകളിലും വിനോദയാത്രകളിലും യാത്രാസമയം മുഴുവൻ ഉയർന്ന ആവൃത്തിയിലും ശബ്ദത്തിലും പാട്ടുവയ്ക്കുവാൻ നിങ്ങൾ ആവശ്യപ്പെടാറുണ്ട്. ഏതെങ്കിലും രീതിയിൽ ഇത് നമ്മുടെ ആരോഗ്യത്തെ മാരകമായി ബാധിക്കാറുണ്ടോ?

- ....

ഉയർന്ന ശബ്ദം കൂടുതൽ നേരം കേൾക്കുന്നത് ശാരീരിക-മാനസിക സുസ്ഥിതിയെ ബാധിക്കും.

ശബ്ദം, ഒച്ച എന്നീ വാക്കുകൾക്ക് ഒരേ അർത്ഥമാണോ ഉള്ളത്?

പരിസ്ഥിതിക്ക് ദോഷകരമായതും അനാവശ്യവും അനഭിലഷണീയവുമായ ശബ്ദത്തെയാണ് ഒച്ച എന്നുപറയുന്നത്. ഇത് അസ്വസ്ഥതയുണ്ടാക്കുന്നതും ഗുണമേന്മയില്ലാത്തതുമായ ശബ്ദമാണ്.

മനുഷ്യരുടെയും മൃഗങ്ങളുടെയും ജീവിത സന്തുലനത്തിന് ഹാനികരമായ അമിതശബ്ദത്തെയാണ് ശബ്ദമലിനീകരണം എന്നുപറയുന്നത്. ശബ്ദത്തിന്റെ യൂണിറ്റാണ് ഡെസിബെൽ (dB)

നമ്മുടെ ചുറ്റുമുള്ള ശബ്ദത്തിന്റെ സുരക്ഷിത പരിധി, മനുഷ്യവാസ പ്രദേശങ്ങളിൽ 55 dB യും വാണിജ്യ പ്രദേശങ്ങളിൽ 65 dB യുമായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിരിക്കുന്നു.

ശബ്ദമലിനീകരണത്തിന്റെ സ്രോതസുകൾ

(Sources of Noise Pollution)

i. വാഹനങ്ങളിൽ നിന്നും വ്യവസായശാലകളിൽ നിന്നുമുള്ള ശബ്ദം

ii. ഉച്ചസ്ഥായിയിലുള്ള സംഗീതവും ഉച്ചഭാഷിണികളുടെ ഉപയോഗവും

iii. ഹോണുകളുടെ ശബ്ദങ്ങളും അടയാളം നൽകുന്ന ചൂളംവിളികളും

ശബ്ദത്തിന്റെ ദോഷഫലങ്ങൾ

(Harmful effects of noise)

i. അമിതശബ്ദംമൂലം ക്ഷീണം, ഏകാഗ്രതക്കുറവ്, ഉറക്ക പ്രശ്നങ്ങൾ, മറവി എന്നിവ ഉണ്ടാകുന്നു.

ii. ജോലി സ്ഥലങ്ങളിലെ അമിതശബ്ദം തൊഴിലാളികളെ അലോസരപ്പെടുത്തുകയും ഉൽപ്പാദനക്ഷമത കുറയ്ക്കുകയും ചെയ്യാം.

iii. അമിത ശബ്ദം, ഉയർന്ന രക്തസമ്മർദ്ദത്തിനു കാരണമാകാം. നിറങ്ങൾ തിരിച്ചറിയുന്നതിനെ ബാധിക്കുകയും രാത്രിക്കാഴ്ച കുറയുകയും ചെയ്യാം.

iv. വളരെ ഉയർന്ന ശബ്ദം താൽക്കാലിക ബധിരതയ്ക്കു കാരണമാകുന്നു.

v. 160 dB ൽ കൂടുതലുള്ള ശബ്ദം കർണ്ണപുടത്തെ തകർക്കുകയും സ്ഥിരമായ ബധിരതയിലേക്കു നയിക്കുകയും ചെയ്യാം.

vi. സസ്യങ്ങളും മരങ്ങളും അമിത ശബ്ദത്തിനോട് പെട്ടന്ന് പ്രതികരിക്കുന്നവയാണ്. ഉയർന്ന ശബ്ദം വിളവിന്റെ ഗുണത്തെയും ബാധിക്കുന്നു.

vii. ഉച്ചത്തിലുള്ള ശബ്ദം മൃഗങ്ങളുടെ നാഡീവ്യവസ്ഥയെ തകരാറിലാക്കുന്നു. അവ നിയന്ത്രണം നഷ്ടപ്പെട്ട് അപകടകാരികളായേക്കാം.

viii. ഉച്ചത്തിലുള്ള ശബ്ദം കെട്ടിടങ്ങൾക്കും സ്മാരകമന്ദിരങ്ങൾക്കും അപകടകരമാണ്.

D. മണ്ണ് മലിനീകരണം (Soil Pollution)

നിങ്ങൾ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പ്രശ്നങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടായിരിക്കും. എന്തായിരുന്നു അവിടുത്തെ യഥാർത്ഥ പ്രശ്നം? എങ്ങനെയാണ് അത് സംഭവിച്ചത്?

കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി അന്തരീക്ഷത്തിലൂടെ തളിച്ചതുമൂലം കാസർഗോഡ് ജില്ലയിൽ 11 പഞ്ചായത്തുകളിലെ ജലവും മണ്ണും മലിനീകരിക്കപ്പെട്ടതായി നമുക്കറിയാം.

ജീവികൾക്ക് ഹാനികരമായ വസ്തുക്കൾ മണ്ണിലടിഞ്ഞുകൂടുന്നതിനെയാണ് മണ്ണ് മലിനീകരണം എന്നുപറയുന്നത്.

വായുമലിനീകരണത്തിൽ നിന്നും ജലമലിനീകരണത്തിൽ നിന്നും വ്യത്യസ്തമാണ് മണ്ണ് മലിനീകരണം. മണ്ണ് മലിനീകാരികൾ ദീർഘനാൾ മണ്ണിൽ അടിഞ്ഞുകൂടി കിടക്കും.

മണ്ണ് മലിനീകരണത്തിന്റെ സ്രോതസുകൾ

i. കൽക്കരി ഖനികളിൽ നിന്നും ലോഹഖനികളിൽ നിന്നുമുള്ള വ്യവസായ മാലിന്യങ്ങൾ

ii. വ്യവസായശാലകളിൽ നിന്നും തൊഴിൽശാലകളിൽ നിന്നുമുള്ള രാസദ്രവ മാലിന്യങ്ങൾ

iii. കൃഷിരീതികളിൽ നിന്നുള്ള രാസ-കീടനാശിനികളും വളങ്ങളും

iv. ആണവ പരീക്ഷണശാലകളിൽ നിന്നും വ്യവസായശാലകളിൽ നിന്നുമുള്ള ആണവമാലിന്യങ്ങൾ

v. ഇലക്ട്രോണിക് മാലിന്യങ്ങളുൾപ്പടെയുള്ള ഗാർഹിക, നാഗരിക മാലിന്യങ്ങൾ

vi. തുറസ്സായ സ്ഥലത്തുള്ള മാലിന്യവിസർജ്ജനത്തിൽ നിന്നും മൃഗവിസർജ്ജ്യങ്ങളിൽ നിന്നും ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ.

ഇ- മാലിന്യം (e-waste)

ഇലക്ട്രോണിക് സാധനങ്ങളുടെ വ്യാപക ഉപയോഗം ഇ-മാലിന്യത്തിന്റെ രൂപത്തിൽ പൊതുജന ആരോഗ്യ സംവിധാനത്തെ തകർക്കുന്ന ഒരു പ്രധാനപ്പെട്ട വെല്ലുവിളിയായി തീർന്നിരിക്കുന്നു. ഇ-മാലിന്യത്തിൽ, ഉപയോഗിച്ച വൈദ്യുത ഉപകരണങ്ങൾ, വീട്ടുപകരണങ്ങളായ കമ്പ്യൂട്ടർ, ടെലിവിഷൻ, മൊബൈൽ ഫോണു

കൾ, സംഗീത ഉപകരണങ്ങൾ, ശീതീകരിണികൾ തുടങ്ങിയവയൊക്കെ ഉൾപ്പെടുന്നു. ഇത്തരം ഉപകരണങ്ങളിലെല്ലാം തന്നെ സ്റ്റീൽ, ചെമ്പ്, അലുമിനിയം, തകരം, ഈയം, നിക്കൽ, വെള്ളി, സ്വർണ്ണം, ആർസനിക്, കാഡ്മിയം, രസം, സിങ്ക് തുടങ്ങിയ മാരക രാസവസ്തുക്കളും രാസസംയുക്തങ്ങളും അടങ്ങിയിരിക്കുന്നു. ഇ-മാലിന്യങ്ങളുടെ അശാസ്ത്രീയ നിർമ്മാർജ്ജനം പരിസ്ഥിതിക്കും മനുഷ്യനും മാരകമായ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നു. ഇ-മാലിന്യങ്ങൾ കൊണ്ടുള്ള മലിനീകരണംമൂലം ജനനവൈകല്യങ്ങൾ, ശിശുമരണം, ക്ഷയം, രക്തസംബന്ധമായ അസുഖങ്ങൾ, പ്രതിരോധ സംവിധാനത്തിലുണ്ടാകുന്ന അപാകതകൾ, വൃക്കരോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ, ശ്വാസകോശ കാൻസർ, കുട്ടികളിൽ തലച്ചോർ ശരിയായ രീതിയിൽ വികസിക്കാതിരിക്കുക തുടങ്ങിയവ ഉണ്ടാകുന്നു. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ കണക്കനുസരിച്ച് നമ്മുടെ രാജ്യത്ത് ഒരു വർഷം 4 ലക്ഷം ടൺ ഇ-മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇ-മാലിന്യങ്ങൾ സംസ്ക്കരിക്കുവാൻ നിലവിൽ ഉപയോഗിക്കുന്ന സംവിധാനങ്ങൾ പുനഃചംക്രമണം, കത്തിച്ചുകളയൽ, മണ്ണിട്ട് മൂടുക, ജൈവ സംസ്ക്കരണം തുടങ്ങിയവയാണ്. എന്നാൽ മേൽപ്പറഞ്ഞ എല്ലാ മാർഗങ്ങൾക്കും അവയുടേതായ പരിമിതികൾ ഉണ്ട്.

മണ്ണ് മലിനീകരണം മണ്ണിന്റെ ഗുണമേന്മയും ഫലപുഷ്ടിയും കുറയ്ക്കുന്നു. മാലിന്യ നിക്ഷേപകേന്ദ്രങ്ങൾ രോഗാണുവാഹകരായ പ്രാണികളുടെ വളർത്തുകേന്ദ്രങ്ങളായി തീരുന്നു. ഒരു ക്യുബിക് അടി മാലിന്യത്തിൽ നിന്ന് 70,000 ഈച്ചകൾക്ക് വളരാമെന്നാണ് കണക്ക്. രാസവളങ്ങളും കീടനാശിനികളും വിഘടിച്ചുപോകാതെ ദീർഘനാൾ മണ്ണിൽ നിൽക്കുകയും ക്രമേണ സസ്യങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു. കേരളത്തിൽ കാൻസർ രോഗികൾ വർദ്ധിച്ചുവരുന്നത് അമിതമായി കീടനാശിനികളാൽ ദുഷിപ്പിച്ച കാർഷിക ഉൽപ്പന്നങ്ങളുടെ ഉപയോഗം മൂലമാണെന്ന് സംശയിക്കുന്നു.

മലിനീകരണ നിയന്ത്രണവും പ്രതിരോധവും (Prevention and Control of Pollution)

വായു, ജലം, മണ്ണ്, ശബ്ദ മലിനീകരണങ്ങൾ തടയുവാനും നിയന്ത്രിക്കുവാനും ആവശ്യമായ ചില പൊതുമാർഗങ്ങളെക്കുറിച്ച് താഴെപറയുന്നു.

a. **മാലിന്യത്തിന്റെ അളവ് കുറയ്ക്കുക (Reducing wastes):** മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി മലിനീകരണ നിയന്ത്രണ തത്വങ്ങളായ നിരസിക്കൽ, ബദൽ സാധനങ്ങളുടെ ഉപയോഗം, പുനരുപയോഗം, മാലിന്യത്തിന്റെ ഉൽപ്പാദനം കുറയ്ക്കൽ, പുനഃചക്രമണം എന്നിവ ശീലമാക്കാം. നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന രീതികൾ മെച്ചപ്പെടുത്തുവാൻ പഠിക്കുക.

b. **ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക (Promoting organic farming practices):** രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നതിനുപകരം ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ച് കൃഷി നടത്തുക. സീറോ ബജറ്റ് കൃഷിരീതിയ്ക്ക് ഇന്നത്തെ കാലത്ത് പ്രാധാന്യം വർദ്ധിച്ചുവരുന്നു.

c. **വ്യവസായ മാലിന്യങ്ങളും ഇ-മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്ക്കരിക്കുക (Scientific treatment of industrial and e-wastes):** വ്യവസാ

യശാലകളിൽ നിന്നും തൊഴിൽശാലകളിൽ നിന്നുമുള്ള രാസദ്രവ മാലിന്യങ്ങൾ ഉചിതമായ രീതിയിൽ സംസ്ക്കരിക്കുക. ഇവ ഒരിക്കലും ജല സ്രോതസുകളിലേക്ക് അശ്രദ്ധമായി വലിച്ചെറിയരുത്. പരിസറിതിക്ക് ഹാനികരമാവാത്ത രീതിയിൽ ഇ-മാലിന്യങ്ങൾ കൈകാര്യം ചെയ്യണം.

d. **ശുചിത്വശീലങ്ങൾ പ്രോത്സാഹിപ്പിക്കുക (Promoting hygienic practices):** മലിനീകരണം ഒഴിവാക്കാനായി നഗരപ്രദേശങ്ങളിലും വ്യവസായമേഖലകളിലും വാസസ്ഥലങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കുക, പൊതുസ്ഥലങ്ങളിലേക്കും, നദികളിലേക്കും, കുളങ്ങളിലേക്കും മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുക, എയർ ഹോൺ ഉപയോഗിക്കാതിരിക്കുക, താഴ്ന്ന ശബ്ദത്തിൽ സംഗീതവും മറ്റ് ശബ്ദ സംവിധാനങ്ങളും പ്രവർത്തിപ്പിക്കുക, ഉചിതമായ സ്ഥലങ്ങളിൽ സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുക തുടങ്ങിയ ശീലങ്ങൾ പ്രയോജനപ്പെടുത്താം.

e. **ബദൽസംവിധാനങ്ങൾ സ്വീകരിക്കുക (Adopting alternative practices):** പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുക, സൈക്കിൾ പോലെയുള്ള മലിനീകരണം കുറഞ്ഞ വാഹനങ്ങൾ ഉപയോഗിക്കുക തുടങ്ങിയ ബദൽ സംവിധാന ശീലങ്ങളിലൂടെ മലിനീകരണം നിയന്ത്രിക്കുവാൻ സാധിക്കും.

f. **പാഴ്വസ്തുക്കളെ ഉപയുക്തമാക്കുക (Making products out of wastes):** മാലിന്യത്തിന്റെ വലിയൊരളവ് ഉപകാരപ്രദമായ ഉൽപ്പന്നങ്ങളായ വളങ്ങൾ, പുനഃചംക്രമണ പ്ലാസ്റ്റിക്, കടലാസ് ഉൽപ്പന്നങ്ങൾ എന്നിവയായി പരിവർത്തനം ചെയ്യാൻ സാധിക്കും.

g. **നിയമങ്ങൾ പാസ്സാക്കലും നടപ്പാക്കലും (Enactment and implementation of laws):** വാഹനങ്ങൾ മൂലമുള്ള മലിനീകരണവും വ്യവസായശാലകളിൽ നിന്നുള്ള മലിനീകരണവും നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കണം. ശാസ്ത്ര സാങ്കേതികവിദ്യകളുടെ ത്വരിതഗതിയിലുള്ള വളർച്ച മൂലം സമഗ്രമായ മലിനീകരണ നിയന്ത്രണ നിയമങ്ങൾ ഉണ്ടാകണം.

h. **ജാഗ്രതയും നിരീക്ഷണവും (Vigilance and Surveillance):** ശരിയായ നിരീക്ഷണത്തിലൂടെയും മേൽനോട്ടത്തിലൂടെയും, വഴികൾ, കളിസ്ഥലങ്ങൾ, കാടുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത ഇല്ലാതാക്കാം. തദ്ദേശീയരുടെ നേതൃത്വത്തിൽ ജാഗ്രതാസമിതികൾ ഉണ്ടാക്കി നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

മനുഷ്യരുടെ പ്രവർത്തനങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങളാണ് എല്ലാത്തരം മലിനീകരണങ്ങളുടെയും പ്രധാനപ്പെട്ട കാരണം. ആധുനിക മനുഷ്യന്റെ ഉൽപ്പാദന ഉപഭോഗരീതികൾ എല്ലാംതന്നെ മാലിന്യം സൃഷ്ടിക്കുന്നവയാണ്. ഉപയോഗിച്ചതിനു ശേഷം വലിച്ചെറിയുക (use and throw) എന്ന സംസ്ക്കാരം മനുഷ്യർക്കും പരിസറിതിക്കും ഒരു വലിയ ഭീഷണിയായി തീർന്നിരിക്കുന്നു. ഭാവി തലമുറകളുടെ ആരോഗ്യത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജനം ഒരു പ്രഹേളികയായി തീർന്നിരിക്കുന്നു. ഇതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാം.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. എന്താണ് മലിനീകരണം? വായുമലിനീകരണത്തിന്റെ സ്രോതസുകൾ ഏതൊക്കെ?
2. ജലമലിനീകരണത്തിന്റെ കാരണങ്ങൾ ഏതെല്ലാം എന്നെഴുതുക.
3. ശബ്ദത്തിന്റെ ദോഷഫലങ്ങൾ ഏതെല്ലാം എന്നെഴുതുക



1. പ്ലാസ്റ്റിക്കും ഇ-മാലിന്യങ്ങളും പരിസ്ഥിതിക്ക് ഒരു വലിയ ഭീഷണിയായി തീർന്നിരിക്കുന്നു. ഈ വിഷയത്തെക്കുറിച്ച് ഒരു ചോദ്യാവലി തയ്യാറാക്കി സർവ്വേ നടത്തുക.
2. വായു, ജല മലിനീകരണത്തെ കുറിച്ച് ഒരു കൊളാഷ് തയ്യാറാക്കുക.

6.3 മാലിന്യം കൈകാര്യം ചെയ്യലും പൊതുശുചിത്വവും (Waste management and Sanitation)



അനാവശ്യമായി ഉപേക്ഷിക്കപ്പെടുന്ന ഏത് പദാർത്ഥത്തെയും മാലിന്യം എന്നുപറയാം. ഇത് ഖരമാലിന്യം (അടുക്കള മാലിന്യം, പ്ലാസ്റ്റിക് മാലിന്യം), ദ്രവമാലിന്യം (മലിനജലം), ജൈവമാലിന്യം (കേടായ ഭക്ഷണം, അഴുകിയ പച്ചക്കറികൾ), മാരകമാലിന്യങ്ങൾ (ആണവമാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ), ജൈവ-ആശുപത്രി മാലിന്യങ്ങൾ (സിറിഞ്ച്) എന്നിങ്ങനെ ഏതുമാകാം.

ആധുനികസമൂഹങ്ങൾ നേരിടുന്ന ഗൗരവമായ വെല്ലുവിളിയായ മാലിന്യ സംസ്ക്കരണത്തെ നേരിടാൻ ഏകോപിത പരിശ്രമങ്ങൾ ആവശ്യമാണ്.

നിരസിക്കൽ, മാലിന്യം കുറയ്ക്കൽ, പുനരുപയോഗിക്കൽ, പുനചംക്രമണം എന്നിവയാണ് ക്രമീകൃത മാലിന്യസംസ്ക്കരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ. മാലിന്യസംസ്ക്കരണമാണ് മാലിന്യം കൈകാര്യം ചെയ്യുന്നതിന്റെ ഏറ്റവും നല്ലരീതി. ഇതിനായി മാലിന്യങ്ങളെ അഴുകുന്നവയെന്നും (Bio-degradable) അഴുകാത്തവയെന്നും (Non-biodegradable) രണ്ടായി തിരിക്കുന്നു. അഴുകുന്ന മാലിന്യങ്ങൾ ഉപയോഗിച്ച് വളങ്ങൾ നിർമ്മിക്കുകയും അഴുകാത്ത മാലിന്യങ്ങൾ ഉപയോഗപ്രദമായ മറ്റ് വസ്തുക്കളായി പുനർനിർമ്മിക്കുകയും ചെയ്യാം.

മാലിന്യസംസ്ക്കരണവും പൊതുശുചിത്വവും ഒന്നാണോ?

- ....

ഇവ ഒന്നാണെന്ന് തോന്നുമെങ്കിലും അർത്ഥത്തിലും വ്യാപ്തിയിലും വ്യത്യസ്തമാണ്. എല്ലാവിധ ശുചിത്വ പരിപാലനമാർഗങ്ങളും ഉൾക്കൊള്ളുന്ന ഒരു വിശാലമേഖലയാണ് പൊതുശുചിത്വം. ഭക്ഷണത്തിന്റെ ശരിയായ ഉപയോഗം, ശരിയായ മാലിന്യ

സംസ്ക്കരണം, പൊതുസ്ഥലങ്ങളുടെ ആരോഗ്യകരമായ സംരക്ഷണം എന്നിവ യൊക്കെ ഇതിൽ ഉൾക്കൊള്ളുന്നു. മാനവ സംസ്ക്കാരങ്ങളെല്ലാം തന്നെ എല്ലാ സാമൂഹിക ആവശ്യങ്ങളിൽ വച്ച് ഏറ്റവും ഉയർന്ന പരിഗണന പൊതുശുചിത്വത്തിന് നൽകിയിരുന്നു. പൊതുശുചിത്വത്തിന്റെ ഒരു ഘടകം മാത്രമാണ് മാലിന്യസംസ്ക്കരണം.

പരിസരത്തിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കുക എന്നുള്ളതാണ് പൊതുശുചിത്വത്തിൽ ഉദ്ദേശിക്കുക. നമ്മുടെ പരിസ്ഥിതി എന്നതിൽ നമ്മൾ കുടിക്കുന്ന ജലം, കഴിക്കുന്ന ഭക്ഷണം, ശ്വസിക്കുന്ന വായു, ജീവിക്കുന്ന ചുറ്റുപാട് എന്നിവ ഉൾക്കൊള്ളുന്നു. ശുചി മുറി സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഓടകൾ ഉണ്ടാക്കുക, കളിക്കുവാനുള്ള പാർക്കു കളും ഉദ്യാനങ്ങളും ഉണ്ടാക്കുക, വൃത്തിയുള്ള പൊതുസ്ഥലങ്ങൾ ഉറപ്പാക്കുക എന്നിവ പൊതുശുചിത്വത്തിന്റെ പരിധിയിൽ വരുന്നു.

മാലിന്യങ്ങൾ ശേഖരിക്കുക, മലിനജലം ശുദ്ധീകരിക്കുക, മനുഷ്യവിസർജ്ജ്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുക തുടങ്ങിയവക്കുള്ള സൗകര്യങ്ങൾ ഏർപ്പെ ടുത്തുന്നതിലൂടെ ശുചിത്വം നിലനിർത്തുന്നതിനെയാണ് പൊതുശുചിത്വം എന്നു പൊതുവേ സൂചിപ്പിക്കുന്നത്. പൊതുശുചിത്വത്തിലെ അപര്യാപ്തതയാണ് ആഗോള തലത്തിൽ രോഗങ്ങൾ ഉണ്ടാകാനുള്ള ഒരു പ്രധാന കാരണം. മെച്ചപ്പെട്ട പൊതുശുചി ത്വം ജനങ്ങളുടെയും സമൂഹത്തിന്റെയും ആരോഗ്യത്തിൽ സാരവത്തായ ഫലങ്ങൾ ഉളവാക്കും.

സ്വച്ഛ് ഭാരത് അഭിയാൻ (Swatch Bharat Abhiyan)

സ്വച്ഛ് ഭാരത് അഭിയാൻ അല്ലെങ്കിൽ ശുചിത്വ ഇന്ത്യ എന്ന പരിപാടി 2014 ഒക്ടോബർ 2 ന് കേന്ദ്ര സർക്കാർ ആരംഭിച്ചു. പൊതുസ്ഥലങ്ങളിൽ നിന്നും റെയിൽവേ സ്റ്റേഷനിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും അനാവശ്യ വസ്തുക്കളും മാലിന്യങ്ങളും മാറ്റി ശുചീകരിക്കുന്ന ഒരു ബൃഹത്പരിപാടിയാ ണിത്. ഭാരതം മുഴുവൻ ശുദ്ധജലവും പൊതുശുചിത്വവും ഉറപ്പാക്കുക എന്നതും ഇതിൽ ഉൾപ്പെടുന്നു. മഹാത്മാഗാന്ധിയുടെ 150-ാമത് ജന്മദിനം ആഘോഷിക്കുന്ന 2019-ൽ ശുചിത്വമുള്ള ഇന്ത്യ എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. 'ശുചിത്വ ഭാരതം 2019' എന്നാണ് ഈ പരിപാടിയുടെ മുദ്രാവാക്യം. 2019-ഓടുകൂടി തുറ സ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നത് പൂർണമായും ഇല്ലാതാക്കുക എന്നതാണ് പരിപാടിയുടെ കേന്ദ്രശ്രദ്ധ. ഇതിനായി മനുഷ്യവിസർജ്യനിർമ്മാർജ്ജന സൗകര്യങ്ങളോടുകൂടിയ ശുചിമുറികൾ വ്യക്തിതലത്തിലും സമൂഹതലത്തിലും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കും.

6.4 ആരോഗ്യപരിരക്ഷ (Health care)

ആരോഗ്യമെന്നത് ഏതു സമൂഹത്തിന്റെയും പ്രധാനപ്പെട്ട സ്വത്താണെന്ന് നമുക്കറി യാം. ആരോഗ്യത്തിന് നിദാനമാകുന്ന നിരവധി ഘടകങ്ങളുണ്ട്. മാലിന്യവിമുക്ത പരി സ്ഥിതിയും ശുചിത്വമുള്ള ജീവിതവും നിലനിർത്തുന്നതിനൊപ്പം ആരോഗ്യത്തെ അഭി വൃദ്ധിപ്പെടുത്താനും, നിലനിർത്തുവാനും, സംരക്ഷിക്കുവാനും, വീണ്ടെടുക്കുവാനുമായി ഒരു സമഗ്രസംവിധാനം ആവശ്യമുണ്ട്. അതിനാൽ ഓരോ സമൂഹവും ഉചിതമായ

ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ വികസിപ്പിച്ചിരിക്കുന്നു.

ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാനും നിലനിർത്തുവാനും നിരീക്ഷിക്കുവാനും നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുവാനുമായി, വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും നൽകുന്ന എല്ലാ സേവനങ്ങളും ഉൾപ്പെടുന്നതാണ് ആരോഗ്യ പരിരക്ഷ.

മനുഷ്യരിൽ ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ കുറവുകൾ, അസുഖങ്ങൾ, മുറിവുകൾ തുടങ്ങിയവക്കുള്ള രോഗനിർണയം, ചികിത്സ, പ്രതിരോധം എന്നിവ ആരോഗ്യ പരിരക്ഷയിൽ ഉൾപ്പെടുന്നു.

സഹജീവികൾക്ക് ആവശ്യമായ പരിഗണനയുടെ പ്രകടനമാണ് ആരോഗ്യ പരിരക്ഷ. ഭാരതത്തിൽ ആരോഗ്യമെന്നത് ഒരു അടിസ്ഥാന ആവശ്യമായി പരിഗണിച്ചിരിക്കുന്നു. സാമ്പത്തികവളർച്ചയും ആരോഗ്യവും തമ്മിലുള്ള ബന്ധം നന്നായി സ്ഥാപിച്ചിരിക്കുന്നു. അതിനാൽ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുവാൻ തക്ക ആരോഗ്യപരിപാലനസംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് ഏതൊരു സർക്കാരിന്റെയും ചുമതലയാണ്.

ഒരു രാജ്യത്തിന്റെ സാമ്പത്തിക സാമൂഹിക നയങ്ങൾക്കനുസരിച്ചാണ് വ്യക്തികൾക്കും സംഘങ്ങൾക്കും രാജ്യമെമ്പാടുമുള്ള ആരോഗ്യ പരിപാലനസേവനങ്ങൾ ഉപയോഗിക്കുവാൻ സാധിക്കുന്നത്. ലോകത്തെ മിക്കവാറും എല്ലാഭരണസംവിധാനങ്ങളും അവരുടെ ജനങ്ങൾക്ക് ഉചിതമായ ആരോഗ്യപരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നത് പ്രധാനപ്പെട്ട ചുമതലയായി കണക്കാക്കുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള പലരാജ്യങ്ങളിലും ആരോഗ്യപരിരക്ഷ പ്രധാനമായും സർക്കാരിന്റെ ചുമതലയാണ്.

ആരോഗ്യപരിരക്ഷ എന്ന പദം സൂചിപ്പിക്കുന്നത് രോഗങ്ങൾക്കുള്ള ചികിത്സ മാത്രമെന്നാണോ നിങ്ങൾ ചിന്തിക്കുന്നത്?

- ....

ആരോഗ്യപരിരക്ഷ എന്നത് ചില ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കൽ മാത്രമല്ല. ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തൽ, രോഗപ്രതിരോധം, പുനരധിവസിപ്പിക്കൽ, തുടങ്ങിയ മാനങ്ങൾ ഇതിനുണ്ട്. ഇതിനെക്കുറിച്ച് നമുക്ക് വിശദമായി ചർച്ച ചെയ്യാം.

ആരോഗ്യപരിരക്ഷയുടെ മാനങ്ങൾ (Dimensions of health care)

ആരോഗ്യപരിരക്ഷ വെറും 'വൈദ്യസഹായം' മാത്രമല്ല. ഒരു ഭിഷഗ്വരൻ നൽകുന്ന സേവനമാണ് വൈദ്യസഹായം. എന്നാൽ ആരോഗ്യപരിരക്ഷ കൂടുതൽ സമഗ്രമായ ഒന്നാണ്. ഇതിൽ അഭിവൃദ്ധി, പ്രതിരോധം, ചികിത്സ, പുനരധിവാസം തുടങ്ങിയ സേവനങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ വൈദ്യസഹായം ആരോഗ്യപരിരക്ഷയുടെ ഒരു ഉപഘടകം മാത്രമാണ്. ആരോഗ്യപരിരക്ഷ കൊണ്ട് അർത്ഥമാക്കുന്നത് ആരോഗ്യം അഭിവൃദ്ധിപ്പെടുത്തൽ, സംരക്ഷണം, ആരോഗ്യത്തിനു കോട്ടങ്ങൾ വരുമ്പോൾ അത് വീണ്ടെടുക്കൽ, ദുരവസ്ഥയെയും വൈഷമ്യങ്ങളെയും ലഘൂകരിക്കൽ എന്നിവയാണ്.

(a) അഭിവൃദ്ധിപ്പെടുത്തൽ	(b) പ്രതിരോധം
ആരോഗ്യപരിരക്ഷയുടെ വിവിധ മാനങ്ങൾ	
(c) ചികിത്സ	(d) പുനരധിവാസം

ആരോഗ്യപരിപാലനത്തിന്റെ അഭിവൃദ്ധിപ്പെടുത്തൽ, പ്രതിരോധം, ചികിത്സ, പുനരധിവാസം തുടങ്ങിയ കാഴ്ചപ്പാടുകളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

അഭിവൃദ്ധിപ്പെടുത്തൽ (Promotion)

ജനങ്ങളെ അവരുടെ ആരോഗ്യം മെച്ചപ്പെടുത്തുവാൻ പര്യാപ്തമാക്കുന്ന പ്രക്രിയയാണ് അഭിവൃദ്ധിപ്പെടുത്തൽ. വിവിധ ഇടപെടലുകളിലൂടെ ഒരു വ്യക്തിയെ/രോഗബാധിതനെ ശക്തിപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ആരോഗ്യ അഭിവൃദ്ധിപ്പെടുത്തലിന്റെ പ്രധാനപ്പെട്ട രീതികൾ താഴെപ്പറയുന്നവയാണ്.

a) ആരോഗ്യവിദ്യാഭ്യാസം,

b) പരിസ്ഥിതി ഭേദപ്പെടുത്തൽ,

c) പോഷക ഇടപെടൽ (Nutritional intervention),

d) ജീവിത ശൈലിയിലും സ്വഭാവത്തിലുമുള്ള മാറ്റങ്ങൾ തുടങ്ങിയവ.

ആരോഗ്യഅഭിവൃദ്ധി കാര്യക്ഷമമായി പ്രദാനം ചെയ്യുന്നതിന് നാം ലക്ഷ്യംവയ്ക്കുന്ന സംഘങ്ങളെ അല്ലെങ്കിൽ അപകടസാധ്യത ഉള്ള സംഘങ്ങളെ തിരിച്ചറിയൽ, ലക്ഷ്യങ്ങൾ നിർവ്വചിക്കൽ, ആരോഗ്യം അഭിവൃദ്ധിപ്പെടുത്താനുള്ള വിവിധ തന്ത്രങ്ങൾ നടപ്പിലാക്കൽ തുടങ്ങിയവ ചെയ്യേണ്ടതുണ്ട്. പ്രതിരോധ ആരോഗ്യ പദശാസ്ത്രത്തിൽ അഭിവൃദ്ധി പരിരക്ഷ എന്നത് മൗലിക പ്രതിരോധം (Primordial prevention) എന്ന് പൊതുവായി അറിയപ്പെടുന്നു. അതായത് ആരോഗ്യ അഭിവൃദ്ധിയാണ് ആരോഗ്യപരിരക്ഷയുടെ അടിസ്ഥാനം.

പ്രതിരോധം (Prevention)

രോഗപ്രതിരോധത്തിന്റെ വിജയം രോഗകാരണത്തെക്കുറിച്ചുള്ള അറിവ്, പകർച്ചയുടെ ചലനാത്മകത, പ്രശ്നഘടകങ്ങളെയും പ്രശ്നസംഘങ്ങളെയും തിരിച്ചറിയൽ, പ്രാരംഭദശയിലെ രോഗനിർണയം, ചികിത്സാനടപടികൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

ഇത് ഒരു രോഗം ഉണ്ടാകുന്നതിനുമുൻപ് അത് വരാനുള്ള സാദ്ധ്യതയെ ഇല്ലാതാക്കുന്ന പ്രവർത്തനമാണ്. രോഗപ്രതിരോധ മരുന്നുകളിലൂടെ പ്രത്യേക രോഗഹേതുക്കളിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. പോളിയോ, ഡിഫ്ത്തീ

രിയ, പൊങ്ങൻപനി, ടെറ്റനസ് തുടങ്ങിയ രോഗങ്ങളെ വിജയകരമായി പ്രതിരോധിക്കാവുന്നതാണ്. കോളറ, ടൈഫോയ്ഡ്, അതിസാരം തുടങ്ങിയ പകർച്ചവ്യാധികളെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലൂടെ പ്രതിരോധിക്കാവുന്നതാണ്. പ്രതിരോധ ആരോഗ്യ പദശാസ്ത്രത്തിൽ ഈ തലം പ്രാഥമികപ്രതിരോധം (Primary prevention) എന്നറിയപ്പെടുന്നു.

ചികിത്സ (Curation)

ഒരു രോഗം ബാധിച്ചുകഴിഞ്ഞാൽ ചികിത്സ വളരെ പ്രധാനപ്പെട്ടതാണ്. രോഗിക്കു ലഭിക്കുന്ന ആശുപത്രി പരിചരണമാണിത്. രോഗം നേരത്തെ കണ്ടുപിടിക്കുകയും ചികിത്സ നടത്തുകയും ചെയ്യുന്നതാണ്, ഈ അവസരത്തിലുള്ള പ്രധാന ഇടപെടൽ. ശരിയായ രോഗനിർണയം ഈ ഘട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. രോഗം നേരത്തെ തന്നെ കണ്ടുപിടിക്കുകയും ചികിത്സിക്കുകയും ചെയ്താൽ ഭാവിയിൽ ഉണ്ടാകാവുന്ന വൈകല്യങ്ങളെയും സങ്കീർണതകളെയും തടയാൻ സാധിക്കും. പകർച്ചവ്യാധികളുടെ കാര്യത്തിൽ വ്യക്തിഗതമായോ, കൂട്ടമായോ ഉള്ള ചികിത്സാനടപടികൾ കൈക്കൊള്ളാവുന്നതാണ്.

കൂടുതൽ സങ്കീർണതകളുണ്ടാകാതെ ഒരു രോഗത്തിന്റെ പുരോഗതിയെ തടയുന്ന പ്രവർത്തനമാണിത്. പ്രതിരോധ ആരോഗ്യ പദശാസ്ത്രത്തിൽ, ചികിത്സ എന്നത് ദ്വിതീയ പ്രതിരോധം (Secondary prevention) എന്നറിയപ്പെടുന്നു.

പുനരധിവാസം (Rehabilitation)

ഒരു വ്യക്തിയുടെ നിർവ്വഹണ ശേഷി ഏറ്റവും ഉയർന്ന തലത്തിലാക്കാൻ സംയോജിപ്പിച്ചതും ഏകോപിപ്പിക്കപ്പെട്ടതുമായ വൈദ്യശാസ്ത്ര, സാമൂഹിക, വിദ്യാഭ്യാസ, തൊഴിൽപര നടപടികൾ ഉപയോഗിച്ച് പരിശീലനവും പുനർപരിശീലനവും നടത്തുന്നതാണ് പുനരധിവാസം.

മാനസികമോ ശാരീരികമോ ആയ വൈകല്യത്താൽ വിഷമിക്കുന്നവരെ വൈകല്യങ്ങളുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാനും സാമൂഹിക ഏകീകരണത്തിലേക്ക് എത്തിച്ചേരുവാനും സഹായിക്കുന്ന എല്ലാ നടപടികളും ഇതിൽ ഉൾപ്പെടുന്നു. ഒരു വ്യക്തിയെ സാമൂഹിക ജീവിതത്തിൽ സജീവമായി പങ്കെടുക്കുവാൻ പുനരധിവാസം സഹായിക്കുന്നു. നിലവിലുള്ള അവരുടെ ആരോഗ്യ അവസ്ഥക്കുള്ളിൽ നിന്നുകൊണ്ട് ജനങ്ങളെ കൂടുതൽ ഫലപ്രദരാക്കുക എന്നതാണ് പുനരധിവാസത്തിന്റെ ഉദ്ദേശ്യം.

രോഗത്തിന്റെ അവസാനഘട്ടത്തിലുള്ള ഇടപെടൽ ആണിത്. പ്രതിരോധ ആരോഗ്യ പദശാസ്ത്രത്തിൽ, പുനരധിവാസം ത്രിതീയ പ്രതിരോധം (Tertiary prevention) എന്നറിയപ്പെടുന്നു. നിലവിലുള്ള അവസ്ഥയുമായി രോഗിയുടെ പൊരുത്തപ്പെടൽ മെച്ചപ്പെടുത്തി കോട്ടങ്ങളും വൈകല്യങ്ങളും കുറയ്ക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന എല്ലാ നടപടികളും തൃതീയ പ്രതിരോധത്തിൽ ഉൾപ്പെടുന്നു. പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള രോഗിയുടെ കഴിവിനെ വർധിപ്പിക്കാനും പുനഃരധിവാസം ശ്രമിക്കുന്നു.

വൈദ്യശാസ്ത്രത്തിന്റെ ശാഖ എന്ന നിലയിൽ പുനരധിവാസം ഫിസിയോതെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി, ഓഡിയോളജി, സോഷ്യൽ വർക്ക്, സൈക്കോളജി, വിദ്യാഭ്യാസം തുടങ്ങി നിരവധി മേഖലകൾ ഉപയോഗപ്പെടുത്തുന്നു.

കാഴ്ചയില്ലാത്തവർക്കുള്ള വിദ്യാലയങ്ങൾ ആരംഭിക്കുക, ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ നൽകുക, കുഷ്ഠരോഗികൾക്ക് പുനർനിർമ്മാണ ശസ്ത്രക്രിയ നടത്തുക, പോളിയോ ബാധിച്ചവർക്ക് പേശി ബലപ്പെടുത്താനുള്ള വ്യായാമ മാർഗങ്ങൾ അവലംബിക്കുക എന്നിവ പുനരധിവാസത്തിനുദാഹരണങ്ങളാണ്.

ആരോഗ്യപരിരക്ഷയുടെ തലങ്ങൾ (Levels of health care)

ഭാരതത്തിൽ ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മൂന്ന് തലങ്ങളിലാണ് നടക്കുന്നത്.

പ്രാഥമികതലം (Primary Level)

ആരോഗ്യപരിരക്ഷാസംവിധാനവുമായി സമൂഹം ആദ്യമായി ഇടപെടുന്ന തലമാണിത്. രോഗികൾ, രോഗാരംഭത്തിൽ കാണുന്ന ആരോഗ്യ ഉദ്യോഗസ്ഥരുടെ പ്രവർത്തനവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

ഇന്ത്യയിൽ, സർക്കാർ ഉടമസ്ഥതയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴിയും ഉപകേന്ദ്രങ്ങൾ വഴിയുമാണ് പ്രാഥമിക ആരോഗ്യപരിരക്ഷ നൽകുന്നത്.

> പ്രാഥമിക ആരോഗ്യപരിരക്ഷാസംവിധാനവുമായി ജനങ്ങളെ ബന്ധിപ്പിക്കുന്ന ഏറ്റവും ഉപരിതല സംവിധാനമാണ് ആരോഗ്യ-ഉപകേന്ദ്രങ്ങൾ. വിവിധോദ്ദേശ്യ ആരോഗ്യപ്രവർത്തകരായ ഒരു സ്ത്രീയും പുരുഷനുമാണ് ഉപകേന്ദ്രങ്ങളിലുണ്ടാവുക.
>
> പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ (Primary Health Centre - PHC) ഒരു മെഡിക്കൽ ഓഫീസറും 14 പാരാമെഡിക്കൽ ജോലിക്കാരും ഉണ്ടാകും. 6 ഉപകേന്ദ്രങ്ങളുടെ വിദഗ്ധ ചികിത്സ കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 4-6 രോഗികളെ കിടത്തിചികിത്സിക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കും.

മാരകമായ എല്ലാ ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യപ്രശ്നങ്ങൾക്കുമുള്ള അടിസ്ഥാനചികിത്സ പ്രാഥമികതലത്തിൽ ലഭിക്കുന്നു.

ഇതിൽ അടിസ്ഥാന മാതൃശിശുസംരക്ഷണം സേവനങ്ങളായ പ്രതിരോധ കുത്തിവയ്പ്, കുടുംബാസൂത്രണം, ബോധവത്ക്കരണക്ലാസുകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

രോഗത്തിന്റെ ഗൗരവം അനുസരിച്ച് ദ്വിതീയ, തൃതീയ തലങ്ങളിലേക്ക് ശുപാർശ ചെയ്യുന്നു.

ദ്വിതീയ തലം (Secondary Level)

രോഗികളുമായി പ്രാഥമിക തലത്തിൽ ബന്ധമില്ലാത്തതും, എന്നാൽ വൈദ്യശാസ്ത്ര മേഖലയിലെ വിദഗ്ധരുമായ ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭിക്കുന്ന തലമാണിത്. ഉദാ: ഹൃദ്രോഗ വിദഗ്ധർ, ത്വക്ക്രോഗ വിദഗ്ധർ, മൂത്രാശയരോഗ വിദഗ്ധർ തുടങ്ങിയവരുടെ സേവനങ്ങൾ.

ഹ്രസ്വമായ കാലയളവിൽ അത്യാവശ്യ ചികിത്സ ആവശ്യമായ ഗുരുതര രോഗങ്ങൾ, മുറിവുകൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവക്കുള്ള തീവ്രപരിചരണം ഇതിൽ ഉൾപ്പെടുന്നു. ചിലപ്പോഴൊക്കെ ദ്വിതീയതലത്തെ ആശുപത്രി പരിചരണമായി കണക്കാക്കാറുണ്ട്. ഇന്ത്യയിൽ സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവ ദ്വിതീയതല ആരോഗ്യ പരിരക്ഷണത്തിൽ വരുന്നു.

തൃതീയതലം (Tertiary Level)

പ്രാഥമിക, ദ്വിതീയതലങ്ങളിൽ നിന്നും വിദഗ്ധ ചികിത്സക്കായി നിർദ്ദേശിക്കപ്പെട്ടവരാണ് തൃതീയതലത്തിൽ എത്തുന്നത്. ഏറ്റവും വിദഗ്ധമായ ചികിത്സ ഈ തലത്തിൽ ലഭിക്കുന്നു. ഉയർന്ന സൗകര്യങ്ങളും വിദഗ്ധരും ഈ മേഖലയിൽ ആവശ്യമാണ്. RCC പോലുള്ള റീജിയണൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ തൃതീയ തലത്തിൽ ഉൾപ്പെടുന്നു.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1) ആരോഗ്യ പരിപാലനത്തിന്റെ .... മാനം വ്യക്തിയുടെ കുറവുകളെ പരിഹരിച്ച് കഴിവുകളെ വീണ്ടെടുക്കുന്നു.

2) ആരോഗ്യപരിപാലനത്തിന്റെ വിവിധ മാനങ്ങളെ കാണിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.

ആരോഗ്യപരിരക്ഷ സംവിധാനം (Health Care System)

ആരോഗ്യപരിരക്ഷാസേവനങ്ങൾ നൽകുന്നതിനായുള്ള ക്രമീകരണമാണ് ആരോഗ്യ പരിരക്ഷാസംവിധാനം. ഇത് രാജ്യത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടു പ്രവർത്തിക്കുന്നു. ഇന്ത്യയിൽ ആരോഗ്യപരിരക്ഷാസംവിധാനത്തിൽ 5 പ്രധാനപ്പെട്ട മേഖലകൾ ഉണ്ട്. അവ താഴെ ചേർക്കുന്നു.

A. പൊതുജനാരോഗ്യ മേഖല (Public Health Sector)

a) പ്രാഥമിക ആരോഗ്യ പരിരക്ഷ

   i) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

   ii) ഉപകേന്ദ്രങ്ങൾ

b) ആശുപത്രികൾ

   i) സാമൂഹിക ആരോഗ്യകേന്ദ്രം

  ii) ഗ്രാമീണ ആശുപത്രികൾ
  iii) ജില്ലാ ആശുപത്രികൾ
  iv) അദ്ധ്യാപന ആശുപത്രികൾ

c) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ
  i) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്
  ii) കേന്ദ്ര ആരോഗ്യപദ്ധതി

d) മറ്റ് ഏജൻസികൾ
  i) പ്രതിരോധ സേവനങ്ങൾ
  ii) റെയിൽവേ

B. സ്വകാര്യമേഖല (Private Sector)

a) സ്വകാര്യ ആശുപത്രികൾ, പോളി ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ഡിസ്പെൻസറികൾ

b) സ്വകാര്യചികിത്സകർ, സ്വകാര്യ ചികിത്സാലയങ്ങൾ

C തദ്ദേശീയ വൈദ്യശാസ്ത്ര മേഖലകൾ (Indigenous System of Medicines)

a) ആയുർവേദം
b) യോഗ, നാച്ചുറോപ്പതി
c) യുനാനി
d) സിദ്ധ
e) ഹോമിയോപ്പതി

ആയുർവേദം, യോഗ, നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി, മറ്റ് തനതു വൈദ്യശാസ്ത്രമേഖലകൾ എന്നിവയിലുള്ള വിദ്യാഭ്യാസവും ഗവേഷണവും വികസിപ്പിക്കുന്നതിനായി ഭാരത സർക്കാർ 2003-ൽ രൂപം നൽകിയതാണ് AYUSH (Ayurveda, Yoga & Naturopathy, Unani, Siddha and Homeopathy എന്നിവയുടെ ചുരുക്കരൂപമാണ് AYUSH). ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ കീഴിലാണിതു പ്രവർത്തിക്കുന്നത്. 'ദീർഘായുസ്' എന്നർത്ഥമുള്ള 'ആയുഷ്' എന്ന പദം സംസ്കൃതഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്.

D. ആരോഗ്യ സന്നദ്ധസംഘടനകൾ (Voluntary Health Agencies)

സന്നദ്ധ ആരോഗ്യ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന നിരവധി സംഘടനകൾ ഇന്ത്യയിലുണ്ട്. സർക്കാരിന്റെ സേവനങ്ങളുടെ ന്യൂനത പരിഹരിക്കുന്നതിനായി ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിക്കുന്ന സംഘടനകളാണിവ. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

- VHAI (വോളന്ററി ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ)
- CHAI (കാത്തോലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ)

- SEARCH (സൊസൈറ്റി ഫോർ എജ്യുക്കേഷൻ ആക്ഷൻ ആൻഡ് റിസർച്ച് ഇൻ കമ്യൂണിറ്റി ഹെൽത്ത്)
- CRY (ചൈൽഡ് റിലീഫ് & യു)
- ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി
- ട്യൂബർക്കുലോസിസ് അസോസിയേഷൻ ഓഫ് ഇന്ത്യ
- കസ്തൂർബ മെമ്മോറിയൽ ഫണ്ട്
- കാരിത്താസ് ഇന്ത്യ തുടങ്ങിയവ.

E. ദേശീയ ആരോഗ്യപരിപാടികൾ (National Health Programmes)

സാംക്രമിക രോഗങ്ങൾ, സാംക്രമികേതര രോഗങ്ങൾ, മറ്റ് പ്രധാനപ്പെട്ട രോഗങ്ങൾ എന്നിവയെ നേരിടാനായി ഭാരതസർക്കാർ നിരവധി ദേശീയ ആരോഗ്യപദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുവാനും മരണ നിരക്കും രോഗാതുരതയും കുറയ്ക്കുവാനും ദേശീയ ആരോഗ്യപദ്ധതികൾ നിർണാ യക പങ്ക് വഹിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ പ്രാബല്യത്തിൽ എത്തിക്കുവാൻ WHO, UNICEF, ലോക ബാങ്ക് തുടങ്ങിയ അന്തർദ്ദേശീയ സംഘടനകളുടെ ഭൗതികവും സാങ്കേതികവുമായ സഹായം ലഭിക്കുന്നുണ്ട്. ദേശീയ മലമ്പനി നിവാരണ പരിപാടി, ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി, ദേശീയ മാനസിക ആരോഗ്യപരിപാടി എന്നിവയൊക്കെ അവയിൽ ചിലതാണ്.

6.5 പ്രാഥമിക ആരോഗ്യപരിരക്ഷയും സാമൂഹിക ആരോഗ്യവും (Primary Health Care and Community Health)

എല്ലാ ജനങ്ങളിലേക്കും സമഗ്രവും കാര്യ ക്ഷമവുമായ ആരോഗ്യ സേവനങ്ങൾ എത്തി ക്കുക എന്ന ലക്ഷ്യത്തോടെ ഇരുപതാം നൂറ്റാ ണ്ടിൽ ഉദയം ചെയ്ത ഒരു ആരോഗ്യ പരി രക്ഷാതന്ത്രമാണ് പ്രാഥമിക ആരോഗ്യ പരിരക്ഷ. 1978-ൽ കസാഖിസ്ഥാനിലെ അൽമ ആറ്റയിൽ (മുൻ സോവിയറ്റ് യൂണിയൻ) കൂടിയ അന്തർദ്ദേ ശീയ പ്രാഥമിക ആരോഗ്യപരിരക്ഷാ സമ്മേളനത്തിൽ വെച്ചാണ് ഈ മാതൃക അംഗീ കരിച്ചത്. ഇത് 'അൽമ ആറ്റ പ്രഖ്യാപനം' എന്നറിയപ്പെടുന്നു.

> അൽമ ആറ്റ പ്രഖ്യാപനത്തിൽ പ്രാഥമിക ആരോഗ്യപരിരക്ഷയെ നിർവ്വ ചിച്ചിരിക്കുന്നത് ഇപ്രകാരമാണ്, "സമൂഹത്തിലെ വ്യക്തികൾക്കും കുടും ബങ്ങൾക്കും പ്രായോഗികവും ശാസ്ത്രീയവും സാമൂഹികവുമായി അംഗീ കരിക്കപ്പെട്ടിരിക്കുന്ന രീതികളുടെയും സാങ്കേതികതയുടെയും അടിസ്ഥാ നത്തിൽ സാർവത്രികമായി ലഭ്യമായിട്ടുള്ള അനുപേക്ഷണീയമായ ആരോഗ്യ പരിചരണമാണ് പ്രാഥമിക ആരോഗ്യപരിരക്ഷ".

ജനങ്ങളുടെ ആരോഗ്യത്തെ സുസ്ഥിരമായി മെച്ചപ്പെടുത്തുവാനും എല്ലാവർക്കും

ആരോഗ്യം എന്നത് പ്രാവർത്തികമാക്കാനുമുള്ള ഏറ്റവും ഉചിതമായ സമീപനം പ്രാഥമിക ആരോഗ്യ പരിരക്ഷയാണ്. ഉൾപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും ആരോഗ്യ പരിരക്ഷാ വികസനത്തിനു ഇതിൽ വലിയ പ്രാധാന്യം നൽകിയിരിക്കുന്നു. സുരക്ഷിതവും, അത്യാവശ്യമുള്ളതും, പ്രാപ്യമായതുമായ വൈദ്യസഹായവും ആരോഗ്യസേവനങ്ങളും ഇതിൽ നൽകുന്നു.

സമൂഹത്തിനു താങ്ങാവുന്ന ചെലവിലുടെയും ജനങ്ങളുടെ പൂർണ പങ്കാളിത്തത്തിലുടെയുമുള്ള ആരോഗ്യ പരിരക്ഷയുടെ ഒരു ആദർശ മാതൃകയാണിത്.

പ്രാഥമിക ആരോഗ്യപരിരക്ഷയുടെ സവിശേഷതകൾ (Characteristics of Primary Health Care)

i. വ്യക്തികൾക്കും കുടുംബങ്ങൾക്കും സംഘങ്ങൾക്കും സമുദായങ്ങൾക്കും സാർവ്വത്രികമായി ലഭ്യമാകുന്ന ആരോഗ്യ സേവനങ്ങളാണിവ.

ii. ഇതിൽ ജനപങ്കാളിത്തം ഉൾപ്പെടുന്നു.

iii. ആരോഗ്യം അഭിവൃദ്ധിപ്പെടുത്തലൽ, രോഗങ്ങൾക്കുള്ള ചികിത്സ, പ്രതിരോധം, എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

iv. എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യം എന്നതാണ് ഇതിന്റെ ലക്ഷ്യം.

പ്രാഥമിക ആരോഗ്യപരിരക്ഷയുടെ ഘടകങ്ങൾ (Components of Primary Health Care)

അൽമ ആറ്റ പ്രഖ്യാപനം പ്രാഥമിക ആരോഗ്യപരിരക്ഷയുടെ 8 അവശ്യഘടകങ്ങളെക്കുറിച്ചുള്ള രൂപരേഖ തയ്യാറാക്കി. താഴെപറയുന്നവയാണവ.

i. നിലവിലുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും അവയെ നിയന്ത്രിക്കുവാനും തടയുവാനുമുള്ള മാർഗങ്ങളെക്കുറിച്ചും ആരോഗ്യ വിദ്യാഭ്യാസം നൽകുക.

ii. ഭക്ഷണവിതരണവും അനുയോജ്യമായ പോഷകാഹാരവും അഭിവൃദ്ധിപ്പെടുത്തുക.

iii. സുരക്ഷിത കുടിവെള്ള വിതരണവും അടിസ്ഥാന ശുചിത്വവും.

iv. കുടുംബാസൂത്രണമുൾപ്പടെയുള്ള മാതൃശിശുസംരക്ഷണം.

v. പ്രധാനപ്പെട്ട സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം.

vi. തദ്ദേശീയ രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും.

vii. പൊതുവായി കാണപ്പെടുന്ന അസുഖങ്ങൾക്കും മുറിവുകൾക്കുമുള്ള ഉചിതമായ ചികിത്സ.

viii. അടിസ്ഥാനമരുന്നുകളുടെ ലഭ്യത.



നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. പ്രാഥമിക ആരോഗ്യ പരിരക്ഷയുടെ ഘടകങ്ങൾ ഒരു പട്ടികയിൽ തയാറാക്കുക.



ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സന്ദർശിച്ച് അതിന്റെ കടമകളെയും പ്രവർത്തനങ്ങളെയുംക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

സാമൂഹിക ആരോഗ്യം (Community Health)

പൊതുജനാരോഗ്യത്തിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമാണ് സാമൂഹികാരോഗ്യം. ചില രാജ്യങ്ങളിൽ സാമൂഹിക ആരോഗ്യം എന്നത് 'പൊതുജനാരോഗ്യ'-മായും 'പരിസ്ഥിതി ആരോഗ്യ'മായും വിവക്ഷിക്കാറുണ്ട്. 'ഒരു സമൂഹത്തിന്റെ ആരോഗ്യത്തെക്കുറിച്ചും അതിനെ മെച്ചപ്പെടുത്താനുള്ള പഠനത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ശാസ്ത്രമാണ് സാമൂഹികാരോഗ്യം.' അതിനാൽ വികസ്വര രാജ്യങ്ങളിലെ ലക്ഷോപലക്ഷം ദരിദ്രജനങ്ങൾക്ക് ആരോഗ്യം ഉറപ്പാക്കുവാനായി വ്യാപകമായി അംഗീകരിച്ചിട്ടുള്ള ശരിയായ ഒരു ആരോഗ്യസമീപനമാണ് സാമുഹികാരോഗ്യം. സമുഹത്തിന്റെ സാമുഹിക, സാമ്പത്തിക, രാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട്, ഉചിതവും ഉത്തരവാദിത്വപൂർണ്ണവുമായ ഒരു ആരോഗ്യ പരിചരണ സംവിധാനം ഉണ്ടാക്കുവാനുള്ള ശ്രമമാണ് സാമുഹികാരോഗ്യം. ജനങ്ങൾക്ക് അവരുടെ ആരോഗ്യ ആവശ്യങ്ങൾ, അവകാശങ്ങൾ, കടമകൾ എന്നിവയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തി കൊടുക്കുന്ന പ്രക്രിയയാണ് സാമുഹികാരോഗ്യം.

ആരോഗ്യസംരംഭങ്ങളിൽ ജനങ്ങളുടെ സജീവമായ പങ്കാളിത്തം ആവശ്യമുണ്ട്. ഗ്രാമീണ ചികിത്സാലയങ്ങൾ നടത്തുക, ആശുപത്രികളിൽ നിന്നുള്ള സേവനങ്ങളുടെ വിപുലീകരണം, സൗജന്യ മരുന്നുകൾ, ശുപാർശാ സേവനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസം വഴി അവബോധം പടുത്തുയർത്തുക തുടങ്ങിയ പദ്ധതികൾ സാമൂഹിക ആരോഗ്യത്തിന്റെ കീഴിൽ വരുന്നു.

6.6 സ്കൂൾ ആരോഗ്യപരിപാടി (School Health Programme)

ഇന്ത്യയിൽ, സ്കൂളിൽ പോകുന്ന ഗണ്യമായ എണ്ണം കുട്ടികളിലും പ്രതിരോധിക്കുവാൻ കഴിയുന്ന നിരവധി രോഗങ്ങൾ കണ്ടുവരുന്നു. ഇവ ഉണ്ടാകുന്നത് വ്യാപകമായ ദാരിദ്ര്യം, അജ്ഞത, ശുചിത്വത്തിന്റെയും പൊതു ശുചിത്വത്തിന്റെയും അഭാവം എന്നിവ മൂലമാണ്. ഉചിതമായ ആരോഗ്യ അവബോധത്തിലൂടെയും സേവനങ്ങളിലൂടെയും നിരവധി രോഗങ്ങൾ പ്രതിരോധിക്കാവുന്നതാണ്. 1996-97 കാലഘട്ടത്തിലാണ് ഭാരത സർക്കാർ സ്കൂൾ ആരോഗ്യപദ്ധതി ആരംഭിച്ചത്. സ്കൂൾ പാഠ്യപദ്ധതിയിൽ ആരോഗ്യവിദ്യാഭ്യാസം ഉൾക്കൊള്ളിക്കാൻ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിൽ നിർദ്ദേശിച്ചിരിക്കുന്നു.

സാമൂഹിക ആരോഗ്യ പദ്ധതിയുടെ ഒരു ഭാഗമാണ് സ്കൂൾ ആരോഗ്യപദ്ധതി. കുട്ടികളുടെ അദ്ധ്യയന വർഷങ്ങളിൽ സമഗ്രമായ ആരോഗ്യ പരിചരണവും സുസ്ഥിതിയും ഉറപ്പാക്കാനുള്ള പദ്ധതിയാണിത്. ഇന്ന് ഈ പദ്ധതി 'രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം' (RBSK) എന്ന പുതിയ പദ്ധതിയിലേക്ക് ലയിപ്പിച്ചു. ഈ പദ്ധതി അനുസരിച്ച് ജനനം മുതൽ 18 വയസുവരെയുള്ള എല്ലാ കുട്ടികളെയും ഏതെങ്കിലും ആരോഗ്യ പ്രശ്നങ്ങളുണ്ടോ എന്നറിയാൻ പരിശോധനകൾക്കു വിധേയമാക്കുകയും ചെയ്യുന്നു.

കുട്ടികൾക്ക് എളുപ്പത്തിൽ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കൽ, പോഷകാഹാരം, ശുചിത്വ അവബോധം എന്നിവ സ്കൂളുകളിലൂടെ നൽകാൻ എളുപ്പവും ചെലവു കുറവുമാണ്. സാംക്രമിക രോഗങ്ങളെയും സാംക്രമികേതര രോഗങ്ങളെയും പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും ഇത് സഹായിക്കുന്നു. വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ജീവിതശൈലി അഭിവൃദ്ധിപ്പെടുത്തുന്നതിനും തദ്ദേശീയ പാരമ്പര്യ ആരോഗ്യ രീതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഇത് പര്യാപ്തമാണ്.

സ്കൂൾ ആരോഗ്യപരിപാടിയുടെ ലക്ഷ്യങ്ങൾ (Objectives of School health programmes)

എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും സമഗ്ര ആരോഗ്യ പരിരക്ഷ സേവനങ്ങൾ നൽകുക എന്നതാണ് സ്കൂൾ ആരോഗ്യപരിപാടിയുടെ അടിസ്ഥാനലക്ഷ്യം. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ താഴെപറയുന്നു.

i) സ്കൂൾ വിദ്യാർത്ഥികളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കുക.

ii) രോഗപ്രതിരോധം, നേരത്തെയുള്ള രോഗനിർണയം, ചികിത്സ, കുറവുകളെ പിന്തുടർന്ന് പരഹരിക്കുക.

iii) ഗുണാത്മക ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുക.

iv) കുടുംബത്തിലും സമൂഹത്തിലും കുട്ടിയെ ഒരു 'മാറ്റത്തിന്റെ വക്താവ്' ആയി അംഗീകരിക്കുക.

v) ഉചിതമായ സാമൂഹിക വൈകാരിക സ്വഭാവങ്ങൾ പ്രോത്സാഹിപ്പിക്കുക.

സ്കൂൾ ആരോഗ്യപരിപാടിയുടെ ഘടകങ്ങൾ (Components of School Health Programme)



സ്കൂൾ ആരോഗ്യ പദ്ധതിയ്ക്ക് 3 ഘടകങ്ങൾ ഉണ്ട്. അവ ആരോഗ്യവിദ്യാഭ്യാസം, ആരോഗ്യമുള്ള പരിസ്ഥിതി, ആരോഗ്യപരിരക്ഷാസേവനങ്ങൾ എന്നിവയാണ്.

A ആരോഗ്യവിദ്യാഭ്യാസം (Health Education)

സ്കൂൾ ആരോഗ്യപദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണിത്. താഴെപ്പറയുന്നവ ഇതിൽ ഉൾപ്പെടുന്നു.

a) സ്കൂളിൽ ഉയർന്ന നിലവാരമുള്ള വൃത്തിബോധത്തിനു ഊന്നൽ നൽകുക.

b) ശുചിമുറി സൗകര്യവും വെള്ളവും ലഭ്യമാക്കുകയും അവയുടെ ശരിയായ ഉപയോഗം ശീലമാക്കാൻ പഠിപ്പിക്കുകയും ചെയ്യുക.

c) ഉച്ചഭക്ഷണ പദ്ധതിയിലൂടെ പോഷകാഹാരശീലം അവതരിപ്പിക്കുക.

d) നഖങ്ങൾ വൃത്തിയാക്കുക, ഉചിതമായ രീതിയിൽ മുടി കെട്ടുക, സോപ്പുപയോഗിച്ച് കുളിക്കുക തുടങ്ങിയ വ്യക്തി ശുചിത്വശീലങ്ങൾ വ്യക്തമായി കാണിക്കുക.

B ആരോഗ്യമുള്ള പരിസ്ഥിതി (Healthy Environment)

ഇതിൽ സ്കൂൾ പരിസരത്തിന്റെ ശുചീകരണം മാത്രമല്ല ഉൾപ്പെടുന്നത്. കുട്ടികളിൽ ശാരീരികവും മാനസികവും ധാർമ്മികവുമായ ഫലങ്ങൾ ഉളവാക്കുന്ന എല്ലാ സ്കൂൾ ചുറ്റുപാടുകളും കൂടിയുണ്ട്. പൊടി, ഒച്ച, ഗതാഗതം മുതലായ പ്രശ്നങ്ങൾ കുട്ടികളെ ബാധിക്കാതിരിക്കാൻ വഴിയിൽ നിന്നും നിശ്ചിത അകലത്തിലായിരിക്കണം സ്കൂൾ. സ്കൂൾ കെട്ടിടത്തിന്റെ ഉചിതമായ സംരക്ഷണത്തിന് ശരിയായ അറ്റകുറ്റ പണികൾ നടത്തുന്നതിന് വലിയ പ്രാധാന്യമുണ്ട്.

താഴെപറയുന്ന ശുചീകരണ കാര്യങ്ങളിൽ സ്കൂൾ അധികൃതർ ശ്രദ്ധാലുക്കളായിരിക്കണം

a) സുരക്ഷിതമായ കുടിവെള്ളം എപ്പോഴും ലഭ്യമായിരിക്കും എന്നു ഉറപ്പുവരുത്തുക.

b) മലിനജലം കുഴിയിലേക്കോ ഉദ്യാനത്തിലേക്കോ ഒഴുക്കുവാനുള്ള സംവിധാനം ഉണ്ടായിരിക്കണം.

c) ജലലഭ്യതയുള്ളതും ഉചിതമായതുമായ മൂത്രപ്പുരകളും ശുചിമുറികളും ഉണ്ടായിരിക്കണം.

d) എല്ലാ ക്ലാസ് മുറികളിലും മാലിന്യനിക്ഷേപ പാത്രങ്ങൾ ഉണ്ടായിരിക്കുകയും അവയിലെ മാലിന്യം സമയമായി ജൈവവളകുഴിയിൽ നിക്ഷേപിക്കുകയും ചെയ്യണം.

e) ശുദ്ധവായുവും വെളിച്ചവും കയറുന്ന രീതിയിൽ ജനാലകൾ, വാതിലുകൾ, വായുസഞ്ചാര മാർഗങ്ങൾ എന്നിവ ക്ലാസ്മുറികളിൽ ഉണ്ടായിരിക്കണം.

f) വിനോദത്തിനും കായിക വിദ്യാഭ്യാസത്തിനുമായി ഒരു നല്ല കളിസ്ഥലം ഉണ്ടായിരിക്കണം.

C. ആരോഗ്യപരിരക്ഷാസേവനങ്ങൾ (Health Care Services)

ഇത് ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതും സംരക്ഷിക്കുന്നതും ചികിത്സിക്കുന്നതും പുനരധിവസിപ്പിക്കുന്നതുമായിരിക്കണം.

പൊതുശുചിത്വം, ആരോഗ്യ വിദ്യാഭ്യാസം, നല്ല പോഷകാഹാരം, രോഗപ്രതിരോധം, വിനോദം, വ്യായാമം, വ്യക്തി ശുചിത്വം എന്നിവയിലൂടെയെല്ലാം ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷാമാർഗങ്ങളെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കണം. സ്ഥിരമായ വൈദ്യപരിശോധന, ആരോഗ്യരേഖ തയ്യാറാക്കൽ, വിദഗ്ധ സേവന ശുപാർശകൾ എന്നിവ ചികിത്സക്കു സഹായകമാണ്. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് മാനസികമായും ശാരീരികമായും സഹായം നൽകണം.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സാമൂഹികാരോഗ്യത്തെ നിർവ്വചിക്കുക. അതിന്റെ സവിശേഷതകളെ പട്ടികപ്പെടുത്തുക.
2. സ്കൂൾ ആരോഗ്യപദ്ധതിയുടെ ഘടകങ്ങളെക്കുറിച്ച് ചുരുക്കി വിവരിക്കുക.

സംയോജിത ശിശു വികസന പദ്ധതി
(Integrated Child Development Scheme - ICDS)

സമൂഹത്തിലെ പിന്നാക്കവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള ഒരു സമഗ്ര സമീപനമാണ് ICDS. 1975 ലാണ് കേരളത്തിൽ ഇത് ആവിഷ്ക്കരിച്ചത്. സമൂഹത്തിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നവരായ 6 വയസ്സിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, ദരിദ്ര ചുറ്റുപാടുകളിൽനിന്നുള്ള പാലൂട്ടുന്ന അമ്മമാർ, പിന്നാക്ക പ്രദേശങ്ങളിൽ ജീവിക്കുന്നവർ, ഗോത്രപ്രദേശങ്ങളിലുള്ളവർ ചേരികളിലുള്ളവർ എന്നിവരെയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നു

a) 0-6 പ്രായത്തിലുള്ള കുട്ടികളുടെ ആരോഗ്യ, പോഷക നിലവാരങ്ങൾ മെച്ചപ്പെടുത്തുക.

b) കുട്ടികളുടെ ശരിയായ മാനസിക, ശാരീരിക, സാമൂഹിക വികസനത്തിനാവശ്യമായ അടിത്തറ ഇടുക.

c) ശിശുമരണനിരക്ക്, രോഗാതുരത, പോഷകാഹാരക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.

d) ശിശുവികസനം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

e) പോഷകാഹാരവും ആരോഗ്യവിദ്യാഭ്യാസവും നൽകുന്നതുവഴി ശിശുക്കളുടെ ആരോഗ്യ പോഷക ആവശ്യങ്ങൾ നന്നായി നിർവ്വഹിക്കാൻ അമ്മമാരെ പര്യാപ്തരാക്കുക.

പദ്ധതിയ്ക്കു മേൽനോട്ടം വഹിക്കാൻ എല്ലാ ജില്ലകളിലും ICDS സെല്ലുകൾ പ്രവർത്തിക്കുന്നു

ഗുണഭോക്താക്കൾക്കായുള്ള ICDS ന്റെ പ്രധാന സേവനങ്ങൾ (Major Services to beneficiaries under ICDS)

1. 3-6 വയസ്സുപ്രായമുള്ള കുട്ടികൾക്കായുള്ള സേവനങ്ങൾ
   - ശൈശവത്തിലുണ്ടാകുന്ന വൈകല്യങ്ങളെ നേരത്തെ തന്നെ കണ്ടെത്തുകയും വിദഗ്ധ ചികിത്സയ്ക്ക് ശുപാർശയും ചെയ്യുക.
   - വളർച്ചാ നിരീക്ഷണം
   - രോഗപ്രതിരോധം
   - കാലോചിതമായ ആരോഗ്യ പരിശോധന
   - ചെറുതും പൊതുവായതുമായ അസുഖങ്ങൾക്കുള്ള ചികിത്സ
   - ജീവകം എ യുടെ വിതരണം
   - ബാല്യകാല വിദ്യാഭ്യാസം
   - പൂരക പോഷകാഹാര പദ്ധതി
   - വർഷത്തിൽ 2 പ്രാവശ്യം വിരനിർമ്മാർജ്ജനം ചെയ്യൽ
2. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കുള്ള സേവനങ്ങൾ
   - ആരോഗ്യ-പോഷക വിദ്യാഭ്യാസം
   - കുടുംബജീവിത വിദ്യാഭ്യാസം
   - ഇരുമ്പ് സത്ത് ഗുളിക, ഫോളിക് ആസിഡ് ഗുളിക എന്നിവയുടെ വിതരണം
3. ഗർഭിണികൾക്കുള്ള സേവനങ്ങൾ
   - ഗർഭകാല പരിചരണം
   - ഗർഭകാലത്ത് എല്ലാമാസവും ഭാരലബ്ധി പരിശോധിക്കുന്നു
   - രോഗപ്രതിരോധം
   - പൂരക പോഷകാഹാരം
   - ആരോഗ്യ-പോഷക വിദ്യാഭ്യാസം
4. പാലൂട്ടുന്ന അമ്മമാർക്കുള്ള സേവനങ്ങൾ
   - പ്രസവശേഷമുള്ള പരിചരണം
   - ആരോഗ്യ-പോഷക വിദ്യാഭ്യാസം
   - പൂരക പോഷകാഹാരം

അങ്കണവാടി (Anganwadi)

സ്ത്രീകൾക്കും 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കുമുള്ള ICDS ന്റെ സേവനങ്ങൾ നൽകുന്നതിനായി സാമൂഹിക തലത്തിലുള്ള സേവന കേന്ദ്രമാണ് അങ്കണവാടി. സ്ത്രീശാക്തീകരണത്തിനും കുട്ടികളുടെ വികസനത്തിനുമായി ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന ഒരു കളിസ്ഥലമുറ്റമാണ് അങ്കണവാടി എന്ന് അക്ഷരാർത്ഥത്തിൽ പറയാം. ഒരു ദിവസം 6 മണിക്കൂറിലേറെ കുട്ടികൾ ഇവിടെ ചെലവഴിക്കുന്നു. സ്ത്രീകളുടെയും അമ്മമാരുടെയും ഒരു സമ്മേളനകേന്ദ്രമാണിത്. സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനാവശ്യമായ അവബോധവും പ്രവർത്തനങ്ങളും അഭിവൃദ്ധിപ്പെടുത്തലുമാണ് അങ്കണവാടികളുടെ ലക്ഷ്യം. ഇപ്പോൾ അങ്കണവാടികൾ തദ്ദേശഭരണ സംവിധാനത്തിന്റെ കീഴിലാണ്. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കേണ്ടതും പൂരക പോഷകാഹാര പദ്ധതിയ്ക്ക് സഹായം നൽകേണ്ടതും തദ്ദേശഭരണ സംവിധാനത്തിന്റെ കടമയാണിപ്പോൾ.



ഒരു അങ്കണവാടി സന്ദർശിച്ച് അവിടെ നടപ്പിലാക്കിവരുന്ന സംയോജിത ശിശുവികസനപദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു സംക്ഷിപ്തം തയ്യാറാക്കുക.

6.7 ദേശീയ ആരോഗ്യ പദ്ധതികൾ (National Health Programmes)

സ്വാതന്ത്ര്യത്തിനു മുൻപ് ഇന്ത്യയുടെ പൊതുജനാരോഗ്യനിലവാരം വളരെ പരിതാപകരമായിരുന്നു. മരണനിരക്ക് 1000 പേർക്ക് 22.4 എന്ന തോതിലായിരുന്നു. ശിശുമരണനിരക്ക് ജീവനോടെ ജനിക്കുന്ന 1000 കുഞ്ഞുങ്ങളിൽ 162 പേർ എന്ന രീതിയിലും ആയുർദൈർഘ്യം ഏകദേശം 26 വർഷവുമായിരുന്നു. ആകെയുള്ള മരണത്തിന്റെ പകുതിയും 10 വയസ്സിൽ താഴെയുള്ള കുട്ടികളുടേതായിരുന്നു. അക്കാലത്ത് ഇന്ത്യ വസൂരി, കുഷ്ഠം, മലമ്പനി, മന്ത് മുതലായ രോഗങ്ങളുടെ കേന്ദ്രമായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം സാംക്രമിക രോഗങ്ങളും സാംക്രമികേതര രോഗങ്ങളും മറ്റു പ്രധാനപ്പെട്ട വ്യാധികളും നിയന്ത്രിക്കുവാനായി സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു. ഈ ആവശ്യത്തിലേക്കായി നിരവധി ദേശീയ ആരോഗ്യ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ കീഴിൽ നിലവിൽ വരികയും തന്മൂലം സാധാരണ മനുഷ്യരുടെ ഇടയിൽ മരണനിരക്കും രോഗാതുരതയും കുറയുകയും ചെയ്തു. ഈ പദ്ധതികൾ എല്ലാം സംസ്ഥാന തലത്തിലാണ് നടപ്പിലാക്കുന്നത്.

പ്രധാനപ്പെട്ട ദേശീയ ആരോഗ്യ പദ്ധതികളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

ദേശീയ കാൻസർ നിയന്ത്രണ പരിപാടി (National Cancer Control Programme)

പൊതുജനാരോഗ്യത്തെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട ആരോഗ്യ പ്രശ്നമാണ് ഇന്ന് കാൻസർ. വർദ്ധിച്ചുവരുന്ന മലിനീകരണവും ജീവിതശൈലിയിലുണ്ടായ മാറ്റങ്ങളും ആധുനിക മനുഷ്യരെ കാൻസറി

ലേക്ക് നയിക്കുന്നു. രാജ്യത്ത് എല്ലാ സമയത്തും 20 ലക്ഷം കാൻസർ രോഗികൾ ഉണ്ട്. അതുപോലെ തന്നെ ഓരോ വർഷവും 7 ലക്ഷം പുതിയ കേസുകൾ ഉണ്ടാകുന്നു. ലോകാരോഗ്യ സംഘടനയുടെ 2005 ലെ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ കാൻസർ മൂലമുണ്ടാകുന്ന മരണങ്ങൾ 2015 ആകുമ്പോൾ 7 ലക്ഷമാകും എന്നു വിലയിരുത്തപ്പെടുന്നു. രാജ്യത്തെ കാൻസറുകളിൽ 40 ശതമാനവും പുകയില ഉപയോഗം മൂലമാണ് ഉണ്ടാകുന്നത്.

1975 ലാണ് ദേശീയ കാൻസർ നിയന്ത്രണ പരിപാടി ഇന്ത്യയിൽ ആരംഭിച്ചത്. 2010–ൽ ഈ പദ്ധതി ദേശീയ കാൻസർ, പ്രമേഹ, ഹൃദ്രോഗ, പക്ഷാഘാത (National Programme for the Prevention and Control of Cancer, Diabetes, Cardio-Vascular Diseases and Stroke-NPCDCS) നിയന്ത്രണ പ്രതിരോധ പദ്ധതിയിൽ ലയിച്ചു. പുകയിലയുമായി ബന്ധപ്പെട്ട കാൻസറിന്റെ പ്രാഥമികപ്രതിരോധം, കാൻസർ രോഗം നേരത്തെ കണ്ടെത്തൽ, ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്വാന്തന പരിചരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കാൻസർ സൂചനകളെ ജാഗ്രതയോടെ ശ്രദ്ധിക്കുക
(Be Alert to Cancer Alarms)

രോഗത്തെ നേരത്തെ കണ്ടെത്തുകയാണ് കാൻസർ അതിജീവന നിരക്ക് മെച്ചപ്പെടുത്തുവാനുള്ള അടിസ്ഥാനം. എന്നാൽ ജനങ്ങൾക്ക് ലക്ഷണങ്ങൾ അറിയാമെങ്കിൽ മാത്രമേ നേരത്തെ രോഗം തിരിച്ചറിയാൻ സാധിക്കൂ. 2014–ൽ യു. കെ.യിലെ കാൻസർ ഗവേഷണ സ്ഥാപനം പ്രസിദ്ധീകരിച്ച പഠനത്തിൽ പറയുന്നത് ജനങ്ങൾ കാൻസറിന്റെ സൂചനകളെ തിരിച്ചറിയുന്നില്ല എന്നതാണ്. ഈ സ്ഥാപനം പൊതുവായ 17 സൂചനകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. കാരണമില്ലാത്തതും സ്ഥിരമായി നിലനിൽക്കുന്നതുമായ ചുമ, ദഹനേന്ദ്രിയ വ്യവസ്ഥയിലുണ്ടാകുന്ന വ്യത്യാസങ്ങളും ദഹനക്കേടും, പുറംവേദന, മലത്തിലും മൂത്രത്തിലും രക്താംശം കാണുക, കാരണമില്ലാതെ തൂക്കം കുറയുക, ഉണങ്ങാത്ത മുറിവുകൾ തുടങ്ങിയവയാണ് ഈ സൂചനകൾ. ഇത്തരം ഏതെങ്കിലും ലക്ഷണങ്ങൾ രണ്ടാഴ്ചയിൽ കൂടുതൽ കാരണമില്ലാതെ നിലനിന്നാൽ തീർച്ചയായും പരിശോധനാ വിധേയമാക്കണം.

ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി
(National Tuberculosis Control Programme-NTCP)

മൈക്രോ ബാക്ടീരിയം ട്യൂബർക്കുലോസിസ് എന്ന ബാക്ടീരിയയാണ് പകർച്ചവ്യാധിയായ ക്ഷയരോഗം ഉണ്ടാക്കുന്നത്. ക്ഷയം (TB) ഉള്ള ആൾ തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ വായുവിലൂടെയാണ് ഈ രോഗം പകരുന്നത്. 1962 ലാണ് ക്ഷയരോഗ നിവാരണ പരിപാടി ഇന്ത്യയിലാരംഭിച്ചത്. 1997–ൽ പരിഷ്ക്കരിച്ച ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP-Revised National Tuberculosis Control Programme) അംഗീകരിച്ചു. ഇത് ചുരുങ്ങിയ കാലത്തേക്ക് നേരിട്ടു നിരീക്ഷിച്ചുള്ള ചികിത്സ (DOTS-Directly Observed Treatment-Short Course) എന്നറിയപ്പെടുന്നു.

ക്ഷയം നിയന്ത്രിക്കുവാനുള്ള ഒരു ക്രമീകൃത തന്ത്രമാണ് DOTS. പേരു പോലെതന്നെ നേരിട്ട് നിരീക്ഷിച്ച് ചികിത്സിക്കുന്ന രീതിയാണിത്. കുടുംബാംഗമല്ലാത്ത ഒരു ആരോഗ്യപ്രവർത്തകയുടെ സാന്നിദ്ധ്യത്തിൽ രോഗത്തിനുള്ള മരുന്ന് രോഗി കഴിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. ക്ഷയത്തിനെതിരെ ഗുണമേന്മയുള്ള മരുന്നുകൾ തുടർച്ചയായി കഴിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതാണ് DOTS. രോഗിയേക്കാളുപരി രോഗസൗഖ്യത്തിന്റെ ഉത്തരവാദിത്വം ആരോഗ്യസംവിധാനത്തിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നു.

ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി (National AIDS Control Programme)

1987-ൽ ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ചു. എയ്ഡ്സിനു മരുന്നില്ല എങ്കിലും ബോധവത്ക്കരണത്തിലൂടെയും ശീലങ്ങളിൽ മാറ്റംവരുത്തിയും എയ്ഡ്സിന്റെ വ്യാപനം തടയുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ലൈംഗിക രോഗങ്ങളുടെ നിയന്ത്രണം, ബോധവത്ക്കരണം, സുരക്ഷിതമായ രക്തദാനം, ചികിത്സ എന്നിവയും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

ദേശീയ ജീവിതശൈലി രോഗനിയന്ത്രണ പരിപാടി (National Life Style Disease Control Programme)

ഗ്രാമീണ, നഗരമേഖലകളിലെ ജനങ്ങളിൽ സാംക്രമികേതര രോഗങ്ങൾ ഉയർന്ന തോതിലുള്ള മരണനിരക്കിനും രോഗാതുരതക്കും കാരണമാകുന്നു. രാജ്യത്ത് നടക്കുന്ന മരണങ്ങളിൽ മുന്നിൽ രണ്ടുഭാഗവും ഹൃദ്രോഗം, പ്രമേഹം, ശ്വാസകോശരോഗങ്ങൾ, കാൻസർ, അപകടങ്ങൾ മുതലായവ മൂലമാണ് സംഭവിക്കുന്നത്. ഇന്ത്യയിലെ ജനങ്ങളിൽ 5.1 കോടി ആൾക്കാർ പ്രമേഹരോഗികളാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ പ്രമേഹരോഗികളുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. 2030 ആകുമ്പോഴേക്കും ഇത് 8 കോടിയായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. അതുപോലെ 2005-ൽ 3.8 കോടി ഹൃദ്രോഗികളാണുള്ളത്. ഇത് 2015 ആകുമ്പോഴേക്കും 6.4 കോടിയാകും എന്നും കണക്കാക്കപ്പെടുന്നു.

ഉയർന്ന രക്തസമ്മർദ്ദം, കൊഴുപ്പ്, പുകയിലയുടെ ഉപയോഗം, പഴങ്ങളും പച്ചക്കറികളും ഒഴിവാക്കിയുള്ള അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ, പോഷകാംശം കുറഞ്ഞ ആഹാരങ്ങൾ, വ്യായാമക്കുറവ്, മദ്യപാനം, പൊണ്ണത്തടി തുടങ്ങിയവ സാംക്രമികേതര രോഗങ്ങൾ വരാനുള്ള പ്രധാന ഹേതുക്കളാണ്.

2010 ഒക്ടോബറിൽ ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കുവാൻ 100 ജില്ലകളിലായി പ്രാരംഭ പരിപാടിയായി ദേശീയ കാൻസർ, പ്രമേഹ, ഹൃദ്രോഗ, പക്ഷാഘാത നിയന്ത്രണ പ്രതിരോധ പദ്ധതി (NPCDCS) എന്ന പേരിൽ നടപ്പിലാക്കി. ഇന്ന് രാജ്യം മുഴുവനും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

ആരോഗ്യഅഭിവൃദ്ധിപ്പെടുത്തൽ, ആപത്ഘടകങ്ങളെ പ്രതിരോധിക്കൽ, നേരത്തെയുള്ള രോഗനിർണയം, പൊതുവായികാണുന്ന സാക്രമികേതര രോഗങ്ങൾക്കുള്ള ചികിത്സ (NCDs - Non-communicable Diseases), പുനരധിവാസ സേവനങ്ങൾ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തന മേഖലകൾ. സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധം, നിയന്ത്രണം, ബോധവത്ക്കരണം, ജീവിതശൈലി രോഗങ്ങളുടെ നേരത്തെയുള്ള നിർണയം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ദേശീയ മാനസിക ആരോഗ്യപരിപാടി (National Mental Health Programme- NMHP)

1982 ലാണ് ദേശീയ മാനസിക ആരോഗ്യ പരിപാടി ഇന്ത്യയിലാരംഭിച്ചത്. സമൂഹത്തിനുള്ളിൽവെച്ചുതന്നെ മാനസിക രോഗങ്ങളെ നേരത്തെ തിരിച്ചറിയുക, ആവശ്യമായ സേവനങ്ങൾ നൽകുക, മാനസിക ആരോഗ്യത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ.

മാനസിക രോഗങ്ങൾ, നാഡീസംബന്ധമായ അസുഖങ്ങൾ, മാനസിക പ്രശ്നങ്ങൾ തുടങ്ങിയ നിരവധി രോഗങ്ങൾ ഫലപ്രദമായി തടയാൻ ഇവയെക്കുറിച്ച് ജനങ്ങൾക്കുള്ള അവബോധം സഹായിക്കുന്നുവെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

സാർവ്വത്രിക പ്രതിരോധ പരിപാടി (Universal Immunisation Programme -UIP)

1985 ൽ ആരംഭിച്ച പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിയാണ് സാർവ്വത്രിക പ്രതിരോധ പരിപാടി. ഈ പദ്ധതിയ്ക്ക് രണ്ട് ഘടകങ്ങളുണ്ട്; ഗർഭിണികൾക്ക് ടെറ്റനസിനെതിരെയുള്ള പ്രതിരോധവും കുട്ടികൾക്ക് ഡിഫ്ത്തീരിയ, വില്ലൻചുമ, ടെറ്റനസ്, ക്ഷയം, പൊങ്ങൻപനി (അഞ്ചാം പനി), പോളിയോ എന്നീ അസുഖങ്ങൾക്ക് എതിരെയുള്ള പ്രതിരോധവുമാണിത്.

2011 ഡിസംബറിൽ കേരളവും തമിഴ്നാടും പെന്റാവാലന്റ് വാക്സിൻ കൊടുക്കുവാൻ ആരംഭിച്ചു. ഇതിൽ DPT, ഹെപ്പറ്റൈറ്റിസ് B, Hib വാക്സിൻ എന്നിവ ഉൾപ്പെടുന്നു. മെനിഞ്ചൈറ്റിസും ന്യുമോണിയയുമായി ബന്ധപ്പെട്ട ഹീമോഫിലസ് ഇൻഫ്ളുൻസ ടൈപ്പ് B യ്ക്ക് എതിരായിട്ടുള്ളതാണ് Hib വാക്സിൻ. 1992 ൽ UIP കുട്ടികളുടെ അതിജീവനവും സുരക്ഷിത മാതൃത്വവും എന്ന പദ്ധതിയുടെ ഭാഗമായിരുന്നു. എന്നാൽ 1997-ൽ ഇത് പ്രജനനാരോഗ്യ-ശിശു ആരോഗ്യപദ്ധതിയുടെ (Reproductive and Child Health - RCH) ഭാഗമായിത്തീർന്നു.

മറ്റു പ്രധാനപ്പെട്ട ദേശീയ ആരോഗ്യ പരിപാടികൾ (Other Important National Health Programmes)

1. **ദേശീയ മലമ്പനി നിവാരണ പരിപാടി (NMEP - National Malaria Eradication Programme):** മലമ്പനിമൂലം മരണം ഉണ്ടാകുന്നതു തടയുക, കൊതുകുനിയന്ത്രണം ഉൾപ്പടെയുള്ള മലമ്പനി നിവാരണ മാർഗങ്ങൾ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നു.
2. **ദേശീയ മന്ത്രോഗ നിർമ്മാർജ്ജന പരിപാടി (National Filaria Eradication Programme):** മന്ത്രോഗ നിർമ്മാർജനത്തിനായുള്ള വ്യാപകബോധവൽക്കരണം, രണ്ട് വയസ്സിനുമേൽ പ്രായമുള്ളവർക്കെല്ലാം DEC ആൽബൻബസോൾ (DEC Albenbesol) ഗുളികകളുടെ വിതരണം തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു.
3. **ദേശീയ അതിസാര രോഗ നിയന്ത്രണ പരിപാടി (National Diarrheal Disease Control Programme):** അതിസാരം (വയറിളക്കം) മൂലമുണ്ടാകുന്ന മരണനിരക്കും പോഷകാഹാരക്കുറവും പരിഹരിക്കുവാനാണ് ഈ പദ്ധതി ആരംഭിച്ചത്. ORT (Oral Rehydration Treatment) വഴിയാണ് വയറിളക്കത്തെ നേരിടുന്നത്.
4. **പ്രജനനാരോഗ്യ-ശിശു ആരോഗ്യപരിപാടി (Reproductive and Child Health Programme - RCH):** മാതൃമരണനിരക്ക് കുറയ്ക്കുക, ശിശുക്കളുടെ അതിജീവനനിരക്ക് കൂട്ടുക, കൗമാര വിദ്യാഭ്യാസം നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.
5. **ദേശീയ അന്ധതാനിവാരണ പരിപാടി (National Programme for the Control of Blindness - NPCB):** പ്രാഥമിക നേത്ര പരിരക്ഷാ മാർഗങ്ങളിലൂടെയും അന്ധരായവർക്ക് സഹായ ഉപകരണങ്ങൾ നൽകിയും ഇന്ത്യയിൽ അന്ധതയുടെ നിരക്ക് കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ദേശീയ ജീവിതശൈലി രോഗനിയന്ത്രണ പരിപാടിയുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?

കേരളത്തിൽ വർധിച്ചുവരുന്ന കാൻസറിനെയും മറ്റു ജീവിതശൈലി രോഗങ്ങളെയും സംബന്ധിച്ച പത്രവാർത്തകൾ ശേഖരിച്ച് ഒരു പോസ്റ്റർ തയ്യാറാക്കുക.

6.8 ദേശീയ ആരോഗ്യ ദൗത്യം (National Health Mission - NHM)

എല്ലാ ജനങ്ങളിലേക്കും ആരോഗ്യ പരിപാലന സേവനങ്ങൾ എത്തിക്കുന്നതിനായി സംസ്ഥാനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദേശീയ ആരോഗ്യദൗത്യം ഇന്ത്യയിൽ ആരംഭിച്ചത്. ദേശീയ ഗ്രാമീണ ആരോഗ്യദൗത്യവും ദേശീയ നഗര ആരോഗ്യദൗത്യവും ദേശീയ ആരോഗ്യദൗത്യത്തിന്റെ കീഴിൽ വരുന്ന പദ്ധതികളാണ്.

ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പിന്നാക്ക അവസ്ഥയിലുള്ള ജനങ്ങൾക്ക് ഗുണമേന്മയുള്ള ആരോഗ്യ പരിചരണ സേവനങ്ങൾ ലഭിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ലക്ഷ്യം.

ദേശീയ ആരോഗ്യമിഷന്റെ കാഴ്ചപ്പാട് (The vision of NHM)

'സാർവ്വത്രിക ആരോഗ്യം" എന്ന ലക്ഷ്യത്തോടെ, ജനങ്ങളുടെ ആവശ്യത്തിനു ഉപയുക്തവും ന്യായവും ചെലവു കുറഞ്ഞതുമായ ആരോഗ്യപരിചരണ സേവനങ്ങൾ, വിവിധ വകുപ്പുകളുടെ സംയുക്ത പ്രവർത്തനങ്ങളിലൂടെ സാമൂഹത്തിന് ലഭ്യമാക്കി, സാമൂഹ്യാരോഗ്യം ഉറപ്പാക്കുക എന്നതാണ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കാഴ്ചപ്പാട്.

NHM ന്റെ ഘടന (Structure of NHM)

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ചെയർമാനായിരിക്കുന്ന മിഷൻ സ്റ്റിയറിംഗ് സമിതി (Mission Steering Group - MSG) ദേശീയതലത്തിൽ പ്രവർത്തിക്കുന്നു. അഡീഷണൽ സെക്രട്ടറിയുടെ റാങ്കുള്ള വ്യക്തിയാണ് ദൗത്യത്തിന്റെ ഡയറക്ടർ. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി തലവനായിരിക്കുന്ന സംസ്ഥാന ആരോഗ്യ ദൗത്യം (State Health Mission - SHM) ഉണ്ടായിരിക്കും. ജില്ലാ/നഗര ആരോഗ്യ ദൗത്യത്തിന്റെ തലവൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്/മേയർ ആയിരിക്കും. എല്ലാ ജില്ലകളിലും കലക്ടർ തലവനായ ജില്ലാ ആരോഗ്യ സൊസൈറ്റി ഉണ്ടായിരിക്കും.

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (National Rural Health Mission - NRHM)

ഗ്രാമീണ മേഖലകളിൽ ആരോഗ്യപരിചരണ സംവിധാനം മെച്ചപ്പെടുത്തുകയും നഗരഗ്രാമീണ അസന്തുലിതാവസ്ഥ കുറയ്ക്കുകയും ചെയ്യുക എന്നതുമാണ് NRHM ന്റെ ലക്ഷ്യം.

ഓരോ ജില്ലയിലും ആരോഗ്യനയങ്ങൾ രൂപീകരിക്കുക, ജില്ലാതല ആസൂത്രണം, ധനവിതരണം, പദ്ധതി നടത്തിപ്പ് മേൽനോട്ടം തുടങ്ങിയവ ജില്ലാ ആരോഗ്യ സൊസൈറ്റിയുടെ ചുമതലയാണ്. വില്ലേജ് തലത്തിൽ മേൽനോട്ടത്തിനായി, വില്ലേജ് ആരോഗ്യ ശുചിത്വകമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നു. ആശാവർക്കർമാർ (Accredited Social Health Activist - ASHA) വില്ലേജ്തലത്തിൽ ആരോഗ്യസംരക്ഷണത്തിന് സഹായിക്കുന്നു.

സുരക്ഷിത പ്രസവത്തിനായി സർക്കാർ ആശുപത്രികൾ തിരഞ്ഞെടുക്കുവാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്ന *ജനനി സുരക്ഷായോജന* NRHM സേവനത്തിന് ഉദാഹരണമാണ്. ഇതിനായി യാത്രാക്കൂലിക്കും മറ്റു ചെലവുകൾക്കുമായി 1400 രൂപ നൽകുന്നു. അമ്മയ്ക്കും കുഞ്ഞിനും മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ നൽകുന്ന മറ്റൊരു NRHM പദ്ധതിയാണ് *ജനനി-ശിശു-സുരക്ഷായോജന.*

ദേശീയ നഗര ആരോഗ്യ ദൗത്യം (National Urban Health Mission - NUHM)

NRHM ന്റെ നാഗരിക പതിപ്പാണ് NUHM. നഗരപ്രദേശങ്ങളിലെ ആരോഗ്യ പരിപാലനസേവനങ്ങളുടെ നിലവാരവും പശ്ചാത്തല സൗകര്യങ്ങളും വർധിപ്പിക്കുക എന്നതാണ് NUHM ന്റെ പ്രധാന ലക്ഷ്യം. ഗ്രാമീണ നഗരപ്രദേശങ്ങളിലെ ആരോഗ്യമേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ NRHM ഉം, NUHM ഉം സഹായിച്ചിട്ടുണ്ട്.

URBAN HEALTH
Ministry of Health and Family Welfare
Government of India

സംക്ഷിപ്തം

ഈ അധ്യായത്തിൽ ശുചിത്വം, മലിനീകരണം, സാമൂഹിക ആരോഗ്യം, സ്കൂൾ ആരോഗ്യം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. സംയോജിത ശിശു വികസന പരിപാടി (ICDS), ദേശീയ ആരോഗ്യ പരിപാടികൾ, ദേശീയ ആരോഗ്യ ദൗത്യം എന്നിവയെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നു. ഒരു വ്യക്തിയുടെ ആരോഗ്യത്തെയും സുസ്ഥിതിയെയും ബാധിക്കുന്ന പ്രധാന ഘടകമാണ് ശുചിത്വം. വ്യക്തികളുടെയും സമൂഹത്തിന്റെയും ആരോഗ്യത്തെ മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന ആരോഗ്യ ശാസ്ത്രമാണ് ശുചിത്വം. ശരിയായ രീതിയിലുള്ള വ്യക്തിശുചിത്വവും പരിസര ശുചിത്വവും സമൂഹത്തിന്റെ പൊതുവായ ആരോഗ്യത്തിലേക്ക് സംഭാവന നൽകുന്നു.

ജീവികളെ ഹാനികരമായി ബാധിക്കുന്ന രീതിയാൽ അനഭിലഷണീയമായ പദാർത്ഥങ്ങളുടെ സാന്നിദ്ധ്യം പരിസ്ഥിതിയിൽ ഉണ്ടാകുന്നതിനെയാണ് മലിനീകരണം എന്നു പറയുന്നത്.

വിവിധതരം മലിനീകരണങ്ങളായ വായു, ജല, ശബ്ദ, മണ്ണ് മലിനീകരണങ്ങൾ എല്ലാം തന്നെ മനുഷ്യനിർമ്മിതമാണ്. പരിസ്ഥിതി സൗഹാർദ്ദപരമായ ജീവിതശൈലികൊണ്ടും പ്രകൃതിയോടിണങ്ങുന്ന ആസൂത്രണരീതികൊണ്ടും മലിനീകരണത്തെ നിയന്ത്രിക്കുകയും കുറയ്ക്കുകയും ചെയ്യാം.

ജനങ്ങളുടെ ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാനും നിലനിർത്തുവാനും വീണ്ടെടുക്കുവാനുമുള്ള എല്ലാ സേവനങ്ങളും ഉൾപ്പെടുന്നതാണ് ആരോഗ്യപരിരക്ഷ. ഇന്ത്യയിൽ, ഈ സേവനങ്ങൾ പ്രധാനമായും പ്രാഥമികം, ദ്വിതീയം, തൃതീയം എന്നീ തലങ്ങളിലായി ക്രമീകരിക്കപ്പെട്ട പൊതുജനാരോഗ്യ പരിരക്ഷാസംവിധാനത്തിലൂടെ നിർവ്വ

ഹിക്കപ്പെടുന്നു. പൊതുജനാരോഗ്യത്തിന്റെ ഭാഗമാണ് സാമൂഹികാരോഗ്യം. വികസ്വരരാജ്യങ്ങളിലെ ദശലക്ഷക്കണക്കിന് ദരിദ്രജനങ്ങൾക്ക് ആരോഗ്യസേവനങ്ങൾ എത്തിക്കുവാനുള്ള ഒരു ശരിയായ ബദൽ സംവിധാനമാണിത്.

സാമൂഹിക ആരോഗ്യത്തിന്റെ ഭാഗമാണ് സ്കൂൾ ആരോഗ്യം. ഇതിൽ ആരോഗ്യ വിദ്യാഭ്യാസം, ആരോഗ്യമുള്ള പരിസരിതി, ആരോഗ്യപരിപാലന സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു. കുട്ടികളുടെ അധ്യയന വർഷങ്ങളിലെ പൂർണ്ണമായ വികാസം ഉറപ്പുവരുത്താനുള്ള ആരോഗ്യപദ്ധതിയാണിത്.

കുട്ടികളുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ഗർഭിണികളുടെയും ക്ഷേമത്തിനായി നിലവിൽ വന്ന സർക്കാർ പദ്ധതിയാണ് സംയോജിത ശിശുവികസന പദ്ധതി (ICDS). ദുർബല വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് രോഗപ്രതിരോധ മരുന്നുകൾ, പൂരക പോഷകാഹാരം, ആരോഗ്യവിദ്യാഭ്യാസം എന്നീ സേവനങ്ങൾ ഈ പദ്ധതി പ്രകാരം നൽകപ്പെടുന്നു.

സാംക്രമികരോഗങ്ങളാലും സാംക്രമികേതര രോഗങ്ങളാലും ഉണ്ടാകുന്ന മരണവും രോഗാതുരതയും കുറയ്ക്കുവാനായി ആരംഭിച്ച നിരവധി ദേശീയ ആരോഗ്യ പരിപാടികളെക്കുറിച്ചും ഈ അധ്യായത്തിൽ പഠിച്ചു. ദേശീയ ആരോഗ്യ ദൗത്യത്തെക്കുറിച്ചാണ് ഈ അധ്യായത്തിന്റെ അവസാനത്തിൽ പ്രതിപാദിക്കുന്നത്. ഗ്രാമീണ നഗരമേഖലകളിലെ ദരിദ്രജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ എത്തിക്കുക എന്നതാണ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കാഴ്ചപ്പാട്.

വിലയിരുത്തൽ ചോദ്യങ്ങൾ

1. എല്ലാ പൗരന്മാർക്കും മാലിന്യരഹിത പരിസ്ഥിതിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. മലിനീകരണം ഒഴിവാക്കാനുള്ള മാർഗങ്ങളെ പട്ടികപ്പെടുത്തുക.
2. നമ്മുടെ നദികളെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കാനുള്ള ചില മാർഗങ്ങൾ നിർദ്ദേശിക്കുക.
3. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ മണ്ണ് മലിനീകരണ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യുക.
4. മാലിന്യം കൈകാര്യം ചെയ്യൽ, പൊതുശുചിത്വം ഇവയെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
5. ആരോഗ്യപരിരക്ഷയുടെ വിവിധ മാനങ്ങളെക്കുറിച്ച് വിവരിക്കുക.
6. "ഇന്ത്യയിൽ ആരോഗ്യപരിരക്ഷ പ്രാഥമിക-ദ്വിതീയ-തൃതീയതലങ്ങളിലൂടെ നൽകപ്പെടുന്നു." വിവരിക്കുക.

7. 'ഒരു ഗ്രാമീണസാഹചര്യം പരിഗണിക്കുമ്പോൾ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടാൻ പ്രാഥമിക ആരോഗ്യപരിരക്ഷ എന്നത് മികച്ച ഒരു സമീപനമാണ്' - ഈ പ്രസ്താവനയെ സാധൂകരിക്കുക.
8. 'സ്കൂൾ ആരോഗ്യ പദ്ധതി വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യത്തെ ഉറപ്പുവരുത്തുന്നു'. ആരോഗ്യമുള്ള സ്കൂൾ പരിസരിതി നിലനിർത്താൻ ആവശ്യമായ മാർഗങ്ങൾ ഏതെല്ലാമാണ്?
9. ദേശീയ ആരോഗ്യ പരിപാടികളെക്കുറിച്ച് വിവരിക്കുക.
10. 'നമ്മുടെ വ്യക്തിഗത ആരോഗ്യത്തെ ബാധിക്കുന്ന എല്ലാ ശീലങ്ങളും പരിശ്രമങ്ങളും ഉൾക്കൊള്ളുന്നതാണ് ശുചിത്വം'. വ്യക്തിശുചിത്വം പുലർത്താനാവശ്യമായ ശീലങ്ങളുടെ പട്ടിക എഴുതുക.
11. വളരെവേഗം നഗരവത്ക്കരിക്കപ്പെടുന്ന ഒരു സംസ്ഥാനമാണ് കേരളം. സ്വാഭാവികമായും മലിനീകരണം ഇതിന്റെ ഫലമാണ്. ഇതിനെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.
12. മലിനീകരണം കേരളത്തിലെ ഒരു പ്രധാനപ്പെട്ട സാമൂഹിക പ്രശ്നമാണ്. മലിനീകരണത്തിന്റെ കാരണങ്ങൾ, പ്രത്യാഘാതങ്ങൾ, പരിഹാരമാർഗങ്ങൾ എന്നിവയെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

H5W6M1

7

ഗൈഡൻസും കൗൺസലിങ്ങും

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്:

- ഒരാളുടെ ജീവിതത്തിൽ മാർഗോപദേശത്തിന്റെ പ്രാധാന്യവും പ്രായോഗികതയും തിരിച്ചറിയുന്നു.
- ജീവിതത്തിൽ തൊഴിൽ ആസൂത്രണം പ്രയോഗത്തിൽ വരുത്തുന്നു.
- സഹായ പ്രക്രിയയിൽ കൗൺസലിങ് ഒരു ഫലപ്രദമായ ഉപാധിയാണെന്ന് തിരിച്ചറിയുന്നു.
- വിവിധതരം സൈക്കോതെറാപ്പികൾ തിരിച്ചറിയുന്നു.

ഉള്ളടക്കം

7.1. മാർഗോപദേശം (Guidance)

മാർഗോപദേശത്തിന്റെ സവിശേഷതകൾ

മാർഗോപദേശത്തിന്റെ ആവശ്യകതയും പ്രാധാന്യവും

വിവിധതരം മാർഗോപദേശങ്ങൾ

7.2. ഔദ്യോഗിക ജീവിതാസൂത്രണം (Career Planning)

അഭിരുചി പരിശോധനകൾ (Aptitude tests)

മത്സര പരീക്ഷകൾ (Competitive Examinations)

7.3. കൗൺസലിങ് (Counselling)

വിവിധതരം കൗൺസലിങ്ങുകൾ

കൗൺസലിങ് നൈപുണികൾ

7.4. സൈക്കോതെറാപ്പിക്ക് ഒരാമുഖം

കൊഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി (CBT)

മോട്ടിവേഷണൽ എൻഹാൻസ്മെന്റ് തെറാപ്പി (MET)

ട്രാൻസാക്ഷണൽ അനാലിസിസ് (TA)

ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിങ് (NLP)

7.1. മാർഗോപദേശം (Guidance)



പ്ലസ് ടുവും ഐ.ടി.ഐ യും പൂർത്തിയാക്കിയതിനു ശേഷം രോഹിത്ത് വിദേശത്ത് ജോലിക്ക് പോകുവാൻ തീരുമാനിച്ചു. അവന്റെ അമ്മാവൻ അവനൊരു തൊഴിൽ വിസ വാഗ്ദാനം ചെയ്തു. എന്നാൽ രോഹിത്തിന് വിദേശയാത്രക്കായുള്ള പാസ്പോർട്ട് ഉണ്ടായിരുന്നില്ല. അവൻ അടുത്തുള്ള പാസ്പോർട്ട് ഓഫീസിനെ സമീപിച്ചു. അവർ പാസ്പോർട്ടിന് അപേക്ഷിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെയും രേഖകളെയും കുറിച്ചുള്ള വിവരങ്ങൾ നൽകി.

- *പാസ്പോർട്ടിനുള്ള ഇ-ഫോം ഡൗൺലോഡ് ചെയ്യുക.*
- *ഡൗൺലോഡ് ചെയ്ത ഇ-ഫോം പൂരിപ്പിക്കുക.*
- *പാസ്പോർട്ട് സേവാ ജാലകത്തിലൂടെ രജിസ്റ്റർ ചെയ്യുകയും ലോഗിൻ ചെയ്യുകയും ചെയ്യുക.*
- *പണം ഓൺലൈൻ ആയി അടയ്ക്കുക.*
- *തിരിച്ചറിയൽ രേഖ, ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, തുടങ്ങിയവ*
- *മേൽവിലാസത്തെളിവ്*
- *വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ മുതലായവ.*

ഒരു പാസ്പോർട്ടിന് എങ്ങനെ അപേക്ഷിക്കാം എന്ന് മുകളിലെ ഉദാഹരണത്തിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാകും. ഒരു പാസ്പോർട്ടിന് എങ്ങനെ അപേക്ഷിക്കണമെന്ന് റിസപ്ഷനിസ്റ്റ് രോഹിത്തിന് മാർഗനിർദേശം നൽകി. ഇങ്ങിനെയൊരു സേവനം ആവശ്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

- ....

മാർഗോപദേശം വേണ്ടതായ മറ്റുചില മേഖലകളുടെ ഒരു പട്ടിക നിങ്ങൾക്ക് തയ്യാറാക്കാമോ?

- . . . .

വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ സേവനം, ഇൻഷുറൻസ്, ആധാർ, സമ്മതിദായക തിരിച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവ ലഭിക്കേണ്ടതിന്റെ നടപടി ക്രമങ്ങളെക്കുറിച്ചുള്ള മാർഗനിർദേശങ്ങൾ തുടങ്ങിയവയാണിത്തരം ചില മേഖലകൾ. നമുക്ക് എവിടെ നിന്നാണ് ഇത്തരം വിവരങ്ങൾ ലഭ്യമാകുന്നത് ?

മാതാപിതാക്കൾ, അധ്യാപകർ, സാമൂഹിക പ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ, ഓരോ സമയത്തെയും നല്ല കൂട്ടുകാർ, വിവിധ സേവന ദാതാക്കൾ എന്നിവർ ജീവിതത്തിന്റെ പല കാലഘട്ടങ്ങളിലും മാർഗോപദേശം നൽകുന്നു.

ദിശ കാണിക്കുക, ചൂണ്ടിക്കാണിക്കുക, വഴികാണിക്കുക, നയിക്കുക എന്നിങ്ങനെ അർത്ഥമുള്ള 'മാർഗദർശി' (Guide) എന്ന പദത്തിൽ നിന്നാണ് മാർഗദർശനം (Guidance) എന്ന വാക്കുണ്ടായത്. മാർഗോപദേശം ആവശ്യമുള്ളൊരു വ്യക്തിക്ക് അനുഭവജ്ഞാനമുള്ള ഒരു വ്യക്തി നൽകുന്ന സഹായമാണ് ഇത്. അതുകൊണ്ട് സ്ഥലങ്ങൾ, പരിഹാരങ്ങൾ, പ്രശ്നങ്ങൾ, വിഷയങ്ങൾ, സാഹചര്യങ്ങൾ അല്ലെങ്കിൽ വ്യക്തികൾ എന്നിവയെ സംബന്ധിക്കുന്ന അത്യാവശ്യ വിവരങ്ങൾ നൽകുന്ന പ്രവർത്തിയാണ് മാർഗോപദേശം. വിവരങ്ങൾ നൽകുകയെന്നത് മാർഗോപദേശത്തിന്റെ അടിസ്ഥാന ധർമങ്ങളിലൊന്നാണ്.

ഒരു ആശയവും അതേസമയം ഒരു പ്രക്രിയയുമാണ് മാർഗോപദേശം. ഒരു ആശയമെന്ന നിലയിൽ മാർഗോപദേശമെന്നാൽ അർത്ഥമാക്കുന്നത് വ്യക്തിയുടെ ഉത്തമ വികസനമാണ്. ഒരു പ്രക്രിയ എന്ന നിലയിൽ മാർഗോപദേശം, വ്യക്തി സ്വയം മനസ്സിലാക്കുന്നതിനും (ഒരാളുടെ കഴിവുകളും പരിമിതികളും മറ്റു വിഭവങ്ങളും മനസ്സിലാക്കുക) സ്വയം ദിശാബോധമുള്ളവനുമാകുന്നതിനും (പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള കഴിവ്, സ്വയം തിരഞ്ഞെടുക്കുകയും തീരുമാനമെടുക്കുകയും ചെയ്യൽ) സഹായിക്കുന്നു. നിരീക്ഷണം, പരീക്ഷണം, അഭിമുഖം, രേഖകൾ സൂക്ഷിക്കൽ, കേസ് സ്റ്റഡി, പ്രോത്സാഹനം തുടങ്ങിയ പ്രധാനപ്പെട്ട സാങ്കേതിക മാർഗങ്ങൾ മാർഗോപദേശത്തിൽ ഉൾപ്പെടുന്നു.

വ്യക്തികളുടെ പ്രശ്നത്തിൽ മാത്രമല്ല സ്വതന്ത്രരായി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശക്തിയിലും കഴിവിലും കൂടി മാർഗോപദേശം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മറ്റൊരു വാക്കിൽ വ്യക്തികളെ അവരുടെ സിദ്ധികളും കഴിവുകളും താൽപര്യങ്ങളും പുറത്തുകൊണ്ടുവരുന്നതിന് സഹായിക്കുകയും അങ്ങനെ സ്വന്തം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ് മാർഗോപദേശം. ഓരോ വ്യക്തിയും വ്യത്യസ്തരാണ് എന്നതിനാൽ മാർഗോപദേശവും വ്യക്തികൾക്കനുസരിച്ച് വ്യത്യസ്തമാകുന്നു.

'ഒരു വ്യക്തിക്ക് ബുദ്ധിപൂർവ്വമായ തെരഞ്ഞെടുക്കലുകൾക്കും പൊരുത്തപ്പെടലുകൾക്കും വേണ്ടി നൽകുന്ന സഹായമാണ് മാർഗോപദേശങ്ങൾ'– എ.ജെ. ജോൺസ്.

'തന്നെക്കുറിച്ചും അവന്റെ കഴിവിനെ കുറിച്ചും ജീവിതത്തിലെ വിവിധ മേഖലകളിൽ ഉണ്ടായിരുന്ന മുൻകാല വികാസത്തെ കുറിച്ചും അവന്റെ പദ്ധതികളെ കുറിച്ചും അല്ലെ

ങ്കിൽ ഭാവിയിലെ ആഗ്രഹങ്ങളെ കുറിച്ചും അവന് വിശാലമായ അറിവുകൾ നൽകി പരിചിതമാക്കുന്നതിന് സഹായിക്കുന്നതാണ് മാർഗോപദേശം' –ചിസ് ഹോം (Chisholm)

മാർഗോപദേശത്തിന്റെ സവിശേഷതകൾ (Characteristics of Guidance)

താഴെ പറയുന്നവയാണ് മാർഗോപദേശത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

i. മാർഗോപദേശം ഒരു പ്രക്രിയയാണ്.
ii. അത് പ്രശ്നങ്ങളെയും തിരഞ്ഞെടുക്കലുകളെയും സംബന്ധിച്ചുള്ളതാണ്.
iii. അത് വ്യക്തികളെ വികസനപ്രക്രിയകളിൽ സഹായിക്കുന്നു.
iv. ഇതിൽ പൊതുവായതും പ്രത്യേകമായതുമായ സേവനങ്ങൾ ഉൾപ്പെടുന്നു.
v. മാർഗോപദേശം എല്ലാവരെയും ഉദ്ദേശിച്ചുള്ളതാണ്.
vi. മാർഗോപദേശം സഹകരണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

മാർഗോപദേശത്തിന്റെ ആവശ്യകതയും പ്രാധാന്യവും (Need and Importance of Guidance)

ശാസ്ത്ര-സാങ്കേതികവിദ്യകളുടെ പുരോഗതി ജീവിതത്തിന്റെ ഒട്ടുമിക്ക മേഖലകളിലേക്കും വ്യാപിക്കുന്നതിലൂടെ ഇന്നത്തെ ജീവിതം കൂടുതൽ സങ്കീർണമായിക്കൊണ്ടിരിക്കുന്നു. ആധുനിക ജീവിതവുമായി പൊരുത്തപ്പെടുന്നതിന്, വലിയൊരളവിൽ നമ്മൾ മറ്റുള്ളവരുടെ ഉപദേശങ്ങളെയും മാർഗോപദേശങ്ങളെയും ആശ്രയിക്കുന്നു. ജീവിതം താരതമ്യേന ലളിതമായിരുന്ന പൗരാണിക കാലഘട്ടത്തിൽപ്പോലും ആവശ്യഘട്ടങ്ങളിൽ ജനങ്ങൾ മുതിർന്നവരുടെ ഉപദേശം തേടിയിരുന്നു. മനുഷ്യ സമൂഹത്തിൽ എല്ലായ്പ്പോഴും മാർഗോപദേശത്തിന്റെ ആവശ്യം നിലനിന്നിരുന്നു. താഴെ പറയുന്നവയ്ക്ക് മാർഗോപദേശം പ്രദാനംചെയ്യാൻ സാധിക്കും.

i. സ്വയം മനസ്സിലാക്കൽ
ii. വ്യക്തിയുടെ ഉത്തമ വികസനം
iii. അക്കാദമിക വളർച്ചയും വികസനവും
iv. തൊഴിൽപരമായ തിരഞ്ഞെടുപ്പും പൊരുത്തപ്പെടലുകളും
v. സാമൂഹികവും വ്യക്തിപരവുമായ പൊരുത്തപ്പെടലുകൾ
vi. മെച്ചപ്പെട്ട കുടുംബ ജീവിതം
vii. നല്ല പൗരത്വം
viii. വിഭവങ്ങളുടെ ശരിയായ ഉപയോഗം
ix. ദേശീയവികസനം

വിവിധതരം മാർഗോപദേശങ്ങൾ (Types of Guidance)

മാർഗോപദേശ സേവനങ്ങളെ വിദ്യാഭ്യാസപരം, വ്യക്തിപരം, വൈവാഹികപരം, തൊഴിൽപരം, ഔദ്യോഗികപരം എന്നിങ്ങനെ പലതായി തരംതിരിക്കാവുന്നതാണ്. നമുക്ക് അവ വിശദമായി ചർച്ചചെയ്യാം.

വിദ്യാഭ്യാസ മാർഗോപദേശം (Educational Guidance)

നിങ്ങൾ പതിനൊന്നാം ക്ലാസ്സിൽ നിങ്ങളുടെ സ്കൂളിൽ ചേരുമ്പോൾ സ്കൂളിനോടും, അദ്ധ്യാപകർ, സുഹൃത്തുകൾ എന്നിവരോടുമുള്ള നിങ്ങളുടെ മനോഭാവം എന്തായിരുന്നു? തുടക്കത്തിൽ നിങ്ങൾക്ക് എന്തെങ്കിലും പ്രശ്നങ്ങളുണ്ടായിരുന്നോ? സിലബസ്, പരീക്ഷ, ബോധനരീതി തുടങ്ങിയവയെ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ആകുലത ഉണ്ടായിരുന്നോ?

- ....

വിദ്യാഭ്യാസത്തിന്റെ ഒരു അവിഭാജ്യ ഭാഗമായി മാർഗോപദേശത്തെ പരിഗണിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഓരോ തലത്തിലും വിദ്യാഭ്യാസ പ്രക്രിയ സങ്കീർണമായിത്തീരുകയും നിരവധി ആശയകുഴപ്പങ്ങൾ ഉയർന്നുവരികയും ചെയ്യുന്നു. ഇത് മാർഗോപദേശം അത്യന്താപേക്ഷിതമാക്കുന്നു. വിദ്യാഭ്യാസം, പാഠ്യപദ്ധതി, ബോധനരീതി, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, അച്ചടക്കം, രക്ഷാകർതൃത്വം തുടങ്ങിയ വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളുമായി വിദ്യാഭ്യാസ മാർഗോപദേശം ബന്ധപ്പെട്ടിരിക്കുന്നു. ഇത് വിദ്യാർത്ഥികളെ അവരുടെ വിദ്യാഭ്യാസത്തിൽ നിന്നും പരമാവധി നേട്ടമുണ്ടാക്കാൻ സഹായിക്കുന്നു.

വിദ്യാഭ്യാസ മാർഗോപദേശത്തിന്റെ ലക്ഷ്യങ്ങൾ (Objectives of educational guidance)

i. വിദ്യാർത്ഥികളെ അവരുടെ ശക്തിയും സിദ്ധിയും പരിമിതികളും മനസ്സിലാക്കാൻ സഹായിക്കുക.

ii. വിദ്യാർത്ഥികളെ അവരുടെ താൽപര്യങ്ങളും കഴിവുകളും കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായിക്കുക.

iii. വിദ്യാർത്ഥികളെ അനുയോജ്യമായ പഠനശീലം വളർത്തിയെടുക്കാൻ സഹായിക്കുക.

iv. പഠിതാക്കളെ അവരുടെ കഴിവുകളും താൽപര്യങ്ങളും ലക്ഷ്യവുമനുസരിച്ച് വിദ്യാഭ്യാസം ആസൂത്രണം നടത്തുവാൻ പ്രാപ്തരാക്കുക.

v. നേതൃത്വഗുണങ്ങളും സാമൂഹ്യ നൈപുണികളും വികസിപ്പിക്കുവാൻ തക്കവണ്ണം പഠനാനുബന്ധപ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ വിദ്യാർത്ഥികളെ സഹായിക്കുക.

vi വിദ്യാർത്ഥികളെ അവർക്കനുയോജ്യമായ പഠന വിഷയം തിരഞ്ഞെടുക്കുന്നതിൽ സഹായിക്കുക.

vii. വിദ്യാലയം, അതിന്റെ നിയമങ്ങൾ, ചിട്ടവട്ടങ്ങൾ, അതുമായി ബന്ധപ്പെട്ട സാമൂഹ്യ ജീവിതം എന്നിവയോട് പൊരുത്തപ്പെടാൻ കുട്ടിയെ സഹായിക്കുക.

viii. പഠനത്തിനുള്ള ബുദ്ധിമുട്ടുകൾ കണ്ടെത്തുന്നതിനും അവ മറികടക്കുന്നതിനും വിദ്യാർത്ഥികളെ സഹായിക്കുക.

വ്യക്തിഗത മാർഗോപദേശം (Personal Guidance)

ഒരു വ്യക്തിയെ അവന്റെയോ/അവളുടെയോ വ്യക്തിഗത പ്രശ്നങ്ങൾ പരിഹരിക്കാൻ

നൽകുന്ന മാർഗോപദേശമാണ് വ്യക്തിഗത മാർഗോപദേശം. ഒരു വ്യക്തിക്ക് അയാളുടെ വ്യക്തിഗത ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിൽ പലപ്പോഴും പ്രയാസങ്ങൾ നേരിടാറുണ്ട്. ഒരു വ്യക്തി തന്നോടും മറ്റുള്ളവരോടും താൻ ഇരിക്കുന്ന പ്രത്യേക ചുറ്റുപാടിനോടും പൊരുത്തപ്പെടുവാനുള്ള ബുദ്ധിമുട്ടുകൾ പലപ്പോഴും അഭിമുഖീകരിക്കുന്നു. ഈ രീതിയിൽ ഒരു വ്യക്തിയുടെ പൊരുത്തപ്പെടലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാനും അവന്റെ വ്യക്തിഗത ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനും വ്യക്തിഗത സഹായം ആവശ്യമാണ്.

വ്യക്തിയെ അവന്റെ/അവളുടെ മാനസിക സാമൂഹിക ചുറ്റുപാടുകളുമായി പൊരുത്തപ്പെടുന്നതിന് വ്യക്തിഗത മാർഗോപദേശം സഹായിക്കുന്നു. ഒരു വ്യക്തിയുടെ വൈകാരികവും, സാമൂഹികവും, ധാർമികവും (Ethical), സാൻമാർഗികവും അതുപോലെതന്നെ ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കുന്നതിന് നൽകുന്ന സഹായമാണ് വ്യക്തിഗത മാർഗോപദേശം എന്ന് നിർവ്വചിക്കാം. മറ്റൊരു രീതിയിൽ പറഞ്ഞാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള വികസനത്തിന് സഹായകരമാകുന്ന വിധത്തിൽ മനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും മെച്ചപ്പെടുത്തുവാൻ ഒരു വ്യക്തിക്ക് നൽകുന്ന സഹായമാണ് വ്യക്തിഗത മാർഗോപദേശമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വ്യക്തിഗത മാർഗോപദേശത്തിന്റെ ലക്ഷ്യങ്ങൾ (Objectives of personal guidance)

i. വ്യക്തിയെ സ്വയം മനസ്സിലാക്കുവാൻ സഹായിക്കുക.

ii. വ്യക്തിഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യക്തിയെ സഹായിക്കുക.

iii. വ്യക്തിയെ സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കുന്നതിനും പൊരുത്തപ്പെടുന്നതിനും സഹായിക്കുക.

iv. തന്റെ ചുറ്റുമുള്ള ലോകത്തെ ശരിയായ കാഴ്ചപ്പാടിൽ അറിയുവാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുക.

v. വ്യത്യസ്ത ജീവിത സാഹചര്യത്തിൽ വിവേകത്തോടെ പൊരുത്തപ്പെടുവാൻ വ്യക്തിയെ സഹായിക്കുക.

വൈവാഹിക മാർഗോപദേശം (Marital Guidance)

ഒരു വ്യക്തിയുടെ ജീവിതത്തിലെ സവിശേഷ സംഭവമാണ് വിവാഹം. അതിന് ധാരാളം മാനങ്ങളും ധർമങ്ങളുമുണ്ട്. ഓരോ സമൂഹത്തിനും സംസ്കാരത്തിനും വിവാഹത്തെക്കുറിച്ച് അതിന്റേതായ സങ്കൽപ്പങ്ങളുണ്ട്. സ്നേഹം, കൂട്ടുകെട്ട് തുടങ്ങിയവയ്ക്കായാണ് വ്യക്തികൾ വിവാഹത്തിലേക്ക് പ്രവേശിക്കുന്നത്. എന്നാൽ ദൗർഭാഗ്യവശാൽ, ചില വിഷയങ്ങളിൽ, ദമ്പതിമാർക്കിടയിൽ അസ്വാരസ്യം, സ്വരച്ചേർച്ചയില്ലായ്മ, തന്മയീഭാവമില്ലായ്മ, അവിശ്വാസം, ആശയവിനിമയക്കുറവ് തുടങ്ങിയവ പോലുള്ള പൊരുത്തക്കേടുകൾ രൂപപ്പെടുന്നു. വ്യക്തികൾ വ്യത്യസ്ത കുടുംബങ്ങളിൽ നിന്നും പശ്ചാത്തലങ്ങളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നും വരുന്നതുകാരണമാണ് മുഖ്യമായും ഇങ്ങനെ സംഭവിക്കുന്നത്.

പരസ്പരം അംഗീകരിക്കുന്നതിനും സംഘർഷസാധ്യതകളെ ഇല്ലാതാക്കുന്നതിനും ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും വൈവാഹിക മാർഗോപദേശം ദമ്പതികളെ സഹാ

യിക്കുന്നു. വിവാഹത്തെക്കുറിച്ചും വൈവാഹിക ജീവിതത്തെക്കുറിച്ചും വിവരങ്ങൾ നൽകുന്നതിലൂടെ, പ്രശ്നങ്ങളിൽ ഉൾക്കാഴ്ച നൽകുന്നതിനും വൈവാഹിക ധർമങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇത് സഹായകരമാകുന്നു.

വൈവാഹിക മാർഗോപദേശത്തിന്റെ ലക്ഷ്യങ്ങൾ (Objectives of marital guidance)

i. വൈവാഹിക ജീവിതത്തിന്റെ മൂല്യങ്ങൾ മനസ്സിലുറപ്പിക്കുക.

ii. കുടുംബജീവിതത്തിന് ഒരു വ്യക്തിയെ തയ്യാറാക്കുക.

iii. ദമ്പതികളിൽ ഗുണാത്മക ആശയവിനിമയം പ്രോത്സാഹിപ്പിക്കുക-കേൾക്കുവാനും കേൾക്കപ്പെടുവാനും തയ്യാറാക്കുക.

iv. കുടുംബ ബന്ധം ശക്തിപ്പെടുത്തുക.

v. നല്ല പൊരുത്തപ്പെടലുകൾ കുടുംബത്തിൽ സൃഷ്ടിക്കുക.

vi. വിശ്വാസ്യത ഉണ്ടാക്കുകയും അത് നഷ്ടപ്പെട്ട സാഹചര്യങ്ങളിൽ വിശ്വാസ്യത പുനർസൃഷ്ടിക്കുകയും ചെയ്യുക.

vii. കുടുംബ തകർച്ചകൾ ഒഴിവാക്കുക.

viii. സംഘർഷങ്ങൾ എങ്ങിനെ പരിഹരിക്കാമെന്ന് പഠിപ്പിക്കുക.

ix. സ്വയവും ജീവിത പങ്കാളിയേയും മനസ്സിലാക്കുവാനും പരസ്പരം ഇടപെടുന്ന രീതികൾ മനസ്സിലാക്കുവാനും സഹായിക്കുക.

x. ലൈംഗികതയെക്കുറിച്ചും കുടുംബ ജീവിതത്തിൽ ലൈംഗികതക്കുള്ള പ്രധാന്യത്തെക്കുറിച്ചും ശരിയായ അറിവ് പ്രദാനം ചെയ്യുക.

പൊതുവായി, വൈവാഹിക മാർഗോപദേശത്തെ രണ്ടായി തരംതിരിക്കാം-വിവാഹപൂർവ്വ മാർഗോപദേശം, വിവാഹാനന്തര മാർഗോപദേശം. വൈവാഹിക ജീവിതത്തിന് തയ്യാറാകുവാൻ വ്യക്തിയെ സഹായിക്കുന്ന മാർഗോപദേശമാണ് വിവാഹപൂർവ്വ മാർഗോപദേശം. വൈവാഹിക ജീവിതത്തെക്കുറിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള പ്രതീക്ഷകൾ വിവാഹജീവിതത്തിൽ തടസമായേക്കാവുന്ന പ്രശ്നങ്ങളെ തിരിച്ചറിയുവാൻ വ്യക്തികളെ സഹായിക്കും. വിവാഹത്തിന് ശേഷം ദമ്പതികൾക്ക് നൽകുന്ന മാർഗോപദേശമാണ് വിവാഹാനന്തര മാർഗോപദേശം. വൈവാഹിക അപസ്വരങ്ങൾ ദമ്പതിമാർക്കിടയിൽ സർവ്വസാധാരണമാണ്. യഥാസമയം അവയെ കൈകാര്യം ചെയ്തില്ലെങ്കിൽ, അത് വിവാഹമോചനത്തിലേക്ക് നയിച്ചേക്കാം. അതിനാൽ പരസ്പരം പൊരുത്തക്കേടുകൾ അനുഭവിക്കുന്ന ദമ്പതികൾക്ക് വിവാഹാനന്തര മാർഗോപദേശം പ്രധാനമാണ്.

തൊഴിൽപരമായ മാർഗോപദേശം (Vocational Guidance)

ഒരു വ്യക്തി പ്രത്യേകമായി ചെയ്യുന്നത് അല്ലെങ്കിൽ അവർക്ക് അനുയോജ്യമായതും പരിശീലനം ലഭിച്ചതും അല്ലെങ്കിൽ യോഗ്യതയ്ക്കുതകുന്നതായ ഒരു ജോലിയെ ആണ് തൊഴിൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അനുയോജ്യമായ തൊഴിൽ തിരഞ്ഞെടുക്കുവാനും അതിനായി വ്യക്തിയെ തയ്യാറാക്കുവാനും ഒരു വ്യക്തിയെ സഹായിക്കുന്നതാണ് തൊഴിൽപരമായ മാർഗോപദേശം. ഭാവിയും തൊഴിലും ആസൂത്രണം ചെയ്യു

ന്നതിനും തിരഞ്ഞെടുക്കുന്നതിനും സഹായിക്കലാണ് പ്രാഥമികമായി ഇതിൽ ഉദ്ദേശി ക്കുന്നത്. ഒരു വ്യക്തി അവന്റെ രാജ്യത്തിന് നേട്ടമുണ്ടാക്കുന്ന വിധത്തിൽ അവന്റെ/ അവളുടെ കഴിവുകൾക്കനുയോജ്യമായ ഒരു തൊഴിൽ തിരഞ്ഞെടുക്കണം. ഒരു വ്യക്തിക്ക് എല്ലാ തൊഴിലും ചെയ്യുക സാധ്യമല്ല. ഓരോ തൊഴിലിനും പ്രത്യേക തരം അറിവും നൈപുണികളും ആവശ്യമാണ്.

തൊഴിൽപരമായ തിരഞ്ഞെടുപ്പ് വ്യക്തിജീവിതത്തിലെ ഒരു നിർണായകമായ തീരു മാനമാണ്. വ്യക്തികൾ ജന്മസിദ്ധികളിലും കഴിവുകളിലും തുല്ല്യരല്ല. അതുകൊണ്ട് തൊഴിൽ തിരഞ്ഞെടുക്കുന്നതിലും അതിന്റെ പ്രത്യേകതകൾ ഉണ്ട്. അതിനാൽ തൊഴിൽ തിരഞ്ഞെടുക്കുന്നതിൽ തൊഴിൽപരമായ മാർഗോപദേശം ആവശ്യമാണ്.

മനുഷ്യവ്യക്തിത്വത്തിന്റെ സങ്കീർണത, ആധുനിക വ്യവസായ സങ്കീർണത, വിദ്യാ ഭ്യാസധാരയുടെയും തൊഴിൽമേഖലകളുടെയും ബാഹുല്യം എന്നിവ തൊഴിൽ വ്യവ സ്ഥയെ സങ്കീർണമാക്കിയിരിക്കുന്നു. അതുകൊണ്ട് ഒരു തൊഴിൽ തിരഞ്ഞെടുക്കുന്ന തിനും അതിന്റെ സ്വഭാവം മനസ്സിലാക്കുന്നതിനും അതിൽ പ്രവേശിക്കുന്നതിനും ഒരു ഔദ്യോഗിക ഉപദേശം ആത്യാവശ്യമാണ്.

തൊഴിൽപരമായ മാർഗോപദേശത്തിന്റെ ലക്ഷ്യങ്ങൾ (Objectives of vocational guidance)

i. ഒരു തൊഴിലിന്റെ സവിശേഷതകൾ, ധർമങ്ങൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ, പ്രതിഫലം, തുടങ്ങി വിവിധ വശങ്ങൾ മനസ്സിലാക്കുവാൻ വ്യക്തികളെ സഹാ യിക്കുക.

ii. ഒരു പ്രത്യേക തൊഴിലിന് ആവശ്യമായ നൈപുണികളും കഴിവുകളും കണ്ടെ ത്തുന്നതിന് വ്യക്തികളെ സഹായിക്കുക.

iii. തൊഴിലിനോട് ഗുണാത്മക മനോഭാവം വളർത്തിയെടുക്കുക.

iv. വിവിധതരം തൊഴിലുകളെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുവാൻ വ്യക്തി കളെ സഹായിക്കുക.

v. വിവിധ തൊഴിൽസ്ഥാപനങ്ങളുടെ സൗകര്യങ്ങളെക്കുറിച്ച് ആവശ്യമായ വിവര ങ്ങൾ വ്യക്തികൾക്ക് ലഭ്യമാക്കുവാൻ സഹായിക്കുക.

vi. ഒരു വ്യക്തിക്ക് ഏതുതരം തൊഴിലാണ് അനുയോജ്യമെന്നും ഒരു പ്രത്യേക തൊഴി ലിന് ഏതുതരം വ്യക്തികളാണ് ആവശ്യമെന്നും ബോധ്യപ്പെടുത്താൻ സഹായി ക്കുക.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. മാർഗോപദേശത്തെ നിർവ്വചിക്കുക.
2. വിവിധതരം മാർഗോപദേശത്തെക്കുറിച്ച് വിശദീകരിക്കുക.



ജീവിതത്തിന്റെ വിവിധ മേഖലകളിൽ മാർഗോപദേശത്തിന്റെ ആവ ശ്യകതയും പ്രാധാന്യവും എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘ ടിപ്പിക്കുക.

ഔദ്യോഗികജീവിത മാർഗോപദേശം (Career Guidance)

'ഞാൻ ആകെ ആശയ കുഴപ്പത്തിലാണ്; എന്ത് ചെയ്യണമെന്നും എവിടെ പോകണമെന്നും എനിക്കറിയില്ല; ഞാൻ നിസ്സഹായനാണ്; എന്റെ അടുത്ത സുഹൃത്തുക്കളെല്ലാം, വ്യത്യസ്ത ഔദ്യോഗിക വിഷയങ്ങൾ പഠിക്കുവാൻ ചേർന്നു. എന്റെ രക്ഷിതാക്കൾക്ക് എന്നെ സഹായിക്കാനോ എന്റെ പഠനത്തിന് പണം ചിലവഴിക്കാനോ കഴിവില്ല'. റിജു പറഞ്ഞു.

ഒരു ഔദ്യോഗിക തൊഴിൽ തിരഞ്ഞെടുക്കാൻ നിങ്ങൾക്ക് എങ്ങനെ റിജുവിനെ സഹായിക്കാനാകും?

- ....

ഒരു ഉദ്യോഗം എന്നത് ഒരു വ്യക്തിയുടെ തൊഴിലോ വ്യാപാരമോ അല്ലെങ്കിൽ അവന്റെ/അവളുടെ ജീവസന്ധാരണമാർഗം ആണ്.

ഔദ്യോഗികജീവിത മാർഗോപദേശവും തൊഴിൽ മാർഗോപദേശവും മിക്കവാറും സമാനാർത്ഥങ്ങളായി ഉപയോഗിക്കുന്നവയാണ്. ഔദ്യോഗികജീവിതം ഒരാളുടെ ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒരു ഭാഗമാണ്. നമ്മുടെ ഉദ്യോഗം നമുക്ക് സാമ്പത്തിക സ്വാതന്ത്ര്യവും സ്വത്വവും പേരും സ്ഥാനമാനവും നൽകുന്നു.

ഒരു ഉദ്യോഗം തിരഞ്ഞെടുക്കുന്നതിനും തയ്യാറാകുന്നതിനും അതിൽ പ്രവേശിക്കുന്നതിനും തുടരുന്നതിനും ഒരു വ്യക്തിയെ സഹായിക്കുന്ന പ്രക്രിയയാണ് ഔദ്യോഗികജീവിത മാർഗോപദേശം. ഭാവിയിലേക്ക് ആവശ്യമായ ഒരു ഉദ്യോഗം ആസൂത്രണം ചെയ്യുകയും തിരഞ്ഞെടുക്കുകയും തീരുമാനിക്കുകയും ചെയ്യുന്നതിന് വ്യക്തികളെ സഹായിക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക പരിഗണന. ഔദ്യോഗിക വിദ്യാഭ്യാസവും വിവരങ്ങളും നൽകുന്നതുൾപ്പെടെയുള്ള ഇടപെടലിന്റെ വിവിധമേഖലകൾ ഔദ്യോഗികജീവിത മാർഗോപദേശം എന്ന പദം ഉൾക്കൊള്ളുന്നു.

ഔദ്യോഗികജീവിത മാർഗോപദേശത്തിന്റെ ഉപാധികൾ

i. കരിയർ ക്ലബ്ബുകളും കരിയർ സെന്ററുകളും.

ii. ഔദ്യോഗിക യോഗങ്ങളും ചർച്ചകളും.

iii. പരിചയസമ്പന്നരും വിജയികളുമായുള്ളവരുമായി ഇടപെടൽ.

iv. തൊഴിൽ സംരഭങ്ങളിലേക്കുള്ള സന്ദർശനങ്ങൾ.

v. തൊഴിൽ മാസികകൾ, ബുള്ളറ്റിനുകൾ, വെബ്സൈറ്റുകൾ.

vi. തൊഴിൽ പ്രദർശനങ്ങളും പ്രശ്നോത്തരികളും.

vii. തൊഴിൽ ലേഖനസമാഹാരങ്ങൾ, ചാർട്ടുകൾ, കേസ് സ്റ്റഡികൾ.

viii. മാതൃക പ്രഗത്ഭ വ്യക്തികളുടെ അഭിമുഖങ്ങൾ.

7.2 ഔദ്യോഗിക ജീവിതാസൂത്രണം (Career Planning)

ആധുനിക ലോകത്ത്, നവീനമായ പഠനവിഷയങ്ങളും ഔദ്യോഗിക തൊഴിൽ മേഖലകളും ഉരുത്തിരിഞ്ഞിട്ടുണ്ട്. ഇതിന് വളരെ സവിശേഷമായ പരിശീലനം അനിവാര്യ

മാകുന്നു. പുതിയ അവസരങ്ങൾ അനുദിനം ഉത്ഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ ശരിയായ ഔദ്യോഗിക തിരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ കുടുതൽ ഉൻമേഷവാന്മാരും, പ്രചോദിതരും, ആ തൊഴിലിൽ കാര്യക്ഷമതയുള്ളവരും, വിജയികളുമായിത്തീരും. ശരിയായ ഉദ്യോഗം തിരഞ്ഞെടുക്കുന്നത് നമുക്ക് ജീവിതത്തിൽ വിജയവും ശക്തിയുമായിതീരും. ഉദ്യോഗാസൂത്രണം 4 ഘട്ടങ്ങളുള്ള ഒരു ചാക്രിക രീതിയിൽ അവതരിപ്പിക്കാം.

ശരിയായ ഉദ്യോഗം തെരഞ്ഞെടുത്താൽ അത് നമ്മുക്ക് വലിയ ശക്തിയായിരിക്കും.

അനുയോജ്യമായ ഒരു തൊഴിൽ തിരഞ്ഞെടുക്കുന്നതിന് സൂക്ഷ്മ ശ്രദ്ധ, ചിന്ത, ശരിയായ ആസൂത്രണം ഇവ ആവശ്യമാണ്. ഔദ്യോഗിക ആസൂത്രണത്തിൽ സ്വയം വിലയിരുത്തലും ഉൾപ്പെട്ടിരിക്കുന്നു. ഒരാളുടെ കഴിവുകളും കഴിവുകേടുകളും മനസ്സിലാക്കുന്നതിന് സ്വയം വിലയിരുത്തൽ ആവശ്യമാണ്. നാം നമ്മുടെ താൽപര്യം, അഭിരുചികൾ, കഴിവുകൾ, മനോഭാവങ്ങൾ, നൈപുണികൾ, മൂല്യങ്ങൾ തുടങ്ങിയവ അവലോകനം ചെയ്യണം. നമ്മുടെ ഉദ്യോഗത്തിൽ നിന്ന് നാം പ്രതീക്ഷിക്കേണ്ടത്, തൊഴിൽ രംഗത്ത് നാം പുലർത്തേണ്ട മനോഭാവം എന്നിവ തിരിച്ചറിയാൻ ഇത് നമ്മെ സഹായിക്കുന്നു. ഒരാളുടെ കഴിവും അവസരങ്ങളും തമ്മിൽ സംയോജിപ്പിക്കുന്നതിന്, ആ വ്യക്തിയുടെ വിവിധ തൊഴിലവസരങ്ങളും സാധ്യതകളും സമഗ്ര പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇതിൽ ഒരു വ്യക്തി തിരഞ്ഞെടുക്കുന്ന ഔദ്യോഗിക പാതയിലെ വളർച്ചയും പുരോഗതിയും തുടർപഠനവും ഉൾപ്പെടുന്നു. താഴെ പറയുന്നവ ഒരു ഉദ്യോഗം ആസൂത്രണം ചെയ്യുന്നതിന് പരിഗണിക്കേണ്ടവയാണ്:

- താൽപര്യം
- മാനസികശേഷി
- അഭിരുചി
- മൂല്യങ്ങൾ
- ലക്ഷ്യങ്ങൾ
- മുൻഗണനകൾ

- ഭൗതിക സവിശേഷതകൾ
- കുടുംബ പശ്ചാത്തലം
- ലഭ്യമായ തൊഴിലവസരങ്ങൾ
- ഈ മേഖലയ്ക്കാവശ്യമായ വിദ്യാഭ്യാസ യോഗ്യത
- ഈ വിഷയങ്ങൾ വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ
- യോഗ്യതാമാനദണ്ഡം
- പഠന കാലാവധി, ഫീസ്, പ്രവേശന നടപടിക്രമങ്ങൾ
- വിഷയത്തിന്റെ സാമൂഹ്യ സ്ഥാനം
- സാമ്പത്തിക സാമൂഹിക നേട്ടം
- ആരോഗ്യവും സുരക്ഷിതത്വവും

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ഔദ്യോഗിക ജീവിത മാർഗോപദേശംക്കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
2. ഔദ്യോഗിക ജീവിത മാർഗോപദേശത്തിന്റെ ഘട്ടങ്ങൾ പട്ടികപ്പെടുത്തുക.



1. പ്ലസ് ടുവിന് ശേഷം തിരഞ്ഞെടുക്കാവുന്ന ഉദ്യോഗത്തിന്റെ വിവരങ്ങൾ ശേഖരിച്ച് ഒരു പവർ പോയിന്റ് അവതരണം തയ്യാറാക്കുക.
2. ഒരു ഔദ്യോഗിക ജീവിത മാർഗോപദേശ വിദഗ്ധനെ കലാലയത്തിലേക്ക് ക്ഷണിച്ച് ഔദ്യോഗിക മാർഗോപദേശ പ്രഭാഷണം സംഘടിപ്പിക്കുക.

അഭിരുചി പരിശോധനകൾ (Aptitude tests)

ഒരു സ്വാഭാവിക പ്രവണത, പ്രത്യേക കഴിവ് അല്ലെങ്കിൽ ഒരു കൂട്ടം കഴിവുകൾ എന്നിവയെയാണ് അഭിരുചി എന്ന് കരുതുന്നത്. ഈ സ്വാഭാവിക കഴിവുകൾ, ഒരു വ്യക്തിയുടെ പഠനത്തിനുള്ള തയ്യാറെടുപ്പിനേയോ ഒരു പ്രത്യേക ജോലിക്കുള്ള ചേർച്ചയേയോ സൂചിപ്പിക്കാം. ഉദാഹരണമായി, ഒരു വാസ്തുശിൽപ്പിയായി വിജയിക്കണമെങ്കിൽ, ഒരുവന്, സൗന്ദര്യാത്മകതയും ദൃശ്യസ്മരണയും ഉണ്ടായിരിക്കണം. അമൂർത്ത ആശയങ്ങളെ വിചിന്തനം ചെയ്യുവാനും, സ്വതന്ത്രമായി രൂപരേഖ തയ്യാറാക്കാനുമുള്ള കഴിവുകളും ഉണ്ടാവണം. ഒരു വ്യക്തിയുടെ കഴിവുകളും ശേഷികളും മനസ്സിലാക്കുന്നതിന് അഭിരുചി പരിശോധനകൾ സഹായിക്കുന്നു. ഒരു വ്യക്തിക്ക് അനുയോജ്യമായ തൊഴിൽ തീരുമാനിക്കുന്നതിന് അഭിരുചി പരീക്ഷാഫലങ്ങൾ ഉപയോഗിക്കാവുന്നതാണ്. വിദ്യാഭ്യാസത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ തുടർപഠനത്തിന്റെ മേഖല തിരഞ്ഞെടുക്കുന്നതിന് വ്യക്തികളെ സഹായിക്കാൻ, അഭിരുചി പരിശോധനകൾ സാമൂഹ്യപ്രവർത്തകനെ പ്രാപ്തനാക്കുന്നു. ആയതുകൊണ്ട് ഒരു അഭിരുചി പരിശോധനയുടെ സ്കോർ വ്യക്തിയുടെ തുടർപഠനത്തിലെ പ്രകടനം പ്രവചിക്കാൻ സഹായിക്കുന്നു.

ആയതുകൊണ്ട് ഒരു അഭിരുചി പരീക്ഷ അതുകൊണ്ടുതന്നെ ഒരു വ്യക്തിയുടെ ഏതെങ്കിലും പ്രവർത്തനത്തിലുള്ള കഴിവ് പരിശോധിക്കാൻ വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ്. അഭിരുചി പരിശോധനകളെ ഭേദസൂചക അഭിരുചി പരിശോധന (Differential Aptitude Test), പ്രത്യേക അഭിരുചി പരിശോധന (Specific Aptitude Test) എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. ഭേദസൂചക അഭിരുചി പരിശോധന വ്യക്തിയുടെ വൈവിധ്യമായ ആന്തരിക കഴിവുകൾ, കാര്യനിർവ്വഹണം എന്നിവ വിലയിരുത്തുന്നു. പ്രത്യേക അഭിരുചി പരിശോധനകൾ ഒരു പ്രത്യേക ഘടകത്തെയോ കഴിവിനെയോ അടിസ്ഥാനമാക്കിയുള്ള കാര്യനിർവ്വഹണത്തെ വിലയിരുത്തുന്നു.

അഭിരുചി പരിശോധന താഴെപ്പറയുന്ന വിധത്തിൽ വ്യക്തികളെ സഹായിക്കുന്നു:

i. ഒരാളുടെ അന്തർലീന കഴിവുകളും നൈപുണികളും മനസ്സിലാക്കുവാൻ
ii. അനുയോജ്യമായ പഠന വിഷയം തീരുമാനിക്കുവാൻ
iii. ഔദ്യോഗിക പഠനമേഖലയിൽ പ്രവേശനം നേടുന്നതിന്
iv. ജോലി/ഉദ്യോഗം തിരഞ്ഞെടുക്കുന്നതിന്
v. വിനോദവൃത്തി തിരഞ്ഞെടുക്കുന്നതിന്

ഭേദസൂചക അഭിരുചി പരിശോധന (Differential Aptitude Tests-DAT)

ബെന്നറ്റ് സി ഷോറും വെസ്മാനും അടിസ്ഥാന ബുദ്ധിപരമായ കഴിവുകൾ അളക്കുന്നതിന് വികസിപ്പിച്ചതാണ് ഇത്. ഒരു വ്യക്തിയുടെ വ്യത്യസ്തമായ സിദ്ധികളും കഴിവുകളും ഏതൊക്കെ ജോലിക്ക് അനുയോജ്യമാണ് എന്ന കണ്ടെത്തലാണ് ഈ പരിശോധനയുടെ ഉദ്ദേശ്യം. ഇത് വ്യക്തിയെ ശരിയായി നയിക്കുന്നതിന് സാമൂഹ്യ പ്രവർത്തകനെ സഹായിക്കുന്നു. ഇത് ഏഴ് പരിശോധനകളടങ്ങിയ ഒരു ശ്രേണിയാണ്.

i. വെർബൽ റീസണിങ്ങ്
ii. ന്യൂമെറിക്കൽ എബിലിറ്റി
iii. അബ്സ്ട്രാക്റ്റ് റീസണിംഗ്
iv. സ്പെയ്സ് റിലേഷൺ ടെസ്റ്റ്
v. മെക്കാനിക്കൽ റീസണിങ്ങ് ടെസ്റ്റ്
vi. ക്ലറിക്കൽ സ്പീഡ് ആന്റ് അക്യൂറസി ടെസ്റ്റ്
vii. ലാംഗ്വേജ് സ്പെല്ലിങ്ങ് ആന്റ് സെന്റൻസ് ടെസ്റ്റ്

അഭിരുചി പരിശോധനകൾ

- സയൻസ് റിസർച്ച് അസോസിയേഷൻ വികസിപ്പിച്ചെടുത്ത തേർസ്റ്റൺ ടെസ്റ്റ് ഓഫ് പ്രൈമറി മെന്റൽ എബിലിറ്റി (PMA).
- ടെസ്റ്റ് ഡിവിഷൻ ഓഫ് സൈക്കോളജിക്കൽ കോപ്പറേഷൻ വികസിപ്പിച്ച ഭേദസൂചക അഭിരുചി പരിശോധന (DAT).
- കാലിഫോർണിയ ടെസ്റ്റ് ഓഫ് മെന്റൽ എബിലിറ്റി (CMM).
- യുണൈറ്റഡ് ഡവലപ്പ്മെന്റ് സർവ്വീസ് വികസിപ്പിച്ച ജനറൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ബാറ്ററി (GATB).

ഒരു വ്യക്തി തന്റെ അഭിരുചി പരിഗണിക്കാതെ ഉദ്യോഗം തിരഞ്ഞെടുത്താൽ ഇടയ്ക്കിടയ്ക്ക് തൊഴിൽ മാറേണ്ടതായി വന്നേക്കാം. ഇവിടെയാണ് അഭിരുചി പരീക്ഷകൾക്ക് പ്രാധാന്യം കൈവരുന്നത്. അതുകൊണ്ട് നാം നമ്മുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ തദ്ദേശീയമായി തയ്യാറാക്കിയ അഭിരുചി പരിശോധനകൾ വികസിപ്പിക്കേണ്ടതുണ്ട്.

മത്സര പരീക്ഷകൾ (Competitive Examinations)

വിവിധ തൊഴിലുകൾക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനും വിവിധ കോഴ്സുകളിൽ പ്രവേശനത്തിനും മത്സര പരീക്ഷകൾ നടത്തപ്പെടുന്നു. അതുകൊണ്ട് മത്സര പരീക്ഷകൾ തൊഴിലധിഷ്ഠിതവും വിഷയാധിഷ്ഠിതവുമാകണം. ധാരാളം തൊഴിലധിഷ്ഠിത മത്സരപരീക്ഷകളുണ്ട്. മത്സര പരീക്ഷകളിലൂടെ ഇന്ന് വിവിധ തൊഴിലിലേക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കും വിവിധ ജോലികളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിന്, അവരുടേതായ സ്ഥാപനങ്ങളുണ്ട്. കേന്ദ്രതലത്തിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, എന്നിവയും സംസ്ഥാനതലത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷനും ഇവയ്ക്ക് ഉദാഹരണങ്ങളാണ്. ഇതുപോലെ പ്രതിരോധമേഖല, ബാങ്കിംഗ്, ഇൻഷുറൻസ്, മറ്റ് അംഗീകൃത സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് അവരുടേതായ സംവിധാനങ്ങളുണ്ട്.

സിവിൽ സർവീസ് പരീക്ഷ

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS), ഇന്ത്യൻ ഫോറിൻ സർവീസ് (IFS), ഇന്ത്യൻ പോലീസ് സർവീസ് (IPS), ഇന്ത്യൻ റവന്യു സർവീസ് (IRS) തുടങ്ങിയവ ഉൾപ്പെടെയുള്ള ഇന്ത്യ ഗവൺമെന്റിന്റെ വിവിധ സിവിൽ സർവീസ് തിരഞ്ഞെടുപ്പുകൾക്കുവേണ്ടി യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ ദേശീയ തലത്തിൽ നടത്തുന്ന മത്സരപരീക്ഷയാണ് സിവിൽ സർവീസ് പരീക്ഷകൾ. പ്രാഥമിക പരീക്ഷ, പ്രധാന പരീക്ഷ, വ്യക്തിത്വ പരിശോധനകൾ എന്നീ വിവിധ ഘട്ടങ്ങളിലൂടെയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയാണ് ഇത്. സിവിൽ സർവീസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത സർവകലാശാലാ ബിരുദമാണ്. യു.പി. എസ്. സി താഴെ പറയുന്ന പ്രധാന പരീക്ഷകൾ നടത്തുന്നു.

a) ഇന്ത്യൻ ഫോറസ്റ്റ് സർവീസ് എക്സാമിനേഷൻ
b) എഞ്ചിനീയറിംഗ് സർവീസ്
c) ജിയോളജിസ്റ്റ് എക്സാമിനേഷൻ
d) സ്പെഷ്യൽ ക്ലാസ് റെയിൽവേ അപ്രന്റൈസ് എക്സാമിനേഷൻ
e) നാഷണൽ ഡിഫൻസ് അക്കാദമി ആന്റ് നേവൽ അക്കാദമി
f) കംബൈൻഡ് ഡിഫൻസ് സർവീസ് എക്സാമിനേഷൻ
g) ഇന്ത്യൻ ഇക്കണോമിക് സർവീസ്/ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവീസ് എക്സാമിനേഷൻ
h) സെക്ഷൻ ഓഫീസേഴ്സ്/സ്റ്റെനോഗ്രാഫേഴ്സ് (ഗ്രേഡ്-ബി/ഗ്രേഡ്-1) ഡിപ്പാർട്ട്മെന്റൽ കോമ്പറ്റിറ്റീവ് എക്സാമിനേഷൻ
i) സെൻട്രൽ പോലീസ് ഫോഴ്സ് (അസിസ്റ്റന്റ് കമാണ്ടന്റ് എക്സാമിനേഷൻ)

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ

കേന്ദ്ര ഗവൺമെന്റിലെ ക്ലാസ് മൂന്ന്, ക്ലാസ് നാല് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി പരീക്ഷകൾ നടത്തുന്ന സ്ഥാപനമാണ് ഇത്. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ താഴെ പറയുന്ന പരീക്ഷകൾ നടത്തുന്നു.

a) കംബൈൻഡ് ഗ്രാജ്വേറ്റ് ലെവൽ എക്സാമിനേഷൻ
b) കംബൈൻഡ് മെട്രിക് ലെവൽ എക്സാമിനേഷൻ
c) സെക്ഷൻ ഓഫീസർ (കൊമേഴ്സ്യൽ)
d) സെക്ഷൻ ഓഫീസർ (ഓഡിറ്റ്)
e) ജൂനിയർ ട്രാൻസ്ലേറ്റർ (CSOL)
f) ജൂനിയർ എഞ്ചിനീയർ (CPWD)
g) ഇൻവെസ്റ്റിഗേറ്റർ (NSSO)
h) സെൻട്രൽ പോലീസ് ഓർഗനൈസേഷൻ (SI) എക്സാമിനേഷൻ
i) ടാക്സ് അസിസ്റ്റന്റ് (ഇൻകം ടാക്സ് ആന്റ് സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റ്) എക്സാമിനേഷൻ

IBPS പരീക്ഷകൾ

ബാങ്ക് വ്യവസായം അവരുടെ തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കുവേണ്ടി രൂപം കൊടുത്തിട്ടുള്ള പ്രാഥമിക സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് ആന്റ് പേഴ്സണൽ സെലക്ഷൻ. പൊതുമേഖലാ ബാങ്കുകളിലേക്ക് ഓഫിസർമാരെയും ക്ലർക്കുമാരെയും തിരഞ്ഞെടുക്കുന്നതിനുള്ള എഴുത്ത് പരീക്ഷ നടത്തുന്നത് ഇവരാണ്. രാജ്യമെമ്പാടുമുള്ള പൊതുമേഖലാ ബാങ്കുകളിൽ ജോലി നോക്കുന്നവർ നിർബന്ധമായും ഈ എഴുത്ത് പരീക്ഷ ജയിച്ചിരിക്കണം. ഒരു സർവകലാശാല ബിരുദമാണ് ഇതിന് അപേക്ഷിക്കുവാനുള്ള യോഗ്യത. യുക്തിചിന്ത, ഗണിതാഭിരുചി, ഇംഗ്ലീഷിലെ വൈദഗ്ധ്യം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ ഇതിന്റെ സിലബസിൽ ഉൾപ്പെടുന്നു.

കേരള പബ്ലിക് സർവീസ് കമ്മിഷൻ

കേരളത്തിലെ സിവിൽ സർവിസ് തൊഴിലുകൾക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനുള്ള സ്വയംഭരണാവകാശമുള്ള സർക്കാരിന്റെ ഒരു സംവിധാനമാണ് പബ്ലിക് സർവീസ് കമ്മിഷൻ. പി. എസ്. സി ഒഴിവുകളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നു, എഴുത്ത് പരീക്ഷ നടത്തുന്നു, പ്രായോഗിക പരീക്ഷ നടത്തുന്നു, ശാരീരിക ക്ഷമത പരിശോധിക്കുന്നു പിന്നീട് റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു. ഉദ്യോഗാർത്ഥികളുടെ പ്രകടനത്തെ അടിസ്ഥാനമാക്കി അർഹതയും സംവരണവും കർശനമായി പാലിച്ച് അവരെ നിയമിക്കുന്നു.

റെയിൽവേയിലെ തൊഴിലവസരങ്ങൾ

- റെയിൽവേയിൽ ജോലികൾ നാല് അടിസ്ഥാന വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു - ഗ്രൂപ്പ് എ, ഗ്രൂപ്പ് ബി, ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി. ഗ്രൂപ്പ് എ യിലും ഗ്രൂപ്പ് ബി യിലും ഉൾപ്പെട്ട ഉദ്യോഗസ്ഥർ ഗസറ്റഡ് ഓഫീസർമാരാണ്. റെയിൽവേ ഗ്രൂപ്പ് എ, ബി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് UPSC പരീക്ഷയിലൂടെയാണ്.
- ഗ്രൂപ്പ് സി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് (RRB) മുഖേനയാണ്.
- ഗ്രൂപ്പ് ഡി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് ഡിവിഷണൽ തലത്തിലാണ്.

വിഷയാധിഷ്ഠിത മത്സരപരീക്ഷകൾ

No	Abbrevation	Test	Eligibility	Admission For	Conducted By
1	CAT	Common Admission Test	Graduation	MBA in Indian Institute Management	Indian Institutes of Management
2	CMAT	Common Management Aptitude Test	Graduation	MBA	All India Council of Technical Education
3	XAT	Xavier Admission Test	Graduation	MBA	Xaviers Labour Research Institute
4	MAT	Management Aptitude Test	Graduation	MBA	All India Management Association
5	ATMA	AIMS Test for Management Admission	Graduation	MBA	Association of Indian Management Schools
6	SNAP	Symbiosis National Aptitude for postgraduation	Graduation	PG Programmes	Symbiosis International University
7	NMAT	Narsee Monjee Admission Test	Graduation	MBA	Narsee Monjee Institute of Management studies.
8	OPEN MAT	Management Aptitude Test	Graduation	MBA	IGNOU
9	HSSEE	Humanities and Social Science Entrance Exam	Higher Secondary	Integrated M.A.	IIT Chennai
10	DAT	Design Aptitude Test	Higher Secondary, Degree	Graduation & PG Diploma	National Institute of Design, Ahammadabad
11	NIFT Entrance	National Institute of Fashion Technology	Higher Secondary	Degree	National Institute of Fashion Designing

12	CLAT	Common Law Admission Test	Higher Secondary	Degree in Law (LLB)	National Law Universities in India.
13	NCHMCT JEE	National Council for Hotel Management and Catering Technology Joint Entrance Examination	Higher Secondary	BSC programme in Hotel Management	National Council for Hotel Management and Catering Technology-Noida-UP
14	AIST	All India Selection Test	Higher Secondary	Degree in Footwear Designing.	Footwear Design and development Institute-Noida
15	JEE	Joint Entrance Examination	Higher Secondary	Degree in Engineering	JEE main-CBSE JEE advanced-IIT
16	KEAM	Kerala Engineering and Medical Examination	Higher Secondary	Degree in medical and Engineering	Commission of Entrance Examination-Kerala
17	AIPVT	All India Pre-Veterinary Test	Higher Secondary	Degree in Veterinary Science	Veterinary Council of India
18	AIEEA	All India Entrance Examination in Agriculture	Higher Secondary	Degree in Agriculture	Indian Council of Agriculture Research

മറ്റു ചില മത്സരപരീക്ഷകൾ

Sl.No	Abbrevation	Test	Eligibility	Profession
1.	NET	National Eligibility Test	PG with 55% mark	Assistant Professor in college/universities
2.	SET	State Eligibility Test	PG with 50% mark and B Ed	Higher Secondary School Teacher in Kerala
3.	KTET	Kerala Teachers Eligibility Test	D Ed / B Ed	Teacher in LP/UP/ High School
4.	CTET	Central Teachers Eligibility Test	D Ed / B Ed	Teacher upto VIII[th] Standard

7.3. കൗൺസലിങ് (Counselling)

അനിൽ ഒരു പഠനവ്യഗ്രനായ വിദ്യാർത്ഥിയായിരുന്നു. അവന് മിക്ക പരീക്ഷകളിലും ഉയർന്ന ഗ്രേഡ് ലഭിച്ചു. അധ്യാപകർ എല്ലായ്പ്പോഴും അവന്റെ വിജയത്തെ അഭിനന്ദിച്ചു. അവന്, അവന്റെ സഹപാഠികളുമായി യാതൊരുവിധത്തിലുമുള്ള സാമൂഹിക ബന്ധമില്ല എന്ന് ക്ലാസ് ടീച്ചർ നിരീക്ഷിച്ചു. അവൻ മിക്കവാറും തനിച്ചാണ് നടന്നിരുന്നത്. അധ്യാപകൻ ഈ സ്വഭാവത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ, താൻ ഭവനരഹിതനും സാമ്പത്തികമായി പുറകിലുമാണെന്ന് അവൻ പറഞ്ഞു. ഈ സാഹചര്യം അവനെ മറ്റ് വിദ്യാർത്ഥികളിൽ നിന്ന് മാറ്റി നിറുത്തി. അധ്യാപകൻ അവനെ സ്കൂൾ കൗൺസിലറെ കാണുവാൻ നിർദ്ദേശിച്ചു.

മുകളിൽ കൊടുത്ത കഥയിൽ മറ്റുള്ളവരുമായി സാമൂഹ്യ ബന്ധം ഉണ്ടാക്കുന്നതിൽ അനിലിനെ സഹായിക്കാൻ അദ്ധ്യാപകന് കഴിയില്ല. കാരണം, അദ്ധ്യാപകൻ ഈ വിഷയത്തിൽ അവനെ സഹായിക്കാൻ പരിശീലനം ലഭിച്ച വ്യക്തിയല്ല. പരിശീലനം ലഭിച്ച കൗൺസലർക്കുമാത്രമേ, ഒരു ചികിത്സാപരമായ ബന്ധം സൃഷ്ടിച്ചുകൊണ്ട് അവനെ സാമൂഹ്യ ബന്ധം ഉണ്ടാക്കുന്നതിൽ സഹായിക്കാൻ കഴിയുകയുള്ളൂ. നമുക്ക് കൗൺസലിങ് എന്ന ആശയത്തെ മനസ്സിലാക്കാൻ ശ്രമിക്കാം.

സഹായം ആവശ്യമായ ഒരു വ്യക്തിക്ക്, ആവശ്യസന്ദർഭത്തിൽ പരിചയസമ്പന്നനായ ഒരാൾ ശാസ്ത്രീയപ്രക്രിയയിലൂടെ നൽകുന്ന സഹായമാണ് കൗൺസലിങ്.

ഉപദേശം, കൂടിയാലോചന തുടങ്ങിയ അർത്ഥം വരുന്ന 'കൊൺസുളോ' ('consulo') എന്ന ലത്തീൻ പദത്തിൽ നിന്നാണ് കൗൺസലിങ് എന്ന പദം ഉത്ഭവിച്ചിട്ടുള്ളത്. നേരിട്ടുള്ളതും നീണ്ടുനിൽക്കുന്നതുമായ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ സേവന സ്വീകർത്താക്കളുടെ മനോഭാവത്തിലും പെരുമാറ്റത്തിലും മാറ്റംവരുത്തുക എന്ന ലക്ഷ്യത്തോടെ നൽകുന്ന സേവനമാണ് കൗൺസലിങ്. ഒരു കൗൺസലിയുടെ (Counsellee) പ്രശ്നം കൈകാര്യം ചെയ്യുന്നത് ഒരു കൗൺസലറും കൗൺസലിയും തമ്മിൽ നിലനിൽക്കുന്ന വ്യക്തിപരവും ചലനാത്മകവുമായ ബന്ധത്തിലൂടെയാണ്. കൗൺസലിങ്ങിന്, പരിഹാര-പ്രതിരോധ-വികസനപരമായ മൂല്യങ്ങളുണ്ട്. സ്വയം വളരുവാനും സ്വയം വികസിക്കുവാനും ആത്മസാക്ഷാത്കാരത്തിനുമായുള്ള സാധ്യത എല്ലാ മനുഷ്യരിലും അന്തർലീനമായിരിക്കുന്നുവെന്ന് ഇത് വിശ്വസിക്കുന്നു. സേവന സ്വീകർത്താവിൽ സ്വയമേവ മാറ്റം കൊണ്ടുവരാനാണ് (Voluntary change) ഇത് ശ്രദ്ധചെലുത്തുന്നത്. വ്യക്തികളുടെ കഴിവുകളെ ശക്തിപ്പെടുത്തുന്നതിനും മാനസിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും കാര്യക്ഷമമാണ് കൗൺസലിങ് എന്ന് നിലവിൽ തെളിയിക്കപ്പെട്ടിരിക്കുന്നു.

രണ്ട് വ്യക്തികൾക്കിടയിലുള്ള ഒരു ഉദ്ദേശാധിഷ്ഠിത പരസ്പരപൂരക ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച ഒരു വ്യക്തി മറ്റൊരു വ്യക്തിയെ അവൻ സ്വയം മാറുന്നതിനോ അവന്റെ ചുറ്റുപാടിനെ മാറ്റുന്നതിനോ സഹായിക്കുന്നതാണ് കൗൺസലിങ് (ഷോസ്റ്റോം & ബ്രാമ്മർ, 1952).

"ഒരു വ്യക്തിയുടെ പുത്തൻ ക്രമീകരണത്തിന്റെ വെളിച്ചത്തിൽ ഗുണാത്മകമായ നടപടികൾ എടുക്കുന്നതിന് അവനെ പ്രാപ്തനാക്കുംവിധം സ്വയം മനസ്സിലാക്കാൻ സഹായിക്കുന്ന തരത്തിലുള്ള ഘടനാപരവും അനുവദനീയവുമായ ഒരു ബന്ധമാണ് കൗൺസലിങ് – കാൾ റോജേഴ്സ്.

കൗൺസലിങ്ങിന്റെ സവിശേഷതകൾ

കൗൺസലിങ്ങിന്റെ സവിശേഷതകൾ താഴെ പറയുന്നവയാണ്:

i. കൗൺസിലിങ് ഒരു പരസ്പരമുള്ള ആശയവിനിമയ പ്രക്രിയയാണ്.

ii. അതിൽ രണ്ട് വ്യക്തികൾ ഉൾപ്പെടുന്നു.

iii. കൗൺസലിങ് പഠനകേന്ദ്രീകൃതമാണ്.

iv. അത് ഒരു ഔദ്യോഗിക സേവനമാണ്.

v. അത് സ്വയം മാർഗനിർദേശത്തിൽ അധിഷ്ഠിതമാണ്.

vi. ഒരു ഹൃദ്യവും സഹകരണാത്മകവുമായ ചുറ്റുപാടിൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ.

vii. കൗൺസലർക്കും കൗൺസലിക്കും ഇടയിലുള്ള ഒരു പരസ്പര ബന്ധമാണ് കൗൺസലിങ്.

വിവിധതരം കൗൺസലിങ്ങുകൾ തരങ്ങൾ (Types of Counselling)

കൗൺസലറുടെ കർത്തവ്യങ്ങളെ അടിസ്ഥാനമാക്കി കൗൺസലിങ്ങിനെ നിർദേശക കൗൺസലിങ് (Directive Counselling), നിർദേശേതര കൗൺസലിങ് (Non-directive Counselling), ഉത്തമാംശ കൗൺസലിങ് (Eclectic Counselling) എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

a) നിർദേശക അല്ലെങ്കിൽ കൗൺസലർ കേന്ദ്രീകൃത കൗൺസലിങ് (Directive or Counsellor oriented counselling)

നിർദേശക കൗൺസലിങ്ങിൽ കൗൺസലറാണ് പ്രധാന പങ്ക് വഹിക്കുന്നത്. കൗൺസലർ തന്റെ ശ്രദ്ധ, വ്യക്തിയെക്കാൾ കൂടുതൽ പ്രശ്നത്തിൽ കേന്ദ്രീകരിക്കണം. ഇ. ജി. വില്ല്യംസൺ (E.G Williamson-1950) ആയിരുന്നു ഈ ചിന്താധാരയുടെ പ്രധാന പ്രയോക്താവ്. ഇതിൽ ഒരു പ്രത്യേക പ്രശ്നത്തിൻമേൽ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുകയും സാധ്യമായ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. കൗൺസിലർ കൗൺസലിക്ക് പ്രശ്നപരിഹാരമാർഗങ്ങൾ ഉപദേശിക്കേണ്ടതുണ്ട്. ആവർത്തിച്ചുള്ള വിശദീകരണങ്ങളിലൂടെ നിർദേശിക്കപ്പെട്ട പരിഹാരമർഗങ്ങളുടെ അനുയോജ്യത കൗൺസിലർ കൗൺസലിയെ ബോധ്യപ്പെടുത്തുന്നു. മുഴുവൻ പ്രക്രിയയിലും സഹക

രിക്കുക എന്നുള്ളതാണ് കൗൺസലിയുടെ ധർമം. നിർദേശക കൗൺസലിങ് അനുശാസന കൗൺസലിങ് (Prescriptive counselling) എന്നും അറിയപ്പെടുന്നു.

b) നിർദേശേകേതര കൗൺസലിങ് അല്ലെങ്കിൽ കൗൺസലി കേന്ദ്രീകൃത കൗൺസലിങ് (Non Directive or Counsellee oriented counselling)

കൗൺസലിയുടെ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള കൗൺസലിങ്ങാണ് നിർദേശേകേതര കൗൺസലിങ്. കാൾ. ആർ റോജേഴ്സ് (Carl. R. Rogers-1951) ആയിരുന്നു ഇതിന്റെ മുഖ്യ വക്താവ്. ഒരാളുടെ വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തികേന്ദ്രീകൃത കൗൺസലിങ്ങാണിത്. യഥാർത്ഥ ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനുള്ള കഴിവ് വികസിപ്പിക്കുവാൻ കൗൺസലിയെ സഹായിക്കുന്നതിന്, സ്വയം മനസ്സിലാക്കുവാൻ അനുയോജ്യമായ ചുറ്റുപാട് സൃഷ്ടിക്കുക എന്നത് മാത്രമാണ് കൗൺസലറുടെ ഉത്തരവാദിത്വമെന്ന് നിർദേശേതര കൗൺസലിങ് വിശ്വസിക്കുന്നു. ഇവിടെ എല്ലാ ശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുന്നത്, പ്രശ്നത്തേക്കാളുപരി വ്യക്തിയിലാണ്. പുറമേനിന്നുള്ള നിർദേശങ്ങൾ കൗൺസലിയെ അടിച്ചേൽപ്പിക്കുന്നില്ല. അനുവദനീയ കൗൺസലിങ് (Permissive counselling) എന്നും ഇത് അറിയപ്പെടുന്നു. കൗൺസലറുടെ സഹായത്തോടുകൂടി കൗൺസലിയെ തന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ അനുവദിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.

c) ഉത്തമാംശ കൗൺസിലിങ് (Eclectic Counselling)

ഈ സമീപനത്തിന്റെ മുഖ്യ ഉപജ്ഞാതാവ് എഫ്. സി. തോൺ (F.C.Thorne) ആയിരുന്നു. വിവിധ സ്രോതസ്സിൽ നിന്ന് ഏറ്റവും മികച്ചത് തിരഞ്ഞെടുക്കുകയോ അംഗീകരിക്കുകയോ ചെയ്യുക എന്നതാണ് ഈ പദത്തിന്റെ അർഥം. കൗൺസലിങ്ങിന് വിധേയമാകുന്ന വ്യക്തിയുടെ ആവശ്യങ്ങളെക്കുറിച്ചും വ്യക്തിത്വത്തെകുറിച്ചും ഈ കൗൺസലിങ് പ്രക്രിയയിൽ കൗൺസലർ പഠിക്കുന്നു. അതിന് ശേഷം കൗൺസലർ കൗൺസലിക്ക് ഏറ്റവും ഉപകാരപ്രദവും സഹായകരവുമായ സങ്കേതങ്ങൾ തിരഞ്ഞെടുക്കുന്നു. നിർദേശക കൗൺസലിന്റെയും നിർദേശേതര കൗൺസലിങ്ങിന്റെയും ഉപയോഗപ്രദമായ ഘടകങ്ങൾ ഉത്തമാംശ കൗൺസലിങ്ങിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൗൺസലിങ് നൈപുണികൾ

കൗൺസലർക്ക് ഇടപെടലിനായി ചില നൈപുണികൾ ആവശ്യമാണ്. കൗൺസലിങ്ങിന് അത്യാവശ്യമായ നൈപുണികൾ താഴെ പറയുന്നവയാണ്.

a. **ശ്രവണ നൈപുണി (Listening Skill):** കണ്ണും കാതും ഇതിൽ ഉൾപ്പെടുന്നു. പ്രശ്നബാധിതന്റെ അനുഭവങ്ങളിൽ അഗാധമായ ഉൾക്കാഴ്ച രൂപപ്പെടുന്നതിന് ശ്രദ്ധ അത്യാവശ്യമാണ്. പ്രശ്നബാധിതൻ തന്റെ അനുഭവങ്ങൾ പരോക്ഷമായി വിനിമയം ചെയ്യുമ്പോൾ നൈപുണിയുള്ള ശ്രോതാവിന് മാത്രമേ അവ ഗ്രഹിക്കാൻ കഴിയുകയുള്ളൂ.

b. **തൻമയീ ഭാവം (Empathy):** പ്രശ്നബാധിതന്റെ വേദന, വികാരങ്ങൾ തുടങ്ങിയവ അനുഭവിക്കുവാനും പങ്കുവക്കുവാനും ഉള്ള കൗൺസലറുടെ കഴിവാണിത്.

c. **രോഗനിർണയ നൈപുണി (Diagnostic Skill):** കൗൺസലർക്ക് പ്രശ്നങ്ങളും അവയ്ക്ക് നിദാനമായ കാരണങ്ങളും തമ്മിലുള്ള കാര്യകാരണ ബന്ധങ്ങൾ കണ്ടെത്താൻ കഴിയണം.

d. **ആശയവിനിമയ നൈപുണി (Communication Skill):** കാര്യക്ഷമമായ ആശയവിനിമയ നൈപുണികൊണ്ട് മാത്രമേ ഒരു കൗൺസലർക്ക് വിവരങ്ങൾ പുറത്ത്കൊണ്ടുവരുന്നതിനും വാചേ്യതര ആശയവിനിമയം വായിച്ചെടുക്കുന്നതിനും സാധിക്കുകയുള്ളൂ. പ്രയാസമുള്ള അനുഭവങ്ങൾ പോലും പങ്കുവെക്കുന്നതിനു കൗൺസലർ സേവന സ്വീകർത്താവിനെ പ്രോത്സാഹിപ്പിക്കുന്നു.

e. **ചോദ്യങ്ങൾ ചോദിക്കുവാനുള്ള നൈപുണി (Questioning Skill):** കൗൺസലർക്ക് ചോദ്യങ്ങൾ ചോദിക്കുവാനുള്ള കഴിവ് ഉണ്ടായിരിക്കണം. അതിലൂടെ പ്രശ്നബാധിതന്റെ പ്രശ്ന മേഖലയുമായി ബന്ധപ്പെട്ട അത്യാവശ്യ വിവരങ്ങൾ പുറത്ത് കൊണ്ടുവരുവാൻ സാധിക്കും. പ്രശ്നബാധിതനെ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന തരത്തിലായിരിക്കണം ചോദ്യങ്ങൾ രൂപകൽപ്പന ചെയ്യേണ്ടത്.

f. **നിരീക്ഷണ നൈപുണി (Observation Skill):** പ്രശ്നബാധിതന്റെ അവസ്ഥകൾ നന്നായി വിശദീകരിക്കാൻ കഴിയുന്നവിധം അംഗഭാവവും വാചേ്യതര പെരുമാറ്റങ്ങളും നിരീക്ഷിക്കുന്നത് ഇതിൽപ്പെടുന്നു. പ്രശ്നബാധിതൻ വിവരിക്കുന്നതെന്താണെന്നതിനുമപ്പുറം കാണുവാനും യഥാർത്ഥപ്രശ്നമെന്താണെന്ന് മനസ്സിലാക്കുവാനും പ്രശ്നത്തിന്റെ ഏതു മേഖല അഭിസംബോധന ചെയ്യപ്പെടണമെന്ന് തീരുമാനിക്കുന്നതിനും നിരീക്ഷണം കൗൺസലറെ സഹായിക്കുന്നു.

g. **മനസ്സിലാക്കൽ നൈപുണി (Understanding Skill):** പ്രശ്നബാധിതന്റെ വൈകാരികവും-ചിന്താപരവുമായ നിലവാരത്തിൽ അവനെ/അവളെ മനസ്സിലാക്കാൻ കൗൺസലർ ശ്രമിക്കണം. ഈ രണ്ട് തലത്തിലും പ്രശ്നബാധിതനോട് ബന്ധം സ്ഥാപിക്കാൻ കൗൺസലർക്ക് കഴിയണം.

h. **വ്യാഖ്യാനനൈപുണി (Interpretation Skill):** വ്യാഖ്യാനത്തിലൂടെ പെരുമാറ്റം, ചിന്തകൾ, വികാരപ്രകടനങ്ങൾ എന്നിവക്ക് പുതിയ അർത്ഥങ്ങളോ കാരണങ്ങളോ വിശദീകരണങ്ങളോ രൂപപ്പെടുത്തുവാൻ കൗൺസലർക്ക് സാധിക്കുന്നു. മറ്റൊരു വീക്ഷണകോണിൽ നിന്ന് തന്റെ പ്രശ്നത്തെ കാണുവാൻ പ്രശ്നബാധിതനെ ഇത് സഹായിക്കുന്നു.

i. **ശ്രദ്ധാനൈപുണി (Attending Skill):** ഈ നൈപുണിയിലൂടെ, കൗൺസലർ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് സേവന സ്വീകർത്താവിന് ബോധ്യപ്പെടുകയും അതു വഴി അവൻ കൂടുതൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇത് വിശ്വാസ്യതാ രൂപീകരണത്തിന്റെയും ബന്ധങ്ങൾ സൃഷ്ടിക്കുന്നതിന്റെയും പ്രധാന ഭാഗമാണ്.

j. **പ്രതികരണ നൈപുണി (Responding Skill):** സേവന സ്വീകർത്താവ് പറയുന്നതിനോട് ഗുണാത്മകമായ രീതിയിൽ പ്രതികരിക്കാൻ കൗൺസലർക്ക് കഴിയണം. അവൻ/അവൾ ഒരിക്കലും പ്രശ്നബാധിതനെ വിദ്വേഷിയാക്കുകയോ, നിന്ദി

ക്കുകയോ, വാദിക്കുകയോ, പരിഹസിക്കുകയോ, വെല്ലുവിളിക്കുകയോ ചെയ്യരുത്. കൗൺസലിങ്ങ് ചെയ്യപ്പെടുന്ന വ്യക്തിയെ സ്വസ്ഥത ഉള്ളവനാക്കാൻ കൗൺസലർ ശ്രമിക്കണം. അതുവഴി പ്രശ്നബാധിതർ തുറന്ന് സംസാരിക്കും.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. കൗൺസലിങ് നിർവചിക്കുക.
2. വിവിധതരം കൗൺസലിങ് ചുരുക്കി വിശദീകരിക്കുക.
3. കൗൺസലിങ് നൈപുണികൾ കാണിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.

ഒരു കൗൺസലിങ് സെന്റർ സന്ദർശിക്കുകയും അവരുടെ സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക.

7.4 സൈക്കോതെറാപ്പികൾക്ക് ഒരാമുഖം (Introduction to Psychotherapies)

മാനസിക വൈകല്ല്യങ്ങളും മാനസിക അസ്വസ്ഥതകളും ചികിത്സിക്കുന്ന പ്രക്രിയയെ വിവരിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു പൊതുവാക്കാണ് സൈക്കോതെറാപ്പി. വ്യക്തികളുടെ കഴിവുകളും മികച്ച സാമൂഹ്യപൊരുത്തപ്പെടലുകളും വികസിപ്പിക്കുവാനുതകുന്ന വൈകാരിക വളർച്ചയുണ്ടാക്കുന്നതിന് മാനസികചലനാത്മകതാ തത്വങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള ഒരു പ്രക്രിയ എന്ന് അതിനെ നിർവ്വചിക്കാം. പ്രശ്നബാധിതന്റെ പെരുമാറ്റം തൃപ്തികരമായ ദിശയിൽ മെച്ചപ്പെടുത്തുന്നതിനായി പ്രശ്നബാധിതനും ചികിത്സകനും തമ്മിലുള്ള ഒരു ചികിത്സാധിഷ്ഠിത ബന്ധം വികസിപ്പിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ള ചികിത്സാരീതിയാണിത്. ഈ പ്രക്രിയയുടെ കാലയളവിൽ ഒരു പരിശീലനം ലഭിച്ച മാനസിക ചികിത്സകൻ പ്രത്യേക മാനസിക രോഗമോ പിരിമുറുക്കസാധ്യതകൾ ഉള്ളതോ ആയ പ്രശ്നബാധിതനെ അവന്റെ പ്രത്യേകമോ പൊതുവായതോ ആയ പ്രശ്നത്തെ കൈകാര്യം ചെയ്യുവാൻ സഹായിക്കുന്നു. ചികിത്സകന്റെ സമീപനം അനുസരിച്ച് വിപുലമായ സങ്കേതങ്ങളും തന്ത്രങ്ങളും ഉപയോഗിക്കുവാൻ കഴിയും. ചികിത്സാ സമയത്ത് പ്രശ്നബാധിതൻ സ്വയം തന്റെ മാനസികാവസ്ഥ, വികാരങ്ങൾ, ചിന്തകൾ, പെരുമാറ്റങ്ങൾ എന്നിവ തിരിച്ചറിയുകയും ജീവിത വെല്ലുവിളികളോട് എങ്ങനെ മെച്ചപ്പെട്ട നിലയിൽ പ്രതികരിക്കാമെന്നതിൽ ഉൾകാഴ്ച വികസിപ്പിക്കുകയും ചെയ്യുന്നു. സൈക്കോതെറാപ്പിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

i. നിലവിലുള്ള ലക്ഷണങ്ങളെ മാറ്റുകയോ മാറ്റം വരുത്തുകയോ മന്ദീഭവിപ്പിക്കുകയോ ചെയ്യുക.

ii. പെരുമാറ്റത്തിന്റെ അസ്വസ്ഥതാപരമായ രീതികളെ നേരിടുക.

iii. ഗുണാത്മക വ്യക്തിത്വ വികസനം പ്രോത്സാഹിപ്പിക്കുക.

ആത്മസാക്ഷാത്കാരത്തിനും കഴിവുകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് പക്വതയാർന്ന വ്യക്തിത്വം വികസിപ്പിക്കുക, എന്നതാണ് സൈക്കോതെറാപ്പിയുടെ പൊതുവിലുള്ള ലക്ഷ്യം. മനോവിശ്ലേഷണം (Psychoanalytic), ചേഷ്ടാവാദപരം

(Behaviouristic), മാനവികാത്മകം (Humanistic), വ്യക്ത്യന്തരം (Interpersonal) എന്നിങ്ങനെ വിവിധ ചിന്താരീതികളുമായി ബന്ധപ്പെട്ട സൈക്കോതെറാപ്പികൾ നില വിലുണ്ട്. അടിച്ചമർത്തപ്പെട്ട വികാരങ്ങൾ, പ്രേരണകൾ, മുൻ മാനസിക-ലൈംഗിക വികാസഘട്ടങ്ങളിലെ പ്രശ്നങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ് സംഘർഷങ്ങൾ എന്നിവ വെളിപ്പിടുത്തുക എന്ന ലക്ഷ്യത്തോടെ ഫ്രോയ്ഡ് വികസിപ്പിച്ചെടുത്ത മനോവിശ്ലേ ഷണ ചിന്താപദ്ധതിയാണിത്. ആവശ്യമായ പ്രാപ്തികൾ നേടുന്നതിലെ പരാജയവും തെറ്റായ സമരസ മാതൃകയും ആണ് വ്യക്തികളിലെ പൊരുത്തമില്ലായ്മക്ക് കാരണ മെന്ന് ചേഷ്ടാവാദമാതൃക (Behavioural model) വിശ്വസിക്കുന്നു. മനുഷ്യന് അവന്റെ/ അവളുടെ സ്വന്തമായ പെരുമാറ്റമുണ്ടാക്കാൻ സ്വാതന്ത്ര്യമുണ്ടെന്നും പ്രശ്നങ്ങളെ പറ്റി ചിന്തിക്കാൻ കഴിയുമെന്നും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും ഗുണപരമായ നടപ ടികൾ എടുക്കുവാനും കഴിയും എന്ന സങ്കൽപ്പത്തെ അടിസ്ഥാനമാക്കിയുള്ളതാണ് മാനവികാത്മക ചിന്താപദ്ധതി (Humanistic school). തെറ്റായ ആശയവിനിമയം, ഇട പെടലുകൾ, പൊരുത്തക്കേടുള്ള പെരുമാറ്റ രീതികൾ, ബന്ധങ്ങൾ എന്നിവയുടെ പങ്കാണ് വ്യക്ത്യന്തര (Interpersonal) ദർശനത്തിൽ ഊന്നൽ നൽകുന്നത്. മാനശാ സ്ത്രജ്ഞർ, സാമൂഹിക പ്രവർത്തകർ, കൗൺസലർമാർ തുടങ്ങിയ ഔദ്യോഗിക പ്രവർത്തകർ, സാധാരണ ഉപയോഗിക്കുന്ന ചില സൈക്കോതെറപ്പികളെ നമ്മുക്ക് പരിചയപ്പെടാം.

സംജ്ഞാന വ്യവഹാര ചികിത്സ (Cognitive Behaviour Therapy, CBT)

ധാരാളം വ്യത്യസ്തമായ മാനസിക ആരോഗ്യപ്രയാസങ്ങൾ അനുഭവിക്കുന്ന വ്യക്തി കളെ മനസ്സിലാക്കുകയും ചികിത്സിക്കുകയും ചെയ്യുന്നതിനുള്ള ഒരു സമീപനമാണ് അവബോധവ്യവഹാര ചികിത്സ. അത് പ്രശ്നാധിഷ്ഠിതവും ലക്ഷ്യബോധമുള്ളതും ഭാവിലക്ഷ്യം വയ്ക്കുന്നതും സമയബന്ധിതവും അനുഭവസിദ്ധവുമാണ്. മാനസിക വൈകല്യങ്ങളും മനോരോഗവൈകല്യങ്ങളുമുള്ള വ്യക്തികൾ അവബോധശേഷിയിൽ വൈകല്യമുള്ളവരായിരിക്കും. സംജ്ഞാനത്തിലുള്ള ഈ തകരാറുകൾ അവരുടെ ചിന്ത കൾ, വികാരങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെ ബാധിക്കുന്നു. ജീവിതത്തിലെ മാന സിക പ്രയാസങ്ങളെ തിരിച്ചറിയുന്നതിനായി യാഥാർത്ഥ്യദിശാബോധം സൃഷ്ടിക്കു ന്നതിനുവേണ്ടി ഈ തകരാറുകളെ ശരിയാക്കുന്നതിൽ സി.ബി.ടി ശ്രദ്ധ കേന്ദ്രീകരി ക്കുന്നു. മാനസികരോഗാവസ്ഥയിൽ സംജ്ഞാനശേഷി വികലമാവുകയും അതിൽ തകരാറുകൾ സംഭവിക്കുകയും ചെയ്യുന്നു. മാനസിക വിഷമഘട്ടത്തിൽ വ്യക്തികൾ വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. താഴെ പറയുന്ന അടി സ്ഥാനതത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് അവബോധവ്യവഹാര ചികിത്സ.

i. നമ്മുടെ സ്വഭാവത്തിലും, വികാരങ്ങളിലും ഒരു നിയന്ത്രണസ്വാധീനം നമ്മുടെ അവബോധത്തിനുണ്ട്.

ii. നമ്മൾ എങ്ങനെ പ്രവർത്തിക്കുന്നു, പെരുമാറുന്നു എന്നത് നമ്മുടെ ചിന്തകളെയും ഘടനയെയും വികാരങ്ങളെയും വളരെയധികം സ്വാധീനിക്കുന്നു.

ചിന്തകൾ, വികാരങ്ങൾ, പെരുമാറ്റങ്ങൾ എന്നിവ തമ്മിലുള്ള ബന്ധങ്ങളെ അടിസ്ഥാ നമാക്കി പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനും പ്രശ്നബാധിതനും,

ചികിത്സകനും സി.ബി.ടി യിൽ ഒരുമിച്ച് പ്രവർത്തിക്കുന്നു. ചികിത്സ, സഹജമായ രീതിയിൽ തന്നെ ശാക്തീകരണം നൽകുന്ന സ്വഭാവത്തോടുകൂടിയതാണ്. അത് നിത്യജീവിതത്തിനാവശ്യമായ പ്രത്യേക മാനസികവും പ്രായോഗികവുമായ നൈപുണികൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു.

സി.ബി.ടി യിലൂടെ പ്രശ്നബാധിതൻ പ്രത്യേക സാഹചര്യങ്ങളോടുള്ള പ്രശ്നഭരിത വൈകാരിക സ്വഭാവപ്രതികരണങ്ങളുമായി ബന്ധപ്പെട്ട ചിന്തകൾ, മനോഭാവങ്ങൾ, വിശ്വാസങ്ങൾ, സങ്കൽപ്പങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും ചോദ്യംചെയ്യുന്നതിനും മാറ്റുന്നതിനും പഠിക്കുന്നു. വ്യത്യസ്ത നിരീക്ഷണകോണുകളിൽ നിന്നും സാഹചര്യങ്ങളെ വിശകലനം ചെയ്തുകൊണ്ടും ചിന്തകളുടെ അപഭ്രംശം തിരിച്ചറിഞ്ഞുകൊണ്ടും ഇത്തരം വൈകാരിക പ്രശ്നങ്ങളെ കുറയ്ക്കുവാൻ സി.ബി.ടി സഹായിക്കുന്നു.

സി.ബി.ടി യുടെ കാര്യക്ഷമതയ്ക്ക്, പ്രശ്നബാധിതൻ തുറന്ന മനസ്സോടെ തന്റെ ചിന്തകളും, വിശ്വാസങ്ങളും, സ്വഭാവങ്ങളും, തുറന്ന് സംസാരിക്കുകയും, ചികിത്സാസമയത്തും ശേഷവും പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യണം. വിഷാദം, ബൈപോളാർ തുടങ്ങിയ ചിത്തഭ്രമം, പ്രത്യേകതരം ഭീതീരോഗങ്ങൾ (Phobias) ഉൾപ്പെടുന്ന ആകുലതാരോഗങ്ങൾ (Anxiety disorders), ഒ.സി.ഡി (Obsessive Compulsive Disorder), മരുന്നുകളുടെ ദുരുപയോഗം കൊണ്ടുള്ള രോഗം തുടങ്ങിയവയ്ക്ക് സി.ബി.ടി ഫലവത്തായ ചികിത്സയാണ്.

സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രയോഗത്തിൽ, നമ്മൾ സാധാരണയായി താഴ്ന്ന മാനസിക സ്ഥിതിയിലോ ഉത്കണ്ഠാരോഗത്താലോ പ്രയാസപ്പെട്ട് ജീവിക്കുന്ന വ്യക്തികളെ സ്ഥിരമായി കണ്ടുകൊണ്ടിരിക്കുന്നു. ഒരു വ്യക്തിയുടെ പ്രയാസങ്ങൾക്ക് നിദാനമായ ഘടകങ്ങളെ കുറിച്ച് അറിയുന്നതിന് അവലോകന പ്രക്രിയയാണ് നമ്മൾ ഇവിടെ പരിഗണിക്കുന്നത്. സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, പരസ്പരബന്ധ ഘടകങ്ങളോടൊപ്പം വ്യക്തിയുടെ ചിന്ത-പെരുമാറ്റ രീതികളും കണക്കിലെടുക്കണം. സേവന സ്വീകർത്താക്കളുടെ പ്രശ്നം വിലയിരുത്തുന്നതിനും തിരിച്ചറിയുന്നതിനും സാമൂഹ്യ പ്രവർത്തകർ സംജ്ഞാന വ്യവഹാര ചികിത്സ (Cognitive behavioural therapy) ഉപയോഗിക്കുന്നു.

മോട്ടിവേഷണൽ എൻഹാൻസ്മെന്റ് തെറാപ്പി (Motivational Enhancement Therapy, MET)

പ്രചോദന തന്ത്രങ്ങൾ ഉപയോഗിച്ചുക്കൊണ്ട് സേവന സ്വീകർത്താവിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ചിട്ടയായ ഇടപെടൽ സമീപനമാണ് എം.ഇ.ടി.

സേവന സ്വീകർത്താവിനെ നയിക്കുകയോ പരിശീലനം നൽകുകയോ ചെയ്യുന്നതിനു പകരം അവരുടെ സ്വന്തം കഴിവുകളും സാധ്യതകളും സമാഹരിക്കുവാനുള്ള പ്രചോദന തന്ത്രങ്ങൾ ആവിഷ്കരിക്കുന്ന രീതിയാണിത്. വില്ല്യം മില്ലറും സ്റ്റീഫൻ റോൾനിക്കും ചേർന്നാണ് എം.ഇ.ടി വികസിപ്പിച്ചെടുത്തത്.

പ്രചോദന അഭിമുഖവേളകളുടെ ഒരു വകഭേദമാണ് എം.ഇ.ടി.യിൽ ഉപയോഗിക്കുന്നത്. പ്രചോദന അഭിമുഖം (Motivational interviewing) അവ്യക്തചിന്തകളാൽ രൂപപ്പെട്ട പ്രശ്നബാധിതന്റെ പെരുമാറ്റം പുനക്രമീകരിക്കുന്നതിനാണ് ഊന്നൽ നൽകു

ന്നത്. പ്രശ്നബാധിതനെ കൂടുതൽ ഉറപ്പായ മാർഗത്തിലൂടെ നയിക്കുന്നതിന് വേണ്ടി അവന്റെ/അവളുടെ പരിപ്രേക്ഷ്യങ്ങൾക്കും വിശ്വാസങ്ങൾക്കും വ്യക്തത വരുത്തുവാൻ ഇത് സഹായിക്കുന്നു. പരിവർത്തന പ്രക്രിയയുടെ ഓരോ ഘട്ടത്തിലും ഒരു പ്രശ്ന സ്വഭാവത്തെ തിരിച്ചറിയുന്നതിനും അനുഗുണമായ മാറ്റത്തിന് വേണ്ടി പ്രചോദനം മെച്ചപ്പെടുത്തുന്നതിനും ഇത് സേവന സ്വീകർത്താവിനെ സഹായിക്കുന്നു.

അനഭിലഷണീയമായ പെരുമാറ്റത്തിൽ പരിവർത്തനമുണ്ടാക്കാൻ ശ്രമിക്കുന്ന രീതിയിൽ നേരിട്ട് സേവന സ്വീകർത്താവിനെ ലക്ഷ്യംവച്ചാണ് ഈ തെറാപ്പി നൽകപ്പെടുന്നത്. ഈ ചികിത്സ ആത്മനിയന്ത്രണം നേടുന്നതിനും ആശ്വാസപ്രക്രിയ വേഗത്തിലാക്കുവാനും സഹായിക്കുന്നു. ഈ ചികിത്സാരീതി പൊതുവായി മദ്യം, മറ്റു വസ്തുക്കളുടെ ദുരുപയോഗം എന്നിവ അടക്കമുള്ള ആസക്തികളെ ചികിത്സിക്കാൻ ഉപയോഗിക്കുന്നു.

ചുരുക്കത്തിൽ, എം.ഇ.ടി. സേവനസ്വീകർത്താക്കളെ മാറ്റത്തിനായി സ്വയം പ്രചോദിതരാക്കുകയും അവന്റെ/അവളുടെ വ്യക്തിഗത തീരുമാനങ്ങളേയും പദ്ധതികളേയും മാറ്റത്തിനായി ഒരുമിപ്പിക്കുകയും ചെയ്യുന്നു. ആസൂത്രിതവും നിർദേശാധിഷ്ഠിതവുമാണെങ്കിലും ഈ സമീപനം വലിയ അളവിൽ സേവനസ്വീകർത്താവിനെ കേന്ദ്രീകരിച്ചുള്ളതാണ്.

പരമ്പരാഗത മനശാസ്ത്രപരമായ മാതൃകകൾക്ക് സമാന്തരമായി വികസിപ്പിച്ച മറ്റ് ചില ചികിത്സാസമീപനങ്ങൾ കൂടിയുണ്ട്. ട്രാൻസാക്ഷണൽ അനാലിസിസ് (T.A), ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിങ് (NLP) എന്നിയാണ് അവയിൽ സാധാരണയായിട്ടുള്ളത്.

ട്രാൻസാക്ഷണൽ അനാലിസിസ് (Transactional Analysis) (T.A)

എറിക് ബേൺ



അമേരിക്കൻ മാനസിക വിദഗ്ധനായ ഡോ. എറിക് ബേൺ മുന്നോട്ടുവച്ച ഒരു തന്ത്രമാണ് ടി.എ. ടി.എ, വ്യക്തിയുടെ വ്യക്തിത്വവും പെരുമാറ്റ ഘടനയും പഠിക്കാൻ നമ്മെ സഹായിക്കുന്നു. ഇതിനായി വ്യക്തികൾ തമ്മിലുള്ള ആശയവിനിമയത്തിന്റെയും ഇടപെടലുകളുടെയും ഘടനകൾ വിശകലനം ചെയ്യുവാൻ ഡോ. ബേൺ നിർദേശിക്കു

ന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ട്രാൻസാക്ഷൻ എന്നത് ഒരു പ്രചോദനവും പ്രതികരണവും കൂടിചേർന്നതാണ്. ആശയവിനിമയം നടത്തുമ്പോൾ ആളുകൾ വ്യത്യസ്തമായ മൂന്ന് മാനസിക നിലകളിൽ ആണെന്ന് അദ്ദേഹം നിരീക്ഷിച്ചു. അവ രക്ഷിതാവ്, മുതിർന്ന വ്യക്തി, കുട്ടി എന്നീ അഹംബോധ നിലകളാണ്.

ആശയവിനിമയത്തിൽ നടക്കുന്ന തലോടലുകളെ (Strokes) കുറിച്ചും കളികളെ (Games) കുറിച്ചും അദ്ദേഹം സംസാരിക്കുന്നു. തലോടൽ എന്നത് ഇടപെടലുകളിൽ സംഭവിക്കുന്ന ശ്രദ്ധയും അതോടൊപ്പമുള്ള പ്രചോദനവും ആണ്. അത് ഗുണാത്മകവും അല്ലെങ്കിൽ ഋണാത്മകവുമാകാം.

ക്ലാസ് പരീക്ഷയിൽ മികച്ച സ്കോറുകൾ നേടിയ കുട്ടിയ്ക്ക് അമ്മാവന്റെ ആശംസകൾ കിട്ടുന്നത് ഗുണാത്മക തലോടലാണ്. കരയുന്ന സമയത്ത് അവഗണിക്കുകയാണെങ്കിൽ കുട്ടിക്ക് ലഭിക്കുന്നത് ഋണാത്മക തലോടലാണ്. ഗൂഢോദ്ദേശ്യത്തോടുകൂടിയുള്ള ഇടപെടലുകളാണ് കളികൾ.

കുട്ടിക്കാലത്തെ മാതൃകാരൂപീകരണം, വിശേഷണങ്ങൾ, അഭിപ്രായങ്ങൾ, മറ്റുള്ളവരുടെ ന്യായവിധികൾ എന്നിവ വ്യക്തികളുടെ സ്വന്തം പ്രതിഛായയിൽ നീണ്ടുനിൽക്കുന്ന സ്വാധീനങ്ങൾ സൃഷ്ടിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ പ്രക്രിയയെ സ്ക്രിപ്റ്റിങ് (Life script) എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. ജീവിത നിലകൾ എന്ന ആശയവും അദ്ദേഹം മുന്നോട്ടുവച്ചു. 'അർഹതയുടേയും', 'തൃപ്തികരത്തിന്റേയും' (Worthiness and Okayness) അടിസ്ഥാനത്തിൽ സ്വയവും മറ്റുള്ളവരെക്കുറിച്ചും നടത്തുന്ന അനുമാനവും വിലയിരുത്തലുമാണിത്.

ട്രാൻസാക്ഷണൽ അനാലിസിസിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ

ടി. എ വ്യക്തിത്വവികസനത്തെക്കുറിച്ചും ആശയവിനിമയ ഘടനയെക്കുറിച്ചും ബന്ധങ്ങളെക്കുറിച്ചും വിശദീകരണം നൽകുന്നു. അമേരിക്കൻ മനോരോഗവിദഗ്ധനായ എറിക് ബേൺ (1910-1970) വികസിപ്പിച്ചെടുത്തതാണ് ട്രാൻസാക്ഷണൽ അനാലിസിസ്. ട്രാൻസാക്ഷണൽ അനാലിസിസ് അനുസരിച്ച് ഒരു വ്യവഹാരമെന്നത് പ്രചോദനവും പ്രതികരണവും കൂടിച്ചേർന്നതാണ്. എറിക് ബേണിനെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തിയുടെ ഒരു പ്രത്യേക സമയത്തുള്ള അനുഭവങ്ങൾ, ചിന്തകൾ, പെരുമാറ്റങ്ങൾ എന്നിവയുടെ ആകെത്തുകയാണ് അഹംബോധം (ഈഗോ). നമുക്കെല്ലാവർക്കും രക്ഷിതാവ്, മുതിർന്ന വ്യക്തി, കുട്ടി എന്നിങ്ങനെ മൂന്ന് അഹംബോധ നിലകളുണ്ട്. ലളിതമായി പറഞ്ഞാൽ ടി.എയിൽ ഒരു പ്രത്യേക വ്യവഹാരത്തിൽ ഒരു വ്യക്തിയിൽ മുന്നിട്ടുനിൽക്കുന്ന അഹംബോധത്തെ നിർണയിക്കുക എന്നതാണ് അർത്ഥമാക്കുന്നത്. വ്യക്തികൾ എങ്ങിനെ പരസ്പരം ബന്ധപ്പെടുന്നുവെന്ന് നന്നായി മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു. അതുവഴി മനുഷ്യബന്ധങ്ങളിൽ മെച്ചപ്പെട്ട ആശയവിനിമയം വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞേക്കും. അഹംബോധ വ്യവഹാരങ്ങളുടെ ക്രമം പരിശോധിക്കുന്നതിന് അഹംബോധ നിലകളുടെ മാതൃക ഉപയോഗിക്കുന്നതിനെയാണ് ട്രാൻസാക്ഷണൽ അനാലിസിസ് എന്ന് പറയുന്നത്.



P = രക്ഷാകർത്തൃ അഹംബോധം, A = മുതിർന്ന വ്യക്തിയുടെ അഹംബോധം, C = കുട്ടിയുടെ അഹംബോധം

ടി.എ.യിലെ വിവിധ ആശയങ്ങൾ

i. തലോടൽ (Strokes)

വ്യക്തികൾക്ക് തലോടലുകൾ ആവശ്യമാണെന്ന് എറിക് ബേൺ നിരീക്ഷിക്കുന്നു. അതായത് ഒരാൾ മറ്റൊരാൾക്ക് നൽകുന്ന അംഗീകാരം, ശ്രദ്ധ, പ്രതികരണം എന്നിവയാണ് തലോടലുകൾ. തലോടലുകൾ ഗുണാത്മകമോ ഋണാത്മകമോ ആകാം. സ്വീകരിക്കുന്ന ആൾ സന്തോഷപൂർവം അനുഭവിക്കുന്ന ഒന്നാണ് ഗുണാത്മക തലോടൽ (Positive stroke). ഋണാത്മക തലോടൽ (Negative stroke) വേദനാജനകമാണ്. സ്ട്രോക്കുകളുടെ സ്വഭാവത്തെ ആശ്രയിച്ച് വ്യവഹാരങ്ങൾ ഗുണാത്മകമോ അല്ലെങ്കിൽ ഋണാത്മകമോ ആയി അനുഭവപ്പെടാം.

ii. കളികൾ (Game play)

ടി.എ.യിൽ ഒരു ഗെയിം എന്നത് കൃത്യമായി നിർവ്വചിക്കപ്പെട്ട പ്രവചിക്കാവുന്ന ഫലത്തിലേക്ക് പുരോഗമിക്കുന്ന ഒരുകൂട്ടം പരസ്പര പൂരകങ്ങളായ രഹസ്യവ്യവഹാരങ്ങളാണ്. ആഗ്രഹിക്കുന്ന ഗുണാത്മക സ്ട്രോക്കുകൾ ലഭിക്കുവാൻ വ്യക്തികൾ ഋണാത്മക അഭിപ്രായങ്ങളും പ്രസ്താവനകളും നടത്തിയേക്കാം. ഉദാഹരണത്തിന്, ഒരാൾ താൻ ഒരു ആകർഷകമായ വ്യക്തിയല്ല എന്നും ആരും തന്നെ നോക്കുന്നില്ല എന്നെല്ലാം പറയുന്നത്, 'ഓ! ഇല്ല, നീ സുന്ദരനാണ്' എന്ന മറുപടി പ്രതീക്ഷിച്ചുകൊണ്ടാകാം. വ്യക്തിക്ക് തന്റെ പ്രതീക്ഷയ്ക്കനുസരിച്ച് പ്രതികരണം ലഭിക്കുന്നുവെങ്കിൽ അത് അവനെ സന്തോഷിപ്പിക്കുന്നു.

iii. ലൈഫ് സ്ക്രിപ്റ്റ് വിശകലനം

നമ്മുടെ കുട്ടിക്കാലത്തെ അനുഭവങ്ങളിൽ നിന്ന് നാം സ്വയം നിർമിക്കുന്ന സ്വന്തം പ്രതിഛായയാണ് സ്ക്രിപ്റ്റ്. സ്ക്രിപ്റ്റ് സന്ദേശങ്ങൾ വരുന്നത് മാതൃകാരൂപീകരണം, വിശേഷണങ്ങൾ, നിർദേശങ്ങൾ മുതലായവയിൽ നിന്നാണ്. ടി.എ.യുടെ ലക്ഷ്യം ലൈഫ് സ്ക്രിപ്റ്റിൽ മാറ്റം ഉണ്ടാക്കുക എന്നതാണ്.

iv. ജീവിത നിലപാടുകൾ

വളരുന്ന പ്രക്രിയയിൽ തങ്ങളെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ആളുകൾ അടിസ്ഥാനപരമായ അനുമാനവും വിലയിരുത്തലുകളും നടത്തുന്നു. ജീവിത നിലപാടുകൾ അഹംബോധ നിലകളേക്കാൾ കൂടുതൽ സ്ഥിരമായിരിക്കും. '*തൃപ്തീകരണത്തിന്റെ*' അളവ് ഉപയോഗിച്ചാണ് ഈ അനുമാനങ്ങൾ വിവരിക്കപ്പെടു

ന്നത്. അങ്ങനെ, ഒരു വ്യക്തി ഒന്നുകിൽ അയാൾക്ക് തൃപ്തികരം (Ok) അല്ലെങ്കിൽ തൃപ്തികരമല്ല (Not Ok) എന്ന് അനുമാനിക്കുകയും അതുപോലെതന്നെ മറ്റു വ്യക്തികളും ഒന്നുകിൽ തൃപ്തികരം (Ok) അല്ലെങ്കിൽ തൃപ്തികരമല്ല (Not Ok) എന്ന് കരുതുകയും ചെയ്യും. ജീവിതനിലവാരങ്ങളുടെ നാല് വ്യത്യസ്ത നിലകൾ കള്ളികളിലായി ചിത്രീകരിച്ചിരിക്കുന്നു. ഞാൻ ശരിയല്ല; നിങ്ങൾ ശരിയല്ല (രണ്ട് വ്യക്തിക്കും മൂല്യം ഇല്ല), ഞാൻ ശരിയല്ല; നിങ്ങൾ ശരിയാണ് (നിങ്ങൾക്ക് മുല്യമുണ്ട് എന്നാൽ എനിക്ക് മുല്യമില്ല), ഞാൻ ശരിയാണ്; നീ ശരിയല്ല (എനിക്ക് മൂല്യമുണ്ട് എന്നാൽ നിങ്ങൾക്ക് മൂല്യമില്ല), ഞാൻ ശരിയാണ്; നീ ശരിയാണ് (നമുക്ക് രണ്ടുപേർക്കും മൂല്യമുണ്ട്).

You are okay with me

I am not okay with me | I am okay with me

I am not OK You are OK	I am OK You are OK
I am not OK You are not OK	I am OK You are not OK

You are not okay with me

സ്വയം നിർണയത്വം ആർജിക്കുക എന്നതാണ് ടി.എ. യുടെ ആത്യന്തിക ലക്ഷ്യം. സ്വയം നിർണയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വയം ഭരിക്കുക, സ്വന്തം വിധി നിർണയിക്കുക, സ്വന്തം പ്രവർത്തികളുടെയും വികാരങ്ങളുടെയും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുക, ജീവിതത്തിൽ അനുചിതമായിട്ടുള്ള മാതൃകകൾ ഉപേക്ഷിക്കുക എന്നിങ്ങനെയാണ്.

ടി.എ യുടെ തത്വചിന്താ അനുമാനം എന്നത് ജനങ്ങൾക്ക് വിനാശകാരികളായതും സഹായകരമല്ലാത്തതും ആയ വികാരങ്ങളും മനോഭാവങ്ങളും പെരുമാറ്റങ്ങളും സ്വയം നിർണയാവകാശത്തിനനുകൂലമായി മാറ്റുവാൻ കഴിയുമെന്നതാണ്.

ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിങ് (Neuro Linguistic Programming, NLP)

മനോരോഗ ചികിത്സയ്ക്കും വ്യക്തിഗത വികസനത്തിനുമായി 1970-ൽ റിച്ചാർഡ് ബാന്റ് ലറും ജോൺ ഗ്രിന്ററും മുന്നോട്ടുവച്ച ഒരു സമീപനമാണ് എൻ. എൽ. പി. നാഡീസംബന്ധമായ പ്രക്രിയ (ന്യൂറോ), ഭാഷകൾ (ലിംഗ്വസ്റ്റിക്), അനുഭവങ്ങളിലൂടെ ആർജിച്ച പെരുമാറ്റരീതികൾ (പ്രോഗ്രാമിങ്) എന്നിവ തമ്മിൽ ബന്ധമുണ്ടെന്ന് അവർ അവകാശപ്പെട്ടു. ബോധപൂർവ്വം മനസ്സിനെ ചിട്ടപ്പെടുത്തുന്നതിലൂടെ ഒരാൾക്ക് അവൻ ആഗ്രഹിക്കുന്ന തലത്തിലേക്കുള്ള പ്രകടനവും ജീവിത ലക്ഷ്യവും നേടാമെന്ന് എൻ. എൽ. പി. വിശ്വസിക്കുന്നു. ഒരാളുടെ ജീവിതത്തിൽ നേരിടേണ്ടിവരുന്ന ഏത് വെല്ലുവിളികൾക്കുമുള്ള ഉത്തരങ്ങൾ അടങ്ങിയ കലവറയാണ് അയാളുടെ അബോധമനസ്സ് എന്നും, എന്നാൽ ഈ ശക്തിയെ പ്രയോഗിക്കാൻ അവൻ മനസ്സിനെ ബോധപൂർവ്വം ചിട്ടപ്പെടുത്തണമെന്നും എൻ.എൽ. പി അവകാശപ്പെടുന്നു. വ്യക്ത്യാന്തര ആശയവിനിമയം (ഭാഷ) ആണ് നല്ല ഫലങ്ങൾ ഉണ്ടാകുവാൻ മനസ്സ് ചിട്ടപ്പെടുത്തുന്നതിനുള്ള ഉപാധി. മത്സരം, കച്ചവടം, വ്യക്തിബന്ധങ്ങൾ തുടങ്ങിയവയിൽ മികച്ച ഫലങ്ങൾ നേടുന്നതിന് വ്യക്തികളെ സഹായിക്കുന്നതിന് എൻ. എൽ. പി. യുടെ ഈ അടിസ്ഥാന അന

ുമാനം ഉപയോഗിക്കുന്നു. പെരുമാറ്റ പരിഷ്കരണത്തിനും സമ്മർദ്ദം കൈകാര്യം ചെയ്യു ന്നതിനും മനശാസ്ത്രപരമായ പ്രശ്നപരിഹാരത്തിനും എൻ. എൽ. പി. ഉപയോഗി ക്കുന്നു. നിരാകരിക്കൽ, ഉള്ളടക്ക പുനർക്രമീകരണം, സ്വയം ഊന്നൽ നൽകൽ, മാതൃകാരൂപീകരണം, വിശ്വാസമാറ്റം, തുടങ്ങിയവപോലുള്ള വിവിധ തന്ത്രങ്ങളും സാങ്കേതികവിദ്യകളും മെച്ചപ്പെട്ട ഫലങ്ങൾ നേടുന്നതിനും കൂടുതൽ ഗുണാത്മക മായ അനുഭവങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും ഉപയോഗിക്കുന്നു.

സംക്ഷിപ്തം

മാർഗോപദേശം വ്യക്തി അവന്റെ/അവളുടെ സാധ്യതകൾ, കഴിവുകൾ, താത്പര്യ ങ്ങൾ എന്നിവ പുറത്തുകൊണ്ടുവരുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും അവരെ പ്രാപ്തരാക്കുന്നു. സാമൂഹിക ആവശ്യങ്ങളോട് മെച്ചപ്പെട്ടരീതിയിൽ ബന്ധം സ്ഥാപി ക്കുവാൻ ഓരോ വ്യക്തിയേയും സജ്ജമാക്കേണ്ടത് അത്യാവശ്യമാണ്. മാർഗോപദേശ ത്തിന്റെ ആവശ്യകത എല്ലായ്പ്പോഴും നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നു. വ്യത്യസ്ത തരത്തിലുള്ള മാർഗോപദേശങ്ങളുണ്ട്. - വിദ്യാഭ്യാസപരം, വ്യക്തിപരം, വൈവാഹികം, ഔദ്യോഗിക ജീവിതം, തൊഴിൽപരം, തുടങ്ങിയവ.

വിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളോടും വിദ്യാഭ്യാസ മാർഗോപദേശം ബന്ധപ്പെട്ടിരി ക്കുന്നു. വ്യക്തിഗത മാർഗോപദേശം വ്യക്തിയുടെ മനശാസ്ത്രപരവും സാമൂഹ്യപ രവുമായ അന്തരീക്ഷത്തിൽ പൊരുത്തപെടുവാൻ സഹായിക്കുന്നു. വൈവാഹിക മാർഗോപദേശത്തെ രണ്ടായി തരംതിരിക്കാം-വിവാഹ പൂർവ്വം, വിവാഹാനന്തരം. വിവാഹപൂർവ്വ മാർഗോപദേശം വിവാഹത്തിന് തയ്യാറാകാൻ വ്യക്തിയെ സഹായി ക്കുന്നു. വിവാഹാനന്തര മാർഗോപദേശം ദമ്പതികളെ സംഘർഷങ്ങൾ തിരിച്ചറിയാനും പരിഹരിക്കാനും അവരുടെ ബന്ധം മെച്ചപ്പെടുത്തുവാനും സഹായിക്കുന്നു. തൊഴിൽ മാർഗോപദേശങ്ങൾ ഒരു ഉചിതമായ ജോലി തിരഞ്ഞെടുക്കുന്നതിനും തയ്യാറാക്കു ന്നതിനും ഒരു സേവന സ്വീകർത്താവിനെ സഹായിക്കുന്നു. ഔദ്യോഗിക ജീവിത മാർഗോപദേശമെന്നത് ഒരു തൊഴിൽ തിരഞ്ഞെടുക്കുന്നതിനും അതിൽ പ്രവേശിക്കു ന്നതിനും മുന്നോട്ടുപോകുന്നതിനുമുള്ള ഒരു പ്രക്രിയയാണ്. ഔദ്യോഗിക ജീവിത മാർഗോപദേശങ്ങൾക്ക് വ്യത്യസ്ത രീതികളുണ്ട്.

ഒരു വ്യക്തിയെ അവന്റെ/അവളുടെ ഉദ്യോഗം ആസൂത്രണം ചെയ്യുന്നതിന് സഹായി ക്കുന്നത് ഔദ്യോഗിക ജീവിത മാർഗോപദേശത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ്. വ്യക്തിയുടെ ശേഷിയും കഴിവും മനസ്സിലാക്കാൻ അഭിരുചി പരിശോധന സഹായി ക്കുന്നു. ഒരു വ്യക്തിയുടെ അനുയോജ്യമായ ഔദ്യോഗിക പഠനവിഷയം വിലയിരു ത്തുന്നതിനായി അഭിരുചി പരീക്ഷയിലെ സ്കോർ ഉപയോഗപ്പെടുത്താം. തൊഴിലു കൾക്കും വിവിധ കോഴ്സുകൾക്കും പ്രവേശനത്തിനുള്ള ഉദ്യോഗാർത്ഥികളെ തിര ഞ്ഞെടുക്കുന്നതിന് പരീക്ഷകൾ നടത്തുന്നു. അതുകൊണ്ടുതന്നെ ഇവയെ ജോലി അടിസ്ഥാനമാക്കിയുള്ളതെന്നും കോഴ്സുകളടിസ്ഥാനമാക്കിയുള്ളതെന്നും തരം തിരിക്കാം.

വ്യക്തിപരമായൊരു സാഹചര്യത്തിൽ സഹായം ആവശ്യമുള്ളൊരു വ്യക്തിക്ക് ഒരു വിദഗ്ധൻ നൽകുന്ന സഹായത്തിന്റെ ശാസ്ത്രീയ പ്രക്രിയയാണ് കൗൺസലിങ്. ഔദ്യോഗിക പരിശീലനം ലഭിച്ച ആളുകൾ നിർവ്വഹിക്കുന്ന ഔദ്യോഗിക ചുമതലയാണ് ഇത്. മൂന്നുതരം കൗൺസലിങ് ഉണ്ട്- നിർദേശകം, നിർദേശേതരം, ഉത്തമാംശം. കൗൺസലർക്ക് ശ്രദ്ധ, പ്രശ്നനിർണയം, ആശയവിനിമയം, നിരീക്ഷണം മുതലായ ഫലപ്രദമായ കഴിവുകൾ ഉണ്ടായിരിക്കണം.

മനശാസ്ത്രപരമായ തകരാറുകളും മാനസിക രോഗങ്ങളും കൈകാര്യം ചെയ്യുന്ന പ്രക്രിയ വിവരിക്കാൻ സൈക്കോതെറാപ്പി ഉപയോഗിക്കുന്നു. കൊഗ്നിറ്റിവ് ബിഹേവിയർ തെറാപ്പി, മോട്ടിവേഷണൽ എൻഹാൻസ്മെന്റ് തെറാപ്പി മുതലായ പല സൈക്കോ തെറാപ്പികളും ഉണ്ട്.

വിലയിരുത്തൽ ചോദ്യങ്ങൾ

1. മാർഗോപദേശത്തെ അതിന്റെ സ്വഭാവ സവിശേഷതകളോട് കൂടി നിങ്ങളുടെ വാക്കുകളിൽ നിർവചിക്കുക.
2. ഇന്നത്തെ ലോകത്തിൽ മാർഗോപദേശങ്ങളുടെ പ്രാധാന്യം തിരഞ്ഞെടുത്തെഴുതുക.
3. വിദ്യാഭ്യാസ മാർഗോപദേശത്തിന്റെ പ്രാധാന്യം എഴുതുക.
4. 'വ്യക്തിഗത മാർഗോപദേശം വ്യക്തിയുടെ മാനസിക-സാമൂഹിക ചുറ്റുപാടിൽ പൊരുത്തപ്പെടുവാൻ സഹായിക്കുന്നു.'- ഈ പ്രസ്താവനയെ സാധൂകരിക്കുക.
5. തൊഴിൽ മാർഗോപദേശത്തിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുക.
6. തൊഴിലധിഷ്ഠിത മാർഗോപദേശങ്ങളുടെ ഉപാധികൾ എടുത്തെഴുതുക.
7. മാർഗോപദേശത്തിൽ അഭിരുചി പരിശോധനയുടെ പ്രാധാന്യം വിശദീകരിക്കുക.
8. മാർഗോപദേശത്തിന്റെ സവിശേഷതയെക്കുറിച്ചും വിവിധതരം മാർഗോപദേശങ്ങളെക്കുറിച്ചും ഒരു കുറിപ്പ് തയ്യാറാക്കുക.
9. ഫലവത്തായ കൗൺസലിങ്ങിന് ആവശ്യമായ നൈപുണികൾ എഴുതുകയും വിവരിക്കുകയും ചെയ്യുക.
10. സൈക്കോതെറാപ്പി, കൗൺസലിങ് എന്നീ ആശയങ്ങളുടെ വ്യത്യസ്തതകൾ എഴുതുക.
11. വിവിധ ചികിത്സാ സമീപനങ്ങൾ എഴുതുക.
12. ടി. എ. വികസിപ്പിച്ചെടുത്തത് .... ആണ്.

    a. എറിക് ബേൺ   b. സിഗ്മണ്ട് ഫ്രോയിഡ്

    c. എറിക്സൺ   d. റോജർ
13. 'മോഡലിങ്' എന്ന പദവുമായി ബന്ധപ്പെട്ടു നിൽക്കുന്നത്...................... ആണ്.

a. കൊഗ്നിറ്റിവ് ബിഹേവിയർ തെറാപ്പി

b. ട്രാൻസാക്ഷണൽ അനാലിസിസ്

c. ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിങ്

d. മോട്ടിവേഷണൽ എൻഹാൻസ്മെന്റ് തെറാപ്പി

W2Y5R6

8

കുടുംബജീവിത വിദ്യാഭ്യാസം

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്:

- കുടുംബ ജീവിത വിദ്യാഭ്യാസത്തിന്റെ ആവശ്യവും ലക്ഷ്യവും, കുടുംബ ജീവിത ചക്രം, ഉത്തരവാദിത്വ രക്ഷാകർതൃത്വം എന്നിവ വിശകലനം ചെയ്യുന്നു.
- ലൈംഗിക വിദ്യാഭ്യാസത്തിന്റെ ആവശ്യവും ലക്ഷ്യവും വിവരിക്കുന്നു.
- വിവിധ ലൈംഗിക വികാസ ഘട്ടങ്ങൾ ബോധ്യപ്പെടുകയും കൗമാര കാലഘട്ടത്തിലെ ശാരീരികവും മാനസികവും സാമൂഹികവുമായ മാറ്റങ്ങൾ തിരിച്ചറിയുകയും ചെയ്യുന്നു.
- ലൈംഗികമായി പകരുന്ന രോഗങ്ങളും ലൈംഗിക വ്യതിയാനങ്ങളും തിരിച്ചറിയുന്നു.
- പ്രത്യുൽപാദന-ലൈംഗിക ആരോഗ്യം എന്ന ആശയവും ഘടകങ്ങളും വിലയിരുത്തുന്നു.
- ലിംഗസമത്വവും തുല്യതയും ലിംഗവിവേചനവും അനുബന്ധ വിഷയങ്ങളും പരിശോധിക്കുന്നു.

ഉള്ളടക്കം

8.1 കുടുംബ ജീവിത വിദ്യാഭ്യാസം

കുടുംബ ജീവിത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ

കുടുംബ ജീവിതചക്രത്തിന്റെ ഘട്ടങ്ങൾ

ഉത്തരവാദിത്വ രക്ഷാകർതൃത്വം

8.2 ലൈംഗിക വിദ്യാഭ്യാസം

കൗമാരഘട്ടത്തിലെ ശാരീരികവും മാനസികവും സാമൂഹികവുമായ മാറ്റങ്ങൾ

8.3 ലൈംഗിക വികസനഘട്ടങ്ങൾ-യൗവനാരംഭം, കൗമാരം

8.4 ലൈംഗിക പ്രത്യുൽപാദനം

പുരുഷ പ്രത്യുൽപാദന വ്യവസ്ഥ

സ്ത്രീ പ്രത്യുൽപാദന വ്യവസ്ഥ

8.5 ലൈംഗികമായി പകരുന്ന രോഗങ്ങൾ (STD)

ലൈംഗികമായി പകരുന്ന അണുബാധ (STI)

ഗോണറിയ

പറങ്കിപ്പുണ്ണ് (സിഫിലിസ്)

ക്ലമിഡിയാസിസ്

കാൻക്രോയ്ഡ്

ജനനേന്ദ്രിയ മുഴകൾ

എച്ച്.ഐ.വി/ എയ്ഡ്സ്

8.6 ലൈംഗിക വ്യതിയാനങ്ങൾ

8.7 പ്രത്യുൽപാദനപരവും ലൈംഗികവുമായ ആരോഗ്യം

കുടുംബാസൂത്രണം

കൗമാര ഗർഭധാരണം

ഗർഭഛിദ്രം

സുരക്ഷിത മാതൃത്വം

8.8 ലിംഗ സമത്വവും തുല്യതയും

കുടുംബം ഇല്ലാത്ത ജീവിതം സങ്കൽപ്പിച്ചു നോക്കൂ! നമ്മിൽ മിക്കവരും ഒരു കുടുംബത്തിന്റെ ഭാഗമാണ്.എന്നാൽ മറ്റു ചിലർക്ക് കുടംബമില്ല. കുടുംബത്തെക്കുറിച്ച് നിങ്ങൾ ഇതിനകം തന്നെ പഠിച്ചു കഴിഞ്ഞു. ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം.കുടുംബമില്ലാതെ മനുഷ്യസമൂഹത്തിന് നിലനിൽക്കാനാവില്ല. ഒരു വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ കുടുംബത്തിന് വ്യത്യസ്ത കടമകളും ധർമങ്ങളും ഉണ്ട്. ആദിമ സമൂഹങ്ങളും ദൈനംദിന ജീവിതത്തിന് വലിയ പരിധിവരെ കുടുംബത്തെ ആശ്രയിച്ചിരുന്നു. ഇപ്പോൾ കുടുംബത്തിന്റെ ഘടനയിലും ധർമങ്ങളിലും വളരെയധികം മാറ്റങ്ങൾ സംഭവിച്ചുക്കൊണ്ടിരിക്കുന്നു. ആധുനിക സമൂഹത്തിന്റെ പല പ്രശ്നങ്ങളുടെയും മൂലകാരണം ഛിന്നഭിന്നമായ കുടുംബ ജീവിതമാണ്. സമകാലികലോകത്ത് ഒരു സ്വരചേർച്ചയുള്ള സമൂഹം നിർമിക്കുന്നതിനായി കുടുംബത്തിന്റെ വിവിധ ധർമങ്ങൾ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനായി ലോകവ്യാപകമായി ധാരാളം സംരഭങ്ങളും നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കുടുംബ ജീവിത വിദ്യാഭ്യാസം അത്തരം കുടുംബ ശാക്തീകരണ സംരംഭത്തിന്റെ ഉദാഹരണമാണ്.

8.1 കുടുംബ ജീവിത വിദ്യാഭ്യാസം (Family Life Education)

ഒരു കുടുംബത്തിലെ ചില ധർമങ്ങൾ നിങ്ങൾക്ക് തിരിച്ചറിയാനാകുമോ? ഛിദ്ര കുടുംബത്തിന്റെ ഫലങ്ങൾ എന്തെല്ലാമാണ് ?

• സാമൂഹ്യവൽക്കരണം • സംരക്ഷണം • സുരക്ഷിതത്വം •	• ആത്മഹത്യ • മദ്യാസക്തി • വിവാഹമോചനം • ....

കുടുംബത്തെ കുറിച്ച് ചർച്ച ചെയ്യേണ്ടതും പഠിക്കേണ്ടതുമായ ഗൗരവകരമായ ഘടകങ്ങളുണ്ട്. കുടുംബ ജീവിതത്തിന്റെ വിവിധ വശങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ജനങ്ങൾക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകുന്നത് ഇന്ന് അത്യാവശ്യമാണ്. ഇത് ഉൽപ്പാദനക്ഷമമായ ജീവിതം നയിക്കുവാൻ സഹായിക്കുന്നു. അതിനുപുറമേ മാനസികാരോഗ്യപ്രശ്നങ്ങളും കുടുംബപ്രശ്നങ്ങളും ഉണ്ടാകുന്നത് തടയുന്നതിനും അവരെ സഹായിക്കുന്നു.

താഴെ കൊടുത്തിട്ടുള്ള പ്രതീകങ്ങൾ നോക്കൂ




ഇവ എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത് ?

- ....

ഈ ചിത്രങ്ങൾ വിവാഹത്തിന്റെ പ്രതീകങ്ങളാണ്.

വിവാഹത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, സാധാരണയായി താഴെ പറയുന്ന ചോദ്യങ്ങൾ ഉയർന്നുവരുന്നു. എന്തുകൊണ്ടാണ് ആളുകൾ വിവാഹം കഴിക്കുന്നത്? ആളുകൾ അവരുടെ പങ്കാളികളെ എങ്ങനെ തിരഞ്ഞെടുക്കുന്നു? ഒരു പുരുഷനും സ്ത്രീക്കും വിവാഹം ചെയ്യാൻ സാധാരണ പ്രായം എന്താണ്?

നിങ്ങളുടെ ജീവിതപങ്കാളിയിൽ നിന്ന് നിങ്ങൾ പ്രതീക്ഷിക്കുന്ന ഗുണങ്ങളേവ?

- ....

വിദ്യാഭ്യാസം, ആരോഗ്യം, വ്യക്തിപരമായ ഗുണങ്ങളായ ബുദ്ധി, പരിചരണം, ഗ്രാഹ്യം, ഉത്തരവാദിത്വം, പരസ്പര ബഹുമാനം തുടങ്ങിയവയാണ് അവശ്യ ഘടകങ്ങൾ. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഘടകങ്ങൾ വിവാഹ പങ്കാളിയെ തിരഞ്ഞെടുക്കുന്നതിൽ സ്വാധീനം ചെലുത്തുന്നു.

വിവാഹം ഒരു സ്ഥിരം ബന്ധമായാണ് കണക്കാക്കുന്നത്. അതിനാൽ, യുവാക്കളെ വിവാഹത്തിന് തയ്യാറാക്കാൻ അനുയോജ്യമായ വിദ്യാഭ്യാസ പരിപാടികൾ ആവശ്യമാണ്. വിവാഹങ്ങൾ സാധാരണയായി ഇനി പറയുന്ന രീതിയിൽ തരംതിരിച്ചിരിക്കുന്നു: ആലോചിച്ചുറപ്പിച്ച വിവാഹം, പങ്കാളികൾ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്നത് അല്ലെങ്കിൽ പ്രണയവിവാഹം. ഇന്ത്യയിൽ വിവാഹത്തിന് ഏറ്റവും കുറഞ്ഞ പ്രായം, ആൺകുട്ടികൾക്ക് ഇരുപത്തിഒന്നും പെൺകുട്ടികൾക്ക് പതിനെട്ടും ആണ്. ജനങ്ങൾക്ക് അവർ വിവാഹബന്ധത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് വിദ്യാഭ്യാസം നൽകുന്നത് നല്ലതല്ലേ ?

പങ്കാളികൾക്ക് വിദ്യാഭ്യാസം നൽകേണ്ടുന്ന മേഖലകൾ ഏതെല്ലാമാണ് ?

- ....

വ്യക്തിഗതജീവിതവും കുടുംബജീവിതവും ശക്തിപ്പെടുത്തുന്നതിനുള്ള വിദ്യാഭ്യാസപരിശ്രമമാണ് കുടുംബജീവിത വിദ്യാഭ്യാസം. രക്ഷാകർതൃത്വ ക്ലാസ്സുകൾ, വിവാഹപൂർവ വിദ്യാഭ്യാസം, ലൈംഗിക വിദ്യാഭ്യാസം, കുടുംബ സാമ്പത്തിക ആസൂത്രണം, കുട്ടികളെ വളർത്തൽ, ലൈംഗികവും പ്രത്യുൽപ്പാദനപരവുമായ ആരോഗ്യപരിപാടികൾ, കുടുംബാസൂത്രണം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, ജീവിതനൈപുണി വിദ്യാഭ്യാസം, കുടുംബവിഭവം കൈകാര്യം ചെയ്യൽ എന്നിവയാണ് കുടുംബജീവിതവിദ്യാഭ്യാസപ

രിപാടിയുടെ പ്രധാന മേഖലകൾ. ഈ ഔപചാരിക വിദ്യാഭ്യാസ പരിപാടികൾ താരതമ്യേന അടുത്തിടെ രൂപംകൊണ്ടതാണ്. എന്നിരുന്നാലും, കുടുംബജീവിത വിദ്യാഭ്യാസം ചരിത്രത്തിലുടനീളം അനൗപചാരികമായി നിലനിന്നിരുന്നു.

കുടുംബ ജീവിത വിദ്യാഭ്യാസം ആരോഗ്യകരവും സന്തുഷ്ടവുമായ കുടുംബജീവിതത്തിന് അത്യന്താപേക്ഷിതമാണ്. സമൂഹത്തിന്റെ നിലവിലുള്ള സാമൂഹ്യ-സാംസ്കാരിക സാമ്പത്തിക സാഹചര്യത്തിൽ കുടുംബജീവിതത്തിന്റെ കടമകളും ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുന്നതിന് വ്യക്തിയേയും കുടുംബത്തേയും ഇത് തയ്യാറാക്കുന്നു.

കുടുംബ ജീവിത വിദ്യാഭ്യാസം എന്നത് "കുടുംബജീവിതത്തെ സമ്പുഷ്ടമാക്കുന്നതിനും മറ്റുള്ളവരുമായി ബന്ധപ്പെടുത്തി സ്വയം മനസ്സിലാക്കുന്നതിനും വ്യക്തിയെ സഹായിക്കുന്ന ഒരു വിദ്യാഭ്യാസപരിപാടിയാണ്" (ലെവിൻ, 1975).

കുടുംബ ജീവിത വിദ്യാഭ്യാസം സമഗ്രവും വഴക്കമുള്ളതുമായ മേഖലയാണ്. അറിവിന്റെയും കഴിവിന്റെയും വളർച്ചക്ക് സംഭാവന ചെയ്യുന്ന എന്തിനേയും കുടുംബത്തിന്റെ ശാരീരികവും മാനസികവും വൈകാരികവും സാമ്പത്തികവും ആത്മീയവുമായ പൂർണ വളർച്ചയേയും ക്ഷേമത്തേയും കുടുംബ ജീവിത വിദ്യാഭ്യാസം എന്നതിന്റെ കുടക്കീഴിൽ ഉൾപ്പെടുത്താവുന്നതാണ്. രക്ഷാകർതൃത്വം തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുന്നതും കുടുംബാംഗങ്ങളോടൊപ്പം ജീവിതത്തിന്റെ സമ്പുഷ്ടീകരണവും ഇതിന്റെ ലക്ഷ്യങ്ങളാണ്.

കുടുംബ ജീവിത വിദ്യാഭ്യാസം ഒരു മൂല്യബന്ധിത ആശയമായി കണക്കാക്കുന്നു. കുടുംബ ജീവിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മൂല്യങ്ങളിൽ ഏറിയപങ്കും സമൂഹത്തിലെ സാമൂഹ്യ-സാംസ്കാരിക പശ്ചാതലത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നവയാണ്.

കുടുംബ ജീവിത വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങൾ (Objectives of family life education)

i. കുടുംബ ജീവിതത്തിനായി വ്യക്തികളെ തയ്യാറാക്കുക.

ii. വിവാഹത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക.

iii. വ്യക്തി ജീവിതത്തിന്റെയും കുടുംബ ജീവിതത്തിന്റെയും ഗുണനിലവാരം സമൃദ്ധമാക്കുകയും മെച്ചപ്പെടുത്തകയും ചെയ്യുക.

iv. കുടുംബത്തിന്റെ കടമകളെക്കുറിച്ചും ധർമ്മങ്ങളെക്കുറിച്ചും അറിവ് നൽകുക.

v. ലൈംഗിക വിദ്യാഭ്യാസം നൽകുക.

vi. ഉത്തരവാദിത്വമുള്ള മാതാപിതാക്കളാകാൻ അവരെ സജ്ജമാക്കുക.

vii. കുടുംബ വിഭവങ്ങൾ കൈകാര്യം ചെയ്യുവാൻ അവരെ സഹായിക്കുക.

കുടുംബ ധർമ്മങ്ങൾ നിറവേറ്റുക എന്നത് ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും ഉത്തരവാദിത്തമാണ്. അത്തരം കടമകൾ നിർവ്വഹിക്കുന്നതിൽ രക്ഷാകർത്താക്കൾക്ക് സംഭവിക്കുന്ന പരാജയം ഭാവി തലമുറയിൽ സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിലേക്ക് നയിക്കാം. കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതുണ്ട്. കുട്ടികളടക്കമുള്ള എല്ലാ കുടുംബാംഗങ്ങളും നിർവ്വഹിക്കേണ്ട

ചില കടമകളും ധർമങ്ങളുമുണ്ട്. മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളെക്കുറിച്ച് യുക്തിസഹമായ പ്രതീക്ഷകൾ ഉണ്ടാകാം.

കുട്ടികൾ വളരുന്നതിനനുസരിച്ച് തങ്ങളുടെ യുക്തിരഹിതമായ ആവശ്യങ്ങൾ നിയന്ത്രിക്കാൻ അവർ പഠിക്കും. നന്നായി പ്രവർത്തിക്കുന്ന ഒരു കുടുംബത്തിൽ എല്ലാ അംഗങ്ങളും വീട്ടുജോലികളും ഉത്തരവാദിത്വങ്ങളും പങ്കുവയ്ക്കുന്നു.

കുടുംബ ജീവിത ചക്രത്തിന്റെ ഘട്ടങ്ങൾ (Stages of family life cycle)

ചിത്രം നോക്കി കുടുംബ ജീവിത ചക്രത്തിന്റെ ഘട്ടങ്ങൾ തിരിച്ചറിയുക.



കുടുംബജീവിത ചക്രം കുടുംബങ്ങളുടെ ഘടന, വളർച്ച, വികസനം എന്നിവയുടെ പഠനത്തിന് അടിത്തറ നൽകുന്നു. ഓരോ ഘട്ടത്തിലും ചില വികസനദൗത്യങ്ങൾ നിറവേറ്റണ്ടതുണ്ട്; എന്നാൽ ഈ പ്രവർത്തനങ്ങളിലുള്ള പരാജയം തുടർന്നുള്ള ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കുടുംബ ജീവിത ചക്രത്തിൽ അടിസ്ഥാനപരമായി എട്ടു ഘട്ടങ്ങൾ ഉണ്ട്. ജീവിത ചക്രങ്ങളുടെ ദൈർഘ്യം തീരുമാനിക്കുന്നത് ആദ്യത്തെ കുട്ടിയുടെ പ്രായത്തെ അടിസ്ഥാനമാക്കിയാണ്. കുടുംബ ജീവിത ചക്രത്തിലെ എട്ടുഘട്ടങ്ങൾ ഇവയാണ്.

ഒന്നാം ഘട്ടം : കുടുംബ രൂപീകരണം (ഒരു കുടുംബം ആരംഭിക്കുന്നത്)



ഈ ഘട്ടത്തിൽ, ദമ്പതികൾ അവരുടെ ആശയങ്ങൾ, മൂല്യങ്ങൾ, സംസ്കാരം എന്നിവയുമായി പൊരുത്തപ്പെടുവാൻ പഠിക്കുന്നു. വിവാഹത്തോടെ പങ്കാളികൾ സ്വരചേർച്ചയോടെ ജീവിക്കുവാൻ പഠിക്കുകയും അർത്ഥവത്തായ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു.

രണ്ടാം ഘട്ടം : കുട്ടിയോട് കൂടിയുള്ള കുടുംബങ്ങൾ (ആദ്യ കുട്ടിയോട് കൂടെ)



ആദ്യത്തെ ഗർഭാധാരണത്തോടെ ദമ്പതികൾ ഈ ഘട്ടത്തിൽ പ്രവേശിക്കുന്നു. ആദ്യകുട്ടി ജനിക്കുന്നതോടെ ദമ്പതികളുടെ സ്വകാര്യത, കുടുംബ ബജറ്റ്, ഒഴിവു സമയങ്ങൾ എന്നിവ മാറ്റങ്ങൾക്ക് വിധേയമാകുന്നു. കൃത്യമായ ശിശു പരിപാലനം ഈ ഘട്ടത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ശ്രദ്ധ വഴിമാറുകയോ കുട്ടിയുടെയും പങ്കാളിയുടെയുമിടയിൽ വീതിക്കപ്പെടുകയോചെയ്യുന്നു.

മൂന്നാം ഘട്ടം : വിദ്യാലയപൂർവ്വ കുട്ടികളുള്ള കുടുംബങ്ങൾ

ഈ ഘട്ടത്തിൽ രക്ഷിതാക്കൾ വിദ്യാലയപൂർവ്വകുട്ടികളുടെ വളർച്ചക്കും വികാസത്തിനും പ്രേരണ നൽകുന്ന നിർ ണായക ആവശ്യങ്ങളും താൽപര്യങ്ങളും ശ്രദ്ധിക്കണം. കുട്ടികളെ വളർത്തൽ, അവരുടെ സാമൂഹികവൽക്കരണം, വിദ്യാഭ്യാസം മുതലായ ഉത്തരവാദിത്തങ്ങൾ ഭർത്താവും ഭാര്യയും പങ്കുവയ്ക്കുന്നു.



നാലാം ഘട്ടം : സ്കൂളിൽ പോകുന്ന കുട്ടികളുള്ള കുടുംബങ്ങൾ



സ്കൂളിൽ പോകുന്ന കുട്ടികളുള്ള കുടുംബങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസപരവും വികസനപരവുമായ ആവശ്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളെ അവരുടെ പഠനത്തിൽ സഹായിച്ചുകൊണ്ട് സ്കൂളിന്റെ ആവശ്യങ്ങളും പ്രതീക്ഷകളുമായി സഹകരിക്കുക എന്നതും രക്ഷിതാക്കളിൽ നിന്ന് പ്രതീക്ഷിക്കുന്നു.

അഞ്ചാം ഘട്ടം : കൗമാരപ്രായക്കാരായ കുട്ടികളുള്ള കുടുംബം

കൗമാരക്കാർക്ക് മാതാപിതാക്കളുടെ സഹായം ആവശ്യമുള്ള പ്രത്യേക പ്രശ്നങ്ങൾ ഉണ്ട്. മാതാപിതാക്കൾക്കും അവരുടെ കുട്ടികൾക്കും ഈ ഘട്ടം വളരെ നിർണായകമാണ്. കൗമാരക്കാർ പ്രായപൂർത്തിയെത്തുമ്പോൾ, സ്വാതന്ത്ര്യവും ഉത്തരവാദിത്വവും തമ്മിലുള്ള സന്തുലിതാവസ്ഥ പാലിക്കാൻ മാതാപിതാക്കൾ അവരെ സഹായിക്കേണ്ടതാണ്. ഭാവിയിൽ അവർക്ക് പ്രയോജനകരമാവുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും മാതാപിതാക്കൾക്ക് അവരെ സഹായിക്കാവുന്നതാണ്.



ആറാം ഘട്ടം: പറക്കമുറ്റിയ കുട്ടികളുള്ള കുടുംബം. (കുട്ടികൾ ജോലി സ്ഥലത്ത്/ഉന്നതവിദ്യാഭ്യാസ കാലയളവ്)

യുവജനങ്ങൾ ജോലിക്ക് പോകുമ്പോഴോ പഠിക്കുമ്പോഴോ അവരുടെ മാതാപിതാക്കൾ ഏകാന്തത അനുഭവിക്കുന്നു, 'ശൂന്യമായ കിളിക്കൂടിന്റെ അവസ്ഥ' (Empty Nest

Syndrome). മുതിർന്ന കുട്ടികൾ തങ്ങളുടെ കുടുംബങ്ങളിൽ നിന്നും അകലെയായിരിക്കുമ്പോഴെല്ലാം അവരും അവരുടെ മാതാപിതാക്കളും തമ്മിൽ തുടർച്ചയായ ബന്ധപ്പെടലുകൾ ഉണ്ടായിരിക്കണം.

ഏഴാം ഘട്ടം: മദ്ധ്യവയസ്ക്കരുടെ കുടുംബങ്ങൾ

ഈ ഘട്ടത്തിൽ, വിരമിക്കലിനുശേഷം/കുട്ടികൾ സ്ഥിരതാമസമായതിനുശേഷം മാതാപിതാക്കൾ ഒരുമിച്ചാകുന്നു. നേരംപോക്കിനായി അവർ ചില വിനോദവൃത്തികൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. വീണ്ടും ഒന്നിച്ചുള്ള ജീവിതവുമായി പൊരുത്തപ്പെട്ട് ജീവിക്കാൻ നിർബന്ധിതരായിത്തീർന്ന ദമ്പതികളുടെ ശ്രമകരമായ സമയമാണ് ഇത്.

എട്ടാം ഘട്ടം: ജീവിത അവസാന ഘട്ടത്തിലെ കുടുംബം



ഈ ഘട്ടത്തിൽ മുതിർന്നവർ ഒരു പുതിയ സാഹചര്യവുമായി പൊരുത്തപ്പെടേണ്ടതുണ്ട്. മുതിർന്ന കുട്ടികൾക്ക് അവരുടെ കുടുംബങ്ങളും കുട്ടികളും ഉണ്ട്. സ്വന്തമായി കുടുംബമുണ്ടെങ്കിൽപ്പോലുംമുതിർന്ന കുട്ടികളിൽ നിന്നും വൈകാരികവും ശാരീരികവും സാമ്പത്തികവുമായ സഹായം മാതാപിതാക്കൾക്കുണ്ടായിരിക്കണം.

ഉത്തരവാദിത്വബോധമുള്ള രക്ഷാകർതൃത്വം (Responsible Parenthood)



മാതാപിതാക്കൾ കുട്ടികളുടെ മാതൃകകളാണ്. ഒരു രക്ഷകർത്താവിന് എങ്ങനെ ഒരു മാതൃകയാകാൻ കഴിയും?

- ....

മാതാപിതാക്കൾ അവരുടെ ചുമതലകളിൽ ഉത്തരവാദിത്വമുള്ളവരായാൽ അവർ ഒരു മാതൃകയായി തീരും.

സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ മാറ്റങ്ങൾ രക്ഷാകർതൃത്വം ഉൾപ്പെടെയുള്ള കുടുംബ ജീവിതത്തെ ബാധിക്കുന്നു. രക്ഷാകർതൃത്വം ഉത്തരവാദിത്വം കൊണ്ടുവരികയും ആ ഉത്തരവാദിത്വം വർഷം കഴിയുന്തോറും വലുതായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഉത്തരവാദിത്തമുള്ള രക്ഷകർത്താവിന് ഇനിപ്പറയുന്നവ ചെയ്യാൻ കഴിയും:

- കുട്ടികൾ പക്വതയിലെത്തുന്നത് വരേയോ സ്വന്തം കാലിൽ നിൽക്കുന്നതിനുള്ള കഴിവ് ഉണ്ടാകും വരേയോ അവരെ പിന്തുണക്കുവാനും വളർത്തുവാനുമുള്ള കഴിവിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം ആസൂത്രണം ചെയ്യുക.
- കുട്ടികൾക്ക് ഒരു മാതൃക വ്യക്തിയായി പ്രവർത്തിക്കുക.
- തങ്ങളുടെ കുട്ടികൾക്ക് ശരിയായ മൂല്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാർഗനിർദേശവും ദിശാബോധവും നൽകുക.

- ചിട്ടയായ ഒരു സാമൂഹ്യക്രമത്തിന്റെ സാക്ഷാത്കാരത്തിന് വേണ്ട സഹായം നൽകുക, തങ്ങളുടെ അവകാശങ്ങളോടും ചുമതലകളോടും കൂടി കുടുംബാംഗങ്ങളെ വളർത്തുക.
- കുടുംബത്തിലെ ഓരോ അംഗത്തിന്റെയും വ്യതിരക്തത ഉറപ്പ് വരുത്തുകയും സ്വതന്ത്രമായി ചിന്തിക്കുവാനും പെരുമാറുവാനുമുള്ള സ്വാതന്ത്ര്യം നൽകുകയുംചെയ്യുക.
- കുട്ടികളെ മൂല്യവും അന്തസുമുള്ള വ്യക്തികളായി കണക്കാക്കുക വഴി തങ്ങൾ ഒരിക്കലും അപമാനിക്കപ്പെടുന്നുവെന്നോ നിന്ദിക്കപ്പെടുന്നുവെന്നോ അവർക്ക് തോന്നാതിരിക്കുക.
- നല്ല കുടുംബ ആശയ വിനിമയത്തിനും വ്യക്ത്യാന്തരബന്ധങ്ങൾക്കും അവസരമുണ്ടാ ക്കുക.
- കുടുംബ വിഭവങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുക

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. കുടുംബ ജീവിത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ എഴുതുക.
2. ഛിന്നഭിന്നമായ കുടുംബത്തിന്റെ 3 ഭവിഷ്യത്തുക്കൾ തിരിച്ചറിയുക.
3. കുടുംബ ജീവിത വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകൾ തിരഞ്ഞെടുത്തെഴുതുക.
4 ഉത്തരവാദിത്വമുള്ള രക്ഷാകർതൃത്വത്തിന്റെ ഉദ്ദേശ്യങ്ങൾ തിരിച്ചറിയുകയും തിരഞ്ഞെടുത്തെഴുതുകയും ചെയ്യുക.



- കാര്യക്ഷമമായ ഒരു കുടുംബവും ഛിന്നഭിന്നമായ ഒരു കുടുംബവും തമ്മിലുള്ള ഒരു താരതമ്യ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുക.
- കുടുംബ ജീവിത വിദ്യാഭ്യാസം നൽകുന്ന ഒരു സ്ഥാപനത്തിലേക്ക് ഒരു സന്ദർശനം നടത്തുകയും അവിടെ നടക്കുന്നപ്രവർത്തനങ്ങളുടെ വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.
- വാർത്താപത്രങ്ങളിൽ നിന്നും ആനുകാലികങ്ങളിൽ നിന്നും രക്ഷാകർതൃത്വ പ്രശ്നങ്ങൾ സംബന്ധിച്ച വിവിധ വാർത്തകൾ ശേഖരിച്ച് ഒരു പഠനം നടത്തി ക്ലാസ് മുറിയിൽ അവതരിപ്പിക്കുക.

8.2 ലൈംഗിക വിദ്യാഭ്യാസം (Sex Education)

നമുക്ക് താഴെ നൽകിയിട്ടുള്ള ചിത്രങ്ങൾ നോക്കാം:



ഈ ചിത്രങ്ങൾ എന്തിനെ പ്രതിനിധാനം ചെയ്യുന്നു?

- ....

ഇത്തരം പീഡനങ്ങളും ബന്ധപ്പെട്ട പ്രശ്നങ്ങളും തടയുവാനുള്ള നിർദ്ദേശങ്ങൾ നൽകുക.

- ബോധവൽക്കരണം
- നിയമനിർമാണം
- ലൈംഗിക വിദ്യാഭ്യാസം
- ....

ലൈംഗിക വിദ്യാഭ്യാസത്തിൽ ലിംഗഭേദം, ലൈംഗികത തുടങ്ങിയവയെ നമ്മൾ വിശകലനം ചെയ്യുന്നു.

എന്താണ് ലൈംഗികത? ലൈംഗികതയെക്കുറിച്ച് കൂടുതലറിയാൻ നമുക്ക് ഒരുചെമ്പരത്തി പുഷ്പം പരിശോധിക്കാം. ഒരു പുഷ്പത്തിന്റെ പ്രധാന ഭാഗങ്ങൾ എന്തെല്ലാമാണ്?

- ....

വിദളങ്ങൾ (Sepals), ദളങ്ങൾ (Petals), അണ്ഡാശയം (Ovary), ബീജകോശങ്ങൾ (Gametes) മുതലായവയാണ് പ്രധാന ഭാഗങ്ങൾ. ഇവയിൽ അണ്ഡാശയവും ബീജ കോശങ്ങളും പ്രത്യുൽപ്പാദനപരമായ ഭാഗങ്ങളാണ്.

അതുപോലെ, എല്ലാ ഉയർന്ന തലത്തിലുള്ള മൃഗങ്ങളിലും ചെടികളിലും വ്യത്യസ്ത ലൈംഗിക/പ്രത്യുൽപ്പാദന ഭാഗങ്ങൾ കാണാം.

ഒരു ജീവിവർഗത്തിലെ അംഗങ്ങളെ പുരുഷനോ സ്ത്രീയോ എന്ന് വിഭജിക്കുന്ന സവിശേഷതകളുടെ ആകെ തുകയാണ് ലിംഗഭേദം. ഒരാളുടെ ജീവിതത്തിൽ ലൈംഗികതക്ക് ജീവശാസ്ത്രപരവും മനശാസ്ത്രപരവുമായ പ്രാധാന്യമുണ്ട്. ലൈംഗികവും ലൈംഗികേതരവുമായ രീതികളിലൂടെയുള്ള പ്രത്യുൽപ്പാദനത്തിലൂടെ ജീവന്റെ നിലനിൽപ്പ് സാധ്യമാകുന്നു. താഴ്ന്ന തലത്തിലുള്ള അമീബ, പാരമീസിയം പോലുള്ള സസ്യങ്ങളും മൃഗങ്ങളും അലൈംഗിക രീതിയിലൂടെയാണ് പ്രത്യുൽപ്പാദനം നടത്തുന്നത്.

മനുഷ്യർ ഉൾപ്പടെയുള്ള ഉയർന്ന വിഭാഗം ജന്തുക്കൾ ലൈംഗികരീതിയിലൂടെയാണ് പ്രത്യുൽപ്പാദനം നടത്തുന്നത്. മനുഷ്യർക്കിടയിൽ ലൈംഗികത ശാരീരികമായ ഇടപെടലുകൾക്കപ്പുറം വികാരങ്ങൾ, ചിന്തകൾ എന്നിവയുടെ ഒരു പ്രകടനമാണ്. നമുക്ക് ലൈംഗികതയെക്കുറിച്ച് പക്വമായ ധാരണയുണ്ടായിരിക്കണം. ഈ വിഷയം ചർച്ചചെയ്യുമ്പോൾ ഒരു വ്യക്തി ഭയപ്പെടേണ്ടതിന്റേയോ ലജ്ജിക്കേണ്ടതിന്റേയോ ആവശ്യമില്ല. ലൈംഗികതയിൽ സഹജമായിതന്നെ തെറ്റായ എന്തോ ഉണ്ട് എന്നത് തെറ്റായ ധാരണയാണ്.

ഒരു വ്യക്തിക്ക് അവന്റെ/അവളുടെ ശരീരത്തെപ്പറ്റി എന്ത് ഗ്രഹിക്കുന്നുവെന്നതും ആ അവബോധത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമാണ് ലൈംഗികത്വം (Sexuality). എല്ലാവർക്കും ലൈംഗികത്വമുണ്ട്. വസ്ത്രധാരണവ്യത്യാസങ്ങൾ, ജോലിയുടെ സ്വഭാവം, സമൂഹത്തിലെ അവന്റെ/അവളുടെ ധർമങ്ങൾ എന്നിവയെ ആധാരമാക്കി ഒരു വ്യക്തിയെ പൗരുഷമാണോ സ്ത്രൈണമാണോ എന്ന് വിവരിക്കുന്നതാണ് ലിംഗഭേദം (Gender). ഓരോ സംസ്കാരമാണ് ഈ സ്വഭാവസവിശേഷതകളെ നിർവചിക്കുന്നത് എന്നതിനാൽ വ്യത്യസ്ത സംസ്കാരങ്ങളിൽ ഇവ വ്യത്യസ്തമായിരിക്കും. ഒരു വ്യക്തി പുരുഷൻ, സ്ത്രീ, ഭിന്നലിംഗം എന്ന് ആ വ്യക്തി കരുതുന്നതാണ് ലിംഗത്വം (Sex) എന്നതുകൊണ്ടുദ്ദേശിക്കുന്നത് (ആ വ്യക്തിയുടെ ജീവശാസ്ത്രപരമായ ലിംഗഭേദം പരിഗണിക്കാതെ തന്നെ).

എന്താണ് ലൈംഗിക വിദ്യാഭ്യാസം?

- ....

ലൈംഗിക വിദ്യാഭ്യാസം എന്നത് മനുഷ്യ ലൈംഗിക ഘടന, ലൈംഗിക പ്രത്യുൽപ്പാദനം, ലൈംഗിക ബന്ധങ്ങൾ, പ്രത്യുൽപ്പാദന ആരോഗ്യം, വൈകാരിക ബന്ധങ്ങൾ, പ്രത്യുൽപ്പാദന അവകാശങ്ങളും ഉത്തരവാദിത്തങ്ങളും, ഒഴിഞ്ഞു നിൽക്കൽ, ജനന നിയന്ത്രണം, മനുഷ്യലൈംഗിക പെരുമാറ്റത്തിന്റെ മറ്റു വശങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസത്തിന്റെ മേഖലയെ കുറിച്ച് വിവരിക്കുന്ന ഒരു വിശാലമായ പദമാണ്. മാതാപിതാക്കൾ, ഡോക്ടർമാർ, സാമൂഹ്യപ്രവർത്തകർ, അധ്യാപകർ, സ്കൂൾ ആരോഗ്യ പരിപാടികൾ, പൊതുജനാരോഗ്യപ്രചാരണ പരിപാടികൾ എന്നിവയിലൂടെ ലൈംഗിക വിദ്യാഭ്യാസം നൽകാം.

ലൈംഗിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ (Objectives of Sex Education)

i. ലൈംഗികതയെക്കുറിച്ച് ശാസ്ത്രീയ അറിവ് നൽകുക.

ii. എതിർലിംഗത്തിൽപ്പെട്ടവരോട് ബഹുമാനത്തോട് കൂടിയുള്ള പരസ്പര ബന്ധം വളർത്തിയെടുക്കുക.

iii. ലൈംഗികതയോട് ഒരു ഗുണകരമായ, ശരിയായ, ആരോഗ്യകരമായ മനോഭാവം വളർത്തിയെടുക്കുക.

iv. വിവിധ ലൈംഗിക വികസന ഘട്ടങ്ങളിലുള്ള ശാരീരികവും മാനസികവും സാമൂഹികവുമായ മാറ്റങ്ങളെക്കുറിച്ചുള്ള അറിവു നൽകുക.

v. ലൈംഗികത അടിസ്ഥാനമാക്കിയുള്ള മാനവികമൂല്യങ്ങളും സാംസ്കാരിക ധാർമികതയും പ്രോത്സാഹിപ്പിക്കുക.

vi. ലൈംഗികതയുമായി ബന്ധപ്പെട്ട യുക്തിരഹിതമായ ഉൽക്കണ്ഠകളും ജിജ്ഞാസകളും നീക്കംചെയ്യുക.

vii. ഭാവിയിൽ ഉത്തരവാദിത്തമുള്ള രക്ഷാകർതൃത്വത്തിനായി ഒരു വ്യക്തിയെ തയ്യാറാക്കുക.

viii. ജീവിതത്തിലുടനീളം ലൈംഗികമായ നിർമലതയുടെയും പരിശുദ്ധിയുടെയും മൂല്യങ്ങൾ നൽകുക.

ix. ഭാവിയിൽ കുടുംബജീവിതത്തിൽ താൽപ്പര്യം വളർത്തുക.

x. ഏക പങ്കാളി ലൈംഗികബന്ധത്തിന്റെ പ്രാധാന്യം പ്രോത്സാഹിപ്പിക്കുക.

xi. ലൈംഗിക വ്യതിയാനങ്ങളും ലൈംഗികമായി പകരുന്ന രോഗങ്ങളും നിയന്ത്രിക്കുക.

8.3 ലൈംഗിക വികസന ഘട്ടങ്ങൾ- യൗവനാരംഭം, കൗമാരം (Sexual Developmental Stages - Puberty, Adolescence)

മനുഷ്യവികാസം എന്നത് ശാരീരികവും പെരുമാറ്റപരവും ബുദ്ധിപരവും വൈകാരികവുമായ വളർച്ചയുടെയും മാറ്റങ്ങളുടെയും ഒരു ആജീവനാന്ത പ്രക്രിയയാണ്. ജീവിതത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ, ബാല്യത്തിൽ നിന്ന് കുട്ടിക്കാലം വരെ, കുട്ടിക്കാലം മുതൽ കൗമാരം വരെ, കൗമാരം മുതൽ പ്രായപൂർത്തിയാകും വരെ വലിയ മാറ്റങ്ങൾ മനുഷ്യരിൽ സംഭവിക്കും.

ലൈംഗികത്വം ഒരു ആജീവനാന്ത പ്രക്രിയയാണ്. ശിശുക്കൾ,കുട്ടികൾ, കൗമാരക്കാർ, മുതിർന്നവർ എന്നിവരെല്ലാം ലൈംഗിക ജീവികളാണ്. ഒരു ശിശുവിന്റ ശാരീരികവും വൈകാരികവും ബുദ്ധിപരവുമായ വളർച്ച പ്രധാനപ്പെട്ടതാണെന്നതുപ്പോലെ കുട്ടിയുടെ ലൈംഗിക വളർച്ചക്ക് അടിത്തറ ഇടുന്നതും പ്രധാനമാണ്. വികസനത്തിന്റെ ഓരോ ഘട്ടവും പ്രത്യേക അടയാളങ്ങൾ ഉൾക്കൊള്ളുന്നു. എന്നിരുന്നാലും ഓരോ കുട്ടിയും വ്യത്യസ്തനായതിനാൽ അവന്റെ/അവളുടെ സമപ്രായക്കാരേക്കാൾ മുമ്പോ ശേഷമോ അവൻ/അവൾ ഈ ഘട്ടങ്ങളിൽ എത്തിച്ചേരാം. ഒരു പ്രത്യേക കുട്ടിയുടെ വികസനം സംബന്ധിച്ച ആശങ്കകൾ ഉണ്ടാകുമ്പോൾ മാതാപിതാക്കൾ അല്ലെങ്കിൽ മറ്റു പരിചാരകർ ഒരു ഡോക്ടറോടോ മറ്റ് ശിശു വികസന വിദഗ്ധനോടോ ആലോചിക്കണം.

ഏതു വികസന ഘട്ടത്തിലാണ് നിങ്ങൾ ഇപ്പോൾ ഉള്ളത്?

- ....

നിങ്ങൾ കൗമാരപ്രായത്തിൽ ഉള്ളവരാണ്. യൗവനാരംഭത്തോടെയാണ് കൗമാരപ്രായം ആരംഭിക്കുന്നത്. മനുഷ്യവികാസ മനശാസ്ത്രജ്ഞർ ഇതിനെ 12 മുതൽ 18 വയസ്സു വരെയുള്ള കാലമായാണ് കരുതുന്നത്. യൗവനാരംഭം മുതൽ പൂർണമായ പ്രത്യുൽപ്പാദന പക്വത നേടി എടുക്കും വരെ അത് നീണ്ട് നിൽക്കുന്നതായും കണക്കാക്കുന്നു. ലോകാരോഗ്യ സംഘടന (ഡബ്ല്യിയു.എച്ച്.ഒ) യുടെ അഭിപ്രായത്തിൽ കൗമാരം 10 മുതൽ 19 വയസ്സുവരെയാണ്. ഈ കാലഘട്ടത്തിലുള്ള വ്യക്തികൾ കൗമാരപ്രായക്കാർ അല്ലെങ്കിൽ 'ടീനേജേർസ്' ('Teenagers') എന്നും വിളിക്കപ്പെടുന്നു.

കുട്ടിക്കാലം മുതൽ പ്രായപൂർത്തിയാകും വരെയുള്ള ശാരീരികവും മാനസികവും സാമൂഹികവുമായ പക്വത ആർജിക്കുന്ന കാലഘട്ടം എന്ന് കൗമാരത്തെ നിർവ്വചിക്കാം. 'വളരുക' എന്ന അർത്ഥം വരുന്ന 'അഡോൾസിയർ' (Adolescere) എന്ന ലത്തീൻ പദത്തിൽ നിന്നാണ് കൗമാരം (Adolescence) എന്ന പദം ഉണ്ടായത്.

യൗവനാരംഭം മുതൽ പ്രായപൂർത്തിയാകും വരെ അല്ലെങ്കിൽ മുതിർന്ന വ്യക്തി ആകുംവരെ സാധാരണയായി ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ പരിവർത്തനഘട്ടമാണ് കൗമാരം. കുട്ടിയുടെ ശരീരം പ്രത്യുൽപ്പാദനശേഷിയുള്ള ഒരു മുതിർന്ന ശരീരമായി മാറുകയും ലൈംഗിക പക്വതയിലേക്ക് നയിക്കുന്ന ചില വികസന മാറ്റങ്ങളാൽ സവിശേഷമായതും വ്യതിരിക്തതയുള്ളതുമായ കാലഘട്ടമാണ് യൗവനാരംഭം (Puberty). യൗവനാരംഭം വ്യക്തിയിൽ നിന്നും വ്യക്തിയിലേക്ക് വ്യത്യസ്ഥമായിരിക്കും. ലൈംഗിക പക്വത എത്തിയതിന്റെ ആദ്യ ബാഹ്യസൂചനയായ യൗവനാരംഭം, സ്ത്രീകളിൽ ആദ്യ ആർത്തവമായും (Menarche) പുരുഷൻമാരിൽ ആദ്യ സ്ഖലനമായും (Spermarche) പ്രകടമാകുന്നു. മസ്തിഷ്കത്തിൽ നിന്നും ലൈംഗികാവയവങ്ങളിലേക്ക് നൽകപ്പെടുന്ന ഹോർമോൺ സൂചനകളാണ് യൗവനാരംഭത്തിന് തുടക്കമിടുന്നത്.

സ്ത്രീകളിൽ പ്രൊജസ്ട്രോൺ, ഈസ്ട്രജൻ എന്നും പുരുഷൻമാരിൽ ടെസ്റ്റോസ്റ്റിറോൺ (ആൻഡ്രോജൻ) എന്നുമറിയപ്പെടുന്ന ലൈംഗിക ഹോർമോണുകളുടെ ഫലമായി യൗവനാരംഭ മാറ്റങ്ങൾ സംഭവിക്കുന്നു. ഈ ഹോർമോൺ മാറ്റങ്ങൾ ആൺ/പെൺ കുട്ടികളിൽ ദ്വിതീയലൈംഗിക സ്വഭാവങ്ങളുടെ വളർച്ചക്ക് ഇടയാക്കുന്നു.

കൗമാരകാലഘട്ടത്തിലെ ശാരീരികവും മാനസികവും സാമൂഹികവുമായ മാറ്റങ്ങൾ (Physical, Mental & Social Changes During Adolescent Period)

നിങ്ങൾ ഇപ്പോൾ കൗമാരഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ഈ കാലയളവിലെ ചില മാറ്റങ്ങൾ പട്ടികപ്പെടുത്തു.

പെൺകുട്ടി	ആൺകുട്ടി
• സ്തനവളർച്ച • ഇടുപ്പെല്ലിന്റെ വളർച്ച • ത്വരിത വളർച്ച-ഉയരവും ഭാരവും വർധിക്കുന്നു • ഋതുമതിയാകൽ (ആദ്യ ആർത്തവം) • ഗുഹ്യരോമം • കക്ഷങ്ങളിലും ശരീരത്തിലും രോമവളർച്ച • മുഖക്കുരു-വിയർപ്പ് ഗ്രന്ഥിയുടെയും (Sweat gland) സ്നേഹ ഗ്രന്ഥിയുടെയും (Oil gland) പ്രവർത്തനം • ഗർഭപാത്രത്തിന്റെയും യോനിയുടെയും വളർച്ച	• വൃഷണങ്ങളുടെയും വൃഷണ സഞ്ചികളുടെയും വളർച്ച • ഗുഹ്യരോമം • മുഖത്തെ രോമങ്ങളുടെ വളർച്ച • ത്വരിത വളർച്ച -ഭാരം, ഉയരം കൂടുന്നു • ശബ്ദം മാറുന്നു • കക്ഷങ്ങളിലും ശരീരത്തിലും രോമവളർച്ച • മുഖക്കുരു-വിയർപ്പ് ഗ്രന്ഥിയുടെയും (Sweat gland) സ്നേഹ ഗ്രന്ഥിയുടെയും (Oil gland) പ്രവർത്തനം

മാനസിക-സാമൂഹിക മാറ്റങ്ങൾ

ശാരീരിക മാറ്റങ്ങൾക്കൊപ്പം വ്യക്തമായ മാനസിക-സാമൂഹിക മാറ്റങ്ങളും സംഭവിക്കുന്നു. ശാരീരിക മാറ്റങ്ങൾ അതിവേഗം സംഭവിക്കുന്നെങ്കിലും, മാനസിക ശാരീരിക മാറ്റങ്ങൾ സ്ഥായിയാവാൻ സമയമെടുക്കും. താഴെ പറയുന്ന മാനസിക-സാമൂഹിക മാറ്റങ്ങൾ കൗമാരകാലഘട്ടത്തിന്റെ സവിശേഷതകളാണ്.

i. സ്വത്വപ്രതിസന്ധി (സ്വത്വം തിരയുക) ശാരീരികരൂപം, വ്യക്തിധർമം, ഭാവി മുതലായവയെക്കുറിച്ചുള്ള ആശങ്ക.
ii. ആശ്രയത്വവും സ്വാതന്ത്ര്യവും തമ്മിലുള്ള സംഘർഷാവസ്ഥ.
iii. ലൈംഗിക ജിജ്ഞാസ.
iv. എതിർലിംഗത്തോടുള്ള ആകർഷണം-ലൈംഗിക മതിഭ്രമവും, പ്രണയവും.
v. കുടുംബത്തിൽ നിന്നുള്ള അകൽച്ചയും പുതിയ ബന്ധങ്ങളുടെ രൂപീകരണവും.
vi. സമപ്രായക്കാരുടെ സമ്മർദവും അതിന്റെ സ്വാധീനവും.
vii. സാഹസിക പെരുമാറ്റം-അപകടകരമായ പെരുമാറ്റം.
viii. പരീക്ഷണങ്ങൾ.
ix. അനുകരിക്കുവാനുള്ള പ്രവണതകൾ.
x. എതിർക്കുന്ന സ്വഭാവം.
xi. സർഗാത്മകതയുടെ പ്രായം.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ലിംഗത്വം, ലൈംഗികത, ലിംഗഭേദം എന്നിവ തമ്മിൽ താരതമ്യം ചെയ്യുക.
2. ലോകാരോഗ്യസംഘടനയുടെ അഭിപ്രായത്തിൽ കൗമാര കാലഘട്ടം...... മുതൽ ....വരെ വർഷങ്ങളാണ്.
3. സ്ത്രീയുടെ ആദ്യത്തെ ആർത്തവത്തെ........ എന്ന് വിളിക്കുന്നു.
4. കൗമാരകാലഘട്ടത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൊതുവായി കാണുന്ന മാറ്റങ്ങൾ കണ്ടെത്തുക.
5. കൗമാരകാലഘട്ടത്തിലെ അഞ്ച് മാനസിക-സമൂഹിക മാറ്റങ്ങൾ എഴുതുക.

8.4 ലൈംഗിക പ്രത്യുൽപ്പാദനം (Sexual Reproduction)

എന്താണ് ലൈംഗിക പ്രത്യുൽപ്പാദനം? അലൈംഗിക പ്രത്യുൽപ്പാദനം എങ്ങനെ ലൈംഗിക പ്രത്യുൽപ്പാദനത്തിൽ നിന്നും വ്യത്യസ്തമായിരിക്കുന്നു?

ഭൂരിഭാഗം ജീവിവിഭാഗങ്ങൾക്കും രണ്ട് തരം ലിംഗത്വമുണ്ട് -പുരുഷനും സ്ത്രീയും. ഒരോ ലിംഗത്തിനും തനതായ പ്രത്യുൽപ്പാദന സംവിധാനമുണ്ട്. ലൈംഗിക പ്രത്യുൽപ്പാദനത്തിനായി സ്ത്രീ-പുരുഷ പ്രത്യുൽപ്പാദന സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്. അവ ആകൃതിയിലും ഘടനയിലും വ്യത്യസ്തമാണ്. പക്ഷെ ഇവ രണ്ടും അണ്ഡമോ ബീജമോ ഉൽപ്പാദിപ്പിക്കാനും പരിപോഷിപ്പിക്കാനും കൈമാറ്റം ചെയ്യുവാനും പ്രത്യേകം രൂപകൽപ്പന ചെയ്യപ്പെട്ടവയാണ്.

പുരുഷ പ്രത്യുൽപാദന വ്യവസ്ഥ

താഴെ കൊടുത്തിട്ടുള്ള ചിത്രം നോക്കി പുരുഷ പ്രത്യുൽപ്പാദന ഭാഗങ്ങൾ തിരിച്ചറിയുക.



ആൺ ജനനേന്ദ്രിയങ്ങളിൽ ഉൾപ്പെടുന്നവ:

- വൃഷണങ്ങൾ (Testicles)
- എപ്പിഡിഡിമിസ്, ബീജവാഹി (Vas deferens) എന്നിവ ചേർന്ന നാളി വ്യൂഹം
- ശുക്ലാശയങ്ങളും (Seminal vesicles) പ്രോസ്റ്റേറ്റ്ഗ്രന്ഥിയും ഉൾപ്പെടുന്ന അനുബന്ധ ഗ്രന്ഥികൾ.
- ശിശ്നം (Penis)

സ്ത്രീ പ്രത്യുൽപാദന വ്യവസ്ഥ (Female Reproductive System)

താഴെ തന്നിട്ടുള്ള ചിത്രം നിരീക്ഷിച്ച് സ്ത്രീ പ്രത്യുൽപ്പാദന വ്യവസ്ഥയുടെ ഭാഗങ്ങൾ തിരിച്ചറിയുക.



സ്ത്രീയുടെ പ്രത്യുൽപാദന അവയവം ഇവയാണ്:

- യോനി (Vagina)
- ഗർഭാശയം (Uterus)
- അണ്ഡവാഹി (Fallopian tube)
- അണ്ഡാശയങ്ങൾ (Ovaries)

കഴുത്ത് എന്നർഥമുള്ള ഗർഭാശയഗളത്തിലാണ് (Cervix) യോനി, ഗർഭാശയവുമായി ബന്ധിച്ചിരിക്കുന്നത്. ഗർഭാശയത്തിന് ശക്തമായ കട്ടിയുള്ള ഭിത്തികളുണ്ട്. ഗർഭാശയഗളത്തിന്റെ തുറന്ന ഭാഗം വളരെ ചെറുതാണ്. പ്രസവം നടക്കുമ്പോൾ കുഞ്ഞിന് കടന്നുപോകുന്നതിനായി ഗർഭാശയഗളത്തിന് വികസിക്കാൻ കഴിയും.

പ്രാഥമികലൈംഗികാവയവങ്ങൾ ഗൊണാഡുകൾ (Gonads) എന്നും അറിയപ്പെടുന്നു. സ്ത്രീകളിലെ ലൈംഗികാവയവങ്ങളെ അണ്ഡാശയങ്ങളെന്നും പുരുഷൻമാരിൽ ഇത് വൃഷണങ്ങൾ (Testis) എന്നും അറിയപ്പെടുന്നു. മനുഷ്യപ്രത്യുൽപ്പാദന പ്രക്രിയയിൽ രണ്ട് തരം ലൈംഗികകോശങ്ങൾ അല്ലെങ്കിൽ ഗാമേറ്റുകൾ ഉൾപ്പെടുന്നു. അണ്ഡം അല്ലെങ്കിൽ മുട്ട (Ovum or egg) എന്നറിയപ്പെടുന്ന പെൺഗാമേറ്റുകളെ അണ്ഡാശയം ഉൽപ്പാദിപ്പിക്കുന്നു. വൃഷണങ്ങൾ പുംബീജം (Sperm) എന്നറിയപ്പെടുന്ന പുരുഷ

ഗാമേറ്റുകളെ ഉൽപ്പാദിപ്പിക്കുന്നു. ലൈംഗിക പ്രത്യുൽപ്പാദനത്തിൽ ബീജസങ്കലനം (Fertilization) ഉൾപ്പെടുന്നു. പുംബീജവും അണ്ഡവും തമ്മിലുള്ള കൂടിച്ചേരലാണ് ബീജസങ്കലനം എന്നറിയപ്പെടുന്നത്. ബീജം അണ്ഡവുമായി സംയോജിച്ച് രൂപപ്പെടുന്നതാണ് സിക്താണ്ഡം (Zygote). സിക്താണ്ഡം ഭ്രൂണമായും (Embryo) ഗർഭസ്ഥശിശുവായും (Foetus) വളരുന്നു.

എങ്ങനെയാണ് ഒരു കുട്ടിയുടെ ലിംഗത്വം നിർണയിക്കുന്നത് ?

- ....

കുട്ടിയുടെ ലിംഗത്വം ഒരു ജോഡി ലൈംഗിക ക്രോമസോമുകളാണ് നിർണയിക്കുന്നത്. മനുഷ്യന്റെ ക്രോമസോമുകളുടെ എണ്ണം 46 ആണ്. ഇതിൽ ഒരു ജോഡി ക്രോമസോമുകൾ കുട്ടികളുടെ ലിംഗത്വം നിർണയിക്കുന്നതിനായി പ്രവർത്തിക്കുന്നു. സ്ത്രീലൈംഗികകോശങ്ങൾ-അണ്ഡം അല്ലെങ്കിൽ മുട്ട - 'X' ക്രോമസോമുകൾ മാത്രം ഉൽപ്പാദിപ്പിക്കുന്നു. അതേ സമയം ആൺലൈംഗികകോശങ്ങൾ X ഉം Y ഉം ക്രോമസോമുകൾ ഉൽപ്പാദിപ്പിക്കുന്നു. ഇതാണ് കുഞ്ഞിന്റെ ലിംഗത്വം നിർണയിക്കുന്നത്. ഇത് പ്രാഥമിക ലിംഗനിർണയം എന്നറിയപ്പെടുന്നു. യൗവനാരംഭം കഴിഞ്ഞാൽ അണ്ഡാശയത്തിൽ നിന്നും മാസത്തിലൊരിക്കൽ സ്ഥിരമായി അണ്ഡം അല്ലെങ്കിൽ മുട്ട പുറത്തുവരാൻ തുടങ്ങുന്നു. ഇതിനെ അണ്ഡോൽസർജനം (Ovulation) എന്ന് വിളിക്കുന്നു. അണ്ഡോൽസർജന സമയത്ത് ഒരു അണ്ഡാശയം ബീജവാഹിനിയിലേക്ക് ഒരു ചെറിയ അണ്ഡത്തെ അയക്കുന്നു. സാധാരണയായി, അണ്ഡോൽസർജന സമയത്ത് ബീജസംയോജനം നടന്ന അണ്ഡത്തെ സ്വീകരിക്കുന്നതിനായി ഗർഭാശയം തയ്യാറായിരിക്കും. അണ്ഡോൽസർജന സമയത്ത് ഗർഭാശയത്തിന്റെ ആന്തരിക വശത്തുള്ള ശ്ലേഷ്മ സ്തരത്തിന് കട്ടികൂടുകയും മാർദ്ദവമേറുകയും രക്തധമനികളാൽ സമ്പുഷ്ടമാവുകയും ചെയ്യുന്നു. അണ്ഡം പുംബീജവുമായി കൂടിച്ചേർന്ന് ബീജസങ്കലനം നടന്നിട്ടില്ലെങ്കിൽ ഗർഭാശയത്തിലെ ശ്ലേഷ്മ സ്തരം രക്തക്കുഴലുകൾ, കലകൾ എന്നിവയോടൊപ്പം പുറംതള്ളപ്പെടുന്നു. ഇതിനെ ആർത്തവം (Menstruation) എന്ന് പറയുന്നു. ഗർഭാശയത്തിന്റെ ആന്തരിക പാളിയിൽ നിന്നുള്ള രക്തവും കലകളും ചേർന്ന് ആർത്തവ പ്രവാഹം ഉണ്ടാകുന്നു. ഇത് മിക്ക പെൺകുട്ടികളിലും 3 മുതൽ 5 ദിവസങ്ങൾ നീണ്ട് നിൽക്കുന്നു. ഒരു പെൺകുട്ടിയുടെ ആദ്യത്തെ ആർത്തവത്തെ 'ഋതുമതിയാവൽ' (Menarche) എന്ന് പറയുന്നു. ക്രമമായ ഒരു ആർത്തവചക്രം രൂപപ്പെട്ടുവരാൻ ഒരു പെൺകുട്ടിയുടെ ശരീരത്തിന് ആർത്തവാരംഭത്തിനുശേഷം 2 വർഷം വരെ എടുക്കാം. ആ സമയത്ത്, ശരീരം ഹോർമോൺ മാറ്റങ്ങളുമായിപ്പൊരുത്തപ്പെടുന്നു. ഒരു മുതിർന്ന സ്ത്രീക്കുള്ള പ്രതിമാസ ആർത്തവചക്രം ശരാശരി 28 ദിവസമാണ് .

സ്ത്രീകളും പെൺകുട്ടികളും ആർത്തവ പൂർവ്വദിനങ്ങളിൽ ചില അസ്വസ്ഥതകൾ അനുഭവിക്കുക പതിവാണ്. ഇതിൽ ശാരീരികവും വൈകാരികവുമായ ലക്ഷണങ്ങൾ, മുഖക്കുരു, ക്ഷീണം, പുറംവേദന, തലവേദന, ക്ഷോഭം, അസ്വസ്ഥത, മോശമായ ഏകാഗ്രത, സമ്മർദം തുടങ്ങിയവ ഉൾപ്പെടുന്നു.ഇത് ആർത്തവ പൂർവ്വലക്ഷണങ്ങൾ (Premenstrual syndrome, PMS) എന്ന് സാധാരണ അറിയപ്പെടുന്നു. ഇത് ആർത്തവാരംഭത്തോടെ അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

ബീജസങ്കലനത്തിനുശേഷം അണ്ഡത്തെ സിക്താണ്ഡം എന്ന് വിളിക്കുന്നു. സിക്താണ്ഡം വിഭജിച്ച് ഭ്രൂണമായി മാറുന്നു. എന്റോമെട്രിയം എന്നറിയപ്പെടുന്ന ഗർഭാശയാന്തര പാളിയിൽ ഭ്രൂണം അള്ളിപിടിച്ചിരിക്കുന്നു. ഹോർമോണുകളായ ഈസ്ട്രജനും പ്രൊജസ്ട്രോണും എന്റോമെട്രിയത്തെ കട്ടിയുള്ളതും രക്ത സമ്പുഷ്ടവുമാക്കുന്നതുവഴി, ഭ്രൂണത്തിന് അതിൽ നിന്ന്പോഷകങ്ങൾ ആഗിരണം ചെയ്യാൻ കഴിയും. ഗർഭാശയത്തിനുള്ളിൽ കാണപ്പെടുന്ന ആമ്നിയോട്ടിക് ദ്രാവകത്തിൽ ഗർഭസ്ഥ ശിശു പൊങ്ങി കിടക്കുന്നു. ഗർഭസ്ഥ ശിശുവിന് മറുപ്പിള്ളയുമായി (Placenta) ബന്ധിപ്പിക്കുന്ന പൊക്കിൾക്കൊടിവഴി (Umbilical cord) മാതാവിന്റെ രക്തത്തിലെ ഓക്സിജനും പോഷകവും ലഭിക്കുന്നു.

ഗർഭകാലം ശരാശരി 280 ദിവസം-9 മാസവും 10 ദിവസവും- വരെ നീളുന്നു. കുഞ്ഞ് ജനനത്തിന് തയ്യാറാകുമ്പോൾ, അതിന്റെ തല ഗർഭാശയഗളത്തിൽ അമർത്തുകയും ഇത് യോനിയിലൂടെ കുഞ്ഞിന് പുറത്തു വരാൻ പാകത്തിൽ അതിനെ വിസ്തൃതമാക്കാനും തുടങ്ങുന്നു.



സാധാരണയായി കുഞ്ഞിന്റെ ശിരസ്സാണ് ആദ്യം വരുക. പൊക്കിൾക്കൊടി കുഞ്ഞിനോടൊപ്പം പുറത്തു വരികയും പ്രസവാനന്തരം അത് മുറിക്കുകയും ചെയ്യും.പ്രസവത്തിനുശേഷം കുഞ്ഞ് ഓക്സിജൻ എടുക്കാനായി കരയുന്നു. ഇത് പുതിയ പരിതസ്ഥിതി യുമായി പൊരുത്തപ്പെടാൻ അത്യന്താപേക്ഷിതമാണ്. നവജാത ശിശുവിന് സാധാരണയായി 2.5 കി. ഗ്രാം മുതൽ 3 കി. ഗ്രാം വരെ തൂക്കം ഉണ്ടായിരിക്കും.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. പുരുഷ-സ്ത്രീ ലൈംഗിക കോശങ്ങളുടെ സംയോഗം .... എന്നാണറിയപ്പെടുന്നത്.
2. Y ക്രോമസോമുള്ള ബീജം സ്ത്രീയുടെ അണ്ഡവുമായി സംയോജിച്ചാൽ കുഞ്ഞിന്റെ ലിംഗം......... ആയിരിക്കും.

8.5 ലൈംഗികമായി പകരുന്നരോഗങ്ങൾ (എസ്.ടി.ഡി)/ ലൈംഗികമായി പകരുന്ന അണുബാധകൾ (എസ്.ടി.ഐ) (Sexually Transmitted Diseases - STD (Sexually Transmitted Infections - STI)

ലൈംഗിക ബന്ധത്തിലൂടെ പകരുന്ന സാംക്രമികരോഗങ്ങളാണ് ലൈംഗികമായി പകരുന്നരോഗങ്ങൾ. ഈ രോഗങ്ങൾ ലൈംഗിക അവയവങ്ങളെ ബാധിക്കുകയും വ്യക്തിയുടെ ആരോഗ്യത്തെ ഗൗരവമായി ബാധിക്കുകയും ചെയ്യാം. ലൈംഗികമായി പകരുന്ന രോഗങ്ങൾ ലൈംഗിക (Veneral) രോഗങ്ങളെന്നും അറിയപ്പെടുന്നു. മിക്ക എസ്.ടി.ഡി. കളും ഭേദമാക്കാൻ എളുപ്പമാണ്. അവ നേരത്തെ തിരിച്ചറിയുകയും ചികിത്സിക്കുകയും ചെയ്താൽ ഗുരുതരമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നില്ല. അവയിൽ

ചിലത് അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് (എച്ച്.ഐ.വി., സിഫിലിസ്) അല്ലെങ്കിൽ രോഗ ബാധയുള്ള രക്തം (എച്ച്.ഐ.വി., ഹെപ്പറ്റൈറ്റിസ് ബി) തുടങ്ങിയ മാർഗങ്ങളിലൂടെ പ്രത്യേകമായി പകരുന്നവയുമാണ്.

താഴെ പറയുന്നവ ചില സാധാരണ എസ്. ടി.ഡി കളാണ്.

ഗോണറിയ (Gonorrhea)

ലക്ഷണങ്ങൾ: അണുബാധയ്ക്ക്ശേഷം 3 മുതൽ 5 ദിവസം വരെയാണ് ലക്ഷണങ്ങൾ പ്രകടമാകുന്നത്. പുരുഷനിൽ ഇത് മൂത്രമൊഴിക്കുമ്പോൾ മഞ്ഞ/പച്ച നിറത്തിലുള്ള സ്രവമൊലിപ്പും വേദനയും ഉണ്ടാക്കുന്നു. സ്ത്രീകൾക്ക് യോനിയിൽ നിന്ന് സ്രവങ്ങൾ വരുന്നു.

പറങ്കിപ്പുണ്ണ് (Syphilis)

ജനനേന്ദ്രിയങ്ങളിലെ ക്രമേണ അപ്രത്യക്ഷമാകുന്ന വേദനയില്ലാത്ത ചെറിയ വ്യണങ്ങൾ. ശരീരമാസകലം ചുവന്ന കുരുക്കൾ ഉണ്ടാകാം. സിഫിലിസിന്റെ അവസാന ഘട്ടം ബുദ്ധിഭ്രമം, തളർവാതം, മരണം എന്നിവയിലേക്ക് നയിക്കാം.

ക്ലമിഡിയാസിസ് (Chlamydiasis)

മൂത്രമൊഴിക്കുന്ന സമയത്ത് നീറ്റലും സ്രവങ്ങൾ പുറത്തേക്ക് വരികയും ചെയ്യുന്നു.

കാൻക്രോയ്ഡ് (Chancroid)

ഈ അണുബാധ ജനനേന്ദ്രിയത്തിലോ അതിന് ചുറ്റുമോ സാധാരണവേദനയോടു കൂടിയ ചെറിയ വ്രണങ്ങൾക്ക് കാരണമാകുന്നു.

ജനനേന്ദ്രിയ മുഴകൾ (Genital warts)

ജനനേന്ദ്രിയങ്ങളിൽ വേദനയുള്ളതും ഇടക്കിടെ അണുബാധയോടു കൂടിയതുമായ വ്രണങ്ങൾ ഉണ്ടാകും.

എച്ച്.ഐ.വി/എയ്ഡ്സ് (HIV/AIDS)

എയ്ഡ്സ് ലോകത്തെ മുഴുവൻ ബാധിക്കുന്ന ഒരു മഹാമാരിയാണ്. അത് സമൂഹത്തിലെ വലിയ വിഭാഗങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ബാധിക്കുന്നു. എച്ച്.ഐ.വി/എയ്ഡ്സ് ബാധിക്കാൻ കൂടുതൽ സാധ്യതയുള്ളവരാണ് യുവാക്കൾ.

എച്ച്.ഐ.വി / എയ്ഡ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ, സേവനങ്ങൾ, സഹായങ്ങൾ, അവരുടെ ലൈംഗിക പ്രത്യുൽപ്പാദന അവകാശങ്ങളെക്കുറിച്ചുള്ള ബോധം എന്നിവ അമ്പരപ്പിക്കും വിധം കുറഞ്ഞതാണ്. അതിലുപരിയായി സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളായ നഗര കുടിയേറ്റം, വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നേരത്തെയുള്ള വിവാഹം, നേരത്തെയുള്ള ഗർഭധാരണം, ലിംഗഭേദം, ജാതി അല്ലെങ്കിൽ വർഗം എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിയുടെ സാമൂഹ്യ നില എന്നിവ യുവാക്കളെ, പ്രത്യേകിച്ച് യുവതികളെ വർദ്ധിച്ച അളവിലുള്ള എച്ച്.ഐ.വി/എസ്.ടി.ഐ. ബാധയ്ക്ക് സാധ്യത സൃഷ്ടിക്കുന്നു.

എയ്ഡ്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്:

ആർജിതമായത് (Acquired): ജനിതക പാരമ്പര്യത്തിലൂടെ ലഭിക്കാതെ മറ്റൊരു ശരീരത്തിൽ നിന്ന് ലഭിക്കുന്നത്.

രോഗ പ്രതിരോധ ശേഷിക്കുറവ് (Immuno Deficiency): ശരീരത്തിന്റെ പ്രധാന പ്രതിരോധ സംവിധാനത്തിന്റെ ബലഹീനതയോ അപര്യാപ്തതയോ.

രോഗാവസ്ഥ (Syndrome): ഒരു രോഗമോ ലക്ഷണമോ അല്ല, മറിച്ച് രോഗങ്ങളോ ലക്ഷണങ്ങളോ ഒരു കൂട്ടമായി കാണപ്പെടുന്നു.

എയ്ഡ്സ് രോഗബാധയ്ക്ക് കാരണമാകുന്ന വൈറസ് ഹ്യൂമൺ ഇമ്മ്യൂണോ ഡെഫിഷ്യൻസി വൈറസ് (Human Immunodeficiency Virus, HIV) അഥവാ എച്ച്. ഐ. വി. എന്നറിയപ്പെടുന്നു.

ഹ്യൂമൺ ഇമ്മ്യൂണോ ഡെഫിഷ്യൻസി വൈറസ് താരതമ്യേന പുതിയ വൈറസാണ്. ഇത് ആഫ്രിക്കൻ പച്ച കുരങ്ങിനെ ബാധിച്ച വൈറസോ അല്ലെങ്കിൽ പരിസ്ഥിതിയിലെ രാസമലിനീകരണത്താൽ മാറ്റം സംഭവിച്ച വൈറസോ അല്ലെങ്കിൽ ഏതെങ്കിലും വികസിത രാജ്യത്തെ പരീക്ഷണത്തിനിടയിൽ അബദ്ധത്തിൽ സംശ്ലേഷണം ചെയ്യപ്പെട്ടതോ ആകാമെന്ന് കരുതപ്പെടുന്നു.

എച്ച്. ഐ.വി. യുടെ പകർച്ച (Transmission of HIV)

രോഗം ബാധിച്ച രക്തം, ബീജം, യോനീസ്രവങ്ങൾ എന്നിവയിലൂടെയാണ് എച്ച്.ഐ.വി. പകരുന്നത്.

പൊതുവായി എച്ച്.ഐ.വി. പകരുന്നരീതികൾ:

1. സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിലൂടെ- എച്ച്.ഐ.വി. പോസിറ്റീവ് ആയ ഒരു വ്യക്തിയുമായുള്ള ലൈംഗിക ബന്ധം എച്ച്. ഐ. വി. പകരുന്ന ഏറ്റവും സാധാരണ രീതിയാണ്.
2. അണുബാധയുള്ള രക്തം വഴി-ഒരു വ്യക്തിക്ക് അണുബാധയുള്ള രക്തമോ രക്ത ഉത്പന്നങ്ങളോ നൽകുകയാണെങ്കിൽ ആ ശരീരത്തിലേക്ക് എച്ച്. ഐ. വി. പ്രവേശിക്കുന്നു. രോഗാണു വിമുക്തമല്ലാത്ത സൂചി, സിറിഞ്ചുകൾ എന്നിവയുടെ ഉപയോഗത്തിലൂടെ.
3. രോഗ ബാധിതയായ അമ്മയിൽ നിന്ന് കുഞ്ഞിലേക്ക്- ഗർഭാവസ്ഥയിലോ പ്രസവത്തിലോ.

എയ്ഡ്സിന്റെ ലക്ഷണങ്ങൾ

- അനിയന്ത്രിതമായ അതിസാരവും പനിയും.
- വിശദീകരണാതീതമായി ശരീരഭാരം കുറയുന്നു.
- പൊതുവായ ബലഹീനത.
- ലിംഫ് നോഡുകൾ വലുതാകുന്നു.
- ത്വക്കിലെ അണുബാധകൾ.
- സാന്ദർഭിക അണുബാധകൾ.

ശരീരത്തിലെ എച്ച്.ഐ.വി. യുടെ വളർച്ച

എച്ച്. ഐ.വി. ബാധ	:	വൈറസ് പ്രവേശിക്കുന്നു
വിൻഡോ പിരീഡ്	:	6 ആഴ്ചകൾ മുതൽ 6 മാസം വരെ; ആന്റിബോഡി പ്രത്യക്ഷപ്പെടുന്നു.
നിശബ്ദ അണുബാധ	:	5-10 വർഷം അല്ലെങ്കിൽ അതിൽ കൂടുതൽ ഒരു ലക്ഷണവുമില്ലാതെ.
എയ്ഡ്സ്	:	നിയന്ത്രിക്കാനാകാത്ത അതിസാരവും പനിയും, പൊതുവായ ദുർബലത, ലിംഫ് നോഡുകൾ വലുതാകുന്നു, ചർമ്മ രോഗങ്ങൾ, സാന്ദർഭിക അണുബാധകൾ

എച്ച്. ഐ.വി. പകരാത്ത വഴികൾ

- പ്രാണികൾ, കൊതുക്, മൂട്ട, തുടങ്ങിയവയുടെ കടിയേറ്റാൽ
- ചുംബനം, ആലിംഗനം, മറ്റ് അടുത്ത ശാരീരിക സമ്പർക്കം
- ഭക്ഷണം/വസ്ത്രങ്ങൾ/ഫർണിച്ചറുകൾ/ടോയ്‌ലറ്റുകൾ പങ്കിടൽ
- ഛർദ്ദി/ചുമ/തുമ്മൽ
- മൂത്രം/മലം
- ഹസ്തദാനം
- ഒരുമിച്ചു കളിക്കുക അല്ലെങ്കിൽ നീന്തുക
- ജോലി ചെയ്യുന്ന ഉപകരണങ്ങളോ യന്ത്രങ്ങളോ പങ്കിടൽ

എച്ച്.ഐ.വി. അണുബാധയുടെ നിർണയം

- വളരെ സംവേദന ക്ഷമതയുള്ളതിനാൽ വളരെ ചെറിയ അളവിൽ എച്ച്.ഐ.വി ആന്റിബോഡി കണ്ടുപിടിക്കുന്നതാണ് എലിസാ (ELISA) ടെസ്റ്റുകൾ. പരിശോധനാഫലം പോസിറ്റീവായാൽ അത് സ്ഥിതീകരിക്കുന്നതിന് താഴെ പറയുന്നതുപ്പോലെയുള്ള ടെസ്റ്റുകൾ നടത്തേണ്ടതുണ്ട്.
- വെസ്റ്റേൺ ബ്ലോട്ട് അസ്സെ: ഏറ്റവും പഴക്കമേറിയതും ഏറ്റവും കൃത്യതയുള്ളതുമായ ആന്റിബോഡി പരിശോധനകളിൽ ഒന്നാണിത്.
- ആന്റിജൻ ടെസ്റ്റ് (പി. 24 ടെസ്റ്റ്)
- പി.സി.ആർ ടെസ്റ്റ് (പോളിമറേസ് ചെയിൻ റിയാക്ഷൻ ടെസ്റ്റ്)

എയ്ഡ്സ് തടയൽ

A – വിവാഹത്തിനു മുമ്പ് ലൈംഗികബന്ധം ഒഴിവാക്കുക. അല്ലെങ്കിൽ വിവാഹം വരെ ലൈംഗിക ബന്ധം ഒഴിവാക്കുക (**A**bstinence).

B – പങ്കാളിയോട് വിശ്വസ്തത പുലർത്തുക (**B**e faithful) .

C – ഗർഭനിരോധന ഉറ ഉപയോഗിക്കുക (**C**ondom use).

D – മയക്കുമരുന്ന് ഉപയോഗിക്കുന്നത് ഒഴിവാക്കുക (Avoid **D**rug).

E – എയ്ഡ്സിനെക്കുറിച്ച് വിദ്യാഭ്യാസം നേടുക (**E**ducation on AIDS).

8.6. ലൈംഗിക വ്യതിയാനങ്ങൾ (Sex Deviations)

താഴെ കൊടുത്തിട്ടുള്ള വാർത്താ ശകലങ്ങൾ വിശകലനം ചെയ്ത് അവ എന്താണ് പറയുന്നതെന്ന് കണ്ടുപിടിക്കുക.

പത്രം/ടി.വി. എന്നിവയിൽ ലൈംഗിക അതിക്രമങ്ങളുമായി ബന്ധപ്പെട്ട് സമാന വാർത്ത നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

അസാധാരണമായ ലൈംഗിക പെരുമാറ്റമാണ് ലൈംഗിക വ്യതിയാനങ്ങൾ എന്ന് അറിയപ്പെടുന്നത്. ഇവ മാനസിക ലൈംഗിക വൈകല്യങ്ങളെന്നും അറിയപ്പെടുന്നു. സമൂഹവും സംസ്കാരവും നിർവ്വചിക്കുന്ന മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടാത്ത ലൈംഗികവൃത്തികൾ വ്യതിയാനങ്ങളാണ്. ഈ ആളുകളെ ചികിത്സിക്കുകയും ശരിയാക്കുകയും വേണം.

അവയിൽ ചിലത് നമുക്ക് ചർച്ച ചെയ്യാം.

a. ട്രാൻസ്‌വെസ്റ്റിസം (Transvestism): എതിർ ലിംഗത്തിന്റെ വസ്ത്രങ്ങൾ ധരിക്കുന്നതിൽ ലഭിക്കുന്ന ലൈംഗിക സംതൃപ്തി.

b. ട്രാൻസ്‌സെക്ഷ്വലിസം (Transexualism): എതിർ ലിംഗത്തിന്റെ വസ്ത്രധാരണവും പെരുമാറ്റവും സ്വീകരിച്ചുകൊണ്ട് ശരീര ലൈംഗികത മറച്ചുവച്ചോ ലൈംഗിക അവയവം ശസ്ത്രക്രിയയിലൂടെ മാറ്റിയോ ലൈംഗിക സ്വഭാവം മാറ്റുന്നു.

d. എക്സിബിഷനിസം (Exhibitionism): ലൈംഗിക ഭാഗങ്ങൾ പുറത്ത് പ്രദർശിപ്പിച്ച് ലൈംഗിക സംതൃപ്തി നേടുന്ന ലൈംഗിക വ്യതിയാനമാണിത്.

d. ഫെറ്റിഷിസം (Fetishism): വസ്ത്രം, ഷൂ, കാലുറകൾ, ലിപ്സ്റ്റിക് തുടങ്ങിയവ പോലുള്ള മനുഷ്യേതര വസ്തുക്കൾ ഉപയോഗിച്ച് ലൈംഗിക സംതൃപ്തി നേടുന്ന വൈകല്യമുള്ള വ്യക്തികളാണ് ഇവർ.

e. പിഡോഫീലിയ (Pedophilia): ഒരു മുതിർന്ന വ്യക്തി അതേ ലിംഗത്തിലോ എതിർ ലിംഗത്തിലോ പെട്ട കുട്ടിയുമായി ലൈംഗിക വൃത്തിയിൽ ഏർപ്പെടുന്ന ലൈംഗിക വ്യതിയാനം.

f. അഗമ്യഗമനം (Incest): രക്തബന്ധം മൂലമോ കുടുംബങ്ങളാലോ അടുപ്പമുള്ള രണ്ട്പേർക്കിടയിലുള്ള ലൈംഗിക ബന്ധമാണിത്.

g. ഫ്രോട്ടുറിസം (Frotteurism): ഇത്തരം വൈകല്യമുള്ള ആളുകൾ അവന്റെ ജനനേന്ദ്രിയങ്ങൾ മറ്റുള്ളവരിൽ ഉരസുന്നു. ഇത്തരം പെരുമാറ്റങ്ങൾ സാധാരണയായി തിരക്കുള്ള സ്ഥലങ്ങളായ ട്രെയിനുകളിലും ബസുകളിലും സംഭവിക്കുന്നു.

h. സെക്ഷ്വൽ സാഡിസം (Sexual sadism): ഒരു വ്യക്തി ലൈംഗിക വൃത്തികളിൽ മറ്റുള്ളവരെ ശാരീരികമായി വേദനിപ്പിക്കുന്നതിൽ നിന്നും സംതൃപ്തിനേടുന്നു.

i. സെക്ഷ്വൽ മസോക്കിസം (Sexual masochism): സ്വയം പീഠനമേറ്റുകൊണ്ട് ലൈംഗികസംതൃപ്തി നേടാൻ ശ്രമിക്കുന്നതാണിത്.

j. വോയറിസം (Voyeurism): ഒരു വ്യക്തി മറ്റുള്ളവരുടെ നഗ്നത, വസ്ത്രം മാറൽ, അല്ലെങ്കിൽ ലൈംഗികവൃത്തി എന്നിവ കാണുകയോ ഒളിഞ്ഞ് നോക്കുകയോ ചെയ്തുകൊണ്ട് ലൈംഗിക സംതൃപ്തി അനുഭവിക്കുന്നു. ഇത് സാധാരണ പുരുഷൻമാരിൽ കാണുന്ന വൈകല്യമാണ്.

k. സ്വവർഗലൈംഗികത (Homosexuality): ഒരേ ലിംഗത്വത്തിൽപ്പെട്ട വ്യക്തികളുമായുള്ള ആകർഷണം. ഉദാഹരണമായി ഗെയിസം (Gayism), ലെസ്ബിയനിസം (Lesbianism).

8.7 പ്രത്യുൽപാദനപരവും ലൈംഗികവുമായ ആരോഗ്യം (Reproductive and Sexual Health)

ഏതൊരു ജീവിവർഗത്തിന്റെയും അതിജീവനത്തിന് പ്രധാനപ്പെട്ടതാണ് ലൈംഗികശേഷിയും പ്രത്യുൽപ്പാദനവും. മനുഷ്യവർഗവും സമൂഹവും പ്രത്യുൽപ്പാദനാരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. ലോകം മുഴുവനും ഈ ഘട്ടം തുല്യ ആനന്ദവും സരക്ഷിതത്വവും ദമ്പതിമാർക്ക് നൽകുന്നുണ്ടോ?

- ....

എല്ലാ ജനങ്ങളും ലൈംഗികവും പ്രത്യുൽപ്പാദനപരവുമായ ആരോഗ്യത്തിന്റെ സാധ്യമായ ഉന്നതതലം നേടുക എന്നതാണ് ലോകാരോഗ്യസംഘടനയുടെ (WHO) കാഴ്ചപ്പാട്. എല്ലാവരും ലൈംഗികവും പ്രത്യുൽപ്പാദനപരവുമായ ആരോഗ്യം ആസ്വദിക്കുന്നത് പ്രോൽസാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു ലോകത്തിനായി അത് പ്രയത്നിക്കുന്നു. കൗമാരക്കാരും സേവനാനുകൂല്യം ലഭിക്കാത്തവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ എല്ലാ സ്ത്രീകൾക്കും പുരുഷൻമാർക്കും ലൈംഗിക പ്രത്യുൽപ്പാദന ആരോഗ്യവിവരങ്ങളും സേവനങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ശാരീരികവും മാനസികവും സാമൂഹികവുമായ ക്ഷേമത്തിന്റെ അവസ്ഥയായി ലോകാരോഗ്യസംഘടന (WHO) പ്രത്യുൽപ്പാദനാരോഗ്യത്തെ നിർവചിച്ചിരിക്കുന്നു. ജനങ്ങൾക്ക് സംതൃപ്തിയേകുന്നതും സുരക്ഷിതവുമായ ലൈംഗിക ജീവിതം നയിക്കാൻ കഴിയുമെന്നുള്ളത് ഇതിൽ അന്തർലീനമാണ്.

ലോകാരോഗ്യസംഘടനയുടെ ആഗോള പ്രത്യുൽപ്പാദന ആരോഗ്യതന്ത്രങ്ങളുടെ അഞ്ച് ഘടകങ്ങൾ:

- ഗർഭാവസ്ഥയിലും പ്രസവകാലഘട്ടത്തിലും പ്രസവാനന്തരവും നവജാതകാല ഘട്ടത്തിലുമുള്ള ശ്രദ്ധ.
- വന്ധ്യത സേവനമുൾപ്പെടെ കുടുംബാസൂത്രണത്തിന് ഉന്നത ഗുണനിലവാരമുള്ള സേവനങ്ങൾ നൽകുക.
- സുരക്ഷിതമല്ലാത്ത ഗർഭച്ഛിദ്രം ഒഴിവാക്കുക.

- എച്ച്.ഐ.വി. അടക്കമുള്ള ലൈംഗികമായി പകരുന്ന അണുബാധകൾ, പ്രത്യുൽപ്പാദന അണുബാധകൾ, ഗർഭാശയ അർബുദം, മറ്റ് ലൈംഗിക പ്രത്യുൽപ്പാദന ആരോഗ്യ രോഗാവസ്ഥകൾ എന്നിവയെ ചെറുക്കുക.
- ലൈംഗികആരോഗ്യം പ്രോൽസാഹിപ്പിക്കുക.

കുടുംബാസൂത്രണം (Family Planning)

ലോകജനസംഖ്യയെക്കുറിച്ച് അടുത്തിടെയുള്ള ജനസംഖ്യാ റിപ്പോർട്ട് നിങ്ങൾ ശ്രദ്ധിച്ചുവോ? ഈ റിപ്പോർട്ട് പ്രകാരം 2050 ഓടെ ജനസംഖ്യയിൽ ഇന്ത്യ ചൈനയെ മറികടക്കുകയും ലോകത്തെ ഏറ്റവുമധികം ജനങ്ങളുള്ള രാജ്യമാവുകയും ചെയ്യും.

എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്?

- ....

ഇന്ത്യയുടെ ജനസംഖ്യ വർധിച്ചതോതിൽ വളരുന്നു. തന്നിട്ടുള്ള പ്രതീകം പരിശോധിക്കൂ.

ഈ പ്രതീകം എന്തിനെ സൂചിപ്പിക്കുന്നു?

- ....

ഇത് കുടുംബാസൂത്രണത്തെ പ്രതിനിധാനം ചെയ്യുന്നു. നമ്മുടെ സമൂഹത്തിൽ കുടുംബാസൂത്രണം അത്യാവശ്യമാണോ?

കുടുംബാസൂത്രണം ജനങ്ങളെ അവരാഗ്രഹിക്കുന്ന എണ്ണം കുട്ടികളെ നേടുന്നതിനും ഗർഭധാരണത്തിന്റെ ഇടവേള തീരുമാനിക്കുന്നതിനും അനുവദിക്കുന്നു. വന്ധ്യതാ ചികിത്സയിലൂടെയും ഗർഭനിരോധനരീതികളിലൂടെയും അത് കൈവരിക്കുന്നു. കുഞ്ഞിന്റെയും കുട്ടികളുടെയും ക്ഷേമത്തിലും ആരോഗ്യത്തിലും ഇതിന് നേരിട്ട് പങ്കുണ്ട്. കുഞ്ഞ് ജനിക്കുന്നതിനെക്കുറിച്ചുള്ള ആസൂത്രണവും, ആവശ്യമെങ്കിൽ ജനന നിയന്ത്രണ മാർഗങ്ങളുടെ ഉപയോഗവുമാണ് കുടുംബാസൂത്രണം. വ്യക്തികളെ അവരുടെ കുട്ടികളുടെ എണ്ണവും ഇടവേളയും സ്വതന്ത്രമായി തീരുമാനിക്കുന്നതിനും ഇതിനായുള്ള ഉപാധികൾ തിരഞ്ഞെടുക്കുന്നതിനും സഹായിക്കുന്നു. വിദ്യാഭ്യാസപരവും ചികിത്സാപരവും സാമൂഹ്യപരവുമായ പ്രവർത്തനങ്ങൾ കുടുംബാസൂത്രണ സേവനങ്ങളിൽ ഉൾപ്പെടുന്നു.

കുടുംബാസൂത്രണത്തിന്റെ നേട്ടങ്ങൾ (Benefits of family planning)

- കുട്ടികൾക്കിടയിലെ ഇടവേള ക്രമീകരണം
- കുടുംബത്തിന്റെ വലുപ്പം കുറയ്ക്കുന്നു
- സ്ത്രീകളിലെ ഗർഭധാരണവുമായി ബന്ധപ്പെട്ട ആരോഗ്യപരമായ അപകടാവസ്ഥ തടയുന്നു.
- ശിശുമരണനിരക്ക് കുറയ്ക്കുന്നു.

- എച്ച്.ഐ.വി./എയ്ഡ്സ് തടയുവാൻ സഹായിക്കുന്നു.
- ജനങ്ങളെ ശാക്തീകരിക്കുകയും വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.
- ജനസംഖ്യാവളർച്ച കുറച്ച് കൊണ്ട് വരുന്നു.
- സന്തുഷ്ടകുടുംബങ്ങൾ ചിട്ടപ്പെടുത്തുന്നു.

ജനന നിയന്ത്രണം (Birth control)

ജനന നിയന്ത്രണം എങ്ങനെ സാധ്യമാക്കാം?

- ....

ബീജസംയോഗം തടയുന്നതിലൂടെ ജനനനിയന്ത്രണം സാധ്യമാണ്. ലൈംഗികബന്ധത്തിൽനിന്ന് ഒഴിഞ്ഞ് നിൽക്കലും വന്ധ്യതാവൽക്കരണവുമാണ് ഗർഭധാരണം തടയുന്നതിന് നൂറ്ശതമാനം വിജയം ഉറപ്പ് വരുത്തുന്ന ഗർഭനിരോധന മാർഗങ്ങൾ.

പുംബീജം അണ്ഡം എന്നിവയുടെ സംയോഗത്തെ തടഞ്ഞുകൊണ്ട് ഗർഭം തടയുന്ന വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ശസ്ത്രക്രിയ ഉപാദികളും ലഭ്യമാണ്. അവയിൽ ചിലത്:

- സ്വാഭാവിക ഗർഭനിരോധനം: (റിഥം രിതി) അണ്ഡോൽപ്പാദനം സാധ്യമായ ദിവസങ്ങളിൽ ലൈംഗിക സമ്പർക്കം ഒഴിവാക്കുക.
- വന്ധ്യംകരണം (Sterilization): ഗർഭധാരണത്തെ തടയാനുള്ള ശസ്ത്രക്രിയ രീതിയാണിത്. ഈ ശസ്ത്രക്രിയ ലളിതവും സുരക്ഷിതവും സർക്കാർ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതുമാണ്. പുരുഷന്മാർക്ക് വാസക്ടമി, സ്ത്രീകൾക്ക് ട്യൂബക്ടമി.
- ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ഗർഭനിരോധനം: ഗർഭനിരോധന ഉറകൾ, ഡയഫ്രം, ഇൻട്രാ യുട്ടേറിയൻ ഡിവൈസ് (IUD).
- രാസവസ്തുക്കൾ കൊണ്ടുള്ള ഗർഭനിരോധനം: ലേപനങ്ങൾ, ജെല്ലുകൾ മുതലായ രൂപത്തിലുള്ള രാസവസ്തുക്കൾ ജനനേന്ദ്രിയങ്ങളിൽ പ്രയോഗിക്കുന്നു.
- ഓറൽ ഗർഭനിരോധന രീതി: അണ്ഡവിക്ഷേപണത്തെ തടയുന്ന ഒരു ഗുളികയാണിത്.

കൗമാര ഗർഭധാരണം (Adolescent Pregnancy)

അവിവാഹിതരായ അമ്മമാരെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? അവിവാഹിതരായ അമ്മമാരിൽ ഭൂരിഭാഗവും കൗമാരപ്രായക്കാരാണ്. കൗമാരപ്രായത്തിലുള്ളവർ ഗർഭിണിയാവുന്നതിൽ എന്തെങ്കിലും കുഴപ്പമുണ്ടോ?

- . . . .

മാതൃ ശിശു മരണം ദാരിദ്ര്യത്തിന്റെയും അനാരോഗ്യത്തിന്റെയും വിഷമവൃത്തം എന്നിവയുടെ പ്രധാന കാരണം കൗമാര ഗർഭധാരണമാണ്. ഗർഭിണിയായ കൗമാരക്കാർ മുതിർന്നവരെ അപേക്ഷിച്ച് സുരക്ഷിതമല്ലാത്ത ഗർഭഛിദ്രത്തിലേർപ്പെടാൻ സാധ്യത കൂടുതലാണ്. സുരക്ഷിതമല്ലാത്ത ഗർഭഛിദ്രങ്ങൾ പരിഗണനീയമായ അളവിൽ നീണ്ടുനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങളിലേക്കും മാതൃ-ശിശു മരണത്തിലേക്കും നയിക്കുന്നു. കൗമാരപ്രായത്തിൽ കുഞ്ഞുണ്ടാകുന്നത് പെൺകുട്ടിയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിന് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. 15 മുതൽ 19 വരെ പ്രായമുള്ള പെൺകുട്ടികളുടെ മരണത്തിന്റെ പ്രധാന കാരണം ഗർഭകാലത്തും പ്രസവസമയത്തും ഉണ്ടാകുന്ന സങ്കീർണതകളാണ്. കൗമാരപ്രായക്കാരായ അമ്മമാരുടെ ശിശുക്കൾക്ക് ഭാരക്കുറവ് ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് അവരുടെ ആരോഗ്യത്തിലും വികസനത്തിലും ദീർഘനാളത്തെ പ്രത്യാഘാതങ്ങളുണ്ടാക്കും.

ഗർഭഛിദ്രം (Abortion)

ഗർഭസ്ഥ ശിശുവിന് സ്വന്തമായി നിലനിൽക്കാൻ കഴിയുന്നതിന് മുമ്പ് ഗർഭാശയത്തിൽ നിന്നും ഗർഭസ്ഥ ശിശുവിനെ നീക്കംചെയ്യുന്നതാണ് ഗർഭഛിദ്രം. ഗർഭാവസ്ഥയുടെ ഏത് ഘട്ടത്തിലും ഗർഭഛിദ്രമുണ്ടാകാം. ഗർഭസ്ഥ ശിശുവിന്റെ രൂപപ്പെടലിലെ അപാകതകൾ, അമ്മയുടെ മോശമായ ആരോഗ്യം, രോഗാണുബാധ, ഉത്കണ്ഠ, വിഷാദം, ചില രാസവസ്തുക്കളുടെ ഉപയോഗം, മദ്യ ഉപയോഗം, ശാരീരിക ആഘാതം, മുതലായവ പൊടുന്നനെയുള്ള ഗർഭഛിദ്രത്തിന് കാരണമാകാം. യന്ത്രങ്ങളോ രാസവസ്തുക്കളോ ശസ്ത്രക്രിയ ഉപാദികളോ ഉപയോഗിച്ചിട്ടുള്ളതാണ് കൃത്രിമ ഗർഭഛിദ്രം. ഇത് അമ്മയുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ ബാധിക്കുന്നു.

MTP ACT

ഇന്ത്യയിൽ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമമാണ് (MTP Act) ഗർഭഛിദ്രവുമായി ബന്ധപ്പെട്ട നടപടികൾ നിയന്ത്രിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നത്. 1971-ൽ ഇന്ത്യൻ പാർലമെന്റ് നിയമപരമല്ലാത്ത ഗർഭഛിദ്രവും പരിണിതഫലമായ മാതൃമരണവും കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ ഈ നിയമം പാസാക്കി. 1972 ഏപ്രിൽ ഒന്നുമുതൽ എം.ടി.പി നിയമം നിലവിൽ വന്നു, 1975-ലും 2002-ലും ഇത് ഭേദഗതി ചെയ്തു. ഈ നിയമം അനുസരിച്ച് 12 ആഴ്ചയിൽ കൂടാത്ത ഗർഭം ഉത്തമ വിശ്വാസത്തിൽ ഒരു ഡോക്ടറുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കി ഒഴിവാക്കാം. 12 ആഴ്ചയെക്കാൾ കൂടുതലും എന്നാൽ 20 ആഴ്ചയിൽ കൂടാത്തതുമായ ഗർഭം ഒഴിവാക്കുന്നതിന് 2 ഡോക്ടർമാരുടെ അഭിപ്രായം ആവശ്യമാണ്. ഗർഭധാരണം അവസാനിപ്പിക്കൽ, ഗർഭഛിദ്രം നടത്തുന്നതിനുള്ള സാഹചര്യം, ഗർഭഛിദ്രം നടത്തുവാൻ യോഗ്യതയുള്ള വ്യക്തികൾ, അത് നടത്തുന്ന സ്ഥലങ്ങൾ എന്നിവയെക്കുറിച്ചും ഈ നിയമം വ്യക്തമായി പറയുന്നു. ഈ നിയമം താഴെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി ഗർഭം ഒഴിവാക്കാൻ അനുവദിക്കുന്നു.

- ഗർഭം മൂലം ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾ.
- ഭിന്നശേഷിയോടെയോ അപാകതകളോടേയോ കുട്ടികൾജനിക്കുവാൻ സാധ്യതയുള്ള സ്ത്രീകൾ.
- ബലാത്സംഗമോ രക്തബന്ധുക്കൾ മൂലമോ ഉണ്ടായ ഗർഭധാരണം.
- പതിനെട്ടു വയസ്സിനു താഴെയുള്ള അവിവാഹിതരായ പെൺകുട്ടികൾക്ക് രക്ഷിതാവിന്റെ അനുമതിയോടുകുടി.
- ചിത്തഭ്രമമുള്ള വ്യക്തിക്ക് രക്ഷിതാവിന്റെ സമ്മതത്തോടെ.
- വന്ധ്യംകരണത്തിന്റെ പരാജയ ഫലമായിട്ടുള്ള ഗർഭധാരണം.

സുരക്ഷിത മാതൃത്വം (Safe Motherhood)

നിങ്ങളുടെ സമുഹത്തിൽ ഗർഭിണികൾക്ക് എത്തരം പ്രത്യേക സംരക്ഷണമാണ് നൽകുന്നത്? അവർക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായിരിക്കുന്നതെന്തുകൊണ്ടാണ്?

The White Ribbon Alliance
For Safe Motherhood

- ....

സുരക്ഷിതമായ മാതൃത്വം ലോകാരോഗ്യ സംഘടന ലോക വ്യാപകമായി പ്രോത്സാഹിപ്പിക്കുന്ന ഒരു സംരംഭമാണ്. ഗർഭകാലത്തും പ്രസവസമയത്തും സ്ത്രീകൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ സംരക്ഷണം ലഭിക്കൽ ഇത് ഉറപ്പാക്കുന്നു. ജനനസമയത്ത് പരിശീലനം ലഭിച്ച വ്യക്തികളുടെ പരിചരണം, ഗർഭ നിരോധന മാർഗങ്ങളുടെ ഉപയോഗം, മാതൃമരണം, രോഗാതുരത എന്നിവ ഉൾപ്പെടുന്നതാണ് മാതൃ ആരോഗ്യത്തിന്റെ സുചകങ്ങൾ. പ്രസവപുർവ്വ പരിചരണം, പ്രസവാനന്തര പരിചരണം, പ്രസവകാല പരിചരണം, പോഷകം നൽകൽ, കുടുംബാസൂത്രണ സേവനങ്ങൾ, തുടങ്ങിയ വിവിധ മാർഗങ്ങൾ സുരക്ഷിതമായ മാതൃത്വം ഉറപ്പുവരുത്തുന്നു.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ഏതെങ്കിലും അഞ്ച് ലൈംഗിക വ്യതിയാനങ്ങൾ എഴുതുക.
2. കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പോസ്റ്റർ തയ്യാറാക്കുക.
3. കൗമാരഗർഭത്താൽ കുട്ടിക്കും അമ്മയ്ക്കുമുണ്ടാകുന്ന അനന്തര ഫലങ്ങൾ വിശകലനം ചെയ്യുക.
4. ജനന നിയന്ത്രണത്തിനും രോഗനിയന്ത്രണത്തിനും ചില ജനന നിയന്ത്രണ രീതികൾ സഹായകമാണ്. ഈ രീതികൾ സൂചിപ്പിക്കുക.

1. ഗർഭചരിത്രത്തെക്കുറിച്ചുള്ള സംവാദം സംഘടിപ്പിക്കുക.
2. നമ്മുടെ സമുഹത്തിൽ നടക്കുന്ന പ്രാദേശിക മാതൃ സംരക്ഷണ പ്രവർത്തികളെക്കുറിച്ച് ഒരു സെമിനാർ തയ്യാറാക്കുക.

8.8 ലിംഗ സമത്വവും തുല്യതയും (Gender Equality and Equity)



അസംഘടിത മേഖലയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യവേതനം ലഭിക്കുന്നുണ്ടോ?

- ....

പല കാരണങ്ങളാൽ ലിംഗ വിവേചനവും ലിംഗ ഭേദ പ്രശ്നങ്ങളും നമ്മുടെ സമൂഹത്തിൽ മുന്നിട്ട് നിൽക്കുന്നു. സ്ത്രീകൾ ഇക്കാലത്ത് കൂടുതൽ ദയനീയാവസ്ഥ നേരിടുന്നു. ചുട്ട മുതൽ ചുടല വരെ സ്ത്രീകൾ ധാരാളം വിവേചനങ്ങൾ നേരിടുന്നു. പെൺഭ്രൂണഹത്യ, ഭക്ഷണവും വിദ്യാഭ്യാസവും നിഷേധിക്കൽ, കുട്ടികളെ വിവാഹം ചെയ്യൽ, മാനഭംഗ ശ്രമം, ബലാൽസംഗം, സ്ത്രീധനം, ഗാർഹികാക്രമം തുടങ്ങിയവ അവരുടെ ജീവതത്തിൽ നേരിടുന്ന സാധാരണ പ്രശ്നങ്ങളാണ്.

ജീവിതചക്രത്തിലുടനീളമുള്ള ലിംഗവിവേചനവും അക്രമങ്ങളും

- പ്രസവ പൂർവ്വഘട്ടം: ലിംഗ നിർണയ ഗർഭധാരണവും ഗർഭഛിദ്രവും
- ശൈശവഘട്ടം: പെൺശിശുഹത്യ, ഭക്ഷണം, വൈദ്യസഹായം എന്നിവയിൽ അസമത്വം.
- കുട്ടിക്കാലം: ലൈംഗിക അവയവങ്ങളെ വികലമാക്കൽ, രക്തബന്ധുക്കളുടെയും മറ്റും ലൈംഗിക ദുരുപയോഗം, ഭക്ഷണത്തിലും വൈദ്യപരിചരണത്തിലും വിദ്യാഭ്യാസത്തിലുമുള്ള അസമത്വം, ബാല വേശ്യാവൃത്തി, ബാല വേല.
- കൗമാരം: തട്ടിക്കൊണ്ടുപോകൽ, ബലാൽസംഗം എന്നിവ ഉൾപ്പെടുന്ന വിവാഹം, സാമ്പത്തികമായി ഭീഷണിപ്പെടുത്തിയുള്ള വിവാഹം, സ്കൂളിലോ വീട്ടിലോ അല്ലെങ്കിൽ ജോലി സ്ഥലത്തോ വഴിയിലോ ഉള്ള ലൈംഗിക ഉപദ്രവം, ലൈംഗിക സ്വയം നിർണയാവകാശം നിഷേധിക്കൽ, നിർബന്ധിത വേശ്യാവൃത്തി.
- പ്രത്യുൽപ്പാദന പ്രായം: പങ്കാളിയിൽ നിന്നും കുടുംബത്തിൽ നിന്നുമുള്ള മാനസികവും ശാരീരികവുമായ പീഡനം, വൈവാഹിക ബലാൽസംഗം, സ്ത്രീധന സംബന്ധമായ കൊലപാതകം, ദുരഭിമാനക്കൊല, നിർബന്ധിത ലൈംഗികവൃത്തി, ലൈംഗിക പീഡനം, ജോലിസ്ഥലത്തുള്ള ദുരുപയോഗം, വൈകല്യമുള്ള സ്ത്രീകളെ ബലാൽസംഗം ചെയ്യൽ, ഭിന്നലൈംഗികതയുള്ളവരെ വേട്ടയാടൽ, യുവ വിധവകളുടെ പീഡനവും ചൂഷണവും.
- വാർദ്ധക്യം: വിധവകളെ ദുരുപയോഗം ചെയ്യൽ, വൃദ്ധകളെ അവഗണിക്കൽ.

കുട്ടികളിൽ ലിംഗഭേദമനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ വികസിപ്പിക്കുന്നതിൽ കുടുംബത്തിന് നിർണായക പങ്കുണ്ട്. രക്ഷാകർത്താക്കളുടെ മനോഭാവം, രക്ഷാകർതൃത്വരീതി, കുട്ടികളെ വളർത്തുന്ന രീതി, തുടങ്ങിയവ ലിംഗ ഉത്തരവാദിത്വം രൂപപ്പെടുത്തുന്നതിനെ സ്വാധീനിക്കുന്നു. അതുകൊണ്ട് ലിംഗ തുല്യതയും സമത്വവും ഉറപ്പു വരുത്തുന്നതിനും ലിംഗവിവേചനം അവസാനിപ്പിക്കുന്നതിനും കുടുംബ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുണ്ട്.

സംക്ഷിപ്തം

വ്യക്തിയേയും കുടുംബത്തേയും ശക്തിപ്പെടുത്തുന്നതിനുള്ള വിദ്യാഭ്യാസപരമായ പരിശ്രമമാണ് കുടുംബജീവിതവിദ്യാഭ്യാസം. രക്ഷാകർതൃത്വക്ലാസുകൾ, വിവാഹപൂർവ്വ വിദ്യാഭ്യാസം, ലൈംഗിക വിദ്യാഭ്യാസം, കുടുംബസാമ്പത്തികാസൂത്രണം, കുട്ടികളെ വളർത്തൽ, ലൈംഗിക പ്രത്യുൽപ്പാദന ആരോഗ്യപരിപാടികൾ, കുടുംബാസൂത്രണം, മൂല്യസേവന വിദ്യാഭ്യാസം, ജീവിതനൈപുണി വിദ്യാഭ്യാസം എന്നിവ കുടുംബജീവിത വിദ്യാഭ്യാസ പരിപാടിയുടെ ചില ഘടകങ്ങളാണ്. ലൈംഗികവും പ്രത്യുൽപ്പാദനപരവുമായ ആരോഗ്യം പ്രോൽസാഹിപ്പിക്കുന്നതിനും ലൈംഗിക അതിക്രമങ്ങൾ, ലൈംഗിക വ്യതിയാനങ്ങൾ, എന്നിവ കുറയ്ക്കുന്നതിനും ലൈംഗിക വിദ്യാഭ്യാസം കൗമാരക്കാർക്കും യുവജനങ്ങൾക്കും ആവശ്യമാണ്. കുട്ടിക്കാലത്തിൽ നിന്നും മുതിർന്ന പ്രായത്തിലേക്കുള്ള ശാരീരികവും മാനസികവും സാമൂഹികവുമായ പക്വതയാർജിക്കലിനെ കൗമാരമെന്ന് നിർവ്വചിക്കാം. സ്ത്രീയും പുരുഷനും ഉൾപ്പെടുന്നതാണ് ലൈംഗിക പ്രത്യുൽപ്പാദനം. പ്രത്യുൽപ്പാദനത്തിന് ആൺ-പെൺ പ്രത്യുൽപ്പാദന വ്യവസ്ഥ അത്യാവശ്യമാണ്. സമൂഹത്തിന്റെ മര്യാദകളുമായി അനുയോജ്യമല്ലാത്ത അസാധാരണമായ ലൈംഗിക പെരുമാറ്റമാണ് ലൈംഗികവ്യതിയാനം അല്ലെങ്കിൽ മാനസിക ലൈംഗിക വൈകല്യം. ജനസംഖ്യാനിയന്ത്രണത്തിലും കുടുംബക്ഷേമം ഉറപ്പ് വരുത്തുന്നതിലും കുടുംബാസൂത്രണ പരിപാടികൾക്കും ജനനനിയന്ത്രണമാർഗങ്ങൾക്കും പ്രത്യേക പങ്കുണ്ട്. കൗമാരഗർഭത്തിന്റെയും ഗർഭഛിദ്രത്തിന്റെയും പരിണതഫലം കൗമാരക്കാർ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. സുരക്ഷിത മാതൃത്വം ഉറപ്പ് വരുത്താൻ ലോകവ്യാപകമായി സംരഭങ്ങളുണ്ട്. സാമൂഹ്യമൂല്യമുള്ള സാധനങ്ങൾ, അവസരങ്ങൾ, വിഭവങ്ങൾ, പ്രതിഫലങ്ങൾ എന്നിവ സ്ത്രീകളും പുരുഷന്മാരും തുല്യമായി ആസ്വദിക്കുന്നത് ലിംഗസമത്വത്തിൽ അനിവാര്യമാണ്.

വിലയിരുത്തൽ ചോദ്യങ്ങൾ

1. സമകാലിക ലോകത്ത് കുടുംബജീവിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ലക്ഷ്യവും പരിശോധിക്കുക.
2. ഉത്തരവാദിത്വരക്ഷാകർതൃത്വത്തിന്റെ ഉദ്ദേശ്യങ്ങൾ തിരിച്ചറിയുകയും പട്ടികപ്പെടുത്തുകയും ചെയ്യുക.
3. കൗമാരക്കാർക്ക് ലൈംഗികവിദ്യാഭ്യാസം ആവശ്യമാണ്. കൗമാരക്കാർക്ക് ലൈംഗികവിദ്യാഭ്യാസം വേണമെന്നതിനുള്ള വാദഗതികൾ തയ്യാറാക്കുക.
4. ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള ഉപാധികൾ നിർദേശിക്കുക.
5. കൗമാരകാലഘട്ടത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുണ്ടാകുന്ന വിവിധ ശാരീരിക മാറ്റങ്ങൾ എടുത്തെഴുതുക.
6. സുരക്ഷിത മാതൃത്വത്തിനുള്ള ചില മാർഗങ്ങൾ നിർദേശിക്കുക.
7. കുടുംബാസൂത്രണ പരിപാടികൾ പ്രോൽസാഹിപ്പിക്കുന്നതിനായി നിങ്ങളുടെ സ്കൂളിൽ പ്രദർശിപ്പിക്കുവാൻ ഒരു പോസ്റ്റർ തയ്യാറാക്കുക.
8. കൗമാരഗർഭത്തിന്റെ ഏതെങ്കിലും നാല് പ്രത്യാഘാതങ്ങൾ പട്ടികപ്പെടുത്തുക.
9. ഏതെങ്കിലും രണ്ട് ലൈംഗിക പകർച്ചവ്യാധികളുടെ പേരെഴുതുക.
10. എച്ച്.ഐ.വി./എയ്ഡ്സിനെക്കുറിച്ച് സെമിനാറിൽ അവതരിപ്പിക്കുവാൻ പ്രബന്ധം തയ്യാറാക്കുക.

T5D8V3

9

അന്തർദേശീയ സാമൂഹ്യ പ്രവർത്തനം

പ്രധാന പഠനനേട്ടങ്ങൾ

ഈ അധ്യായം പഠിച്ചുതീരുമ്പോൾ പഠിതാവ്

- അന്തർദേശീയ സാമൂഹ്യപ്രവർത്തനം എന്ന ആശയം തിരിച്ചറിയുന്നു.
- സാമൂഹ്യപ്രവർത്തനത്തെ ഒരു അന്തർദേശീയ തൊഴിൽ മേഖലയായി തിരിച്ചറിയുന്നു.
- അന്തർദേശീയ സാമൂഹ്യ പ്രവർത്തനത്തിൽ സാംസ്കാരിക സംവേദനക്ഷമതയുടെ ആവശ്യം തിരിച്ചറിയുന്നു.
- അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിലെ മനുഷ്യാവകാശ സമീപനവും വികസന സമീപനവും തിരിച്ചറിയുന്നു.
- വിവിധ അന്തർദേശീയ സംഘടനകളുടെ പങ്ക് വിലയിരുത്തുന്നു.
- അന്തർദേശീയതലത്തിൽ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസവും തൊഴിലവസരങ്ങളും തിരിച്ചറിയുന്നു.

ഉള്ളടക്കം

9.1 അന്തർദേശീയ സാമൂഹ്യപ്രവർത്തനം

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ അർത്ഥം.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ.

9.2 സാംസ്കാരിക സംവേദനക്ഷമതയും ബഹുസാംസ്കാരികതയും

ബഹുസാംസ്കാരിക സമൂഹത്തിൽ സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രയോഗം.

9.3 അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിലെ സമീപനങ്ങൾ

9.4 സാമൂഹ്യപ്രവർത്തനത്തിലെ ആഗോള സംഘടനകൾ

ഐക്യരാഷ്ട്ര സംഘടനയും ഏജൻസികളും.

സർക്കാർതല ഉഭയകക്ഷി സഹായ പദ്ധതികളും സംഘടനകളും.

സർക്കാർ ഇതര സംഘടനകൾ (എൻ.ജി.ഒ.കൾ)

9.5 സാമൂഹ്യപ്രവർത്തനത്തിന്റെ അന്താരാഷ്ട്ര സംഘടനകൾ

സാമൂഹ്യപ്രവർത്തന പരിശീലന സ്ഥാപനങ്ങളുടെ അന്താരാഷ്ട്ര സംഘടനകൾ.

സാമൂഹ്യപ്രവർത്തകരുടെ അന്താരാഷ്ട്ര ഫെഡറേഷൻ (ഐ.എഫ്.എസ്.ഡബ്ല്യു).

സാമൂഹ്യക്ഷേമത്തിനായുള്ള അന്താരാഷ്ട്ര കൗൺസിൽ (ഐ.സി.എസ്.ഡബ്ല്യു.)

സാമൂഹ്യപ്രവർത്തകരുടെ ദേശീയ സംഘടന (എൻ.എ.എസ്.ഡബ്ലിയു.)

9.6 അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ അവസരങ്ങൾ

അന്തർദേശീയ സാമൂഹ്യ പ്രവർത്തന തൊഴിലുകൾ

അന്തർദേശീയ സാമൂഹിക പ്രവർത്തകർക്ക് തൊഴിൽ നൽകുന്ന സംഘടനകൾ

9.1 അന്തർദേശീയ സാമൂഹ്യപ്രവർത്തനം (International Social Work)

സാമൂഹ്യപ്രവർത്തകരെ വൻതോതിൽ ആവശ്യമുണ്ട്

ഓസ്ട്രേലിയ, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ ധാരാളമായി സാമൂഹ്യപ്രവർത്തകരെ ആവശ്യമുണ്ട്. വൈദ്യശാസ്ത്ര സാമൂഹ്യ പ്രവർത്തകൻ, മനോരോഗ സാമൂഹ്യപ്രവർത്തകൻ, വയോജന സംരക്ഷണ പ്രവർത്തകൻ, സമൂഹ സംഘാടകൻ എന്നീ മേഖലകളിൽ ഒഴിവുകൾ നിലവിലുണ്ട്. ഈ ജോലികളിൽ താല്പര്യമുള്ളവർ ഉടൻ താഴെ കൊടുത്തിരിക്കുന്ന വ്യക്തികളുമായി ബന്ധപ്പെടുക.

ബന്ധപ്പെടേണ്ട വ്യക്തികൾ: ....

ഒരു പ്രമുഖ പത്രത്തിൽ നിന്നെടുത്ത പ്രസക്ത ഭാഗമാണ് മുകളിൽ നൽകിയിരിക്കുന്നത്. ദേശീയ അന്തർദേശീയതലങ്ങളിൽ ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്ന ഇത്തരം നിരവധി പരസ്യങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാവും. എന്തുകൊണ്ടാണ് സാമൂഹ്യ പ്രവർത്തന ഉദ്യോഗാർത്ഥികൾക്ക് ഇത്രയധികം ആവശ്യക്കാരുള്ളത്, പ്രത്യേകിച്ചും വിദേശത്ത്?

- ....

ഈ കാലഘട്ടത്തിൽ സാമൂഹിക പ്രവർത്തകർക്ക് വിദേശരാജ്യങ്ങളിൽ ഒരുപാട് അവസരങ്ങൾ ലഭിക്കുന്നുണ്ട്.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

- ....

സാമൂഹ്യപ്രവർത്തനം മനുഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനും, വ്യക്തിപരവും സാമൂഹിക വുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാർവ്വത്രികമായി ഉപയോഗിക്കാൻ കഴിയും. ജീവിതത്തിലെ വെല്ലുവിളികൾ നേരിടുന്നതിനുള്ള മനുഷ്യരുടെ ശേഷിയെ അത് വികസിപ്പിക്കുന്നു. വ്യക്തികളുടെ ക്ഷേമവും വികസനവും, മനുഷ്യാവകാശം, ബന്ധങ്ങൾ, വ്യക്തികളുടെ ക്ഷേമത്തിനായുള്ള ശാക്തീകരണം എന്നീ കാര്യങ്ങൾ ക്കായി സാമൂഹ്യപ്രവർത്തകർ സർവാത്മനാ പ്രതിജ്ഞാബദ്ധരാണ്.

അന്തർദേശീയ സമൂഹവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്ന സാമൂഹ്യപ്രവർത്തകർക്ക് ആ മേഖലയിൽ ഒരുപാട് വെല്ലുവിളികൾ നേരിടാനുണ്ട്. അതുകൊണ്ടാണ് സമീപ വർഷങ്ങളിൽ സാമൂഹ്യപ്രവർത്തകർക്കായുള്ള ആവശ്യം വളരെയധികം വർധിച്ചിരിക്കുന്നത്. വൈവിധ്യമാർന്ന സംസ്കാരത്തിൽ അന്തർദേശീയ സമൂഹവുമായി ചേർന്ന് പ്രവർത്തിക്കുന്നതാണ് അന്തർദേശീയ സാമൂഹ്യപ്രവർത്തനം. എങ്ങനെയാണ് അന്തർദേശീയ സാമൂഹ്യപ്രവർത്തനം രൂപപ്പെട്ടുവന്നത് എന്ന് നമുക്ക് ചർച്ച ചെയ്യാം.

ഇന്ന് ലോകത്തെ ഒരു ആഗോള ഗ്രാമമായാണ് കണക്കാക്കുന്നത്. വികസനത്തിനായി രാജ്യങ്ങൾ പരസ്പരം ആശ്രയിക്കുന്നു. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവ ലോകത്തെ മൊത്തമായി മാറ്റിയിരിക്കുന്നു. ജീവിതത്തിലെ എല്ലാ മേഖലകളിലും ഇത് സങ്കീർണതകൾ സൃഷ്ടിച്ചിരിക്കുന്നു. സാമൂഹിക പ്രശ്നങ്ങളുടെ വളർച്ചയുമായി ബന്ധപ്പെട്ടാണ് സാമൂഹ്യ പ്രവർത്തനത്തിന്റെ അന്തർദേശീയവൽക്കരണ ചരിത്രം ആരംഭിക്കുന്നത്. കൂടാതെ സാമൂഹ്യപ്രവർത്തകർ സമീപകാലത്ത് കുടിയേറ്റക്കാരും അഭയാർഥികളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. വ്യത്യസ്ത രാജ്യങ്ങളിൽ ദുരന്തങ്ങൾ, യുദ്ധങ്ങൾ തുടങ്ങിയവ സംഭവിക്കുമ്പോഴും അതിനെ തുടർന്നുള്ള സഹായം, പുനർനിർമാണം, പുനരധിവാസം തുടങ്ങിയ കാര്യങ്ങളിൽ സാമൂഹ്യപ്രവർത്തകർ പിന്തുണ നൽകുന്നു. അങ്ങനെ സാമൂഹ്യപ്രവർത്തകരുടെ ഇടപെടൽ അന്തർദേശീയ സമൂഹത്തിന്റെ ഒരു അവിഭാജ്യ ഭാഗമായി മാറിയിരിക്കുന്നു.

സാമൂഹ്യപ്രവർത്തനം എന്ന തൊഴിൽ 1899 ൽ ആംസ്റ്റർഡാമിൽ ആരംഭിക്കുകയും പിന്നീട് യൂറോപ്പിലും അമേരിക്കയിലുമായി പടരുകയും ചെയ്തു. 1920-കളോടെ അത് ഇന്ത്യയടക്കം ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും വ്യാപിച്ചു. ലോകവ്യാപകമായി രാജ്യാന്തര ഏജൻസികളെയും രാജ്യാന്തര വികസന സംഘടനകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് നേതൃത്വം നൽകിയത് ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് സ്കൂൾസ് ഓഫ് സോഷ്യൽ വർക്ക് (IASSW), ഇൻറർനാഷണൽ ഫെഡറേഷൻ ഓഫ് സോഷ്യൽ വർക്ക് (IFSW) എന്നിവയുടെ രൂപീകരണമാണ്. ലോകവ്യാപകമായി സാമൂഹ്യപ്രവർത്തനം ഒരു തൊഴിലായി തുടരുന്നതിന് ലോക സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസത്തിനായുള്ള കമ്മീഷനും (CSWE) സംഭാവനകൾ നൽകിയിട്ടുണ്ട്.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ അർത്ഥം

(The Meaning of International Social Work)

മുൻ അധ്യായങ്ങളിൽ നാം സാമൂഹ്യപ്രവർത്തനത്തിന്റെ വിവിധ രീതികളെപ്പറ്റി പഠിച്ചിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ അന്തർദേശീയ സാമൂഹിക പ്രവർത്തനത്തിന്റെ പ്രാധാന്യം വർധിച്ചു കൊണ്ടിരിക്കുകയാണ്. അന്തർദേശീയ സാമൂഹ്യപ്രവർത്തനം എന്താണെന്ന് നിങ്ങൾക്കറിയാമോ?

- ....

രാജ്യങ്ങൾക്കിടയിലും രാജ്യാതിർത്തികൾക്കിടയിലും നിലനിൽക്കുന്ന പ്രശ്നങ്ങളിൽ ഇടപെടുന്നതാണ് അന്തർദേശീയ സാമൂഹ്യപ്രവർത്തനം. ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും ക്ഷേമത്തിനു വേണ്ടിയാണ് അന്തർദേശീയ സാമൂഹ്യപ്രവർത്തനം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. അന്തർദേശീയ സാമൂഹ്യപ്രവർത്തനം ഒരു പ്രത്യേക രാജ്യത്തിനോ ജനവിഭാഗത്തിനോ ഏതെങ്കിലും വിധത്തിലുള്ള സവിശേഷപ്രാധാന്യം നൽകുന്നില്ല. അന്തർദേശീയ സാമൂഹ്യപ്രവർത്തനം സ്വകേന്ദ്രീകരണം (Ego centrism), ഗോത്രകേന്ദ്രീകരണം (Ethanocentrism) എന്നിവയ്ക്ക് എതിരാണ്.

സാധാരണയായി, വിദേശത്ത് സാമൂഹ്യപ്രവർത്തകരായി ജോലി ചെയ്യുന്നത് അന്തർദേശീയ സാമൂഹ്യപ്രവർത്തനമായി തെറ്റിദ്ധരിക്കപ്പെടാറുണ്ട്.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തെ നിർവചിച്ചിരിക്കുന്നത് "രാജ്യാന്തരതലത്തിൽ തൊഴിലിൽ ഏർപ്പെടാനും അന്തർദേശീയമായ നടപടികൾ എടുക്കാനുമുള്ള സാമൂഹ്യപ്രവർത്തന തൊഴിൽ മേഖലയുടെ കഴിവ്" എന്നാണ്. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ സാമൂഹ്യനീതി, മനുഷ്യാവകാശങ്ങൾ, കൂട്ടുത്തരവാദിത്വം, വൈവിധ്യങ്ങളോടുള്ള ബഹുമാനം തുടങ്ങിയ തത്വങ്ങളിൽ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന് ഒരു ആഗോള കാഴ്ചപ്പാടുണ്ട്. ദേശ-പ്രാദേശിക വിഭജനങ്ങൾ ഇല്ലാതെ മനുഷ്യരുടെ പ്രശ്നങ്ങൾ ഇവിടെ പരിഗണിക്കപ്പെടുന്നു. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ മനുഷ്യാവകാശ കാഴ്ചപ്പാട് പ്രകാരം അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തെ നയിക്കേണ്ടത് മൗലിക അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമാണ്. ഇതിനുപുറമേ പാരിസ്ഥിതിക പരിപ്രേക്ഷ്യവും സാമൂഹികവികസന പരിപ്രേക്ഷ്യവും പ്രധാനപ്പെട്ടതാണ്.

ആഗോളവൽക്കരണം, തൊഴിൽപരമായ കൈമാറ്റം, നയപരമായ മാനങ്ങൾ, രാജ്യാന്തപ്രവർത്തനം തുടങ്ങി വ്യത്യസ്തമായ മാനങ്ങൾ അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിനുണ്ട്. ഈ മാനങ്ങളാണ് അന്തർദേശീയ സാമൂഹ്യ പ്രവർത്തനത്തിന് അടിസ്ഥാനം.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ

(The Goals of International Social Work)

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്:

a) ചരിത്രപരമായി പിന്നാക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങൾ അഭിമുഖീ കരിക്കുന്ന വികസന തടസ്സങ്ങൾ ഇല്ലാതാക്കുക.

b) വിഭവങ്ങളുടെ തുല്യമായ വിതരണം ഉറപ്പുവരുത്തുന്ന വിധത്തിൽ കൂടുതൽ സന്തുലിതമായ വികസന സമീപനങ്ങൾ രൂപപ്പെടുത്തുക.

c) മനുഷ്യവികസനത്തിന് ഏറ്റവും മുന്തിയ പരിഗണന നൽകുക.

d) ലോകവ്യാപകമായി കേവല ദാരിദ്ര്യം തുടച്ചുമാറ്റുക.

e) മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

കേവല ദാരിദ്ര്യം (Absolute Poverty)

ഒരു വ്യക്തിക്ക് അയാളുടെ/അവളുടെ ഏറ്റവും പരിമിതമായ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഏറ്റവും കുറഞ്ഞ വരുമാനം പോലുമില്ലാത്ത സാഹചര്യത്തെയാണ് കേവല ദാരിദ്ര്യം എന്ന് വിളിക്കുന്നത്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. .... എന്ന സ്ഥലത്ത് .... വർഷത്തിലാണ് സാമൂഹ്യ പ്രവർത്തനം എന്ന് തൊഴിൽ ആരംഭിച്ചത്.
2. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ അർത്ഥവും നിർവചനവും എഴുതുക.
3. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക.
4. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ മാനങ്ങൾ ഏതെല്ലാം?

9.2 സാംസ്കാരിക സംവേദനക്ഷമതയും ബഹുസാംസ്കാരികതയും (Cultural Sensitivity and Multiculturalism)

കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ ഒരു വിദൂര ഗ്രാമത്തിലാണ് ശ്രീമതി ജെസ്ലിൻ ജനിച്ചത്. 2000-ത്തിൽ അവർ സാമൂഹ്യപ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദം നേടി. ഒരു സന്നദ്ധ സംഘടനയിൽ കുടുംബ-ശിശു കൗൺസിലറായി പ്രവർത്തിച്ച ശേഷം 2002 -ൽ അവർ എം.ബി.എ. പഠിക്കാനായി ഇംഗ്ലണ്ടിലേക്ക് പോയി. അവിടെ ബെർമിങ്ഹാം യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന സമയത്ത് ഒരു ശിശു സംരക്ഷണ കേന്ദ്രത്തിൽ ഒഴിവ്-സമയ സാമൂഹ്യപ്രവർത്തകയായി പ്രവർത്തിക്കാൻ അനുവാദം ലഭിച്ചു. പഠനം പൂർത്തിയാക്കിയ ശേഷം അവർ മുഴുവൻ സമയ സാമൂഹ്യപ്രവർത്തകയാകാൻ വേണ്ടി അപേക്ഷിച്ചു. ഇപ്പോൾ അവർ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങളിലെ വിവിധ രാജ്യങ്ങളിൽ നിന്നുവരുന്ന സേവനസ്വീകർത്താക്കളുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലമുള്ള സേവനസ്വീകർത്താക്കളുമായാണ് അവർ ഇപ്പോൾ ഇടപെടുന്നത്. ഇംഗ്ലണ്ടിലേക്ക് കുടിയേറിയ വ്യത്യസ്തരായ സേവനസ്വീകർത്താക്കളുടെ കുടുംബപശ്ചാത്തലം അവർ മനസ്സിലാക്കുന്നു.

വ്യത്യസ്തമായ സംസ്കാരങ്ങളിൽ നിന്ന് വരുന്ന *സേവനസ്വീകർത്താക്കൾക്കിടയിൽ* സാമൂഹ്യപ്രവർത്തനം ചെയ്യുമ്പോൾ ശ്രീമതി ജെസ്‌ലിൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

- ....

തന്റെ ചുറ്റുമുള്ള വ്യക്തികളുടെ സാംസ്കാരിക വൈവിധ്യത്തെക്കുറിച്ച് നന്നായി പരിചിതമാകാൻ ശ്രീമതി ജെസ്ലിന് സാധിക്കണം. അവർ ബഹു സാംസ്കാരികതയെ കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

ഗോത്രീയതയുടെയും വംശീയതയുടെയും അടിസ്ഥാനത്തിൽ ജനവിഭാഗങ്ങൾക്കിടയിൽ വർധിച്ചു വരുന്ന വൈവിധ്യത്തെ വിവരിക്കുന്ന പദമാണ് ബഹുസാംസ്കാരികത. ഒരു സംഘത്തിന്റെ പങ്കുവെയ്ക്കുന്ന ഭാഷ, പാരമ്പര്യങ്ങൾ, ആചാരങ്ങൾ, ചടങ്ങുകൾ, ചരിത്രം, അന്യോന്യമുള്ള പ്രതീക്ഷകൾ എന്നവയെയാണ് സംസ്കാരം എന്ന് പറയുന്നത്. ഗോത്രീയത (Ethnicity) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വ്യക്തികളെ അവർ പങ്കുവെയ്ക്കുന്ന വംശപരമ്പരയുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ വർഗീകരിക്കുന്നതിനെയാണ്. വംശം (Race) എന്നത് വ്യക്തികളെ അവർ ഉത്ഭവിച്ച ഭൂപ്രദേശത്തെയും ശാരീരിക സവിശേഷതകളായ ചർമം, നിറം, തലമുടിയുടെ സ്വഭാവം, വദന സവിശേഷതകൾ എന്നിവയെയും അടിസ്ഥാനമാക്കി വർഗീകരിക്കുന്ന രീതിയാണ്. സാമൂഹ്യപ്രവർത്തന കാഴ്ചപ്പാടിൽ ബഹുസാംസ്കാരികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭാഷ, വിശ്വാസങ്ങൾ, ആചാരങ്ങൾ, മതങ്ങൾ എന്നിവയുടെ കാര്യത്തിൽ വ്യതിരിക്തമായ സ്വത്വങ്ങൾ നിലനിർത്തുന്ന സാംസ്കാരിക സംഘങ്ങളെയാണ്. ജനങ്ങളുടെ ഇത്തരത്തിലുള്ള വ്യതിരിക്തമായ വ്യവഹാരങ്ങൾ സമൂഹത്തിന്റെ മൊത്തത്തിലുള്ള സാംസ്കാരിക സമ്പത്തിനെയാണ് സൂചിപ്പിക്കുന്നത്.

ബഹുസാംസ്ക്കാരികതയിൽ വ്യക്തിയുടെ സ്വത്വത്തിന് വലിയ പങ്കുണ്ട്. ആത്മ സങ്കല്പനം എന്നതാണ് സ്വത്വം (Identity) എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് വ്യക്തിയെ ഒരു വലിയ സമുദായത്തിന്റെ ഭാഗമായി സ്വയം കാണാൻ സഹായിക്കുന്നു. സ്വത്വങ്ങൾ സാമൂഹികമായി നിർമ്മിക്കപ്പെടുന്നതും ഒരാളുടെ രാജ്യം, തൊഴിൽ, സമ്പദ് വ്യവസ്ഥ, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് നിൽക്കുന്നതുമാണ്. ഈ വ്യത്യാസങ്ങളിൽ പലതും സേവനസ്വീകർത്താവിന്റെ സ്വത്വങ്ങളുടെ ഒരു പ്രധാനഭാഗമാണ്. ഉദാഹരണത്തിന്, സേവനസ്വീകർത്താവിനും സാമൂഹ്യപ്രവർത്തകനും അദൃശ്യമായ മൂല്യവ്യത്യാസങ്ങൾ ഉണ്ടാകാം.

അപ്പോൾ ഒരു ബഹുസാംസ്കാരിക സമൂഹത്തിൽ നാം എങ്ങനെയാണ് സാമൂഹ്യ പ്രവർത്തനം നടത്തുക?

- ....

ബഹുസാംസ്കാരിക സമൂഹത്തിലെ സാമൂഹ്യപ്രവർത്തനത്തിന്റെ പ്രയോഗം (Practice of Social Work in Multicultural society)

ഒരു ബഹുസാംസ്കാരിക ചുറ്റുപാടിൽ തങ്ങളുടെ തൊഴിൽ ചെയ്യാൻ സാമൂഹ്യ പ്രവർത്തകർ സ്വയം തയ്യാറാകേണ്ടതുണ്ട്. അവർ പല സംസ്കാരങ്ങൾ, മതങ്ങൾ, കുടുംബ രൂപങ്ങൾ, തന്റെ സേവനസ്വീകർത്താവ് മറ്റൊരു രാജ്യത്തേക്ക് കുടിയേറാൻ ഇടയായ സാഹചര്യം എന്നിവയുമായി പരിചയപ്പെടണം. അന്തർദേശീയ സാമൂഹ്യ പ്രവർത്തകന് മറ്റ് സഹപ്രവർത്തകർ, സേവനസ്വീകർത്താക്കൾ, സമുദായ അംഗങ്ങൾ എന്നിവരുമായി ചേർന്ന് പ്രവർത്തിക്കാനുള്ള സാംസ്കാരിക ശേഷികൾ

ഉണ്ടായിരിക്കണം. മിക്കവാറും എല്ലാ അന്തർദേശീയ സാമൂഹ്യപ്രവർത്തകരും പ്രവർത്തിക്കുന്നത് പ്രായം, ലിംഗം, കുടുംബഘടന, മതം, വർഗം, പശ്ചാത്തലം എന്നിവയിൽ വ്യത്യാസമുള്ള സേവനസ്വീകർത്താക്കളുടെ കൂടെയായിരിക്കും.

മാനവസേവനം, മാനസിക ആരോഗ്യം തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തന സംഘടനകൾ ബഹുസാംസ്കാരിക രീതികളെ പറ്റി അറിവുള്ളവരായിരിക്കണം. സാമൂഹ്യപ്രവർത്തകരുടെ ദേശീയ സംഘടന (നാഷണൽ അസോസിയേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് – എൻ എ എസ് ഡബ്ല്യൂ) സാമൂഹ്യ പ്രവർത്തന പ്രയോഗ മേഖലയിൽ ആവശ്യമുള്ള സാംസ്കാരിക പ്രാപ്തികളുടെ മാനദണ്ഡങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഒരു ബഹുസാംസ്കാരിക സമുദായത്തിൽ അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെടുന്ന ഒരു സാമൂഹ്യ പ്രവർത്തകൻ:

a. സ്വന്തം വംശം, ലിംഗം, സാംസ്കാരികപൈതൃകം എന്നിവയെപ്പറ്റി ബോധവാനായിരിക്കണം.

b. താൻ ഇടപെടുന്ന സേവനസ്വീകർത്താക്കളുടെ സംസ്കാരങ്ങളെയും ആചാരങ്ങളെയും കുറിച്ച് അറിവ് ആർജിക്കണം.

c. സേവനസ്വീകർത്താവിന്റെ മൂല്യങ്ങളിൽ ഇടപെടുമ്പോൾ അയവുള്ള തന്ത്രങ്ങൾ ഉപയോഗി ക്കാൻ സാധിക്കുന്ന വിധത്തിൽ സ്വയം ബോധവും അറിവും ഉണ്ടായിരിക്കണം.

9.3 അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിലെ സമീപനങ്ങൾ (Approaches in International Social Work)

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ പരിഗണനകൾ വികസനത്തെ പ്രോത്സാഹിപ്പിക്കുക, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. അന്താരാഷ്ട്ര സംഘടനകളുടെ ഒരു പ്രധാന ഊന്നൽ വികസനമാണ്. പല പ്രാദേശിക, ദേശീയ, അന്തർദേശീയ സംഘടനകൾ ദാരിദ്ര്യവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നേരിടാൻ ശ്രമിക്കുന്നുണ്ട്. മനുഷ്യരുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ ആവശ്യമായ ദിശാബോധം മനുഷ്യാവകാശങ്ങൾ നൽകുന്നു. അങ്ങനെ അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിലെ സമീപനങ്ങളെ രണ്ടായി തിരിച്ചിരിക്കുന്നു:

A. വികസന സമീപനം (Development approach)

B. മനുഷ്യാവകാശ സമാപനം (Human Rights approach)

A. വികസന സമീപനം

ജനങ്ങളുടെ ജീവിതത്തിലെ പുരോഗമനപരമായ മാറ്റത്തെയാണ് വികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

മുൻ അധ്യായത്തിൽ നാം വികസനത്തിന്റെ അർത്ഥം, നിർവചനം, വ്യത്യസ്തമായ സമീപനങ്ങൾ എന്നിവ പഠിച്ചിട്ടുണ്ട്. അന്തർദേശീയ സാമൂഹ്യ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ വികസനം എന്നാൽ എന്താണെന്ന് നമുക്ക് പഠിക്കാം.

1970 – ലെ ഐക്യരാഷ്ട്രസഭയുടെ സാമൂഹ്യനയത്തെയും ആസൂത്രണത്തെയും കുറിച്ചുള്ള ചർച്ചായോഗം (Symposium) വികസനത്തെ നിർവചിച്ചത് "ഒരു രാജ്യത്തിന്റെ വർധിച്ചു വരുന്നതും വ്യത്യസ്തവുമായ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ആവശ്യങ്ങളെ നിറവേറ്റുന്നതിനു വേണ്ടി ആ രാജ്യത്തെ സ്ഥാപനങ്ങളുടെയും മൂല്യ വ്യവസ്ഥയുടെയും കഴിവിനെ മെച്ചപ്പെടുത്തുന്ന പ്രക്രിയ" എന്നാണ്.

ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനും അതോടൊപ്പം ദാരിദ്രം, അജ്ഞത, രോഗങ്ങൾ എന്നിവ ഇല്ലായ്മ ചെയ്യാനും വികസനം ത്വരിതപ്പെടുത്തേണ്ടതുണ്ട്.

ലോകത്തെ വികസന പരിശ്രമങ്ങളുടെ ഹ്രസ്വചരിത്രം (A Brief History of Development Efforts in the World)

കോളനിവാഴ്ചയിലായിരുന്ന ആഫ്രിക്ക, ഏഷ്യ, കരീബിയൻ ദ്വീപുകൾ തുടങ്ങിയ പ്രദേശങ്ങൾ സ്വാതന്ത്ര്യം നേടുകയും പുതിയ രാജ്യങ്ങളായി മാറുകയും ചെയ്തു. പല തെക്കേ അമേരിക്കൻ രാജ്യങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിൽ സ്വാതന്ത്ര്യം നേടുകയും ഇന്ത്യ 1947 -ൽ സ്വതന്ത്രമാവുകയും ചെയ്തു. അതുപോലെ പുതിയതായി സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും ഐക്യരാഷ്ട്രസഭയിൽ അവരുടെ സ്വാധീനം വർധിപ്പിക്കുകയും വികസന രാഹിത്യത്തിന്റെ പ്രശ്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ നിർബന്ധിക്കുകയും ചെയ്തു. 1961-ൽ ഐക്യരാഷ്ട്രസംഘടന, അതിന്റെ ആദ്യത്തെ വികസന ദശാബ്ദത്തിന് ആരംഭം കുറിച്ചു. അതിൽ പ്രാധാന്യം നൽകിയത് സാമ്പത്തികവളർച്ച, വ്യവസായങ്ങൾക്കുള്ള പിന്തുണ, ആധുനിക സമ്പദ് വ്യവസ്ഥയ്ക്ക് വേണ്ടിയുള്ള അടിസ്ഥാനസൗകര്യങ്ങൾ, കൃഷിയുടെ ആധുനികവൽക്കരണം എന്നിവയ്ക്കാണ്.

ഉയർന്ന വളർച്ചാനിരക്കുകൾ രേഖപ്പെടുത്തിയ രാജ്യങ്ങളിൽ മനുഷ്യരുടെ ക്ഷേമം മെച്ചപ്പെട്ടില്ല. യഥാർഥത്തിൽ വർധിച്ച ജി.എൻ.പി. യും ജനങ്ങളുടെ ക്ഷേമവും തമ്മിൽ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ഇതിൽ നിന്ന് വികസനമെന്നത് സങ്കീർണമായ ഒന്നാണെന്ന് മനസ്സിലാക്കുകയും അതിന് സാമ്പത്തിക തന്ത്രങ്ങൾ മാത്രം പോര എന്നുമുള്ള തിരിച്ചറിവുണ്ടായി. 1970-കൾ മുതൽ ഇന്നുവരെ വിവിധ വികസന സമീപനങ്ങളിൽ പുതിയ കാഴ്ചപ്പാടുകളുടെ ഒരു ധാര തന്നെ കൂട്ടിച്ചേർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവ അടിസ്ഥാന ആവശ്യങ്ങൾ, സാമൂഹിക, സുസ്ഥിര, ലിംഗപര, അവകാശ അധിഷ്ഠിത സമീപനങ്ങളാണ്.

വികസനം അളക്കുന്നത് എങ്ങനെ? (How to Measure Development?)

രാജ്യാന്തരതലത്തിൽ വിവിധ രാജ്യങ്ങളിൽ വികസനം അളക്കുന്നതിന് വിവിധ മാർഗങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്.അവ താഴെ പറയുന്നവയാണ്:

a. **മാനവിക വികസന സൂചിക (Human Development Index, HDI)** : ഐക്യരാഷ്ട്രസഭയുടെ വികസനപരിപാടികൾ (United Nations Development Programmes -UNDP) ഒരു രാജ്യത്തിന്റെ പുരോഗതി അളക്കുന്നതിന്, മുതിർന്നവരുടെ സാക്ഷരത, വിദ്യാഭ്യാസത്തിന്റെ പ്രാഥമിക-ദ്വിതീയ-തൃതീയ മേഖലകളിൽ ചേർന്നവരുടെ എണ്ണം, ജനനസമയത്തെ പ്രതീക്ഷിത ആയുസ്സ്,

മൊത്ത ആഭ്യന്തര ഉല്പാദനം (Gross Development Products, GDP) മുതലായ സൂചകങ്ങൾ ഇതിൽ ഉപയോഗിച്ചുവരുന്നു.

b. സാമൂഹ്യപുരോഗതി സൂചിക (Index of Social Progress, ISP) : വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീശാക്തീകരണം, പ്രതിരോധ പ്രവർത്തനങ്ങൾ, സാമ്പത്തികം, ജനസംഖ്യാപരം, ഭൂമിശാസ്ത്രപരം, സാംസ്കാരികം, രാഷ്ട്രീയം, ക്ഷേമപ്രവർത്തനങ്ങൾ എന്നിങ്ങനെ പത്ത് മേഖലകളിൽ ഒരു രാജ്യത്തിന്റെ വികസനം സൂചിപ്പിക്കുന്ന 45 സൂചകങ്ങളാണ് ഇതിലുള്ളത്.

c. ഭൗതിക ജീവിത ഗുണനിലവാര സൂചിക (Physical Quality Life Index, PQLI): ഒരു രാജ്യത്തിന്റെ ക്ഷേമം അഥവാ ഭൗതിക ജീവിത ഗുണനിലവാരം അളക്കാനുള്ള ശ്രമമാണ് ഇത്. അടിസ്ഥാന സാക്ഷരത നിരക്ക്, ശിശുമരണ നിരക്ക്, ആയുർ ദൈർഘ്യം തുടങ്ങിയ മൂന്ന് സ്ഥിതിവിവരക്കണക്കുകളുടെ ശരാശരിയാണ് ഇതിന്റെ മൂല്യമായി കണക്കാക്കുന്നത്.

d. സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ (Millennium Development Goals, MDGs): 2000-ത്തിൽ ഐക്യരാഷ്ട്ര സംഘടന അതിന്റെ സഹസ്രാബ്ദ സമ്മേളനം ചേരുകയും വികസന കാര്യത്തിൽ 2015-ഓടെ പുരോഗതി ഉണ്ടാക്കുന്നതിനു വേണ്ടി 8 ലക്ഷ്യങ്ങൾ കണ്ടെത്തുകയും ചെയ്തു. ഐക്യരാഷ്ട്രസംഘടനയുടെ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

- കേവല ദാരിദ്ര്യവും വിശപ്പും തുടച്ചുനീക്കുക.
- സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുക.
- ലിംഗസമത്വവും സ്ത്രീശാക്തീകരണവും പ്രോത്സാഹിപ്പിക്കുക.
- ശിശുമരണ നിരക്ക് കുറയ്ക്കുക.
- മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക.
- HIV/AIDS (എച്ച്.ഐ.വി./എയ്ഡ്സ്), മലമ്പനി, മറ്റ് രോഗങ്ങൾ എന്നിവയോട് പൊരുതുക.
- സുസ്ഥിരമായി പരിസ്ഥിതി ഉറപ്പുവരുത്തുക.
- വികസനത്തിനായി ആഗോള പങ്കാളിത്തം വികസിപ്പിക്കുക.

B. മനുഷ്യാവകാശ സമീപനം

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ ആഗോളതലത്തിലുള്ള രണ്ടാമത്തെ സുപ്രധാന ഊന്നൽ മേഖലയാണ് മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള പ്രചാരണപ്രവർത്തനം. മനുഷ്യരായിരിക്കുന്നത് കൊണ്ട് എല്ലാ മനുഷ്യർക്കും ചില അവകാശങ്ങളുണ്ട്. “എല്ലാ മനുഷ്യരും സ്വതന്ത്രരായാണ് ജനിക്കുന്നത്, അവർ അന്തസ്സിന്റെയും അവകാശങ്ങളുടെയും കാര്യത്തിൽ തുല്യരാണ്” എന്നതാണ് മനുഷ്യാവകാശത്തിന്റെ തത്വശാസ്ത്രം എന്ന് സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം (Universal Declaration of Human Rights) പറയുന്നു. അതുകൊണ്ട് മനുഷ്യാവകാശങ്ങൾ നാം നേടിയെടുക്കേണ്ട ഒന്നല്ല. അതുപോലെ ചില ആളുകളിൽ നിന്ന് അത് തടഞ്ഞുവെയ്ക്കാനും പാടുള്ളതല്ല.

എല്ലാ വ്യക്തികളുടെയും അന്തസിനോടും മൂല്യത്തോടുമുള്ള മൗലികമായ ബഹുമാനത്തിന്റെ പുറത്താണ് മനുഷ്യാവകാശ പ്രസ്ഥാനം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. സാമൂഹ്യ പ്രവർത്തനത്തിന്റെ ഹൃദയം എന്നു പറയുന്നത് വ്യക്തിയുടെ അന്തസ്സിനോടും മൂല്യത്തോടുമുള്ള ബഹുമാനമാണ്.

1988-ൽ, സാമൂഹ്യപ്രവർത്തകരുടെ അന്തർദേശീയ ഫെഡറേഷന്റെ നയം വ്യക്തമാക്കുന്ന പ്രസ്താവന പ്രകാരം "സാമൂഹ്യപ്രവർത്തനം എന്നത് മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയാണ്. എല്ലാ വ്യക്തികൾക്കും വിലയും അന്തസ്സും ഉണ്ടെന്നതും അത് വ്യക്തികൾക്ക് സുരക്ഷയും വികസനവും വാഗ്ദാനം ചെയ്യുന്നു എന്നതും സാമൂഹ്യപ്രവർത്തനത്തിൽ അന്തർലീനമായിരിക്കുന്ന മൂല്യമാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രൂപംകൊണ്ട പ്രധാനപ്പെട്ട മൂന്ന് അന്തർദേശീയ സാമൂഹ്യപ്രവർത്തന നയങ്ങളിലും മനുഷ്യാവകാശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്". സാമൂഹ്യപ്രവർത്തനത്തിന്റെ ആഗോള നിർവചനം, ധാർമിക തത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്താവന, സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ആഗോള നിലവാരങ്ങൾ എന്നിവയാണ് ആ മൂന്ന് നയങ്ങൾ.



നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ബഹുസാംസ്കാരികത എന്ന പദം വിശദീകരിക്കുക.
2. വ്യത്യസ്തമായ സംസ്കാരങ്ങളിൽ നിന്ന് വരുന്ന വ്യത്യസ്തരായ വ്യക്തികളുടെ ഇടയിൽ തന്റെ തൊഴിൽ ഒരു അന്തർദേശീയ സാമൂഹ്യ പ്രവർത്തകന് എങ്ങനെ നിർവഹിക്കാൻ കഴിയും?
3. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിലെ സമീപനങ്ങളെ കുറിച്ച് ലഘു വിവരണം നൽകുക.



ഒരു ബഹുസാംസ്കാരിക ചുറ്റുപാടിൽ ജോലിചെയ്തിട്ടുള്ള സാമൂഹ്യ പ്രവർത്തകൻ/പ്രവർത്തകയുമായി അവന്റെ/അവളുടെ അനുഭവങ്ങൾ മനസ്സിലാക്കാൻ വേണ്ടി ഒരു ചർച്ച സംഘടിപ്പിക്കുക.

9.4 സാമൂഹ്യപ്രവർത്തനത്തിലെ ആഗോള സംഘടനകൾ (Global Organizations in Social Work)

ഉദ്ദേശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടി സാമൂഹ്യപ്രവർത്തന രീതികൾ ഉപയോഗിക്കുന്ന ഏതെങ്കിലും അന്തർദേശീയ സംഘടനയുടെ പേര് പറയാമോ?

- ....

സാമൂഹ്യക്ഷേമം ഉൾപ്പെട്ട അന്തർദേശീയ പ്രശ്നങ്ങളിൽ മാത്രം ഇടപെടുന്ന പ്രത്യേകമായുള്ള ചില സംഘടനകളുണ്ട്. ഇത്തരം സംഘടനകൾ പ്രവർത്തനം നടത്തിവരുന്ന ചില പദ്ധതികളാണ്:

1. ദാരിദ്ര്യം പരിഹരിക്കുന്നതിനായി വരുമാന ദായക പദ്ധതികൾ ആസൂത്രണം ചെയ്യലും നടപ്പിലാക്കലും.
2. വിഷമ സാഹചര്യങ്ങളിൽ അടിയന്തര ഭക്ഷണം, വസ്ത്രം, ആരോഗ്യപരിചരണം എന്നിവ ലഭ്യമാക്കൽ.
3. എച്ച്.ഐ.വി./എയ്ഡ്സ് പടരുന്നത് കുറയ്ക്കാനുള്ള വിദ്യാഭ്യാസം, തടയാനുള്ള ആശയ പ്രചാരണം എന്നിവ സംഘടിപ്പിക്കലും ജനങ്ങളുടെ മറ്റ് ആരോഗ്യആവശ്യങ്ങൾ നേരിടലും.
4. ചെലവു കുറഞ്ഞ പ്രാഥമിക വിദ്യാഭ്യാസ മാതൃകകൾ പ്രോത്സാഹിപ്പിക്കൽ.
5. സ്ത്രീകൾക്ക് തുല്യമായ അവകാശങ്ങൾ നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ വികസിപ്പിക്കൽ.
6. ബാലവേല തടയൽ.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാനപ്പെട്ട സംഘടനകൾ:

i. ഐക്യരാഷ്ട്ര സംഘടനയും (UN) അതിന്റെ ഏജൻസികളും
ii. ഓരോ രാജ്യത്തെയും സർക്കാർ സംഘടനകൾ.
iii. സർക്കാരേതര സംഘടനകൾ (Non-Government Organizations, NGOs)

ഐക്യരാഷ്ട്ര സംഘടനയും ഏജൻസികളും

നിങ്ങൾ ഐക്യരാഷ്ട്ര സംഘടനയെ പറ്റി കേട്ടിട്ടുണ്ടോ?

- ....

എപ്പോഴാണ് ഐക്യരാഷ്ട്രസംഘടന രൂപപ്പെട്ടത്?

- ....

ഐക്യരാഷ്ട്ര സംഘടനയുടെ ഏതെങ്കിലും രണ്ട് ഏജൻസികളുടെ പേര് എഴുതാൻ സാധിക്കുമോ?

- ....

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ ഐക്യരാഷ്ട്രസംഘടനയും അതിന്റെ വിവിധ ഏജൻസികളും ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്. 1945 ജൂൺ 26-ന് ഒരു ഉടമ്പടി ഒപ്പുവെച്ചു കൊണ്ടാണ് ഐക്യരാഷ്ട്ര സംഘടന രൂപം കൊണ്ടത്. ഐക്യരാഷ്ട്ര സംഘടനയിൽ ഇപ്പോൾ 192 അംഗ രാജ്യങ്ങൾ ഉണ്ട്. ഉടമ്പടി പ്രകാരം ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്ന വിധം നിർവചിക്ക പ്പെട്ടിരിക്കുന്നു:

- രാജ്യാന്തരതലത്തിൽ സമാധാനവും സുരക്ഷയും നിലനിർത്തുക.
- രാജ്യങ്ങൾക്കിടയിൽ സൗഹാർദപരമായ ബന്ധം വളർത്തിക്കൊണ്ടുവരിക.
- സാമ്പത്തിക, സാമുഹ്യ, സാംസ്കാരിക, മാനുഷിക സ്വഭാവമുള്ള അന്തർദേശീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ രാജ്യാന്തര സഹകരണം നേടിയെടുക്കലും മനുഷ്യാവകാശങ്ങളോടുള്ള ബഹുമാനം പ്രോത്സാഹിപ്പിക്കലും.
- ഈ പൊതു ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി വിവിധ രാജ്യങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന കേന്ദ്രമായി വർത്തിക്കുക.

അന്തർദേശീയ സാമുഹ്യപ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന വിവിധ ഐക്യരാഷ്ട്ര സംഘടന ഏജൻസികളുണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാനപ്പെട്ട ഏജൻസികൾ താഴെക്കൊടുത്തിരിക്കുന്നു:

1. യുണിസെഫ് (UNICEF)
2. ലോകാരോഗ്യ സംഘടന (WHO)
3. ഐക്യരാഷ്ട്ര സംഘടനയുടെ വികസന പദ്ധതി (UNDP)
4. ഭക്ഷ്യ-കാർഷിക സംഘടന (FAO)
5. അന്തർദേശീയ തൊഴിലാളി സംഘടന (ILO)

i. യൂണിസെഫ് (ഐക്യരാഷ്ട്ര സംഘടനയുടെ കുട്ടികൾക്കായുള്ള അടിയന്തര ധനശേഖരം (United Nations International Children's Emergency Fund, UNICEF)

ഐക്യരാഷ്ട്ര സംഘടനയുടെ ഒരു പ്രധാനപ്പെട്ട ഏജൻസിയാണ് യുണിസെഫ് (UNICEF). 1946-ൽ യുറോപ്പിലും ചൈനയിലും യുദ്ധാനന്തരമുള്ള ആശ്വാസ പ്രവർത്തനങ്ങൾക്കായിട്ടാണ് ഇത് സ്ഥാപിതമായത്. ലോകത്തെ മിക്കവാറും എല്ലാ രാജ്യങ്ങളിലും യുണിസെഫ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സാമുദായിക അടിസ്ഥാനത്തിൽ പ്രാഥമിക ആരോഗ്യ സംരക്ഷണം, സാമൂഹ്യ സേവനങ്ങൾ, കുടിവെള്ളം ലഭ്യമാക്കൽ, ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം, പോഷണം, അടിയന്തര പ്രവർത്തനങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വികസ്വര രാജ്യങ്ങളിലെ കുട്ടികളുടെയും യുവജനങ്ങളുടെയും ജീവിതം മെച്ചപ്പെടുത്തുക എന്നതാണ് യൂണിസെഫും ലക്ഷ്യമാക്കുന്നത്. യൂണിസെഫും ലോകാരോഗ്യ സംഘടനയും സംയുക്തമായി ലോകത്തോട് പ്രഖ്യാപിച്ചിരിക്കുന്നത് ഭൂമിയിലുള്ള 90% കുട്ടികളെയും പ്രധാനപ്പെട്ട ആറ് കൊലയാളി രോഗങ്ങളായ പോളിയോ, ഡിഫ്തീരിയ, ക്ഷയം, വില്ലൻ ചുമ, അഞ്ചാംപനി, ടെറ്റനസ് എന്നിവക്കെതിരായ രോഗപ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കും എന്നാണ്.

ii. ലോകാരോഗ്യ സംഘടന (World Health Organization, WHO)

1948-ൽ ആരംഭിച്ച ലോകാരോഗ്യ സംഘടന ഐക്യരാഷ്ട്രസഭയുടെ ഒരു പ്രത്യേക ശാഖയാണ്. എല്ലാവർക്കും സാധ്യമായ, ഏറ്റവും ഉയർന്ന ആരോഗ്യ നിലവാരം സ്വായത്തമാക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ് ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം. ഇത് രാജ്യാന്തര ആരോഗ്യപ്രശ്നങ്ങളിൽ മേൽനോട്ടം വഹിക്കുകയും, പകർച്ചവ്യാധികൾ തടയാൻ ശ്രമിക്കുകയും, ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും ചെയ്യുന്നു. ഈ സംഘടന പ്രാഥമികതല ആരോഗ്യ സംരക്ഷണത്തിൽ ശ്രദ്ധയുന്നുകയും ശുചിത്വം, ജലലഭ്യത, പ്രതിരോധകുത്തിവെയ്പ്പ്, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം എന്നീ മേഖലകളിൽ ഇടപെടൽ നടത്തുകയും ചെയ്യുന്നു. എച്ച്.ഐ.വി. പടരുന്നത് തടയാനുള്ള പ്രചാരണത്തിന് ലോകാരോഗ്യ സംഘടന നേതൃത്വം നൽകുന്നുണ്ട്. ഇബോള, മലമ്പനി, വസൂരി മുതലായ പ്രധാനപ്പെട്ട തടയാവുന്ന രോഗങ്ങൾ നിർമാർജ്ജനം ചെയ്യുന്ന കാര്യത്തിൽ ലോകാരോഗ്യ സംഘടന പുരോഗതി കൈവരിച്ചിട്ടുണ്ട്.

iii. ഐക്യരാഷ്ട്ര സംഘടനയുടെ വികസന പദ്ധതി (United Nations Development Programme, UNDP)

1965 –ൽ രൂപംകൊണ്ട യു.എൻ.ഡി.പി. വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ യു.എൻ. ശാഖകളുടെയും ഏകോപനമാണ് നിർവഹിക്കുന്നത്. യു.എൻ.ഡി.പി. അഞ്ച് മേഖലകളിലാണ് ശ്രദ്ധയൂന്നുന്നത്. ദാരിദ്ര്യം കുറയ്ക്കൽ, ജനാധിപത്യപരമായ ഭരണം ശക്തിപ്പെടുത്തൽ, സുസ്ഥിര വികസനത്തിന് ആവശ്യമായ ഊർജവും പരിസ്ഥിതിയും രൂപപ്പെടുത്തൽ, പ്രതിസന്ധിപരിഹരണവും വീണ്ടെടുക്കലും, എച്ച്ഐവി/എയ്ഡ്സ് രോഗബാധയോട് പ്രതികരിക്കൽ എന്നിവയാണ് ആ അഞ്ച് മേഖലകൾ. നിലവിൽ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളുടെ (MDGs) ഏറ്റവും ശക്തമായ വക്താവാണ് യു.എൻ.ഡി.പി.

1986 – ൽ യു.എൻ.ഡി.പി. സ്ത്രീകളുടെ വികസനത്തിനായി ഒരു വിഭാഗം രൂപീകരിച്ചു. ദരിദ്രരാജ്യങ്ങളിലെ താഴ്ന്ന വരുമാനക്കാരായ സ്ത്രീകൾക്ക് പിന്തുണ നൽകുന്ന പ്രത്യേക പദ്ധതിയായ സ്ത്രീകളുടെ വികസനത്തിനായുള്ള ഐക്യരാഷ്ട്ര സംഘടനയുടെ ധന ശേഖരം (United Nations Development Fund for Women, UNIFEM) കൈകാര്യം ചെയ്യുന്നത് ഈ വിഭാഗമാണ്. യുണിഫെമ്മിന്റെ നാല് തന്ത്രപ്രധാന മേഖലകൾ:

- സ്ത്രീകൾക്കിടയിൽ ദാരിദ്ര്യം കുറയ്ക്കുക.
- സ്ത്രീകൾക്കെതിരെയുള്ള അക്രമം അവസാനിപ്പിക്കുക.
- സ്ത്രീകളിലും കുട്ടികളിലും എച്ച്ഐവി/എയ്ഡ്സ് രോഗബാധ കുറയ്ക്കുക.
- ജനാധിപത്യ ഭരണ നിർവഹണത്തിൽ ലിംഗസമത്വം നേടിയെടുക്കുക.

iv. ഭക്ഷ്യ-കാർഷിക സംഘടനയും (Food and Agricultural Organization, FAO) ആഗോള ഭക്ഷ്യ പരിപാടിയും (World Food Programme)

ഭക്ഷ്യ കാർഷിക സംഘടന (FAO) ആഗോള ഭക്ഷ്യ സുരക്ഷക്കായുള്ള ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക ശാഖയാണ്. ആപൽഘട്ടങ്ങളിൽ ഭക്ഷണം ലഭ്യമാക്കുന്നതുമാത്രമല്ല വികസനത്തെ പിന്തുണയ്ക്കുന്നതും ഇതിന്റെ ലക്ഷ്യമാണ്. കാർഷിക ആസൂത്രണം, ഉൽപ്പാദനം, ഭക്ഷണവിതരണം എന്നീ കാര്യങ്ങളിൽ ഈ സംഘടന ഒരു ആഗോള വിവരവിനിമയ മുന്നറിയിപ്പ് സംവിധാനത്തിലൂടെ സാങ്കേതികമായ പിന്തുണയും ഉപദേശവും നൽകുന്നു. ലോക വ്യാപകമായി വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യ സഹായത്തിന്റെ 25% വും ഐക്യരാഷ്ട്ര സംഘടനയുടെ ഒപ്പം ചേർന്ന് എഫ്.എ.ഒ.യാണ് നിർവഹിക്കുന്നത്

v. അന്തർദേശീയ തൊഴിലാളി സംഘടന [International Labour Organization, ILO)

1946 -ൽ ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമാണ് അന്തർദേശീയ തൊഴിലാളി സംഘടന സ്ഥാപിതമായത്. അന്തർദേശീയ തൊഴിൽ സംഘടന, തൊഴിലിടങ്ങളിലെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുകയും മാന്യമായ തൊഴിൽ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും സാമൂഹ്യസംരക്ഷണം മെച്ചപ്പെടുത്തുകയും തൊഴിൽ സംബന്ധമായ പ്രശ്നങ്ങളിൽ സംവാദം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

1969-ൽ തൊഴിലാളി വർഗത്തിന്റെ ഇടയിൽ സമാധാനം മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് വേണ്ടി നീതിഅന്വേഷിക്കൽ, വികസ്വര രാജ്യങ്ങൾക്ക് സാങ്കേതിക പിന്തുണനൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന് സമാധാനത്തിനുള്ള നോബേൽ സമ്മാനം ഈ സംഘടന നേടി.

ഐക്യരാഷ്ട്ര സംഘടനയെക്കുറിച്ചും അതിന്റെ ഏജൻസികളെക്കുറിച്ചും ഇതിനകം നാം പഠിച്ചു കഴിഞ്ഞു. ഇനി നമുക്ക് ചില സർക്കാർ, സർക്കാർ ഇതര സംഘടനകളെക്കുറിച്ച് അന്വേഷിക്കാം.

സർക്കാർതല ഉഭയകക്ഷി സഹായ പദ്ധതികളും ഏജൻസികളും
(Governmental Bilateral Aid Programmes and Agencies)

സാമൂഹ്യക്ഷേമ ഉത്തരവാദിത്വം നിറവേറ്റുന്നതിനാണ് പൊതുവിൽ വിദേശ സഹായം അല്ലെങ്കിൽ അന്തർദേശീയ വികസന സഹായം ലക്ഷ്യം വയ്ക്കുന്നത്. വികസ്വര രാജ്യങ്ങളെ അവരുടെ വികസന പരിശ്രമങ്ങളിൽ സഹായിക്കാനുള്ള സംവിധാനമായാണ് സഹായ പദ്ധതികളെ കാണുന്നത്. കേരളത്തിൽ ജപ്പാൻ, ഫ്രാൻസ്, കാനഡ, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളും ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് (Asian Development Bank, ADB) തുടങ്ങിയ സ്ഥാപനങ്ങളും ധനസഹായം നൽകുന്ന പല വികസനപദ്ധതികളും ഉണ്ട്. ലോകബാങ്ക് സാമ്പത്തികസഹായം നൽകിയ, കേരളത്തിലെ അറിയപ്പെടുന്ന ഒരു കുടിവെള്ള പദ്ധതിയെപ്പറ്റി നിങ്ങൾക്ക് അറിയാമോ?

- ....

ലോകബാങ്ക് ഇന്ത്യൻ സർക്കാർ വഴി സാമ്പത്തികസഹായം നൽകിയ കുടിവെള്ള-ശുചിത്വ പദ്ധതിയായ *ജലനിധി* ആണിത്. ഗ്രാമപ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സ്ഥാപിച്ച വിപ്ലവകരമായ ഒരു സൂക്ഷ്മതല കുടിവെള്ള പദ്ധതിയാണിത്.

ഗുണകരമായ ഉഭയകക്ഷി ബന്ധമുള്ള വികസ്വരരാജ്യങ്ങൾക്ക്, പല രാജ്യങ്ങളും ഇതുപോലെ സാമ്പത്തികസഹായം നൽകാറുണ്ട്. വിദേശനയത്തിന് ഒരു ഉപകരണമാണ് ഉഭയകക്ഷി സഹായം. ഇത്തരത്തിൽ ഉഭയകക്ഷി സഹായം നൽകുന്ന സർക്കാർ ഏജൻസികൾ താഴെപ്പറയുന്നവയാണ്.

a. **അന്തർദേശീയ വികസനത്തിനായുള്ള യു.എസ്. ഏജൻസി (United States Agency for International Development, USAID) :** ദാരിദ്ര്യം കുറയ്ക്കാനും ജനാധിപത്യ സമൂഹങ്ങളുടെ ദൃഢതയ്ക്കും വേണ്ടി സൈനികേതര ആവശ്യങ്ങൾക്കുള്ള വിദേശസഹായം നൽകുന്ന അമേരിക്കൻ സർക്കാരിന്റെ മുഖ്യഏജൻസിയാണിത്.

b. **അന്തർദേശീയ വികസന വകുപ്പ് (Department for International Development, DID):** സുസ്ഥിര വികസനം, ദാരിദ്ര്യനിർമാർജനം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സേവനങ്ങൾ, കുടിവെള്ളവിതരണം, ശുചിത്വം തുടങ്ങിയ ആവശ്യങ്ങൾക്കായി വൈദേശിക സഹായം നൽകാനുള്ള ബ്രിട്ടീഷ് സർക്കാരിന്റെ ഏജൻസിയാണിത്.

c. **അന്തർദേശീയ വികസനത്തിനായുള്ള കനേഡിയൻഏജൻസി (Canadian International Development Agency, CIDA):** വികസ്വര രാജ്യങ്ങൾക്ക് വിദേശസഹായം നൽകാനുള്ള കാനഡ സർക്കാരിന്റെ ഏജൻസിയാണിത്.

d. **വികസനത്തിനായുള്ള യൂറോപ്യൻ ധനശേഖരം (European Development Fund, EFD):** ആഫ്രിക്ക, കരീബിയൻ ദ്വീപുകൾ, പസഫിക് പ്രദേശം എന്നിവിടങ്ങളിൽ വികസന സഹകരണത്തിനായി സഹായം നൽകുന്ന യൂറോപ്യൻ യൂണിയന്റെ ഏജൻസിയാണിത്.

സർക്കാർ ഇതര സംഘടനകൾ (Non Governmental Organizations - NGOs)

സാമൂഹ്യവികസനത്തിനായി പ്രവർത്തിക്കുന്ന ഏതെങ്കിലും സന്നദ്ധ സംഘടന (Voluntary Organization) നിങ്ങൾ സന്ദർശിച്ചിട്ടുണ്ടോ?

- ....

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ സർക്കാർ ഇതര സംഘടനകൾ ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്. സർക്കാർ ഇതര സംഘടനകൾ ഇടപെടുന്ന ചില മേഖലകളാണ്:

- സഹായവും വികസനവും
- മനുഷ്യാവകാശങ്ങൾ, സമാധാനം തുടങ്ങിയ കാര്യങ്ങൾക്കായി വാദിക്കൽ.
- വികസന വിദ്യാഭ്യാസം.
- സാമൂഹിക, യുവ സംഘടനകളുടെ അന്തർദേശീയ ശൃംഖല.

അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിന്റെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന ചില സർക്കാർ ഇതര സംഘടനകളാണ് റെഡ് ക്രോസ്, കെയർ (ദി കോപ്പറേറ്റീവ് ഫോർ അമേരിക്കൻ റിലീഫ് എവരി വെയർ), സേവ് ദ ചിൽഡ്രൻ, ഓക്സ്ഫാം, വൈ.എം.സി.എ/ വൈ.ഡബ്ല്യു.സി.എ., വേൾഡ് വിഷൻ, ആംനെസ്റ്റി ഇൻറർനാഷണൽ, സേവ് ഔർ സോൾസ് (എസ്.ഒ.എസ്) മുതലായവ. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.

a. റെഡ് ക്രോസ് (Red Cross)

1863 -ൽ സ്ഥാപിതമായ ഏറ്റവും പഴക്കമുള്ള അന്തർദേശീയ സന്നദ്ധ സംഘടനകളിൽ ഒന്നാണ് റെഡ് ക്രോസ്. തടവുകാരോടും സാധാരണ ജനങ്ങളോടും മനുഷ്യത്വപരമായി പെരുമാറുന്നു എന്ന് ഉറപ്പാക്കാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താനുമാണ് റെഡ് ക്രോസ് സ്ഥാപിതമായത്. അഭയാർത്ഥികൾ, ക്ഷാമത്തിന്റെ ഇരകൾ, യുദ്ധത്തിന്റെയും പ്രകൃതിദുരന്തങ്ങളുടെയും ഇരകൾ എന്നിവർക്ക് ആശ്വാസം പകരുന്നതിനാണ് റെഡ് ക്രോസ് പ്രാധാന്യം നൽകുന്നത്. ഭക്ഷണം, ജലം, പാർപ്പിടം, വസ്ത്രം, ജീവൻ നിലനിർത്താനാവശ്യമായ വൈദ്യസഹായം എന്നിങ്ങനെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുന്നതാണ് ദുരിതാശ്വാസം എന്നതിൽ ഉൾപ്പെടുന്നത്. ലോകത്തെ മിക്ക രാജ്യങ്ങളിലും അന്താരാഷ്ട്ര റെഡ് ക്രോസ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്.

ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്കവും പ്രതികരണവും, ആശുപത്രി സേവനങ്ങൾ, രക്തബാങ്ക്, എച്ച്.ഐ.വി/എയ്ഡ്സ് നിവാരണ പദ്ധതികൾ, മാതൃ ശിശു കുടുംബക്ഷേമം, പരിചരണം, ജൂനിയർ റെഡ്ക്രോസ് പ്രവർത്തനങ്ങൾ മുതലായവയാണ് അന്താരാഷ്ട്ര റെഡ് ക്രോസ് സൊസൈറ്റിയുടെ പരിപാടികൾ.

b. ഓക്സ്ഫാം ഇന്റർനാഷണൽ (Oxfam International)

ദാരിദ്ര്യത്തിന്റെയും അസമത്വത്തിന്റെയും അടിസ്ഥാനകാരണങ്ങൾ നേരിടാനാണ്

ഓക്സ്ഫാം ഇൻറർനാഷണൽ ശ്രമിക്കുന്നത്. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനമാണ് ഓക്സ്ഫാം ഇൻറർനാഷണലിന്റെ മാർഗനിർദ്ദേശക തത്വം. കൂടുതൽ തുല്യവും നീതിപൂർവ്വവും സുസ്ഥിരവുമായ ലോകം സൃഷ്ടിക്കുക എന്നതാണ് ഓക്സ്ഫാം ഇൻറർനാഷണൽ വിഭാവനം ചെയ്യുന്നത്. "എല്ലാവർക്കും അന്തസ്സോടെ ജീവിക്കാനുള്ള അവകാശം" എന്നതാണ് ഓക്സ്ഫാമിന്റെ ദർശനം. ഈ ദർശനം നിറവേറ്റുന്നതിനായി ഓക്സ്ഫാം ഇൻറർനാഷണൽ വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നു. ബീഹാറിലെ ക്ഷാമകാലത്ത് മനുഷ്യത്വപരമായ പ്രതികരണം എന്ന നിലയിൽ, 1951-ലാണ് ഓക്സ്ഫാം ഇന്റർനാഷണൽ ഇന്ത്യയിലേക്ക് വന്നത്. ഒരു വികസ്വര രാജ്യത്ത് ഓക്സ്ഫാം ആദ്യമായി നടത്തുന്ന മുഴുവൻസമയ മനുഷ്യസേവനപരമായ പ്രതികരണമായിരുന്നു ഇത്.

c. യുവതികളുടെ ക്രിസ്ത്യൻ സംഘടനയും യുവാക്കളുടെ ക്രിസ്ത്യൻ സംഘടനയും [Young Women's Christian Association (YWCA) and Youn Men's Christian Association (YMCA)]

ലോക യുവതികളുടെ ക്രിസ്ത്യൻ സംഘടന (World YWCA) എന്നത് നൂറ്റി ഇരുപതോളം രാജ്യങ്ങളിൽ സാമൂഹ്യവും സാമ്പത്തികവുമായ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സ്ത്രീകളുടെ കൂട്ടായ്മയാണ്. സമാധാനം, നീതി, മനുഷ്യാവകാശങ്ങൾ, പ്രകൃതി സംരക്ഷണം, എന്നിവയ്ക്കു വേണ്ടി ആഹ്വാനം ചെയ്യുക മാത്രമല്ല സ്ത്രീകളുടെ പദവി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളിലും ഒരു നൂറ്റാണ്ടി ലധികമായി വൈ.ഡബ്ല്യൂ.സി.എ. മുൻനിരയിൽ തന്നെയുണ്ട്.

1844-ൽ സ്ഥാപിതമായ വൈ.എം.സി.എ. യുവാക്കൾക്കായുള്ള ലോകത്തിലെ ഏറ്റവും പഴക്കമുള്ള വലിയ സംഘടനയാണ്. മതം, വംശം, ലിംഗഭേദം, സംസ്കാരം, എന്നിവയൊന്നും പരിഗണിക്കാതെ യുവജനങ്ങൾക്കും അവരുടെ സമുദായങ്ങൾക്കും സാമൂഹ്യനീതിയും സമാധാനവും ലഭ്യമാക്കുന്നതിന് വേണ്ടിയാണ് വൈ.എം.സി.എ. പ്രവർത്തിക്കുന്നത്.

യുവാക്കളുടെയും സ്ത്രീകളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ രീതിയിൽ ദേശീയവും അന്തർദേശീയവു മായ പൊതുനയങ്ങൾ ഉറപ്പാക്കണമെന്ന് വൈ.എം.സി.എ. യും വൈ.ഡബ്ല്യൂ.സി.എ. യും വാദിക്കുന്നു. ലക്ഷക്കണക്കിന് യുവാക്കളുടെയും സമുദായങ്ങളുടെയും ജീവിതത്തിൽ ദീർഘകാലം നീണ്ടുനിൽക്കുന്ന മാറ്റങ്ങളാണ് ഈ സംഘടനകൾ സൃഷ്ടിക്കുന്നത്.

d. വേൾഡ് വിഷൻ ഇന്റർനാഷണൽ (World Vision International)

വേൾഡ് വിഷൻ ഇൻറർനാഷണൽ എന്നത് ഒരു മനുഷ്യ സഹായ-വികസന അഭിഭാഷണ സംഘടനയാണ്. ഇത് ലോകത്തിലെ ഏറ്റവും വലിയ ദുരിതാശ്വാസ, വികസന സംഘടനകളിൽ ഒന്നായി വളർന്നു കഴിഞ്ഞിട്ടുണ്ട്.

വേൾഡ് വിഷൻ, വ്യക്തികളുടെ മതപരമായ വിശ്വാസങ്ങൾ പരിഗണിക്കാതെ ദാരിദ്ര്യത്തിനും വിശപ്പിനും അനീതിക്കുമെതിരെ പോരാടുന്നു. പാവപ്പെട്ട കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും സുസ്ഥിരമായ ഭാവി കെട്ടിപ്പടുക്കാൻവേണ്ടി സമുദായ

വികസനം, പാവങ്ങൾക്കുവേണ്ടി വാദിക്കൽ തുടങ്ങിയ വലിയ പ്രശ്നങ്ങളിലാണ് അവർ ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്.

c. ആംനെസ്റ്റി ഇന്റർനാഷണൽ (Amnesty International)

മനുഷ്യാവകാശങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരു സന്നദ്ധ സംഘടനയാണ് ആംനെസ്റ്റി ഇന്റർനാഷണൽ. ആംനെസ്റ്റി ഇൻററർനാഷണൽ മനുഷ്യാവകാശ ലംഘനങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുകയും അന്താരാഷ്ട്ര നിയമങ്ങളും നിലവാരങ്ങളുമായി യോജിച്ചുപോകാൻ വേണ്ടി പ്രചരണം നടത്തുകയും ചെയ്യുന്നു. "പീഡനത്തിനെതിരെയുള്ള പ്രചാരണത്തിന്" 1947- ൽ സംഘടന സമാധാനത്തിനുള്ള നോബൽ സമ്മാനം നേടുകയുണ്ടായി.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. ഐക്യരാഷ്ട്ര സംഘടനയുടെ ശാഖകൾ ആരംഭിച്ച വർഷം, അവയുടെ തലസ്ഥാനം, ലക്ഷ്യം എന്നിവ സൂചിപ്പിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.
2. ഏതെങ്കിലും മൂന്ന് അന്തർദേശീയ സർക്കാർ ഇതര സംഘടനകളെക്കുറിച്ച് വിശദീകരിക്കുക.
3. ലോകത്ത് നിലനിൽക്കുന്ന സർക്കാർ വക സഹായ ഏജൻസികളുടെ പട്ടിക തയ്യാറാക്കുക.

1. നിങ്ങൾക്ക് പരിചയമുള്ള ഒരു സർക്കാർ ഇതര സംഘടനയുടെ (NGO) ഉദ്ദേശ്യങ്ങൾ, പരിപാടികൾ, ധനസമാഹരണ മാർഗ്ഗം എന്നിവയെ കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുകയും അതിനെ ഒരു അന്തർദേശീയ സർക്കാർ ഇതര സംഘടനയുമായി താരതമ്യപ്പെടുത്തുകയും ചെയ്യുക.
2. ഐക്യരാഷ്ട്ര സംഘടനയുടെ വിവിധ ഏജൻസികളുടെ വെബ്സൈറ്റ് സന്ദർശിച്ച് ഓരോ ഏജൻസിയുടെയും വ്യത്യസ്തമായ പരിപാടികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

9.5 സാമൂഹ്യ പ്രവർത്തനത്തിന്റെ അന്താരാഷ്ട്ര സംഘടനകൾ (International Associations in Social Work)

സാമൂഹ്യപ്രവർത്തന പരിശീലന സ്ഥാപനങ്ങളുടെ അന്താരാഷ്ട്ര സംഘടനകൾ (International Associations of Schools of Social Work, IASSW) ഐ.എ.എസ്.എസ്.ഡബ്ല്യു. സാമൂഹ്യപ്രവർത്തനത്തിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളുടെ ലോകവ്യാപകമായ സംഘടനയാണ്. ഇത് സാമൂഹ്യ പ്രവർത്തന പരിശീലകരുടെയും കൂടി സംഘടനയാണ്. 1928- ൽ പാരീസിൽ നടന്ന ഒന്നാമത്തെ അന്തർദേശീയ സാമൂഹ്യ പ്രവർത്തന സമ്മേളനത്തിലാണ് ഐ.എ.എസ്.എസ്.ഡബ്ല്യു. സ്ഥാപിതമായത്. സംഘടനയിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങൾ ലോകമെമ്പാടുമുണ്ട്.

ഐ.എ.എസ്.എസ്.ഡബ്ല്യു. താഴെപ്പറയുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നു:

1. ലോകമെമ്പാടും സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസത്തിന്റെ വികസനം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുക.
2. സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്ന മാനദണ്ഡങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കുക.
3. സാമൂഹ്യപ്രവർത്തന പരിശീലകരുടെ അന്തർദേശീയ തലത്തിലുള്ള കൈമാറ്റത്തെ പ്രോത്സാഹിപ്പിക്കുക.
4. സാമൂഹ്യപ്രവർത്തന ഗവേഷണവും അതിനുള്ള സാമ്പത്തിക സഹായവും പങ്കുവയ്ക്കാനുള്ള വേദികൾ ലഭ്യമാക്കുക.
5. സാമൂഹികവികസനവും മനുഷ്യാവകാശങ്ങളും പ്രോത്സാഹിപ്പിക്കുക.

സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസത്തിൽ ലോകവ്യാപകമായ മികവ് പ്രോത്സാഹിപ്പിക്കാനും രാജ്യാന്തരതലത്തിലുള്ള വിവരങ്ങളും വൈദഗ്ധ്യങ്ങളും കൈമാറുന്നതിൽ സാമൂഹ്യപ്രവർത്തന പരിശീലകരുടെ കൂട്ടായ ഇടപെടൽ ഉറപ്പിക്കാനുമാണ് ഐ.എ.എസ്.എസ്.ഡബ്ല്യു. ന്റെ ദൗത്യം ഊന്നിപ്പറയുന്നത്.

ഈ സംഘടനയിലെ അംഗത്വം സാമൂഹ്യപ്രവർത്തന പരിശീലന സ്ഥാപനങ്ങൾക്കും സാമൂഹ്യപ്രവർത്തന പരിശീലകർക്കും പ്രത്യേക താല്പര്യമുള്ള മറ്റുള്ളവർക്കും ലഭ്യമാണ്.

സാമൂഹ്യപ്രവർത്തകരുടെ അന്താരാഷ്ട്ര ഫെഡറേഷൻ (International Federation of Social Workers, IFSW)

ഐ.എഫ്.എസ്.ഡബ്ല്യു. എന്നത് സാമൂഹ്യപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിലൂടെ സാമൂഹ്യനീതി, മനുഷ്യാവകാശങ്ങൾ, സാമൂഹിക വികസനം എന്നിവ ഉറപ്പിക്കാനായി പരിശ്രമിക്കുന്ന ആഗോള സംഘടനയാണ്. തങ്ങളുടെ തൊഴിൽ രാജ്യാന്തരതലത്തിൽ ശ്രദ്ധിക്കപ്പെടാനുള്ള അവസരം നൽകുക വഴി ഐ.എഫ്.എസ്.ഡബ്ല്യു. അതിന്റെ 116 അംഗരാജ്യങ്ങളെ പിന്തുണക്കുന്നു. ഐ.എഫ്.എസ്.ഡബ്ല്യു. ലോകാരോഗ്യ സംഘടന, യൂണിസെഫ്, യു.എൻ.എച്ച്.സി.ആർ. എന്നിവയോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു.

സാമൂഹ്യ ക്ഷേമത്തിനായുള്ള അന്താരാഷ്ട്ര കൗൺസിൽ (International Council on Social Welfare, ICSW)

പാരീസിൽ 1928–ലാണ്, ഐ.സി.എസ്.ഡബ്ല്യു. സ്ഥാപിതമായത്. ലോകമെമ്പാടുമുള്ള 70 രാജ്യങ്ങളിലെ ദേശീയവും പ്രാദേശികവുമായ സംഘടനകളെ പ്രതിനിധീകരിക്കുന്ന ഒരു സന്നദ്ധ സംഘടനയാണിത്. പ്രമുഖമായ അന്തർദേശീയ സംഘടനകളും ഇതിൽ അംഗമാണ്. സംഘടനകളുടെ പരസ്പര ബന്ധത്തിലൂടെ ദരിദ്രർ, ഭിന്നശേഷിക്കാർ, തൊഴിൽരഹിതർ, അടിച്ചമർത്തപ്പെട്ടവർ മുതലായ വലിയൊരു വിഭാഗം ജനങ്ങൾക്ക്

സഹായം ലഭ്യമാക്കുന്നു. ദുർബലാവസ്ഥയോ പ്രത്യേക ബുദ്ധിമുട്ടുകളോ നേരിടുന്ന യുവജനങ്ങൾ, വൃദ്ധർ, കുടുംബങ്ങൾ, തദ്ദേശീയ ജനവിഭാഗങ്ങൾ, കുടിയേറ്റക്കാർ, അഭയാർത്ഥികൾ, തുടങ്ങിയവരെ ഈ സംഘടന സഹായിക്കുന്നു.

സാമൂഹ്യപ്രവർത്തകരുടെ ദേശീയ സംഘടന (National Association of Social Workers, NASW)

സാമൂഹ്യപ്രവർത്തകരുടെ ദേശീയ സംഘടന ഒരു അമേരിക്കൻ സംഘടനയാണ്. സാമൂഹ്യപ്രവർത്തകരായി ജോലിചെയ്യുന്നവർ ഏറ്റവുമധികം അംഗങ്ങളായിട്ടുള്ള സംഘടനയാണ് ഇത്. എൻ.എ.എസ്.ഡബ്ല്യു. അതിലെ അംഗങ്ങളുടെ വളർച്ചയും വികാസവും മെച്ചപ്പെടുത്തുകയും ഉദ്യോഗപരമായ ഉയർന്ന നിലവാരം സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നതോടൊപ്പം ശക്തമായ സാമൂഹിക നയങ്ങൾ മുന്നോട്ട് വെക്കാനും ശ്രമിക്കുന്നു.

9.6 അന്തർദേശീയ സാമൂഹ്യ പ്രവർത്തനത്തിൽ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ അവസരങ്ങൾ (Educational and Career Opportunities in International Social Work)

ആഗോളവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ, ആഗോള കുടിയേറ്റം, ദുരന്തങ്ങൾ, ദാരിദ്ര്യം, രോഗം, മറ്റു സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിന്റെയും പ്രയോഗത്തിന്റെയും പ്രസക്തി വർധിപ്പിക്കാൻ കാരണമായിട്ടുണ്ട്. സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസത്തിന്റെ രാജ്യാന്തര മാനം, സാമൂഹ്യപ്രവർത്തനത്തിൽ ജോലിചെയ്യുന്ന വ്യക്തികളെ പ്രാദേശിക ചുറ്റുപാടുകൾ മനസ്സിലാക്കാനും അതോടൊപ്പം സാമൂഹ്യപ്രശ്നങ്ങളെ ആഗോള കാഴ്ചപ്പാടിൽ സമീപിക്കാനും നിർബന്ധിതരാക്കുന്നു. സാമൂഹ്യപ്രവർത്തകർ സാമൂഹ്യനീതിക്കായുള്ള മനുഷ്യാവകാശ ചട്ടക്കൂടുമായി യോജിച്ചു നിന്നുകൊണ്ട് വേണം ഇന്നത്തെ സങ്കീർണ്ണമായ സാമൂഹികപ്രശ്നങ്ങൾ നേരിടാൻ.

അന്തർദേശീയ സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നിൽക്കുന്ന അന്തർദേശീയ സാമൂഹ്യപ്രവർത്തന പ്രയോഗത്തിനും പാഠ്യപദ്ധതി പ്രശ്നങ്ങൾക്കുമായി പ്രത്യേക മാതൃകകൾ കണ്ടെത്തിയിട്ടുണ്ട്.

അന്തർദേശീയ സാമൂഹ്യപ്രവർത്തന പ്രയോഗത്തിനായി സാമൂഹ്യപ്രവർത്തന പരിശീലകർ ഉപയോഗിക്കുന്ന മാതൃകകളിൽ ചിലത് താഴെ കാണാം.

- വ്യക്തിപരമായ സാമൂഹ്യസേവന മാതൃക
- സാമൂഹ്യക്ഷേമ മാതൃക

- സാമുഹ്യവികസന മാതൃക
- ആഗോള സാമൂഹ്യപരിവർത്തന മാതൃക

സാമുഹികവും സാമ്പത്തികവുമായ വികസനത്തിന് വേണ്ടി കുടുതൽ സന്തുലിതമായ സമീപനങ്ങൾ മുന്നോട്ടുവയ്ക്കുന്നതിന് ഓരോ മാതൃകയും വ്യത്യസ്തമായ പരിഹാരങ്ങളാണ് നിർദ്ദേശിക്കുന്നത്. അതിനുപുറമേ ഇവ ഓരോന്നും ചരിത്രപരമായി പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ജനവിഭാഗങ്ങളെയും മറ്റുള്ളവരെയും വർധിച്ച രാഷ്ട്രീയതുല്യത നേടിയെടുക്കാനും സഹായിക്കുന്നു.

അന്തർദേശീയ സാമുഹ്യപ്രവർത്തന തൊഴിലുകൾ (International Social Work Careers)

സാമുഹ്യപ്രവർത്തനം എല്ലായിപ്പോഴും ഒരു ക്ഷേമപ്രവർത്തനം ആയിരുന്നു. അന്തർദേശീയ സാമുഹ്യപ്രവർത്തകർ സാമുഹ്യഅനീതികൾ, മനുഷ്യാവകാശ ലംഘനങ്ങൾ എന്നിവക്കെതിരെ പ്രതിഷേധിക്കുകയും പ്രതിസന്ധിഘട്ടങ്ങളിൽ ഇടപെടുകയും ദാരിദ്ര്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സാമുഹ്യ പ്രവർത്തനത്തിന്റെ സ്വഭാവം ബഹുവിഷയപരമാണ് (Interdisciplinary).

അന്താരാഷ്ട്രതലത്തിലുള്ള സാമുഹ്യപ്രവർത്തനം വളരെയധികം മത്സരാത്മകമാണ് അതുകൊണ്ട് ഒരു ജോലിക്ക് അപേക്ഷിക്കുന്നതിന് മുൻപ് അതിന് ആവശ്യമായ പരിചയം, ശേഷികൾ, വിഭവങ്ങൾ, ഉൾപ്പെട്ടിരിക്കുന്ന സംസ്കാരം എന്നിവ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ദീർഘവീക്ഷണമുള്ള തൊഴിൽദാതാവ് തൊഴിലിന് ഏറ്റവും അനുയോജ്യനായ വ്യക്തിയെ ലഭിക്കുന്നതിനു വേണ്ടി മുൻ അനുഭവങ്ങൾ, സാംസ്കാരികമായ അറിവ്, പുതുമയാർന്ന പദ്ധതികൾ എന്നിവ ശ്രദ്ധിക്കും.

രാജ്യാന്തരതലത്തിൽ സാമൂഹിക പ്രവർത്തകർക്ക് ലഭ്യമായിട്ടുള്ള തൊഴിൽ മേഖലകൾ താഴെ നിർദ്ദേശിക്കുന്നു:

- വൈദ്യശാസ്ത്ര സാമൂഹ്യപ്രവർത്തകർ
- മാനസികാരോഗ്യ സാമുഹ്യപ്രവർത്തകർ
- കമ്മ്യൂണിറ്റി കെയർ വർക്കർ/കമ്മ്യൂണിറ്റി ഓർഗനൈസർ
- കേസ് മാനേജർമാർ
- സ്കൂൾ സാമൂഹ്യപ്രവർത്തകർ
- ജെറിയാട്രിക് (വയോജനസംരക്ഷണം) കെയർ വർക്കർ
- ശിശു മാർഗ്ഗനിർദ്ദേശക ക്ലിനിക്കുകൾ
- കുറ്റകൃത്യ പരിഹാര മേഖലകൾ
- പുനരധിവാസ സാമുഹ്യ പ്രവർത്തകർ
- കൗൺസിലർമാർ
- ക്ഷേമ സേവനദാതാക്കൾ തുടങ്ങി ധാരാളം തൊഴിൽ മേഖലകൾ ഉണ്ട്.

അന്തർദേശീയ സാമൂഹ്യ പ്രവർത്തകർക്ക് തൊഴിൽ നൽകുന്ന സംഘടനകൾ (Organizations which Employ International Social Workers)

സാമൂഹ്യ പ്രവർത്തകർക്ക് തൊഴിൽ നൽകുന്ന ധാരാളം രാജ്യാന്തര സംഘടനകൾ- സർക്കാർ തലത്തിലും സ്വകാര്യമേഖലയിലും നിലവിലുണ്ട്. എല്ലാ രാജ്യങ്ങളുടെയും എംബസിയിൽ അവരുടെ രാജ്യത്തെ വിവിധ സമുദായങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും പരിപാടികളുടെയും വിവരം ഉണ്ടായിരിക്കും. അന്തർദേശീയ സാമൂഹ്യ പ്രവർത്തകർക്ക് തൊഴിൽ നൽകുന്ന ചില അറിയപ്പെടുന്ന സംഘടനകൾ താഴെപ്പറയുന്നവയാണ്:

- കൗൺസിൽ ഫോർ ഇന്റർനാഷണൽ എഡ്യൂക്കേഷൻ ആൻഡ് എക്സ്ചേഞ്ച് (CIEE)
- ഇന്റർനാഷണൽ ജസ്റ്റിസ് മിഷൻ (IJM)
- ഇന്റർനാഷണൽ റസ്ക്യൂ കമ്മിറ്റി (IRC)
- സേവ് ദി ചിൽഡ്രൻ
- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർനാഷണൽ എഡ്യൂക്കേഷൻ (IIE)
- ഇന്റർനാഷണൽ സൊസൈറ്റി ഫോർ ഇന്റർ കൾച്ചറൽ ട്രെയിനിങ് ആൻഡ് റിസർച്ച്
- ഐക്യരാഷ്ട്രസംഘടനയുടെ ശാഖകൾ

മിക്കവാറും എല്ലാ സാമൂഹ്യപ്രവർത്തന ജോലികളും നിങ്ങളുടെ അനുഭവത്തെയും അറിവിനെയും വെല്ലുവിളിക്കും. സമുദായങ്ങളെ സഹായിക്കാനുള്ള അഭിനിവേശം ഉണ്ടെങ്കിൽ സംഘടനയ്ക്ക് നിങ്ങൾ ഒരു വലിയ മുതൽക്കൂട്ടായിരിക്കും. അന്തർദേശീയ സാമൂഹ്യപ്രവർത്തകൻ എന്ന തൊഴിൽ തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന ഏതൊരാളും നിരവധി ഗവേഷണങ്ങൾ നടത്തി എല്ലാ ഘടകങ്ങളും പരിഗണിച്ചതിനുശേഷം മാത്രമേ വിദേശത്തേക്ക് പോകാവൂ. അന്തർദേശീയ സംഘടനകളുമായി ചേർന്ന് ലോകവ്യാപകമായി സന്നദ്ധ പ്രവർത്തനം നടത്താനും പ്രവർത്തിക്കാനും തയ്യാറാക്കുക വഴി ഒരു സാമൂഹ്യപ്രവർത്തകന് മെച്ചപ്പെട്ട കഴിവുകൾ നേടിയെടുക്കാനും അതുവഴി മികച്ച തൊഴിൽപരമായ വികസനത്തിനുവേണ്ടി സ്വയം തയ്യാറാവുകയും ചെയ്യാം.

തൊഴിൽപരമായ യോഗ്യതയുള്ള സാമൂഹ്യപ്രവർത്തകന് വിവിധ മേഖലകളിൽ സാമൂഹ്യപ്രവർത്തനം നടത്താൻ വേണ്ടി വിവിധ രാജ്യങ്ങളിൽ പ്രത്യേകിച്ച് ബ്രിട്ടൻ, അമേരിക്ക, കാനഡ, അയർലൻഡ്, ഓസ്ട്രേലിയ, അതിനുപുറമേ ഐക്യരാഷ്ട്ര സംഘടന എന്നിവിടങ്ങളിലെല്ലാം അവസരങ്ങളുണ്ട്. മധ്യപൗരസ്ത്യ ദേശത്തും സാമൂഹ്യപ്രവർത്തനത്തിന്റെ സാധ്യതകൾ വർധിച്ചു വരികയാണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. അന്തർദേശീയ സാമൂഹ്യപ്രവർത്തനം നടത്താൻ പരിശീലകർ ഉപയോഗിക്കുന്ന മാതൃകകൾ ഏതെല്ലാമാണ്?
2. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെടാൻ ആവശ്യമായ ഗുണങ്ങൾ എന്തെല്ലാം?

സംക്ഷിപ്തം

ഈ പാഠത്തിൽ നമ്മൾ അന്തർദേശീയ സാമൂഹ്യപ്രവർത്തനം എന്ന ആശയം, ഒരു ആഗോളതൊഴിൽ എന്ന നിലയിൽ സാമൂഹ്യപ്രവർത്തനത്തിന്റെ പ്രാധാന്യം, സാമൂഹ്യ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്ന വിവിധ തൊഴിൽ സംഘടനകൾ, മനുഷ്യജീവിതത്തിലെ വികസന മേഖലകളിൽ സാമൂഹ്യപ്രവർത്തനവുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ തുടങ്ങിയവയെല്ലാം പഠിച്ചു. അന്തർദേശീയ സാമൂഹ്യ പ്രവർത്തനത്തിന്റെ നാല് പരിപ്രേക്ഷ്യങ്ങൾ ആഗോളം, മനുഷ്യാവകാശങ്ങൾ, പരിസ്ഥിതിപരം, സാമൂഹ്യവികസനം എന്നിവയാണ്. ബഹുസാംസ്കാരികമായ സാഹചര്യത്തിലാണ് അന്തർദേശീയ സാമൂഹ്യപ്രവർത്തകർ പ്രവർത്തിക്കുന്നത്. സാമൂഹ്യപ്രവർത്തനത്തിന്റെ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബഹു സാംസ്കാരികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാംസ്കാരിക സംഘങ്ങൾ അവരുടെ വ്യതിരിക്തമായ സ്വത്വങ്ങൾ, ഭാഷകൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, മതങ്ങൾ എന്നിവയെ നിലനിർത്തുന്നതിനെയാണ്. സമൂഹത്തിൽ മൊത്തമായി നിലനിൽക്കുന്ന സാംസ്കാരിക സമ്പത്തിനെയാണ് ജനങ്ങളുടെ ഈ സവിശേഷമായ നടപടികൾ സൂചിപ്പിക്കുന്നത്. സാമൂഹ്യപ്രവർത്തകൻ ബഹുസാംസ്കാരികമായ അന്തരീക്ഷത്തിൽ തന്റെ തൊഴിൽ ചെയ്യാൻ പരിശീലിക്കണം. ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസികൾ, സർക്കാർ ഏജൻസികൾ, സർക്കാർ ഇതര സംഘടനകൾ എന്നിവയാണ് അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾ. ഈ സന്ദർഭത്തിൽ നാം പ്രധാനപ്പെട്ട ഏജൻസികളെ കുറിച്ചും അവരുടെ ഇടപെടലുകളെ കുറിച്ചും മനസിലാക്കുന്നു. ലോകമെമ്പാടും സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസവും പ്രയോഗവും പ്രോത്സാഹിപ്പിക്കുന്ന ദേശീയവും അന്തർദേശീയവുമായ സാമൂഹ്യപ്രവർത്തന സംഘടനകളെ കുറിച്ചും നാം ഈ ഭാഗത്ത് പഠിക്കുന്നുണ്ട്. വ്യത്യസ്തമായ സാഹചര്യങ്ങളിൽ തൊഴിൽ ചെയ്യാൻ കഴിയുന്ന വിധത്തിൽ, സാമൂഹ്യപ്രവർത്തകന് ആവശ്യമായ അറിവുകളും ശേഷികളും ഉണ്ടാകുന്ന വിധത്തിൽ സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസം അവരെ ഒരുക്കണം. പാഠത്തിന്റെ അവസാനഭാഗത്ത് അന്തർദേശീയ സാമൂഹിക പ്രവർത്തനത്തിന്റെ തൊഴിൽ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നു. വിവിധ അന്തർദേശീയ സംഘടനകൾ, ഐക്യരാഷ്ട്രസഭ ഉൾപ്പെടെ, സാമൂഹ്യ പ്രവർത്തകർക്ക് തൊഴിൽ നൽകുന്നുണ്ട്.

വിലയിരുത്തൽ ചോദ്യങ്ങൾ

1. അന്തർദേശീയ സാമൂഹ്യപ്രവർത്തനത്തെ നിർവചിക്കുക.
2. IASSW എന്നതിന്റെ പൂർണ്ണരൂപം എഴുതുക.
3. അന്തർദേശീയ സാമൂഹികപ്രവർത്തനത്തിലെ പരിപ്രേക്ഷ്യങ്ങൾ എഴുതുക.
4. അന്തർദേശീയ സാമൂഹിക പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ സൂചിപ്പിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.
5. നിങ്ങളുടെ സ്വന്തം വാക്കുകളിൽ ബഹുസാംസ്കാരികത നിർവചിക്കുക.
6. രാജ്യാന്തരതലത്തിൽ ഒരു ബഹുസാംസ്കാരിക സമൂഹത്തിൽ തന്റെ തൊഴിൽ നിർവഹിക്കാൻ സാമൂഹ്യപ്രവർത്തകൻ നിരവധി വെല്ലുവിളികൾ നേരിടേണ്ടി വരും. ചർച്ച ചെയ്യുക.
7. ഐക്യരാഷ്ട്ര സംഘടനയെ കുറിച്ച് ഒരു സെമിനാർ തയ്യാറാക്കുക.
8. നാല് അന്തർദേശീയ സർക്കാർ ഇതര സംഘടനകളുടെ പേരുകൾ എഴുതുക.
9. സാമൂഹ്യപ്രവർത്തനത്തിലെ അന്തർദേശീയ സംഘടനകളുടെ പേര് എഴുതുക.
10. അന്തർദേശീയ സാമൂഹ്യപ്രവർത്തകർക്ക് തൊഴിൽ നൽകുന്ന സംഘടനകളുടെ പേരുകൾ എഴുതുക.

References

1. Crosby, B.P., (1996). *The Absolutes of Leadership.* San Fransisco:- Jossey Bass Publishers.
2. Northouse, G.P., (2013). *Leadership.* New Delhi SAGE Publications India Pvt Ltd.
3. Black, S., (1999). *Practical Public Relations.* Universal Book Stall.
4. Moore, H.F, Kalupa B.F., (1985). *Public Relations. Principles. Cases,* (9th ed) New Delhi : Surjeet Publications.
5. Dutt, Kiranmal, P., Rajeevan, Geetha, P., *Course in Communication Skills.* CLN Prakash, Cambridge University Press India Private Limited.
6. Day, R.P., (1972). *Communication in Social Work.* Oxford: Pergamon Press Headington hill hall.
7. Raymond, S., (1980). *Public Relations-Concepts and Practices.* Ohio: Grid Publishing, Inc, Columbus.
8. Jethwaney, N.J., (1994). *Public Relations-Concepts. Strategies and Tools.* Sterling Publishers Pvt Ltd.
9. Branny, D.R., (1995). *Sustainable development: an introductory guide.* Earthscan: London.
10. Gangrade D. (2005). *Gandhian Approach to Development and Social Work.* New Delhi, concept publishing company.
11. Roy, S., *(2002). Project Planning and Management,* The Catholic Health Association of India.
12. Mukharjee, N., (2004) *Participatory Methodology and Application* : New Delhi Concept publishing Company
13. Palakkal, A., & Shrum, W., (2007). *Information Society and Development- the Kerala Experience.* New Delhi: Rawat Publication Jaipur.
14. Cockerham , C.W., (2000). *Medical Sociology.* Prentice Hall.
15. Goel, S. L.(2004). *Health care policies and programmes:Health care system and management-2.* Deep & Deep Publications.
16. Goel, S. L., (2007). *Health Education: Theory and practice.*Deep & Deep Publications.

17 Gupta, M. C., & Mahajan, B.K., (2003). *Textbook of Preventive and Social Medicine*. Jaypee Brothers.

18. Park, K.(2009). *Preventive and Social Medicine*, Banarsidas Bhanot Publishers.

Sathe, P.V., &.Sathe ,A.V (1997) *Epidemiology and Management for health care for all*. Popular

Prakasan, Mumbia.

19 Naik, J. P., (1997) *An Alternative System and Health Care service in India- some Proposals*. Mumbai: Allied Publishers Pvt Ltd.

20. Park, J. E., & Park, K. , (1991) *Text Book Of Preventive and Social Medicine*. Jabalpore. Banarsidas Bhanot Publishers.

21 George, P .O., (1986) *Health Care Administration Manual II*. Kerala Voluntary Health Services.

22. Goel, S. L .,(2004) *Health Care Policies and Programmes*. Deep and Deep Publications Pvt Ltd.New Delhi.

23. Chaube, S. B., *A Text Book of Educational And Vocational Guidance* .New Delhi: Dominant Publishers and Distributors.

24. Gururani, G .D., (2014). *Guidance and Counselling*. New Delhi :Akansha publishing house,

25. Ramesh , M. C. *Testing in guidance and counseling* .New Delhi : Sumith Enterprises.

26. Dash, B. N. *A Textbook of Guidance Services* .New Delhi :Dominant Publishers.

27. RGNIYD , (2007). *Training manual on Career Guidance*. Sri Perumbudur Tamil Nadu.

28. Jena, S .P .K ., (2008) *Behavior Therapy*- - Sage publication .

29 Elizabeth, P. (1984)- *Transactional Analysis for Social Workers and Counselors*. London. An Introduction- Tevistock/Rowthledge .

30. Harry, A .,(1994). *Neuro linguistic programming- the new art and science of getting what you want* London:Judy Piatkus Ltd

31. James, & Jongeward , (1971) : *Born to Win – Transaction Analysis with Gestalt experiments*. USA : Addison-Wesley publishing Company

32. Jaffe, G. P. ,Nancy. K. D., Poisson, S. E.,(2003). *Child Custody and*

Domestic Violence-A call for Safety and Accountability. New Delhi: Sage Publications.

33. Ranson, K.E., Urichuk, L.J., (2006).*The Effect of Parent-Child Attachment Relationships on Child Bio Psychosocial Outcomes: A Review. Early Child Development and Care.*

33. Trickett, P. K, Schellenbach, C.L., (1998). *Violence against children in the family and the community.* Washington DC : American Psychological Association.

34. Cox, D., & Pawar, M ., (2006). *International Social Work – Issues, Strategies and Programmes.*, Vistaar Publications.

35. Di Nitto, Diana, M .and Mc Neece.C.A., (2008). *Social Work –Issues and Opportunities in a Challenging profession*, Chicago : Lyceum Books, Inc,

36. Flynn, J. P., (1992) *Social agency policy: Analysis and perspectives for community practice.* Chicago: Nelson Hall publishers.